# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

2017 മേയ് 12, വെള്ളി

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

99/2020.

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ.  പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 35

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 35
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 72

**II തിരുത്തിയ ഉത്തരം** .. 276

**III അടിയന്തരപ്രമേയം**

മൂന്നാറിലെ ഭൂമി കയ്യേറ്റം

(അവതരണാനുമതി നിഷേധിച്ചു) .. 276

**IV ശ്രദ്ധ ക്ഷണിക്കൽ**

1. തൊഴിൽ സുരക്ഷയും വേതനവും

—ശ്രീ. എം. രാജഗോപാലൻ .. 301

2. മൂന്നാറിന്റെ സംരക്ഷണം

—ശ്രീ. റോഷി അഗസ്റ്റിൻ .. 304

**V സബ്മിഷൻ**

1. റെയിൽപ്പാത

—പ്രതിപക്ഷനേതാവ്
(ശ്രീ. രമേശ് ചെന്നിത്തല) .. 309

2. പട്ടിണി സമരം

—ശ്രീ. സി. കെ. ഹരീന്ദ്രൻ .. 312

3. ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം

—ശ്രീ. അനൂപ് ജേക്കബ് .. 314

4. ആഡംബര നികുതിക്ക് കാലപരിധി

—ശ്രീ. എൻ. എ. നെല്ലിക്കുന്ന് .. 316

*പേജ്*

5. അടിസ്ഥാന സൗകര്യങ്ങൾ

—ശ്രീ. കെ. എസ്. ശബരീനാഥൻ .. 317

6. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തൽ

—ശ്രീ. എ. എം. ആരിഫ് .. 319

7. സർവ്വീസ് ചാർജ്

—ശ്രീ. എ. എൻ. ഷംസീർ

—ശ്രീ. പി. ടി. തോമസ്

—ശ്രീ. എം. സ്വരാജ് .. 321

8. ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

—ശ്രീ. സി. ദിവാകരൻ .. 325

**VI ക്രമപ്രശ്നം**

ജി. എസ്. ടി.

—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 327

**VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. റിപ്പോർട്ട് പരിഗണന
അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച
സമിതിയുടെ ഏഴാമത് റിപ്പോർട്ട് .. 328

2. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ
(i) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ്
രൂപീകരണ ബിൽ
—ശ്രീ. കെ. കൃഷ്ണൻകുട്ടി നോട്ടീസ് നൽകിയത് .. 328
(ii) 2017-ലെ കേരള കാൽനട യാത്രക്കാരുടെ സംരക്ഷണം
ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ
—ശ്രീ. പി. ടി. തോമസ് നോട്ടീസ് നൽകിയത് .. 331

പേജ്

(iii) 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ
—ശ്രീ. എൻ. ഷംസുദ്ദീൻ നോട്ടീസ് നൽകിയത് .. 334

(iv) 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ
—ശ്രീ. ബി. സത്യൻ നോട്ടീസ് നൽകിയത് .. 337

(v) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ
—ശ്രീ. കെ. രാജൻ നോട്ടീസ് നൽകിയത് .. 341

3. ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവന മിഷൻ രൂപീകരണ ബിൽ .. 343

(ii) 2016-ലെ നല്ല ശമരിയക്കാരൻ ബിൽ .. 343

(iii) 2016-ലെ അന്യ സംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ
എന്നിവ പരിഗണനയ്ക്കെടുത്തില്ല .. 343

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 മേയ് 12, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

*2017 മേയ് 12, വെള്ളി*

വാല്യം 166] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 12

നിയമസഭ 2016 മേയ് മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *361

### ഇക്കോ ടൂറിസം

1( *361) ശ്രീ. സി. ദിവാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം എവിടെയെല്ലാം നടപ്പിലാക്കുന്നുവെന്ന് വ്യക്തമാക്കുമോ; ഇത്തരം സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഇക്കോ ടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഇക്കോ ടൂറിസം നടപ്പിലാക്കുന്നതുമൂലം എന്തെല്ലാം നേട്ടങ്ങളുണ്ടെന്നും അറിയിക്കുമോ;

(സി) ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നുണ്ടോ; എങ്കിൽ ഈ തുക സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) സംസ്ഥാനത്ത് 29 വനം ഡിവിഷനുകളുടെ കീഴിലായി 60 കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. വനമേഖലയിൽ പ്രകൃതിരമണീയ സ്ഥലങ്ങളായ പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന സ്ഥലങ്ങളിലാണ് ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്. അനിയന്ത്രിതമായ സന്ദർശനം വനം പരിസ്ഥിതിക്ക് ആഘാതമേൽപ്പിക്കുന്നത് പരമാവധി കുറയ്ക്കുക എന്നതാണ് ഇക്കോ ടൂറിസത്തിന്റെ പ്രഥമ ലക്ഷ്യം. തദ്ദേശവാസികളായ വനാശ്രിതരുടെ പങ്കാളിത്തം ഉറപ്പാക്കി ഓരോ ദേശത്തിന്റെയും ഭൂപ്രകൃതിയുടെ തനിമയ്ക്കും സാംസ്കാരിക പാരമ്പര്യത്തിനും അനുയോജ്യമായി പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാത്തവിധം പ്രകൃതിസമ്പത്ത് സംരക്ഷിച്ചുകൊണ്ട് ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുന്നു. വന സംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവ തയ്യാറാക്കുന്ന സൂക്ഷ്മാസൂത്രണ രേഖകളുടെ അടിസ്ഥാനത്തിലാണ് പദ്ധതികൾ നടപ്പാക്കുന്നത്.

(ബി) അമൂല്യങ്ങളായ വനങ്ങളുടെ അപൂർവ്വതകൾ ജനങ്ങൾ അടുത്തറിയുക വഴി, വനങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് അവരിൽ അവബോധം സൃഷ്ടിക്കുക, വനാശ്രിത ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ഇക്കോ ടൂറിസം പദ്ധതിയുടെ ലക്ഷ്യങ്ങൾ. ഇക്കോടൂറിസം നടപ്പിലാക്കുന്നതുമൂലമുണ്ടാകുന്ന നേട്ടങ്ങൾ താഴെപ്പറയുന്നു:

1. സന്ദർശകർ വനത്തിൽ ഉപേക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കി അതുവഴി വനപരിസ്ഥിതിയുടെ തനിമ നിലനിർത്തുന്നു.
2. വനാശ്രിത സമൂഹം ഏറ്റെടുക്കുന്ന മേൽ ഉത്തരവാദിത്വം നിറവേറ്റാനുള്ള സാമ്പത്തികം സന്ദർശകരിൽ നിന്നും പ്രവേശന ഫീസായി ഈടാക്കുന്നതുമൂലം സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നു.
3. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്ക് പരിസ്ഥിതി വിദ്യാഭ്യാസം നൽകുന്നു.
4. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിന് തൊഴിലും വരുമാനവും ഉണ്ടാകുന്നു.
5. വനമേഖല സന്ദർശിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.
6. ഇക്കോ ടൂറിസം കേന്ദ്രത്തിന്റെയും സമീപ വനമേഖലയുടെയും സംരക്ഷണം ഉറപ്പുവരുത്തുന്നു.
7. വനാശ്രിത സമൂഹം തയ്യാറാക്കുന്ന വന വിഭവങ്ങൾ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെ ഇക്കോ ഷോപ്പുകൾ വഴി വിറ്റഴിക്കുന്നു.

(സി) ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനായി വനം വകുപ്പിന്റെ പദ്ധതി വിഹിതത്തോടൊപ്പം ടൂറിസം വകുപ്പിൽ നിന്ന് ഫണ്ട് ലഭ്യമാകുന്നുണ്ട്. 38 പ്രദേശങ്ങളിൽ ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. ഇക്കോ ടൂറിസം പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്നവർക്കാവശ്യമായ ടോയ്ലെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, ലഘു ഭക്ഷണശാലകൾ സ്ഥാപിക്കുക, സന്ദർശക സുരക്ഷയ്ക്കായുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുക, പ്രകൃതി പഠനങ്ങൾക്കുള്ള കേന്ദ്രങ്ങൾ, താമസത്തിനായി ഡോർമിറ്ററികൾ എന്നിവ സ്ഥാപിക്കുക, ജലയാത്രയ്ക്കായി ബോട്ടുകളും റാഫ്റ്റുകളും വാങ്ങുക, വനദർശനത്തിന് ഉപകരിക്കുന്ന ട്രക്ക് പാത്തുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾക്ക് നിലവിലെ നിയമങ്ങൾക്ക് വിധേയമായി ഈ ഫണ്ട് വിനിയോഗിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിലെ പല വസ്തുതകളും വിശദമായി പരിശോധിക്കേണ്ടതുണ്ട്. മറുപടിയിൽ പറയുന്ന കമ്മിറ്റികളൊന്നുംതന്നെ നിലവിലില്ല. ചെറിയ മൂലധന നിക്ഷേപംകൊണ്ട് കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന അനന്തസാധ്യതകളുള്ള ഒരു മേഖലയാണ് ഇക്കോ ടൂറിസം. വിദേശ വിനോദസഞ്ചാരികൾ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനാണ് കേരളത്തിൽ വരുന്നത്. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിൽ സർക്കാർ ഗൗരവമായ സമീപനം സ്വീകരിക്കണം. പല ഏജൻസികളാണ് ഇപ്പോൾ കേരളത്തിൽ ഇക്കോ ടൂറിസം നടത്തുന്നത്. ഇന്ത്യയിലെ ആദ്യ ഇക്കോ ടൂറിസം പദ്ധതിയായ തെന്മല ഇക്കോ ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത് ഒരു സൊസൈറ്റിയാണ്. ഇപ്പോഴും ആ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷനും ഇലക്ട്രിസിറ്റി ബോർഡിനും സൊസൈറ്റിക്കും വനം വകുപ്പിനും ഇക്കോ ടൂറിസം പദ്ധതികളുണ്ട്. പല മേഖലകളിൽ നടക്കുന്ന ഇക്കോ ടൂറിസം പദ്ധതികളെ കോ-ഓർഡിനേറ്റ് ചെയ്ത് ഇക്കോ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന നിലയിൽ ഈ രംഗത്ത് ശക്തമായി ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഇതിനുവേണ്ടി ഒരു കോർപ്പറേഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല. വിദേശ ടൂറിസ്റ്റുകളടക്കം ധാരാളം സന്ദർശകർ ഇത്തരം സെന്ററുകളിൽ എത്താറുണ്ടെന്നുള്ളത് ശരിയാണ്. സന്ദർശകരുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നതാണ് അദ്ദേഹം ഇവിടെ ഉന്നയിച്ച ആവശ്യം. സന്ദർശകരുടെ

എണ്ണത്തിൽ വർദ്ധനവുണ്ടെങ്കിലും ഇക്കോ ടൂറിസം പദ്ധതി വനമേഖലയിലായതിനാൽ വലിയ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ സാധ്യമല്ല. മറിച്ച്, ഇക്കോ ടൂറിസം പദ്ധതിയുടെ ഭാഗമായി ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുക, പ്രവേശന ടിക്കറ്റ് കൗണ്ടർ കമ്പ്യൂട്ടർവത്ക്കരിക്കുക, വനസമ്പത്ത് നേരിൽക്കണ്ട് മനസ്സിലാക്കുന്നതിനുവേണ്ടി ട്രക്കിംഗ്, ബോട്ടിംഗ്, പ്രകൃതി പഠന ക്യാമ്പുകൾ മുതലായവ സംഘടിപ്പിക്കുക തുടങ്ങി പ്രകൃതിയുമായി ബന്ധപ്പെട്ട പദ്ധതികൾക്കാണ് ഇപ്പോൾ മുൻതൂക്കം നൽകിവരുന്നത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയങ്ങൾ സജീവമായി പരിഗണിക്കുന്നതാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇക്കോ ടൂറിസം യൂണിറ്റുകളിലെ പ്രാദേശീയരായ ആളുകൾക്ക് തൊഴിലവസരം ലഭ്യമാക്കണമെന്നും വനവാസികളും ആദിവാസികളുമായ ആളുകൾക്ക് ട്രെയിനിംഗ് നൽകണമെന്നും ഇക്കോ ടൂറിസം പ്രോജക്റ്റ് റിപ്പോർട്ടിൽ പറയുന്നുണ്ട്. നിയമസഭാ സമിതി പരിശോധിച്ചതിൽനിന്നും ആദിവാസിയോ പ്രാദേശവാസിയോ ആയ ഒരാൾക്കുപോലും തെന്മലയിൽ തൊഴിൽ നൽകിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. അവിടെ കുറേ ജീവനക്കാരുണ്ട്. ഇതൊരു ഗൗരവമായ വിഷയമാണ്. നമ്മൾ വനം ചൂഷണം ചെയ്യുമ്പോൾ വനത്തിന്റെ യഥാർത്ഥ അവകാശികൾ പുറംതള്ളപ്പെടുകയാണ്. അതുകൊണ്ട് ഇക്കോ ടൂറിസത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം പരിഗണിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. കെ. രാജു</u>: സർ, ഓരോ പ്രദേശത്തും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. വി.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി (ഇ.ഡി.സി.) രൂപീകരിച്ചാണ് ഭൂരിഭാഗം മേഖലകളിലും ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. അതിന്റെ ഭാഗമായി വി.എസ്.എസ്.-ലെ അംഗങ്ങൾക്കുകൂടി തൊഴിലവസരങ്ങൾ നൽകുന്നുണ്ട്. ആദിവാസി മേഖലയാണെങ്കിൽ, ആദിവാസികളുൾപ്പെടെയുള്ളവരാണ് വി.എസ്.എസ്.-ൽ വരുന്നത്. ആ നിലയിലുള്ള സമീപനമാണ് എല്ലാ മേഖലയിലും സ്വീകരിക്കുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ട വനം പരിചയമുള്ള ആളുകളെ സഞ്ചാരികളെ അനുഗമിക്കുന്നതിന് ഗൈഡുകളായി നിയോഗിക്കാറുണ്ട്. ഇത്തരത്തിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിലൂടെ, അവർക്ക് ഉപജീവനമാർഗ്ഗവും ലഭിക്കുന്നുണ്ട്. കൂടാതെ സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്താൻ ചില പ്രദേശങ്ങളിൽ ആയുധധാരിയായ ഒരു ഫോറസ്റ്റ് ഗാർഡിന്റെ സേവനവും ഉപയോഗപ്പെടുത്തുന്നുണ്ട്. ട്രക്കിംഗ് മുഖേന ലഭിക്കുന്ന വരുമാനം ആദിവാസി വിഭാഗത്തിൽപ്പെട്ട വാച്ചർമാർക്ക് ശമ്പളം നൽകുന്നതിനും വനസംരക്ഷണ സമിതി, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയിലെ അംഗങ്ങളുടെ ഉപജീവനത്തിനും ഉന്നമനത്തിനുമായിട്ടാണ് വിനിയോഗിക്കുന്നത്.

ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്ന ട്രക്കിംഗ് പരിപാടിയിൽ നിലവിലുള്ള സംവിധാനങ്ങളുടെ പരിധിയിൽ നിന്നുകൊണ്ട് എല്ലാ വിധത്തിലുള്ള സുരക്ഷാക്രമീകരണങ്ങളും ഉറപ്പുവരുത്തുന്നു. ഇക്കോ ടൂറിസം ട്രക്കിംഗ് പരിപാടിയും വനശ്രീ ചെറുകിട വനവിഭവ പദ്ധതിയും നടപ്പിലാക്കുകവഴി ഏകദേശം അറുന്നൂറോളം ആദിവാസി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്. തുടർന്നും തൊഴിലവസരങ്ങളുണ്ടാകുന്നത് ആ മേഖലയിലെ വനാശ്രിത സമൂഹത്തിനുതന്നെയായിരിക്കും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ചില സിനിമകളുടെ ഷൂട്ടിംഗ് നടക്കുന്നതിന്റെ ഫലമായി ആ സ്ഥലം വളരെ പ്രശസ്തമാവുകയും അവിടേയ്ക്ക് ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുകയും ചെയ്യുന്നുണ്ട്. എന്നാൽ അവരുടെ സുരക്ഷ സംബന്ധിച്ച് ഗൗരവതരമായ ഇടപെടലും ആവശ്യമായ തയ്യാറെടുപ്പുകളും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. ഇവിടെ ശ്രീ. സി. ദിവാകരന്റെ ചോദ്യത്തിൽ പരാമർശിച്ചതുപോലെ, വനം, കെ.എസ്.ഇ. ബി. റവന്യൂ അടക്കമുള്ള വിവിധ വകുപ്പുകളുടെ ഒരു ജോയിന്റ് മീറ്റിംഗ്/ പ്ലാറ്റ്ഫോമുണ്ടാകേണ്ടതിന്റെ ആവശ്യകത ഒരിക്കൽക്കൂടി ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. ഈ വിഷയത്തിൽ എഫ്.ഡി.എ. അടക്കമുള്ള ഏജൻസികളുടെ സഹായത്തോടുകൂടി ഒരു ജോയിന്റ് മീറ്റിംഗ് നടത്തി/ജോയിന്റ് പ്ലാറ്റ്ഫോമുണ്ടാക്കി എല്ലാ ആളുകളുടെയും സഹകരണം ഉറപ്പാക്കി ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീ. കെ. രാജു: സർ, സന്ദർശകർ ധാരാളം എത്തിച്ചേരുന്ന എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് മേഖലകളിലും ഡെവലപ്മെന്റ് കമ്മിറ്റികൾ നിലവിലുണ്ട്. ഫോറസ്റ്റ് ഡെവലപ്മെന്റ് കമ്മിറ്റികളില്ലാത്ത ടൂറിസ്റ്റ് സെന്ററുകളിൽ അത് രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. അതോടൊപ്പം അവിടെയുള്ള വി.എസ്.എസ്., ഇ.ഡി.സി. എന്നിവയുമായി ബന്ധപ്പെട്ട് വനാശ്രിത സമൂഹത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കമ്മിറ്റികൾക്കാണ് ഇവിടെ വരുന്ന ചെലവ് മീറ്റ് ചെയ്യാനും വരുമാനം ഉപയോഗിക്കാനുമുള്ള അവകാശം. ഈ വരുമാനം ഒരു പൊതുനിധിയിൽ സൂക്ഷിച്ചുകൊണ്ട് ഓരോ പ്രദേശത്തെയും വികസനത്തിനുവേണ്ടി, അതത് ഇക്കോ ടൂറിസം സെന്ററുകളിലെ വരുമാനം ഉപയോഗപ്പെടുത്താൻ കഴിയുന്ന നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സന്ദർശകരുടെ സുരക്ഷ വളരെ പ്രധാനപ്പെട്ട ആവശ്യമാണ്. പ്രത്യേകിച്ച്, വനമേഖല യാണെന്നുള്ളതുകൊണ്ട് സന്ദർശകർക്കാവശ്യമായ സംരക്ഷണം ഉറപ്പാക്കാനുള്ള ബാധ്യതയുണ്ട്. ഇക്കോ ടൂറിസം മേഖലകളിൽ അതിനുവേണ്ട ശ്രദ്ധ കൂടുതലുണ്ടാകുന്നതാണ്.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി <u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സംസ്ഥാനത്ത് ശ്വാസകോശ സംബന്ധമായ അസുഖം വരുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഇക്കോ ടൂറിസം പ്രൊമോട്ട് ചെയ്യുന്നതിലൂടെ, ഇത്തരക്കാർക്ക് ഒന്നോ രണ്ടോ ദിവസം അവിടെ താമസിക്കാനുള്ള അവസരം ലഭിച്ചാൽ അവർക്ക് ശുദ്ധവായു ശ്വസിക്കാനും മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കാനുമുള്ള സാഹചര്യമുണ്ടാകും. അത്തരം കാര്യങ്ങൾ പ്രൊമോട്ട് ചെയ്യണം. മറ്റൊന്ന്, മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മരുതോങ്കര ഗ്രാമപഞ്ചായത്തിൽ ജാനകിക്കാട് ഇക്കോ ടൂറിസം പദ്ധതി ആവിഷ്കരിച്ചിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അതിന് യാതൊരു സഹായവും നൽകാത്തതിനാൽ ആ പദ്ധതി നിലച്ചിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. യോജിച്ച ആളുകളെ ചുമതലപ്പെടുത്തി പ്രസ്തുത പദ്ധതി വീണ്ടും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, അങ്ങ് ശ്വാസകോശ സംബന്ധമായ രോഗവുമായി ബന്ധപ്പെട്ട് പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണ്. വനവും പശ്ചിമഘട്ട മേഖലയും സംരക്ഷിക്കുന്നതിനാലാണ് ശ്വാസകോശ രോഗികൾക്കും മറ്റുള്ളവർക്കും ശുദ്ധവായു ലഭിക്കുന്നത്. വനവും പ്രകൃതിയും സംരക്ഷിച്ച് സന്ദർശകർക്ക് ശുദ്ധവായു ശ്വസിക്കാനും അവർക്ക് കുറച്ചുനേരം ശാന്തമായി വനാന്തരീക്ഷത്തിൽ കഴിയാനുമുള്ള അവസരം ഇക്കോ ടൂറിസത്തിന്റെ ഭാഗമായി ഉണ്ടാകേണ്ടതാണെന്നുള്ള അങ്ങയുടെ അഭിപ്രായത്തോട് സർക്കാരും പൂർണ്ണമായി യോജിക്കുകയാണ്. പരിപൂർണ്ണമായും ആ മേഖല പ്ലാസ്റ്റിക്'രഹിതമായിരിക്കണം. അതുപോലെ മറ്റ് മാലിന്യങ്ങളുമുണ്ടാകാൻ പാടില്ല. പ്രകൃതിയുടെ എല്ലാ സൗന്ദര്യവും ആസ്വദിക്കത്തക്ക നിലയിലുള്ള സംവിധാനങ്ങളുണ്ടാകണം. അത്തരം നിർദ്ദേശങ്ങളെല്ലാം സ്വീകാര്യമാണ്. ഇപ്പോൾ ആ നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. അങ്ങ് പറഞ്ഞ പ്രത്യേക ടൂറിസം കേന്ദ്രത്തിന്റെ ആവശ്യം ഒരു കത്ത് മുഖേന നൽകിയാൽ പ്രത്യേകമായി പരിഗണിക്കാം.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, ഇക്കോ ടൂറിസം വികസന പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കേന്ദ്രമായ പെരുമ്പാവൂരിലെ പാണിയേലി പോര് ധാരാളം അപകടങ്ങളുണ്ടായിട്ടുള്ള സ്ഥലമാണ്. പാണിയേലി പോരിന് സമീപം വെള്ളം കുറയുന്ന സമയത്ത് പെരിയാറിന് കുറുകെ നടന്നുനീങ്ങാൻ ശ്രമിച്ചതിന്റെ ഫലമായി അഗാധ ഗർത്തത്തിൽ വീണ് ചെറുപ്പക്കാരും വിദ്യാർത്ഥികളുമടക്കം 82 പേർ മരിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ പറയുന്നത്. ഈ സാഹചര്യത്തിൽ അവിടത്തെ പ്രദേശവാസികളായ ആളുകളെ ഗൈഡുകളായി വയ്ക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ടൂറിസ്റ്റുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് സർക്കാർ ഇപ്പോൾ ആലോചിച്ചിട്ടുള്ള ടൂറിസം വികസന പദ്ധതിയിൽ പാണിയേലി പോരിനെക്കൂടി ഉൾപ്പെടുത്തുമോ?

ശ്രീ. കെ. രാജു: സർ, എറണാകുളം ജില്ലയിലെ മലയാറ്റൂർ പാണിയേലി പോര് എന്നറിയപ്പെടുന്ന പ്രദേശം ഇക്കോ ടൂറിസം സെന്ററാണ്. ആ സെന്ററിലെത്തുന്ന സന്ദർശകർക്ക് ആവശ്യമായ സുരക്ഷിതത്വമില്ലെന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. തീർച്ചയായും അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂരിലെ പാണിയേലി പോര് ഏറ്റവും പ്രശസ്തമായ ഒരു ഇക്കോ ടൂറിസം സെന്ററാണ്. വലിയ പാറക്കെട്ടുകളിൽക്കൂടി ഒഴുകുന്ന നദിയാണ് ഇവിടത്തെ പ്രത്യേകത. ഈ സെന്ററും കോടനാട്, ചൂരമുടി എന്നീ പ്രദേശങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് ഇക്കോ ടൂറിസം സർക്യൂട്ട് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. രാജു: സർ, പാണിയേലി പോര് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ മണ്ഡലത്തിലാണ് സ്ഥിതി ചെയ്യുന്നത്. ആ ടൂറിസം സെന്ററിന്റെ വികസനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കുറച്ച് സെന്ററുകളെ സംയോജിപ്പിച്ചുകൊണ്ട് ഇക്കോ ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുമെന്ന പ്രഖ്യാപനം സർക്കാർ നടത്തിയിട്ടുണ്ട്. ഏതെങ്കിലും സർക്യൂട്ടിൽ ഈ സെന്റർ ഉൾപ്പെടുന്നുണ്ടോയെന്നത് സംബന്ധിച്ച് പരിശോധിച്ച് അറിയിക്കാം. ഏതായാലും കൂടുതൽ ടൂറിസ്റ്റുകളെത്തേണ്ട കേന്ദ്രമാണെങ്കിൽ സമീപ പ്രദേശങ്ങളിലെ ഇക്കോടൂറിസം സെന്ററുകളെ ചേർത്തുകൊണ്ട് ഇക്കോടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, ഏറെ പരിസ്ഥിതി പ്രാധാന്യമുള്ളതാണ് കണ്ടൽ വനമേഖല. സംസ്ഥാനത്തെ ആകെ കണ്ടൽ വനപ്രദേശങ്ങളിൽ പകുതിയിലേറെയും കണ്ണൂർ ജില്ലയിലാണ്. കാസർഗോഡ്-കണ്ണൂർ-കോഴിക്കോട് ജില്ലകളിലായി 80 ശതമാനത്തോളം കണ്ടൽ വനമേഖല വരും. ഇപ്പോൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ മലബാർ ക്രൂയിസ് ടൂറിസ്റ്റ് എന്ന ബൃഹത് പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്. ഈ സന്ദർഭത്തിൽ ഇക്കോ ടൂറിസം പ്രോജക്ടായി കണ്ടൽ പ്രദേശത്തെക്കൂടി സംയോജിപ്പിച്ചാൽ വളരെ മനോഹരമായൊരു ഇക്കോ ടൂറിസം പ്രോജക്ടിന്റെ വികസനത്തിന് ഏറെ സാധ്യതയുണ്ട്. ബഹുമാന്യനായ സ്പീക്കറും ബഹുമാനപ്പെട്ട മന്ത്രിയും ഈ പ്രദേശം സന്ദർശിച്ചിട്ടുള്ളതാണ്. അത്തരത്തിലുള്ള ഒരു ഇക്കോ ടൂറിസം പ്രോജക്ട് മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ടിൽ സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, വനമേഖല കേന്ദ്രീകരിച്ച് ഒറ്റത്തവണ ബുക്കിംഗിലൂടെ ഒന്നിലധികം കേന്ദ്രങ്ങളിലെ സന്ദർശനം സാധ്യമാക്കുന്ന തരത്തിൽ ഇക്കോ ടൂറിസം സർക്യൂട്ട് ആവിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

(1) തിരുവനന്തപുരം കേന്ദ്രീകരിച്ച് നെയ്യാർ-കോട്ടൂർ-ചെന്തുരുണി-അച്ചൻകോവിൽ എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ട്. (2) കോന്നി-ഗവി-തേക്കടി-വാഗമൺ എന്നിവ സംയോജിപ്പിച്ചുകൊണ്ട് ഒരു സർക്യൂട്ട്. (3) മൂന്നാർ-ചിന്നാർ-ഇരവികുളം എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ട്. (4) അതിരപ്പിള്ളി-വാഴച്ചാൽ-പറമ്പിക്കുളം എന്നിവ സംയോജിപ്പിച്ചുകൊണ്ട് സർക്യൂട്ട്. (5) നെല്ലിയാമ്പതി-ശിരുവാണി-പീച്ചി-വാഴാനി സർക്യൂട്ട്. (6) കണ്ണൂർ നോർത്ത്-വയനാട് എന്നിവ സംയോജിപ്പിച്ചുകൊണ്ട് മലബാർ സർക്യൂട്ട് (7) കൊട്ടിയൂർ-ആറളം-റാണിപുരം-പരപ്പ എന്നിവ സംയോജിപ്പിച്ചുകൊണ്ട് സർക്യൂട്ട് (8) സൈലന്റ്വാലി-നിലമ്പൂർ എന്നിവ ബന്ധിപ്പിച്ചുകൊണ്ടുള്ള സർക്യൂട്ട് (9) വയനാട് കേന്ദ്രീകരിച്ച് ഒരു പ്രത്യേക സർക്യൂട്ട് (10) കണ്ടൽക്കാടുകളെ അടിസ്ഥാനമാക്കി കാസർഗോഡ്-കണ്ണൂർ സർക്യൂട്ട് എന്നപേരിൽ ഇതുമായി ബന്ധപ്പെട്ട് ഒരു സർക്യൂട്ട് കൂടി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. കാഴ്ചയ്ക്കും പ്രകൃതിസംരക്ഷണത്തിനും ആവശ്യമാണെന്നുള്ളതു കൊണ്ടുതന്നെ കണ്ടൽക്കാടുകൾ സംരക്ഷിക്കുക എന്നുള്ളത് സർക്കാരിന്റെ നയമാണ്. അതിന്റെ ഭാഗമായി ശ്രീ. ജെയിംസ് മാത്യുവിന്റെ നിർദ്ദേശം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ധാരാളം വിദേശ സഞ്ചാരികൾക്കുൾപ്പെടെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ സന്ദർശിക്കണമെന്ന താൽപ്പര്യമുണ്ടെങ്കിൽപ്പോലും പല ടൂറിസ്റ്റ് കേന്ദ്രങ്ങളും വൃത്തിഹീനമാണ്. അതുകൊണ്ടുതന്നെ ടൂറിസ്റ്റുകൾ പലപ്പോഴും വരാൻ മടിക്കുകയാണ്. അതുകൊണ്ട് ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കൃത്യമായി മെയിന്റയിൻ ചെയ്ത് സംരക്ഷിച്ച് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ടൂറിസം കേന്ദ്രങ്ങളുടെ കാര്യമാണെങ്കിൽ അങ്ങ് പറഞ്ഞത് ശരിയായിരിക്കാം. പക്ഷേ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ മാലിന്യക്കൂമ്പാരമാണെന്നത് ശരിയല്ല. കാരണം, ഇത് വനമേഖലയിലാണ്. നിയന്ത്രിതമായി മാത്രമാണ് അവിടെ ആളുകൾക്ക് പ്രവേശനമുള്ളത്. മറ്റൊന്ന്, പ്രകൃതിയുമായി ഇണങ്ങുന്ന തരത്തിലുള്ള സംവിധാനങ്ങളാണ് അവിടെ ഒരുക്കിയിട്ടുള്ളത്. അങ്ങ് തെന്മല കാണാൻ വരികയാണെങ്കിൽ അതിനുള്ള സൗകര്യമുണ്ടാക്കാം. മറ്റ് ടൂറിസം കേന്ദ്രങ്ങളെപ്പോലെ പ്ലാസ്റ്റിക്കുകളും മറ്റ് മാലിന്യങ്ങളുമിടുന്നതിന് അവിടെ നിയന്ത്രണങ്ങളുണ്ട്. മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിൽ നിന്നുള്ള ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ പ്രധാന തൊഴിൽ തന്നെ അതാണ്. ശുചീകരണത്തൊഴിലാളികളുടെ ജോലികൾ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾക്കുതന്നെ ലഭിക്കും. അതവർക്കൊരു വരുമാനമാർഗ്ഗമാണ്. എങ്കിലും അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ടൂറിസം മേഖലകൾ, പ്രത്യേകിച്ച് ഇക്കോ ടൂറിസം മേഖല മാലിന്യവിമുക്തമാകണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കേരളത്തിന്റെ സ്വർണ്ണഖനിയായി മാറുന്ന ഒന്നാണ് ഇക്കോ ടൂറിസം. കേരളത്തിൽ ഇക്കോ സിസ്റ്റം നിലനിർത്തുക എന്നത് കാലാവസ്ഥാ വ്യതിയാനമുള്ള ഈ കാലത്ത് വലിയൊരു വെല്ലുവിളിയാണ്. അത് നിലനിർത്തുന്നതിനാവശ്യമായ തരത്തിലുള്ള ഗവേഷണവും അവബോധവും മനുഷ്യരിൽ സൃഷ്ടിക്കാൻ ശ്രദ്ധിക്കുമോ; മറ്റൊന്ന്, എന്റെ മണ്ഡലമായ ചടയമംഗലത്ത് കുടുക്കത്തുപാറയിൽ ഇക്കോ ടൂറിസത്തിന്റെ സാധ്യതകൾ വിനിയോഗിക്കുന്നതിന് പുതിയ തരത്തിലുള്ള പ്രോജക്ടുകൾ കൊണ്ടുവരുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കുടുക്കത്തുപാറ ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുള്ള ചടയമംഗലം പാറയുടെ അനുബന്ധമായി സ്ഥിതിചെയ്യുന്ന ഒന്നാണ്. ചടയമംഗലത്ത് ടൂറിസം പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. അത് ഇക്കോ ടൂറിസമല്ല; ടൂറിസ്റ്റ് സെന്ററായി വളരുകയാണ്. ജഡായു വെട്ടേറ്റ് വീണ സ്ഥലമാണ് ആ പാറ. രാവണൻ സീതയെ കട്ടോണ്ടുപോകുമ്പോൾ ജഡായു പോയി തടയുകയും അതിന്റെ ഫലമായി വെട്ടേറ്റ് ഈ പാറപ്പുറത്ത് ചിറകരിഞ്ഞുവീണു എന്നുമാണ് സങ്കൽപ്പം. ജഡായുവിന്റെ ശിൽപ്പമാണ് ആ പാറപ്പുറത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതലാളുകളെ ആകർഷിക്കുന്ന ഒരു കേന്ദ്രമായി അത് മാറാൻ പോകുകയാണ്. ആ കഥയുടെ തുടർച്ചയായി, ചിറകരിയാൻ ഉപയോഗിച്ച കത്തി പോയി വീണത് അദ്ദേഹത്തിന്റെ മണ്ഡലത്തിൽത്തന്നെയുള്ള കുടുക്കത്തുപാറയിലാണ്. ഈ പാറയുടെ പുറത്ത് കയറിനിന്നാൽ ജഡായു പാറയും അറബിക്കടലും കാണാം. അതുകൊണ്ട് ഈ സെന്റർ വികസിപ്പിക്കേണ്ടതാവശ്യമാണ്. ഇതുസംബന്ധിച്ച് ഞാനും അദ്ദേഹവും പങ്കെടുത്ത് ഒന്നുരണ്ട് യോഗങ്ങളും നടന്നു.

<u>മി. സ്പീക്കർ:</u> ഇക്കോ ടൂറിസവുമായി അതിനുള്ള ബന്ധം എന്താണ്?

<u>ശ്രീ. കെ. രാജു</u>: സർ, അത് വനത്തിലുള്ളിലാണ്. ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും മറ്റ് ഗുണഭോക്താക്കളുടെയും യോഗം വിളിച്ചുചേർക്കുകയും ആ ചർച്ചയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ ആധാരമാക്കി പ്രസ്തുത പ്രദേശം ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി നല്ലൊരു കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ നടപടികളുമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾത്തന്നെ അവിടെ കൗണ്ടറിന്റെ പണിയാരംഭിക്കാനുള്ള അനുമതി നൽകി. ലഘുഭക്ഷണശാല, ടോയ്‌ലെറ്റ് സൗകര്യങ്ങൾ എന്നിവ അവിടെ ഒരുക്കുന്നതായിരിക്കും. അതിനുശേഷം മറ്റ് കാര്യങ്ങളെക്കുറിച്ച് ആലോചിച്ച് മുന്നോട്ട് കൊണ്ടുപോകാവുന്നതാണ്.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി, സഭയിൽ പറഞ്ഞ ആറളത്തെ കൊലയാളിയായ ചുള്ളിക്കൊമ്പനെ തളച്ചു എന്ന വാർത്ത മലയാള മനോരമ പത്രത്തിൽ ഫോട്ടോ ഉൾപ്പെടെയുണ്ട്. അതൊരു നല്ല വാർത്തയാണ്. ഞാൻ മന്ത്രിക്ക് പ്രത്യേകം നന്ദി പറയുകയാണ്.

മി. സ്പീക്കർ: ചർച്ചയുടെ ഗുണമുണ്ടായി.

ശ്രീ. സണ്ണി ജോസഫ്: സർ, ഇത് ചർച്ചയിൽ പറഞ്ഞ കാര്യമാണ്. ആനയെ തളച്ചതിന്റെ നല്ല ഫോട്ടോയാണ് വന്നിരിക്കുന്നത്. അതുപോലെതന്നെ, ബാരാപ്പോൾ ജലവൈദ്യുത പദ്ധതി, കർണ്ണാടകത്തിന്റെയും കേരളത്തിന്റെയും വനാതിർത്തി പങ്കിടുന്ന പ്രകൃതിരമണീയമായ സ്ഥലമാണത്. ശ്രീ. സി. ദിവാകരൻ ചെയർമാനായ പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതി ആ സ്ഥലം സന്ദർശിച്ചിരുന്നു. ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയും ആ സമിതിയിലുണ്ടായിരുന്നു. ഏറ്റവും നല്ലൊരു ടൂറിസ്റ്റ് സ്പോട്ടായി ബാരാപ്പോൾ പ്രദേശത്തെ മാറ്റണമെന്നത് ആ സമിതിയുടെ ശിപാർശയാണ്. അതംഗീകരിച്ചുകൊണ്ട് ഇക്കോ ടൂറിസം കോറിഡോറിൽ ബാരാപ്പോൾകൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, അങ്ങ് അതിന്റെ പ്രത്യേകതകൾ ഉൾപ്പെടെ കാണിച്ച് ഒരു കത്ത് തന്നാൽ തീർച്ചയായും പരിഗണിക്കാം. കൊലവിളി നടത്തിയ ആനയുടെ കാര്യത്തിൽ എൽ.ഡി.എഫ്. പരിഹാരം കണ്ടിരിക്കുന്നുവെന്നുള്ളത് അങ്ങ് അംഗീകരിച്ചത് നന്നായി. ഇതാണ് എല്ലാം ശരിയാക്കുമെന്ന് ഞങ്ങൾ പറഞ്ഞത്.

മി. സ്പീക്കർ: ഇക്കോ ടൂറിസവും ഇക്കോളജിയുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് വലിയ താൽപ്പര്യമാണ് അംഗങ്ങൾ പ്രകടിപ്പിച്ചത്. ഇനി അടുത്ത ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്.

**നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതിനുമുമ്പ് സർക്കാർ അനുമതി**

2 (*362) ഡോ. എം. കെ. മുനീർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. കെ. എം. ഷാജി: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാഭരണകൂടം അടിയന്തര ഘട്ടങ്ങളിൽ സി.ആർ.പി.സി. സെക്ഷൻ 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിക്കുംമുമ്പ് സർക്കാർ അനുമതി തേടേണ്ടതുണ്ടോ; സർക്കാരിന് ഇതുസംബന്ധിച്ച് മുൻകൂർ അറിയിപ്പ് നൽകേണ്ടതുണ്ടോ;

(ബി) അത്തരത്തിൽ അനുമതി തേടുകയോ മുൻകൂർ അറിയിപ്പ് നൽകാതിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ നിരോധനാജ്ഞ പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും തരത്തിലുള്ള ശിക്ഷണ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ടോ; എങ്കിൽ നിയമപ്രകാരം സ്വീകരിക്കാവുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യം സന്ദർഭോചിതമായി നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥനെ അതിന്റെപേരിൽ ഭീഷണിപ്പെടുത്തുന്നുവെങ്കിൽ അതിനെതിരെ ആ ഉദ്യോഗസ്ഥന് നിയമപ്രകാരം സ്വയരക്ഷയ്ക്ക് എന്ത് നടപടി സ്വീകരിക്കാനാവുമെന്ന് വിശദമാക്കുമോ?

മി. സ്പീക്കർ: ഈ ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയാണ് മറുപടി പറയേണ്ടത്. പക്ഷെ പ്രസ്തുത വിഷയം മുഖ്യമന്ത്രിയുമായി ബന്ധപ്പെട്ടതായതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) അടിയന്തരഘട്ടങ്ങളിൽ സി.ആർ.പി.സി. സെക്ഷൻ 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിക്കുംമുമ്പ് സർക്കാർ അനുമതി തേടേണ്ടതില്ല. സെക്ഷൻ 144 പ്രകാരം ജില്ലാ മജിസ്ട്രേറ്റിനോ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ അധികാരമുള്ള ഒരുദ്യോഗസ്ഥനോ അടിയന്തര സാഹചര്യങ്ങളിൽ നിരോധനാജ്ഞ പ്രഖ്യാപിക്കാവുന്നതാണ്. എന്നാൽ അത്തരം ഘട്ടങ്ങളിൽ ക്രമസമാധാന പരിപാലകരെന്ന നിലയിൽ ബന്ധപ്പെട്ട പോലീസ് അധികാരികളുമായി കൂടിയാലോചിക്കുകയോ ബന്ധപ്പെടുകയോ ചെയ്തശേഷം നിരോധനാജ്ഞ പുറപ്പെടുവിക്കുന്ന കീഴ്‌വഴക്കമാണ് പൊതുവിൽ നിലനിൽക്കുന്നത്. നിരോധനാജ്ഞ നടപ്പിലാക്കേണ്ട ചുമതല പോലീസിനാണ് എന്നതുകൂടിയാണ് ഇതിന് കാരണം.

(സി) നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ള കർത്തവ്യം നിർവ്വഹിക്കുന്ന ഉദ്യോഗസ്ഥനെ മനഃപ്പൂർവ്വമായി തടസ്സപ്പെടുത്തുന്ന സന്ദർഭങ്ങളിൽ ഇൻഡ്യൻ പീനൽ കോഡിലെ സെക്ഷൻ 186 പ്രകാരമുള്ള നിയമപരിരക്ഷ ഉണ്ടായിരിക്കുന്നതാണ്.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, അടുത്തകാലത്ത് കേരളത്തിൽ 144 പ്രഖ്യാപിച്ചത് മൂന്നാറിലാണ്. മൂന്നാറിൽ 144 പ്രഖ്യാപിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് നിരോധനാജ്ഞ പുറപ്പെടുവിച്ചെന്ന് കേട്ടുവെന്നാണ്. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വേണ്ടെന്ന് അങ്ങയുടെ മറുപടിയിൽത്തന്നെ പറയുന്നുണ്ട്. എന്നാൽ ആഭ്യന്തര വകുപ്പിന് ക്രമസമാധാനത്തിന്റെ ചുമതലയുള്ളതുകൊണ്ട് അവരുമായി കൂടിയാലോചിക്കണ മെന്നതാണ് കീഴ്‌വഴക്കമെന്നും പറയുന്നു. മൂന്നാറിൽ ഈ രണ്ട് വകുപ്പുകൾ തമ്മിൽ കൂടിയാലോചിക്കാതെ, റവന്യൂ വകുപ്പിന്റെ കീഴിലുള്ള ജില്ലാ മജിസ്ട്രേറ്റോ സബ് ഡിവിഷണൽ മജിസ്ട്രേറ്റോ ഏകപക്ഷീയമായി പോലീസുമായി ആലോചിക്കാതെ യാണോ 144 പ്രഖ്യാപിച്ചത് എന്നുള്ളതാണ് അറിയേണ്ടത്.

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ജില്ലാ മജിസ്ട്രേറ്റായാലും അതിനുതാഴെയുള്ള സബ് ഡിവിഷണൽ മജിസ്ട്രേറ്റായാലും പൊതുഭരണത്തിന്റെ ഭാഗമായിട്ടുള്ളതാണ്. അതിനകത്ത് വേറെ വകുപ്പുകൾ തമ്മിലുള്ള പ്രശ്നം വരുന്നില്ല. സാധാരണ നിലയ്ക്ക് ജില്ലാ മജിസ്ട്രേറ്റിന് നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതിനുള്ള അവകാശമുണ്ട്. എന്നാൽ അത്തരം നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതിനുമുമ്പ് സാധാരണ നിലയിൽ പോലീസുമായി കാര്യങ്ങൾ ചർച്ച ചെയ്യും. കാരണം, പോലീസാണ് ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ നടപ്പാക്കേണ്ടത്. രണ്ട് മാസംവരെ നിരോധനാജ്ഞ പുറപ്പെടുവിക്കാനുള്ള അധികാരം ജില്ലാ മജിസ്ട്രേറ്റിനുണ്ട് എന്നതാണ് സംസ്ഥാനത്തെ കീഴ്‌വഴക്കം. രണ്ട് മാസത്തിൽ കൂടുതലുണ്ടെങ്കിൽ മാത്രമേ സംസ്ഥാന സർക്കാർ ഇടപെടേണ്ടി വരുന്നുള്ളൂ. സാധാരണ ഇത്തരമൊരു പ്രഖ്യാപനം നടത്തുന്നതിനുമുമ്പ് സർക്കാരിനെ അറിയിക്കുന്ന കീഴ്‌വഴക്കമാണ് പൊതുവിലുള്ളത്. അത് രണ്ടും ഇവിടെ ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത.

<u>ശ്രീ. എം. ഉമ്മർ:</u> സർ, 144 പിൻവലിക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്. ഇപ്പോൾ അവിടെ 144 നിലവിലുണ്ടോ; പോലീസും ജില്ലാ മജിസ്ട്രേറ്റും തമ്മിലുള്ള കൂടിയാലോചന നടക്കാത്തതിന്റെ പേരിൽ സർക്കാർ വിശദീകരണം ചോദിക്കുകയോ നടപടിയെടുക്കുകയോ ചെയ്തിട്ടുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഈ കാര്യത്തിൽ എന്താണ് സംഭവിച്ചതെന്ന് പരിശോധിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള തിരുത്തലുകൾ ഇനിയുള്ള കാര്യങ്ങളിലുണ്ടാകും. മറ്റ് നടപടികളിലേയ്ക്കൊന്നും കടന്നിട്ടില്ല. ഇപ്പോൾ അവിടെ 144 ഇല്ല.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ആസന്നമായ ആപത്തുകളും സംഘർഷാവസ്ഥയും ഒഴിവാക്കുന്നതിന് ജില്ലാ മജിസ്ട്രേറ്റിനോ സബ് ഡിവിഷണൽ മജിസ്ട്രേറ്റിനോ സി.ആർ.പി.സി. സെക്ഷൻ 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിക്കാം. പക്ഷെ അങ്ങയുടെ മറുപടിയനുസരിച്ച്, ഇതിന്റെ ഓപ്പറേറ്റീവ് പാർട്ട് കൈകാര്യം ചെയ്യേണ്ടത് ആഭ്യന്തര വകുപ്പാണ്. അപ്പോൾ ഈ വകുപ്പുകളുടെ ഏകോപനം വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഒരുപക്ഷെ രാഷ്ട്രീയ പ്രവർത്തകരായ നമുക്കെല്ലാം അറിയാവുന്നതുപോലെ, ആസന്നമായ കുഴപ്പങ്ങളോ സംഘർഷാവസ്ഥയോ ഉണ്ടാകുമെന്നുള്ളതിനെ സംബന്ധിച്ച് പോലീസ് ചെറിയൊരുപദേശം കൊടുത്തതിനുശേഷമാണ് സാധാരണ രീതിയിൽ 144 പ്രഖ്യാപിക്കേണ്ടത്. ഇതൊരു കൂട്ടുത്തരവാദിത്വത്തിന്റെ പ്രശ്നമായി മാറുകയാണ്. തീർച്ചയായും സർക്കാരിനുതന്നെ വലിയ ക്ഷീണമാണിത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ വകുപ്പുകൾ തമ്മിലുള്ള പ്രശ്നമില്ല. പൊതുഭരണ വകുപ്പും ആഭ്യന്തര വകുപ്പും മുഖ്യമന്ത്രിയുടെ കീഴിലുള്ളതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥനെന്ന നിലയ്ക്ക് അദ്ദേഹം സ്വീകരിച്ചിട്ടുള്ള നിലപാടുകളിൽ സാധാരണയിൽനിന്നും കുറച്ച് വ്യതിയാനമുണ്ടായിട്ടുണ്ട്. അത് അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തിയിട്ടുമുണ്ട്. അതുകൊണ്ട് മേലിൽ അത്തരം കാര്യങ്ങൾ ഉണ്ടാകില്ലെന്നുതന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഇതിനുമുമ്പ് പാലക്കാട് ജില്ലയിൽ ഒരു സംഭവം നടന്നു. വയർലെസ് സെറ്റിലൂടെ പോലീസുകാർ തമ്മിൽ ചർച്ച ചെയ്തത് കളക്ടർ കേട്ട് നടപടിയെടുത്തതുമായി ബന്ധപ്പെട്ട ഒരു വിഷയമുണ്ടായിരുന്നു. അതുപോലെ ഇത്തരം അടിയന്തര ഘട്ടങ്ങളിലോ അല്ലെങ്കിൽ ഒരു സാഹചര്യവുമില്ലാത്ത ഘട്ടങ്ങളിലോ 144 പ്രഖ്യാപിക്കുകയും അത് പരസ്പരം കൂടിയാലോചന യില്ലാത്തതിന്റെ പേരിലോ ഭരണപരമായ ചർച്ചയില്ലാതെ ചെയ്തതോ ആയ ഏതെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ; അതുസംബന്ധിച്ച് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ കാര്യം ഞാൻ വ്യക്തമാക്കിയതാണ്. പുതിയ ചോദ്യം ഇതിനകത്ത് അടങ്ങിയിട്ടില്ലെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. എൻ. ഷംസുദ്ദീൻ: സർ, 144 പ്രഖ്യാപിക്കാൻ ഇടയായ സാഹചര്യത്തെ സംബന്ധിച്ച്, മേൽപ്പറഞ്ഞ മൂന്ന് മജിസ്ട്രേറ്റുമാരിൽ ആരെങ്കിലുമൊരാൾ അത് രേഖപ്പെടുത്തിയിട്ടാണ് പ്രഖ്യാപിക്കുന്ന തെന്ന് അങ്ങ് പറയുകയുണ്ടായി. അന്ന് മൂന്നാറിൽ 144 പ്രഖ്യാപിക്കാനുള്ള സാഹചര്യമുണ്ടായിരുന്നെങ്കിൽ പിന്നീടത് പിൻവലിക്കണമെങ്കിൽ സാഹചര്യത്തി നൊരു മാറ്റമുണ്ടാകണം. അങ്ങനെ പിൻവലിച്ചതിന് എന്തെങ്കിലും കാരണം പറഞ്ഞിട്ടുണ്ടോ; സാധാരണ ഇത്ര ദിവസത്തേയ്ക്കെന്ന് പറഞ്ഞാണ് 144 പ്രഖ്യാപിക്കുന്നത്. ഒരാഴ്ചത്തേയ്ക്ക്, 14 ദിവസത്തേയ്ക്ക്, അങ്ങനെ ദിവസം പറഞ്ഞില്ലെങ്കിൽ നിയമത്തിൽ പറയുന്നത് 2 മാസത്തേയ്ക്ക് എന്നാണ്; 2 മാസത്തിൽ കൂടാൻ പാടില്ല. 2 മാസത്തിൽ കൂടണമെങ്കിൽ സർക്കാർ പ്രത്യേകമായി പറഞ്ഞാൽ, മാക്സിമം 6 മാസം വരെ മാത്രമേ പാടുള്ളൂവെന്ന് നിയമത്തിൽ പറയുന്നുണ്ട്. ഇക്കാര്യത്തിൽ ആദ്യത്തെ പ്രഖ്യാപനത്തിൽ ഇത്ര ദിവസത്തേയ്ക്കെന്ന് പറഞ്ഞോ; ആ ദിവസത്തിനുമുമ്പാണോ പിൻവലിച്ചത്; പിൻവലിച്ചതിന് പ്രത്യേകമായി എന്തെങ്കിലും കാരണമുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പിൻവലിച്ചതിന് കാരണം 144 പ്രഖ്യാപിക്കേണ്ട സാഹചര്യമില്ല എന്നുള്ളതുകൊണ്ടുതന്നെയാണ്.

## മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

3 (*363) ശ്രീ. എം. മുകേഷ്:
ശ്രീ. എസ്. ശർമ്മ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ തൊഴിൽമേഖല നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം കടൽ മത്സ്യവിഭവ ശോഷണമായതിനാൽ അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പരിമിതപ്പെടുത്തുന്നതിനും ഉതകുന്ന സമഗ്ര ജലപരിഷ്കരണ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) മണ്ണെണ്ണവില ക്രമാനുഗതമായി വർദ്ധിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയംകൊണ്ടും മണ്ണെണ്ണ ലഭ്യതക്കുറവുകൊണ്ടും മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നം പരിഹരിക്കാനായി സർക്കാർ ഏതുവിധത്തിൽ ഇടപെടുന്നുവെന്ന് അറിയിക്കാമോ;

(സി) ഉപഭോക്താക്കൾ മത്സ്യത്തിന് വൻവില കൊടുക്കേണ്ടി വരുമ്പോഴും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് ന്യായവില ലഭിക്കാത്ത തരത്തിൽ ഇടത്തട്ടുകാർ നടത്തുന്ന ചൂഷണം ഒഴിവാക്കാനായി എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. പിടിക്കുന്ന മത്സ്യത്തിന്റെ ആദ്യ വിൽപ്പനാവകാശം മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പുവരുത്തുന്നതിനും മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഉതകുമാറ് 'കേരള അക്വേറിയം റിഫോംസ് ബിൽ' കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു. അതിന്റെ കരട് ബിൽ ഭേദഗതികൾ വരുത്തി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മത്സ്യബന്ധനോപകരണങ്ങളുടെ ഉടമസ്ഥാവകാശം മത്സ്യത്തൊഴിലാളികളിൽ നിക്ഷിപ്തമാക്കുന്നതിന് നിയമനിർമ്മാണം മുഖേന നടപടി സ്വീകരിക്കുന്നത് പരിഗണനയിലാണ്. അമിതവും അശാസ്ത്രീയവുമായ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. മത്സ്യയിനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (മിനിമം ലീഗൽ

സൈസ്) നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെ ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് നിലവിലെ കെ.എം.എഫ്.ആർ. ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി മത്സ്യത്തിന് മെച്ചപ്പെട്ട വിലയും ഗുണനിലവാരവും ഉറപ്പാക്കുന്നതിനും ഗുണഭോക്താവിന് കേടുകൂടാതെ മത്സ്യം ലഭ്യമാക്കുന്നതിന് ഉതകുംവിധം മത്സ്യലേലം, വിപണനം, ഗുണനിലവാര മേൽനോട്ടവും നിയന്ത്രണവും ബിൽ-2017, "ഫിഷ് ഓക്ഷനിംഗ് മാർക്കറ്റിംഗ് & ക്വാളിറ്റി മാനേജ്മെന്റ് ബിൽ 2017" എന്നിവ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) മണ്ണെണ്ണ വില കേന്ദ്ര സർക്കാർ ക്രമാനുഗതമായി വർദ്ധിപ്പിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നപരിഹാരത്തിനായി മത്സ്യഫെഡ് മുഖേന ലിറ്ററിന് 25 രൂപ (ഇരുപത്തിയഞ്ച് രൂപ) സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നുണ്ട്.

മണ്ണെണ്ണ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മത്സ്യഫെഡ് ഒൻപത് തീരദേശ ജില്ലകളിൽ സ്ഥാപിച്ചിട്ടുള്ള 13 മണ്ണെണ്ണ ബങ്ക് വഴി എഞ്ചിന്റെ ഹോഴ്സ് പവർ അനുസരിച്ച് നിശ്ചിത അളവിൽ പെർമിറ്റ് അടിസ്ഥാനത്തിൽ സബ്സിഡിയായി വിപണി നിരക്കിലും വെള്ള മണ്ണെണ്ണ നൽകിവരുന്നു.

(സി) പ്രാഥമിക മത്സ്യത്തൊഴിലാളി വികസനക്ഷേമ സഹകരണ സംഘങ്ങൾവഴി തീരദേശ ലേല സമ്പ്രദായം നടപ്പാക്കിയതിനാൽ ഒരു പരിധിവരെ മത്സ്യത്തൊഴിലാളികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് കേടുകൂടാതെ മത്സ്യം വിലക്കുറവിൽ ലഭ്യമാക്കുന്നതിനും നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. എം. മുകേഷിനുവേണ്ടി ശ്രീ. എ. എൻ. ഷംസീർ : സർ, യാദൃശ്ചിക മായിട്ടാകാം, ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ബ്ലൂ ഇക്കണോമിയെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസത്തിൽ കിട്ടുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം മാത്രമേ ഇപ്പോൾ ലഭിക്കുന്നുള്ളൂ. കേന്ദ്ര വിഹിതം കിട്ടുന്നില്ലെന്നാണ് മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും അറിയാൻ കഴിഞ്ഞത്. പ്രസ്തുത വിഹിതം ലഭ്യമാക്കാ നാവശ്യമായ ഇടപെടലുണ്ടാകുമോ; അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ പല വീടുകൾക്കും ഇപ്പോഴും പട്ടയമില്ല. തലശ്ശേരി മേഖലയിലെ ഗോപാൽപേട്ട ഫിഷറീസ് കോളനിയിൽ താമസിക്കുന്ന ആളുകൾക്ക് ഇതുവരെ പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ട്. ഈ രണ്ട് വിഷയങ്ങളും പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ട തല്ലെങ്കിലും ഞാൻ മറുപടി പറയാം. എൽ.ഡി.എഫ്. സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പുമായി ചേർന്ന് പട്ടയം കൊടുക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. സമാശ്വാസ പദ്ധതിയുടെ കുടിശ്ശിക കിട്ടാനുണ്ട്. രണ്ടുമൂന്ന് വർഷമായി കേന്ദ്ര വിഹിതം ലഭിക്കുന്നില്ല. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും മത്സ്യത്തൊഴിലാളിയും തുല്യ വിഹിതമാണ് നൽകുന്നത്. സംസ്ഥാന സർക്കാർ സമാശ്വാസ പദ്ധതിയുടെ വിഹിതം 900 രൂപയായിരുന്നത് 1,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ വിഹിതം കൊണ്ടാണ് സമാശ്വാസ പദ്ധതി നടപ്പാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിഹിതം കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി കുടിശ്ശികയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, തലശ്ശേരി അസംബ്ലി മണ്ഡലവും ധർമ്മടവും ഒത്തുചേരുന്ന തീരദേശ മേഖല ഏതാണ്ട് പത്തിരുപത് കിലോമീറ്റർ ദൈർഘ്യമുള്ളതാണ്. മൺസൂൺ കാലം ആസന്നമായിരിക്കുകയാണ്. തീരദേശ മേഖലയിൽ വലിയ തോതിലുള്ള കടലാക്രമണം ഓരോ ഘട്ടത്തിലുമുണ്ടാകാറുണ്ട്. കടലാക്രമണമുൾപ്പെടെയുള്ള സ്ഥിതിഗതികൾ മുൻകൂട്ടി കണ്ടുകൊണ്ട് എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇനി ദിവസങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. ഓരോ ഘട്ടത്തിലും മൺസൂൺ സീസണിൽ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുമെന്ന് പറയുമെങ്കിലും പുലിമുട്ട് നിർമ്മാണ മുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പലപ്പോഴും പരിഹാരമുണ്ടാകാറില്ല. ഈ പശ്ചാത്തലത്തിൽ ഫിഷറീസ്-ഇറിഗേഷൻ വകുപ്പുകൾ യോജിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഇതിന് പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെയൊരു യോജിച്ച പ്രവർത്തനം രണ്ട് വകുപ്പുകളുടെയും ഭാഗത്തുനിന്നുമുണ്ടാകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിക്കുന്ന ഉപചോദ്യങ്ങൾ പ്രധാന ചോദ്യവുമായി ബന്ധപ്പെട്ടവയല്ല. പക്ഷേ ഞാൻ ചോദ്യത്തിന് മറുപടി പറയാം.

<u>മി. സ്പീക്കർ</u> : മന്ത്രിക്ക് കഴിയുമെങ്കിൽ മറുപടി പറഞ്ഞാൽ മതി.

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, ഞാൻ മറുപടി പറയാം. 590 കിലോമീറ്റർ തീരദേശ സംരക്ഷണമെന്നത് ഒരു പ്രശ്നമാണ്. ഇതുവരെ പാറയിട്ടാണ് തീരപ്രദേശം സംരക്ഷിച്ചിരുന്നത്. പാറയിടുന്നതുകൊണ്ടുമാത്രം തീരദേശം സംരക്ഷിക്കാൻ കഴിയില്ലെന്ന നയപരമായ തീരുമാനമാണ് സർക്കാർ എടുത്തിട്ടുള്ളത്. പുതിയൊരു മെത്തഡോളജി അക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. കോസ്റ്റൽ മാനേജ്മെന്റ് പ്ലാനുമായി ബന്ധപ്പെട്ട് തീരദേശത്തുനിന്നും 50 മീറ്റർ മാറി ആളുകളെ

താമസിപ്പിക്കുകയെന്നതാണ് ഉചിതമായ മാർഗ്ഗം. അതൊരു മാസ്റ്റർ പ്ലാനാണ്, കോടിക്കണക്കിന് രൂപയുടെ പദ്ധതിയാണ്. ഇപ്പോൾ അതിനെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ചയിലാണ്. ഗ്ലോബൽ ക്ലൈമറ്റ് ചെയ്ഞ്ച് ഫണ്ടുമായി ബന്ധപ്പെട്ട് ഒരു പ്രോജക്ട് കൊടുത്തിട്ടുണ്ട്. അത് ഉടനടി പരിഹരിക്കാൻ സാധിക്കുന്ന ഒരു പ്രശ്നമല്ല. ഗൗരവതരമായ പ്രശ്നമെന്ന നിലയിൽ സമയബന്ധിത മായി മാത്രമേ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയൂ. അതിന്റെ ആഴവും ഗൗരവവും ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എസ്. ശർമ്മ: സർ, ഫിഷറീസ് സെക്ടറിൽ വിപ്ലവകരമായ ഒരു മാറ്റത്തിന് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഒരു നിയമമാണ് അക്വേറിയം റിഫോംസ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡോക്ടർ രവീന്ദ്രൻ ചെയർമാനായ എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും ഒരു ഡ്രാഫ്റ്റ് ബിൽ തയ്യാറാക്കുകയും അന്നത്തെ സർക്കാർ അംഗീകരിക്കുകയും ചെയ്തത്. നിയമസഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് രാഷ്ട്രപതിയുടെ അസെന്റ് ആവശ്യമാണ്. ഫിഷറീസ് സ്റ്റേറ്റ് സബ്ജക്ടാണെങ്കിലും കടലിലുള്ള മുത്ത്, ചിപ്പി തുടങ്ങിയവയെല്ലാം ഭരണഘടനാപരമായി രാഷ്ട്രപതിയുടെ നിയന്ത്രണത്തിൽ വരേണ്ടവയാണ്. ആ പശ്ചാത്തലത്തിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ അത് അവതരിപ്പിക്കാൻ കഴിയൂ. അക്കാര്യം പ്രത്യേകം പരിശോധിച്ച് രാഷ്ട്രപതിയുടെ അസെന്റ് ലഭ്യമാക്കി പ്രസ്തുത നിയമം പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ കേരളത്തെ സംബന്ധിച്ചിടത്തോളം വിപ്ലവകരമായൊരു നിയമ നടപടിയായിരിക്കും. അതിന് സർക്കാർ മുൻകയ്യെടുക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ : സർ, അതിനുള്ള നടപടി സ്വീകരിച്ച് വരികയാണ്. അക്വേറിയം റിഫോംസ് ആക്ടിൽ ചില ഭേദഗതികൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ആ ഭേദഗതി ഉറപ്പാക്കിക്കൊണ്ട് ബിൽ സഭയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, മത്സ്യ-തീരദേശ മേഖലയിൽ അങ്ങയുടെ ഇടപെടൽ വലിയ രീതിയിൽ ഗുണം ചെയ്യുന്നുണ്ട്. ഒരു പരിധിവരെ അഴിമതി നിർമ്മാർജ്ജനം ചെയ്യാനും അഴിമതിക്കാരായ ഉദ്യോഗസ്ഥരെ നിലയ്ക്ക് നിർത്താനും കഴിഞ്ഞിട്ടുള്ളത് വലിയ കാര്യമാണ്. പക്ഷേ മത്സ്യത്തൊഴിലാളി മേഖലയിൽ ഇന്ന് തൊഴിൽ ദിനങ്ങൾ കുറഞ്ഞുവരികയാണ്. ആഴക്കടൽ മത്സ്യബന്ധനം കുറയുന്നതനുസരിച്ച് ആഴക്കടൽ മത്സ്യം വളർത്തൽ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം പണി തീർന്നിട്ട് വർഷങ്ങളായ പൊന്നാനി ഹാർബർ പ്രവർത്തനക്ഷമമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർക്കുകൂടി താൽപ്പര്യമുള്ള വിഷയമാണത്. അദ്ദേഹം ഇന്നലെ ഒരു കുറിപ്പ് തന്നിരുന്നു. മത്സ്യസമ്പത്തിന്റെ ലഭ്യത കടലിൽ കുറവാണെന്നത് വളരെ ഗൗരവമായൊരു പ്രശ്നമാണ്. ഇത് തരണം ചെയ്യാൻ കഴിയുന്ന തരത്തിൽ മത്സ്യസമ്പത്തിന്റെ സംരക്ഷണം ഉറപ്പാക്കാനുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഞാൻ ആദ്യം പറഞ്ഞ മറുപടിയിൽ വിശദമായി പരാമർശിച്ചതുകൊണ്ട് ആവർത്തിക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യസമ്പത്ത് ലഭ്യമാക്കുന്ന തരത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ബ്ലൂ റെവല്യൂഷന്റെ ഭാഗമായി 'കടലിലെ കൂട് കൃഷി' എന്നൊരു പുതിയ പദ്ധതി ഈ വർഷം കൊണ്ടുവരികയാണ്. ആ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതാണ്. തൊഴിലവസരങ്ങൾ പരമാവധി വർദ്ധിപ്പിക്കാനും മത്സ്യസമ്പത്ത് അവർക്ക് കിട്ടുന്നുവെന്ന് ഉറപ്പാക്കാനും കഴിയുന്ന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കുന്നത്. പൊന്നാനി ഹാർബറിലെ നിലവിലുള്ള തൊഴിലാളികൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് വാസ്തവത്തിൽ അടിസ്ഥാനമില്ല. അവിടെ തിരയിളക്കമുള്ളതുകൊണ്ട് വള്ളമിറക്കാൻ കഴിയുന്നില്ലെന്നാണ് അവർ പറയുന്നത്. അവിടെ ഒരു ജെട്ടികൂടി പണിയാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ഇന്നലെ ചോദിച്ചിരുന്നു. അവിടെ ലേലക്കാർക്ക് വലിയ സ്വാധീനമാണ്. ഹാർബറിൽനിന്നുള്ള മത്സ്യത്തൊഴിലാളികളുടെ മത്സ്യം ലേലത്തിൽ പിടിച്ചാൽ അവിടെയുള്ള ഒരു ലോബിക്ക് അതിന്റെ സൗകര്യം കിട്ടുന്നില്ലെന്നുള്ളതുകൊണ്ടാണ് തിരയിളക്കം എന്നൊക്കെയുള്ള പ്രചരണം സംഘടിപ്പിക്കുന്നത്. അക്കാര്യത്തിൽ മത്സ്യഫെഡ് ശക്തമായി ഇടപെടേണ്ടതുണ്ട്. തീർച്ചയായും അങ്ങയുടെകൂടി അഭിപ്രായം മാനിച്ചുകൊണ്ട് അതിനാവശ്യമായ നടപടികളിലേയ്ക്ക് നീങ്ങുന്നതാണ്. ബഹുമാനപ്പെട്ട സ്പീക്കറും ഞാനുമടക്കം പൊന്നാനി ഹാർബർ സന്ദർശിച്ചതാണ്. ഞങ്ങൾ അതിനാവശ്യമായ നടപടിയിലേയ്ക്ക് നീങ്ങിയതാണ്. നിർഭാഗ്യവശാൽ അവിടത്തെ ലേലക്കാരുടെ സമ്മർദ്ദംകൊണ്ട് തൊഴിലാളികൾക്ക് വരാൻ കഴിഞ്ഞില്ല. തൊഴിലാളികൾക്ക് സ്വന്തമായി വള്ളവും വലയും ഇല്ലെന്നതാണ് പ്രശ്നം. ലേലക്കാരുടെ പണംകൊണ്ട് വള്ളവും വലയും വാങ്ങിയതുകൊണ്ട് അവർ നിൽക്കുന്നിടത്തുപോയി ലേലം ചെയ്യേണ്ട അവസ്ഥയാണുള്ളത്. ഇക്കാര്യത്തിൽ മത്സ്യഫെഡ് വലിയ ഇടപെടൽ നടത്തേണ്ടതുണ്ട്. അങ്ങയുടെകൂടി അഭിപ്രായം പരിഗണിച്ചുകൊണ്ട് ആവശ്യമായ ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

<u>മി. സ്പീക്കർ</u>: കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികൾ പറയുന്ന കാര്യംകൂടി മുഖവിലയ്ക്കെടുക്കണ്ടേ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u> : സർ, നിർഭാഗ്യവശാൽ കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിയുടെ അഭിപ്രായമല്ല, ലേലക്കാരുടെ താൽപ്പര്യമാണ് അപ്പുറത്ത്

വള്ളം അടുക്കണമെന്നുള്ളത്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളിക്ക് സ്വന്തമായി തീരുമാനിക്കാൻ കഴിയില്ല. കാരണം, വള്ളവും വലയും അവരുടേതല്ല. ലേലക്കാരൻ പണം കൊടുത്താണ് വള്ളവും വലയും വാങ്ങിയത്. അപ്പോൾ ലേലക്കാർ പറയുന്നിടത്ത് വള്ളങ്ങൾ അടുപ്പിക്കാൻ അവർ നിർബന്ധിതരാകുകയാണ്. മത്സ്യഫെഡിന് പത്തിരുപത്തിയഞ്ച് ലക്ഷം രൂപ ഓരോ ഗ്രൂപ്പിനും കൊടുക്കാൻ കഴിയുമോയെന്ന് നോക്കിയപ്പോൾ നമുക്ക് പരിമിതിയുണ്ട്. അതിനാൽ നബാർഡുമായി ചർച്ച ചെയ്ത് 100 കോടി രൂപ കുറഞ്ഞ പലിശ നിരക്കിൽ മത്സ്യഫെഡിന് അനുവദിക്കണമെന്ന രീതിയിലുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഫണ്ട് കിട്ടുന്നമുറയ്ക്ക് ആ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാം. അങ്ങ് സൂചിപ്പിച്ചതുപോലെ പുതിയൊരു ജെട്ടിയുടെ നിർമ്മാണം പ്രായോഗികമാണോയെന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാം.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, മത്സ്യത്തൊഴിലാളികൾ വൻതോതിലുള്ള ചൂഷണത്തിന് ഇരയാവുകയാണ്. വൻകടലിൽ വൻകിട കപ്പലുകൾ മത്സ്യം ശേഖരിക്കുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ വലിയ നഷ്ടം സഹിച്ചാണ് മത്സ്യം ശേഖരിക്കുന്നത്. ഇടനിലക്കാർ ന്യായമായ വില നൽകാത്തതും ഫോർമാലിൻ പോലുള്ള വിഷദ്രാവകങ്ങൾ ഉപയോഗിച്ച് മത്സ്യങ്ങൾ ഫ്രീസറുകളിൽ സൂക്ഷിച്ചുവച്ച് ഉപഭോക്താക്കൾക്ക് കൂടിയ വിലയ്ക്ക് വിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിഴിഞ്ഞം ഹാർബറിലെ മത്സ്യബന്ധനം ഇപ്പോൾ അവസാനിപ്പിക്കുകയാണ്. അതിന്റെ അടുത്ത പ്രദേശമായ പൊഴിയൂരിൽ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, മത്സ്യത്തിന്റെ ന്യായമായ ഗുണനിലവാരം സംരക്ഷിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് ആദ്യത്തെ ചോദ്യം. തൊഴിലാളികൾക്ക് ന്യായവില ഉറപ്പാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഇന്നും പൂർണ്ണമായി നടപ്പിലാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് ന്യായവില ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു മാർക്കറ്റിംഗ് ബിൽ കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്. അതുസംബന്ധിച്ച നിയമം നിയമസഭയിൽ പാസ്സാക്കേണ്ടതുണ്ട്. അങ്ങനെയൊരു ബിൽ പരിഗണനയിലാണ്. അത് വരുന്നമുറയ്ക്ക് ഇത്തരം കാര്യങ്ങളിലേയ്ക്ക് പോകാൻ സാധിക്കും.

ഫോർമാലിൻ അടക്കമുള്ള വിഷദ്രാവകങ്ങൾ കലർത്തിയ മത്സ്യം ഇവിടെയുണ്ട് എന്നത് വസ്തുതയാണ്. അത് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള

മത്സ്യമാണ്. പുറത്തുനിന്ന് കൊണ്ടുവരുന്ന മത്സ്യത്തിലാണ് ഏറെയും ഇത്തരം മാരകമായ വിഷാംശങ്ങൾ കലർന്നിട്ടുള്ളത്. മാർക്കറ്റിംഗ് ബിൽ പാസ്സാകുന്നതോടുകൂടി നമുക്ക് ഇക്കാര്യത്തിൽ ശക്തമായി ഇടപെടാൻ കഴിയും. മാർക്കറ്റ് എങ്ങനെ കൺട്രോൾ ചെയ്യാൻ കഴിയുമെന്നതുസംബന്ധിച്ച് ഈ വരുന്ന 16-ാം തീയതി തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുമായി ചർച്ച വച്ചിട്ടുണ്ട്. ഇത് സർക്കാർ വളരെ ഗൗരവത്തോടെ പരിഗണിക്കുന്ന വിഷയമാണ്. ഈ കാര്യങ്ങളൊക്കെ നടപ്പിലാക്കാൻ ഇന്ന് നിലനിൽക്കുന്ന നിയമം അപര്യാപ്തമാണ്. ഇക്കാര്യത്തിൽ ശക്തമായി ഇടപെടണമെങ്കിൽ നിയമത്തിൽ ഭേദഗതി വരുത്തണം. ഇതുമായി ബന്ധപ്പെട്ട് മൂന്ന് നിയമങ്ങളിലാണ് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത്. ഭേദഗതിയുടെ കരട് തയ്യാറായിട്ടുണ്ട്. തൊട്ടടുത്ത ദിവസംതന്നെ അത് ക്യാബിനറ്റിൽ വച്ച് അംഗീകാരം വാങ്ങും. ഈ സമ്മേളനം കഴിഞ്ഞ് ചില കാര്യങ്ങളിൽ ഓർഡിനൻസ് ഇറക്കാൻ കഴിയുമോ എന്ന് നോക്കുകയാണ്. അടുത്ത സമ്മേളനമാകുമ്പോൾ സമയം നീണ്ടുപോകുമെന്നതിനാലാണ് അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നത്. സർക്കാർ അടിയന്തര പരിഗണന കൊടുക്കുന്ന വിഷയങ്ങളാണിവ.

ശ്രീ. ഹൈബി ഈഡൻ: സർ, മത്സ്യസമ്പത്തിനെയും മത്സ്യത്തൊഴിലാളികളെയും ബാധിക്കുന്ന പ്രധാനപ്പെട്ട വിഷയമാണ് കടലിൽ മത്സ്യം കുറഞ്ഞുവരുന്ന പ്രതിഭാസം. കർണ്ണാടകത്തിലെ മംഗലാപുരത്തുനിന്നും തമിഴ്നാട്ടിലെ കന്യാകുമാരിയിൽനിന്നും ചെറുമത്സ്യങ്ങൾ പിടിച്ചുകൊണ്ടുപോയി തീറ്റയാക്കി മാറ്റുന്ന വലിയൊരു ലോബി പ്രവർത്തിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സി.എം.എഫ്.ആർ.ഐ. പ്രിസ്ക്രൈബ് ചെയ്തിട്ടുള്ള എത്ര ഇനം മത്സ്യങ്ങളെയാണ് ആ ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്; പുതിയ ശിപാർശകളനുസരിച്ച് അതുംകൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ടി. തോമസ്: സർ, സഭ നടന്നുകൊണ്ടിരിക്കുമ്പോൾ, സഭ കഴിഞ്ഞാൽ ഉടൻതന്നെ ഓർഡിനൻസ് ഇറക്കുമെന്ന് പറയുന്നത് സഭയെ അവഹേളിക്കുന്നതിന് തുല്യമാണ്. അത് ശരിയായ നടപടിയല്ല. അങ്ങ് അക്കാര്യം പരിശോധിക്കണം.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വളമായി ഉപയോഗിക്കുന്നതിനായി നമ്മുടെ നാട്ടിലെ ആളുകൾ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് ഗൗരവതരമായ വിഷയമാണ്. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അവർക്കുമേൽ കനത്ത പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. കൊല്ലത്ത് കഴിഞ്ഞ ദിവസം ഒരു ബോട്ടിന് രണ്ട് ലക്ഷം രൂപയാണ് പിഴ ചുമത്തിയത്. പെനാൽറ്റി കൊടുത്തുകൊണ്ട് ഇതിനെതിരെ

കർശനമായ നടപടികളിലേയ്ക്ക് പോകുകയാണ്. സി.എം.എഫ്.ആർ.ഐ.-യുടെ ശിപാർശയനുസരിച്ച് 14 ഇനം ചെറു മത്സ്യങ്ങളെ പിടിക്കാൻ പാടില്ലെന്ന് സർക്കാർ നോട്ടിഫൈ ചെയ്തിരുന്നു. ഇപ്പോൾ 44 ഇനം ചെറുമത്സ്യങ്ങളെക്കൂടി പിടിക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ 44 ഇനം ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ടുള്ള വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കാനുള്ള നടപടി പൂർത്തീകരിക്കുകയാണ്. ഇക്കാര്യങ്ങളിലൊക്കെ അടിയന്തര സ്വഭാവമുണ്ടെന്നുള്ള സദുദ്ദേശപരമായ നിലപാടാണ് ഞാൻ നേരത്തെ പറഞ്ഞത്. സർക്കാരിന് ഓർഡിനൻസ് ഇറക്കണമെന്ന് നിർബന്ധമില്ല. കഴിയുമെങ്കിൽ ഈ സഭയിൽത്തന്നെ ആ നിയമം കൊണ്ടുവരാൻ ശ്രമിക്കുമെങ്കിലും പ്രായോഗികമായി അതിന് കഴിയില്ല. അടിയന്തര സ്വഭാവമുണ്ടെന്ന് മാത്രമാണ് ശ്രദ്ധയിൽപ്പെടുത്തിയത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, ആധുനിക യാനങ്ങളാണെങ്കിലും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന യാനങ്ങളാണെങ്കിലും മത്സ്യബന്ധന യാനങ്ങൾ ഇന്ന് പല രൂപത്തിലുണ്ട്. അതുപോലെതന്നെ വ്യത്യസ്ത മത്സ്യബന്ധന രീതികളുമുണ്ട്. ഇത് പലതും മത്സ്യസമ്പത്ത് വല്ലാതെ ചൂഷണം ചെയ്യപ്പെടാൻ ഇടയാക്കുകയും തത്ഫലമായി മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും ചെയ്യുന്നു. മാത്രമല്ല, മത്സ്യ പ്രജനന സമയത്ത് മത്സ്യബന്ധനം നടത്തുന്നതും മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതും തടയാൻ കഴിയുംവിധമുള്ള സമഗ്രമായ നിയമ നിർമ്മാണമാണ് നമുക്കാവശ്യം. അക്കാര്യത്തിൽ സർക്കാർ എത്രത്തോളം മുന്നോട്ടുപോകുന്നുവെന്ന് പറയാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അക്കാര്യത്തിൽ മുന്നോട്ട് പോകുമെന്നാണ് ഞാൻ പറഞ്ഞത്. അതുസംബന്ധിച്ച് സർക്കാരിന് കൃത്യമായ നിലപാടുകളുണ്ട്. നിയമങ്ങളിൽ ഭേദഗതി വരുത്താനായി വിപുലമായ ചർച്ച നടത്തിക്കഴിഞ്ഞു. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളുമായി സമവായത്തിലെത്തേണ്ടതുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽവച്ച് ഇതിന്റെ ചർച്ചകൾ നടത്തി. അതിനുശേഷം തിരുവനന്തപുരത്തുവച്ച് എല്ലാവരുമായി വീണ്ടുമൊരു ചർച്ച നടത്തി. ഈ നിയമനിർമ്മാണങ്ങളിൽ വേണ്ട ഭേദഗതികളെക്കുറിച്ച് തൊഴിലാളികളുടേയും ബോട്ടുടമകളുടേയും അഭിപ്രായ സമന്വയം രൂപീകരിച്ചിട്ടുണ്ട്. നിയമത്തിന്റെ കരട് തയ്യാറാക്കിക്കഴിഞ്ഞു. അത് അടിയന്തരമായി കൊണ്ടുവരുന്നതിനെക്കുറിച്ചാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. അടിയന്തരമായി ഇടപെടേണ്ട കാര്യങ്ങളെക്കുറിച്ച് സർക്കാരിന് ഉത്തമ ബോധ്യമുണ്ട്. അങ്ങനെ ഇടപെടുകതന്നെ ചെയ്യും.

ശ്രീ. കെ. ദാസൻ: സർ, തമിഴ്നാട് സർക്കാർ മണ്ണെണ്ണയുടെ ഉപയോഗം കുറച്ചുകൊണ്ടുവരാനുള്ള നടപടി സ്വീകരിച്ചതായി വാർത്ത വന്നിട്ടുണ്ട്. അവിടെ മണ്ണെണ്ണ നിരോധിച്ചു എന്നാണ് അറിയുന്നത്. കടലിൽ വൻതോതിലുള്ള മലിനീകരണമുണ്ടാകുന്നു എന്നാണ് സർക്കാർ അതിന് പറയുന്ന കാരണം. അതോടൊപ്പം ശബ്ദമലിനീകരണവുമുണ്ടാകുന്നത് മത്സ്യ സമ്പത്തിനെ സാരമായി ബാധിക്കുന്നുണ്ട്. ഇതിന് ശാസ്ത്രീയമായ എന്തെങ്കിലും അടിത്തറയുണ്ടോ; അത്തരം കാര്യങ്ങളെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മണ്ണെണ്ണ ഉപയോഗിച്ചുള്ള ചെറിയ എഞ്ചിനുകളാണ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്നത്. മണ്ണെണ്ണയുടെ ലഭ്യത ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. വെളിച്ചത്തിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നതിനായി കേന്ദ്ര സർക്കാർ അലോട്ട് ചെയ്യുന്ന മണ്ണെണ്ണയിൽനിന്ന് ഒരു ഭാഗം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കുകയായിരുന്നു നേരത്തെ ചെയ്തിരുന്നത്. ഇപ്പോഴതിൽ വലിയ കുറവുവന്നു. ഇന്നലെ വീണ്ടും 50 ലിറ്റർ മണ്ണെണ്ണകൂടി സിവിൽ സപ്ലൈസ് വകുപ്പ് വെട്ടിക്കുറച്ചു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഫലത്തിൽ 140 ലിറ്റർ കൊടുക്കുന്ന സ്ഥാനത്ത് ഇപ്പോൾ 50 ലിറ്റർ മാത്രമാണ് തൊഴിലാളികൾക്ക് കിട്ടുന്നത്. ഇത്തരത്തിൽ ഗൗരവതരമായൊരു പ്രശ്നം ഇന്ധനത്തിന്റെ കാര്യത്തിൽ മത്സ്യത്തൊഴിലാളികൾ നേരിടുമ്പോൾത്തന്നെ മണ്ണെണ്ണ സൃഷ്ടിക്കുന്ന മാലിന്യ പ്രശ്നവും ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. അത് ക്രമേണ ഒഴിവാക്കണമെന്ന് ശാസ്ത്രസമൂഹം തന്നെ ഇന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. നമ്മുടെ മത്സ്യത്തൊഴിലാളികൾ പെട്രോൾ എഞ്ചിനും ഡീസൽ എഞ്ചിനും ഉപയോഗിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് വരണം. അത് ക്രമേണ നടത്താനേ സാധിക്കുകയുള്ളൂ. കാരണം, ഇപ്പോൾ തൊഴിലാളികൾ വ്യാപകമായി ഉപയോഗിക്കുന്നത് മണ്ണെണ്ണ എഞ്ചിനാണ്. ആയിരക്കണക്കിന് തൊഴിലാളികളുടെ യാനങ്ങളിൽനിന്ന് പെട്ടെന്നൊരു ദിവസം ഇത് നിരോധിക്കുന്നത് പ്രായോഗികമല്ല. അതുകൊണ്ട് ക്രമേണ ഇക്കാര്യത്തിൽനിന്ന് അവരെ മാറ്റി, അവരെക്കൂടി അവബോധത്തിന് വിധേയമാക്കി ഈ രംഗത്ത് ആവശ്യമായ ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. തമിഴ്നാട് ചെയ്യുന്നതുപോലെയുള്ള നിരോധനം കേരളത്തിൽ പ്രായോഗികമല്ല. അതുകൊണ്ട് ക്രമേണ ഇക്കാര്യത്തിൽ ഇടപെടൽ നടത്താനാണ് ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജൂൺ, ജൂലൈ മാസങ്ങളിലെ ഏറ്റവും വലിയ പ്രശ്നം കടൽക്ഷോഭമാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിലിറങ്ങാൻ കഴിയുന്നില്ല. കേരളത്തിലെ തീരപ്രദേശത്ത് വലിയ കടലാക്രമണം

നടക്കുകയാണ്. വലിയ ഭീഷണിയാണ് കടലോരങ്ങൾ നേരിടുന്നത്. മിനിഞ്ഞാന്നും വൻതോതിലുള്ള കടലാക്രമണമുണ്ടായിരുന്നു. കടൽഭിത്തികൾ നിർമ്മിക്കുക എന്നുള്ളതാണ് അത് തടയാനുള്ള ഏക മാർഗ്ഗം. ഈ സർക്കാർ കടൽഭിത്തി നിർമ്മാണം നിർത്തി വച്ചിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അടിയന്തരമായി അതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ മത്സ്യത്തൊഴിലാളി കളുടെ ജീവിതം ദുരിതപൂർണ്ണമാകും. ആ പ്രദേശങ്ങൾ മുഴുവൻ കടലെടുക്കും. അത് സംരക്ഷിക്കാനുള്ള എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കടൽഭിത്തി സംരക്ഷണം ഈ സർക്കാർ പൂർണ്ണമായി നിർത്തിവച്ചിട്ടില്ല. അതുകൊണ്ടുമാത്രം ഇതിനൊരു പരിഹാരമാകില്ലെന്ന ശാസ്ത്രീയപഠനം ഈ സർക്കാർ അംഗീകരിച്ചുവെന്നേയുള്ളൂ. ഇപ്പോഴുള്ള കടൽഭിത്തികൾ നാശംവരുന്ന സ്ഥലങ്ങളിലെല്ലാം സർക്കാർ ഇടപെടുന്നുണ്ട്. ഭിത്തി സംരക്ഷണത്തിനാവശ്യമായ നടപടി ഇറിഗേഷൻ വകുപ്പ് സ്വീകരിക്കുന്നുണ്ട്. പുലിമുട്ടുകളാണ് ഇന്ന് അതിനൊരു പരിഹാരമായി ചൂണ്ടിക്കാട്ടുന്നത്. ഇപ്പോൾ മുതലക്കുഴിയിലും അങ്ങയുടെ മണ്ഡലത്തിലുമൊക്കെ പുലിമുട്ടുകളുടെ കാര്യത്തിലാണ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നബാർഡിന് ചില പ്രോജക്ടുകൾ കൊടുക്കുന്നുണ്ട്. ഇതിന് പരിസ്ഥിതി ആഘാതപഠനം നടത്തി റിപ്പോർട്ട് വാങ്ങണം. ആ റിപ്പോർട്ടിന് അംഗീകാരം വേണം, പ്രോജക്ട് കൊടുക്കണം. അങ്ങനെ വർഷങ്ങൾ നീളുന്ന പ്രോസ്സസുകളുണ്ട്. ഒരു വർഷം കൊണ്ടോ രണ്ട് വർഷംകൊണ്ടോ ഇതിന് പരിഹാരം കാണാൻ കഴിയില്ലെന്ന യാഥാർത്ഥ്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവടക്കം തിരിച്ചറിയണം. സാധ്യമായതെല്ലാം ചെയ്യാൻ ഈ സർക്കാർ സന്നദ്ധമാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, പഞ്ഞമാസങ്ങളിൽ മൽസ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി തുക ഇപ്പോൾ വർദ്ധിപ്പിച്ചു എന്നത് ആശ്വാസകരമാണ്. കാലാകാലങ്ങളായി ആ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഉൾനാടൻ മൽസ്യത്തൊഴിലാളി കുടുംബങ്ങളിലെ അംഗങ്ങളെ കണ്ണൂർ ജില്ല ഉൾപ്പെടെയുള്ള ചില ജില്ലകളിൽ ഉൾപ്പെടുത്തുന്നില്ലെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഇക്കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ നേരത്തെ കൊണ്ടുവന്നതാണ്. മത്സ്യത്തൊഴിലാളിക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ യോഗത്തിൽ ഉയർന്നുവന്നിട്ടുള്ള വിഷയമാണിത്. ചില ജില്ലകളിൽ കുറച്ച് കുടുംബങ്ങളെ ഒഴിവാക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങനെയൊരു പ്രശ്നമില്ല. ഏതെങ്കിലും മൽസ്യത്തൊഴിലാളികളെ ഒഴിവാക്കുന്ന പ്രശ്നം ഉദിക്കുന്നില്ല. അങ്ങനെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയാൽ പരിഹരിക്കാവുന്നതാണ്. ഉൾനാടൻ തൊഴിലാളികളും ഇപ്പോൾ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ ഒരു വിവേചനവുമില്ല.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇപ്പോൾ പഴയകാലത്ത് ലഭിച്ചതുപോലെ കടലോരത്തുനിന്ന് മൽസ്യം ലഭിക്കാത്ത ഒരവസ്ഥയുണ്ട്. കടലിൽ മത്സ്യമുണ്ടെങ്കിലും ഒരു ഭാഗത്ത് ചീനവല വാരിക്കൊണ്ടുപോകുകയാണ്. മറുഭാഗത്ത് കുറേക്കാലമായി പറയുന്ന ട്രോളറുകളുമാണ്. കടലിലെ മത്സ്യ സമ്പത്തിനെ കൊള്ളയടിക്കുന്നത് ഈ രണ്ട് ഏജൻസികളാണ്. പണ്ട് നമ്മൾ പറഞ്ഞിരുന്നത് വിദേശ ട്രോളറുകളെയാണ്. ഇപ്പോൾ ഇന്ത്യൻ കുത്തകകളും ട്രോളറുമായി മൽസ്യസമ്പത്ത് കൊള്ളയടിക്കുക യാണ്. കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ഇതിനെതിരായി സംഘടിതമായി എന്തെല്ലാം നടപടി സ്വീകരിക്കാൻ സാധിക്കും?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, മത്സ്യസമ്പത്തിന്റെ സംരക്ഷണം വളരെ പ്രധാനപ്പെട്ടതാണ്. കായലുകളിൽ ചീനവലയും കടലിൽ ആഴക്കടൽ ട്രോളറുകളുമാണ് ഉപയോഗിക്കുന്നത്. ചീനവല, കുറ്റിവല, ഏറ്റംകെട്ടൽ തുടങ്ങി മത്സ്യസമ്പത്തിനെ നശീകരിക്കുന്ന നിരവധി മാർഗ്ഗങ്ങൾ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്നുണ്ട്. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ചീനവല, കുറ്റിവല, ഏറ്റംകെട്ടൽ എന്നിവയുള്ളത്. അതിന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളുടെയെല്ലാം പിന്തുണ ആവശ്യമാണ്. അശാസ്ത്രീയമായ രീതികളിൽനിന്ന് തൊഴിലാളികൾ പിൻമാറണമെന്ന ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് നിലവിലുള്ള നിയമങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഇത് ഒറ്റയടിക്ക് നടക്കുന്ന കാര്യമല്ല. കാരണം, പതിറ്റാണ്ടുകളായി തൊഴിലാളികൾ തുടരുന്ന ചില രീതികളാണിത്. ആ രീതി ഒരു സുപ്രഭാതത്തിൽ നിരോധിക്കാൻ പ്രായോഗികമായി സാധിക്കില്ല. മത്സ്യസമ്പത്തിന് വംശനാശം വരുത്തുന്നതാണ് ഈ മൽസ്യബന്ധന രീതികൾ എന്നത് അവരെ ബോധ്യപ്പെടുത്തി ക്രമേണ ഇക്കാര്യത്തിൽ ഇടപെടാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കും. ആഴക്കടലിന്റെ കാര്യത്തിൽ ട്രോളറുകൾക്ക് ലെറ്റർ ഓഫ് പെർമിറ്റ് കൊടുക്കുന്നത് കേന്ദ്ര സർക്കാരാണ്; സംസ്ഥാന സർക്കാരല്ല. അത് കേന്ദ്ര സർക്കാരിന്റെ പരിധിയിൽ വരുന്ന വിഷയമാണ്. തൊഴിലാളി സംഘടനകൾ നടത്തിയ നിരന്തരമായ സമരത്തിന്റെ ഭാഗമായി പുതിയ എൽ.ഒ.പി. കൊടുക്കില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പക്ഷെ നിലനിൽക്കുന്ന ട്രോളറുകളുടെ ലൈസൻസ് പുതുക്കരുതെന്നാണ് തൊഴിലാളികളുടെ ആഗ്രഹം. അതിലേയ്ക്ക് സർക്കാർ വന്നിട്ടില്ല. നിലവിൽ പുതിയ പെർമിറ്റ് കൊടുക്കില്ലെന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. കടലിലെയും കായലിലെയും മത്സ്യസമ്പത്ത് നമ്മളൊറ്റക്കെട്ടായി നിന്നാൽ മാത്രമേ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. നൂറ്റാണ്ടുകളായി തുടരുന്ന ചില രീതികളാണ് നാശത്തിലേയ്ക്ക് എത്തിച്ചിട്ടുള്ളത്. ക്രമേണ ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ട് കൂട്ടായൊരു സംരംഭം വഴി മൽസ്യസമ്പത്ത് സംരക്ഷിക്കാനാണ് ശ്രമിക്കുന്നത്.

## തൊഴിൽ നൈപുണ്യ രംഗത്തെ സമഗ്ര വികസനം

4 (*364) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനിൽ അക്കര: താഴെകാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ നൈപുണ്യ രംഗത്തെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) തൊഴിൽ രംഗത്തെ നൈപുണ്യ വികസനത്തിന് മുൻ സർക്കാർ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ;

(സി) ഈ രംഗത്തെ വികസനത്തിന് കേന്ദ്രസഹായം പ്രയോജനപ്പെടുത്താൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ): സർ,

(എ) നൈപുണ്യ രംഗത്തെ സമഗ്ര വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് പുതിയതായി നടപ്പിലാക്കിയതും ഏറ്റെടുത്ത് വിജയകരമായി തുടരുന്നതുമായ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- 1-11-2016-ൽ ആരോഗ്യ സൗന്ദര്യസംരക്ഷണ ചികിത്സാരംഗത്ത് നൈപുണ്യ പരിശീലനം നൽകുന്ന Centre for Natural Beauty Therapy (CNBT) യുടെ തിരുവനന്തപുരത്തുള്ള School of Wellness-ൽ PG Programme in Spa Management, A Level Diploma Programme in Spa Therapy എന്നീ കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചു. A Level Diploma Programme in Spa Therapy-യുടെ 12 പേരടങ്ങുന്ന ആദ്യത്തെ ബാച്ച് 15-3-2017-ൽ ആരംഭിച്ചു.

- 3-11-2016-ൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് മേഖലയിൽ അടിസ്ഥാന സാങ്കേതിക വിദ്യാഭ്യാസം കഴിഞ്ഞ വിദ്യാർത്ഥികൾക്കായി നൈപുണ്യ പരിശീലനം നൽകുന്ന നിലമ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന Induscan Petroleum Institute-ന്റെ Quality Control Engineer, Quality Control Inspector എന്നീ കോഴ്സുകളുടെ ആദ്യ ബാച്ചിന്റെ പരിശീലനം 5-12-2016-നും രണ്ടാമത്തെ ബാച്ച് 15-3-2017-നും ആരംഭിച്ചു.

- 3-11-2016-ൽ ഓട്ടോമേഷൻ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന കൊച്ചി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന SMEC Automation Pvt. Ltd.-ന്റെ Certified Automation Engineer എന്ന കോഴ്സിന്റെ 20 പേരടങ്ങിയ ആദ്യ ബാച്ചിന്റെ പരിശീലനം 15-3-2017-ന് ആരംഭിച്ചു.

• ആയുർവേദ മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന ധന്വന്തരി വൈദ്യശാലയുടെ സ്ഥാപനമായ Dhanwanthari Educational & Charitable Society-യുമായി സഹകരിച്ച് Diploma in Ayurveda Nursing, Diploma in Panchakarma Therapy, Diploma in Ayurveda Pharmacy എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017 -ൽ ഒപ്പിട്ടു.

• ഫിസിയോതെറാപ്പി മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്നതിനായി കോഴിക്കോട് പ്രവർത്തിക്കുന്ന JDT Islam College of Physiotherapy-യുമായി സഹകരിച്ചുകൊണ്ട് Fitness Trainer/Gym Instructor, Sports Physiotherapy, Certificate Course to Physical Education Teachers എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017-ൽ ഒപ്പിട്ടു.

• Marine മേഖലയിൽ നൈപുണ്യപരിശീലനം നൽകുന്ന കൊച്ചിയിൽ പ്രവർത്തിക്കുന്ന Aries International Maritime Research Institute (AIMRI)-യുമായി സഹകരിച്ച് Skill Development in Naval Architecture & Ship Building, Skill Development in Offshore Engineering, Skill Development in Marine Quality Control എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 23-1-2017-ൽ ഒപ്പിട്ടു.

• Tourism & Hospitality മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Atheos Institute of Skill Excellence, Palakkad-ന്റെ House keeping Attendant, Kitchen Steward, Food and Beverage trainee എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള കരാറിൽ 4-2-2017-ൽ ഒപ്പിട്ടു.

• KASE അംഗീകൃത സ്ഥാപനമായ Hedge School of Applied Economics (HSAE) മുഖേന SCMS, KOCHI-യിലെ 75 വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കി. കൂടാതെ Rajagiri College of Social Science, Kochi-യിലെ 95 വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനം ലഭ്യമാക്കി. കൂടാതെ Projects & Internship-ലെ ആദ്യ ബാച്ചിന്റെ തൊഴിൽ പരിശീലനവും പൂർത്തിയായി. 12 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം പുരോഗമിച്ചുവരുന്നു.

• KASE അംഗീകൃത സ്ഥാപനമായ Lili Academy of Scientific Electrolysis മുഖേന 4 കുട്ടികൾ പരിശീലനം പൂർത്തിയാക്കുകയും ജോലി നേടുകയും ചെയ്തു. 6 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

• 1-4-2017-ൽ Multi Media & Animation മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Infoprism Solutions (P) Ltd -ഉം ആയി കരാറിൽ ഒപ്പിട്ടു.

• 5-4-2017-ൽ Architecture and Interior Design മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന Terrafirm Projects (P) Ltd-ഉം ആയി കരാറിൽ ഒപ്പിട്ടു.

• പുതിയ മികവിന്റെ കേന്ദ്രങ്ങൾ(Centres of Excellence)

1. KGNLA (KASE Global Nursing Leadership Academy)

7-1-2017-ൽ നഴ്സിംഗ് മേഖലയിൽ ഓസ്ട്രേലിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന Health Careers International എന്ന സ്ഥാപനം കൊച്ചിയിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള കരാറിൽ ഒപ്പിട്ടു.

2. Green Method Engineering (Pvt.) Ltd.

5-4-2017-ൽ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ Green Method Engineering (Pvt.) Ltd. എന്ന സ്ഥാപനം മികവിന്റെ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള കരാറിൽ ഒപ്പിട്ടു.

3. CEED (Centre of Excellence in Entrepreneurship Development)

Entrepreneurship Development India (EDI), Ahamedabad എന്ന സ്ഥാപനവുമായി ചേർന്ന് Centre of Excellence in Entrepreneurship Development (CEED) എന്ന മികവിന്റെ കേന്ദ്രം പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായി 21-4-2017-ൽ EDI-യുമായുള്ള കരാറിൽ ഒപ്പിട്ടു. 2017 ജൂൺ മാസത്തോടുകൂടി ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

നിലവിലുണ്ടായിരുന്ന മികവിന്റെ കേന്ദ്രങ്ങൾ മെച്ചപ്പെടുത്താനായി കൈക്കൊണ്ട നടപടികൾ

1. NICE (Nursing Institute for Career Enhancement)

NICE-ന്റെ ഒന്നാമത്തെ ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ 116 ഉദ്യോഗാർത്ഥികളിൽ 86 പേർ ജോലിയിൽ പ്രവേശിച്ചു. മറ്റു ഉദ്യോഗാർത്ഥികളുടെ വിസ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

21 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം വിജയകരമായി പൂർത്തിയായി അവരുടെ വിസ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 74 പേർ ഉൾപ്പെട്ട മൂന്നാമത്തെയും നാലാമത്തെയും ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും ലൈസൻസിംഗ് എക്സാമിനേഷനുള്ള പരിശീലനം നൽകിവരികയും ചെയ്യുന്നു.

10 ഹ്രസ്വകാല കോഴ്സുകൾ നടത്തുന്നതിനുള്ള അംഗീകാരം NICE -ന് ലഭ്യമാക്കിയിട്ടുണ്ട്.

2. ESPOiR (Enlighten Skills Program for Oil & Rig)

- ESPOiR-ന്റെ രണ്ടാം ബാച്ചിൽ 100 പേർ പ്രവേശനം നേടി. ഇവരുടെ പരിശീലനം ഏപ്രിൽ മാസം ആരംഭിക്കുകയും ജൂലൈ മാസം പൂർത്തിയാകുകയും ചെയ്തു. ഇതിൽ 43 പേർക്ക് നിയമന പത്രിക ലഭ്യമാക്കിയിട്ടുണ്ട്.
- 79 വിദ്യാർത്ഥികൾ ഉൾപ്പെടുന്ന മൂന്നാം ബാച്ചിന്റെ പരിശീലനം പൂർത്തിയായി. പരിശീലനം പൂർത്തിയാക്കിയ 60 വിദ്യാർത്ഥികളിൽ 24 പേർക്ക് നിയമനപത്രിക വിതരണം ചെയ്തു. കൂടാതെ നാലാമത്തെ ബാച്ചിലെ പരിശീലനം പൂർത്തിയാക്കിയ 54 പേരിൽ 21 പേർക്ക് നിയമന പത്രിക വിതരണം ചെയ്തിട്ടുണ്ട്.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ESPOiR-ൽ പ്രവേശനം നൽകി വിദേശത്തേയ്ക്ക് അയയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി.
- PMKVY കോഴ്സുകൾ ESPOiR-ൽ ആരംഭിക്കുകയും 91 ഉദ്യോഗാർത്ഥികളുടെ പരിശീലന നടപടികൾ 3 ട്രേഡുകളിലായി പുരോഗമിക്കുകയും ചെയ്യുന്നു.
- 11-2-2017-ൽ അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെ ESPOiR അക്കാദമി തൊഴിൽമേളയും നൈപുണ്യമേളയും നടത്തി.

3. CRETT (Centre for Research in Education and Teacher Training)

അദ്ധ്യാപകരുടെ നൈപുണ്യ വികസനത്തിനായി ആരംഭിച്ച CRETT-ന്റെ 18 പേരടങ്ങിയ ആദ്യ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും നിയമന പത്രികയും വിസയും വിതരണം ചെയ്യുകയുമുണ്ടായി.

CRETT-ന്റെ 9 പേരടങ്ങിയ രണ്ടാമത്തെ ബാച്ചിന്റെ പരിശീലനം പൂർത്തിയാകുകയും ഈ രണ്ട് ബാച്ചുകളിലെ 27 പേരിൽ 14 പേർക്ക് നിയമന പത്രിക ലഭ്യമാകുകയും ചെയ്തു.

4. CATS (Centre for Advanced Training in Security)

വിവിധ വിഷയങ്ങളിലായി ഇതുവരെ 52 പേർ പരിശീലനം പൂർത്തിയാക്കി. ഇവരുടെ തൊഴിൽ ലഭ്യത ഉറപ്പാക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

KSID-യിലെ രണ്ടാം ബാച്ചിന്റെ ക്ലാസ്സുകൾ 2016 ജൂലൈ മാസത്തിൽ ആരംഭിച്ചു. മൂന്നാമത്തെ ബാച്ചിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

നിലവിൽ രണ്ടു ബാച്ചുകളിലായി 38 വിദ്യാർത്ഥികൾ KSID-യിൽ പഠിക്കുന്നു.

കൗശൽ കേന്ദ്രങ്ങൾ

പുതിയ കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള Request for Proposal (RFP) 2016 സെപ്റ്റംബർ മാസം ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഓപ്പറേറ്റർക്ക് 2016 നവംബർ മാസം ചുമതല നൽകുകയും ചെയ്തു.

എംപ്ലോയബിലിറ്റി സെന്റർ

- എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ 265 തൊഴിൽ മേളകൾ സംഘടിപ്പിക്കുക വഴി 9388 പേർക്ക് തൊഴിൽ ലഭ്യമാക്കി.
- ഈ കാലയളവിൽ എംപ്ലോയബിലിറ്റി സെന്ററുകളിൽ 247 കമ്പനികൾ തൊഴിൽദാതാക്കളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.
- കൂടാതെ ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ചുകൊണ്ട് ഒരു മെഗാ തൊഴിൽ മേള 'നിയുക്തി 2017' എന്ന പേരിൽ എറണാകുളം മേഖലയിൽ 2017 ജനുവരി 14-നും കോഴിക്കോട്, തിരുവനന്തപുരം മേഖലകളിൽ 2017 ഫെബ്രുവരി 11-നും സംഘടിപ്പിച്ചു.
- എംപ്ലോയബിലിറ്റി സെന്ററുകളുടെ സുഗമമായ നടത്തിപ്പിനും പ്രവർത്തനങ്ങൾക്കുമായി ഒരു ഓൺലൈൻ മാനേജ്മെന്റ് സംവിധാനം കെൽട്രോണിന്റെ സഹായത്തോടുകൂടി പ്രവർത്തനസജ്ജമാക്കി.
- പുതുതായി തൃശ്ശൂരിലും മലപ്പുറത്തും എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കരിയർ ഡെവലപ്മെന്റ് സെന്റർ

- ആദ്യ കരിയർ ഡെവലപ്മെന്റ് സെന്റർ 2017 ഫെബ്രുവരി 4-ന് കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും രണ്ടാമത്തെ സെന്റർ 2017 ഫെബ്രുവരി 16-ന് പാലക്കാട് ജില്ലയിലെ ചിറ്റൂരിലും പ്രവർത്തനമാരംഭിച്ചു.
- കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്ന തിന്റെ ഭാഗമായി KELTRON-ന്റെ സഹായത്തോടുകൂടി വികസിപ്പിച്ച ഒരു ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) മുഖേന രജിസ്ട്രേഷൻ ആരംഭിച്ചു. MIS-ന്റെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു.

## വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി

നൈപുണ്യ വികസനം നേടിയ തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരുപോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ വ്യാവസായിക പരിശീലന വകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, ഓവർസീസ് എംപ്ലോയ്മെന്റ് ഡെവലപ്മെന്റ് കോർപറേഷൻ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC)

അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കുകയും ഉദ്യോഗാർത്ഥികളെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് IIIC പ്രവർത്തനസജ്ജമാകുന്നത്. 192000 ചതുരശ്രയടിയുള്ള അക്കാഡമിക് ബ്ലോക്കിന്റെ അവസാനഘട്ട നിർമ്മാണ പ്രവർത്തനങ്ങളും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന 35600 ചതുരശ്രയടിയുള്ള ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തിയായിവരുന്നു.

## DDUGKY പ്രോജക്ടിന്റെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസി

- കേന്ദ്രസർക്കാരിന്റെ കീഴിലുള്ള ഗ്രാമീണവികസന മന്ത്രാലയം 'ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന'(DDUGKY) എന്ന പേരിൽ നൈപുണ്യ വികസനത്തോടൊപ്പം തൊഴിലും എന്ന പദ്ധതി കുടുംബശ്രീ മുഖേന നടപ്പാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ കേരളത്തിലെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായി KASE-നെ നിയോഗിച്ചുകൊണ്ടുള്ള ധാരണാപത്രം 19-12-2016-ന് ഒപ്പുവച്ചു. മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്മെന്റ് (MoRD)നിഷ്കർഷിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ ലഭ്യമായ 40 പ്രൊപ്പോസലുകളുടെയും പ്രഥമ സൂക്ഷ്മപരിശോധന പൂർത്തിയാക്കുകയും ഒരു ക്വാളിറ്റേറ്റീവ് അപ്രൈസൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മിനിസ്ട്രിയുടെ നിർദ്ദേശാനുസരണം മറ്റു പ്രൊപ്പോസലുകളുടെ അവലോകനവും വിലയിരുത്തൽ സന്ദർശനവും പുരോഗമിച്ചുവരുന്നു.

(ബി) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

I. സെന്റർ ഓഫ് എക്സലൻസ്

- NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
- ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
- CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
- CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

II. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC-യിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപ്പെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കാൻ ആലോചിക്കുന്നു.

III. കൗശൽ കേന്ദ്രങ്ങൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV. എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇതുപ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി കുറവുകൾ

പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും പുറത്തുമായി ചെറുതും വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

V. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച് ഡിസൈൻ മേഖലയിൽ സർഗ്ഗശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചുവരുന്നത്.

VI. കരിയർ ഡെവലപ്മെന്റ് സെന്റർ

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന്റെ കീഴിലാണ് കരിയർ ഡെവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നത്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-മായി സഹകരിച്ചുകൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

അക്രെഡിറ്റേഷൻ

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടികൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നൽകുന്നത്.

(സി) സംസ്ഥാന നൈപുണ്യ വികസന പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി 290 കോടി രൂപയുടെ കേന്ദ്ര ധനസഹായം അഭ്യർത്ഥിച്ച് കൊണ്ടുള്ള ഒരു മെമ്മോറാണ്ടം കേന്ദ്ര സ്കിൽ ഡെവലപ്മെന്റ് ആന്റ് എന്റർപ്രെണർഷിപ്പ് വകുപ്പുമന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന നൈപുണ്യ വികസനത്തിനായി കേന്ദ്ര

ബജറ്റിൽ 100 കോടി രൂപ വകയിരുത്തുന്നതിനായി ഒരു പ്രൊപ്പോസലും സമർപ്പിച്ചിരുന്നു. സ്കിൽ ഇന്ത്യ മിഷൻ ഓപ്പറേഷൻ (SIMO)-ന്റെ ഭാഗമായി സംസ്ഥാനത്തെ നൈപുണ്യ വികസന പദ്ധതികൾക്കായി 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ധനസഹായം ലഭിക്കുമെന്ന പ്രതീക്ഷയിൽ 2017-18 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി വികസിപ്പിച്ച ഓൺലൈൻ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഓൺലൈൻ മാനേജ്മെന്റ് സമ്പ്രദായം സമീപകാലത്താണ് ആരംഭിച്ചത്. അതിന്റെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് പുരോഗതിക്കാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന തൊഴിൽ നൈപുണ്യ പദ്ധതികൾ ഏതെല്ലാമാണ്, കേരളത്തിലെ എത്ര കുടുംബശ്രീ പ്രവർത്തകർക്ക് ഇതിന്റെ ഗുണം ലഭ്യമായിട്ടുണ്ടെന്ന് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇത് പുതുതായി ആവിഷ്കരിച്ച പദ്ധതിയിൽ പ്പെടുന്നതാണ്. അതിന്റെ ഫലം പരിശോധിച്ചുവരുന്നതേയുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ നടപടി സർക്കാർ ആവിഷ്ക്കരിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. വി. ടി. ബൽറാം: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങളുടെ കൂട്ടത്തിൽ അങ്ങ് എടുത്തുപറഞ്ഞ കാര്യമാണ് കൗശൽ കേന്ദ്രങ്ങൾ. കേരളത്തിലെ മൂന്ന് കൗശൽ കേന്ദ്രങ്ങളിലൊന്ന് പ്രവർത്തിക്കുന്നത് എന്റെ മണ്ഡലത്തിലുൾപ്പെട്ട കൂറ്റനാടാണ്. അവിടെ പുതിയ ഓപ്പറേറ്റർ വരികയും സ്ഥിതിഗതികൾ കുറച്ച് മെച്ചപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും നിലവിലുള്ള സൗകര്യങ്ങൾ വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. നല്ലൊരു ഡിജിറ്റൽ ലൈബ്രറിയുണ്ട്. പക്ഷേ, പുസ്തക പ്രസാധകരുമായിട്ടുള്ള ലൈസൻസ് എഗ്രിമെന്റ് ഉണ്ടാകാത്തതുകാരണം ആ ഡിജിറ്റൽ ലൈബ്രറിയിൽ പുസ്തകങ്ങൾ വായിക്കാൻ ആളുകൾക്ക് സാധിക്കുന്നില്ല. ലാംഗ്വേജ് സ്കിൽ ഡെവലപ്മെന്റിന്റെ ഭാഗമായി ഇംഗ്ലീഷ്, ഫ്രഞ്ച്, അറബിക് അടക്കമുള്ള ഭാഷകൾ പഠിപ്പിക്കാനുള്ള സൗകര്യമുണ്ട്. എന്നാൽ നിലവിൽ ഇംഗ്ലീഷ് മാത്രമേ പഠിപ്പിക്കാൻ സാധിക്കുന്നുള്ളൂ. കൗശൽ കേന്ദ്രങ്ങളിലെ നിലവിലുള്ള സൗകര്യംപോലും ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം പ്രത്യേകമായി അവലോകനം ചെയ്ത് ആ കാര്യത്തിൽ ഒരു പരിഹാരം നിർദ്ദേശിക്കാനുള്ള ഇടപെടലുണ്ടാകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം സർക്കാർ സ്വീകരിക്കുകയാണ്. നിലവിൽ പ്രവർത്തിക്കുന്ന എല്ലാ പരിശീലന കേന്ദ്രങ്ങളുടേയും അനുഭവങ്ങൾ പരിശോധിച്ച്, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. ഈ കാര്യങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നമ്മുടെ നാട്ടിലെ യുവാക്കൾക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കാനായി തൊഴിൽ നൈപുണ്യ മേഖലകളിൽ, പ്രത്യേകിച്ച് ടൂറിസം, നഴ്സിംഗ്, ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് എന്നിവയിലെല്ലാം സർക്കാർ സ്കീം മുഖാന്തരം ട്രെയിൻ ചെയ്ത കുട്ടികൾക്ക് ജോലി കിട്ടുന്നുണ്ട്. പലപ്പോഴും സർക്കാർ ട്രെയിൻ ചെയ്തുവിടുന്ന കുട്ടികൾ കേരളത്തിനകത്തും പുറത്തും മിനിമം വേതനവും കടുത്ത തൊഴിൽ ധ്വംസനങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്. നമ്മൾ പഠിപ്പിച്ചുവിടുന്ന കുട്ടികൾ കേരളത്തിനകത്തും പുറത്തും തൊഴിൽ ചതികളിൽ ഏർപ്പെടാതിരിക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, കേരളത്തിനകത്തും പുറത്തും ഇന്ത്യയ്ക്കു പുറത്തും തൊഴിൽ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് പരിശോധിച്ച്, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. KASE (Kerala Academy for Skills Excellence) ഉൾപ്പെടെയുള്ള സർക്കാരിന്റെ നിലവിലുള്ള ഏജൻസികൾ വഴി 63297 പേർക്ക് ഇതിനകം പരിശീലനം നൽകിയിട്ടുണ്ട്. ഇപ്രകാരം പരിശീലനം നേടിയവരിൽ 33478 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾ മാത്രമല്ല, സ്വകാര്യ മേഖലകളിൽക്കൂടി തൊഴിലവസരങ്ങൾ പരമാവധി ഉപയോഗിക്കാൻ കഴിയത്തക്ക രീതിയിലുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇപ്പോൾ നിലവിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾവഴി മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിക്കുന്നുണ്ട്; അതുവഴി സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ഉപയോഗിക്കാനാണ് ശ്രമിക്കുന്നത്. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള എല്ലാ സാധ്യതകളും പരിശോധിച്ച് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

ശ്രീ. അനിൽ അക്കര: സർ, സംസ്ഥാനത്ത് പ്രൊഫഷണൽ രംഗത്ത് നിരവധി തൊഴിലവസരങ്ങളുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്നത് പലപ്പോഴും പത്താം ക്ലാസ്സ് കഴിഞ്ഞ് മറ്റുതരത്തിലുള്ള ജോലികൾക്ക് വേണ്ടി മാത്രമാണ്. സംസ്ഥാനത്ത് നിലവിലുള്ള പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ചെറുപ്പക്കാർ രജിസ്റ്റർ ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ പലപ്പോഴും ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനത്തിന് കോൺട്രാക്ട്

അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കൂടുതലാളുകളെ രജിസ്റ്റർ ചെയ്യിക്കാനും പൊതുഫണ്ട് ഉപയോഗപ്പെടുത്തുന്ന തൊഴിലവസരങ്ങളിൽ ഇത്തരത്തിലുള്ള പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് മാത്രം ആളുകളെ നിയമിക്കാവുന്ന രീതിയിലേയ്ക്ക് മാറ്റം വരുത്താനും ഉദ്ദേശിക്കുന്നുണ്ടോ, ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയും?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, തൊഴിലവസരങ്ങൾ കൂടുതൽ ഉപയോഗിക്കത്തക്കനിലയിലുള്ള ആധുനിക സംവിധാനങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കി വരികയാണ്. ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത് 35 ലക്ഷത്തിൽപ്പരം ആളുകളാണ്. അവർക്കെല്ലാവർക്കും പ്രവേശിക്കാൻ കഴിയുന്ന പുതിയൊരു പോർട്ടൽ ഇപ്പോൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിൽ ആരംഭിച്ചിട്ടുള്ള, കേരളത്തിലെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്ന കരിയർ ഗൈഡൻസ് സെന്റർ വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. പ്രൊഫഷണലായി നമുക്ക് സ്വീകരിക്കാൻ കഴിയാവുന്ന എല്ലാ സാധ്യതകളും ഉപയോഗിക്കുന്നതാണ്. കൂടുതൽ നിർദ്ദേശങ്ങൾ വരുമ്പോൾ അതുൾപ്പെടെ പരിശോധിച്ച് ഇത്തരം കാര്യങ്ങൾ സമ്പുഷ്ടമാക്കുന്നതിനുള്ള നിലപാട് സർക്കാർ സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ......ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ

5 (*365) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ആന്റണി ജോൺ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശകളിൽ എതൊക്കെ അംഗീകരിച്ചിട്ടുണ്ട്; പ്ലാന്റേഷൻ പോളിസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) തോട്ടം തൊഴിലാളികളെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സ്വന്തമായി വീടില്ലാത്ത പ്ലാന്റേഷൻ തൊഴിലാളികൾക്ക് വീട് നിർമ്മിച്ചുനൽകുവാനും നിലവിലെ ലയങ്ങൾ നവീകരിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ശിപാർശകൾ പരിശോധിച്ചുവരുന്നു. തോട്ടം മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകൾ സംബന്ധിച്ച് ബഹു.തൊഴിൽ വകുപ്പുമന്ത്രിയുടെയും ബഹു.മുഖ്യമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ ട്രേഡ് യൂണിയൻ പ്രതിനിധികളുമായും തൊഴിൽ ഉടമകളുമായും വിവിധ തലത്തിൽ വിശദമായ ചർച്ചകൾ നടത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) പരിശോധിച്ചുവരുന്നു.

(സി) തോട്ടം മേഖലയിലെ തൊഴിലാളികളിൽ സ്വന്തമായി സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരും സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്തവർക്കുമായി own your Own Housing Scheme എന്ന പേരിൽ വീട്/അപ്പാർട്ട്മെന്റ് നിർമ്മിച്ചുനൽകുന്ന ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള "ഭവനം ഫൗണ്ടേഷൻ ഓഫ് കേരള" മുഖേന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന തോട്ടം മേഖലയിൽ സമഗ്ര സർവ്വേ 2016-ൽ നടത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വന്തമായി വീടും ഭൂമിയും ഇല്ലാത്ത തോട്ടംതൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേനയോ കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ "ലൈഫ് മിഷൻ" മുഖേനയോ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. പദ്ധതി പ്രകാരം സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sq.ft ഉള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sq.ft ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നു. പ്ലാന്റേഷൻ ലേബർ നിയമപ്രകാരം ലയങ്ങളുടെ നവീകരണം തോട്ടം ഉടമകളുടെ ഉത്തരവാദിത്വമാണ്. പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ലയങ്ങളുടെ സ്ഥിതി പരിശോധന നടത്തുകയും ഉടമകൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## പട്ടികഗോത്ര വർഗ്ഗക്കാർക്ക് പ്രത്യേക തൊഴിലുറപ്പ് പദ്ധതിയും വനഭൂമിയും

6 (*366) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് പട്ടികഗോത്ര വർഗ്ഗക്കാരുടെ ഇടയിൽ പട്ടിണി മരണം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാൻ സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) പഞ്ഞമാസങ്ങളിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് എത്ര കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റാനായി പ്രത്യേക തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ സാധിക്കുമോ; വനാവകാശ നിയമപ്രകാരം അർഹതപ്പെട്ടവർക്ക് കൃഷിക്കനുയോജ്യമായ വനഭൂമി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) പട്ടിണി മരണം റിപ്പോർട്ട് ചെയ്തിട്ടില്ല. മഴക്കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഇടയിൽ പട്ടിണി ഉണ്ടാകാതെ ഇരിക്കുന്നതിനായി ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ അട്ടപ്പാടിയിൽ അമ്പത്തിമൂന്ന് ഊരുകളിൽ മാത്രം കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിച്ചിരുന്നത് 192 ഊരുകളിലേക്കും വ്യാപിപ്പിച്ചു. ഇതിനായി കുടുംബശ്രീക്ക് 2016-17 ൽ 3.5 കോടി രൂപ അനുവദിച്ചു. ഈ പദ്ധതി ഇപ്പോൾ വയനാട്ടിലും മലപ്പുറത്തും ആരംഭിച്ചിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയിൽ പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ അട്ടപ്പാടിയിലും മലപ്പുറം ജില്ലയിലെ മാഞ്ചിരി പട്ടികവർഗ്ഗ കോളനിയിലും ഭക്ഷണം പാകം ചെയ്ത് നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. കൗമാരക്കാരായ

പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം ചെയ്യുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തി വരികയും ചെയ്യുന്നു.

(ബി) ഉണ്ട്. 80000 ത്തോളം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യസഹായ പദ്ധതിയുടെ പ്രയോജനം ലഭ്യമാകുമെന്ന് കണക്കാക്കുന്നു. ഇതിനായി 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെ പട്ടിണി അകറ്റുന്നതിനായി പട്ടികവർഗ്ഗക്കാർക്ക് മാത്രമായി 100-ലധികം ദിവസങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി നടപ്പുവർഷം വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ തുക വകയിരുത്തിയിട്ടുണ്ട്. വനാവകാശ നിയമം (2006) പ്രകാരം ഭൂമി ലഭിക്കുവാൻ അർഹരായ 5075 പേർക്കും ഭൂമി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. നാളിതുവരെ 25081 പേർക്ക് 33778.11 ഏക്കർ ഭൂമിയിന്മേൽ വ്യക്തഗത കൈവശാവകാശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ സുപ്രീം കോടതി വിധിപ്രകാരം ലഭ്യമായ 7149 ഏക്കർ വിതരണയോഗ്യമായ ഭൂമി 4000 പേർക്കെങ്കിലും വിതരണം ചെയ്യാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

### പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

7 (*367) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) പട്ടികജാതി-പട്ടികഗോത്ര വർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസന പ്രക്രിയയിൽ കോർപ്പറേഷന്റെ പങ്ക് അറിയിക്കാമോ;

(സി) കോർപ്പറേഷൻ മുഖേന നടത്തുന്ന സ്വയംതൊഴിൽ പദ്ധതി, ലഘു സംരംഭക വായ്പ, മറ്റു വരുമാന സമ്പാദ്യ പദ്ധതികൾ, ക്ഷേമ പദ്ധതികൾ എന്നിവയുടെ വിശദാംശം അറിയിക്കാമോ; ഈ സർക്കാർ അധികാരത്തി ലെത്തിയതിനുശേഷം ഇത്തരം പദ്ധതികൾ വഴി എത്ര പേർക്ക് പ്രയോജനം ലഭിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) ഉണ്ട്. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികളുടെ ഫലമൂല്യനിർണ്ണയം സാധ്യമാകത്തക്ക വിധത്തിൽ സമഗ്രമായ ഒരു പഠനം സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി നടത്തുന്നതിന് സ്വന്തം ഫണ്ടിൽ നിന്നും തുക കണ്ടെത്തുവാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 1972-ൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്ഥാപിതമായതുമുതൽ നാളിതുവരെ 175770 പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ ഗുണഭോക്താക്കൾക്കായി 510.71 കോടി രൂപയുടെ വായ്പ നൽകിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ കോർപ്പറേഷൻ മുഖേന നടത്തിയ വായ്പാ വിതരണത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) 50,000 രൂപ മുതൽ 10,00,000 രൂപ വരെ മുതൽമുടക്കാവശ്യമുള്ള സ്വയം തൊഴിൽ പദ്ധതികൾക്കാണ് കോർപ്പറേഷൻ വായ്പ നൽകുന്നത്. ഇവയിൽ 50,000 രൂപ പദ്ധതി തുകയുള്ള മൈക്രോ ക്രെഡിറ്റ്, മഹിളാ സമൃദ്ധി യോജന വായ്പകൾക്ക് പലിശ നിരക്ക് യഥാക്രമം 4%-ഉം 3%-ഉം ആണ്. മറ്റ് സ്വയംതൊഴിൽ പദ്ധതികളുടെ പലിശ നിരക്ക് 5,00,000 രൂപ വരെ 6%-ഉം അതിനുമുകളിൽ 8%-ഉം ആണ്. മൈക്രോ വായ്പകളുടെ തിരിച്ചടവ് കാലാവധി 3 വർഷവും 5 വർഷവും ആണ്. കോർപ്പറേഷന്റെ സ്വന്തം മൂലധനം മാത്രം ഉപയോഗിച്ചു കൊണ്ടുള്ള സ്വയം തൊഴിൽ പദ്ധതികളിൻകീഴിൽ അപേക്ഷകന്റെ കുടുംബ വാർഷിക വരുമാന പരിധി 3,50,000 രൂപയും ദേശീയ ധനകാര്യ സ്ഥാപനങ്ങളായ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ എന്നിവയുടെ പുനർവായ്പ ഉപയോഗിച്ചുള്ള പദ്ധതികൾക്ക് ഇത് ഗ്രാമപ്രദേശങ്ങളിൽ 98,000 രൂപയും നഗരപ്രദേശങ്ങളിൽ 1,20,000 രൂപയുമാണ്.

കോർപ്പറേഷൻ നടപ്പാക്കുന്ന പ്രധാനപ്പെട്ട ക്ഷേമപദ്ധതികൾ വിവാഹ വായ്പാ പദ്ധതി, വിദ്യാഭ്യാസ വായ്പാ പദ്ധതി എന്നിവയാണ്. ഇതിൽ വിവാഹ വായ്പാ പദ്ധതി പ്രകാരം 2,00,000 രൂപയും വിദ്യാഭ്യാസ വായ്പാ പദ്ധതിപ്രകാരം സംസ്ഥാനത്തിനകത്തുള്ള പഠനത്തിന് 2,50,000 രൂപയും സംസ്ഥാനത്തിന് പുറത്തുള്ള പഠനത്തിന് 4,00,000 രൂപയും വിദേശ പഠനത്തിന് 10,00,000 രൂപ വരെയും വായ്പ നൽകുന്നു. വിദ്യാഭ്യാസ വായ്പയുടെയും വിവാഹ വായ്പാ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയുടെയും പലിശ നിരക്ക് 6%-ഉം വിദേശ വിദ്യാഭ്യാസ വായ്പാ 5,00,000 രൂപ വരെ 6%-ഉം അതിനുമുകളിൽ 8.5%-ഉം ആണ്. വിവാഹ വായ്പയ്ക്ക് കുടുംബ വാർഷിക വരുമാന പരിധി 2,00,000 രൂപയും വിദ്യാഭ്യാസ വായ്പയ്ക്ക് 3,50,000 രൂപയും വിദേശ വിദ്യാഭ്യാസ വായ്പയ്ക്ക് 5,00,000/- രൂപയും ആണ്. വിവാഹ വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് കാലാവധി പഠനം കഴിഞ്ഞിട്ടുള്ള 5 വർഷവുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം പദ്ധതികൾ വഴി 5036 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.

**കശുമാവ് കൃഷി പ്രോത്സാഹനത്തിന് നടപടി**

8 (*368) ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുമാവ് കൃഷി പ്രോത്സാഹനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഹെക്ടർ സ്ഥലത്ത് പുതിയതായി കശുമാവ് കൃഷി ആരംഭിച്ചു ;

(സി) കശുമാവ് കൃഷി വികസന ഏജൻസി ഇതിനായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ കശുമാവ് കൃഷി വികസന ഏജൻസി (കെ.എസ്.എ.സി.സി.) രൂപീകരിച്ചിട്ടുണ്ട്. താൽപ്പര്യമുള്ള കർഷകർക്കും സ്ഥാപനങ്ങൾക്കും സൗജന്യമായി ഗ്രാഫ്റ്റ് തൈകൾ കൊടുക്കുക. കശുമാവ് പുതുകൃഷി സ്കീമിൽപ്പെട്ട് തൈ ലഭിക്കുന്ന കർഷകർക്ക് സബ്സിഡി നൽകുക, കശുമാവ് തോട്ടം സ്കീമിൽപ്പെട്ടവർക്ക് നിലം ഒരുക്കാനായി പ്രത്യേക സാമ്പത്തികസഹായം നൽകുക, കശുമാവ് കർഷകരുടെ കൂട്ടായ്മ സംഘടിപ്പിച്ച് അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനുള്ള വേദി ഒരുക്കുക, കശുമാവിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ നിർമ്മിക്കാൻ തയ്യാറായി വരുന്നവർക്ക്

സഹായം നൽകുക, കശുമാവ് കർഷകർക്കായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കുക, സ്കൂൾ കുട്ടികൾ, റെസിഡന്റ്സ് അസോസിയേഷൻ, കശുവണ്ടി തൊഴിലാളികൾ, സന്നദ്ധസംഘടനകൾ എന്നിവർക്ക് കശുമാവ് കൃഷിയിൽ താൽപ്പര്യമുണ്ടാക്കാനായി സൗജന്യ തൈ വിതരണം ചെയ്യുക എന്നീ കാര്യങ്ങൾ പ്രധാനമായും കശുമാവ് കൃഷി വികസന ഏജൻസി വഴി ചെയ്തുവരുന്നു. കൂടാതെ എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുമായി ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 662560 തൈകൾ കശുമാവ് കൃഷിയിൽ താൽപ്പര്യമുള്ള കർഷകർക്ക് നേരിട്ടും സ്ഥാപനങ്ങൾ വഴിയും വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം ഏകദേശം 3312.8 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനാവശ്യമായ തൈകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) വിതരണം ചെയ്യുന്ന തൈകൾ നടുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഒരു സമ്മതപത്രം കർഷകരിൽനിന്നും അപേക്ഷയോടൊപ്പം വാങ്ങുന്നു. സബ്സിഡി അർഹമായ പദ്ധതികളിൽ സബ്സിഡി നൽകുന്നതിന് മുമ്പ് തൈകളുടെ പരിപാലനം ഉറപ്പുവരുത്തുന്നു. കൂടാതെ കർഷകർക്ക് തൈകളുടെ പരിചരണം സംബന്ധിച്ച ബോധവൽക്കരണം നടത്തുന്നതിനായി ഫീൽഡ് സ്റ്റാഫിന് ക്ലാസ്സുകൾ നൽകിയിട്ടുണ്ട്.

## പുതിയ തൊഴിൽ അവസരങ്ങൾ

9 (*369) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്രത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാമെന്ന വാഗ്ദാനം നൽകിയാണ് ഈ സർക്കാർ അധികാരമേറ്റത്;

(ബി) പ്രസ്തുത വാഗ്ദാനം പാലിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ഏതൊക്കെ മേഖലകളിൽ എത്രയൊക്കെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ&ബി) തൊഴിൽ വകുപ്പിന് കീഴിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിനൊപ്പം 'നിയുക്തി' ജോബ്ഫെയർ മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയുള്ള ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യമേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് പരമാവധി ലഭ്യമാക്കി വരുന്നു.

(സി) തൊഴിൽ വിപണിക്ക് അനുസരിച്ച് തൊഴിൽ സാധ്യതയേറിയ മേഖലകൾക്ക് മുൻതൂക്കം നൽകി തൊഴിൽ വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെയ്സ്) ആണ് പരിശീലന പദ്ധതികൾ വിഭാവന ചെയ്യുന്നത്. നഴ്സിംഗ് , സെക്യൂരിറ്റി സർവ്വീസസ്, ഓയിൽ ആന്റ് ഗ്യാസ്, ടീച്ചിംഗ് , എന്റർപ്രെണർഷിപ്പ്, വെസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ്, ആരോഗ്യ സൗന്ദര്യ സംരക്ഷണം, ബാങ്കിംഗ് ആന്റ് ഫിനാൻസ്, മറൈൻ, ഇൻഡസ്ട്രിയൽ ഓട്ടോമേഷൻ, പെട്രോളിയം, ആയുർവേദം, മൾട്ടി മീഡിയ ആന്റ് ആനിമേഷൻ, ആർക്കിടെക്ചറൽ ആന്റ് ഇന്റീരിയർ ഡിസൈൻ, ഫിസിയോതെറാപ്പി, ടൂറിസം ആന്റ് ഹോസ്പിറ്റാലിറ്റി, എഞ്ചിനീയറിംഗ് തുടങ്ങി വിവിധ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. തുടർന്നും വൈവിധ്യമാർന്ന തൊഴിൽസാധ്യതയുള്ള മേഖലകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് മുൻഗണന നൽകി പരിശീന പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

**തൊഴിൽ വകുപ്പിനുകീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ**

10 (*370) ശ്രീ. കെ. ബാബു:
ശ്രീ. കെ. ദാസൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള വിവിധ ക്ഷേമനിധി ബോർഡുകളെ പുനഃസംഘടിപ്പിച്ച് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിച്ചുവരുന്ന ആനുകൂല്യങ്ങൾ കാലോചിതമായി പുതുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പതിനൊന്ന് ക്ഷേമനിധി ബോർഡുകൾ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധി പെൻഷൻ തുക 2016 ജൂൺ മുതൽ 600 രൂപയിൽ നിന്നും 1,000 രൂപയായും 2017 ഏപ്രിൽ മുതൽ 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകൾ നൽകിവരുന്ന ആനുകൂല്യങ്ങൾ ചിലവ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകളും മറ്റാനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനുപകരം എൻ.ഇ.എഫ്.റ്റി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കുക എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റൈസേഷന് വേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അക്ഷയ സെന്ററുകളുടെ സഹായത്തോടെ അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോട്ടോ എന്നിവകൂടി ഉൾപ്പെടുത്തി ഡേറ്റ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്.

**'ഒരു നെല്ലും ഒരു മീനും' പദ്ധതി**

11 (*371) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു നെല്ലും ഒരു മീനും' പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷിയിറക്കിയെന്നറിയിക്കുമോ;

(സി) നെൽ-മത്സ്യ കൃഷി കർഷകർ തമ്മിലുള്ള അഭിപ്രായഭിന്നത പ്രസ്തുത പദ്ധതി പ്രതിസന്ധിയിലാകാൻ കാരണമായിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) സംസ്ഥാനത്ത് ഉൾനാടൻ ജലാശയ മത്സ്യകൃഷി വിപുലമാക്കുന്നതിന് ഫിഷറീസ് വകുപ്പ് മത്സ്യ സമൃദ്ധി പദ്ധതി മുഖേന എല്ലാ ജില്ലകളിലും അഡാക്ക് വഴി "ഒരു നെല്ലും ഒരു മീനും" എന്ന പദ്ധതി കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലും വിജയകരമായി നടപ്പാക്കിവരുന്നു.

(ബി) മത്സ്യ സമൃദ്ധി II പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 1204.63 ഹെക്ടർ സ്ഥലത്തും കോട്ടയം ജില്ലയിൽ 624.04 ഹെക്ടർ സ്ഥലത്തും തൃശ്ശൂർ കോൾ നിലങ്ങളിൽ 1816 ഹെക്ടർ ഏരിയയിലും മലപ്പുറം കോൾ നിലങ്ങളിൽ 325 ഹെക്ടർ ഏരിയയിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ/നെൽകൃഷി പദ്ധതി പ്രകാരം (2015-2019) ആദ്യവർഷമായ 2016-17-ൽ ആലപ്പുഴ ജില്ലയിൽ 45 ഹെക്ടർ സ്ഥലത്തും എറണാകുളം ജില്ലയിൽ 5 ഹെക്ടർ സ്ഥലത്തും കണ്ണൂർ ജില്ലയിൽ 25 ഹെക്ടർ സ്ഥലത്തും നെൽ/മത്സ്യകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഒരു നെല്ലും ഒരു മീനും പദ്ധതി പ്രകാരം നെല്ല് കൃഷി ചെയ്തതിന് ശേഷമുള്ള ഇടവേളകളിൽ മാത്രമാണ് മത്സ്യകൃഷി ചെയ്യുന്നത്. കൃഷി കാലയളവ് സംബന്ധിച്ച് കർഷകർ തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായിട്ടില്ല.

## എസ്.സി./എസ്.റ്റി. വിഭാഗക്കാർക്കുള്ള ദുരിതാശ്വാസ നിധി

12 (*372) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:
ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എന്തെല്ലാം ധനസഹായമാണ് എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ എത്രയാണ്; കൂടുതൽ പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതിന് വരുമാനപരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ദുരിതാശ്വാസ നിധിയിലേയ്ക്ക് അപേക്ഷിക്കുന്നതിനുള്ള മറ്റ് നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട മാരകമായ രോഗങ്ങൾ ബാധിച്ചവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി 50,000 രൂപ അനുവദിക്കുന്നുണ്ട്. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ബ്രെയിൻ ട്യൂമർ, ഹിമോഫീലിയ തുടങ്ങിയ മാരക രോഗങ്ങൾക്ക് ഒരു ലക്ഷം രൂപ വരെ ചികിത്സ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ കുടുംബത്തിലെ ഏകവരുമാനദായകൻ മരണപ്പെട്ടാൽ 50,000 രൂപ ധനസഹായം അനുവദിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-3-2017 വരെ 23073 പേർക്ക് 45,99,28,104 രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. കുടുംബത്തിലെ വരുമാനദായകനായ അംഗം മരണപ്പെട്ട 17 കേസ്സുകളിൽ ഇതുവരെ ധനസഹായം അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 201 പേർക്ക് 65,81,896 രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം കൃഷി നശിച്ചവർക്ക് 50,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ 50,000 രൂപയാണ്. ഇത് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അപേക്ഷിക്കുന്നതിനുള്ള വരുമാനപരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

(സി) ചികിത്സാ ധനസഹായം ലഭിക്കുന്നതിന് അപേക്ഷയും, ജാതി, വരുമാന സർട്ടിഫിക്കറ്റുകളും ചികിത്സിപ്പിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും വച്ച് ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കണം.

തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുന്ന കേസ്സുകളിൽ അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, നാശ നഷ്ടം സംബന്ധിച്ച് തഹസീൽദാരുടെ റിപ്പോർട്ട് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. കുടുംബത്തിന്റെ ഏകവരുമാനദായകന്റെ അപകട മരണത്തെ തുടർന്നുള്ള ധനസഹായത്തിന് അപേക്ഷകന്റെ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തഹസീൽദാരുടെ റിപ്പോർട്ട്, മരണ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

**ക്ഷീരമേഖലയുടെ പുരോഗതിക്കായി പദ്ധതികൾ**

13 (*373) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീര മേഖലയുടെ പുരോഗതി ലക്ഷ്യമാക്കി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ യാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷീര സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യം ഉറപ്പാക്കിയും അവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കിയും ക്ഷീരകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും കാലിത്തീറ്റയുടെ ഉൽപ്പാദനവും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്തെ ക്ഷീരമേഖലയിലെ പുരോഗതി ലക്ഷ്യമാക്കി ത്രിതല പഞ്ചായത്തുകളുമായി സഹകരിച്ച് ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്:

(1) പാലിന് സബ്സിഡി

(2) കറവപശു വളർത്തൽ

(3) കിടാരി വളർത്തൽ

(4) കാലിത്തൊഴുത്ത് നിർമ്മാണം

(5) തീറ്റപ്പുൽകൃഷി

(6) ക്ഷീരസഹകരണ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്.

(7) പട്ടികജാതി ഗ്രൂപ്പുകൾക്ക് കാളക്കുട്ടി-പോത്തുകുട്ടി പരിപാലനം.

(8) ചാണകനിർജ്ജലീകരണ യൂണിറ്റ്

(9) കറവയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി

(10) മൊബൈൽ ഗുണനിയന്ത്രണ പദ്ധതി.

മൃഗസംരക്ഷണ വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്:

(1) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്ന പദ്ധതിയിൽ സബ്സിഡി വിഹിതത്തിന്റെ പകുതി സംസ്ഥാന സർക്കാരും പകുതി ഗ്രാമപഞ്ചായത്തുകളും വഹിക്കുന്നു. ഈ പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സബ്സിഡി പൂർണ്ണമായും പഞ്ചായത്തുകൾ വഹിക്കുന്നു.

(2) ഗോസമൃദ്ധി-കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട ഗുണഭോക്തൃവിഹിതത്തിന്റെ പകുതി ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്നു.

(ബി) നടപടി സ്വീകരിക്കും. ക്ഷീരകർഷകരെ സഹായിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ആധുനികവത്കരിക്കുന്നതിനും ഓട്ടോമേഷൻ എന്നിവയ്ക്കുമായി 2017-18-ൽ 2,585 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന മുഴുവൻ കർഷകർക്കും ഒരു ലിറ്റർ പാലിന് ഒരു രൂപ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇതിനായി 2017-18-ൽ പതിനാല് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുക്കുട്ടി പരിപാലന പരിപാടിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4 മാസം മുതൽ 30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന്

ആവശ്യമായ ചെലവിന്റെ പകുതി പരിധിക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായമായി നൽകുന്ന പദ്ധതികയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു.

- 4 മാസം മുതൽ 30 മാസം വരെ ആവശ്യമായി വരുന്ന കന്നുകുട്ടി തീറ്റയുടെ പകുതി വില പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.
- പശുക്കുട്ടിയെ 4 മാസം മുതൽ 32 മാസം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
- കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
- ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
- സൗജന്യ വിരമരുന്നും ധാതുലവണ മിശ്രിതവും വിതരണം ചെയ്തുവരുന്നു.

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയുമാണ് കാലിത്തീറ്റ ഉത്പാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നത്. എന്നാൽ ഇപ്പോൾ കാലിത്തീറ്റ ഉത്പാദനത്തിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഈ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. ചേരുവകളുടെ വിലക്കയറ്റത്തിനനുസരിച്ച് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ സങ്കരവർഗ്ഗ കന്നുക്കുട്ടികൾക്ക് തീറ്റ ലഭ്യമാക്കി വരുന്നുണ്ട്.

മിൽമയുടെ കീഴിലുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികളിലും ഉത്പാദിപ്പിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായ പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. കാലിത്തീറ്റ ഉത്പാദനത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളെല്ലാംതന്നെ ഗുണമേന്മയുള്ളവയാണെന്ന് ഉറപ്പുവരുത്തിയശേഷംമാത്രമേ ഉത്പാദനത്തിന് ഉപയോഗിക്കാറുള്ളൂ. കാലിത്തീറ്റ ഫാക്ടറികളുടെ പഴക്കംചെന്ന യന്ത്രസാമഗ്രികൾ മിക്കവയും അത്യാധുനിക യന്ത്രസാമഗ്രികളാൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇത് ഫാക്ടറികളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. നൂതന പരിശോധനാ സംവിധാനങ്ങൾ പരിശോധനകളുടെ വേഗത കൂട്ടുകയും കൃത്യത വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് കാലിത്തീറ്റയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് സഹായകമായിട്ടുണ്ട്.

## വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിലുള്ള നയം

14 (*374) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ;

(ബി) കയ്യേറ്റക്കാരിൽ നിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ അതിർത്തി നിർണ്ണയിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി നടത്തുമോ; വിശദമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) പുതുതായി ഒരു വനം കയ്യേറ്റവും അനുവദിക്കുകയില്ല എന്നും അവ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കുക എന്നുള്ളതുമാണ് നയം. പഴയ വനം കയ്യേറ്റങ്ങൾ നിയമങ്ങളിലും ചട്ടങ്ങളിലും നിശ്ചയിച്ചിട്ടുള്ള നടപടികൾ പൂർത്തീകരിച്ചും കോടതി ഉത്തരവുകൾ പാലിച്ചും ആവശ്യമായ അവധാനതയോടെയും ഒഴിപ്പിക്കുക എന്നതും നയത്തിന്റെ ഭാഗമാണ്.

(ബി) കയ്യേറ്റക്കാരിൽനിന്നും ഒഴിപ്പിച്ച വനഭൂമി വീണ്ടും കയ്യേറാതിരിക്കാൻ വനാതിർത്തികളിൽ സ്ഥിരം ജണ്ടകളും കയ്യാലകളും നിർമ്മിച്ചും ഫീൽഡ് പട്രോളിംഗുകൾ യഥാസമയം നടത്തിയും വനസംരക്ഷണ സമിതികൾ മുഖേന ബോധവൽക്കരണം സംഘടിപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വനഭൂമിയും റവന്യൂ ഭൂമിയും തമ്മിൽ വേർതിരിക്കുന്നതിനുള്ള പ്രവൃത്തികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മാണം പുരോഗമിക്കുന്നു. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേക്കായി അവശേഷിക്കുന്ന ജണ്ടനിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ

എണ്ണം നിശ്ചയിച്ച് തുടർ നടപടി റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ച് വരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്ന് മാസത്തെ സർവ്വേ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഈ പ്രവൃത്തിക്ക് ആവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിലേക്കായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ ഹെഡ്ക്വാർട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തിവരുന്നു.

**ദേശീയ മത്സ്യ വ്യവസായ വികസന ബോർഡ് ലഭ്യമാക്കുന്ന സഹായങ്ങൾ**

15 (*375) ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. ജോയി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യ വ്യവസായ വികസനബോർഡ്, കുളങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷിക്കായി ഏതൊക്കെ തരത്തിലുള്ള സഹായങ്ങൾ ലഭ്യമാക്കുന്നുണ്ട്; ആഴക്കടൽ മത്സ്യബന്ധന വികസനത്തിനായി ലഭ്യമാക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിനും മത്സ്യം ഉണക്കി സൂക്ഷിക്കാൻ വേണ്ട ആധുനിക രീതികൾ വ്യാപിപ്പിക്കുന്നതിനും സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ദേശീയ മത്സ്യ വികസന ബോർഡ് ഇപ്പോൾ നേരിട്ട് പദ്ധതികൾ നടപ്പിലാക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി പ്രകാരം കുളങ്ങളിലും ജലാശയങ്ങളിലും മത്സ്യകൃഷി നടപ്പിലാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനം തുടങ്ങിയ പദ്ധതികൾക്കും ധനസഹായം നൽകുന്നു. ബ്ലൂ റവല്യൂഷൻ പദ്ധതികൾ സ്ക്രൂട്ടിനി ചെയ്യുന്നതും മോണിറ്റർ ചെയ്യുന്നതും എൻ.എഫ്.ഡി.ബി. മുഖേനയാണ്. 2016-17-ൽ ബ്ലൂ റവല്യൂഷൻ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ്

പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലെ കുളങ്ങളുടെ പുനരുദ്ധാരണത്തിനും ഓരുജലത്തിലെ കൂടുകൃഷിക്കും സമുദ്രജല കൂടുകൃഷിക്കും ധനസഹായം ലഭ്യമാക്കിയിരുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) മാർക്കറ്റുകളുടെ ആധുനികവത്കരണത്തിന് മത്സ്യഫെഡ്, കേരള തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖേന നടപടികൾ സ്വീകരിച്ച് വരുന്നു.

കൊല്ലം ശക്തികുളങ്ങരയിൽ പ്രവർത്തിക്കുന്ന സെൻട്രലൈസ്ഡ് പ്രോസസിംഗ് പ്ലാന്റിൽ മത്സ്യ ഉത്പന്നങ്ങൾ സോളാർ ഡ്രയർ ഉപയോഗിച്ച് ഉണക്കി ആകർഷകമായ പായ്ക്കറ്റുകളിൽ 'ഡ്രിഷ് കേരള' എന്ന പേരിൽ തീരദേശ വികസന കോർപ്പറേഷൻ വഴി വിപണിയിൽ എത്തിച്ചുവരുന്നു.

**തൊഴിൽ നിയമങ്ങൾ നടപ്പിലാക്കാൻ നടപടി**

16 (*376) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ ടെക്നോളജി, ബാങ്കിംഗ്, ഇൻഷ്വറൻസ്, മൈക്രോ ഫിനാൻസ് തുടങ്ങിയ രംഗങ്ങളിൽ തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുണ്ടോ;

(ബി) ഇതിന് മേൽനോട്ടം വഹിക്കാൻ തൊഴിൽ വകുപ്പിൽ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ;

(സി) മേല്പറഞ്ഞ മേഖലകളിൽ നടക്കുന്ന തൊഴിലാളി ചൂഷണവും തൊഴിൽ നിയമങ്ങളുടെ ലംഘനവും പരിഹരിക്കാൻ എന്തൊക്കെയാണ് ചെയ്യാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) നടപ്പാക്കുന്നുണ്ട്.

(ബി) ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. 1960-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്ലെയിം പെറ്റീഷനും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മറ്റ് വിവിധ നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷനും ഫയൽ ചെയ്തുവരുന്നു. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷാ പദ്ധതി (WPS) നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെയുള്ള സമയത്ത് വിളിച്ച് പരിഹാരം കാണാവുന്നതാണ്.

(സി) സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സാഹചര്യവും വേതനവും മെച്ചപ്പെടുത്തുന്നതിന് പര്യാപ്തമാക്കുന്ന രീതിയിൽ തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശാക്തീകരിക്കുകയും നവീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലുള്ള ഭേദഗതി സർക്കാർ പരിഗണനയിലാണ്. മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുന്നതിനും ടി നിയമത്തിലെ സെക്ഷൻ 20(1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിക്കുന്നതിനുമുള്ള ഭേദഗതി ബിൽ നിയമസഭ പാസ്സാക്കി ബഹു. പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

**ആഴക്കടൽ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് പരിശീലനം**

17 (*377) <u>ശ്രീ. വി. എസ്. ശിവകുമാർ:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. എം. വിൻസെന്റ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) തൊഴിലാളികളെ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നല്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(സി) പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി ഗുണഭോക്താക്കളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് "സോഫിസ്റ്റിക്കേറ്റഡ് ഫിഷിംഗ് ഗിയർ അക്സസറീസ് ഫോർ ഡീപ് സീ ഫിഷിംഗ്" എന്ന പദ്ധതി നടപ്പാക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജിഗ്ഗ്, ജപ്പാനീസ് ഡൈവിംഗ് ബോർഡ്, ബാരാസ്പൂൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങി നൽകുന്നതാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. കൂടാതെ ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമായ യാനങ്ങൾ ലഭ്യമാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന പരിശീലനത്തിനുമായി 2016-17-ൽ 1575 ലക്ഷം രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിലേയ്ക്ക് അനുമതിക്കായി നൽകിയിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. നടപ്പുവർഷം ടി പദ്ധതി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുസരിച്ച് വീണ്ടും സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ച മേൽ സൂചിപ്പിച്ച പദ്ധതിയിൽ ആഴക്കടൽ മത്സ്യബന്ധനത്തിന് സിഫ്റ്റെറ്റ്, എഫ്.എസ്.ഐ. എന്നീ ഏജൻസികൾ വഴി ആഴക്കടൽ മത്സ്യബന്ധന പരിശീലനം നൽകുന്നതിന് പ്രത്യേകമായ ഘടകം ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചില്ല.

(സി) ഫീഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയിൽ ആഴക്കടൽ മത്സ്യബന്ധനത്തിനുതകുന്ന ആർട്ടിഫിഷ്യൽ ബേയ്റ്റ്, ജിഗ്ഗ്, ബാരാസ്പൂൺ, ഡൈവിംഗ് ബോർഡ് തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കും.

**ബാലവേല നിയന്ത്രിക്കാൻ നടപടി**

18 (*378) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എം. ഉമ്മർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല പൂർണമായ തോതിൽ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബാലവേലയുമായി ബന്ധപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതര സംസ്ഥാനക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ ബാലവേല വർദ്ധിച്ചുവരുന്നതായുള്ള സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ് II) മാരെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) കൺവീനറായും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ-കം-വെൽഫെയർ സൊസൈറ്റികളും ജില്ലാതല ടാസ്ക്ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. കൂടാതെ 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010 മുതൽ 2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. കണ്ണൂർ ജില്ലയിൽ തലശ്ശേരി അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികാരപരിധിയിൽ 2016 ആഗസ്റ്റ് മാസം ബാലവേലയുമായി ബന്ധപ്പെട്ട് ഒരു കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണം നടത്തി തൊഴിലുടമയ്ക്കെതിരെ ബാലവേല (നിരോധനം & നിയന്ത്രണം) നിയമപ്രകാരം പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്.

മലപ്പുറം ജില്ലയിൽ 15-3-2017-ൽ ലേബർ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തി ബാലവേല (നിരോധനം & നിയന്ത്രണം) നിയമം, 1986 പ്രകാരം പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടുണ്ട്. 2010-2016 വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ 17507 പരിശോധനകൾ നടത്തുകയും 11 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകളിൽ ഇതര സംസ്ഥാനക്കാർ നടത്തുന്ന സ്ഥാപനങ്ങളിൽ ബാലവേല കണ്ടെത്തിയിട്ടില്ല.

## വിമുക്തി പദ്ധതി

19 (*379) ശ്രീ. പി. ടി. എ. റഹീം:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ഡി. കെ. മുരളി:

പ്രൊഫ. കെ. യു. അരുണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്തി പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ദേശീയ നിലവാരത്തിൽ ലഹരി മോചന-ഗവേഷണ കേന്ദ്രം ആരംഭിക്കാൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഈ സ്ഥാപനത്തിനും ജില്ലാ കേന്ദ്രങ്ങളിൽ ആരംഭിക്കുന്ന ലഹരിമോചന കേന്ദ്രങ്ങൾക്കും സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ലഹരി മോചന പ്രവർത്തനത്തിന് ബിവറേജസ് കോർപ്പറേഷൻ നീക്കിവച്ചിരിക്കുന്ന തുകയിൽ ഒരു ഭാഗം ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി ഒരു മാതൃകാ ഡീ അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടി ഒരു മാതൃകാ ഡീ അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിന് സ്ഥലം ലഭിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പ് പൊതുമേഖലാ സ്ഥാപന മേധാവിയുമായും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനയിൽ ഏർപ്പെടുത്തിയ അഞ്ച് ശതമാനം പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽനിന്നും നൂറ് കോടി രൂപ കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'യുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിട്ടുണ്ട്.

## സർക്കാർ സർവ്വീസിൽ പട്ടികവിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം

20 (*380) ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ ഭരണഘടനാനുസൃതമായ സംവരണതത്വം പാലിച്ച് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സംവരണ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് എവിടെയെങ്കിലും നിയമന നടപടികൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമാനുസൃത പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(ഡി) നിയമനത്തിലും പ്രൊമോഷനിലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാ മാണെന്ന് അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. സർക്കാർ സർവ്വീസിലെ ജീവനക്കാരെ ഗസറ്റഡ്, നോൺ ഗസറ്റഡ്, ലാസ്റ്റ് ഗ്രേഡ് എന്നിങ്ങനെ മൂന്ന് വിഭാഗമാക്കി തിരിച്ച് എല്ലാ വർഷവും ജനുവരി ഒന്ന് അടിസ്ഥാനമാക്കി ടി തസ്തികകളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 8%-ഉം പട്ടികവർഗ്ഗ വിഭാഗത്തിന് 2%-ഉം ഉൾപ്പെടെ ആകെ 10% പ്രാതിനിധ്യമുണ്ടോ എന്ന് അവലോകനം ചെയ്യുകയും ഏതെങ്കിലും വിഭാഗത്തിൽ നിയമാനുസൃതമായ പ്രാതിനിധ്യത്തിൽ കുറവ് കണ്ടെത്തുന്നപക്ഷം അത് പരിഹരിക്കുന്നതിനാവശ്യമായ തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിലൂടെ നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) അതത് കാലത്തുണ്ടാകുന്ന ഒഴിവുകൾ കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാത്ത വകുപ്പ് മേധാവികളോട് വിശദീകരണം തേടണമെന്നും സർക്കാർതല ഇടപെടലുകൾ നടത്തണമെന്നും വ്യക്തമാക്കി പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ പട്ടികജാതി പട്ടികഗോത്ര വർഗ്ഗക്കാരുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനും അപര്യാപ്തമാണെങ്കിൽ അത്തരം പോരായ്മകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയങ്ങൾ കമ്മീഷൻ പരിഗണിക്കുന്നു. അർഹരായ ഉദ്യോഗാർത്ഥികൾക്ക് കൃത്യമായ സംവരണം പാലിച്ച് ഒഴിവുവരുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിനും വരാനിരിക്കുന്ന ഒഴിവുകളുടെ സാധ്യതാ പട്ടികകൾ ഉടനടി പ്രസിദ്ധീകരിക്കുന്നതിനും വേണ്ട ഉത്തരവുകൾ കമ്മീഷൻ നൽകിവരുന്നുണ്ട്. മേൽ വിഭാഗങ്ങൾക്ക് നിയമാനുസൃതം അവകാശപ്പെട്ട തോതിലുള്ള സംവരണം ലഭ്യമാക്കി ഇവരുടെ പ്രാതിനിധ്യം കൃത്യമായി ഉറപ്പുവരുത്തുന്നതിനായി അർഹരായ ജീവനക്കാർക്ക് പ്രൊമോഷൻ നഷ്ടപ്പെടാത്ത രീതിയിൽ സമയബന്ധിതമായി ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൾ കൂടുക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യമില്ലാതെ വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനങ്ങൾ നടത്തുക, ഇവരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക എന്നീ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പാൽവില വർദ്ധനവിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് നടത്തിയ ഇടപെടലുകൾ

21 (*381) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഫെബ്രുവരിയിൽ നടത്തിയ പാൽവില വർദ്ധനവിന്റെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമായില്ല എന്നുള്ള മാധ്യമ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പാൽവില വർദ്ധനയുടെ ആനുകൂല്യം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് നടത്തിയ ഇടപെടലുകൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) ക്ഷീരകർഷകരുടെ ചിരകാല ആവശ്യമായ പാൽവില ചാർട്ട് പരിഷ്കരണം നടപ്പിലാക്കുന്നതിന് സർക്കാർ നീക്കം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വർദ്ധിപ്പിച്ച പാൽവില കർഷകർക്ക് ലഭിക്കുന്നില്ലെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിൽ നിന്നും പാൽവില വർദ്ധനവിന്റെ ഭാഗമായി കർഷകർക്ക് പുതുക്കിയ പാൽവില പ്രകാരമുള്ള അധികവില ലഭിക്കുന്നുവെന്ന് ജില്ല, ബ്ലോക്ക്, ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) ക്ഷീരവികസന വകുപ്പ് സംഘടിപ്പിച്ച സംസ്ഥാന ക്ഷീര സംഗമത്തിന്റെ ഭാഗമായി സംസ്ഥാനത്തെ 162 ക്ഷീരവികസന യൂണിറ്റുകളിൽ നിന്നുള്ള 162 ക്ഷീര കർഷക പ്രതിനിധികളെ പങ്കെടുപ്പിച്ച് നടത്തിയ ക്ഷീര കർഷക പാർലമെന്റിൽ പ്രധാനമായും ഉയർന്നുവന്ന പാൽവില വർദ്ധനവ് എന്ന ആവശ്യം സർക്കാർ ഗൗരവമായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലും കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കർഷകർക്ക് ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവും കണക്കിലെടുത്താണ് പാൽ വില വർദ്ധിപ്പിക്കുന്നതിന് അനുകൂല സമീപനമെടുത്തത്. വർദ്ധിപ്പിച്ച വിൽപ്പന വിലയുടെ 83.75% അതായത് വിൽപ്പനവില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽനിന്നും 3.35 രൂപയും കർഷകർക്ക് മിൽമ നൽകുകയുമാണ് ഉണ്ടായത്. അതോടൊപ്പം പാൽവില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി സാധാരണ പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5 ശതമാനം കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുടെ തോതിലാണ്. എന്നാൽ ഇത്തവണ അത് മൂന്ന് ശതമാനം കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണവിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8. 3 % കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമുള്ള പാലിന് കർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപ്പനവില ലിറ്ററിന് നാല് രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന് ലിറ്ററിന് 4.02 രൂപ ലഭ്യമായി. ക്ഷീരകർഷകർക്ക് വർദ്ധിപ്പിച്ച പാൽ വിലയുടെ സിംഹഭാഗവും ലഭിക്കും എന്ന് ഉറപ്പുവരുത്തുന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചത്.

വർദ്ധിപ്പിച്ച പാൽവില കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ക്ഷീരസംഘങ്ങളിൽനിന്നും കർഷകർക്ക് നൽകിയ പാൽവിലയുടെ വിവരങ്ങൾ പരിശോധിക്കുകയും ആയതിൻ പ്രകാരം വില വർദ്ധനവ് കർഷകർക്ക് ലഭിക്കുന്നതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

പുതുക്കിയ പാൽവില ചാർട്ട്, സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ പാൽവിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാൽവില വർദ്ധനവ് സംബന്ധിച്ച തീരുമാനം എടുത്ത മിൽമ ഭരണ സമിതിയെ യോഗത്തിൽ സർക്കാർ പ്രതിനിധികളുമായി ഗവൺമെന്റ് സെക്രട്ടറിയും ക്ഷീരവികസന വകുപ്പ് ഡയറക്ടറും പങ്കെടുത്തുകൊണ്ട് പാൽ വില വർദ്ധനവിന്റെ ഗുണം ക്ഷീരകർഷകർക്ക് പരമാവധി ലഭിക്കുന്നതിനുവേണ്ട നിലപാടുകൾ സ്വീകരിക്കുകയും അവ കർഷകർക്ക് ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) പാൽ വില ചാർട്ട് അശാസ്ത്രീയമാണെന്ന് ചൂണ്ടിക്കാണിച്ച് നിരവധി പരാതികൾ സർക്കാരിൽ കിട്ടിയതിനെ തുടർന്ന് കഴിഞ്ഞ പാൽ വില വർദ്ധനവ് സമയത്ത് സർക്കാർ മിൽമയുമായി ആശയവിനിമയം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ചാർട്ടിൽ വരുത്തുന്നതിന് ഇടയായി. ഇതിന്റെ ഫലമായി സാധാരണ പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണവില വർദ്ധിപ്പിക്കുന്നത് 3.5%കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുടെയും തോതിലാണ്. എന്നാൽ ഇത്തവണ 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരരണവിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്.

**നോക്കുകൂലി പ്രശ്നം**

22 (*382) ശ്രീ. ഹൈബി ഈഡൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ നോക്കുകൂലി ഈടാക്കൽ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) തൊഴിൽ വകുപ്പിൽ ഇത് സംബന്ധിച്ച പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട്; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ&ബി) സംസ്ഥാനത്ത് തൊഴിൽമേഖലയിലുള്ള നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിലും ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരികയാണ്. കൂടാതെ, ചുമട്ടുതൊഴിൽ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ നിരുത്സാഹപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(സി) ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട നോക്കുകൂലി പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കാൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 1800-42-555-214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അനർഹമായി തുക വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് വാങ്ങിയ തൊഴിലാളികളിൽനിന്നും തൊഴിലുടമയ്ക്ക് തിരികെ വാങ്ങി കൊടുക്കുകയും തൊഴിലാളികളുടെ ഭാഗത്തുനിന്നും ഗുരുതരമായ ക്രമക്കേടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രേഷൻ കാർഡ് റദ്ദ് ചെയ്യുകയും കൂടാതെ തൊഴിലുടമയെ അധിക്ഷേപിക്കുകയോ ഭീഷണിപ്പെടുത്തുകയോ ആക്രമിക്കുകയോ ചെയ്യുന്നതായ പരാതികൾ പോലീസിന് കൈമാറി ഉചിതമായ നിയമനടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു.

**വനവൽക്കരണ പരിപാടി**

23(*383) പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയ്ക്ക് പുറത്ത് പച്ചപ്പും ജൈവ വൈവിധ്യവും വർദ്ധിപ്പിക്കുന്നതിന് വനേതര പ്രദേശങ്ങളിൽ വനവത്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇപ്രകാരമുള്ള വനത്തിന്റെ വ്യാപ്തി എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) 'എന്റെ മരം നമ്മുടെ മരം', 'വഴിയോര തണൽ', 'ഹരിത തീരം' തുടങ്ങിയ വിവിധ പദ്ധതികളിലൂടെ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ തുടർസംരക്ഷണം ഫലപ്രദമാകാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനമേഖലയ്ക്ക് പുറത്ത് പച്ചപ്പും ജൈവവൈവിധ്യവും വർദ്ധിപ്പിക്കുന്നതിന് വനേതര പ്രദേശങ്ങളിൽ വനവത്കരണ പരിപാടി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വനേതരപ്രദേശങ്ങളിൽ സാമൂഹ്യവനവൽക്കരണ പരിപാടിയിലൂടെ പൊതുസ്ഥലത്തിലും മറ്റു സ്ഥലങ്ങളിലും വൃക്ഷവൽക്കരണം നടത്തുന്നതിലൂടെ പച്ചപ്പിന്റെയും ജൈവവൈവിധ്യത്തിന്റെയും മൂല്യവർദ്ധനവ് വർദ്ധിച്ചുവരുന്ന വൃക്ഷാവരണത്തിലൂടെ ഉണ്ടാകുന്നുണ്ട്. ഈ വൃക്ഷാവരണത്തിന്റെ വ്യാപ്തി വനത്തിന്റെ വ്യാപ്തിയായി കണക്കാക്കി തിട്ടപ്പെടുത്തുവാൻ സാധിക്കുകയില്ല.

(സി) എന്റെ മരം നമ്മുടെ മരം, വഴിയോരത്തണൽ, ഹരിതതീരം തുടങ്ങിയ പദ്ധതികളിലൂടെ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങളുടെ തുടർസംരക്ഷണം ഫലപ്രദമാകാതെ പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഹാംലറ്റ് വികസന പദ്ധതി

24 (*384) ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യംവച്ചുകൊണ്ട് നടപ്പാക്കി വരുന്ന ഹാംലറ്റ് വികസന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഹാംലെറ്റ് വികസന പദ്ധതി നടത്തിപ്പിൽ ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകളോ തടസ്സങ്ങളോ നേരിടേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ അവ പരിഹരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം ഇടപെടൽ നടത്തുകയുണ്ടായി;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ):

(എ) ഉണ്ട്. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ വികസന ആവശ്യങ്ങൾക്കായി സങ്കേതത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കിയാണ് അത്യാവശ്യമായ വികസന പദ്ധതികൾ ഉൾപ്പെടുത്തി ഹാംലറ്റ് വികസന പദ്ധതി നടപ്പിലാക്കുന്നത്.

അതത് സങ്കേതങ്ങളിൽ വച്ചുകൂടുന്ന ഊരുകൂട്ടങ്ങളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസികൾ ഡി.പി.ആർ. തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

ജില്ലാ കളക്ടർ അദ്ധ്യക്ഷനായും ബന്ധപ്പെട്ട എം.എൽ.എ., ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി. പ്രൊമോട്ടർമാർ എന്നിവർ അംഗങ്ങളായ മോണിറ്ററിംഗ് കമ്മിറ്റി പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ജില്ലാതലത്തിൽ വിലയിരുത്തി വരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഏജൻസികളുടെയും ജില്ലാതല ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു.

ജനകീയവും സുതാര്യവുമായ നടപടിക്രമങ്ങൾ പാലിച്ച് നടപ്പിലാക്കിവരുന്നു. ഹാംലറ്റ് വികസന പദ്ധതി സങ്കേതങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന ആവശ്യങ്ങൾക്ക് ഊന്നൽ നൽകി സമഗ്ര വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഈ പദ്ധതി ഉപകരിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

(ബി) ഉണ്ട്. ചില സങ്കേതങ്ങളിൽ പ്രാദേശിക തലത്തിലുള്ള തർക്കങ്ങളും തടസ്സങ്ങളും നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ആയവ പരിഹരിക്കുന്നതിനായി പ്രത്യേക ഊരുകൂട്ടം വിളിച്ചുചേർത്ത് പുതിയ ഡി.പി.ആർ.തയ്യാറാക്കി ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള പരാതികളും അക്ഷേപങ്ങളും ജില്ലാതല മോണിറ്ററിംഗ് സമിതി പരിശോധിച്ച് ആവശ്യമെങ്കിൽ ഭേദഗതികൾക്ക് സർക്കാരിലേക്ക് ശിപാർശ ചെയ്ത് അനുമതി വാങ്ങാറുണ്ട്.

(സി) 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ച 49 കോളനികളിൽ 17 കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ബാക്കി 32 കോളനികളിൽ 29 കോളനികളുടെ പ്രവൃത്തികൾ വിവിധ ഘട്ടത്തിലാണ്. 2014-15 വർഷം തെരഞ്ഞെടുത്ത കോളനികളിൽ കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിലെ മാവനക്കട്ട കോളനിയിലും വയനാട് ജില്ലയിലെ നെന്മേനി ഗ്രമാപഞ്ചായത്തിലെ കഴമ്പുകര കുറുമ കോളനിയിലും 2015-16 വർഷം തെരഞ്ഞെടുത്ത തവിഞ്ഞാൽ പഞ്ചായത്തിലെ കൊല്ലിയിൽ കോളനിയിലും പ്രവൃത്തികൾ തുടങ്ങാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

പൂർത്തീകരിച്ച കോളനികളുടെ ലിസ്റ്റും പുരോഗതി വിവരവും അനുബന്ധമായി ചേർക്കുന്നു.*

2016-17 സാമ്പത്തിക വർഷത്തിൽ 10 കോളനികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചുമട്ടുതൊഴിലാളികളുടെ തൊഴിൽ കുറയുന്ന സാഹചര്യം

25 (*385) ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറ്റിറക്ക് മേഖലയിൽ യന്ത്ര സഹായത്തോടെയുള്ള കയറ്റിറക്ക് വർദ്ധിച്ചതും ആവശ്യത്തിലധികം കാർഡുകൾ ഉദ്യോഗസ്ഥർ ഏകപക്ഷീയമായി നൽകുന്നതും ചുമട്ടുതൊഴിലാളികൾക്ക് തൊഴിൽ കുറയുന്ന സാഹചര്യമുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാഹചര്യത്തിൽ ഒറ്റപ്പെട്ട സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ചുമട്ടുതൊഴിലാളികളെയാകെ പിടിച്ചുപറിക്കാരായി ചിത്രീകരിക്കുന്ന പ്രവണത ഇല്ലാതാക്കുന്നതിനും ഈ മേഖലയിലെ തൊഴിൽ നഷ്ട പരിഹാരത്തിനായി നിയോഗിച്ച കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മുൻസർക്കാർ ചുമട്ടുതൊഴിലാളി (സ്കാറ്റേർഡ് വിഭാഗം) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തിനായി ടോക്കൺ തുക മാത്രം വകയിരുത്തി യിരുന്നിടത്ത് ഈ സർക്കാർ ആറരക്കോടി രൂപ അനുവദിച്ചത് ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിനു സാധ്യമാക്കിയെങ്കിലും കുടിശ്ശിക ആനുകൂല്യങ്ങൾ നൽകാനുള്ള തുക കൂടി അധികമായി അനുവദിക്കുവാൻ തയ്യാറാകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി.പി. രാമകൃഷ്ണൻ):

(എ) കയറ്റിറക്ക് മേഖലയിൽ യന്ത്രസഹായത്തോടെയുള്ള കയറ്റിറക്ക് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥർ ഏകപക്ഷീയമായി കാർഡുകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശകൾ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്.

(സി) കുടിശ്ശിക ആനുകൂല്യങ്ങൾ നൽകുന്നത് സംബന്ധിച്ച ശിപാർശ ലേബർ കമ്മീഷണറിൽ നിന്നും ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.

**തൊഴിൽ നയം**

26 (*386) ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്ര പുനർനിർമ്മാണത്തിൽ പ്രധാന പങ്കുവഹിക്കുന്ന ജനവിഭാഗമാണ് തൊഴിലാളികൾ എന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ അതിനനുസൃതമായ തൊഴിൽനയത്തിന് രൂപം നൽകാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) തൊഴിൽ നയത്തിൽ എല്ലാത്തരം തൊഴിലാളികൾക്കും മികച്ച രീതിയിലുള്ള തൊഴിൽ അന്തരീക്ഷം, ആരോഗ്യസുരക്ഷ, സാമ്പത്തിക ഭദ്രത, സാംസ്കാരിക ഉന്നമനം എന്നിവ ഉറപ്പുവരുത്താനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) സമഗ്രമായ തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ**

27 (*387) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്താൻ എക്സൈസ് വകുപ്പ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി ഈ സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി ജനകീയ പങ്കാളിത്തം എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(ഡി) ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കാൻ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ലഭ്യമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നു. ആയതിനുവേണ്ടി വിവിധങ്ങളായ കർമ്മ പരിപാടികളാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളത്. സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളിലൂടെ ബോധവൽക്കരണം, ആദിവാസി മേഖലകളിലെ ബോധവൽക്കരണം, ആദിവാസി മേഖലകളിലെ ആദിവാസി യുവതീ യുവാക്കൾക്ക് ബോധവൽക്കരണ ട്രെയിനിംഗ്, ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനപരിപാടികൾ, ഒക്ടോബർ 2 ഗാന്ധിജയന്തി വാരാഘോഷത്തോടനുബന്ധിച്ചുള്ള ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയാണ് എക്സൈസ് വകുപ്പ് മുഖാന്തരം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന കർമ്മ പദ്ധതികൾ.

(ബി) സാമൂഹിക ക്രിയാത്മക ചുവടുവയ്പ്പുകൾ, തീരദേശ ആദിവാസി മേഖലകളിലും കോളനികളിലും പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുതുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉത്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് വിമുക്തി മിഷനുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ .

(സി) വിവിധ തലങ്ങളിലെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സാമൂഹ്യ-സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ എന്നിവരുടെ സഹകരണവും പങ്കാളിത്തവും പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാന തലത്തിൽ ബഹു.മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ, വൈസ് ചെയർമാൻമാരായും ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണൽ ജോയിന്റ് കൺവീനറായും ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബ്ലോക്ക്/കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/പഞ്ചായത്ത്, വാർഡുതല കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

(ഡി) ലഹരി മാഫിയയെക്കുറിച്ച് വകുപ്പിനെ അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9061178000 വാട്ട്സ് ആപ്പ് നമ്പരും 9447178000 മൊബൈൽ ഹെൽപ്പ്ലൈൻ നമ്പരും പ്രവർത്തിച്ചുവരുന്നു. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന 155358 എന്ന ഹോട്ട്ലൈൻ നമ്പരും പ്രവർത്തിച്ചുവരുന്നു. എക്സൈസ് വകുപ്പിന് ലഭിക്കുന്ന പരാതികളും രഹസ്യവിവരങ്ങളും ഇരുപത്തിനാല് മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**വനപ്രദേശങ്ങളിലെ മാലിന്യ നിക്ഷേപം**

28(*388) ശ്രീ. കെ. രാജൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ നടപടിയെടുക്കാൻ നിലവിലുള്ള നിയമങ്ങൾ പര്യാപ്തമാണോ; അല്ലെങ്കിൽ നിയമ ഭേദഗതി നടത്തുന്നത് പരിഗണിക്കുമോ;

(സി) നിലവിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരമാലിന്യങ്ങൾ വനപ്രദേശങ്ങളിൽ ഉപേക്ഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നുണ്ട്. വയനാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം എന്നീ ജില്ലകളിലെ വനമേഖലയിലെ ചില പ്രദേശങ്ങളിൽ ധാരാളം നഗര മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) നിലവിലെ വനനിയമം, വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ നടപടി സ്വീകരിക്കാൻ പര്യാപ്തമല്ല.

വനമേഖലയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നിലവിൽ റിസർവ് വനത്തിൽ അതിക്രമിച്ച് കടക്കുന്നതിനും അടിക്കാടുകൾക്കും മറ്റും നാശനഷ്ടമുണ്ടാക്കുന്നതിനുമാണ് 1961-ലെ കേരള വന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യാനാകുന്നത്. ഇതിന് ഒരു വർഷം മുതൽ അഞ്ച് വർഷം വരെ തടവും

1,000 രൂപ മുതൽ 5,000 രൂപ വരെ പിഴയും ലഭിക്കാമെങ്കിലും അത്തരം കേസുകൾ ശിക്ഷിക്കപ്പെടാനുള്ള സാധ്യത വളരെ വിരളമാണ്. വന്യജീവി സങ്കേതങ്ങൾ ഉൾപ്പെടെയുള്ള സംരക്ഷിത പ്രദേശങ്ങളിൽ മാലിന്യ നിക്ഷേപം നടത്തുന്നത് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ 27(4) വകുപ്പുപ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ഇതിന് 3 വർഷം വരെ തടവോ 25,000 രൂപ വരെയോ പിഴയോ രണ്ടും കൂടിയോ ലഭിക്കാം.

വനത്തിലെ മാലിന്യ നിക്ഷേപം ശിക്ഷാർഹമായ കുറ്റമായി കണക്കാക്കാവുന്ന തരത്തിൽ കേരള വനം നിയമത്തിൽ ഭേദഗതി ആവശ്യമാണ്. ആയതിനാൽ വനത്തിലും വനപ്രദേശത്തെ ജലാശയങ്ങളിലും പ്ലാസ്റ്റിക് അടക്കമുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് കുറ്റകരമായ പ്രവൃത്തിയായി ഉൾപ്പെടുത്തി 1961-ലെ കേരള വന നിയമം സെക്ഷൻ 27-ൽ വേണ്ട ഭേഗഗതി വരുത്തുന്നതിനുള്ള കരട് സർക്കാർ പരിശോധിച്ചുവരുന്നു,

(സി) വനപ്രദേശത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ വനഭാഗങ്ങളിലെ പൊതുനിരത്തുകളിലും ഇക്കോ ടൂറിസം പോയിന്റുകളിലും സ്ഥാപിച്ചിട്ടുണ്ട്.

ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ വനസംരക്ഷണ ജീവനക്കാരും വനസംരക്ഷണ സമിതി-ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളും സന്നദ്ധ സംഘടനകളും സ്കൂൾ-കോളേജുതല നാഷണൽ സർവ്വീസ് സ്കീം അംഗങ്ങളും മാലിന്യ നിർമ്മാർജ്ജനം ചെയ്തുവരുന്നുണ്ട്. നഗര മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിലൂടെ ഉണ്ടാകുന്ന ഭവിഷ്യത്തുകളെപ്പറ്റി ജനങ്ങളെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകളിൽ പ്രത്യേക അവബോധവും സന്ദേശവും നൽകിവരുന്നു.

മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ളതും വിജനവുമായ ചില വനപ്രദേശങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

വനത്തിനകത്തേയ്ക്ക് പോകുന്ന വാഹനങ്ങളിൽ മാലിന്യം കടത്തിക്കൊണ്ട് പോകുന്നതും നിക്ഷേപിക്കുന്നതും തടയുന്നതിനായി ഫോറസ്റ്റ് ചെക്ക് പോസ്റ്റുകളിൽ പരിശോധന കർശനമാക്കിയിട്ടുണ്ട്.

ചില പ്രദേശങ്ങളിൽ വനം വകുപ്പും പോലീസും സംയുക്തമായി പട്രോളിംഗ് നടത്തുകയും രാത്രികാലങ്ങളിൽ സംശയം തോന്നുന്ന വാഹനങ്ങൾ പരിശോധിച്ച് നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്.

## വനങ്ങളുടെ പരിപാലനം

29 (*389) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള പദ്ധതികൾ ശക്തിപ്പെടുത്താനും തുടരാനും തീരുമാനിച്ചിട്ടുണ്ടോ;

(സി) വനപരിപാലനത്തിനായി ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നത്; വിശദീകരിക്കുമോ;

(ഡി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിന്

1. വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽനിന്നും മറ്റ് നിയമവിരുദ്ധ പ്രവർത്തികളിൽനിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
2. കാട്ടുതീ നിയന്ത്രണം, കഞ്ചാവ് കൃഷി തടയൽ, മണ്ണ്-ജല സംരക്ഷണം എന്നിവ വഴി വനത്തിന്റെ ജൈവവൈവിധ്യം നിലനിർത്തുന്നു.
3. പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദന വനങ്ങളുടെയും ചോലവനങ്ങളുടെയും വനത്തിലെ തണ്ണീർത്തടങ്ങളുടെയും സംരക്ഷണത്തിനുള്ള പ്രത്യേക പരിപാടികൾ നടപ്പാക്കുന്നു.
4. നശിച്ചുപോയതും ശോഷിച്ചതുമായ വനങ്ങളുടെ പുനരുജ്ജീവനത്തിനായി വനവൽക്കരണം നടത്തുന്നു.
5. ജൈവവൈവിധ്യത്തിന്റെ പ്രധാന ഘടകമായ ഔഷധസസ്യങ്ങളുടെ പരിപാലനത്തിനായി പ്രത്യേകം പദ്ധതികൾ നടപ്പാക്കുന്നു.
6. നിലവിലുള്ള വൻ തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉത്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നു.

7. വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുകവഴി വർദ്ധിച്ചുവരുന്ന സാമൂഹ്യ ആവശ്യങ്ങൾമൂലം വനപരിസ്ഥിതി വ്യവസ്ഥിതിയിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ കുറയ്ക്കുന്ന പദ്ധതി നടപ്പാക്കുന്നു.

8. വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ എന്നിവ നടപ്പാക്കുന്നു.

9. വനാശ്രിത സമൂഹങ്ങളുടെ വനാശ്രിതത്വം കുറച്ചുകൊണ്ടുവരുന്നതിനും അതുവഴിയുള്ള ജൈവവൈവിധ്യശോഷണം തടയുന്നതിനുമായി പങ്കാളിത്ത വനപരിപാലനം നടപ്പാക്കുന്നു.

10. വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സഹായത്തോടെ പദ്ധതികൾ നടപ്പാക്കുന്നു.

11. കാലാവസ്ഥാ വ്യതിയാനം തടയുന്നതിൽ വനങ്ങളെ സജ്ജമാക്കാനായി കേന്ദ്ര സഹായത്തോടെ ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി നടപ്പാക്കുന്നു.

12. ആന, കടുവ എന്നീ പ്രധാന വന്യജീവികളുടെ ആവാസവ്യവസ്ഥ പുനഃനിർമ്മിക്കുന്നതിനായി കേന്ദ്ര സഹായത്തോടെ പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നു.

13. വനമേഖലയെ മൊത്തത്തിൽ കണ്ടുകൊണ്ട് വിവിധ ഭൂവിനിയോഗങ്ങളും മനുഷ്യന്റെ ആവാസവും പരസ്പര പൂരകങ്ങളാക്കുന്നതിനായി കേന്ദ്ര സഹായത്തോടെ ബയോസ്ഫിയർ റിസർവ് പദ്ധതി നടപ്പാക്കുന്നു.

(ബി) നിലവിലുള്ള പദ്ധതികൾ തുടരുന്നതിനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനുമായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ നയപ്രഖ്യാപന പ്രസംഗത്തിലും സൂചിപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. തെരഞ്ഞെടുക്കപ്പെട്ട അഞ്ഞൂറ് ജലാശയങ്ങളെ പുനരുജ്ജീവിപ്പിച്ച് വനങ്ങളുടെ ജല സംഭരണശേഷി വർദ്ധിപ്പിക്കും. നദികളിലെ നീരൊഴുക്ക് വർദ്ധിപ്പിക്കുന്നതിനായി വനമേഖലയിലെ തണ്ണീർത്തടങ്ങൾ സംരക്ഷിക്കും.

2. വനമേഖലയ്ക്ക് പുറത്ത് വൃക്ഷം വളർത്തൽ വർദ്ധിപ്പിക്കും.

3. ഗോത്രസമൂഹത്തിന് ഉപകരിക്കുംവിധം നൂറ് സ്ഥലങ്ങളിൽ വിപണന കേന്ദ്രം ആരംഭിക്കും.

4. അതിരുകളിലൂടെ ജണ്ടകൾ സ്ഥാപിച്ച് മുഴുവൻ വനപ്രദേശവും സംരക്ഷിക്കും.

5. മനുഷ്യ-വന്യജീവി ഏറ്റുമുട്ടൽമൂലമുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് 220.50 കി.മീ. ദൈർഘ്യത്തിൽ സൗരോർജ്ജവേലി, 2.91 കി.മീ. ആന പ്രതിരോധ മതിൽ, 11.35 കി.മീ. റെയിൽ ഫെൻസ് എന്നിവ നിർമ്മിക്കും.

6. സംസ്ഥാനത്ത് ഒരു വനമ്യൂസിയം സ്ഥാപിക്കും.

7. വന്യമൃഗ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുവാൻ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ സ്ഥാപിക്കും.

8. കാവുകളും കുളങ്ങളും നീർത്തടങ്ങളും സംരക്ഷിക്കുവാൻ ആവശ്യമായ നടപടി എടുക്കും.

9. മൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നടുന്നതിനും നീർത്തടങ്ങൾ/തടയണകൾ നിർമ്മിക്കുന്നതിനും സമഗ്രമായ പ്രവർത്തനങ്ങൾ നടത്തും.

10. ക്യാമറ സഹായത്തോടെയുള്ള നിരീക്ഷണം ഉൾപ്പെടെ ശാസ്ത്രീയ ജാഗ്രതാ സംവിധാനം ഏർപ്പെടുത്തും.

11. ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തും.

12. നാട്ടാന പരിപാലനത്തിനായി കോട്ടൂരിൽ കിഫ്ബിയിൽനിന്നും 105 കോടി രൂപ മുതൽമുടക്കി ആന പുനരധിവാസകേന്ദ്രം സ്ഥാപിക്കും.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളെല്ലാംതന്നെ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

**ഉൾനാടൻ മത്സ്യമേഖലയുടെ വികസനം**

30 (*390) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൃദ്ധമായ ഉൾനാടൻ ജല സമ്പത്തുണ്ടായിട്ടും ഉൾനാടൻ മത്സ്യ മേഖലയുടെ ഉല്പാദന വിഹിതം വളരെ കുറവായിരിക്കുന്നതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(ബി) കടൽ മത്സ്യ വിഭവശോഷണം ഗുരുതരമായി വരുന്ന പശ്ചാത്തലത്തിൽ, ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന വർദ്ധനവിനായി പരിപാടിയുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏറെ ആവശ്യക്കാരുള്ള മത്സ്യയിനങ്ങൾ ഉല്പാദിപ്പിക്കുന്നതിന് മുമ്പുണ്ടായിരുന്ന ജനകീയ മത്സ്യകൃഷി മാതൃകയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) ഫിഷറീസ് വകുപ്പ് ഇതിനെക്കുറിച്ച് പ്രത്യേക പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രായോഗിക പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചുവരികയാണ്.

(ബി) ഉണ്ട്. ഉൾനാടൻ മത്സ്യബന്ധന മേഖലയിൽ മത്സ്യോൽപ്പാദന വർദ്ധനവിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു:

1. ജലകൃഷി വ്യാപന പദ്ധതികൾ

2. നീലവിപ്ലവം പദ്ധതി

3. നൂതന മത്സ്യകൃഷി പദ്ധതി

4. കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച് കൃഷി പദ്ധതി

5.കൈപ്പാട്-പൊക്കാളി പദ്ധതി

6.ഓപ്പൺ വാട്ടർ റാഞ്ചിംഗ്

7.മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

8. മത്സ്യോത്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി

9. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി

10. മത്സ്യസമൃദ്ധി II പദ്ധതി

(സി) ഉണ്ട്. ജനകീയ മത്സ്യകൃഷി പദ്ധതി II എന്ന പേരിൽ 48.38 കോടി രൂപ അടങ്കലുള്ള ഒരു പദ്ധതി ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വാമനപുരം മണ്ഡലത്തിലെ കോളനികളിൽ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

1 (3419) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) 2016-17-ൽ അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പേരിലാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്. വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും പെരിങ്ങമ്മല ശാസ്താംനട, പനവൂർ ഗ്രാമപഞ്ചായത്തിലെ പേരുമല എന്നീ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ടി കോളനികളുടെ  പദ്ധതി നിർവ്വഹണത്തിനായി ജില്ലാ നിർമ്മിതി കേന്ദ്രവുമായി MoU ഒപ്പുവയ്ക്കുകയും ഓരോ കോളനിക്കും അനുവദിച്ചിട്ടുള്ള ഒരു കോടി രൂപയുടെ 50 ശതമാനം തുകയായ 50 ലക്ഷം രൂപ വീതം ഒന്നാം ഗഡുവായി നിർവ്വഹണ ഏജൻസിക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി ചേർന്ന് തയ്യാറാക്കുന്ന കർമ്മ പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### കുഴൽമന്ദം പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന് സ്വന്തമായി കെട്ടിടം

2 (3420) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലത്തൂർ നിയോജക മണ്ഡലത്തിലെ കുഴൽമന്ദത്ത് പ്രവർത്തിച്ചുവരുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന് (പി.ഇ.റ്റി.സി.) സ്വന്തമായി കെട്ടിടമില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ ട്രെയിനിംഗ് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഉദ്ദേശിക്കുന്നുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**കൊട്ടാരക്കര മണ്ഡലത്തിൽ വീടിന് അർഹതയുള്ള പട്ടികജാതിക്കാർ**

3 (3421) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിനായി കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയാണ്;

(ബി) പ്രസ്തുത അപേക്ഷകളിൽ വീട് ലഭിക്കുന്നതിന് അർഹതയുള്ളവർ എത്രപേർ ഉണ്ടായിരുന്നു; ധനസഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 302 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ വീട് ലഭിക്കുന്നതിന് അർഹതയുള്ള 248 അപേക്ഷകൾ ഉണ്ടായിരുന്നു. ഇതിൽ 176 പേർക്ക് 2016-17 വർഷം 3,00,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. ധനസഹായം അനുവദിച്ചവരുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

**ആലത്തൂരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതർ**

4 (3422) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര ഭവനരഹിതരുണ്ടെന്ന് വിശദമാക്കാമോ;

(ബി) പഞ്ചായത്തടിസ്ഥാനത്തിൽ ഭവനരഹിതരുടെ ലിസ്റ്റ് ലഭ്യമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഭവനരഹിതരായ 745 പട്ടികജാതി വിഭാഗക്കാരും 85 പട്ടികവർഗ്ഗ വിഭാഗക്കാരും ഉണ്ട്.

(ബി) പഞ്ചായത്തടിസ്ഥാനത്തിലുള്ള ഭവനരഹിതരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | പട്ടികജാതി വിഭാഗം | പട്ടികവർഗ്ഗ വിഭാഗം |
|---|---|---|---|
| 1 | വണ്ടായി | 175 | 47 |
| 2 | മേലാർകോട് | 118 | 0 |
| 3 | കിഴക്കഞ്ചേരി | 138 | 15 |
| 4 | ആലത്തൂർ | 75 | 23 |
| 5 | എരിമയൂർ | 175 | 0 |
| 6 | കുഴൽമന്ദം | 36 | 0 |
| 7 | തേങ്കുറിശ്ശി | 28 | 0 |

**ആലത്തൂർ മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽനിന്നും അനുവദിച്ച തുക**

5(3423) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയ്ക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്നും ആലത്തൂർ മണ്ഡലത്തിലേക്ക് അനുവദിച്ച തുകയെത്ര; പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) ആലത്തൂർ മണ്ഡലത്തിലേക്ക് കോർപ്പസ് ഫണ്ടിൽ നിന്നും അനുവദിച്ച പ്രവൃത്തികളിൽ ഏതിനെല്ലാം ഭരണാനുമതി നൽകിയെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

പാലക്കാട് ജില്ലയ്ക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ 810.70 ലക്ഷം രൂപ അനുവദിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പാലക്കാട് ജില്ലയ്ക്ക് കോർപ്പസ് ഫണ്ട് ഇനത്തിൽ 227.86 ലക്ഷം രൂപ അനുവദിച്ചു.

(ബി) പട്ടികജാതി വികസന വകുപ്പ്

ആലത്തൂർ മണ്ഡലത്തിലേക്ക് 85.56920 ലക്ഷം രൂപ അനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

പട്ടിക വർഗ്ഗ വികസന വകുപ്പ്

കോർപ്പസ് ഫണ്ടിൽ നിന്നും നിലവിൽ ആലത്തൂർ മണ്ഡലത്തിലേക്ക് തുക അനുവദിച്ചിട്ടില്ല.

(സി) തുക അനുവദിച്ച എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

**കിഫ്ബിയിലേക്ക് സമർപ്പിച്ച പദ്ധതികൾ**

6(3424) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികജാതി പട്ടികവർഗ വികസന വകുപ്പുകൾ കിഫ്ബി യിലേക്ക് സമർപ്പിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇതിൽ ഏതൊക്കെ പദ്ധതികൾ അംഗീകരിക്കപ്പെട്ടു; ഈ പദ്ധതികൾക്കായി എത്ര രൂപ വീതമാണ് വകയിരുത്തിയിട്ടുള്ളത്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

പട്ടികജാതി വികസന വകുപ്പിൽ നിന്നും കിഫ്ബിയിലേക്ക് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പാലക്കാട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് എം.ആർ.എസ്. അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

2. കോഴിക്കോട് ചക്കിട്ടപ്പാറയിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. കണ്ണൂർ-തളിപ്പറമ്പിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

4. തിരുവനന്തപുരം തോന്നയ്ക്കൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

5. എറണാകുളം-ആലുവ പി.ഇ.റ്റി.സി.-യോട് ചേർന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

6. പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ എം.ആർ.എസ്., അദ്ധ്യാപക ക്വാർട്ടേഴ്സ് നിർമ്മാണം.

7. കണ്ണൂർ താനയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

8. കാസർഗോഡ് വെള്ളച്ചാൽ എം.ആർ.എസ്.-ൽ +2 ഹോസ്റ്റൽ നിർമ്മാണം.

9. കണ്ണൂർ കതിരൂരിൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

10. തിരുവനന്തപുരം മണ്ണന്തലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

11. കോഴിക്കോട് CREST-ന് കെട്ടിട നിർമ്മാണം.

12. കണ്ണൂർ അഴീക്കോട് PETC നിർമ്മാണം.

13. പേരുമല ഐ.ടി.ഐ. കെട്ടിട നിർമ്മാണം.

14. വെട്ടിക്കവല ഐ.ടി.ഐ. കെട്ടിട നിർമ്മാണം.

15. ആറ്റിപ്ര ഐ.ടി.ഐ. കെട്ടിട നിർമ്മാണം.

16. പൊന്നാനി ഐ.ടി.ഐ. കെട്ടിട നിർമ്മാണം.

17. തിരുവനന്തപുരം മണ്ണന്തലയിൽ റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകൾ.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

പട്ടികവർഗ്ഗ വികസന വകുപ്പ് കിഫ്ബിയിലേക്ക് സമർപ്പിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ആകെ തുക (കോടി) |
|---|---|---|
| 1 | 2 | 3 |
| | എം.ആർ.എസ്. | |
| 1 | എം.ആർ.എസ്. ആറളം, കണ്ണൂർ | 25 |
| 2 | എം.ആർ.എസ്. കുറ്റിച്ചൽ, തിരുവനന്തപുരം | 25 |

| 1 | 2 | 3 |
|---|---|---|
| | പ്രീമെട്രിക് ഹോസ്റ്റൽ | |
| 1 | പി.എം.എച്ച്. ബേഡഡുക്ക (പെൺ) കാസർഗോഡ് | 5 |
| 2 | പി.എം.എച്ച്. കുറ്റിക്കോൽ (ആൺ) കാസർഗോഡ് | 5 |
| 3 | പി.എം.എച്ച്. അച്ചൻകോവിൽ (പെൺ) കൊല്ലം | 5 |
| 4 | പി.എം.എച്ച്. അരുവിളാംചാൽ (പെൺ) ഇടുക്കി | 5 |
| 5 | പി.എം.എച്ച്. പിണവൂർകുടി (ആൺ) എറണാകുളം | 5 |
| | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ | |
| 1 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം (പെൺ), എറണാകുളം | 5 |
| 2 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ (ആൺ),ഇടുക്കി | 5 |
| 1 | വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, നാട്ടുകാണി, ഇടുക്കി | 10 |
| 1 | യൂത്ത് ഹോസ്റ്റൽ, പാലോട് (മിക്സഡ്) | 5 |
| | ആകെ | 100 |

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

താഴെപ്പറയുന്ന പദ്ധതികൾ KIIFB തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്:

1. എറണാകുളം-ആലുവ PETC-യോട് ചേർന്ന് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

2. പാലക്കാട് കൊഴിഞ്ഞാമ്പാറയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

3. കണ്ണൂർ താനയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

4. കണ്ണൂർ കതിരൂരിൽ പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

5. തിരുവനന്തപുരം മണ്ണന്തലയിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നിർമ്മാണം.

6. തിരുവനന്തപുരം മണ്ണന്തലയിൽ റെസിഡൻഷ്യൽ ക്വാർട്ടേഴ്സ്.

7. പേരുമല, ആറ്റിപ്ര, വെട്ടിക്കവല, ഐ.ടി.ഐ.-കൾക്ക് കെട്ടിട നിർമ്മാണം.

8. കാസർഗോഡ് എം.ആർ.എസ്.-ൽ +2 ഹോസ്റ്റൽ നിർമ്മാണം.

9. കണ്ണൂർ അഴീക്കോട് PETC നിർമ്മാണം.

പട്ടികവർഗ്ഗ വികസന വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ചിട്ടുള്ള ടി പദ്ധതികൾ കിഫ്ബിയുടെ സജീവ പരിഗണനയിലാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് അന്തിമ അംഗീകാരം ലഭ്യമായതിനുശേഷം മാത്രമേ ടി പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച് വിശദവിവരം ലഭ്യമാവുകയുള്ളൂ.

**വിവിധ പട്ടികജാതി വിഭാഗങ്ങളിലായുള്ള ജനസംഖ്യ**

7(3425) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ പട്ടികജാതി വിഭാഗങ്ങളിലായി എത്ര ജനസംഖ്യ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ പുലയ, സിദ്ധനർ, സാംബവർ എന്നിവരുടെ കണക്ക് പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2011-ലെ സെൻസസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ പട്ടികജാതി ജനസംഖ്യ 30,39,573 ആണ്.

(ബി) 2011-ലെ സെൻസസ് ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് പ്രകാരമുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| പട്ടികജാതി വിഭാഗം | എണ്ണം |
|---|---|
| പുലയർ | 10,20,290 |
| സിദ്ധനർ | 2,77,377 |
| സാംബവർ | 2,27,433 |

## കൊല്ലം മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

8 (3426) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം കൊല്ലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെയും വിതരണം ചെയ്ത വിവിധ സഹായങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

| നമ്പർ | പദ്ധതികൾ | വിതരണം ചെയ്ത തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | ഭവനപുനരുദ്ധാരണം | 13,50,000 | 35 |
| 2 | ചികിത്സാ ധനസഹായം | 8,23,000 | 44 |
| 3 | ഭവന നിർമ്മാണം | 57,75,000 | 83 |
| 4 | സ്വയം തൊഴിൽ പദ്ധതി | 2,64,970 | 4 |
| 5 | ഭൂരഹിത പുനരധിവാസ പദ്ധതി | 2,22,00,000 | 40 |
| 6 | വിവാഹധനസഹായം | 46,50,000 | 93 |
| 7 | മിശ്രവിവാഹ ധനസഹായം | 11,50,000 | 23 |
| 8 | പ്രത്യേക പ്രോത്സാഹന സമ്മാനം | 6,02,500 | 219 |
| 9 | പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് | 26,04,000 | 1302 |
| 10 | വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ധനസഹായം | 1,00,000 | 2 |
| 11 | ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ് | 1,26,000 | 28 |
| 12 | ദുർബല വിഭാഗ പുനരധിവാസ പദ്ധതി വീട് കിണർ ടോയ്‌ലെറ്റ് | 21,55,000<br>77,500<br>50,000 | 13<br>4<br>3 |
| 13 | വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ് | 3,64,450 | 197 |
| 14 | ലംപ്സംഗ്രാന്റ് | 31,35,895 | 4776 |

## ഭൂരഹിത- ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെടുന്നവരുടെ എണ്ണം സംബന്ധിച്ച് സർവ്വേ

9 (3427) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) കുറ്റമറ്റ രീതിയിൽ ഇവർക്ക് വീട് ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് 2009-ൽ 'കില' സർവ്വേ നടത്തിയിട്ടുണ്ട്. അതുപ്രകാരം 25154 കുടുംബങ്ങളാണ് ഭൂരഹിതരായുണ്ടായിരുന്നത്.

2008-ൽ തദ്ദേശസ്വയംഭരണ സ്ഥാപനവകുപ്പും കിലയും പട്ടികവർഗ്ഗ വികസന വകുപ്പും സംയുക്തമായി നടത്തിയ സോഷ്യോ ഇക്കണോമിക്സ് സർവ്വേയിൽ ഭൂരഹിത-ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ വിശദാംശം ശേഖരിച്ചിട്ടുണ്ട്. 12435 കുടുംബങ്ങളാണ് ഭൂരഹിതരായുള്ളത്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നുണ്ട്. ഗുണഭോക്താക്കളെ ഗ്രാമസഭാ ലിസ്റ്റിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇവരുടെ അർഹത ഉറപ്പുവരുത്തി ധനസഹായ തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%, 40%, 15%) ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ട് വഴി വിതരണം ചെയ്യുന്നുണ്ട്. തുക വിതരണത്തിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ ഫണ്ട് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് നൽകികഴിഞ്ഞിട്ടുണ്ട്.

അർഹരായ പട്ടികവർഗ്ഗക്കാരെ തന്നെ ഭവന നിർമ്മാണത്തിനായി കണ്ടെത്തുന്നതിനായി ഊരുകൂട്ടങ്ങൾ മുഖേന ക്ലേശഘടകങ്ങളും മറ്റ് അർഹതാ മാനദണ്ഡങ്ങൾ പാലിച്ച് കണ്ടെത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയാണ് വീടുകൾ അനുവദിച്ചുവരുന്നത്. കൂടാതെ ടി ആൾക്കാർ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരാണോയെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേന അന്വേഷിച്ച് ബോധ്യപ്പെടുകയും ചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയുടെ ധനസഹായം നാല് ഗഡുക്കളായാണ് അനുവദിക്കുന്നത്. ആദ്യ മൂന്ന് ഗഡുക്കൾ മുൻകൂറായും അവസാന ഗഡു വീട് നിർമ്മാണം വാസയോഗ്യമാംവിധം പൂർത്തീകരിച്ചതിന് ശേഷവുമാണ് അനുവദിച്ച് നൽകുന്നത്. ഗുണഭോക്താക്കൾക്ക് ആദ്യഗഡുവായ 15% എഗ്രിമെന്റ് വയ്ക്കുമ്പോൾ തന്നെ അനുവദിച്ച് നൽകുന്നു. ടി തുക ഉപയോഗിച്ച് വീടിന്റെ അടിസ്ഥാനം പൂർത്തിയാക്കി എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായി 30% തുക അനുവദിക്കുന്നു. ടി തുക ഉപയോഗിച്ച് വീട് ലിന്റിൽ ലെവൽ വരെ പൂർത്തീകരിച്ചു എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നാം ഗഡുവായി 40% തുകയും അനുവദിക്കുന്നു. ടി തുക ഉപയോഗിച്ച് വാസയോഗ്യമാംവിധം പൂർത്തീകരിച്ചു എന്നുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ പൂർത്തീകരണ സർട്ടിഫിക്കറ്റും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അവസാനഗഡുവായ 15% തുകയും അനുവദിച്ചു നൽകിവരുന്നു.

പട്ടികവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നത് തടയാനായി ഇടനിലക്കാരെ ഒഴിവാക്കി ഗുണഭോക്താക്കൾ നേരിട്ട് ഭവന നിർമ്മാണം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി രൂപീകരിച്ചിട്ടുള്ള പട്ടികവർഗ്ഗ സൊസൈറ്റികൾ നിലവിലുള്ള സ്ഥലങ്ങളിൽ സൊസൈറ്റികൾ മുഖേനയും കുറ്റമറ്റ രീതിയിൽ ഭവനനിർമ്മാണം നടത്തുന്നുണ്ട്. ഗുണഭോക്താക്കൾക്ക് സ്വന്തം പേരിലുള്ള അക്കൗണ്ടിലാണ് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നത്. ഭവനനിർമ്മാണ ധനസഹായം ഉപയോഗിച്ച് വീട് പണി യഥാസമയം പൂർത്തിയാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും നൽകിവരുന്നു. ഏതെങ്കിലും കാരണവശാൽ ഭവനനിർമ്മാണം കരാറുകാരെ ഏൽപ്പിച്ച് ടി ആൾക്കാർ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്നപക്ഷം അവർക്കെതിരെ പോലീസ് കേസ് ഉൾപ്പെടെ നടപടികൾ സ്വീകരിക്കാറുണ്ട്.

**അയിലൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം**

10 (3428) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ അയിലൂർ പ്രീമെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഹോസ്റ്റലിന് സ്വന്തമായി സ്ഥലം വാങ്ങി കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടി ഉണ്ടാവുമോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വാടക കെട്ടിടത്തിലാണ് പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന അയിലൂർ പ്രീമെട്രിക് ഹോസ്റ്റൽ പ്രവർത്തിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തിൽ 64 അന്തേവാസികൾ താമസിച്ച് പഠനം നടത്തുന്നുണ്ട്. 2016-17 അധ്യയന വർഷം 14 അന്തേവാസികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും ആയതിൽ 13 പേർ വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത ഹോസ്റ്റലിന് സ്ഥലം ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഏലത്തൂർ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

11 (3429) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലത്തൂർ നിയോജകമണ്ഡലത്തിലെ എതെല്ലാം പട്ടികജാതി കോളനി കളിലാണ് വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത്; എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്?

<u>ഉത്തരം</u>

ഏലത്തൂർ നിയോജകമണ്ഡലത്തിലെ മേപ്പാടി ചാലിൽ, ചെറുവറ്റ IHDP എന്നീ പട്ടികജാതിക്കോളനികളിലാണ് വികസന പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നത്. ടി കോളനികൾക്ക് ആവശ്യമായി വരുന്നതും ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുന്നതുമായ വികസന പ്രവർത്തനങ്ങൾ ഒരു കോളനിയിൽ പരമാവധി ഒരു കോടി രൂപ എന്ന തോതിൽ ചെലവഴിച്ച് നടപ്പാക്കുന്നതാണ്. ടി രണ്ട് കോളനികളുടെയും പ്രവൃത്തികൾക്കായി ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിയനുസരിച്ച് ബാക്കി തുക അനുവദിക്കുന്നതാണ്.

**ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

12 (3430) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പട്ടികജാതി കോളനികളിൽ സുലഭമായി കുടിവെള്ളം ലഭിക്കുന്നതിനായി ഏതെല്ലാം കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകി : ഓരോന്നിന്റെയും വിശദാംശം നൽകുമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 425 പട്ടികജാതിക്കോളനികളുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധം I ആയി* ചേർക്കുന്നു.

(സി) വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

13 (3431) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17-ലെ ബജറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ക്കായി പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും, എന്നത്തേക്ക് ആനുകൂല്യങ്ങൾ നൽകാനാവുമെന്നുമാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

2016-17-ലെ ബജറ്റിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പ്രഖ്യാപിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ലംപ്സംഗ്രാന്റും ജൂൺ മാസം മുതൽ ഒക്ടോബർ മാസം വരെയുള്ള അഞ്ച് മാസത്തെ സ്റ്റൈപ്പന്റും 2016 ജൂണിൽത്തന്നെ അനുവദിച്ചു. നവംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലെ ആനുകൂല്യങ്ങൾ ഒക്ടോബർ മാസം മുതൽ വിതരണം ചെയ്തിട്ടുണ്ട്. പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ ഇ-ഗ്രാന്റ്സ് മുഖാന്തരം സ്ഥാപനമേധാവികൾ സമയബന്ധിതമായി ക്ലെയിം ചെയ്യുന്നതിന് അനുസരിച്ച് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2016-17-ൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേനയുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്കാണ് നൽകുന്നത്. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായവ 25% വർദ്ധിപ്പിക്കുകയുമുണ്ടായി.

**പഴയന്നൂർ ബ്ലോക്ക് പരിധിയിലുള്ള പട്ടികജാതി കോളനികളുടെ വിവരം**

14 (3432) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലും വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന മുള്ളൂർക്കര, പരവൂർ, ദേശമംഗലം എന്നി പഞ്ചായത്ത് പരിധി പ്രദേശത്തും എത്ര പട്ടികജാതി കോളനികൾ ഉണ്ട്;

(ബി) ഓരോ പട്ടികജാതി കോളനികളിലും എത്ര കുടുംബങ്ങൾ വീതമുണ്ട്; പഞ്ചായത്ത് അടിസ്ഥാനത്തിൽ കോളനികളുടെ എണ്ണവും അതിലെ കുടുംബങ്ങളുടെ എണ്ണവും വ്യക്തമാക്കാമോ; ഓരോ കോളനികളിലെയും ആൺ-പെൺ എണ്ണം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ) പഴയന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ പരിധിയിൽ 178-ഉം വടക്കാഞ്ചേരി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ പരിധിയിലെ മുള്ളൂർക്കര, പരവൂർ, ദേശമംഗലം എന്നീ പഞ്ചായത്തുകളിലായി 64-ഉം പട്ടികജാതി കോളനികളുണ്ട്.

(ബി) വിശദാംശം അനുബന്ധമായി * ചേർക്കുന്നു.

**ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം**

15 (3433) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി കുടുംബങ്ങളുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിനുള്ള ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും അനുവദിച്ചു നൽകുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 14946 വീട് അനുവദിച്ചു നൽകുകയും ആയതിൽ 967 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2007-08 വർഷം മുതൽ അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽഓവർ പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചു വരുന്നുണ്ട്. 2007-08 മുതൽ അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനുപുറമെ 2007-08 മുതൽ ദീർഘകാലമായി മുടങ്ങിക്കിടന്ന വീടുകൾ പൂർത്തീകരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് എന്ന നിലയിൽ 55 കോടി രൂപയുടെ പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഒട്ടാകെ 2016-17 സാമ്പത്തിക വർഷം 373.67 കോടി രൂപ ഭവന നിർമ്മാണത്തിനായി ചെലവഴിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗക്കാരുടെ 5 മുതൽ 25 വരെ വർഷം പഴക്കംചെന്ന വീടുകൾ വാസയോഗ്യമാക്കുന്നതിന് ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ ധനസഹായമായി അനുവദിച്ചുവരുന്നു. ടി തുക രണ്ട് ഗഡുക്കളായി ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 7167 വീടുകൾക്ക് ഭവന പുനരുദ്ധാരണ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായി 31,52,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ**

16 (3434) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭൂരഹിതരായ പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെയും, പട്ടികജാതിയിൽപ്പെട്ടവരുടെയും വിശദവിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി നല്കുന്നതിനായി ഈ സർക്കാർ എത്ര തുക ചെലവഴിച്ചു; എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകുകയുണ്ടായി; 1-7-2016 മുതൽ 31-3-2017 വരെയുള്ള കാലത്തെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ കരിമ്പുഴ പഞ്ചായത്തിൽ ഭൂരഹിതരായ രണ്ട് പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത്/നഗരസഭ | ഭൂരഹിതരുടെ എണ്ണം |
|---|---|---|
| 1 | തച്ചനാട്ടുകര | 46 |
| 2 | ശ്രീകൃഷ്ണപുരം | 14 |
| 3 | പൂക്കോട്ടുകാവ് | 24 |
| 4 | കടമ്പഴിപ്പുറം | 30 |
| 5 | കരിമ്പുഴ | 25 |
| 6 | ഒറ്റപ്പാലം നഗരസഭ | 12 |
| 7 | അമ്പലപ്പാറ | 24 |
| 8 | ലക്കിടി പേരൂർ | 28 |
| | **ആകെ** | **203** |

(ബി) ടി കുടുംബങ്ങൾക്ക് അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാൽ മാനദണ്ഡങ്ങൾ പാലിച്ച് ഭൂമി നൽകുവാൻ പട്ടികവർഗ്ഗ വികസന വകുപ്പിന് കഴിഞ്ഞിട്ടില്ല.

പട്ടികജാതി വികസന വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭൂമി നൽകിയ കുടുംബങ്ങളുടെ വിവരങ്ങളും ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു. (1-7-2016 മുതൽ 31-3-2017 വരെ)

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | കുടുംബങ്ങളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | തച്ചനാട്ടുകര | 4 | 15,00,000 |
| 2 | ശ്രീകൃഷ്ണപുരം | 3 | 11,25,000 |
| 3 | പൂക്കോട്ടുകാവ് | 4 | 15,00,000 |
| 4 | കടമ്പഴിപ്പുറം | 6 | 22,50,000 |
| 5 | കരിമ്പുഴ | 6 | 22,50,000 |
| 6 | ഒറ്റപ്പാലം നഗരസഭ | 7 | 31,50,000 |
| 7 | അമ്പലപ്പാറ | 3 | 11,25,000 |
| 8 | ലക്കിടി പേരൂർ | 3 | 11,25,000 |
| | **ആകെ** | **36** | **1,40,25,000** |

**കുറ്റ്യാടി മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനത്തിനായി അനുവദിച്ച പദ്ധതികൾ**

17(3435) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ പേര്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അനുവദിച്ച തുകയിൽ നിന്ന് എത്ര തുക പദ്ധതിക്കായി ഇതിനകം വിനിയോഗിച്ചു;

(ഡി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; പദ്ധതി പൂർത്തീകരണത്തോടെ കൈവരിക്കുന്ന പ്രധാന നേട്ടങ്ങൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ എത്രയുംവേഗം ഫയൽ തീർപ്പാക്കി കോളേജിന് സ്ഥലം വിട്ടുനൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

ഈ സർക്കാർ പട്ടികജാതി ക്ഷേമ പ്രവർത്തനത്തിന്റെ ഭാഗമായി കുടിവെള്ള പദ്ധതി, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവന നിർമ്മാണ ധനസഹായ പദ്ധതി, വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവയാണ് അനുവദിച്ചിട്ടുള്ളത്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

ബാധകമല്ല.

(ബി)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | പാലൊളിക്കുന്ന് നമ്പ്രംപൊയിൽ കുടിവെള്ള പദ്ധതി | 31,00,000 |
| 2 | ഭൂരഹിത പുനരധിവാസ പദ്ധതി | 37,50,000 |
| 3 | ഭവന നിർമ്മാണ ധനസഹായ പദ്ധതി | 28,95,000 |
| 4 | വിവാഹ ധനസഹായ പദ്ധതി | 14,00,000 |
| 5 | മിശ്ര വിവാഹ ധനസഹായ പദ്ധതി | 7,00,000 |
| 6 | ചികിത്സാ ധനസഹായം | 4,00,000 |

(സി) പാലൊളിക്കുന്ന്-നമ്പ്രംപൊയിൽ കുടിവെള്ള പദ്ധതിക്ക് അനുവദിച്ച 31,00,000 രൂപ വടകര, പി.എച്ച്. ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി പുരോഗമിച്ചുവരുന്നു. ഭൂരഹിത പുനരധിവാസ പദ്ധതിക്കനുവദിച്ച മുഴുവൻ തുകയും (37,50,5000 രൂപ) വിനിയോഗിച്ചിട്ടുണ്ട്. ഭവന നിർമ്മാണ പദ്ധതിക്കായി അനുവദിച്ച തുകയുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | അനുവദിച്ച തുക | വീടുകളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | I | 28 | 12,60,000 |
| 2 | II | 11 | 9,90,000 |
| 3 | III | 5 | 6,00,000 |
| 4 | IV | 1 | 45,000 |
| | | **ആകെ** | **28,95,000** |

(ഡി) പാലൊളിക്കുന്ന്-നമ്പ്രംപൊയിൽ കുടിവെള്ള പദ്ധതി 31-3-2018-ഓടുകൂടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കുടിവെള്ള പദ്ധതി പൂർത്തിയാകുന്നതോടു കൂടി പതിമൂന്ന് പട്ടികജാതി കുടുംബങ്ങളുടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്നതാണ്. ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 28 കുടുംബങ്ങൾക്ക് 2018 മാർച്ചോടുകൂടി ഭവന നിർമ്മാണം പൂർത്തീകരിക്കാനാകും. 10 ഭൂരഹിത പട്ടികജാതി കുടുംബങ്ങൾ ഭൂരഹിത പുനരധിവാസ പദ്ധതിയിലൂടെ ഭൂമി വാങ്ങിച്ചു. 2016-17 സാമ്പത്തിക വർഷത്തിൽ 28 പട്ടികജാതിക്കാർക്ക് വിവാഹ ധനസഹായ ആനുകൂല്യം ലഭിച്ചു. 14 പേർക്ക് മിശ്ര വിവാഹ ധനസഹായം ലഭ്യമായി. ചികിത്സാ ധനസഹായ പദ്ധതിയിലൂടെ 26 പേർക്ക് ആനുകൂല്യം ലഭിച്ചു. പദ്ധതിയിൽ കോളേജ് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ മറ്റ് കാര്യങ്ങൾ ബാധകമല്ല.

## പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങളായ യുവതികളുടെ വിവാഹ പദ്ധതികൾ

18(3436) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ കുടുംബാംഗങ്ങളായ യുവതികളുടെ വിവാഹം നടത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ അപേക്ഷകർക്കുള്ള വരുമാന പരിധി എത്രയാണ്; ഈ വരുമാന പരിധി എന്ന് നിശ്ചയിച്ചതാണ്; പ്രസ്തുത പരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എത്ര രൂപയാണ് ഇപ്പോൾ ധനസഹായമായി അനുവദിക്കുന്നത്; പ്രസ്തുത തുക എന്ന് മുതലാണ് നൽകി വരുന്നത്; തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) മിശ്രവിവാഹം ചെയ്യുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ പ്പെട്ടവർക്ക് പ്രസ്തുത ധനസഹായം ലഭിക്കാറുണ്ടോ; ഇത്തരത്തിൽപ്പെടുന്നവർക്കായി പ്രത്യേക പദ്ധതിയാണോ ഉള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം മാതാപിതാക്കൾ മരണപ്പെട്ട യുവതികൾക്കും ജോലി ചെയ്യാൻ പറ്റാത്തവിധം അംഗവൈകല്യം സംഭവിച്ചതും

നിത്യരോഗികളുമായ മാതാപിതാക്കളുടെ മക്കൾക്ക് ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളതുമായ അർഹരായ പട്ടികവർഗ്ഗ യുവതികൾക്ക് മുൻഗണന നൽകി സ.ഉ.(കൈ)നമ്പർ 148/12/പ.ജ.പ.വ.വി.വ. ഉത്തരവ് പ്രകാരം 50,000 രൂപ അനുവദിച്ച നൽകിവരുന്നു. ജാതി, വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ സഹിതം ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് 50,000 രൂപ ധനസഹായമായി നൽകിവരുന്നു. 22-3-2017-ലെ സ.ഉ.(കൈ.) നമ്പർ 21/17/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവിൻ പ്രകാരം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ധനസഹായം ലഭിക്കുന്നതിനുള്ള വരുമാന പരിധി 50,000 രൂപയാണ്. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചിട്ടുള്ളതിന്റെ രേഖ എന്നിവ സഹിതം നിശ്ചിത അപേക്ഷ ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. വിവാഹശേഷം അപേക്ഷ നൽകുകയാണെങ്കിൽ വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൂടി നൽകേണ്ടതാണ്.

(ബി) പ്രസ്തുത പദ്ധതിയിലെ അപേക്ഷകർക്കുള്ള വരുമാന പരിധി 1,00,000 രൂപയാണ്. സ.ഉ. (കൈ) നമ്പർ 54/16/പജപവവിവ. നമ്പർ 20-7-2016 തീയതി പ്രകാരമാണ് ഉത്തരവായത്.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ വരുമാന പരിധി 1-4-2012 മുതൽ 50,000 രൂപയാണ്.

(സി) നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായ തുക ഇപ്പോൾ 50,000 രൂപയാണ്. സ.ഉ.(കൈ) നമ്പർ 148/12/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം 7-12-2012 മുതൽ മുൻകാല പ്രാബല്യം നൽകി 1-4-2012 മുതലാണ് ടി തുക നൽകി വരുന്നത്. വിവാഹ ധനസഹായ തുക 1,00,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹ ധനസഹായം 1-4-2012 മുതൽ 50,000 രൂപയാണ് നൽകി വരുന്നത്. 22-3-2017-ലെ സ.ഉ.(കൈ)നമ്പർ 21/17/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവിൻ പ്രകാരം 75,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) മിശ്ര വിവാഹം ചെയ്യുന്ന പട്ടികവർഗ്ഗ യുവതികൾക്ക് സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടെങ്കിൽ പ്രസ്തുത ധനസഹായം അനുവദിക്കാറുണ്ട്. ഇത്തരത്തിൽപ്പെടുന്നവർക്ക് പ്രത്യേക പദ്ധതി നിലവിലില്ല.

പട്ടികജാതിയിൽപ്പെടുന്ന മിശ്ര വിവാഹ ദമ്പതികൾക്ക് 50,000 രൂപയാണ് ധനസഹായമായി നൽകിയിരുന്നത്. സ.ഉ.(കൈ)നമ്പർ 20/17/പ.ജ.പ.വ.വി.വ., തിരുവനന്തപുരം തീയതി 22-3-2017-ലെ സർക്കാർ ഉത്തരവു പ്രകാരം 75,000 രൂപ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മിശ്രവിവാഹിതർക്ക് ആനുകൂല്യം അനുവദിക്കുന്നത് ഒരു പ്രത്യേക പദ്ധതിയാണ്. മിശ്ര വിവാഹ ധനസഹായം ലഭിക്കുന്നതിന് വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനു ശേഷവും മൂന്ന് വർഷത്തിനു മുൻപും അപേക്ഷ നൽകേണ്ടതാണ്. ജാതി, വരുമാനം, ദമ്പതികൾ ഒരുമിച്ചു താമസിക്കുന്നുവെന്നുള്ള സർട്ടിഫിക്കറ്റ് നിശ്ചിത അപേക്ഷയും കൂടി ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർക്ക് നൽകേണ്ടതാണ്. വരുമാന പരിധി ഒരു ലക്ഷം രൂപവരെയുള്ളവർക്ക് ധനസഹായം ലഭിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ബജറ്റ് വിഹിതം

19 (3437) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി എത്ര തുക വകയിരുത്തിയിരുന്നു എന്നും അതിൽ എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ചെലവാക്കിയ തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്

| അനുവദിച്ചത് | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|
| 174642 ലക്ഷം | 144713.55 ലക്ഷം | 82.86%. |

പട്ടികവർഗ്ഗ വികസന വകുപ്പ്

| അനുവദിച്ചത് | ചെലവഴിച്ചത് | ചെലവ് ശതമാനം |
|---|---|---|
| 54448.12 ലക്ഷം | 51957.42 ലക്ഷം | 95.42% |

(ബി) വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി നടപ്പാക്കിവരുന്ന ബ്ലോക്കുകൾ

20(3438) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി എത്ര ബ്ലോക്കുകളിൽ നടപ്പാക്കി വരുന്നു എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ബ്ലോക്കുകളിലാണെന്നും അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം വ്യക്തമാക്കാമോ; ഇതിലൂടെ ഒരോ ബ്ലോക്കിനും ലഭിക്കുന്ന തുകയും ഇവയുടെ പൂർത്തീകരണം എന്നത്തേക്കാകുമെന്നും അറിയിക്കാമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്ന് ഏതൊക്കെ കോളനികളെയാണ് ഈ പദ്ധതിയിലേക്ക് തെരഞ്ഞടുത്തിരിക്കുന്നത് : വിശദാംശം വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഒരു നിയോജക മണ്ഡലത്തിൽനിന്നും രണ്ട് കോളനികൾ എന്ന ക്രമത്തിൽ 140 എം.എൽ.എ. മാർക്ക് 280 കോളനികളെ തെരഞ്ഞെടുത്ത് പ്രവൃത്തികൾ നടപ്പാക്കാവുന്നതാണ്. ടി കോളനികൾ ഉൾപ്പെടുന്ന ബ്ലോക്കുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നാൽപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും വികസന കാര്യങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളിലാണ് അംബേദ്കർ സ്വാശ്രയ ഗ്രാമവികസന പദ്ധതി നടപ്പാക്കുന്നത്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ കോളനിക്കും ആവശ്യമായ പ്രവൃത്തികൾ മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്. പ്രവൃത്തി ആരംഭിച്ച് ആറുമാസത്തിനകം ഓരോ കോളനിയുടേയും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്ന് ചിറപ്പാടം, ചാമക്കാല, എഴുവാത്തുരുത്ത്, കൊല്ലങ്കരി എന്നീ പട്ടികജാതികോളനികളെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിരിക്കുന്നത്. ടി രണ്ട് കോളനികളുടേയും പ്രവൃത്തികൾക്കായി ഓരോ കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകുകയും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം കോട്ടയം ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ

21 (3439) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണ്;

(ബി) വ്യത്യസ്ഥ വിഭാഗങ്ങൾക്ക് നൽകുന്ന സ്കോളർഷിപ്പുകളും അവയുടെ തുകയും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത സ്കോളർഷിപ്പ് തുകകളിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ഡി) സ്കോളർഷിപ്പുകൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നുണ്ടോയെന്നും അവർ അത് കൃത്യമായി കൈപ്പറ്റുന്നുണ്ടോയെന്നും പരിശോധിച്ചിട്ടുണ്ടോ;

(ഇ) കഴിഞ്ഞ വർഷം അനുവദിച്ചതിൽ തുക കൈപ്പറ്റാത്തതായി ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കണക്ക് ലഭ്യമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് അനുവദിച്ച് വരുന്ന വിവിധ സ്കോളർഷിപ്പുകൾ ചുവടെ ചേർക്കുന്നു:

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്
5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ
8. ലാപ്ടോപ്പ് വാങ്ങൽ
9. പ്രാരംഭച്ചെലവ്

10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.

11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം.

12. മെഡിക്കൽ /എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

13. പ്രത്യേക പ്രോത്സാഹന സമ്മാനം.

14. ബുക്ക് ബാങ്ക് സ്കീം (50% CSS)

15. Upgradation of Merit (State Scheme)

16. പാരലൽ കോളേജുകളിൽ പഠിക്കുന്നവർക്ക് ധനസഹായം.

17. വിദേശ പഠനസഹായം.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് താഴെപ്പറയുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നു:

(1) നഴ്സറി സ്കൂൾ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്.

(2) <u>പ്രീമെട്രിക്ക് തലം</u>

ഒന്നു മുതൽ പത്ത് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്.

(3) <u>പോസ്റ്റ് മെട്രിക്ക് തലം</u>

സർക്കാർ അംഗീകരിച്ച ഫീസ് (വരുമാനപരിധിയില്ലാതെ) വാർഷിക ലംപ്സം ഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ്, കോളേജ്/അംഗീകൃത ഹോസ്റ്റലേഴ്സിനു ABLC-യും പോക്കറ്റ് മണിയും നൽകുന്നു.

(4) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക്ക് തലം 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷ സ്കോളർഷിപ്പ് 1,500 രൂപ.

(5) ബുക്കുകൾ തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള ഗ്രാന്റ് 750 രൂപ.

(6) ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (2.5 ലക്ഷം കുടുംബ വാർഷിക വരുമാനമുള്ള) 3,500 രൂപ.

(7) പെരിപ്പതറ്റിക്ക് സെന്റർ, ഏകാധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ്/പ്രതിമാസ സ്റ്റൈപ്പന്റ്.

(8) അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കീം.

(9) ട്യൂട്ടോറിയൽ ഗ്രാന്റ്.

(10) സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.

(11) ബെറ്റർ എഡ്യൂക്കേഷൻ.

(12) ലാപ്ടോപ്പ് വിതരണം.

(13) മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം.

(14) വിദേശ പഠനധനസഹായം.

പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ചുവടെ ചേർക്കുന്നു:

1. ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്രാവിഷ്കൃതം)
2. ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്രാവിഷ്കൃതം)
3. ഒ.ഇ.സി. പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യം
4. ഒ.ഇ.സി. പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യം
5. ഓവർസീസ് സ്കോളർഷിപ്പ്.
6. കെ.പി.സി.ആർ. ആനുകൂല്യം.

ഇതിനെല്ലാമുപരിയായി 2-7-2009-ലെ സ.ഉ.(പി) 50/2009/പജ.പ.വ.വി.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്നു.

(ബി) ധനസഹായ തുക രേഖപ്പെടുത്തിയ ഉത്തരവുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

1. സ.ഉ.(എംഎസ്.)നമ്പർ 43/2016/പ.ജ.പ.വ.വി.വ. തീയതി 25-6-2016
2. സ.ഉ.(പി)നമ്പർ 4/2016/പ.ജ.പ.വ.വി.വ. തീയതി 23-7-2016

(സി) 2016-17 അധ്യയന വർഷം മുതൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ 25% വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഉണ്ട്. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ എസ്.സി., ഒ.ഇ.സി., ഒ.ബി.സി., എസ്.ഇ.ബി.സി., എഫ്.സി., കെ.പി.സി.ആർ. വിഭാഗങ്ങളിലായി 5,93,885 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അപേക്ഷിക്കുകയും അതിൽ 5,74,077 വിദ്യാർത്ഥികൾക്ക് അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ട് ഓൺലൈൻ സംവിധാനത്തിലൂടെ ക്രെഡിറ്റ് ചെയ്യുന്ന തരത്തിലുള്ള സംവിധാനമാണ് നിലവിലുള്ളത്.

## പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസത്തിനായി പുതിയ പദ്ധതികൾ

22(3440) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി ഈ സർക്കാർ ഏതെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും, ഇതിനുവേണ്ടി എന്ത് തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമവികസനത്തിനായുള്ള പദ്ധതി വിഹിതം ലാപ്സാകാതെ സമയബന്ധിതമായി വിനിയോഗിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പട്ടികജാതി സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതിയും പട്ടികവർഗ്ഗ സങ്കേതങ്ങളുടെ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന് അനുവദിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയുടെ ചെലവ് വഹിക്കുന്നത്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്ക് 9999.99 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസനത്തിനായുള്ള പദ്ധതി വിഹിതം ലാപ്സാകാതെ സമയബന്ധിതമായി വിനിയോഗിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

i. ഭവന നിർമ്മാണത്തിനായി വസ്തു വാങ്ങൽ, വീട് നിർമ്മാണം, വീട് പുനരുദ്ധാരണം തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായാണ് നടപ്പാക്കുന്നത്. ആയതിലേക്കായി അപേക്ഷകൾ സ്വീകരിക്കുക, ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ച് വാങ്ങുക തുടങ്ങിയ പ്രവർത്തനങ്ങളുടെ സമയക്രമം മുൻകൂട്ടി തയ്യാറാക്കി നടപ്പാക്കി വരുന്നു.

ii. ജില്ലാ ബ്ലോക്ക് തലത്തിൽ physical/Financial target നിശ്ചയിച്ച് നൽകി ടി ലക്ഷ്യങ്ങളുടെയടിസ്ഥാനത്തിൽ പ്രോജക്ട് നിർവ്വഹണം നടത്തിവരുന്നു.

iii. പട്ടികജാതി വികസന വകുപ്പിലെ ഉദ്യോഗസ്ഥരുടെ യോഗം എല്ലാ മാസവും വിളിച്ചുചേർത്ത് പുരോഗതി വിലയിരുത്തുകയും പിന്നാക്കം നിൽക്കുന്ന ബ്ലോക്ക്/ജില്ലകളെ നിർദ്ദിഷ്ട ടാർജറ്റിലേക്ക് ഉയർത്തുവാനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു.

iv. വിദ്യാഭ്യാസാനുകൂല്യ പദ്ധതിയും ഇ-ഗ്രാന്റ്സ് മുഖേന സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ ക്ഷേമ കാര്യങ്ങൾക്ക് അനുവദിക്കുന്ന തുക അതത് പദ്ധതികൾക്ക്തന്നെ കാര്യക്ഷമതയോടുകൂടി പദ്ധതി നിർവ്വഹണം നടത്തി മുഴുവൻ തുകയും ചെലവഴിക്കുന്നതിന് അതീവ ജാഗ്രത പാലിച്ചുവരുന്നു. എന്നാൽ സാമ്പത്തിക നിയന്ത്രണംമൂലം നിർമ്മാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള ഏതാനും പദ്ധതികൾക്ക് അനുവദിക്കുന്ന തുക മുഴുവനായി ചെലവഴിക്കാൻ കാലതാമസം വരുന്നത് മനസ്സിലാക്കി, തുക ലാപ്സാകാതെ ചെലവ് പ്രതീക്ഷിക്കുന്ന മറ്റ് പദ്ധതികൾക്ക് തുക അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് തന്നെ സമയബന്ധിതമായി ചെലവഴിക്കുന്നുവെന്ന് മോണിറ്റർ ചെയ്യുകയും പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

### കരുനാഗപ്പള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം

23(3441) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമമായി തെരഞ്ഞെടുത്തുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളനികൾ ഏത് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ടതാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇവിടെ നടപ്പിലാക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട ഒരു പട്ടികജാതി കോളനിയെയാണ് അംബേദ്കർ ഗ്രാമവികസന പരിപാടിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) ടി കോളനിയുടെ വികസനത്തിനാവശ്യമായ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളെല്ലാം നടപ്പിലാക്കുന്നതാണ്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) 1,00,00,000 രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

**പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക്**

24(3442) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) വിവിധ വിഭാഗങ്ങളിലായി ആകെയുള്ള പട്ടികവർഗ്ഗ ജനസംഖ്യ വ്യക്തമാക്കാമോ;

(സി) ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മൊത്തം 37 പട്ടികവർഗ്ഗ ജനവിഭാഗങ്ങളുണ്ട്.

(ബി) കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ എണ്ണം 4,84,839 (2011 സെൻസസ് പ്രകാരം) ആണ്.

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി *ചേർക്കുന്നു.

**പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ**

25(3443) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത്, മോഡൽ റസിഡൻഷ്യൽ സ്കൂൾ അനുവദിച്ചിട്ടുണ്ടോ; സ്കൂളിലേക്ക് ആവശ്യമായ ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് പെരിങ്ങോം വില്ലേജിൽ എം.ആർ.എസ്. ആരംഭിക്കുന്നതിനും തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എം.ആർ.എസ്.-നായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് KIIFB-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതിക്കാരായ ഭവന-ഭൂരഹിതരുടെ പുനരധിവാസം

26 (3444) ശ്രീ. ബി. സത്യൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരായ ഭവനരഹിതരുടെയും ഭൂരഹിതരുടെയും പുനരധിവാസത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്ന എത്ര വീടുകൾ ഉണ്ടെന്ന് പരിശോധിച്ചിരുന്നോ; ഇവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ചെയ്ത കാര്യങ്ങൾ അറിയിക്കാമോ;

(സി) എത്ര ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള സ്ഥലം നൽകാൻ സാധിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ അനുവദിച്ചു നൽകുന്നുണ്ട്. 2016-17 വർഷം 14946 വീടുകൾ പുതുതായി അനുവദിക്കുകയും ആയതിൽ 967 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2007-08 മുതൽ അനുവദിച്ചതിൽ പണി പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ 2016-17 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലേക്കായി 2,32,35,94,800 രൂപ ചെലവഴിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ അഞ്ച് സെന്റിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് മൂന്ന് സെന്റിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് മൂന്ന് സെന്റിന് ആറ് ലക്ഷം രൂപയും ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം നൽകുന്നുണ്ട്. ഇതിനായി 2016-17 വർഷം 17497 ലക്ഷം രൂപ വകയിരുത്തുകയും 4465 കുടുംബങ്ങൾക്ക് ഭൂമി നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതിയിൽപ്പെട്ട ദുർബല വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 7.25 ലക്ഷം രൂപ ധനസഹായമായി അനുവദിച്ചു നൽകുന്നുണ്ട്. ഇതിനായി 2016-17 വർഷം 501.20 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിരുന്നു. 2007-08 മുതൽ അനുവദിച്ച വീടുകളിൽ പണിപൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ 2016-17 വർഷം പൂർത്തീകരിച്ചിട്ടുണ്ട്. പണി പൂർത്തിയാകുന്നമുറയ്ക്ക് നിശ്ചിത ഗഡു തുക പുതുക്കിയ തുകയ്ക്ക് ആനുപാതികമായ നിരക്കിൽ അനുവദിച്ചുനൽകുന്നുണ്ട്.

(സി) 2016-17 വർഷം ഭൂരഹിതരായ 4465 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

**പട്ടികവിഭാഗങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്താൻ എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

27 (3445) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എത്രത്തോളം സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു:

1. പ്രീമെട്രിക് സ്കോളർഷിപ്പ്
2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്
4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ്

5. 9, 10 ക്ലാസ്സുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)
6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ്
7. സ്റ്റെതസ്കോപ്പ് വാങ്ങൽ
8. ലാപ്ടോപ്പ് വാങ്ങൽ
9. പ്രാരംഭച്ചെലവ്
10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കുള്ള ധനസഹായം.
11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം.
12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.
13. പ്രത്യേക പ്രോത്സാഹന സമ്മാനം.
14. ബുക്ക് ബാങ്ക് സ്കീം (50% CSS)
15. Upgradation of Merit (State Scheme)

പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി വകുപ്പിനുകീഴിൽ റസിഡൻഷ്യൽ സൗകര്യത്തോടുകൂടിയ പത്ത് സ്കൂളുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) വിലയിരുത്തിയിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ മികച്ച നിലവാരം പുലർത്തി വരുന്നവയാണ്. 2016-17 വർഷത്തെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 291 വിദ്യാർത്ഥികളിൽ 290 പേരും വിജയിക്കുകയും 11 പേർ ഫുൾ എ+ നേടിയിട്ടുമുണ്ട്. 29-ൽ 28 എം.ആർ.എസ്-കളും എസ്.എസ്.എൽ.സി.-ക്ക് 100 ശതമാനം വിജയം നേടി.

മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് മാനേജർ-കം-റസിഡന്റ് ട്യൂട്ടർമാരുടെ (എം.സി.ആർ.റ്റി.) സേവനം ലഭ്യമാക്കുന്നുണ്ട്. വിദ്യാർത്ഥികളെ സമൂഹത്തിൽ ഉത്തമ പൗരന്മാരാക്കി വളർത്തിക്കൊണ്ടുവരുന്നതിന് എസ്.പി.സി. പദ്ധതി എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും വിജയകരമായി നടത്തിവരുന്നു. കലാകായിക ഇനങ്ങളിൽ മികവുപുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാകായിക മേളകളിൽ പങ്കെടുപ്പിക്കുന്നുണ്ട്. ഈ വർഷം മുതൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ മാത്രം സംസ്ഥാനതല കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) എല്ലാ ജില്ലകളിലും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്. കോഴിക്കോട് ചക്കിട്ടപ്പാറ, കണ്ണൂരിൽ തളിപ്പറമ്പ്, പെരിങ്ങോം, പാലക്കാട് എന്നിവിടങ്ങളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് കിഫ്ബിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നിലവിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഇല്ലാത്ത മറ്റ് ജില്ലകളിൽ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്കായിരിക്കും നടപടി സ്വീകരിക്കുന്നത്.

## പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുള്ള സൗജന്യ ചികിത്സ പട്ടികജാതിക്ക് ലഭ്യമാക്കുന്നതിന് പദ്ധതി

28 (3446) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാൻസർ, വൃക്കരോഗം, ഹൃദയസംബന്ധമായ രോഗങ്ങൾ, അപകടങ്ങൾ എന്നീ സാഹചര്യങ്ങളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് നൽകിവരുന്ന സൗജന്യ ചികിത്സ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പട്ടികജാതിക്കാർക്ക് ക്യാൻസർ, വൃക്കരോഗം, ഹൃദയ സംബന്ധമായ രോഗങ്ങൾ, ഹീമോഫീലിയ, അപകടങ്ങൾ എന്നിവ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപവരെയും അതിൽ കൂടുതൽ തുക ആവശ്യമുള്ള സന്ദർഭങ്ങളിൽ ആയതനുസരിച്ചുള്ള തുകയും ആശുപത്രി മുഖേന അനുവദിച്ച് നൽകുന്നുണ്ട്. ചികിത്സയ്ക്ക് 50,000 രൂപ വരെയാണ് ചെലവ് വേണ്ടിവരുന്നതെങ്കിൽ ആയത് രോഗിക്ക് നേരിട്ടനുവദിക്കുന്നുമുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 50,000 രൂപ വരെയുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതാണ്. ടി വരുമാന പരിധി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

## കോളനികളുടെ നവീകരണത്തിന് 40 കുടുംബങ്ങൾ വേണമെന്ന നിബന്ധന

29(3447) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ പദ്ധതിയിൽ ഉൾപ്പെടുത്തി എസ്. സി. കോളനികളുടെ നവീകരണത്തിന് 40 കുടുംബങ്ങളിൽ കൂടുതൽ വേണമെന്ന നിബന്ധനയുണ്ടോ;

(ബി) ഉണ്ടെങ്കിൽ 40 കുടുംബങ്ങളിൽ താഴെ ആളുകൾ താമസിക്കുന്ന കോളനികളുടെ നവീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) കുറഞ്ഞത് 40 പട്ടികജാതി കുടുംബങ്ങളുണ്ടാകണമെന്ന് നിബന്ധനയുണ്ട്.

(ബി) 40 കുടുംബങ്ങളിൽത്താഴെ ആളുകൾ താമസിക്കുന്ന കോളനികളുടെ നവീകരണത്തിനായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ അത്തരം കോളനികളിലെ അടിസ്ഥാന സൗകര്യവികസനത്തിനുവേണ്ടിയുള്ള പ്രൊപ്പോസലുകൾ ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തോടെ നടപ്പാക്കി വരുന്നുണ്ട്.

**കോഴിക്കോട് ജില്ലയിലെ സങ്കേതങ്ങളിൽ നടപ്പിലാക്കിയ ഹാംലെറ്റ് പദ്ധതി**

30 (3448) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പിലാക്കിയ ഹാംലെറ്റ് പദ്ധതി, കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സങ്കേതങ്ങളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് എസ്.ടി. സങ്കേതങ്ങളിൽ നടപ്പിലാക്കിയത്;

(സി) പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ 2013-14 വർഷം കോടഞ്ചേരി ഗ്രാമപഞ്ചായത്തിലെ ചെമ്പുകടവ് അംബേദ്കർ കോളനി, 2014-15 സാമ്പത്തിക വർഷം കോട്ടൂർ ഗ്രാമപഞ്ചായത്തിലെ ചെങ്ങോട്ട്മല കോളനി, കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ ഏഴ് കോളനികൾ അടങ്ങിയ ഒരു ക്ലസ്റ്റർ (മായങ്ങൽ, ചണ്ണങ്ങൽ, എളമ്പിലാശ്ശേരി, മറിയംകുഴി, വരിക്കേക്കൽ, ഭഗവതിക്കാവ്, കിഴക്കെചണ്ണങ്ങൾ) എന്നീ സങ്കേതങ്ങളിലാണ് പദ്ധതി നടപ്പിലാക്കിയത്.

(ബി&സി) കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുത്ത കോളനികളുടെ പ്രവൃത്തികൾ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ എസ്. റ്റി. വിഭാഗക്കാർക്കുള്ള വിദ്യാഭ്യാസസ്ഥാപനം

31(3449) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എസ്. റ്റി. വിഭാഗക്കാർക്കായി അനുവദിച്ചതും എന്നാൽ ഇതുവരെ തുടങ്ങാൻ സാധിക്കാത്തതുമായ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനമുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രാക്തന കൊറഗ വിഭാഗങ്ങൾക്കായി അനുവദിച്ച ആശ്രമം സ്കൂൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. 2011-ൽ അനുവദിച്ച ഈ സ്കൂൾ കെട്ടിടം ലഭ്യമല്ലാത്തതിനാലാണ് ആരംഭിക്കുവാൻ കഴിയാതിരുന്നത്.

(ബി) മേൽപ്പറഞ്ഞ ആശ്രമം മോഡൽ റസിഡൻഷ്യൽ സ്കൂൾ ബേഡഡുക്ക വില്ലേജിലുള്ള വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പത്ത് ഏക്കർ സ്ഥലത്ത് സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധിച്ചുവരുന്നു.

2017-18 അദ്ധ്യയന വർഷം അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്തി ടി സ്ഥാപനം ആരംഭിക്കുന്നതിന് കാസർഗോഡ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തിന് വനബന്ധു കല്യാൺ യോജന

32 (3450) ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമ്പൂർണ്ണ വികസനത്തിനും ക്ഷേമത്തിനുമായി 'വനബന്ധു കല്യാൺ യോജന' നടപ്പാക്കിവരുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമ്പൂർണ്ണ ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും ഭവനനിർമ്മാണത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ പരിപാടികൾ.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും ഉന്നത വിദ്യാഭ്യാസത്തിനും ഊന്നൽ നൽകൽ.
- പട്ടികവർഗ്ഗ മേഖലകളിൽ സാമ്പത്തിക വികസനം ത്വരിതപ്പെടുത്തുക.
- സമ്പൂർണ്ണ ഭവനം.
- ശുദ്ധമായ കുടിവെള്ളം എല്ലാവർക്കും ലഭ്യമാക്കുക.
- സ്ഥലത്തിന് അനുയോജ്യമായ ജലസേചന സൗകര്യങ്ങൾ.
- അടുത്തുള്ള ടൗൺ/സിറ്റികളെയും ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡ്.
- എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുക.
- പട്ടികവർഗ്ഗ മേഖലകളിൽ കലാ കായിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.
- പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണവും പ്രോത്സാഹനവും.

(ഡി) പട്ടികവർഗ്ഗ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്. റ്റി. വിഭാഗത്തിലുള്ളവരുടെ ബാങ്ക് വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി

33(3451) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. റ്റി. വിഭാഗത്തിലുള്ളവർ എടുത്തിട്ടുള്ള വിവിധ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതിന് വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ കാസർകോഡ് ജില്ലയിലെ പ്രസ്തുത വിഭാഗത്തിലുള്ളവരിൽ എത്ര പേരുടെ വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കൂടുതൽ പേരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാത്കൃത ബാങ്കുകൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും, പലിശയും, പിഴപ്പലിശയും മറ്റു ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) ടി പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിലെ 29 പട്ടികവർഗ്ഗക്കാരുടെ ആകെ 10,11,448 രൂപ എഴുതിത്തള്ളിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) അർഹരായവരുടെ അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി

34 (3452) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യൂനിസെഫിന്റെ മാനദണ്ഡം അനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവിടങ്ങളിൽ ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്കൂളുകളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിൽ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്റ്റ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടമില്ലാത്ത എം.ആർ.എസ്-കൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും, ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തി നായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. വടശ്ശേരിക്കര, ഇടുക്കി, മലമ്പുഴ, തിരുനെല്ലി, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അഞ്ച് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കട്ടേല, ഞാറനീലി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ Node based computer lab സ്ഥാപിച്ചുകഴിഞ്ഞു. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ

വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിദ്യാർത്ഥികളിലെ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുന്നതിനായി സയൻസ് എക്സ്പിരിമെന്റ് കിറ്റുകൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നൽകിയിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യപരവും മാനസികവുമായ കാര്യങ്ങളിൽ ശ്രദ്ധചെലുത്തുന്നതിന് JPHN, കൗൺസിലർമാർ എന്നിവരെ വർഷംതോറും ഇന്റർവ്യൂ നടത്തി നിയമിച്ചു വരുന്നു. വ്യക്തിത്വ വികസന ക്ലാസ്സുകൾ വിദ്യാവിസ്മയം എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

(ബി&സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ (ഹോസ്റ്റൽ നവീകരണം ഉൾപ്പെടെ) അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം എം.ആർ.എസ്.-കളുടെ നവീകരണം നടപ്പിലാക്കി വരികയും ചെയ്യുന്നു.

**തലശ്ശേരി കുട്ടിമാക്കൂൽ കോളനിയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം**

35 (3453) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി എന്തൊക്കെ കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളത്;

(ബി) തലശ്ശേരി നിയോജക മണ്ഡലത്തിലെ കുട്ടിമാക്കൂൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനിയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ഇടപെടുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, സ്വയംതൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് വിവിധ വികസന പ്രവർത്തന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

• പട്ടികവർഗ്ഗ ഭവനനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 6709 വീടുകൾ പുതിയതായി അനുവദിച്ചു. 2016-17 വർഷം സാമ്പത്തിക ഭവന പദ്ധതികൾക്കായി ജനറൽ ഹൗസിംഗിൽ 46.29 കോടി രൂപയും, എ.ടി.എസ്.പി. ഹൗസിംഗ് പദ്ധതിയിൽ 143.24 കോടി രൂപയും, ഹഡ്കോ ഹൗസിംഗ് പദ്ധതിയിൽ 26.38 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. അതിൽ മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടും. മുൻവർഷങ്ങളിൽ അനുവദിച്ചതിൽ 4965 വീടുകൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടുണ്ട്.

• മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങളെ പട്ടിണി ഉണ്ടാകാതെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതിയിലുൾപ്പെടുത്തി 82133 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്തു. ടി ആവശ്യത്തിലേക്ക് 18.55 കോടി രൂപ വിനിയോഗിച്ചു.

• പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 13.37 കോടി രൂപ ചെലവഴിച്ചുകൊണ്ട് 174 പേർക്ക് 81.983 ഏക്കർ ഭൂമി വാങ്ങി നൽകി. കൂടാതെ പുനരധിവാസ മേഖലയിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായ അടിസ്ഥാന സൗകര്യ വികസനത്തിനായി 30.15 കോടി രൂപയും ചെലവഴിച്ചു. ആകെ 45.08 കോടി രൂപ ടി ആവശ്യങ്ങൾക്ക് വിനിയോഗിച്ചു.

• കിഫ്ബിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 10 പദ്ധതികൾക്ക് താൽക്കാലിക അംഗീകാരം നൽകി. പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം, ഇടുക്കി നാട്ടുകാണി വി.ടി.സി.-യുടെ വികസനം എന്നിവ ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

• സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 29614 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ആനുകൂല്യം നൽകുന്നതിന് കഴിഞ്ഞു. 16 കോടി രൂപ ടി ആവശ്യത്തിലേക്ക് വിനിയോഗിക്കാൻ കഴിഞ്ഞു.

• ജനനി-ജന്മരക്ഷ പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനുമായി 10 കോടി രൂപ വിനിയോഗിച്ച് കൊണ്ട് 11880 പേർക്ക് ആനുകൂല്യം നൽകി.

• കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 47.53 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണം, പാലങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും ഇതിലുൾപ്പെടുന്നു.

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ കുട്ടിമാക്കൂൽ പട്ടികജാതി കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എസ്.സി.എസ്.പി. പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## പട്ടികവർഗ്ഗ ദുരിതാശ്വാസ നിധിയുടെ ലക്ഷ്യങ്ങൾ

36 (3454) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ചികിത്സയ്ക്കും ആരോഗ്യ സംരക്ഷണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ ദുരിതാശ്വാസ നിധിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി പ്രകാരം എത്ര രൂപയുടെ സാമ്പത്തിക സഹായങ്ങളാണ് നല്കിവരുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ചികിത്സയ്ക്കും ആരോഗ്യ സംരക്ഷണത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങിക്കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകംചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. 192 ഊരുകളിൽ കുടുംബശ്രീ മുഖേന ഈ വർഷം വയനാട്ടിലും മലപ്പുറത്തും ഈ പദ്ധതി നടപ്പിലാക്കും.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷാകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷാകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യസംരക്ഷണം ഉറപ്പ് വരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി.പി പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ആഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും വിവിധ ചികിത്സകൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്ടും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Ltd.) മുഖേന കൊല്ലം ജില്ലയിലും ഇടുക്കി ജില്ലയിലെ അടിമാലിയിലും ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,000 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കാനായി മേൽപ്പറഞ്ഞവ കൂടാതെ 3 Nutrition Rehabilitation Centre-കളും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇവിടെ പോഷാകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾക്ക് ചികിത്സ നൽകുന്നു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ളതാണ് ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിലുള്ള ദുരിതാശ്വാസ നിധി. പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാനദായകനായ വ്യക്തി അപകടമരണത്തിന് ഇരയാകുക, ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയവയ്ക്കുള്ള ചികിത്സ വേണ്ടിവരിക, തീപിടുത്തംമൂലം വീട് നഷ്ടപ്പെടുക, പ്രകൃതിക്ഷോഭംമൂലം വസ്തുവകകൾക്ക് നഷ്ടമുണ്ടാകുക തുടങ്ങിയ സാഹചര്യങ്ങളിൽ സമാശ്വാസ ധനസഹായം അനുവദിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) വരുമാനദായകനായ വ്യക്തിയുടെ അപകടമരണത്തിന് 50,000 രൂപ വരെയും മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി ഒരു ലക്ഷം രൂപവരെയും പ്രകൃതിക്ഷോഭം തുടങ്ങിയ സന്ദർഭങ്ങളിൽ 50,000 രൂപവരെയും ഈ ഇനത്തിൽ ധനസഹായം നൽകിവരുന്നു.

**വായ്പകൾ ലഭിക്കാനുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി**

37(3455) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ബി. സി. ഡി. സി., പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൽകുന്ന വിവാഹ വായ്പ, സ്വയം തൊഴിൽ വായ്പ, തൊഴിൽ തേടി വിദേശത്തു പോകുന്നതിനുള്ള വായ്പ, സുവർണ്ണ ശ്രീ വായ്പ എന്നിവ ലഭിക്കുന്നതിനുള്ള വരുമാന പരിധി എത്രയാണ്;

(ബി) പ്രസ്തുത വായ്പകൾ ലഭിക്കുന്നതിനായുള്ള നിലവിലുള്ള വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ദേശീയ ഏജൻസികളായ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC), ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) എന്നിവയുടെ വായ്പ, സ്വന്തം ഫണ്ട് എന്നിവ വിനിയോഗിച്ചാണ് വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോർപ്പറേഷന്റെ സ്വന്തം ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന വിവാഹ വായ്പ, തൊഴിൽ തേടി വിദേശത്ത് പോകുന്നതിനുള്ള

വായ്പ, സുവർണ്ണശ്രീ വായ്പ എന്നിവ ലഭ്യമാക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 1,20,000 രൂപയാണ്. ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (NBCFDC) ഫണ്ട് വിനിയോഗിച്ച് മറ്റ് പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.)പ്പെട്ടവർക്ക് നടപ്പിലാക്കുന്ന സ്വയംതൊഴിൽ വായ്പയ്ക്ക് ഗ്രാമപ്രദേശത്ത് അധിവസിക്കുന്നവർക്ക് 98,000 രൂപയും നഗരപ്രദേശത്ത് അധിവസിക്കുന്നവർക്ക് 1,20,000 രൂപയുമാണ് കുടുംബ വാർഷിക വരുമാപരിധി. ദേശീയ ന്യൂനപക്ഷ വിഭാഗ വികസന ധനകാര്യ കോർപ്പറേഷൻ (NMDFC) ഫണ്ട് വിനിയോഗിച്ച് മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് നടപ്പിലാക്കുന്ന രണ്ട് വ്യത്യസ്ത സ്വയംതൊഴിൽ വായ്പാ പദ്ധതികൾ നിലവിലുണ്ട്. പദ്ധതി ഒന്ന് പ്രകാരം ഗ്രാമപ്രദേശത്ത് അധിവസിക്കുന്നവർക്ക് 81,000 രൂപയും നഗരപ്രദേശത്ത് അധിവസിക്കുന്നവർക്ക് 1,03,000 രൂപയുമാണ് കുടുംബവാർഷിക വരുമാന പരിധി. പദ്ധതി രണ്ട് പ്രകാരം 6 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വായ്പ ലഭിക്കും.

(ബി) ദേശീയ ഏജൻസികളുടെ വായ്പാ പദ്ധതി വ്യവസ്ഥകൾക്ക് അനുസൃത മായിട്ടാണ് സ്വയംതൊഴിൽ വായ്പാ പദ്ധതി നടപ്പിലാക്കുന്നതെന്നതിനാൽ വരുമാന പരിധിയിൽ ഭേദഗതി വരുത്തുവാൻ കോർപ്പറേഷന് അധികാരമില്ല. സ്വന്തം ഫണ്ട് വിനിയോഗിച്ച് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികളുടെ വരുമാന പരിധി 1-4-2017 മുതൽ 1,03,000 രൂപയിൽ നിന്നും 1,20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

38 (3456) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ)തീരുമാനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അയച്ച് കൊടുക്കുകയും പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിച്ചുവരികയുമാണ്.

## പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

39 (3457) ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. സുരേഷ് കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത കോർപ്പറേഷൻ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ എന്തൊക്കെയാണ്;

(സി) കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ് ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കോർപ്പറേഷനിൽനിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത മാരകരോഗികളുടെയും മരണപ്പെട്ടവരുടെയും വായ്പകൾ എഴുതിത്തള്ളാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ ലക്ഷ്യവിഭാഗത്തിന്റെ ഉന്നമനത്തിനായി ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താൻ ഇത് സംബന്ധിച്ച് വിലയിരുത്തലുകൾ കാലാകാലങ്ങളിൽ നടത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കോർപ്പറേഷന്റെ ലക്ഷ്യവിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന വായ്പ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പാ പദ്ധതികൾ |
|---|---|
| 1 | കൃഷിഭൂമി വായ്പ |
| 2 | ഭവന നിർമ്മാണ വായ്പ |
| 3 | ഭൂരഹിത ഭവനരഹിത വായ്പ |
| 4 | ഭവന പുനരുദ്ധാരണ വായ്പ |
| 5 | വിവാഹ വായ്പ |
| 6 | സ്വയംതൊഴിൽ വായ്പ |
| 7 | വിദ്യാഭ്യാസ വായ്പ |
| 8 | വ്യക്തിഗത വായ്പ |
| 9 | സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ. |

കൂടാതെ ലക്ഷ്യവിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം (ഫസ്റ്റ് ക്ലാസ്സ്/ ഡിസ്റ്റിംഗ്ഷൻ) കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ പ്രോത്സാഹന സമ്മാനവും ലക്ഷ്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷാ പരിശീലനം നേടുന്നതിന് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് ഇനത്തിൽ 40,000 രൂപവരെ ധനസഹായവും നൽകിവരുന്നു.

(സി) ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും വായ്പാ പദ്ധതികളുടെ തിരിച്ചടവിനത്തിൽ ലഭിക്കുന്ന തുകയുമാണ് കോർപ്പറേഷന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സ്രോതസ്സ്.

(ഡി) നിലവിൽ മരണപ്പെട്ട ഗുണഭോക്താവിന്റെ നിലനിൽക്കുന്ന വായ്പയിൽ പലിശയും പിഴപ്പലിശയും പൂർണ്ണമായും, 25,000 രൂപവരെ മുതലും എഴുതിത്തള്ളാനുള്ള പദ്ധതി മാത്രമാണ് നടപ്പിലാക്കിവരുന്നത്.

(ഇ) കോർപ്പറേഷന്റെ വിവിധ പദ്ധതികളുടെ വിനിയോഗം ഫലപ്രദമാണെന്ന് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കടുത്തുരുത്തി ഞീഴൂർ പഞ്ചായത്തുവക സ്ഥലം കോളേജിന് കൈമാറുന്ന നടപടിക്ക് കാലതാമസം**

40(3458) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനിയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത്വക സ്ഥലം കൈമാറുന്നതിന് നൽകിയിരുന്ന പ്രൊപ്പോസലിന് നിയമ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) ഈ ഫയൽ തീർപ്പാക്കുന്നതിന് നിയമ വകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയുംവേഗം ഫയൽ തീർപ്പാക്കി കോളേജിന് സ്ഥലം വിട്ടുനൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ ഗ്രാമപഞ്ചായത്തുവക സ്ഥലം കൈമാറുന്നതിന് ഞീഴൂർ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക്ഭൂമി സർക്കാരിൽ പുനർനിക്ഷിപ്തമാക്കി ഭരണ വകുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും, ടി ഭൂമി റവന്യൂ പുറമ്പോക്കുഭൂമിയാകുന്നമുറയ്ക്ക്, ഭൂമി IHRD-യ്ക്ക് കൈമാറാൻ റവന്യൂ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്നും ഭരണവകുപ്പിനെ നിയമ വകുപ്പ് അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് പ്രസ്തുത പുറമ്പോക്കുഭൂമി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള കരട് വിജ്ഞാപനം സൂക്ഷ്മപരിശോധനയ്ക്കായി നിയമവകുപ്പിന് നൽകിയിരുന്നതും നിയമവകുപ്പ് സൂക്ഷ്മപരിശോധന നടത്തി 5-5-2017-ന് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ളതുമാകുന്നു. ഇക്കാര്യത്തിൽ നിയമ വകുപ്പിൽ നിന്നും കാലതാമസമുണ്ടായിട്ടില്ല.

(ബി) ഫയൽ തീർപ്പാക്കുന്നതിന് നിയമവകുപ്പിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല. സ്ഥലം വിട്ടുനൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.

## ലീഗൽ അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കാനുള്ള നടപടി

41(3459) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ ചുരുക്കം ചില വകുപ്പുകളിൽ മാത്രമേ നിലവിൽ ലീഗൽ അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുള്ളൂവെന്നതിനാൽ ഇവരുടെ സേവനം അത്യാവശ്യമാകുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ വിവിധ വകുപ്പുകളിൽ ലീഗൽ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

വിവിധ വകുപ്പുകളിൽ ലീഗൽ അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ നിലവിലില്ല.

## കേന്ദ്ര റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടി

42 (3460) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ.നാണു:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ റിയൽ എസ്റ്റേറ്റ് നിയന്ത്രണ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; പുതിയ നിയമത്തിലെ ഏതെല്ലാം വ്യവസ്ഥകളാണ് ഉപഭോക്താവിന് ഏറ്റവും ഗുണകരമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; കരട് ചട്ടങ്ങളുടെ കോപ്പി ലഭ്യമാക്കുമോ;

(സി) നിലവിലുള്ള റിയൽ എസ്റ്റേറ്റ് നിയന്ത്രണ അതോറിറ്റി പിരിച്ചുവിടുന്നതിനോ അഥവാ പുതിയ നിയമം അനുസരിച്ച് ഇതിന് നിയമ പ്രാബല്യം നൽകാനാണോ ഉദ്ദേശിക്കുന്നത്;

(ഡി) ഉപഭോക്താക്കളെ റിയൽ എസ്റ്റേറ്റ് തട്ടിപ്പുകാരിൽനിന്നും രക്ഷിക്കാനുള്ള പ്രസ്തുത നിയമം സംസ്ഥാനത്ത് ഉടൻ നടപ്പിൽവരുത്താനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കേന്ദ്ര ആക്ടായ 2016-ലെ റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് നിലവിൽവരുന്നതിന് മുമ്പുതന്നെ ഈ വിഷയത്തിലുള്ള സംസ്ഥാന ആക്ട് പ്രാബല്യത്തിൽ വന്നിരുന്നു. കേന്ദ്ര ആക്ടിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാന ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

(ഡി) കേന്ദ്ര ആക്ടിന് അനുസൃതമായി ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി സംസ്ഥാന ആക്ട് റദ്ദാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗവ. പ്ലീഡർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

43 (3461) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാതലത്തിൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇപ്പോൾ എല്ലാ ജില്ലയിലും ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ;

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തങ്ങൾ വിലയിരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) 1978-ലെ The Kerala Government Law Officers (Appointment & Conditions of Service) and Conduct of Cases Rules-ലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ജില്ലാതലത്തിൽ ഗവ. പ്ലീഡർമാരെ നിയമിക്കുന്നത്.

(ബി) എല്ലാ ജില്ലകളിലേയ്ക്കുമുള്ള ജില്ലാ ഗവ. പ്ലീഡർമാരുടെയും അഡീഷണൽ ജില്ലാ ഗവ. പ്ലീഡർമാരുടെയും നിയമന നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(സി) ഗവൺമെന്റ് പ്ലീഡർമാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഓരോ മാസവും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ സ്യൂട്ട് കോൺഫറൻസും ഇതിനുപുറമെ നിയമ (ഇൻസ്പെക്ഷൻ) വകുപ്പിൽ നിന്നും ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങൾ, അഡീഷണൽ ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങൾ എന്നിവിടങ്ങളിൽ ഇൻസ്പെക്ഷനുകളും നടത്താറുണ്ട്. കൂടാതെ കേസുകളുടെ കാര്യക്ഷമമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലാ ഗവ. പ്ലീഡർമാരുടെ കാര്യാലയങ്ങളിലും CCMS (Court Cases Monitoring Solutions) സംവിധാനവും നിലവിലുണ്ട്.

**സംസ്ഥാന ഫോക്‌ലോർ അക്കാദമി**

44 (3462) ശ്രീ. എം. മുകേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഫോക് ലോർ അക്കാദമിയുടെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പൗരാണിക ചരിത്രത്തിന്റെ ശേഷിപ്പുകൾ പുതുതലമുറയ്ക്ക് പരിചയ പ്പെടുത്തുന്നതിനും കൈമാറുന്നതിനും അക്കാദമിയെ പ്രാപ്തമാക്കുമോ;

(സി) സംസ്ഥാനത്താകമാനമുള്ള, അന്യം നിന്നുപോകുന്നതോ നാമാവശേഷ മായതോ ആയ നാടോടി കലാസാംസ്കാരിക പൈതൃകം വീണ്ടെടുക്കാനും ശേഖരിക്കുന്നതിനും സംസ്കാരികവിനിമയം സാധ്യമാക്കുന്നതിനും അക്കാദമിയെ സജ്ജമാക്കുന്നതിന് ഇടപെടുമോ?

ഉത്തരം

(എ) 1. നാടൻ കലാരംഗത്തുള്ള കലാകാരന്മാർക്ക് നൽകിവരുന്ന ചികിത്സാ സഹായം 10,000 രൂപയിൽനിന്ന് 25,000 രൂപയായി വർദ്ധിപ്പിച്ചു.

2. 398 കുട്ടികൾക്ക് നാടൻ കലകളുടെ അഭ്യസനത്തിന് പ്രതിമാസം 200 രൂപ പ്രകാരം സ്റ്റൈപ്പന്റ് നൽകി. പ്രസ്തുത തുക 2017-18-ൽ 200 രൂപയിൽനിന്ന് 300 രൂപയായി വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

3. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും കലാകാരന്മാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് 10 ദിവസം നീണ്ടുനിന്ന ഫോക്ക്ക്രാഫ്റ്റ് പെയിന്റിംഗ് വർക്ക്ഷോപ്പ് (ലോഹാർ-16) സംഘടിപ്പിച്ചു. കേരളത്തിൽ ഇദംപ്രഥമമായാണ് ഇത്തരത്തിലുള്ള ശില്പശാല സംഘടിപ്പിച്ചത്.

4. പത്തനംതിട്ട, പാലക്കാട് ജില്ലാ നാടൻ കലോത്സവങ്ങളും, കാസർഗോഡ് ജില്ലയിൽ ആദിവാസി കലോത്സവവും കണ്ണൂർ ജില്ലയിലെ പൊന്ന്യത്ത് കളരിപ്പയറ്റും നാടൻകലകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ശില്പശാലയും സംഘടിപ്പിച്ചു. ഇരിട്ടിയിൽ കൃഷിയും ഫോക്‌ലോറും എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും കലാവതരണങ്ങളും നടത്തി.

5. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്ത നൂറോളം ക്ലബ്ബുകളുമായി ചേർന്ന് ഗ്രാമീണതലത്തിൽ നാടൻ കലോത്സവങ്ങൾ അക്കാദമിയുടെ സാമ്പത്തിക സഹായത്തോടെ സംഘടിപ്പിച്ചു.

6. സാംസ്കാരിക വകുപ്പുമായി ചേർന്ന് കണ്ണൂരിൽ കാശ്മീരിലെ നാടൻ കലാകാരന്മാരുടെ പരിപാടികൾ സംഘടിപ്പിച്ചു.

7. കേരളത്തിലെ പ്രധാനപ്പെട്ട കാവുകളിൽ ഒന്നായ കർണ്ണാടക അതിർത്തിയിലെ ഉളൂർവനത്തിൽ 10 ദിവസം നീണ്ടുനിന്ന 60 തെയ്യങ്ങളുടെ കളിയാട്ടം ഡോക്യുമെന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

(ബി) പൗരാണിക ചരിത്രത്തിന്റെ ശേഷിപ്പുകൾ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നു. സ്കൂൾ കുട്ടികൾക്ക് അൻപതോളം നാടൻ കലാരൂപങ്ങൾ പരിചയപ്പെടുത്തുന്നതിന് സി.ഡി. തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ജനറൽ കൗൺസിൽ**

45 (3463) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജനറൽ കൗൺസിലിൽ വാസ്തുവിദ്യയുമായി ബന്ധമുള്ള എത്രപേരുണ്ട്; അവരുടെ പേരുവിവരം നൽകുമോ;

(സി) ജനറൽ കൗൺസിലിൽ നിന്നും വാസ്തുവിദ്യയിൽ കുലപതിയായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 15-3-2017-ലെ സ.ഉ.(സാധാ.)നമ്പർ 153/2017/സാം.ക.വ. ഉത്തരവുപ്രകാരം ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ബൈലോയിൽ വകുപ്പ് VIII3a(j) പ്രകാരം വ്യത്യസ്ത മേഖലകളിൽ സംഭാവനകൾ നൽകിയ 8 പേരെ ഭരണസമിതിലേയ്ക്ക് സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ഇതിൽ 3 പേർ വനിതകളും ഒരാൾ എസ്.സി./എസ്.ടി. വിഭാഗത്തിൽ നിന്നും ഒരാൾ വിശ്വകർമ്മ വിഭാഗത്തിൽനിന്നും ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണസമിതി പുനഃസംഘടിപ്പിച്ചിരിക്കുന്നത്.

(സി) വാസ്തുവിദ്യയിൽ കുലപതിയായ ശ്രീ. കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിയെ ഈ മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകൾ പരിഗണിച്ച് വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഡീൻ ആയി നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജനറൽ കൗൺസിൽ അംഗമായി നിയമിക്കാനും നിശ്ചയിച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തി തിയേറ്റർ സമുച്ചയ നിർമ്മാണം

46(3464) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി നഗരങ്ങളിലും ഗ്രാമങ്ങളിലും നിർമ്മിക്കുന്ന തിയേറ്റർ സമുച്ചയങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്;

(ബി) എത്ര മണ്ഡലങ്ങളിലാണ് ഇതിനായി സ്ഥലം ലഭ്യമായിട്ടുള്ളത്;

(സി) ഇവയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിച്ച് എപ്പോൾ തീർക്കാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്;

(ഡി) താനൂർ നിയോജകമണ്ഡലത്തിലെ സിനിമ-നാടക തിയേറ്റർ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാനാവും;

(ഇ) ഒരു തിയേറ്റർ സമുച്ചയത്തിൽ എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ആധുനിക ചലച്ചിത്ര തിയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബിയിൽ നിന്നും 100 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തീയേറ്റർ നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകാൻ താല്പര്യം പ്രകടിപ്പിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ സ്ഥലങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഉദ്യോഗസ്ഥ സംഘം പരിശോധിക്കുകയും സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്നതുമായി ബന്ധപ്പെട്ട നടപടികളുമായി സ്ഥാപന മേധാവികളുമായി തുടർ ചർച്ചകൾ നടന്നുവരികയുമാണ്. ചില തദ്ദേശഭരണ സ്ഥാപനങ്ങളുമായി സ്ഥലം വിട്ടുനൽകുന്നതിനുള്ള കരട് കരാർ കൈമാറിയിട്ടുണ്ട്. കിഫ്ബി ഫണ്ടിംഗിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ 39 തദ്ദേശ സ്വയംഭരണ/ വകുപ്പുകളിൽനിന്നും ടി പദ്ധതിയിൽ പങ്കാളികളാകുന്നതിനുള്ള നിർദ്ദേശം ലഭിച്ചിട്ടുണ്ട്.

(സി) ആദ്യഘട്ടത്തിൽ 100 കോടി രൂപയാണ് കിഫ്ബിയിൽ നിന്ന് ലഭിക്കുക. ഈ സാമ്പത്തിക വർഷം ഈ ഫണ്ട് ഉപയോഗപ്പെടുത്തി 15 സ്ഥലങ്ങളിൽ 25 സ്ക്രീനുകളുടെ പണി തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) താനൂർ നിയോജക മണ്ഡലത്തിൽ സിനിമാ തീയേറ്റർ നിർമ്മാണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലം പി.ഡബ്ല്യു.ഡി.-യിൽനിന്ന് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) രണ്ട് തീയേറ്ററടങ്ങുന്ന സമുച്ചയത്തിൽ നേരിട്ട് 10 പേർക്കും പരോക്ഷമായി 12 പേർക്കും തൊഴിൽ നൽകാൻ സാധിക്കും. എന്നാൽ തീയേറ്ററിന്റെ വിസ്താരമനുസരിച്ച് മേൽ കണക്കുകൾ മാറാവുന്നതാണ്.

## തൃപ്പൂണിത്തുറയിൽ മാനവീയം വീഥി മാതൃകയിൽ സാംസ്കാരിക പരിപാടി അവതരണ കേന്ദ്രം

47 (3465) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മാനവീയം വീഥിയുടെ മാതൃകയിൽ തൃപ്പൂണിത്തുറ കേന്ദ്രമാക്കി ഒരു പ്രതിവാര സാംസ്കാരികപരിപാടി അവതരണ കേന്ദ്രം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പാരമ്പര്യകലകൾക്കുകൂടി ഇത്തരം പ്രദർശന കേന്ദ്രങ്ങളിൽ അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ കേന്ദ്രമാക്കി പ്രതിവാര സാംസ്കാരിക പരിപാടി അവതരണ കേന്ദ്രത്തിനുള്ള പ്രൊപ്പോസൽ നിലവിലില്ല. ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## സിനിമ -ടി.വി. സീരിയൽ രംഗത്തുള്ള തൊഴിലാളികൾ

48 (3466) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിനിമാരംഗത്ത് വിവിധ വിഭാഗങ്ങളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു; കാറ്റഗറി തിരിച്ച് തൊഴിലാളികളുടെ എണ്ണം വ്യക്തമാക്കാമോ; ഇവരുടെ തൊഴിൽ സുരക്ഷക്കായി സർക്കാർ എന്തൊക്കെയാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സിനിമാവ്യവസായംമൂലം സർക്കാരിന് ലഭിക്കുന്ന മൊത്തം വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ സിനിമ അനുബന്ധ മേഖലയായ ടി.വി. സീരിയൽ രംഗത്ത് എത്ര തൊഴിലാളികൾ ജോലിചെയ്യുന്നു; ഇവർക്ക് പ്രത്യേക ക്ഷേമനിധിയോ തൊഴിൽ മാനദണ്ഡങ്ങളോ നിലവിലുണ്ടോ; ഇവ എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കേരളത്തിലെ സിനിമാ രംഗത്ത് വിവിധ വിഭാഗങ്ങളിലായി ജോലി ചെയ്യുന്ന തൊഴിലാളികളെ സംബന്ധിച്ച ക്രോഡീകരിച്ച വിവരം ലഭ്യമല്ല. സിനിമാ വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ടി മേഖലയിൽ തൊഴിൽ സംരക്ഷണം ഉറപ്പാക്കുന്നതിനുമുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിച്ച് വരുന്നത്. സിനിമാ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ചികിത്സാ ധനസഹായമായി പരമാവധി 25,000 രൂപയും അവശകലാകാരന്മാർക്ക് പ്രതിമാസം 1,000 രൂപ വീതം പെൻഷനും ചലച്ചിത്ര അക്കാദമി നൽകിവരുന്നു. കൂടാതെ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള എല്ലാവർക്കും ക്ഷേമനിധി പദ്ധതി പ്രകാരമുള്ള എല്ലാവിധ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല.

(സി) ടി.വി. സീരിയൽ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമല്ല. ടി.വി. രംഗത്ത് പ്രവർത്തിക്കുന്ന വർക്ക് പ്രത്യേക ക്ഷേമനിധി നിലവിലില്ല.

## ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ സമുച്ചയങ്ങൾ

49 (3467) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ തീയേറ്റർ സമുച്ചങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രകാരം ഏതൊക്കെ സ്ഥലങ്ങളാണ് പ്രസ്തുത സമുച്ചയങ്ങൾ നിർമ്മിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രകാരം ഏകദേശം 39-ഓളം

സ്ഥലങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ഉദ്യോഗസ്ഥ സംഘം സന്ദർശിച്ച് സാധ്യതാ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ പരിഗണിക്കേണ്ട സ്ഥലങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നഗരസഭകളിൽ ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്റർ കോംപ്ലക്സുകൾ

50 (3468) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ നഗരസഭകളിലും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ തിയേറ്റർ കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ എല്ലാ നഗരസഭകളുടെയും അദ്ധ്യക്ഷരുടെ യോഗം വിളിച്ചുചേർക്കുമോ?

ഉത്തരം

(എ) ആധുനിക ചലച്ചിത്ര തിയേറ്റർ സമുച്ചയങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കിഫ്ബിയിൽ നിന്നും 100 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ ഒരേ സമയം എത്തിക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ അങ്ങോളമിങ്ങോളം തിയേറ്റർ സമുച്ചയങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നിർമ്മിക്കുന്ന ബൃഹത് പദ്ധതിക്ക് സർക്കാരും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും തുടക്കമിട്ടുകഴിഞ്ഞു. ഇതിന്റെ ഭാഗമായി ആവശ്യത്തിന് സ്ഥലം ലഭ്യതയുള്ള നഗരസഭകളിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ തിയേറ്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഒട്ടാകെ 50 തിയേറ്ററുകളാവും കെ.എസ്.എഫ്.ഡി.സി. വഴി നിർമ്മിക്കുക. ഇത് ഘട്ടംഘട്ടമായി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) എല്ലാ നഗരസഭകളുടെയും അദ്ധ്യക്ഷന്മാരുടെ യോഗം വിളിച്ചുചേർക്കുന്നത് പരിഗണനയിലില്ല. ആദ്യഘട്ടത്തിൽ തിയേറ്റർ സ്ഥാപിക്കുന്നതിനായി താൽപ്പര്യപ്പെടുന്ന 39 തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ പ്രൊപ്പോസലുകളിൽ നിന്നും 15 എണ്ണം തെരഞ്ഞെടുത്തിട്ടുണ്ട്.

## ചലച്ചിത്ര സൊസൈറ്റികളുടെ പ്രവർത്തനം വിപുലപ്പെടുത്താൻ നടപടി

51 (3469) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചലച്ചിത്ര സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഉൾനാടൻ ഗ്രാമകേന്ദ്രങ്ങളിൽ നല്ല സാംസ്കാരിക മൂല്യമുള്ളതും ലോകോത്തര ക്ലാസിക്കുകളും ആയ ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിലേക്കായി ചലച്ചിത്ര അക്കാഡമി മുഖേന കൂടുതൽ സഞ്ചരിക്കുന്ന തീയേറ്ററുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചലച്ചിത്ര സൊസൈറ്റികളുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി അവരുടെ ആവശ്യപ്രകാരം നല്ല കാലാമൂല്യമുള്ള സിനിമകൾ പ്രദർശിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ചലച്ചിത്ര സൊസൈറ്റികൾ നടത്തുന്ന ചലച്ചിത്ര മേളകൾക്ക് അവരുടെ ആവശ്യപ്രകാരം അക്കാദമി ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി സാമ്പത്തിക സഹായവും നൽകിവരുന്നു.

(ബി) ഉൾനാടൻ ഗ്രാമകേന്ദ്രങ്ങളിൽ നല്ല സാംസ്കാരികമൂല്യമുള്ളതും ലോകോത്തര ക്ലാസിക്കുകളുമായ ചലച്ചിത്രങ്ങൾ അവിടെയുള്ള ചലച്ചിത്ര സൊസൈറ്റികളുടെയും ക്ലബ്ബുകളുടെയും ആവശ്യപ്രകാരം അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടൂറിംഗ് ടാക്കീസ് പ്രവർത്തനങ്ങൾ സംസ്ഥാനത്ത് 3 മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും പ്രത്യേകം മൊബൈൽ തീയേറ്ററുകൾ അനുവദിച്ച് വിപുലീകരിക്കുന്ന പദ്ധതി ഈ വർഷം ആരംഭിക്കുകയാണ്.

**ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് അനുമതി**

52 (3470) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ലയും മണ്ഡലവും തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലേക്കായി ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിച്ചു നൽകുന്നതിനായി നല്കിയ പ്രൊപ്പോസലിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് അനുമതി നൽകിയിട്ടില്ല.

(ബി) കരിമ്പ ഗ്രാമപ്പഞ്ചായത്തിലെ ഇടകുർശി കേന്ദ്രീകരിച്ച് ഒരു ഫോറസ്റ്റ് സ്റ്റേഷൻ അനുവദിച്ചുനൽകണമെന്ന് കോങ്ങാട് എം.എൽ.എ. അപേക്ഷിച്ചിട്ടുണ്ട്. പുതിയ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുമ്പോൾ മേൽ അപേക്ഷയും പരിഗണിക്കുന്നതാണ്.

**തടി മില്ലുകൾക്കുള്ള ലൈസൻസ്**

53 (3471) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള എത്ര തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്; ആയതിന്റെ കണക്ക് സർക്കാരിന്റെ പക്കൽ ലഭ്യമാണെങ്കിൽ ജില്ല തിരിച്ച് മറ്റ് വിശദാംശങ്ങൾ ഉൾപ്പെടെ വെളിപ്പെടുത്തുമോ;

(ബി) പുതിയ തടിമില്ലുകൾക്ക് ലൈസൻസ് ഇപ്പോൾ നൽകിവരുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പുതിയ തടിമില്ല് തുടങ്ങുന്നതിനായി അപേക്ഷകൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് പലയിടങ്ങളിലും ലൈസൻസ് കിട്ടിയതിനുശേഷം പൂട്ടിയ തടിമില്ലുകൾ തുറക്കുവാൻ ഇപ്പോൾ നിയമം അനുവദിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ലൈസൻസ് കിട്ടിയതിനുശേഷം പൂട്ടിക്കിടക്കുന്ന തടിമില്ലുകൾ നിലവിലുള്ള ജില്ലയിൽനിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റിസ്ഥാപിക്കുവാൻ ഇപ്പോൾ അനുമതി നൽകി വരുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ള 2949 തടിമില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 110 |
| 2 | കൊല്ലം | 354 |
| 3 | പത്തനംതിട്ട | 182 |
| 4 | കോട്ടയം | 241 |
| 5 | ആലപ്പുഴ | 202 |
| 6 | ഇടുക്കി | 57 |
| 7 | എറണാകുളം | 308 |
| 8 | തൃശ്ശൂർ | 269 |
| 9 | പാലക്കാട് | 371 |
| 10 | മലപ്പുറം | 320 |
| 11 | കോഴിക്കോട് | 229 |
| 12 | വയനാട് | 45 |
| 13 | കണ്ണൂർ | 189 |
| 14 | കാസർഗോഡ് | 72 |
| | **ആകെ** | **2949** |

(ബി) റബ്ബർ, ഇറക്കുമതി ചെയ്ത തടി എന്നിവയിൽ അധിഷ്ഠിതമായ മില്ലുകൾക്ക് കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമൻഡ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾക്ക് വിധേയമായി പുതുതായി ലൈസൻസ് നൽകിവരുന്നുണ്ട്. എന്നാൽ പുതുതായി ആരംഭിക്കുന്ന മറ്റു തടിയധിഷ്ഠിത മില്ലുകൾക്ക് ടി ചട്ടങ്ങൾ പ്രകാരം വുഡ് ബാലൻസ് സ്റ്റഡി കഴിഞ്ഞതിനുശേഷം മാത്രമേ ലൈസൻസ് നൽകാൻ സാധിക്കുകയുള്ളൂ. ആയതിനായി കെ.എഫ്.ആർ.ഐ. പീച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) റബ്ബർ, ഇറക്കുമതി ചെയ്ത തടി എന്നിവ ഉപയോഗിച്ചുള്ള തടിമില്ലിന് കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമെന്റ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾ പ്രകാരം നിശ്ചിത പ്രൊഫോർമയിൽ അതത് ആതറൈസ്ഡ് ഓഫീസർക്ക് ഇതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മറ്റു മരങ്ങൾ ഉപയോഗിച്ചുള്ള തടിമില്ലുകൾക്ക് വുഡ് ബാലൻസ് സ്റ്റഡി റിപ്പോർട്ടിന്മേൽ തീരുമാനമാകുന്നതുവരെ അപേക്ഷകൾ സ്വീകരിക്കുന്നില്ല. വുഡ് ബാലൻസ് സ്റ്റഡി റിപ്പോർട്ടിനായി കെ.എഫ്.ആർ.ഐ. പീച്ചിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമെന്റ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിച്ച തടിമില്ലുകൾക്ക് നിയമ തടസ്സങ്ങളില്ലായെങ്കിൽ തുറക്കുന്നതിന് അനുമതി നൽകിവരുന്നുണ്ട്.

(ഇ) കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സാ മിൽസ് ആൻഡ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രിയൽ യൂണിറ്റ്സ്) റൂൾ 2012, അമെന്റ്മെന്റ് റൂൾ 2015 എന്നീ ചട്ടങ്ങൾ പ്രകാരം ലൈസൻസ് ലഭിച്ച തടിമില്ലുകൾ നിലവിൽ പ്രവർത്തിക്കുന്ന ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിന് മേൽ ചട്ടങ്ങൾക്ക് വിധേയമായി വനം വകുപ്പിൽനിന്നും അനുമതി നൽകിവരുന്നുണ്ട്.

## വനപ്രദേശത്തിന്റെ വിസ്തൃതി

54(3472) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനപ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വനപ്രദേശത്തിന്റെ വിസ്തൃതി കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനപ്രദേശത്തിന്റെ വിസ്തൃതി കുറയാതിരിക്കാൻ വനാതിർത്തി സർവ്വേ ചെയ്ത് അതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ടയിട്ട് വനപ്രദേശത്തെ സംരക്ഷിച്ച് വരുന്നു.

## ഇക്കോ ടൂറിസം പദ്ധതികൾ

55 (3473) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ഇക്കോ ടൂറിസം പദ്ധതികൾ ഏതെല്ലാമാണ് ; വ്യക്തമാക്കുമോ;

(ബി) ടൂറിസം വകുപ്പിന്റെയും സ്വകാര്യ വ്യക്തികളുടെയും സഹായത്തോടുകൂടി ഇക്കോ ടൂറിസം പ്രോജക്ടുകൾ വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) നിലവിലുള്ള ഇക്കോ ടൂറിസം സെന്ററുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടറോഡുകൾ സമയബന്ധിതമായി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 32 വനം ഡിവിഷനുകളുടെ കീഴിലായി 60 ഇക്കോ ടൂറിസം പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നു. ഇവയുടെ ലിസ്റ്റ് അനുബന്ധ മായി ചേർത്തിട്ടുണ്ട്*.

(ബി) വനം വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ചും ടൂറിസം വകുപ്പിൽ നിന്നും കിട്ടുന്ന ധനസഹായം ഉപയോഗിച്ചും ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇക്കോ ടൂറിസം പ്രദേശങ്ങൾ സന്ദർശിക്കാനെത്തുന്നവർക്ക് ആവശ്യമുള്ള ടോയ്‌ലെറ്റ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനും മറ്റുമായി ഈ ഫണ്ട് പ്രധാനമായും ഉപയോഗിക്കുന്നു. ഇത്തരത്തിൽ 38 പ്രദേശങ്ങളിൽ ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ ഇക്കോ ടൂറിസം നടപ്പാക്കി വരുന്നുണ്ട്.

(സി) വനത്തിനുള്ളിലെ റോഡുകളിൽ നിലവിലെ നിയമങ്ങൾക്ക് വിധേയമായി അറ്റകുറ്റപ്പണികളും നവീകരണ പ്രവൃത്തികളും നടത്തിവരുന്നുണ്ട്. ഇവയിൽ ഇക്കോടൂറിസം സെന്ററുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളിലും ഇത്തരത്തിലുള്ള പ്രവൃത്തികൾ നടത്താറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വനഭൂമി കയ്യേറ്റം**

56 (3474) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ഉയർന്ന അന്തരീക്ഷ താപം കാരണം കാട്ടുതീയുടെ സാധ്യതകൾ**

57 (3475) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന അന്തരീക്ഷ താപം കാട്ടുതീയുടെ സാധ്യതകൾ വർദ്ധിപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാട്ടുതീ കാരണം എത്ര വനം നശിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016-ലെ തുലാവർഷത്തിലും കാലവർഷത്തിലും കാര്യമായ കുറവ് വന്നിട്ടുള്ളതും വേനൽമഴയുടെ അഭാവവും കടുത്ത വരൾച്ചയ്ക്ക് കാരണമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വനമേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത വളരെ കൂടുതലാണ്. ഇത് മുന്നിൽകണ്ടുകൊണ്ട് വനംവകുപ്പ്, വനമേഖലയിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വിലയിരുത്തി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകളും നടപടികളും അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2984.18 ഹെക്ടർ വനഭൂമിയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫോറസ്ട്രി ക്ലബ്ബുകൾ

58(3476) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ ഫോറസ്റ്റ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ സന്നദ്ധ സംഘടനകൾ, വായനശാലകൾ എന്നിവിടങ്ങളിൽ ട്രീ ക്ലബ്ബുകൾ നിലവിലുണ്ടോ; ഇവയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ നിരവധി ട്രീ ക്ലബ്ബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ഫോറസ്റ്റ് വകുപ്പിന് അറിയാമോ;

(ഡി) ഇത്തരം ട്രീ ക്ലബ്ബുകൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമൂഹ്യ വനവത്കരണ വിഭാഗത്തിന്റെ സഹകരണത്തോടെ സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആകെ 957 ഫോറസ്ട്രി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ട്രീ ക്ലബ്ബുകൾ പോലെയുള്ള അനേകം പരിസ്ഥിതി സംരക്ഷണ സംഘടനകൾ നിലവിലുണ്ട്. ജൂൺ 5-ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇവയിൽ മിക്ക ക്ലബ്ബുകളും വൃക്ഷത്തൈ നടീൽ, മറ്റ് പരിസ്ഥിതി സംരക്ഷണ അവബോധ പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് ട്രീ ക്ലബ്ബുകൾ പോലെയുള്ള അനേകം പരിസ്ഥിതി സംരക്ഷണ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള ക്ലബ്ബുകൾക്ക് അവരുടെ അപേക്ഷയിന്മേൽ മെമ്പർമാർക്കും പൊതുജനങ്ങൾക്കും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, വൃക്ഷത്തൈകൾ അത്തരം ക്ലബ്ബുകളിലൂടെ വിതരണം ചെയ്യുക എന്നീ സഹായങ്ങൾ നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് വനം വകുപ്പ് നൽകിവരുന്നുണ്ട്.

## വനസംരക്ഷണ വിഭാഗങ്ങളിലെ കോൺട്രാക്ട് ജീവനക്കാർ

59(3477) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ വിവിധ വിഭാഗങ്ങളിലും വനസംരക്ഷണ വിഭാഗങ്ങളിലും ദിവസവേതന അടിസ്ഥാനത്തിലും കോൺട്രാക്ട് അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കുന്നുണ്ടോ;

(ബി) ഓരോ വിഭാഗത്തിലും ഇത്തരത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ വ്യക്തമായ വിവരം ; ജില്ല തിരിച്ചും ഡിവിഷൻ തിരിച്ചും ലഭ്യമാക്കുമോ;

(സി) ഈ വിഭാഗം ജീവനക്കാരുടെ നിയമനത്തിൽ സംവരണതത്വം പാലിക്കുന്നില്ലെന്ന പരാതി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദിവസവേതനാടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ജീവനക്കാരെ നിയമിക്കാറുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) അനുവദനീയമായ തസ്തിക ഇല്ലാത്ത സന്ദർഭങ്ങളിലും അടിയന്തര സാഹചര്യങ്ങളിലുമാണ് ദിവസവേതന/കരാർ ജീവനക്കാരെ നിയമിക്കുന്നത്. വനം വകുപ്പിൽ സംവരണതത്വം പാലിക്കുന്നില്ലെന്ന തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

**വനമേഖലയിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി**

60 (3478) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ റോഡിന്റെ വശങ്ങളിലും പരിസരങ്ങളിലും അറവുശാല മാലിന്യങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും വാഹനങ്ങളിൽ കൊണ്ടുവന്ന് തള്ളുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങൾ ഏതെങ്കിലും കഴിഞ്ഞ ഒരു വർഷത്തിനകം കസ്റ്റഡിയിൽ എടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിവരം നൽകുമോ;

(സി) നിലമ്പൂർ വനമേഖല, കോഴിക്കോട് -ഗൂഡല്ലൂർ പാത എന്നിവടങ്ങളിലെ ഇത്തരം മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വന്യജീവികളുടെ നിലനില്പിന് ഭീഷണി ഉയർത്തുന്ന ഈ പ്രവണത തടയാൻ വനം വകുപ്പിന് സംവിധാനമുണ്ടോ; എങ്കിൽ അതെന്താണെന്നും അത് പ്രാവർത്തികമാക്കാത്തതെന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽ വന്നിട്ടുണ്ട്.

(ബി) വിവിധ വനം ഡിവിഷനുകളിൽ രജിസ്റ്റർ ചെയ്ത ഇത്തരം കേസുകളിൽ കഴിഞ്ഞ ഒരു വർഷത്തിനകം 6 വാഹനങ്ങൾ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വന്യജീവികളുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്ന ഇത്തരം പ്രവണതകൾ തടയുന്നതിനായി പ്രത്യേകമായി സംരക്ഷണ ജീവനക്കാരെ രാത്രികാലങ്ങളിൽ പട്രോളിംഗിന് നിയോഗിക്കുന്നുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ഈ മേഖലയിൽ വാഹന പരിശോധനയും നടത്തുന്നുണ്ട്. കൂടാതെ നിയമ ഭേദഗതിയും പരിഗണിക്കുന്നതാണ്.

**പത്തനംതിട്ട ജില്ലയിലെ വനങ്ങളിൽനിന്നും മൃഗങ്ങളെ വേട്ടയാടിയ കേസുകൾ**

61(3479) ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പത്തനംതിട്ട ജില്ലയിലെ വനങ്ങളിൽനിന്നും മൃഗങ്ങളെ വേട്ടയാടിയത് സംബന്ധിച്ച് വനം വകുപ്പ് എത്ര കേസുകൾ എടുത്തിട്ടുണ്ട്;

(ബി) ഏതെല്ലാം കേസുകളാണ് ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ഉള്ളത്; വ്യക്തമാക്കുമോ;

(സി) എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിച്ച കേസുകൾ ഏതെല്ലാമാണ്;

(ഡി) പത്തനംതിട്ട ജില്ലയിൽ ലൈസൻസ് ഇല്ലാത്ത തോക്ക് കൈവശം വച്ചതിന് വനം വകുപ്പ് പിടികൂടിയ കേസുകൾ ഏതെല്ലാമാണ്?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിലെ വനങ്ങളിൽനിന്നും മൃഗങ്ങളെ വേട്ടയാടിയത് സംബന്ധിച്ച് വനം വകുപ്പ് അഞ്ച് കേസുകളെടുത്തിട്ടുണ്ട്.

(ബി) ഇവയിൽ ചുവടെ പറയുന്ന നാല് കേസുകൾ കോടതിയുടെ പരിഗണനയിലാണ്:

1. ഒ.ആർ. 1/2016 ഗുരുനാഥൻമണ്ണ് ഫോറസ്റ്റ് സ്റ്റേഷൻ
2. ഒ.ആർ. 1/ 2016 പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ
3. ഒ.ആർ. 6/2016 കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷൻ
4. ഒ.ആർ. 3/2016 ഗുരുനാഥൻമണ്ണ് ഫോറസ്റ്റ് സ്റ്റേഷൻ

(സി) അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ താഴെപ്പറയുന്ന നാല് കേസുകളിൽ അറസ്റ്റ് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ഒ.ആർ. 1/2016 ഗുരുനാഥൻമണ്ണ് ഫോറസ്റ്റ് സ്റ്റേഷൻ
2. ഒ.ആർ. 1/ 2016 പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷൻ
3. ഒ.ആർ. 6/2016 കൊച്ചുകോയിക്കൽ ഫോറസ്റ്റ് സ്റ്റേഷൻ
4. ഒ.ആർ. 3/2016 ഗുരുനാഥൻമണ്ണ് ഫോറസ്റ്റ് സ്റ്റേഷൻ

ഒരു കേസിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) പുലിയെ വെടിവച്ചതിന് പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 1/2016 നമ്പർ കേസിൽ തൊണ്ടിയായി കണ്ടെടുത്ത നാടൻ തോക്കിന് ലൈസൻസില്ല. ടി തൊണ്ടിമുതൽ റാന്നി ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കി തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ വനവിസ്തൃതി**

62 (3480) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി ഇപ്പോൾ എത്ര ഹെക്ടറാണ്; ഇത് സംസ്ഥാനത്തിന്റെ ഏതൊക്കെ ഭാഗങ്ങളിലായി സ്ഥിതിചെയ്യുന്നു;

(ബി) വനഭൂമിയും വന സമ്പത്തും സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായ സാഹചര്യമുണ്ടോ;

(സി) എങ്കിൽ ഇവ രണ്ടും സംരക്ഷിക്കുന്നതിനായി നിലവിലുള്ള നിയമങ്ങളും സംവിധാനങ്ങളും എന്തെല്ലാമാണ്;

(ഡി) ഇപ്പോഴത്തെ നിയമങ്ങളും സംവിധാനങ്ങളും വനഭൂമിയുടെയും വനസമ്പത്തിന്റെയും സംരക്ഷണത്തിന് പര്യാപ്തമാണോ; ഇല്ലെങ്കിൽ ഭാവിയിൽ ഈ രംഗത്ത് നടത്താനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വനവിസ്തൃതി ഇപ്പോൾ 1130941.71 ഹെക്ടറാണ്. ജില്ല തിരിച്ചുള്ള വനവിസ്തൃതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | വിസതീർണ്ണം (ഹെക്ടറിൽ ) |
|---|---|---|
| 1 | തിരുവനന്തപുരം | 46383.41 |
| 2 | കൊല്ലം | 84056.72 |
| 3 | പത്തനംതിട്ട | 153379.37 |
| 4 | ആലപ്പുഴ | 0.00 |
| 5 | കോട്ടയം | 10084.50 |
| 6 | എറണാകുളം | 82383.02 |
| 7 | ഇടുക്കി | 271372.26 |
| 8 | തൃശ്ശൂർ | 102275.17 |
| 9 | പാലക്കാട് | 152735.64 |
| 10 | മലപ്പുറം | 72391.81 |
| 11 | കോഴിക്കോട് | 29045.14 |
| 12 | വയനാട് | 90704.47 |
| 13 | കണ്ണൂർ | 24157.16 |
| 14 | കാസർഗോഡ് | 11973.04 |
| | **ആകെ** | **1130941.71** |

(ബി) വനഭൂമിയും വനസമ്പത്തും സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായ സാഹചര്യമില്ല.

(സി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) പൂർണ്ണമായും പര്യാപ്തമല്ല. ഭാവിയിൽ വനത്തിന്റെ സ്ഥായിയായ നിലനിൽപ്പിനും ജൈവവൈവിധ്യ സംരക്ഷണത്തിന് പര്യാപ്തമാകുന്ന വിധത്തിൽ കേരള വനനിയമത്തിന്റെ കരട് ഭേദഗതി തയ്യാറാക്കിവരുന്നു. നിയമ ഭേദഗതിയിൽ നിലവിൽ വനകുറ്റങ്ങളായി ഉൾപ്പെട്ടിട്ടില്ലാത്ത വനത്തിനുള്ളിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ഉപേക്ഷിക്കൽ വനത്തിനുള്ളിലെ ജലസ്രോതസ്സുകളെയും ജലാശയങ്ങളെയും വിഷവസ്തുക്കൾ/സ്ഫോടക വസ്തുക്കൾ മുതലായവമൂലം മലിന

പ്പെടുത്തൽ, വനത്തിനുള്ളിൽ തോക്ക്/സ്ഫോടക വസ്തുക്കളുമായി പ്രവേശിക്കൽ, വന്യമൃഗങ്ങളെ ഉപദ്രവിക്കൽ/ആഹാരം നൽകൽ, വന്യജീവികൾക്ക് അപകടം വരത്തക്കവിധത്തിലുള്ള അലക്ഷ്യമായ വാഹനം ഓടിക്കൽ എന്നിവ വനകുറ്റകൃത്യങ്ങളായി നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**കൊടികുത്തിമല പ്രദേശത്തെ വനവൽക്കരണം**

63(3481) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ കൊടികുത്തിമല പ്രദേശത്ത് വനവത്കരണം നടത്തുന്നതിന് സഹായമഭ്യർത്ഥിച്ചു കൊണ്ട് പി.റ്റി.എം.എച്ച്.എസ്.എസ് താഴെക്കോട് സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റ് സമർപ്പിച്ച അപേക്ഷയിൻമേൽ മലപ്പുറം (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത അപേക്ഷ സമർപ്പിച്ച സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ എന്തെല്ലാം സഹായങ്ങൾ ഇതുവരെ നൽകിയിട്ടുണ്ട്; ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ വനവൽക്കരണത്തിനായി വൃക്ഷത്തൈകളോ ചെടികളോ സന്നദ്ധ സേവകർക്ക് വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ ഏകദേശം എത്ര സ്ഥലത്ത് ഇവ വച്ചു പിടിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിലെ, മലപ്പുറം (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിൽ പിടി.എം. എച്ച്.എസ്.എസ്. താഴേക്കോട് എൻ.എസ്.എസ്. യൂണിറ്റ് സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തി. കൊടികുത്തി മലയിലെ മുഴുവൻ ഭാഗങ്ങളും ധാരാളം പാറകളുള്ള പുൽമേടായതിനാൽ തൈകൾ വച്ചുപിടിപ്പിക്കാൻ കഴിയില്ല.

(ബി) പ്രസ്തുത അപേക്ഷ സമർപ്പിച്ച സന്നദ്ധ സേവകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ സഹായങ്ങൾ നൽകാൻ സാധിച്ചിട്ടില്ല. കൊടികുത്തിമല പ്രദേശത്തെ പിടി.എം. എച്ച്.എസ്.എസ്. താഴേക്കോട് സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റിനെക്കൂടി വനവൽക്കരണ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കാൻ മലപ്പുറം (സോഷ്യൽ ഫോറസ്ട്രി) അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത സ്ഥലത്ത് വനവത്കരണം നടത്തുന്നത് നിലമ്പൂർ സൗത്ത്

ഡിവിഷനിലെ ഇ.ഡി.സി. മുഖേനയാണ്. നിലമ്പൂർ സൗത്ത് ഡിവിഷനിലെ കാളികാവ് റെയ്ഞ്ചിന്റെ പരിധിയിൽവരുന്ന കൊടികുത്തിമല വനഭാഗം പാറക്കെട്ടുകൾ നിറഞ്ഞ പുൽമേടായതിനാലും സ്വാഭാവിക സസ്യജാലം പുല്ലുകളായതിനാലും വൃക്ഷത്തൈകൾ നടുന്നതിന് അനുയോജ്യമല്ല. ഇതിന് സമീപത്തുള്ള നിലമ്പൂർ സൗത്ത് ഡിവിഷനിലെ വെട്ടത്തൂർ ഭാഗത്ത് വനവത്കരണം നടത്തുന്നതിന് എൻ.എസ്.എസ്. യൂണിറ്റിന് താൽപ്പര്യമുണ്ടെങ്കിൽ പരിഗണിക്കുന്നതാണ്.

## വനാതിർത്തിയോട് ചേർന്നുകിടക്കുന്ന ഭൂമി വനത്തോട് ചേർത്തുകൊണ്ടുള്ള വിജ്ഞാപനം

64 (3482) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977-ന് ശേഷം വനാതിർത്തിയോട് ചേർന്നുകിടക്കുന്ന എത്ര ഏക്കർ ഭൂമി വനത്തോട് ചേർത്ത് വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) കൃഷിയിടങ്ങൾ വനം വകുപ്പിനോട് ചേർത്തിട്ടുള്ള ഇടങ്ങളിലെ പരാതികൾ അദാലത്ത് നടത്തി നിയമപരമായി അർഹതപ്പെട്ടവർക്ക് അതിവേഗം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിലുള്ള വിശദവിവരം നൽകുമോ; ഇതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ?

ഉത്തരം

(എ) 1977-ന് ശേഷം വനാതിർത്തിയോട് ചേർന്നുകിടക്കുന്ന 140695336 ഹെക്ടർ (34766.5746 ഏക്കർ) ഭൂമി ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് (ഇ.എഫ്.എൽ.) ആയി വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കോട്ടയം വൈൽഡ് ലൈഫ് സർക്കിളിന്റെ പരിധിയിൽവരുന്ന മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനിൽ റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നതുമായ 1281.7430 ഹെക്ടർ (3167.2532 ഏക്കർ) പ്രദേശം മതികെട്ടാൻഷോല നാഷണൽ പാർക്കായും 3,200.0027 ഹെക്ടർ (7,907.372 ഏക്കർ) വരുന്ന റവന്യൂ ഭൂമി കുറിഞ്ഞിമല വന്യജീവി സങ്കേതമായും പ്രഖ്യാപിച്ച് വനം വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) രണ്ട് ഹെക്ടറിൽ കൂടാത്ത ഇ.എഫ്.എൽ. സ്ഥലങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിച്ച് ശിപാർശകൾ നൽകാൻ എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, ശാസ്ത്രജ്ഞർ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ ഒരു

കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ 2001-ലെ ഇ.എഫ്.എൽ. ഓർഡിനൻസിന് കീഴിൽ വിജ്ഞാപനം ചെയ്യപ്പെട്ട ഇ.എഫ്.എൽ. സ്ഥലങ്ങൾ പരിശോധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുവാൻ കസ്റ്റോഡിയനെ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇ.എഫ്.എൽ. ആയി ഏറ്റെടുത്തതിനെതിരെ മുൻ ഉടമസ്ഥർക്ക് ഇതിനായി സ്ഥാപിച്ചിട്ടുള്ള ട്രിബ്യൂണലുകളെയും സമീപിക്കാവുന്നതാണ്. നാഷണൽ പാർക്കായും വന്യജീവി സങ്കേതമായും പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്.

**കണ്ടൽക്കാടുകൾ സംരക്ഷിക്കാൻ നടപടി**

65(3483) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കണ്ടൽക്കാടുകൾ സംരക്ഷിക്കുവാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) ദിനംപ്രതി കണ്ടൽക്കാടുകൾ നശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കാമോ;

(സി) കായലുകൾ, തോടുകൾ, നദികൾ, ആറുകൾ ഇവയുടെ വശങ്ങളിൽ കാണാറുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുവാൻ ആവശ്യമായ നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ;എങ്കിൽ അറിയിക്കാമോ;

(ഡി) കണ്ടൽ മേഖലയുടെ സ്കെച്ചും മാപ്പുകളും വനം വകുപ്പ് സൂക്ഷിക്കാറുണ്ടോ; എങ്കിൽ എത്ര വിസ്തൃതിയിൽ ഇപ്പോൾ കണ്ടൽക്കാടുകളുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന സ്ഥല ഉടമസ്ഥർക്ക് പ്രോത്സാഹനമെന്ന നിലയ്ക്ക് ഏക്കറിന് 4,000 രൂപ എന്ന തോതിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. അനുയോജ്യമായ പ്രദേശങ്ങളിൽ കണ്ടൽ വച്ചുപിടിപ്പിക്കുന്നതിനെപ്പറ്റി പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. കണ്ണൂർ

ജില്ലയിൽ 237.92 ഹെക്ടർ കണ്ടൽ വനങ്ങൾ റിസർവ് ഫോറസ്റ്റായും കോഴിക്കോട് ജില്ലയിൽ 2.82 ഹെക്ടറും മലപ്പുറം ജില്ലയിൽ 20.78 ഹെക്ടറും "പ്രാപ്പോസ്ഡ്" റിസർവ് ഫോറസ്റ്റായും 1961-ലെ കേരള വന സംരക്ഷണ നിയമപ്രകാരം പ്രഖ്യാപിക്കുകയും അവ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. നിലവിലുള്ള നിയമ നടപടിക്രമങ്ങൾക്കനുസൃതമായി കണ്ടൽക്കാടുള്ള മറ്റു ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ദിനംപ്രതി കണ്ടൽക്കാടുകൾ നശിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കായലുകൾ, തോടുകൾ, നദികൾ, ആറുകൾ ഇവയുടെ വശങ്ങളിൽ കണ്ടുവരുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും റവന്യൂ വകുപ്പിന്റെയും സഹകരണത്തോടെ വേണ്ട നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 2015-ലെ 'ഫോറസ്റ്റ് സർവ്വെ ഓഫ് ഇന്ത്യ' തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തിന്റെ കണ്ടൽ മേഖലയുടെ മാപ്പുകൾ ലഭ്യമാണ്. ഇതനുസരിച്ച് കേരളത്തിൽ 9 ചതുരശ്ര കിലോമീറ്റർ കണ്ടൽക്കാടുകളുള്ളതായി കണക്കാക്കിയിട്ടുണ്ട്.

**വന്യജീവി ആക്രമണം**

66 (3484) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവാസികൾക്കും, വനാതിർത്തിയിൽ താമസിക്കുന്നവർക്കും വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സർക്കാർ നൽകി വരുന്ന നഷ്ടപരിഹാരം എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) വന്യജീവി ആക്രമണം തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനവാസികൾക്കും വനാതിർത്തിയിൽ താമസിക്കുന്നവർക്കും വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ആയതുപ്രകാരം നിലവിലെ നഷ്ടപരിഹാരത്തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക |
|---|---|---|
| 1 | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| 2 | വിളനാശം, വീട് നഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |
| 3 | പരിക്ക് | പരമാവധി 75,000 രൂപ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ ) |
| 4 | മരണം | 5 ലക്ഷം രൂപ |
| 5 | വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടിമൂലമുള്ള മരണം | 1 ലക്ഷം രൂപ |

(ബി) വന്യജീവി ആക്രമണം തടയുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്കിറങ്ങിയ തായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

12. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

**വനം-വന്യജീവികളെ അറിയുന്നതിന് പരിശീലനം**

67(3485) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ വനം വന്യ ജീവികളെ അറിയുവാനും പഠിക്കുവാനും പ്രയോജനകരമാകുന്നവിധമുള്ള പരിശീലനം കുട്ടികൾക്ക് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന രീതി എങ്ങനെയാണ്; ആരാണ് ഇതിന്റെ നോഡൽ ഓഫീസർ; വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സ്ഥലങ്ങളിൽ വച്ചാണ് പരിശീലനം നൽകുന്നത്; പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ടോ;

(ഡി) പ്രകൃതിസ്നേഹവും പ്രകൃതി സംരക്ഷണവും കുട്ടികളിൽ വളർത്തുവാൻ പാഠ്യ പദ്ധതിയിൽ വേണ്ട മാറ്റങ്ങൾ വരുത്തുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വനം വന്യജീവി വകുപ്പിന് കീഴിലുള്ള വന്യജീവി സങ്കേതങ്ങളിലും ടൈഗർ റിസർവ്വുകളിലും പ്രകൃതിപഠന ക്യാമ്പുകൾ നടത്തിവരുന്നുണ്ട്. എല്ലാ

സാമ്പത്തിക വർഷത്തിന്റെയും തുടക്കംമുതൽ ഒടുക്കംവരെ ഏപ്രിൽ മുതൽ മാർച്ച് വരെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രകൃതിപഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ സംരക്ഷിത മേഖലയുടെയും അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ക്ലോഷർ പീരീഡ് (അടച്ചിടുന്ന കാലയളവ്) ഒഴികെയുള്ള കാലയളവിൽ പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

(ബി) ഓരോ വന്യജീവി സങ്കേതത്തിന്റെയും/ടൈഗർ റിസർവ്വിന്റെയും വൈൽഡ് ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഡയറക്ടർക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മേലധികാരിയിൽനിന്നും ലഭിക്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പരിശീലനത്തിന് വിദ്യാർത്ഥികൾക്ക് അവസരം നൽകുന്നത്. അതതു വന്യജീവി സങ്കേതത്തിന്റെയും/ടൈഗർ റിസർവ്വിന്റെയും വൈൽഡ് ലൈഫ് വാർഡൻ/ഡെപ്യൂട്ടി ഡയറക്ടറാണ് നോഡൽ ഓഫീസർ. ലഭിക്കുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കും.

(സി) കേരള വനം വകുപ്പിന് കീഴിലുള്ള നെയ്യാർ, പേപ്പാറ, ശെന്തുരുണി, വയനാട്, സൈലന്റ്‌വാലി, പീച്ചി, ചിമ്മിനി, ചൂലന്നൂർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങളിലും പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലും പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുണ്ട്. നിലവിൽ പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നില്ല.

(ഡി) നിലവിലെ സ്കൂൾ പാഠ്യപദ്ധതിയിൽ പ്രകൃതി സ്നേഹവും പ്രകൃതി സംരക്ഷണ മനോഭാവവും കുട്ടികളിൽ വളർത്തുന്നതിനാവശ്യമായ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മൂല്യങ്ങൾ വളർത്തുന്നതിനുള്ള പഠനപ്രവർത്തനങ്ങളും ഉൾച്ചേർത്തിട്ടുണ്ട്. നിലവിലെ പാഠ്യപദ്ധതി പരിഷ്കരിക്കുമ്പോൾ ഈ മേഖലയ്ക്ക് വേണ്ട ഊന്നൽ നൽകുന്നതാണ്.

## ദേവികുളം നിയോജകമണ്ഡലത്തിലെ വനമേഖല സംരക്ഷിക്കുന്നതിന് ആവശ്യമായ തസ്തികകൾ

68 (3486) <u>ശ്രീ. എസ്.രാജേന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ വനമേഖല സംരക്ഷിക്കുന്നതിന് എത്ര തസ്തികകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വനപാലകർക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനും എന്തെല്ലാം നടപികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ വനമേഖല സംരക്ഷിക്കുന്നതിന് 305 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ 265 ജീവനക്കാർ ജോലിനോക്കുന്നു.

(സി) ജി.പി.എസ്., വയർലെസ്, വാക്കിടോക്കി, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ വനപാലകർക്ക് ലഭ്യമാക്കുന്നുണ്ട്. കൂടാതെ വന്യമൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിനുവേണ്ട പരിശീലനവും ജീവനക്കാർക്ക് നൽകുന്നുണ്ട്.

**വന്യജീവികൾ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് നടപടി**

69 (3487) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. അനിൽ അക്കര:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് എന്തെല്ലാം കർമ്മപദ്ധതി കളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇത്തരം പ്രശ്നബാധിത പ്രദേശങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിനായി വനം വകുപ്പ് ചെലവഴിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വന്യജീവികൾ വനാതിർത്തികളിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾക്ക് ഉണ്ടാക്കുന്ന നാശനഷ്ടങ്ങൾ തടയുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.

2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.

3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.

4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.

6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്കിറങ്ങിയ തായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. വന്യജീവികളെ ആർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

12. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) കണ്ടെത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ആറളം പ്രദേശം, വയനാട് ജില്ലയിൽ തിരുനെല്ലി, നൂൽപ്പുഴ മേഖലകൾ, പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്,

മുക്കാളി പ്രദേശങ്ങൾ, ഇടുക്കി ജില്ലയിൽ ദേവികുളം പ്രദേശം, കൊല്ലം ജില്ലയിൽ കുളത്തുപ്പുഴ വനമേഖല, തിരുവനന്തപുരം ജില്ലയിലെ പാലോട്, പേപ്പാറ വനമേഖലകൾ എന്നീ പ്രദേശങ്ങളിലാണ് വന്യമൃഗങ്ങൾ കൂടുതലായി ജനവാസ കേന്ദ്രങ്ങളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നത്.

(സി) വകുപ്പ് തലത്തിലും സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗതലത്തിലും അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് വിഭാഗത്തിലും യഥാസമയം നടത്തുന്ന ആഡിറ്റിംഗിലൂടെ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

**വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം**

70(3488) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) വന്യമൃഗങ്ങൾമൂലമുള്ള വിളനാശത്തിന് നഷ്ടപരിഹാരം നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇവമൂലം വീടുകൾക്കും മറ്റ് ആസ്തികൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാരം ലഭിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അത് അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശം തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.

5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കാൻ നടപടിയെടുത്തുവരുന്നു.

6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്കിറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. മറ്റു മേഖലകളിൽ ഇത് നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. വന്യജീവികളെ ആർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

12. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) വന്യമൃഗങ്ങൾമൂലമുള്ള വിളനാശത്തിന് 8-1-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 02/2015/വനം പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

(സി) വ്യവസ്ഥയുണ്ട്. 22-3-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 32/2013/വനം പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനമായ ഇ-ഡിസ്ട്രിക്ടിലൂടെ അപേക്ഷകന് സ്വയമോ അല്ലെങ്കിൽ അക്ഷയകേന്ദ്രം മുഖേനയോ ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ആയതിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൃഗശാലകളുടെ വിവരങ്ങൾ

71 (3489) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മൃഗശാലകൾ പ്രവർത്തിക്കുന്നുണ്ട്; ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മൃഗശാലകളിലെ പ്രതിമാസ സന്ദർശകരുടെ ശരാശരി എണ്ണവും ശരാശരി പ്രതിമാസ വരുമാനവും വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൃഗശാലകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 2 മൃഗശാലകളാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം മൃഗശാല, തൃശ്ശൂർ മൃഗശാല.

(ബി) ശരാശരി സന്ദർശകരുടെ എണ്ണം- 229185. തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലകളിലെ ശരാശരി മാസവരുമാനം 36,36,908 രൂപയാണ്.

(സി) നവീകരണത്തിന്റെ ഭാഗമായി തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്ത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടി വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം തിരുവനന്തപുരം മൃഗശായിലേയ്ക്ക് വണ്ടല്ലൂർ മൃഗശാലയിൽ നിന്നും രണ്ട് ജോഡി റെറ്റിക്കുലേറ്റഡ് പൈത്തൺ, 2 ജോഡി വെള്ള മയിലുകൾ, നാഗാലാന്റ് മൃഗശാലയിൽനിന്നും ഒരു ജോഡി ഹിമാലയൻ കരടികൾ എന്നിവയെ കൊണ്ടുവന്നിട്ടുണ്ട്. ജലപക്ഷികൾക്കു വേണ്ടിയുള്ള വിശാലമായ പരിബന്ധനം, നീർനായയുടെ പരിബന്ധനം എന്നിവയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. കരടിക്കൂടുകളുടെ നവീകരണം, അക്വേറിയത്തിന്റെ നവീകരണം, കാട്ടുപോത്തുകൾക്കുവേണ്ടിയുള്ള പരിബന്ധനത്തിന്റെ നിർമ്മാണം എന്നിവ ആരംഭിച്ചിട്ടുണ്ട്.

സ്ത്രീ സൗഹാർദ്ദപരവും വിശ്രമമുറിയും ചേർന്ന ടോയ്‌ലെറ്റ്, മദേഴ്സ് ഫീഡിംഗ് സെന്റർ, സന്ദർശകർക്കായി ഇന്റർപ്രിട്ടേഷൻ സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

തൃശ്ശൂർ മൃഗശാലയിൽ അക്വേറിയം നിർമ്മാണത്തിന് അനുമതി നൽകുകയും ഒരു ജോഡി ഏഷ്യാറ്റിക് സിംഹം, ഒരു ജോഡി കഴുതപ്പുലി എന്നിവയെ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## മൃഗാശുപത്രികളുടെ നവീകരണത്തിനായിട്ടുള്ള പദ്ധതികൾ

72 (3490) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗാശുപത്രികളുടെ നവീകരണത്തിനായിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) കൊട്ടാരക്കര വെറ്ററിനറി ഡിസ്പെൻസറി എത്രനാളായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ;

(സി) ഡിസ്പെൻസറിക്ക് സ്വന്തം കെട്ടിടത്തിനായി സ്ഥലം കണ്ടെത്തുന്നതിനും കെട്ടിടം നിർമ്മിക്കുന്നതിനും മൃഗസംരക്ഷണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മൃഗാശുപത്രികളുടെ നവീകരണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകിവരുന്നു.

(ബി) 1-10-1959 മുതൽ.

(സി) ഉണ്ട്. 2004-05 സാമ്പത്തിക വർഷം കെട്ടിട നിർമ്മാണത്തിനുവേണ്ടി സ്ഥലം അനുവദിച്ചെങ്കിലും ആയത് മഹിളാ സമാജം, കോടതി ഉത്തരവ് മുഖാന്തരം സ്ഥലം കൈവശപ്പെടുത്തി. കൊട്ടാരക്കര ഗ്രാമപ്പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ 5 ലക്ഷം രൂപ വകയിരുത്തി സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമായില്ല.

കൊട്ടാരക്കര റെയിൽവേ സ്റ്റേഷന് സമീപത്തായി ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സ്ഥലം ലഭ്യമാക്കുന്നതിന് ശ്രമിച്ചെങ്കിലും ആയത് സാധ്യമായില്ല. കൊട്ടാരക്കര കെ.ഐ.പി. അഡീഷണൽ കോളനിയുടെ 26 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചെങ്കിലും ആയത് ലഭ്യമായില്ല.

പഞ്ചായത്ത് സ്ഥലം അനുവദിക്കുകയാണെങ്കിൽ കെട്ടിടം നിർമ്മിക്കുന്നതാണ്.

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

73 (3491) ശ്രീ. കെ. എം.ഷാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സ്ഥലംമാറ്റം ലഭിച്ച ആരെയെങ്കിലും വിടുതൽ ചെയ്യാനുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇനിയും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ എന്ന് റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2017-2018 സാമ്പത്തിക വർഷം ജില്ലയിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 14 എണ്ണം.

(ബി) 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലംമാറ്റം ലഭിച്ച ആരേയുംതന്നെ വിടുതൽ ചെയ്യാനില്ല.

(സി) 2017 ഏപ്രിൽ/മേയ് മാസത്തിൽ 2 ഒഴിവുകൾ വന്നിട്ടുണ്ട്. ആയത് ഉടൻതന്നെ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) ഉണ്ട്. 18 ഒഴിവുകൾ.

**പശുഗ്രാമം പദ്ധതി**

74(3492) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ ഗ്രാമീണ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന പശുഗ്രാമം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) കോട്ടയം ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്; പഞ്ചായത്തുകളെ ടി പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(സി) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കാണക്കാരി പഞ്ചായത്ത് ഇതു സംബന്ധിച്ച് മൃഗ സംരക്ഷണ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ഈ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് പശുഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ക്ഷീരവികസന വകുപ്പ് ക്ഷീരഗ്രാമം എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കൂടുതൽ കർഷകരെ, ക്ഷീരോത്പാദന മേഖല ഒരു തൊഴിലായി സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

2. കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരിക.

3. ഉത്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക.

4. ഭാവിയിലേക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോത്സാഹിപ്പിക്കുക.

5. കാലിവളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക.

6. ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ളതും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക.

(ബി) കോട്ടയം ജില്ലയിലെ ഉദയനാപുരം ഗ്രാമപ്പഞ്ചായത്തിലാണ് 2016-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിവരുന്നത്. പാലുല്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ക്ഷീരോല്പാദനത്തിന് സാധ്യതകൂടിയ പഞ്ചായത്തുകളെ തെരഞ്ഞെടുത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഘട്ടംഘട്ടമായി മറ്റുപഞ്ചായത്തുകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാധകമല്ല.

**മാവേലിക്കര മണ്ഡലത്തിലെ മൃഗസംരക്ഷണ ആശുപത്രികൾ**

75 (3493) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ ആശുപത്രികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ ആശുപത്രികളെ ഉന്നതനിലവാരത്തിലെത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഇവിടെ ആവശ്യമായ ജീവനക്കാർ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1. മാവേലിക്കര വെറ്ററിനറി പോളിക്ലിനിക്

2. താമരക്കുളം വെറ്ററിനറി ഹോസ്പിറ്റൽ

3. നൂറനാട് വെറ്ററിനറി ഹോസ്പിറ്റൽ

4. വാത്തിക്കുളം വെറ്ററിനറി ഹോസ്പിറ്റൽ

5. ചുനക്കര വെറ്ററിനറി ഡിസ്പെൻസറി

6. തഴക്കര വെറ്ററിനറി ഡിസ്പെൻസറി

7. പാറ്റൂർ വെറ്ററിനറി ഡിസ്പെൻസറി

8. വള്ളിക്കുന്നം വെറ്ററിനറി ഡിസ്പെൻസറി

(ബി) സർക്കാർ പദ്ധതികൾ പ്രകാരം ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എല്ലാ സ്ഥാപനങ്ങളിലും വെറ്ററിനറി ഓഫീസർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡന്റ് തുടങ്ങിയ തസ്തികകളിൽ ജീവനക്കാർ നിലവിലുണ്ട്. താമരക്കുളം വെറ്ററിനറി ഹോസ്പിറ്റൽ, പാറ്റൂർ വെറ്ററിനറി ഡിസ്പെൻസറി, വള്ളിക്കുന്നം വെറ്ററിനറി ഡിസ്പെൻസറി എന്നീ സ്ഥാപനങ്ങളിൽ പാർട്ട്-ടൈം സ്വീപ്പർമാരുടെ ഒഴിവുകളുണ്ട്.

(ഡി) പാർട്ട്-ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് മുഖേന സ്വീകരിച്ചുവരുന്നു.

## മൃഗസംരക്ഷണ വകുപ്പ് പെരിന്തൽമണ്ണ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

76 (3494) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മൃഗസംരക്ഷണ വകുപ്പിന്റെകീഴിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) 2017-18-ൽ ഈ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; എത്ര തുകയാണ് മൃഗസംരക്ഷണ വകുപ്പ് വഴി ഈ വർഷം ഈ മണ്ഡലത്തിൽ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പെരിന്തൽമണ്ണ മണ്ഡലത്തിൽ ഉൾപ്പെട്ട ഏലംകുളം, മേലാറ്റൂർ, വെട്ടത്തൂർ, താഴേകോട്, ആലിപ്പറമ്പ് എന്നീ പഞ്ചായത്തുകളിലും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റികളിലും നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സമ്മർടസ്സ് ക്യാമ്പ് -11,000 രൂപ.
2. സൊസൈറ്റി വിസിറ്റ് ക്യാമ്പ് -45,000 രൂപ.
3. സ്കൂൾ പൗൾട്രി ക്ലബ് -1,54,875 രൂപ
4. ജന്തുജന്യ ബോധവത്ക്കരണം -4,000 രൂപ
5. ഇൻഫെർട്ടിലിറ്റി ക്യാമ്പ്- 20,000 രൂപ
6. ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി മീറ്റിംഗ് -10,500 രൂപ
7. റിപ്പയർ ആന്റ് മെയിന്റനൻസ് ഓഫ് VPC/VD/VH-10,000 രൂപ.
8. ഗോവർദ്ധിനി &CAP-43,31,250
9. എ.ബി.സി. താലൂക്കുതല ബോധവത്ക്കരണം- 10,000 രൂപ
10. SREP-നഗര പ്രദേശങ്ങളിൽ കോഴിയും കൂട്ടും നൽകൽ-20,000 രൂപ.
11. കറവയന്ത്രം- 25,000 രൂപ
12. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്- 75,000 രൂപ

(ബി) 2017-18 വർഷത്തെ പദ്ധതി രൂപരേഖകൾ അന്തിമഘട്ടത്തിലാണ്.

**കെപ്കോയുടെ ആശ്രയ പദ്ധതി**

77 (3495) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോയുടെ 'ആശ്രയ' പദ്ധതി കോങ്ങാട് മണ്ഡലത്തിലേക്ക് അനുവദിക്കുന്നതിനായി നൽകിയിരുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ടി പദ്ധതി അനുവദിച്ചുനൽകുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ആശ്രയ പദ്ധതികൾ, ഏതെല്ലാം മണ്ഡലങ്ങളിലായി അനുവദിച്ചു എന്നറിയിക്കാമോ; ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിൽ ആശ്രയ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. അവിടെ നിന്നും ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആശ്രയ പദ്ധതി അഞ്ച് നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ആശ്രയ പദ്ധതി നടപ്പിലാക്കിയ മണ്ഡലങ്ങൾ ചുവടെ ചേർക്കുന്നു:

(1) പേരാവൂർ

(2) ചാലക്കുടി

(3) പുനലൂർ

(4) കൊട്ടാരക്കര

(5) പാറശ്ശാല.

**കോഴിയിറച്ചി-കോഴിമുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത**

78 (3496) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിയിറച്ചി-കോഴിമുട്ട ഉത്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇതിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതര സംസ്ഥാനങ്ങളിൽനിന്നും രോഗംബാധിച്ച കോഴികളെയും, താറാവുകളെയും സംസ്ഥാനത്തേക്ക് കടത്തുന്നത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിമുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴിക്കുഞ്ഞുങ്ങളെ സംസ്ഥാനത്ത്

പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴി വളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും, വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം നടത്തിവരുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി പ്രൊഡക്ഷൻ പദ്ധതി പ്രകാരം 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ തെരഞ്ഞെടുത്ത 905 സ്കൂളുകളിൽ 50 വീതം വിദ്യാർത്ഥികൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ കോഴിയിറച്ചി, കോഴിമുട്ട ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടാൻ കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മുട്ടയുടെ ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായതായി കണ്ടെത്തിയിട്ടില്ല. കെപ്കോ നടപ്പാക്കി വരുന്ന പദ്ധതികളിലൂടെ വിതരണം ചെയ്യപ്പെട്ട കോഴികളുടെ എണ്ണത്തിന് ആനുപാതികമായ വർദ്ധനവുണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ സ്വന്തംനിലയിൽ 600 ടൺ കെപ്കോ കോഴിയിറച്ചി ഉൽപ്പദാപ്പിച്ചിട്ടുണ്ട്.

(സി) വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന താറാവുകളുടേയും കോഴികളുടേയും പരിശോധന, ചെക്ക് പോസ്റ്റിൽ നടത്തി അസുഖമുള്ള പക്ഷിക്കൂട്ടങ്ങളെ സംസ്ഥാനത്ത് പ്രവേശിപ്പിക്കാതെ ഉറവിട സ്ഥാനത്തേയ്ക്ക് മടക്കിഅയയ്ക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം വകുപ്പ് മേലധികാരികൾ വിലയിരുത്തിയിട്ടുണ്ട്. പ്രവർത്തന റിപ്പോർട്ട് ആധാരമാക്കി എല്ലാ മാസങ്ങളിലും ചർച്ചകളും വിലയിരുത്തലുകളും നടത്തിവരുന്നു.

**തിരുവനന്തപുരം മൃഗശാലയിൽ പുതുതായി എത്തുന്ന മൃഗങ്ങൾ**

79 (3497) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ ഇപ്പോൾ എത്ര ഹിമാലയൻ കരടികളുണ്ട്; ഇവ എന്നാണ് മൃഗശാലയിലെത്തിയത്; എവിടെ നിന്നാണ് ഇവയെ കൊണ്ടുവന്നത്; വ്യക്തമാക്കുമോ;

(ബി) ഇവയ്ക്കുപുറമേ വെള്ള സിംഹം, കഴുതപ്പുലി എന്നിവ അടുത്തുതന്നെ മൃഗശാലയിൽ എത്തുമോ; എങ്കിൽ എവിടെനിന്നാണ് ഇവയെ കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇവയ്ക്ക് പകരമായി തിരുവനന്തപുരം മൃഗശാലയിൽ നിന്ന് ഏതെങ്കിലും മൃഗങ്ങളെയൊ പക്ഷികളെയോ തിരിച്ചുനൽകേണ്ടതുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) പുതുതായി എത്തുന്ന മൃഗങ്ങൾ എപ്പോൾ തിരുവനന്തപുരം മൃഗശാലയിൽ എത്തിച്ചേരും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ 2 ഹിമാലയൻ കരടികളാണുള്ളത്. 18-1-2017-ലാണ് നാഗലാന്റ് മൃഗശാലയിൽനിന്നും ഇവയെ കൊണ്ടുവന്നിട്ടുള്ളത്.

(ബി) കാൺപൂർ മൃഗശാലയിൽ നിന്നുമാണ് കഴുതപ്പുലികളെ കൊണ്ടുവരുന്നത്. വെള്ളസിംഹത്തെ ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരിക്കുന്നത് പാൻ ആഫ്രിക്കൻ അസോസിയേഷൻ സൂവിൽ അംഗമായിട്ടുള്ള Mystic Monkeys എന്ന സ്ഥാപനത്തിൽ നിന്നുമാണ്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായാലുടൻ വെള്ളസിംഹത്തെ കൊണ്ടുവരുന്നതാണ്.

(സി) കാൺപൂർ മൃഗശലായിലേയ്ക്ക് 2 ജോഡി റിയ പക്ഷികളെ നൽകിയാണ് കഴുതപ്പുലികളെ തിരുവനന്തപുരം മൃഗശാലയിലേയ്ക്ക് കൊണ്ടുവരുന്നത്.

(ഡി) കഴുതപ്പുലികളെ ജൂൺ മാസത്തോടുകൂടി കൊണ്ടുവരുവാൻ സാധിക്കുമെന്ന് കരുതുന്നു. വെള്ള സിംഹങ്ങളെ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെയും വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ലഭ്യമാകുന്നമുറയ്ക്ക് മൃഗശാലയിൽ കൊണ്ടുവരുന്നതാണ്.

## മൃഗസംരക്ഷണത്തിനും മൃഗങ്ങളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുമായുള്ള പദ്ധതികൾ

80 (3498) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണത്തിനും മൃഗങ്ങളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) മൃഗങ്ങളിലെ കുളമ്പുരോഗ പ്രതിരോധത്തിനായി കേന്ദ്രസർക്കാരിന്റെ സഹായത്തോടെ കുളമ്പുരോഗ വാക്സിൻ ക്യാമ്പുകൾ സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങളുടെ നിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വെറ്ററിനറി ഡോക്ടർമാരുടെ സേവനം രാത്രികാലങ്ങളിലും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമക്കുട്ടികൾക്ക് (പ്രതിവർഷം 2 ലക്ഷം പശു/എരുമക്കുട്ടികൾ) ലഭിക്കുംവിധം പുനഃക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിക്കുന്ന ക്ഷീരകർഷകർക്ക് സഹായകമാകുന്ന വിധത്തിൽ കന്നുകാലി ഇൻഷ്വറൻസ്, ഫാം യന്ത്രവത്കരണം, കിടാരി വളർത്തൽ, സംരംഭക വികസന പദ്ധതികൾ, ബാങ്ക് വായ്പയുടെ പലിശയ്ക്ക് സബ്സിഡി, ചെറുകിട ഡയറി യൂണിറ്റുകൾ ഇവയാണ് 13-ാം പഞ്ചവത്സര പദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

മൃഗചികിത്സാ സേവനരംഗത്ത് രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം നൽകുന്ന പദ്ധതി നിലവിൽ 65 ബ്ലോക്കുകളിൽ നടപ്പിലാക്കുന്നുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ടി പദ്ധതി കൂടുതൽ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ മൃഗാശുപത്രികൾ ശാക്തീകരിച്ച് മെച്ചപ്പെട്ട രോഗനിർണ്ണയ ചികിത്സാ സംവിധാനങ്ങൾ ഒരുക്കും. പാലോട് പ്രവർത്തിക്കുന്ന വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പേവിഷ പ്രതിരോധ വാക്സിൻ ഉൽപ്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു. പേവിഷബാധ ഉൾപ്പെടെയുള്ള ജന്തുജന്യ രോഗങ്ങളുടെ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികളും വകുപ്പ് ആസൂത്രണം ചെയ്യുന്നുണ്ട്.

മൃഗചികിത്സ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 2016-17-ൽ മൃഗങ്ങളിലെ കുളമ്പുരോഗ പ്രതിരോധത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ രണ്ട് കുളമ്പുരോഗ വാക്സിൻ ക്യാമ്പയിനുകൾ (19th & 20th round) സംഘടിപ്പിച്ചിട്ടുണ്ട്.

(സി) മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങളുടെ നിർണ്ണയം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു സംസ്ഥാന ലാബിന്റെയും മൂന്ന് മേഖലാ

ലാബുകളുടെയും പതിനാല് ജില്ലാ ലാബുകളുടെയും അൻപത് താലൂക്ക്തല ലാബുകളുടെയും അടിസ്ഥാന സൗകര്യത്തിനും ശാക്തീകരണത്തിനുമായി 2016-17-ൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2017-18-ലും ഇത് തുടരുന്നതാണ്.

(ഡി) നിലവിൽ തെരഞ്ഞെടുക്കപ്പെട്ട 65 ബ്ലോക്കുകളിൽ വെറ്ററിനറി ഡോക്ടർമാരെ രാത്രികാല മൃഗചികിത്സാ സേവനത്തിന് കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. 2017-18-ൽ 20 ബ്ലോക്കുകളിൽക്കൂടി ടി സേവനം ലഭ്യമാക്കും.

**ക്ഷീരകർഷകർക്കുള്ള പെൻഷൻ**

81 (3499) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച പെൻഷൻ തുക എത്രയാണ്; വർദ്ധിപ്പിക്കുന്നതിന് മുൻപുള്ള പെൻഷൻ തുക എത്ര രൂപയായിരുന്നുവെന്നും അറിയിക്കാമോ;

(സി) പെൻഷൻ വർദ്ധന എത്ര ക്ഷീര കർഷകർക്ക് ഗുണം ചെയ്യുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരകർഷകർക്കുള്ള പെൻഷൻ തുക 2017 ജനുവരി മുതൽ 1,000 രൂപയായും 2017 ഏപ്രിൽ മുതൽ 1,100 രൂപയായും വർദ്ധിപ്പിക്കാൻ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. ഇതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നിലവിൽ ക്ഷീരകർഷകർക്ക് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് ക്ഷേമനിധി ബോർഡ് 500 രൂപ പ്രതിമാസം പെൻഷൻ അനുവദിച്ചുവരുന്നു.

(സി) പെൻഷൻ വർദ്ധിപ്പിക്കുന്നതുകൊണ്ട് 42628 ക്ഷീരകർഷകർക്ക് ഗുണം ലഭിക്കും.

**ആർ.സി.ഇ.പി. കരാർ ക്ഷീര മേഖലയെ ബാധിക്കുമെന്ന ആശങ്ക**

82 (3500) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ഒപ്പിടാൻ പോകുന്ന ആർ.സി.ഇ.പി. കരാർ ക്ഷീര മേഖലയെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച കേരളത്തിന്റെ ആശങ്ക കേന്ദ്രത്തെ അറിയിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 2017 ജൂലൈ മാസത്തിൽ ഹൈദരബാദിൽ നടക്കുന്ന ആർ.സി.ഇ.പി. മീറ്റിംഗിൽ കേരളത്തിലെ ക്ഷീര കർഷകരുടെയും ക്ഷീര സഹകരണ സംഘങ്ങളുടെയും ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് ചെയ്യാനുദ്ദേശിക്കുന്നത്; ഇതിനായി ക്ഷീര സംഘം പ്രതിനിധികളുടെ പ്രത്യേക യോഗം വിളിച്ചുചേർക്കുമോ?

ഉത്തരം

(എ) മനസ്സിലാക്കിയിട്ടുണ്ട്. ഇന്ത്യ, ചൈന, ജപ്പാൻ, ദക്ഷിണകൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ ഏഷ്യ-പസഫിക്ക് രാജ്യങ്ങളും ആസിയാൻ കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും ഉൾപ്പെടെ ആകെ 16 രാജ്യങ്ങൾ തമ്മിലുള്ള മെഗാ റീജിയണൽ ഫ്രീ ട്രെയ്ഡ് എഗ്രിമെന്റാണ് ആർ.സി.ഇ.പി.-യിൽ (Regional Comprehensive Economic Partnership) മുന്നോട്ടുവച്ചിരിക്കുന്നത്.

ആർ.സി.ഇ.പി. ഉടമ്പടിപ്രകാരം താഴെപ്പറയുന്ന കാര്യങ്ങളാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്:

(1) അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്കുസേവന വ്യാപാരം, സാമ്പത്തികവും സാങ്കേതികവുമായ സഹകരണം, നിക്ഷേപം, തർക്ക പരിഹാരം തുടങ്ങിയ വിഷയങ്ങൾ.

(2) അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്ക് വ്യാപാരത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

(3) താരിഫ് നിരക്കുകളിൽ ഗണ്യമായ കുറവുവരുത്തിക്കൊണ്ട് രാജ്യങ്ങൾ തമ്മിലുള്ള ചരക്ക് വ്യാപാരം പ്രോത്സാഹിപ്പിക്കുമ്പോൾ ഡയറി ഉല്പന്നങ്ങളുടെ കയറ്റുമതിയിൽ മുൻനിരയിൽ നിൽക്കുന്ന ന്യൂസിലാന്റ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നും പാലും പാലുൽപ്പന്നങ്ങളും കുറഞ്ഞ താരിഫ് നിരക്കിൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയാണ് കാണുന്നത്.

ഈ ഉടമ്പടി കേരളത്തിലെ ക്ഷീരകർഷകരെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്.

ആർ.സി.ഇ.പി. ഉടമ്പടി സംബന്ധിച്ച കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2017 ജൂലൈ മാസത്തിൽ ഹൈദ്രാബാദിൽ നടക്കുന്ന ആർ.സി.ഇ.പി. മീറ്റിംഗിൽ താരിഫ് നിരക്കുകളും തീരുവകളും പരമാവധി വെട്ടിക്കുറച്ചുകൊണ്ട് ചരക്കുവ്യാപാരം (പാലും പാലുൽപ്പന്നങ്ങളും ഉൾപ്പെടെയുള്ള) വർദ്ധിപ്പിക്കുന്ന കാര്യം പ്രധാനമായും ചർച്ച ചെയ്യപ്പെടുമെന്നതിനാൽ, കേരളത്തിലെ ക്ഷീരകർഷകരുടെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷീരസംഘം പ്രതിനിധികളുടെ യോഗം വിളിച്ചുചേർക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത

83 (3501) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തമാണോ എന്ന് വിശദീകരിക്കുമോ; കേരളത്തിൽ മിൽമ പ്രതിവർഷം എത്ര ലിറ്റർ പാൽ വില്പന നടത്തുന്നുവെന്നും എത്ര പാൽ സംഭരിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പാലോ പാൽ ഉത്പന്നങ്ങളോ മിൽമ അന്യ സംസ്ഥാനങ്ങളിൽനിന്ന് സംഭരിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) വേനൽ കടുത്തതോടെ പാൽ സംഭരണത്തിൽ കുറവുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിന് ആവശ്യമുള്ള പാലിന്റെ 70 മുതൽ 75 ശതമാനം വരെ ആഭ്യന്തരമായി ഉല്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കപ്പെടുന്നു.

2016-17 വർഷത്തിൽ 60.26 കോടി ലിറ്റർ പാൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുകയും ഇതിൽ 37.79 കോടി ലിറ്റർ പാൽ മിൽമയ്ക്ക് നൽകുകയും 22.47 കോടി ലിറ്റർ പാൽ സംഘങ്ങൾ പ്രാദേശിക വിപണനം നടത്തുകയും ചെയ്തിട്ടുണ്ട്.

മിൽമയുടെ ശരാശരി പ്രതിദിന വിൽപ്പന 13.15 ലക്ഷം ലിറ്റർ പാലാണ്. മേഖലാ യൂണിയനുകളിലൂടെ പ്രതിദിനം മിൽമ സംഭരിക്കുന്നത് ശരാശരി 10.47 ലക്ഷം ലിറ്റർ പാലാണ്.

(ബി) മിൽമ മേഖലാ യൂണിയനുകൾ വഴി സംഭരിക്കുന്ന പാലിനുപുറമെ വിപണി നിലനിർത്തുന്നതിനുവേണ്ടി അധികം പാൽ ആവശ്യമായ സാഹചര്യത്തിൽ തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സഹകരണ ക്ഷീരഫെഡറേഷനുകളിൽനിന്നും കേന്ദ്രീകൃത സംവിധാനത്തിലൂടെ പാൽ വാങ്ങുന്നുണ്ട്. ഇത് പാൽ സംഭരണമല്ല.

(സി) വേനൽ കടുത്തതോടെ പാൽ സംഭരണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല.

കടുത്ത വേനൽ അനുഭവപ്പെട്ട 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ ഏതാണ്ട് 4.62 ശതമാനം കുറവുണ്ടായിട്ടുണ്ട്. എന്നാൽ ഏപ്രിൽ മാസത്തിൽ മിൽമയുടെ ആഭ്യന്തര സംഭരണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

**അയൽ സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാലിന്റെ ഗുണനിലവാരം**

84(3502) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സംസ്ഥാനങ്ങളിൽനിന്നും ശരാശരി എത്ര ലിറ്റർ പാലാണ് ദിനംപ്രതി എത്തുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ എത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) മിൽമ മറ്റ് സംസ്ഥാനങ്ങളിൽനിന്നും ശരാശരി 2.5 ലക്ഷം ലിറ്റർ പാൽ പ്രതിദിനം വാങ്ങുന്നുണ്ട്. എന്നാൽ സ്വകാര്യ കമ്പനികൾ മുഖേന മറ്റ് സംസ്ഥാനങ്ങളിൽനിന്നും എത്തുന്ന പാലിന്റെ വ്യക്തമായ കണക്കുകൾ ലഭ്യമല്ല.

(ബി) 2011-ലെ ഭക്ഷ്യ സുരക്ഷാ നിയമം നിലവിൽ വന്നതോടുകൂടി പാലിന്റെ ഗുണനിലവാര പരിശോധനയിന്മേലുള്ള നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്. അന്യ സംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റ് കടന്നുവരുന്ന ടാങ്കറുകളിൽനിന്നും പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇതിനുവേണ്ടി തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകളിൽ പാലിന്റെ സാമ്പിളുകൾ പരിശോധിച്ചുവരുന്നു. ഇതിൽ തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകളിലെ ലാബുകൾക്ക് (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്ത് എത്തുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ക്ഷീരവികസന വകുപ്പ് ഓണക്കാലത്ത് അതിർത്തി ചെക്ക് പോസ്റ്റുകളിൽ

താല്ക്കാലിക സംവിധാനം ഏർപ്പെടുത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ വിഭാഗം മുഖേന വിപണിയിലെത്തുന്ന മിൽക്ക് സാമ്പിളുകളുടെ പരിശോധന നടത്തുന്നുണ്ട്.

ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽനിന്നും മിൽമ പാൽ സ്വീകരിക്കുന്നുണ്ട്. കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് മിൽമ ഇങ്ങനെ പാൽ സ്വീകരിക്കുന്നത്. മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായി സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക്ക് ടെസ്റ്റ്, അഡൽട്ടറേഷൻ ടെസ്റ്റ്, പ്രിസർവ്വേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾകൂടി നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള NABL (National Accreditation Board for Testing and Calibration Laboratories) Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

## പാലിന്റെ പ്രതിദിന ഉപഭോഗം

85 (3503) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാലിന്റെ പ്രതിദിന ഉപഭോഗം എത്രയാണ്; ഇതിൽ സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്നത് എത്രയാണ്; ഇത് ആകെ ഉപഭോഗത്തിന്റെ എത്ര ശതമാനമാണ്; മിൽമ വഴി വിതരണം ചെയ്യുന്നത് എത്ര; മറ്റ് സ്വകാര്യ ഡെയറികൾ വഴി എത്ര;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾക്കായി ചെലവഴിച്ചത് എത്ര രൂപയാണ്; മുൻ വർഷങ്ങളെ അപേക്ഷിച്ച് പാലുൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഏകദേശം 87 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ആവശ്യമാണെന്നിരിക്കെ ഏകദേശം 78 ലക്ഷം ലിറ്റർ പാൽ സംസ്ഥാനത്ത് പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇത് ആകെ ഉപഭോഗത്തിന്റെ ഏകദേശം 90 ശതമാനമാണ്.

പാൽ ഉപഭോഗത്തിന്റെ ഏകദേശം 20 ശതമാനം മാത്രമാണ് മിൽമ വഴി വിതരണം ചെയ്യുന്നത്. ബാക്കിയുള്ളവ ക്ഷീരകർഷകർ നേരിട്ടും ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം വഴി സ്വകാര്യ ഡയറികൾ വഴിയും വിതരണം ചെയ്യുന്നുണ്ട്. മിൽമയുടെ ശരാശരി പ്രതിദിന വിൽപ്പന 13.15 ലക്ഷം ലിറ്റർ പാലാണ്. മിൽമയ്ക്ക് ലഭിക്കുന്ന പാലിന്റെ ഇൻഡന്റ് പൂർണ്ണമായും പൂർത്തീകരിക്കുവാൻ മിൽമയ്ക്ക് കഴിയുന്നുണ്ട്.

സ്വകാര്യ ഡയറികൾ വഴി വിതരണം ചെയ്യുന്ന പാലിന്റെ ശരിയായ കണക്കുകൾ ലഭ്യമല്ല.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി 2016-17-ൽ 100.5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2016 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നിടത്ത് 2017 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.68 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. പ്രതിദിനം ഏകദേശം 44000 ലിറ്റർ പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**പാൽ ഗുണമേന്മ സംരക്ഷിക്കുന്നതിനുള്ള നടപടി**

86 (3504) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമ സംസ്ഥാനത്ത് വിതരണം ചെയ്യുന്ന പാൽ പൂർണ്ണമായും ഇവിടെ ഉദ്പാദിപ്പിക്കുന്നതാണോ; ഇതിൽ പാൽപ്പൊടി അടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയുടെ പാൽപ്പൊടിയാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധന, വിൽപ്പനാനുമതി എന്നിവ നൽകുന്നത് ആരാണ്; വ്യക്തമാക്കുമോ;

(സി) മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള എത്ര കമ്പനികളുടെ പാലും പാലുത്പന്നങ്ങളും ഇവിടെ വിറ്റഴിക്കുന്നുണ്ട്; കമ്പനികളുടെ പേര് ഉൾപ്പെടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) മിൽമയുടെ ശരാശരി പ്രതിദിന വില്പന 13.15 ലക്ഷം ലിറ്റർ പാൽ ആണ്. ഇപ്പോൾ മേഖല യൂണിയനുകളിലൂടെ പ്രതിദിനം മിൽമ സംഭരിക്കുന്നത് ശരാശരി 10.47 ലക്ഷം ലിറ്റർ പാലാണ്. മിൽമ സംഭരിക്കുന്ന പാലിന്റെ

കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെ ശരാശരി ഗുണനിലവാരം 8.3 ശതമാനമാണ്. ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിക്കുന്ന വിൽപ്പന നടത്താവുന്ന പാലിന്റെ കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെ അളവ് ടോൺഡ് മിൽക്ക്, സ്റ്റാന്റേർഡൈസ്ഡ് മിൽക്ക് തുടങ്ങിയവയ്ക്ക് 8.5 ശതമാനവും ഡബിൾ ടോൺഡ് മിൽക്കിന് 9 ശതമാനവുമാണ്. ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി പാൽപ്പൊടി ഉപയോഗിക്കേണ്ടി വരുന്നുണ്ട്. ഇതിനുവേണ്ടി ഇൻഡ്യയിലെ വിവിധ സഹകരണ ക്ഷീരവിപണന ഫെഡറേഷനുകളിൽനിന്നും കേന്ദ്രീകൃത രീതിയിൽ പാൽപ്പൊടി വാങ്ങുന്നുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വന്നതോടുകൂടി പാലിന്റെ ഗുണനിലവാര പരിശോധനയിന്മേലുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക് പോസ്റ്റ് കടന്നുവരുന്ന ടാങ്കറുകളിൽനിന്നും പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനകൾ നടത്തിവരുന്നു. ഇതിനുവേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകൾ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ ലാബുകൾക്ക് എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്ത് എത്തുന്ന മുഴുവൻ പാലിന്റെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം നിലവിലില്ല. എന്നാൽ ക്ഷീരവികസന വകുപ്പ് ഓണക്കാലത്ത് മാത്രമായി അതിർത്തി ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാ ഗുണനിയന്ത്രണ വിഭാഗം മുഖേന വിപണിയിലെത്തുന്ന മിൽക്ക് സാമ്പിളുകളുടെ പരിശോധന നടത്തുന്നുണ്ട്.

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന് പ്രത്യേക വിൽപ്പനാനുമതി നൽകുന്നതിന് ക്ഷീരവികസന വകുപ്പിന് യാതൊരു പങ്കുമില്ല.

(സി) മറ്റ് സംസ്ഥാനങ്ങളിൽനിന്നും പാലും പാലുൽപ്പന്നങ്ങളും കേരളത്തിൽ വിപണനം നടത്തുന്ന എല്ലാ കമ്പനികളേയും കുറിച്ചുള്ള വിവരം ലഭ്യമല്ല. പ്രധാനമായും സംസ്ഥാനത്ത് പാൽ വിപണനം നടത്തുന്ന അന്യ സംസ്ഥാന കമ്പനികൾ മാതാ, ഹെറിറ്റേജ്, നാഞ്ചിൽ, ശക്തി, അമൃത, കാവിൻസ്, സുഗുണ, തിരുമല എന്നിവയാണ്.

## സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർപാൽ

87 (T*3505) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കവർപാൽ ബ്രാൻഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന നടപടികൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും തമ്മിലുള്ള ഏകോപനമില്ലായ്മമൂലം കഴിയുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇരു വകുപ്പുകളും സംയുക്തമായി ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം പാൽ സാമ്പിളുകൾ പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യ സുരക്ഷാ വകുപ്പിനാണ്. നിലവിൽ ഓണക്കാലത്ത് അതിർത്തി ചെക്ക് പോസ്റ്റുകളിൽ നടക്കുന്ന പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സഹകരണത്തോടെയാണ് പ്രവർത്തിക്കുന്നത്.

(ബി) ക്ഷീരവികസന വകുപ്പ് പരിശോധിച്ച് ഗുണനിലവാരം പുലർത്താത്ത സാമ്പിളുകളുടെ വിശദാംശങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന് കൈമാറുമ്പോൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഉദ്യോഗസ്ഥർ പ്രസ്തുത പാലിന്റെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാര നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നതാണ് രീതി.

## ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

88 (3506) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര കർഷകരെ സഹായിക്കുന്നതിനായി ക്ഷീര വിപണന സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളും ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീരകർഷകരെ സഹായിക്കുന്നതിനും അവർ ഉല്പാദിപ്പിക്കുന്ന പാലിന് സ്ഥിരമായ വിപണിയും ന്യായമായ വിലയും ഉറപ്പാക്കുന്നതിനും സംസ്ഥാനത്ത് ക്ഷീരസംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരസംഘങ്ങളുടെ ആധുനികവത്കരണം, ഓട്ടോമേഷൻ എന്നിവയ്ക്കായി 2017-18-ൽ 25.85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് പാൽസംഭരണ മുറി, ഗോഡൗൺ, ഫാർമർ ഫെസിലിറ്റേഷൻ-കം-ഇൻഫർമേഷൻ സെന്റർ, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് (AMCU), ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട് (FSSA) പ്രകാരമുള്ള സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ ഒരുക്കുന്നതിനുള്ള ധനസഹായം, പുതിയ ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനരഹിതമായ ക്ഷീരസംഘങ്ങൾക്കുള്ള പുനരുദ്ധാരണ സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത സഹായം, ക്ഷീരസംഘം ജീവനക്കാർക്കും കർഷകർക്കും ആവശ്യമായ പരിശീലന പരിപാടികൾ എന്നിവയ്ക്കാണ് ഈ തുക വിനിയോഗിക്കുന്നത്.

കൂടാതെ ക്ഷീരകർഷകർക്ക് വർദ്ധിച്ച ഉൽപ്പാദന ചെലവിൽനിന്നും ആശ്വാസം ലഭിക്കുന്നതിനായി ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാൽ ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. ഇതിനായി 2017-18 വർഷത്തിൽ 14 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്തുന്നതിനും നടപടി**

89 (3507) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാൽ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരുത്തുന്നതിനും സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീരകർഷകരുടെ ഉന്നമനത്തിനും പാലുൽപ്പദനത്തിൽ സ്വയംപര്യാപ്തത കൈവരുത്തുന്നതിനും ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് (എം.എസ്.ഡി.പി.) പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുമുള്ള സഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ**

90 (3508) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഉത്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികളുടെ അടിസ്ഥാനത്തിൽ പാലുൽപ്പാദനം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

2016 മാർച്ച് മാസത്തിൽ സംസ്ഥാനത്തെ ക്ഷീരസംഘങ്ങൾ മുഖേന പ്രതിദിനം 16.24 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിരുന്നിടത്ത് 2017 ജനുവരി മാസത്തിൽ സംസ്ഥാനത്തെ ക്ഷീര സംഘങ്ങൾ മുഖേന പ്രതിദിനം 16.68 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. പ്രതിദിനം ഏകദേശം 44000 ലിറ്റർ പാൽ സംഭരണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## നൂതന മത്സ്യകൃഷി രീതികളുടെ വിജയസാധ്യത

91(3509) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ കൂട്ടുകൃഷി, അക്വാപോണിക്സ് എന്നിവ സംസ്ഥാനത്ത് നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം നൂതന പദ്ധതികൾക്ക് സർക്കാർ സഹായം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരം മത്സ്യകൃഷി രീതികളുടെ വിജയസാധ്യത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ആഭ്യന്തര മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുകളിൽ മത്സ്യകൃഷി, റീ-സർക്കുലേറ്ററി അക്വാകൾച്ചർ സംവിധാനത്തോടുകൂടിയ അക്വാപോണിക്സ് എന്നിവ സംസ്ഥാനത്ത് നിലവിലുണ്ട്. ഈ ഘടകങ്ങൾ അടങ്ങിയ പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. വിജയസാധ്യത സംബന്ധിച്ച് പ്രാരംഭ പരിശോധന നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നൂതന മത്സ്യകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് മാതൃകാ ഫാമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ആഭ്യന്തര മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വിദേശ ട്രോളറുകളുടെ മത്സ്യബന്ധനം

92 (3510) ശ്രീ. അബ്ദുൽ ഹമീദ്. പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിദേശ ട്രോളറുകൾ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ കേരളത്തിന്റെ മത്സ്യ ലഭ്യതയെ ബാധിക്കുന്ന വിധത്തിൽ മത്സ്യബന്ധനം നടത്തുന്നുണ്ടോ;

(ബി) വിദേശ ട്രോളറുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും എൻ.ഒ.സി. റദ്ദാക്കുന്നതിനുമായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിദേശ ട്രോളറുകൾക്ക് അനുമതി നൽകുന്ന ലെറ്റർ ഓഫ് പെർമിറ്റ് സ്കീം(ലോപ് സ്കീം) നിലിവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശ ട്രോളറുകളുടെ പ്രവർത്തനം നിയന്ത്രിക്കണമെന്നും എൽ.ഒ.പി. (ലെറ്റർ ഓഫ് പെർമിറ്റ്) റദ്ദാക്കണമമെന്നും ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് പല പ്രാവശ്യം നിവേദനം നൽകുകയും പാർലമെന്റ് മെമ്പർമാരുടെ മീറ്റിംഗുകളിൽ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുകയും അതുവഴി പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) എൽ.ഒ.പി. ഇപ്പോഴും നിലവിലുണ്ട്. എന്നാൽ പുതിയതായി എൽ.ഒ.പി. അനുവദിക്കുന്നത് തടഞ്ഞുകൊണ്ട് കേന്ദ്ര സർക്കാർ അടുത്തകാലത്തായി ഉത്തരവായിട്ടുണ്ട്.

**ഏകീകൃത ഫിഷറീസ് നിയമം**

93 (3511) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിനായി ഉൾനാടൻ മേഖലയെ സംബന്ധിച്ച നിയമങ്ങൾ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ഒരു നിയമം നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2010-ലെ കേരള ഉൾനാടൻ മത്സ്യബന്ധനവും മത്സ്യകൃഷിയും ആക്ട് ഉൾനാടൻ മേഖലയിലെ ഏകീകൃത നിയമമാണ്. ഈ നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് തൃശ്ശൂരിലെ ചേറ്റുവ മുതൽ വടക്കോട്ടുള്ള പ്രദേശങ്ങളിൽ ഇന്ത്യൻ ഫിഷറീസ് ആക്ടിന്റെ 1927-ലെ മദ്രാസ് അമെന്റ്മെന്റ് ആക്ടും തിരുവിതാംകൂർ കൊച്ചി പ്രദേശത്ത് 1950-ലെ തിരുവിതാംകൂർ കൊച്ചി ഫിഷറീസ് ആക്ടുമായിരുന്നു നിലവിലുണ്ടായിരുന്നത്. കടലോര മേഖലയിൽ 1980-ലെ കേരള മറൈൻ ഫിഷറീസ് റഗുലേഷൻ ആക്ട് നിലവിൽവന്നതോടെ ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കി.

(സി) കേന്ദ്ര സർക്കാർ ഒരു പുതിയ മറൈൻ ഫിഷറീസ് പോളിസി ആവിഷ്കരിച്ച് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഇതല്ലാതെ ഏകീകൃത ഫിഷറീസ് നിയമം നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

## തീരദേശ റോഡുകളുടെ നിർമ്മാണം

94(3512) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ റോഡുകൾ നിർമ്മിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

തീരദേശ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യ തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യ ഗ്രാമങ്ങൾ, കായൽ, റിസർവോയർ തീരങ്ങൾ, സർക്കാർവക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവയിലൂടെ കടന്നുപോകുന്ന റോഡുകളെ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 210 പ്രവൃത്തികൾക്കായി 8,265.63 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## കടലിലെ ആവസവ്യവസ്ഥ സംരക്ഷിക്കാൻ നടപടി

95 (3513) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന ബോട്ടുകളും ട്രോളറുകളും മത്സ്യക്കുഞ്ഞുങ്ങളെ പിടിച്ച് ഇതരസംസ്ഥാനങ്ങളിലെ തീറ്റ-വളം നിർമ്മാണ ഫാക്ടറികളിലേക്ക് അയയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബൈക്യാച്ച് എന്ന പേരിൽ, കടലിന്റെ അടിത്തട്ടിലുള്ള നക്ഷത്ര മത്സ്യങ്ങൾ, ശംഖുകൾ, കടൽച്ചെള്ളുകൾ തുടങ്ങിയവയെ പിടിച്ച് വിൽക്കുന്നതുമൂലം കടലിന്റെ ആവാസവ്യവസ്ഥ തകിടംമറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അനധികൃത പ്രവർത്തനങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ;

(ഡി) ഇത് തടയുന്നതിന് കേരളത്തിലെ എല്ലാ ഹാർബറുകളിലും ഏകീകൃത നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കെ.എം.എഫ്.ആർ. ആക്ട് പ്രകാരം ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കി ചെറുമത്സ്യങ്ങളെയും ബൈക്യാച്ച് എന്ന നിലയിൽ മറ്റ് വിവിധതരം കടൽ ജീവികളെയും പിടിച്ച് വിൽപ്പന നടത്തുന്നത് തടയുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നിങ്ങനെ നിലവിലുള്ള 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റിന്റെ സഹായത്തോടുകൂടി ഇത്തരം അശാസ്ത്രീയമായി മത്സ്യബന്ധനത്തിലേർപ്പെടുന്ന മത്സ്യബന്ധന യാനങ്ങളെ ഇംപൗണ്ട് ചെയ്ത് പിഴ ഈടാക്കുന്നുണ്ട്. മറ്റ് ജില്ലകളിൽക്കൂടി ഇത്തരം നടപടികൾ ഊർജ്ജിതമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷനുകളില്ലാത്ത കാസർഗോഡ്, മലപ്പുറം, തൃശ്ശൂർ, ആലപ്പുഴ എന്നീ 4 തീരദേശ ജില്ലകളിൽക്കൂടി ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇതിനകം 14 മത്സ്യഇനങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് (എം.എൽ.എസ്.-മിനിമം ലീഗൽ സൈസ്) സർക്കാർ ഉത്തരവാകുകയും അത് നടപ്പാക്കുകയും ചെയ്തുവരുന്നു. ഇത്തരം 44 ഇനങ്ങളുടെ നിശ്ചിത വലിപ്പത്തിൽ കുറഞ്ഞ മത്സ്യങ്ങളെക്കൂടി പിടിക്കുന്നത് നിരോധിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വലകളുടെ കണ്ണിവലിപ്പമുൾപ്പെടെ നിയന്ത്രിക്കുന്നതിന് നിലവിലെ കെ.എം.എഫ്.ആർ. ആക്ട് പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവയെ ഏകോപിപ്പിച്ചുള്ള പ്രവർത്തനമാണ് എല്ലാ ഹാർബറുകളിലും നടത്തിവരുന്നത്.

**മത്സ്യ മാർക്കറ്റ് വിപുലീകരണത്തിന് പദ്ധതികൾ**

96(3514) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മാർക്കറ്റ് വിപുലീകരണത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) പുതിയ മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ;

(സി) മത്സ്യ മാർക്കറ്റ് നവീകരണത്തിന് എത്ര തുക അനുവദിക്കുന്നുണ്ട്; തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ഡി) കോട്ടക്കൽ മണ്ഡലത്തിൽ നിലവിലുള്ള മത്സ്യമാർക്കറ്റുകൾ ഏതെല്ലാം; പുതിയതായി ആംഭിക്കുവാൻ ഉദ്ദേശിക്കുന്ന മാർക്കറ്റുകൾ ഏതെല്ലാം; ഇതിനായി ഓരോന്നിനും തുക മാറ്റിവെച്ചിട്ടുണ്ടോ;

(ഇ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് ഏതെങ്കിലും കേന്ദ്ര പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാർക്കറ്റുകൾ നവീകരിക്കുന്നതിനായി 50 ശതമാനം കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതി നിലവിലുണ്ട്.

(ബി) പുതിയവ ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലില്ല. നിലവിലുള്ള മാർക്കറ്റുകളുടെ ആധുനികവത്കരണത്തിനാണ് പദ്ധതികൾ നിലവിലുള്ളത്. എങ്കിലും പുതിയ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുന്നത് ആലോചനയിലുണ്ട്.

(സി) ഓരോ മാർക്കറ്റിന്റെയും സാധ്യതയും ആവശ്യകതയും അടിസ്ഥാന മാക്കിയാണ് പദ്ധതി അടങ്കൽ നിശ്ചയിക്കുന്നത്. ഒരു ചില്ലറ വില്പന സ്റ്റാളിന് പരമാവധി 10 ലക്ഷം രൂപ കണക്കിലാണ് പദ്ധതി അടങ്കൽ തയ്യാറാക്കുന്നത്. 50 ശതമാനമാണ് കേന്ദ്ര ധനസഹായമായി ലഭിക്കുന്നത്. ബാക്കി തുക സംസ്ഥാന സർക്കാർ വിഹിതമാണ്. ഇതനുസരിച്ച് 10 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ

അടങ്ങുന്ന മത്സ്യ മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി 50 ലക്ഷം രൂപയോ, 20 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ അടങ്ങുന്ന മത്സ്യമാർക്കറ്റ് ആധുനിക വൽക്കരിക്കുന്നതിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി ഒരു കോടി രൂപയോ, 50 ചില്ലറ മത്സ്യ വിൽപ്പന സ്റ്റാളുകൾ അടങ്ങുന്ന മത്സ്യമാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി ആകെ അടങ്കൽ തുകയുടെ 50 ശതമാനം തുകയോ അല്ലെങ്കിൽ പരമാവധി 250 ലക്ഷം രൂപയോ പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി കേന്ദ്ര സർക്കാരിൽനിന്നും അനുവദിക്കാറുണ്ട്.

(ഡി) കോട്ടക്കൽ മണ്ഡലത്തിൽ പുതിയതായി മത്സ്യ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ നിലവിലില്ല.

(ഇ) മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് 50 ശതമാനം ധനസഹായ ത്തോടെ കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതി നിലവിലുണ്ട്.

**പഞ്ഞമാസ സമാശ്വാസ പദ്ധതി**

97 (3515) <u>ശ്രീ. ഹൈബി ഈഡൻ</u>:
<u>ശ്രീ. വി. എസ്. ശിവകുമാർ</u>:
<u>ശ്രീ. വി. ഡി. സതീശൻ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞമാസ സമാശ്വാസ പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ, വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്; വിവരിക്കുമോ;

(സി) പദ്ധതിയുടെ ആനുകൂല്യം നൽകുന്നതിന് നിബന്ധനകൾ എന്തെങ്കിലുമുണ്ടോ; എങ്കിൽ എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും ആനുകൂല്യം നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യം 2016-17 വർഷം മുതൽ 2,700 രൂപയിൽനിന്ന് 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 6 മാസ തവണകളായി 250 രൂപ വീതം പിരിച്ചെടുത്ത് ആകെ 1,500 രൂപ ശേഖരിച്ച്

ബാങ്കിലടയ്ക്കുകയും തുല്യ അനുപാതത്തിലുള്ള കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ (1,500 രൂപ വീതം) വിഹിതവും ചേർത്ത് 4,500 രൂപ മൂന്ന് തവണകളായിട്ടാണ് മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നത്. മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കും ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഈ ആനുകൂല്യം നൽകിവരുന്നു.

(ബി) സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് തീരദേശ മത്സ്യത്തൊഴിലാളികൾക്ക് പഞ്ഞ മാസങ്ങളായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 4,500 രൂപ ആനുകൂല്യം നൽകുന്നു. നോഡൽ ബാങ്ക് മുഖേന ഡി.ബി.ടി. വഴിയാണ് മത്സ്യത്തൊഴിലാളികൾക്ക് തുക നൽകിവരുന്നത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പാദ്യ സമാശ്വസ പദ്ധതിയനുസരിച്ച് മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യം നൽകുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള 18-നും 60-നും മദ്ധ്യേ പ്രായമുള്ള മത്സ്യത്തൊഴിലാളികൾ ആനുകൂല്യത്തിന് അർഹരാണ്.

**കടലിൽ നിക്ഷേപിച്ചിട്ടുള്ള മത്സ്യക്കുഞ്ഞുങ്ങൾ**

98 (3516) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ ഏതെല്ലാം മത്സ്യയിനങ്ങളുടെ കുഞ്ഞുങ്ങളെയാണ് കടലിൽ നിക്ഷേപിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) മുൻകാലങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഇത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇതിന്റെ ഫലമായി മത്സ്യസമ്പത്ത് വർദ്ധിച്ചിട്ടുള്ളതായ റിപ്പോർട്ടുകളുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) കേന്ദ്ര ഏജൻസികളുടെ സാമ്പത്തിക സഹായത്തോടെ മത്സ്യക്കുഞ്ഞുങ്ങളെ ഫിഷറീസ് വകുപ്പ് കടലിൽ നിക്ഷേപിച്ചിട്ടില്ല. എന്നാൽ, സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് ഫിഷറീസ് വകുപ്പ് കടലിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. അഴി, പൊഴി തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിക്കുന്നത് കടലിൽ മത്സ്യലഭ്യത ഉയർത്തുന്നതിനാണ്. പൂമീൻ, നാരൻ/കാര ചെമ്മീൻ മത്സ്യവിത്തുകളാണ് അഴി, പൊഴി തുടങ്ങിയ ഇടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളത്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 9 മറൈൻ ജില്ലകൾക്കായി 90 ലക്ഷം രൂപ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞ്/ചെമ്മീൻ കുഞ്ഞുങ്ങൾ നിക്ഷേപം നടത്തുന്നതിനായി അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 253 ലക്ഷം രൂപയും ഇതിനായി വകയിരുത്തിയിട്ടുണ്ട്.

(സി) ഇതിന്റെ ഫലമായി ഉൾനാടൻ മത്സ്യോൽപ്പാദനം 1.4 ലക്ഷം മെട്രിക് ടണ്ണിൽ (2011-12) നിന്നും 2.11 ലക്ഷം മെട്രിക് ടൺ (2015-16) ആയി ഉയർത്തുവാൻ കഴിഞ്ഞിട്ടുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

## പ്രകൃതിക്ഷോഭത്തിനിരയാകുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തര സഹായം

99(3517) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിനിരയാകുന്ന മൽസ്യ തൊഴിലാളികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, എത്ര രൂപയാണ് അടിയന്തര സഹായം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ; എത്ര പേർക്ക് തുക അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, മൽസ്യ തൊഴിലാളി കടാശ്വാസ കമ്മീഷൻ വഴി എത്ര പേർക്ക് ആനുകൂല്യം ലഭിച്ചുവെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ?

### ഉത്തരം

(എ) ജില്ലാ കളക്ടറുടെ ഫണ്ടിൽ (എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്.) നിന്നും 20-5-2015-ലെ സ.ഉ. (കൈ.) 194/15/ഡിഎംഡി നമ്പർ ഉത്തരവ്, 23-7-2015-ലെ സ.ഉ.(കൈ.) 343/15/ഡിഎംഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരം കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനം പൂർണ്ണമായി തകർന്നവർക്ക് 9,600 രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 4,100 രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2,600 രൂപയും ഭാഗികമായി നാശനഷ്ടം ഉണ്ടായവർക്ക് 2,100 രൂപയും നൽകിവരുന്നു. കൂടാതെ 5-8-2016-ലെ സ.ഉ.(കൈയെഴുത്ത്) നമ്പർ 441/16/റവ. പ്രകാരം ശക്തമായ കടൽക്ഷോഭത്തെത്തുടർന്ന് കേരളത്തിന്റെ കടലോര പ്രദേശങ്ങളിൽ ഈ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചുനൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭത്തിനിരയായവർക്ക് നൽകിയ അടിയന്തര സഹായത്തിന്റെ ജില്ല തിരിച്ചുള്ള വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് വായ്പകളിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 1166 ഗുണഭോക്താക്കൾക്ക് കടാശ്വാസം നൽകുന്നതിനായി 2,74,39,448 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | മത്സ്യത്തൊഴിലാളികളുടെ എണ്ണം | തുക |
|---|---|---|---|
| 1 | കൊല്ലം | 583 | 98,96,664 |
| 2 | ആലപ്പുഴ | 78 | 26,43,376 |
| 3 | കോട്ടയം | 13 | 5,03,684 |
| 4 | എറണാകുളം | 163 | 58,02,072 |
| 5 | തൃശ്ശൂർ | 60 | 20,03,675 |
| 6 | മലപ്പുറം | 30 | 3,78,793 |
| 7 | കോഴിക്കോട് | 87 | 28,91,610 |
| 8 | വയനാട് | 1 | 20,000 |
| 9 | കണ്ണൂർ | 120 | 25,80,684 |
| 10 | കാസർഗോഡ് | 31 | 7,18,890 |
| | **ആകെ** | **1166** | **274,39,448** |

മത്സ്യഫെഡ് വഴി 138 ഗുണഭോക്താക്കൾക്ക് 31.74 ലക്ഷം രൂപ കടാശ്വാസമായി അനുവദിച്ചു. ജില്ല തിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കൊല്ലം | 23 |
| ആലപ്പുഴ | 24 |
| കോട്ടയം | 15 |
| എറണാകുളം | 32 |
| തൃശ്ശൂർ | 25 |
| മലപ്പുറം | 8 |
| കോഴിക്കോട് | 9 |
| കണ്ണൂർ | 2 |
| **ആകെ** | **138** |

ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്ക് കടാശ്വാസം നൽകുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 4 ഗഡുക്കളായി യഥാക്രമം 4,17,99,631 രൂപ, 17,66,051 രൂപ, 1,34,31,441 രൂപ, 1,73,70,826 രൂപ (ആകെ 7,43,67,949 രൂപ) ഫിഷറീസ് വകുപ്പിൽനിന്നും വിവിധ ബാങ്കുകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വഴി 96 പേർക്കായി 65,97,570 രൂപ കടാശ്വാസത്തിനായി അനുവദിച്ചു. ജില്ലതിരിച്ചുള്ള ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കൊല്ലം | 47 |
| തിരുവനന്തപുരം | 3 |
| ആലപ്പുഴ | 24 |
| എറണാകുളം | 7 |
| കോട്ടയം | 1 |
| തൃശ്ശൂർ | 1 |
| മലപ്പുറം | 3 |
| കോഴിക്കോട് | 8 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 1 |
| **ആകെ** | **96** |

കൂടാതെ വികലാംഗക്ഷേമ കോർപ്പറേഷൻവഴി 4,59,707 രൂപ കടാശ്വാസമായി അനുവദിച്ച് നൽകിയിട്ടുണ്ട്.

**കായലിൽ എക്കൽ അടിഞ്ഞതിനാൽ മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം**

100 (3518) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കുമ്പളങ്ങി കല്ലഞ്ചേരി കായലിൽ എക്കൽ അടിഞ്ഞതിനാൽ, മാനാശ്ശേരി മുതൽ അന്ധകാരനഴി വരെയും കോണം മുതൽ കുമ്പളങ്ങി തെക്കേയറ്റം വരെയുമുള്ള അയ്യായിരത്തോളം വരുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കായലിൽ ഡ്രഡ്ജിംഗ് നടത്തി മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്ത രീതിയിൽ ശാസ്ത്രീയമായ ഡ്രഡ്ജിംഗ് നടത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## തലശ്ശേരി മഞ്ഞോടിയിലെ മത്സ്യ മാർക്കറ്റ്

101 (3519) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നഗരസഭ മഞ്ഞോടിയിൽ നിർമ്മിച്ച മത്സ്യ മാർക്കറ്റ് ചില എതിർപ്പുകൾമൂലം ഉത്ഘാടനം ചെയ്യാൻ സാധിക്കാതെ അടച്ചിട്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു സമവായത്തിലൂടെ ആയത് തുറക്കാനാവശ്യ മായ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഉണ്ട്. പ്രസ്തുത മാർക്കറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്ഥലവാസികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് WP(c) 14108/15 നമ്പർ കേസ് ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്. ഇതിനെത്തുടർന്ന് ഫിഷറീസ് ഡയറക്ടർ, തീരദേശ വികസന കോർപ്പറേഷൻ ഭാരവാഹികൾ, തലശ്ശേരി നഗരസഭാ അംഗങ്ങൾ എന്നിവർ പരാതിക്കാരുമായി പലപ്രാവശ്യം ചർച്ച നടത്തി സമവായത്തിലൂടെ മത്സ്യമാർക്കറ്റ് തുറന്ന് പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചിരുന്നുവെങ്കിലും സമവായത്തിൽ എത്തിച്ചേർന്നില്ല. തുടർന്ന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിതന്നെ ഇവിടെ സന്ദർശിച്ച് നഗരസഭാധികൃതരും ബന്ധപ്പെട്ട സ്ഥലവാസികളുമായി ചർച്ച നടത്തി മത്സ്യമാർക്കറ്റ് തുറന്നുപ്രവർത്തിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഇപ്പോഴും അതിന് കഴിഞ്ഞിട്ടില്ല. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ കോടതിവിധികൂടി കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

## കായംകുളം കരിപ്പുഴയിൽ ഫിഷ് മാർക്കറ്റ്

102 (3520) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ കരിപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ കരിപ്പുഴയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഫിഷ് മാർക്കറ്റ് KIIFB-യുടെ സാമ്പത്തിക സഹായത്തോടെ നിർമ്മിക്കുന്നതിന് കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ 120 ലക്ഷം രൂപയുടെ പ്രോജക്ടിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**പഴയങ്ങാടി മത്സ്യ മാർക്കറ്റിന്റെ നവീകരണം**

103(3521) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ ഏതൊക്കെയാണ്; കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടി മത്സ്യ മാർക്കറ്റ് നവീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കേന്ദ്ര സർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലും KIIFB-യിൽനിന്നും മാർക്കറ്റുകൾ നവീകരിക്കുന്നതിന് ധനസഹായം ലഭിക്കുന്നതിനുള്ള പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിയിൽ മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിലേയ്ക്കായി 59 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കി KIIFB-യിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി ഫിഷറീസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. 19 ചില്ലറ വിൽപ്പന സ്റ്റാളുകൾ, വിശ്രമ മുറി എന്നിവ ഉൾപ്പെടെ 218 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിലൂടെ വിഭാവന ചെയ്യാനുദ്ദേശിക്കുന്നത്. മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മത്സ്യം മുറിക്കുന്നതിനാവശ്യമായ സ്ലാബ്, മലിനജലം ഒഴുകിപോകുന്നതിനായി ഡ്രെയിൻ എന്നിവ മത്സ്യമാർക്കറ്റ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണം

104 (3522) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) കൊല്ലം ജില്ലയിലെ പുത്തൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണത്തിന് അനുമതി ലഭ്യമാക്കിയോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന ആധുനിക മാർക്കറ്റ് നിർമ്മാണ പദ്ധതി നിലവിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നു.

(ബി) കൊല്ലം ജില്ലയിലെ പുത്തൂരിൽ ആധുനിക രീതിയിലുള്ള ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിലേയ്ക്കായി 208 ലക്ഷം രൂപയുടെ പദ്ധതി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തയ്യാറാക്കിയിട്ടുണ്ട്. 35 ചില്ലറ വിൽപ്പന സ്റ്റാളുകൾ, 7 ഉണക്ക മത്സ്യ വിൽപ്പന മുറി, അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ചിൽഡ് റൂം, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റ്, മലിനജല സംസ്കരണ പ്ലാന്റ്, വിശ്രമ മുറി, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മത്സ്യം മുറിക്കുന്നതിനായി സ്ലാബ്, മലിനജലം ഒഴുകി പോകുന്നതിനായി ഡ്രെയിൻ എന്നിവ അടങ്ങിയ 607.40 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ ഒരു ഇരുനില മാർക്കറ്റ് കെട്ടിടമാണ് പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. പ്രൊപ്പോസൽ ഫിഷറീസ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചുവരുന്നു.

## ഇടക്കൊച്ചി ഫിഷ് ഫാം നിർമ്മാണ പ്രവർത്തനങ്ങൾ

105 (3523) ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചിയിലെ ഫിഷ് ഫാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) കരാർ പ്രകാരം ഇതിന്റെ പ്രവർത്തന കാലാവധി എന്നാണ് പൂർത്തിയാകുന്നത്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇടക്കൊച്ചി ഫിഷ് ഫാമിനെ അക്വാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രതികൂലമായ കാലാവസ്ഥമൂലം ജലനിരപ്പ് ഉയർന്നതിനാലും, പദ്ധതി കാലയളവിൽ പല പ്രാവശ്യം ക്വാറി സമരം കാരണം നിർമ്മാണ സാമഗ്രികൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടായതിനാലും, നോട്ട് നിരോധനംമൂലം തൊഴിലാളികളുടെ ലഭ്യതയിലുണ്ടായ കുറവുമൂലവും ഇടക്കൊച്ചി ഫിഷ്ഫാം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിട്ടു.

(ബി) പദ്ധതി രണ്ട് ഘട്ടമായിട്ടാണ് നിർമ്മാണം നടത്തിവരുന്നത്. കരാർ പ്രകാരം ഒന്നാംഘട്ടം പ്രവർത്തനങ്ങൾ 29-9-2016-ലും രണ്ടാംഘട്ടം പ്രവർത്തനങ്ങൾ 21-3-2017-ലുമാണ് പൂർത്തീകരിക്കേണ്ടിയിരുന്നത്.

(സി) പദ്ധതിയുടെ ഒന്നാംഘട്ടം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ 2017 ആഗസ്റ്റോടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഇടക്കൊച്ചി ഫിഷ് ഫാമിനെ അക്വാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിലവിൽ നിവേദനം ലഭ്യമായതായി കാണുന്നില്ല.

**കാസർഗോഡ് ജില്ലയിലെ ഫിഷറീസ് സ്റ്റേഷനുകൾ**

106 (3524) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര ഫിഷറീസ് സ്റ്റേഷനുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയതായി ജില്ലയിൽ ഫിഷറീസ് സ്റ്റേഷനുകളോ സബ് സ്റ്റേഷനുകളോ നിർമ്മിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണം പൂർത്തിയായിട്ടും ഉദ്ഘാടനം ചെയ്യാത്ത സബ് സ്റ്റേഷൻ ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഉദ്ഘാടനം നടത്താനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നില്ല.

(ബി) കാസർഗോഡ് ജില്ലയിൽ പുതിയതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ഫിഷറീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) കാസർഗോഡ് ഫിഷറീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ഡി) ഫിഷറീസ് സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ തസ്തിക സൃഷ്ടിച്ച് കഴിഞ്ഞാലുടൻതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്.

**ഉൾനാടൻ മത്സ്യകൃഷി**

107 (3525) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൾനാടൻ മത്സ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പ് നൽകിവരുന്ന ധനസഹായ പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഉൾനാടൻ മത്സ്യകൃഷി വ്യാപനവും മത്സ്യവിത്തുകളുടെ ഉല്പാദനവും**

108 (3526) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കാനും മത്സ്യലഭ്യത ഉറപ്പുവരുത്തുവാനും മത്സ്യ വിത്തുകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ കൃഷി വഴി പ്രതിവർഷം ശരാശരി എത്ര ടൺ മത്സ്യം ഉല്പാദിപ്പിക്കുന്നുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. ജലകൃഷി വ്യാപന പദ്ധതികൾ

2. നീലവിപ്ലവം പദ്ധതി

3. നൂതന മത്സ്യകൃഷി പദ്ധതി

4. ഓപ്പൺ വാട്ടർ റാഞ്ചിംഗ്

5. മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്ന പദ്ധതി

6. മത്സ്യോൽപ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്ന പദ്ധതി

7. നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും നവീകരണ പദ്ധതി

8. മത്സ്യ സമൃദ്ധി II പദ്ധതി.

കൂടാതെ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിനുകീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി കൈപ്പാട്-പൊക്കാളി പദ്ധതിയും, നിലവിൽ ഒരു നെല്ലും ഒരു മീനും പദ്ധതിയും, മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിന് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യോൽപ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതിയും നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി വഴി 2016-17 സാമ്പത്തിക വർഷം 40000 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കപ്പെട്ടതായിട്ടാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

**ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള പുതിയ പദ്ധതികൾ**

109(3527) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി

2. മെഡിക്കൽ ക്യാമ്പ്

3. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി

4. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ

5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽനിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയൽ പദ്ധതി

6. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം

7. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി

8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി

9. ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് ആർ.എസ്.ബി.വൈ. മുഖേനയുള്ള സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

(ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*).

**ഗുണമേന്മയുള്ള ചെമ്മീൻ വിത്ത്**

110(3528) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗുണമേന്മയുള്ള ചെമ്മീൻ വിത്ത് കിട്ടാനില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 'അഡാക്ക്' പരിശോധന നടത്തി രോഗവിമുക്തമാണെന്ന് സർട്ടിഫിക്കറ്റ് നൽകിയ വിത്തുകൾ, മംഗലാപുരം ഫിഷറീസ് കോളേജിലും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പനങ്ങാട് ഫിഷറീസ് യൂണിവേഴ്സിറ്റിയിലും പരിശോധന നടത്തിയപ്പോൾ രോഗബാധിതമാണെന്ന് റിപ്പോർട്ട് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രോഗവിമുക്തമായ വിത്ത് കർഷകർക്ക് നൽകാൻ എന്ത് നടപടിയാണ് സ്വീകരിച്ചത്;

(സി) 2013-ലെ കേരള മത്സ്യ വിത്ത് നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് സീഡ് സെന്ററുകളും പ്രാദേശിക സീഡ് സെന്ററുകളും സ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) 2010-ലെ ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന-ജില്ലാ ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതികൾ രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ഇ) കണ്ണൂരിൽ 'സിബ' (CIBA)യുമായി ചേർന്ന് മത്സ്യഫെഡ് ഒരു ചെമ്മീൻ/മത്സ്യത്തീറ്റ നിർമ്മാണശാല ആരംഭിക്കുന്നതിന് എം.ഒ.യു. ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ ഇത് പ്രാവർത്തികമാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. Random Sampling ടെക്നിക് പ്രയോജനപ്പെടുത്തിയാണ് ഇതിനായി സാമ്പിൾ ശേഖരിക്കുന്നത്. അഡാക്കിന്റെ പി.സി.ആർ. ലാബുകളിൽ പരിശോധിച്ച് രോഗബാധിതമല്ലായെന്ന് ഉറപ്പുവരുത്തിയശേഷമാണ് ചെമ്മീൻ വിത്തുകൾ കർഷകർക്ക് നൽകിവരുന്നത്.

(സി) സ്റ്റേറ്റ് സീഡ് സെന്ററുകളും പ്രാദേശിക സീഡ് സെന്ററുകളും സ്ഥാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2010-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ആക്ട് പ്രകാരം രൂപീകരിച്ച 38-ാം ചട്ട പ്രകാരവും സംസ്ഥാനതലത്തിൽ സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് ഉപദേശക സമിതിയും ജില്ലാതലത്തിൽ ജില്ലാതല ഫിഷറീസ് മാനേജ്മെന്റ് ഉപദേശകസമിതിയും രൂപീകിരിക്കുന്നതിനുള്ള കരട് വിജ്ഞാപനങ്ങൾ ലഭ്യമാക്കാൻ ഫിഷറീസ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കണ്ണൂരിൽ CIBA-യുടെ സാങ്കേതിക സഹകരണത്തോടെ മത്സ്യത്തീറ്റ ഫാക്ടറി ആരംഭിക്കുന്നതിന് മത്സ്യഫെഡുമായി CIBA MOU ഒപ്പിട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത മത്സ്യത്തീറ്റ ഫാക്ടറി തൃശ്ശൂർ ജില്ലയിൽ പൊയ്യയിൽ സ്ഥാപിക്കുന്നതിനാണ്

സർക്കാർ ഭരണാനുമതി നൽകിയിരുന്നത്. കണ്ണൂരിൽ മാപ്പിള ബേയിൽ പ്രസ്തുത തീറ്റ ഫാക്ടറി സ്ഥാപിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ**

111 (3529) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഉപാധികളും അറിവുകളും എത്തിക്കുന്നതിൽ മത്സ്യഫെഡ് എത്രമാത്രം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിക്കാനും അതുവഴി അവരുടെ ഇടയിൽ സമ്പാദ്യശീലം വളർത്തുവാനും മത്സ്യഫെഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മത്സ്യഫെഡിന് മൈക്രോ ക്രെഡിറ്റ് മേഖലയിൽ കാര്യമായ പ്രഭാവം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) മത്സ്യ വിപണനത്തിനായി മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷ് സ്റ്റാളുകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യഫെഡ് ജില്ലാ തലത്തിൽ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി ബോധവത്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ഫിഷറീസ് പദ്ധതികളെക്കുറിച്ചും, മത്സ്യബന്ധന ഉപാധികളെക്കുറിച്ചുമുള്ള അറിവുകൾ പകർന്നുനൽകാറുമുണ്ട്. എൻ.സി.ഡി.സി. സഹായത്തോടെ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നു. അതോടൊപ്പം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ യന്ത്രവൽകൃത യാനങ്ങൾക്ക് സബ്സിഡിയും നൽകിവരുന്നു.

(സി) മത്സ്യഫെഡ് 1996 മുതൽ മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ളിൽ മത്സ്യ ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ സ്വയംസഹായ ഗ്രൂപ്പുകൾ രൂപീകരിച്ച് സമ്പാദ്യശീലം വളർത്തിയും ചുരുങ്ങിയ പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് വിതരണം ചെയ്തും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. നിലവിൽ 368 മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ 178502 പേർ അംഗങ്ങളായുള്ള 14904 സ്വയം സഹായ ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ലഘു സമ്പാദ്യം ഇനത്തിൽ 11277 ലക്ഷം രൂപ അംഗങ്ങളിൽനിന്നും സമാഹരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. മത്സ്യത്തൊഴിലാളി മേഖലയിൽ സ്വയംസഹായ ഗ്രൂപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ ചുരുങ്ങിയ പലിശ നിരക്കിലുള്ള മൈക്രോ ക്രെഡിറ്റ് ലഭ്യമാക്കി മത്സ്യത്തൊഴിലാളി മേഖലയിൽ സ്വയം സഹായ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്തുവരുന്നു. ഒരു വർഷം 60 കോടി രൂപയാണ് 6 ശതമാനം പലിശ നിരക്കിൽ മൈക്രോ ക്രെഡിറ്റ് ഇനത്തിൽ സ്വയം സഹായ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നത്. നാളിതുവരെ 435 കോടി രൂപ മൈക്രോ ക്രെഡിറ്റ് ഇനത്തിൽ മത്സ്യത്തൊഴിലാളി മേഖലയിലെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഇ) മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫിഷ് സ്റ്റാളുകളുടെ പ്രവർത്തനാവലോകനം ജില്ലാ അടിസ്ഥാനത്തിൽ ഓരോ മാസവും നടത്തി വരാറുണ്ട്. പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും, അഭിപ്രായങ്ങളും, സ്വയം സഹായ സംഘങ്ങളുടെ ആവശ്യങ്ങളുമൊക്കെ ടി അവലോകനങ്ങളിൽ ചർച്ചയ്ക്ക് വരികയും അവയ്ക്ക് പരിഹാരം കാണുവാൻ ശ്രമിക്കാറുമുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, കൊല്ലം ജില്ലകളിൽ രണ്ടു വീതവും, കോട്ടയം ജില്ലയിൽ പതിനൊന്നും, എറണാകുളം ജില്ലയിൽ പത്തും, തൃശ്ശൂർ ജില്ലയിൽ ഒന്നും കോഴിക്കോട് ജില്ലയിൽ മൂന്നും സ്റ്റാളുകൾ ഉൾപ്പെടെ ആകെ 31 ഫിഷ് സ്റ്റാളുകൾ മത്സ്യഫെഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കോട്ടയം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിലെ എല്ലാ സ്റ്റാളുകളും ലാഭകരമായി പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ജില്ലയിലെ അരയിടത്തുപാലം ഫിഷ് സ്റ്റാളും, എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ ഫിഷ് മാർട്ടുകളും നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. വിൽപ്പന കുറവുള്ള ഫിഷ് മാർട്ടുകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടിയും മത്സ്യഫെഡ് സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്

112(3530) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്;

(ബി) ഇവർക്ക് നൽകുന്ന പ്രതിമാസപെൻഷൻ തുക എത്ര രൂപയാണ്; പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ; മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 മത്സ്യത്തൊഴിലാളി പട്ടിക പ്രകാരം മത്സ്യത്തൊഴിലാളി അംഗങ്ങൾ-234844 അനുബന്ധത്തൊഴിലാളി അംഗങ്ങൾ-77597

(ബി) നിലവിൽ 1,000 രൂപയാണ് പ്രതിമാസ പെൻഷൻ. 2017 ജൂൺ മാസം മുതൽ 1,100 രൂപയായി പെൻഷൻ വർദ്ധിപ്പിച്ച് നൽകുന്നതാണ്.

**പെൻഷൻ ലഭിക്കുന്നതിനുള്ള നിബന്ധനകൾ**

**മത്സ്യത്തൊഴിലാളി:**

കേരളത്തിൽ കുറഞ്ഞത് 10 വർഷമെങ്കിലും മത്സ്യത്തൊഴിലാളിയായി ജോലി ചെയ്ത് ഉപജീവനം കഴിക്കുകയും, 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽ നിന്ന് വിരമിക്കുകയും ചെയ്യുന്ന ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. അപേക്ഷിക്കുന്ന തീയതി തൊട്ട് 5 വർഷം മുമ്പെങ്കിലും മത്സ്യബോർഡിൽ വിഹിതം അടച്ചിരിക്കണം. പഞ്ചായത്തിൽനിന്നും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഒഴികെ മറ്റ് പെൻഷനുകൾ ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. മേൽ പറഞ്ഞവയ്ക്കുപുറമേ 2016 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതിന് ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്.

**അനുബന്ധത്തൊഴിലാളി:**

5 വർഷം തുടർച്ചയായി ക്ഷേമനിധി അംഗത്വം ഉണ്ടായിരിക്കേണ്ടതാണ്. 60 വയസ്സ് പൂർത്തിയാക്കുകയും തൊഴിലിൽനിന്ന് വിരമിക്കുകയും ചെയ്യുന്ന

ക്ഷേമനിധി അംഗങ്ങൾ പെൻഷൻ ലഭിക്കുന്നതിന് അർഹരാണ്. അപേക്ഷകർ കേരളത്തിൽ സ്ഥിര താമസക്കാരും വാർഷിക കുടുംബ വരുമാനം ദാരിദ്ര്യരേഖ നിരക്കിനേക്കാൾ താഴ്ന്നതുമായിരിക്കണം. ക്ഷേമനിധി വിഹിതം പൂർണ്ണമായി അടച്ചിരിക്കണം. പഞ്ചായത്തിൽനിന്നും ലഭിക്കുന്ന സുരക്ഷാ പെൻഷനുകൾ ഒഴികെ മറ്റ് പെൻഷൻ ലഭിക്കുന്നില്ല എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. മേൽ പറഞ്ഞവയ്ക്ക് 2016 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതിന് ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്.

**വിധവാ പെൻഷൻ**

മത്സ്യ ബോർഡിൽ വിഹിതമടച്ച് അംഗത്വമെടുത്തശേഷം വാർദ്ധക്യകാല പെൻഷൻ പദ്ധതി പ്രകാരമുള്ള പെൻഷൻ ഒരു ഗഡുപോലും വാങ്ങുന്നതിന് മുമ്പായി മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ഭാര്യമാർക്ക് ഈ പെൻഷൻ നൽകിവരുന്നു.

മരണം നടന്ന് 90 ദിവസത്തിനുള്ളിൽ ഫിഷറീസ് ഓഫീസർക്ക് അപേക്ഷ നൽകണം. മേൽ പറഞ്ഞവയ്ക്ക് പുറമെ 2016 ഒക്ടോബർ മുതൽ പെൻഷൻ ലഭിക്കുന്നതിന് ആധാർ നമ്പർ വെരിഫൈ ചെയ്ത് അംഗീകാരം ലഭിക്കണം എന്ന നിബന്ധനയും ബാധകമാണ്. നിലവിൽ മത്സ്യ ബോർഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. *

**ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യകൃഷി**

113(3531) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻകെട്ട് റിസർവോയറുമായി ബന്ധപ്പെട്ട് മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഭൂതത്താൻകെട്ട് റിസർവോയറുമായി ബന്ധപ്പെട്ട് മത്സ്യം വളർത്തുന്നതിനും പിടിക്കുന്നതിനുംവേണ്ട പദ്ധതിക്ക് രൂപം കൊടുക്കുമോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റിസർവോയറുകളിൽ മത്സ്യവിഭവ സംരക്ഷണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാധ്യമാക്കുന്നതിനും മത്സ്യവിത്തുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ മത്സ്യമേഖലയുടെ വികസനത്തിനായി ഫിഷറീസ് വകുപ്പ് ഫിഷറീസ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) മുഖേനയും എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ടിൽ മൾട്ടിസ്പീഷീഷ് ഇക്കോ ഹാച്ചറി സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. ഗുണമേന്മയുള്ള മത്സ്യവിത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭൂതത്താൻകെട്ടിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. 10 ദശലക്ഷം ഉൽപ്പാദനശേഷിയുള്ള ഒരു മത്സ്യവിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. പ്രസ്തുത പദ്ധതി ആർ.കെ.വി.വൈ., ജില്ലാ പഞ്ചായത്ത്, സംസ്ഥാന സർക്കാർ എന്നിവയുടെ ധനസഹായത്തോടെയാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതിക്ക് 250 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ. വിഹിതവും 155 ലക്ഷം രൂപയുടെ സംസ്ഥാന സർക്കാർ വിഹിതവും 200 ലക്ഷം രൂപ എറണാകുളം ജില്ലാ പഞ്ചായത്ത് വിഹിതവുമാണ്. ഇതിന്റെ ആദ്യഘട്ടം 28-12-2016-ൽ കമ്മീഷൻ ചെയ്ത് മത്സ്യോൽപ്പാദനം നടത്തിവരുന്നു. ജലകൃഷി വികസന ഏജൻസി, കേരള (അഡാക്ക്) മുഖേന ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യക്കുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

(ബി) ഭൂതത്താൻകെട്ട് റിസർവോയറിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി ട്ടാണ്, അഡാക്ക് "reservoir stocking" പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യക്കുഞ്ഞുങ്ങളെ സ്റ്റോക്ക് ചെയ്തിട്ടുള്ളത്.

**മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനം**

114 (3532) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(ബി) കടൽത്തീരത്തുനിന്നും 50 മീറ്റർ ദൂരത്തിനുള്ളിൽ അതീവ അപകട മേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം

നിലവിൽ എത്ര രൂപയാണ് ഒരു കുടുംബത്തിന് നൽകുന്നത്; പ്രസ്തുത തുക അർഹരായ എല്ലാവർക്കും യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്ന ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; മത്സ്യ അനുബന്ധ തൊഴിലാളികൾക്കും മത്സ്യബന്ധന ഉപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യമേഖലയുടെയും തീരദേശത്തിന്റെയും സമഗ്ര വികസനത്തിനായി ഈ സർക്കാർ ഫിഷറീസ് വകുപ്പ് മുഖേനയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

**ഫിഷറീസ് വകുപ്പ്**

1. ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി

2. കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി

3. മെഡിക്കൽ ക്യാമ്പ്

4. അക്ഷരസാഗരം

5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി

6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ

7. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി

8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി

9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം പദ്ധതി

10. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി

11. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി

12. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം ഇ-ഗ്രാന്റ് മുഖേന വിതരണം ചെയ്യുന്ന പദ്ധതി

13. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം

14. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി

15. കടലിൽ മത്സ്യക്കൂട് കൃഷി

16. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

17. മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ്.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

1. നിലവിൽ പുരോഗമിച്ചുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പൂർത്തീകരണം

2. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട/മൂന്നാംഘട്ട വികസനം

3. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂരോഗമിച്ചുവരുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം

4. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഡ്രഡ്ജിംഗും പ്രധാന അറ്റകുറ്റപ്പണികളും

5. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ

6. തീരദേശ മേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം.

(ബി) കടലോരത്ത് നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന ഭവന പദ്ധതിയിൽ, ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി 700 ലക്ഷം രൂപയും 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിനായി 7500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള പഞ്ഞമാസ സമാശ്വാസ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നിലവിൽ 4,500 രൂപയാണ് നൽകുന്നത്. കടലോര മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളി ഗുണഭോക്താക്കൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും മൂന്ന് തുല്യ ഗഡുക്കളായി തുക അനുവദിച്ച് വരുന്നു. 2017-18 ബഡ്ജറ്റിൽ പദ്ധതിക്കായി 2060 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സമാശ്വാസ പദ്ധതിയിൽ 193693 പേർ അംഗങ്ങളായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി 58.11 കോടി രൂപ ആവശ്യമായി വരും. അധികം ആവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ മുഖേന ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം 5 ലക്ഷം രൂപയിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയത് 2017 ഡിസംബർ 17 മുതൽ നിലവിൽവരും. ക്ഷേമനിധി അംഗത്വമുള്ള അനുബന്ധ മത്സ്യത്തൊഴിലാളികളിൽനിന്നും പ്രത്യേകം പ്രീമിയം തുകയൊന്നും ഈടാക്കാതെ തന്നെ അവർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യം നൽകുന്നുണ്ട്.

ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് 50 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ പരിഗണനയിലാണ്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലാണ് ആദ്യഘട്ടത്തിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**മുടങ്ങിക്കിടക്കുന്ന മത്സ്യത്തൊഴിലാളി പെൻഷൻ**

115 (3533) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് നൽകിവന്നിരുന്ന പെൻഷൻ എത്ര മാസമായി മുടങ്ങിക്കിടക്കുന്നു എന്നറിയിക്കാമോ;

(ബി) രോഗികളായ മത്സ്യത്തൊഴിലാളികൾക്ക് മരുന്ന് വാങ്ങുവാൻപോലും നിവൃത്തിയില്ലാത്ത സാഹചര്യം കണക്കിലെടുത്ത് ആയത് എത്രയുംവേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യബോർഡിൽ മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി,

വിധവ എന്നീ വിഭാഗങ്ങളിലായി 65300 പേർ പെൻഷണർമാരായിട്ടുണ്ട്. ഇതിൽ 49898 പേർക്ക് ആധാർ ലിങ്കിംഗ് പൂർത്തിയായിട്ടുണ്ട്. ആധാർ ലിങ്കിംഗ് പൂർത്തിയായവരുടെ 31-3-2017 വരെയുള്ള പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അംഗങ്ങളുടെ ആധാർ ലിങ്കിംഗ് പൂർത്തിയാകുന്നമുറയ്ക്ക് പെൻഷൻ വിതരണം ചെയ്യുന്നതാണ്. അതിനുള്ള ഊർജ്ജിത നടപടികൾ മത്സ്യബോർഡ് മുഖേന സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 31-3-2017 വരെ പെൻഷൻ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലെ പെൻഷൻ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ അനുവദിക്കുന്നതാണ്.

**കടലാക്രമണത്തിനിരയായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം**

116 (3534) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണംമൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്; വിവരിക്കുമോ;

(സി) ഇപ്രകാരം പുനരധിവാസം നടപ്പാക്കാത്ത സ്ഥലങ്ങളിൽ, മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഇപ്പോഴും സ്കൂളുകളിലും മറ്റും താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായി 2016-17 സാമ്പത്തിക വർഷം 2 കോടി രൂപ

അഡീഷണൽ ആതറൈസേഷൻ മുഖേന ലഭിക്കുകയും ആയത് തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ കടൽക്ഷോഭംമൂലം വീടും സ്ഥലവും നഷ്ടപ്പെട്ട 248 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ ലഭ്യമായ 2 കോടി രൂപ തിരുവനന്തപുരം, തൃശ്ശൂർ, മലപ്പുറം ജില്ലകൾക്ക് അനുവദിച്ചുനൽകി. ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി & ഡി) ഉണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലകളിൽ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. കടലാക്രമണ ഭീഷണി നിലനിൽക്കുന്ന 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്താഴിലാളികളെ സുരക്ഷിതമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിനായിട്ടാണ് 2017-18-ലെ മത്സ്യത്തൊഴിലാളി ഭവനപദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി ഭവന പദ്ധതികൾക്കായി മാത്രം 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളിക്ക് കടാശ്വാസം**

117 (3535) <u>ശ്രീ. എം. സ്വരാജ്</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:
<u>ശ്രീ. എ. പ്രദീപ്കുമാർ</u>:
<u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെകാലത്ത് കമ്മീഷൻ കടാശ്വാസം അനുവദിച്ചുവെങ്കിലും സർക്കാർ തുക അനുവദിക്കാതെ കുടിശ്ശിക ആക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ആവശ്യത്തിന് തുക അനുവദിച്ച് മത്സ്യത്തൊഴിലാളികളെ കടക്കെണിയിൽ നിന്ന് മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) 2008 ഡിസംബർ മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്ക് വായ്പ എടുത്ത് കടക്കെണിയിലായ മത്സ്യത്തൊഴിലാളികളുടെ വായ്പ എഴുതിത്തള്ളാൻ സാധ്യമാകുമോ എന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 2016-17 വർഷം 17.50 കോടി രൂപ മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി വകയിരുത്തിയിരുന്നു. കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം 9.32 കോടി രൂപ കടാശ്വാസമായി അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി ബഡ്ജറ്റിൽ 17.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും ഇതുവരെയായി 2.74 കോടി രൂപ രജിസ്ട്രാർ സഹകരണ വകുപ്പിനും 44,83,647 രൂപ ഭവന നിർമ്മാണ ബോർഡിനും കടാശ്വാസം നൽകുന്നതിനായി അനുവദിച്ചുനൽകിയിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**മത്സ്യത്തൊഴിലാളികളുടെ ഭവന പുനർനിർമ്മാണം**

118(3536) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റും മഴയും മറ്റ് പ്രകൃതിക്ഷോഭവുംമൂലം വീട് നഷ്ടപ്പെട്ട ഒട്ടനവധി മത്സ്യത്തൊഴിലാളികൾ വീട് പുനർനിർമ്മിക്കാനാവാതെ ക്ലേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള ഭവന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(സി) മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ് നിർമ്മാണത്തിൽ എത്രയെണ്ണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) പുനരധിവസിപ്പിക്കപ്പെടേണ്ടതും വീട് നിർമ്മിച്ച് നൽകേണ്ടതുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കുമോ;

(ഇ) മത്സ്യത്തൊഴിലാളി ഭവനപദ്ധതി നടപ്പിലാക്കുമ്പോൾ കാലതാമസം നേരിടുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി വകുപ്പ് ആവിഷ്കരിച്ച്

നടപ്പിലാക്കിവരുന്ന ഭവന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം വലിയതുറയിൽ 32 ഫ്ലാറ്റുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 എണ്ണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറിക്കിട്ടിയ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായുള്ള ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഫിഷറീസ് വകുപ്പ് 2016-17-ൽ നടത്തിയ പ്രാഥമിക കണക്കെടുപ്പ് പ്രകാരം തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഏകദേശം 24454 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ സർവ്വേ നടത്തിയിട്ടുണ്ട്. ടി സർവ്വേ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3339 കുടുംബങ്ങളും കാസർഗോഡ് ജില്ലയിൽ 1102 കുടുംബങ്ങളും ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഏഴ് തീരദേശ ജില്ലകളിലും സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഇ) ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കുന്ന ഭവന പദ്ധതിക്ക് ബന്ധപ്പെട്ട ജില്ലകളിൽ അപേക്ഷകൾ ക്ഷണിച്ച് ഫീൽഡ് ലെവൽ പരിശോധന നടത്തി കരട് അർഹതാ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപം ഉണ്ടെങ്കിൽ പരിഹരിച്ച് പ്രസിദ്ധപ്പെടുത്തുന്നു. ടി അർഹതാ ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല ഗുണഭോക്തൃ സെലക്ഷൻ കമ്മിറ്റി നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ ആവശ്യമായ രേഖകൾ ഹാജരാക്കി ഫിഷറീസ് വകുപ്പുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്യുന്നു. ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ ചിലർ സ്വന്തം നിലയിൽ വീട് വയ്ക്കുകയോ മറ്റ് സർക്കാർ വകുപ്പുകളിൽ നിന്നും ഭവന നിർമ്മാണ ധനസഹായം കൈപ്പറ്റുകയോ ചെയ്യാറുണ്ട്. ഇത്തരത്തിലുള്ളവർക്ക് പകരം പുതിയ ഗുണഭോക്താക്കളെ വീണ്ടും തെരഞ്ഞെടുക്കേണ്ടതായി വരുന്നുണ്ട്. ഇത്തരം സന്ദർഭത്തിൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം നേരിടാറുണ്ട്. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സാമഗ്രികളുടെ വർദ്ധിപ്പിച്ച വില, ദൗർലഭ്യം, വർദ്ധിച്ച നിർമ്മാണ കൂലി എന്നിവമൂലം നിശ്ചിത സമയപരിധിയ്ക്കകം ധനസഹായം ഉപയോഗപ്പെടുത്തി ഭവനനിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെയും വരുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

119 (3537) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഉൾക്കടലിൽ പോയി മീൻ പിടിക്കുന്ന മത്സ്യത്തൊഴിലാളികളുടെ യന്ത്ര വള്ളങ്ങൾ, ബോട്ടുകൾ മുതലായവ സാമ്പത്തികക്കുറവുമൂലം വളരെ മോശമായ സ്ഥിതിയിൽ കടലിലേയ്ക്ക് കൊണ്ടുപോകേണ്ടിവരുന്നത് കണക്കിലെടുത്ത്, ഇവരുടെ മത്സ്യബന്ധനം സുഖകരമാക്കാൻ ഉചിതമായ നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ കടലോരമേഖലകളിൽ നിന്നും ആഴക്കടലിൽ മത്സ്യബന്ധനത്തിനായി പോകുന്ന മത്സ്യത്തൊഴിലാളികൾ അപകടങ്ങളിൽപ്പെട്ടിട്ടുണ്ടോയെന്ന് കരയിൽ നിന്ന് നിരീക്ഷിക്കുവാനും ഇവരെ സഹായിക്കുവാനും ആവശ്യമായ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കി ഇതിലേയ്ക്ക് വിവിധ കടലോര മേഖലകളിൽ ആളുകളെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി താഴെ പറയുന്ന പദ്ധതികൾ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

(1) ഭൂരഹിത/ഭവനരഹിത മത്സ്യത്തൊഴിലാളികളുടെ ഭൂമിയും വീടിനുമുള്ള പദ്ധതി.

(2) കടലോരത്ത് കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി.

(3) മെഡിക്കൽ ക്യാമ്പ്.

(4) അക്ഷരസാഗരം.

(5) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള

കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി.

(6) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

(7) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

(8) തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി.

(9) തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി.

(10) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി.

(11) തീരദേശ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി.

(12) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.

(13) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിടസമുച്ചയം നിർമ്മിക്കുന്ന പദ്ധതി.

(14) സീകേജ് ഫാമിംഗ് പദ്ധതി.

(ബി) എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന യാനങ്ങളും മത്സ്യബന്ധന ഉപകരണങ്ങളും നൽകുന്ന പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കിവരുന്നുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി മറൈൻ ആംബുലൻസ് സംവിധാനം നടപ്പിലാക്കുന്നതിനായി 2 കോടി രൂപ അനുവദിക്കുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്താണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 12 നോട്ടിക്കൽ മൈൽ വരെ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന ബോട്ടുകളെ നിരീക്ഷിക്കുന്നതിനും, അപകടത്തിൽ പ്പെട്ടാൽ ഉടൻതന്നെ കൺട്രോൾ റൂമിൽ വിവരം ലഭ്യമാക്കുകയും ചെയ്യുന്നവിധം 'ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം' നടപ്പിലാക്കിവരുന്നു. ആദ്യഘട്ടത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലെ 300 ബോട്ടുകളിലാണ് ഈ സംവിധാനം ഏർപ്പെടുത്തുന്നത്. കൂടാതെ വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 24 മണിക്കൂർ കൺട്രോൾ റൂമും റെസ്ക്യൂ ബോട്ടും പ്രവർത്തിക്കുന്നുണ്ട്.

(സി) ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ കരയിൽനിന്ന് നിരീക്ഷിക്കുന്നതിന് 'ഓട്ടോമാറ്റിക് വെസ്സൽ മോണിറ്ററിംഗ് സിസ്റ്റം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 300 യൂണിറ്റുകൾ 90% സബ്സിഡി നിരക്കിൽ ബോട്ടുകളിൽ ഘടിപ്പിക്കുകയും ഫിഷറീസ് സ്റ്റേഷൻ വഴി കൺട്രോൾ റൂം പ്രവർത്തിപ്പിക്കുകയുമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൊത്തം 155 ജി.പി.എസ്. വെസ്സൽ ട്രാക്കിംഗ് സിസ്റ്റം ബോട്ടുകളിൽ ഘടിപ്പിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി**

120(3538) <u>ശ്രീ. യു. ആർ. പ്രദീപ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഇല്ലാതെ വരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) 2017-18-ലെ ബഡ്ജറ്റിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഈ പദ്ധതിമൂലം മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2017-18 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2060 ലക്ഷം രൂപ 2405-00-800-99 (പ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സി) സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളി അടയ്ക്കുന്ന 1,500 രൂപയും അതേ തുക അനുപാതത്തിൽ സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ വിഹിതവും ചേർത്ത് 4,500 രൂപ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികൾക്കും ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതാണ്. എന്നാൽ കേന്ദ്ര സർക്കാർ വിഹിതം വകയിരുത്തിയതായി അറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല.

**മത്സ്യക്കച്ചവടക്കാർക്ക് ലൈസൻസും രജിസ്ട്രേഷനും**

121(3539) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യക്കച്ചവടക്കാർക്ക് ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) രാസവസ്തുക്കൾ ചേർത്ത മീൻ വിൽക്കുന്നത് തടയാൻ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) രജിസ്ട്രേഷനും ലൈസൻസും നിർബന്ധമാക്കുന്നതിനുള്ള നടപടി പരിഗണനയിലാണ്.

(ബി) ഉണ്ട്. രാസവസ്തുക്കൾ ചേർത്ത മീൻ വിൽക്കുന്നത് തടയുന്നതിലേക്കായി 2017-ലെ കേരള മത്സ്യലേലവും വിപണനവും ഗുണമേന്മ ഉറപ്പാക്കലും ബിൽ തയ്യാറാക്കി വരുന്നു. ഇതുസംബന്ധിച്ച് പ്രാരംഭ ചർച്ചകൾ നടത്തിവരുന്നു.

**കായംകുളം ഫിഷിംഗ് ഹാർബർ നേരിടുന്ന പ്രശ്നങ്ങൾ**

122(3540) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) മത്സ്യബന്ധന വള്ളങ്ങൾ ഹാർബറിൽ അടുക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(സി) ഹാർബറിൽ രാത്രികാലത്തുള്ള വെളിച്ചക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഡി) കായംകുളം ഫിഷിംഗ് ഹാർബർ നേരിടുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കായംകുളം ഫിഷിംഗ് ഹാർബറിലെ സൗകര്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(1) കായംകുളം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനത്തിനുള്ള 2918 ലക്ഷം രൂപയുടെ പദ്ധതിയിൽ നിലവിലുള്ള ലേലപ്പുരയുടേയും വാർഫിന്റേയും

നീളം 150 മീറ്റർ കൂടി വർദ്ധിപ്പിക്കൽ, കവേർഡ് ഫിഷ്ലോഡിംഗ് ഏരിയ, പാർക്കിംഗ് ഏരിയ, ഓട, ചുറ്റുമതിൽ നിർമ്മാണം, ഡ്രഡ്ജിംഗ്, ഡ്യൂപ്ലക്സ് ഷോപ്പ് നിർമ്മാണം, പുലിമുട്ടുകളുടെ റിപ്ലിനിഷ്മെന്റ് പ്രവൃത്തികൾ, ലോക്കർ റൂമുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെട്ടിരുന്നു. ടി പദ്ധതി രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. പുതിയ DSR നിരക്ക് നിലവിൽ വന്നതിനാൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

(2) കായംകുളം ഹാർബറിന്റെ വലിയഴീക്കൽ ഭാഗത്ത് സുനാമി പുനരധിവാസ പദ്ധതിയിൽ (ടി.ആർ.പി.)യിൽ ലഭിച്ച 415 ലക്ഷം രൂപ പ്രയോജനപ്പെടുത്തി 75 മീറ്റർ വാർഫ്, 50 x 8 മീറ്റർ ലേലപ്പുര എന്നിവ പൂർത്തീകരിക്കുകയുണ്ടായി.

(3) നബാർഡ് RIDF-XVII പദ്ധതിയിൽ ഉൾപ്പെടുത്തി വലിയഴീക്കൽ മത്സ്യബന്ധന യാനം കരയ്ക്കടുപ്പിക്കൽ കേന്ദ്രം (എഫ്.എൽ.സി.)യുടെ നവീകരണ പ്രവൃത്തിക്ക് 235 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഡ്രഡ്ജിംഗ് ഒഴികെയുള്ള പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടായി ലഭിച്ച 50 ലക്ഷം രൂപ കൂടി ചേർത്ത് ടി ഭാഗത്ത് മണൽതിട്ട നീക്കംചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഡ്രഡ്ജിംഗ് പൂർത്തിയാകുന്നതോടുകൂടി വലിയഴീക്കൽ ഭാഗത്തും ബോട്ടുകൾക്കും വള്ളങ്ങൾക്കും അടുത്ത് മത്സ്യം വിപണനം നടത്തുന്നതിന് സാധിക്കുന്നതാണ്.

(4) എൻ.എഫ്.ഡി.ബി.യിൽ നിന്നും ലഭിച്ച 259 ലക്ഷം രൂപ ചെലവഴിച്ച് അഴീക്കൽ ഭാഗത്ത് നെറ്റ്മെന്റിംഗ് ഷെഡ്, നിലവിലുള്ള വാർഫ്, ലേലപ്പുര, പാർക്കിംഗ് ഏരിയ എന്നിവയുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

(5) പുലിമുട്ടുകളുടെ അറ്റകുറ്റപ്പണികൾക്കായി 780 ലക്ഷം രൂപയുടെയും, ഗ്രോയിൽ നിർമ്മിക്കുന്നതിന് 272 ലക്ഷം രൂപയുടെയും പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തിക്കായി 130 ലക്ഷം രൂപയുടെ ഭരണാനുമതി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിരുന്നു. തുടർന്ന് പ്രവൃത്തി ആരംഭിച്ചുവെങ്കിലും ഡ്രഡ്ജിംഗിലെ അളവ് സംബന്ധിച്ച് തർക്കംമൂലം കരാറുകാരൻ കേസ് ഫയൽ ചെയ്തിരുന്നു. കേസ് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ വലിയഴീക്കൽ ഭാഗത്ത് അടിഞ്ഞ മണ്ണ് നീക്കം ചെയ്യുന്നതിന് സ്റ്റേറ്റ് ഫണ്ടായി 50 ലക്ഷം രൂപ അനുവദിക്കുകയും പ്രവൃത്തി ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തി 60% പൂർത്തീകരിച്ചു.

(സി) ഹാർബറിൽ രാത്രികാലത്തുള്ള വെളിച്ചക്കുറവ് പരിഹരിക്കുന്നതിനായി ഹൈമാസ്റ്റ് ലൈറ്റ് പ്രവർത്തിപ്പിക്കുന്നുണ്ട്.

(ഡി) കായംകുളം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പ്രവൃത്തിക്ക് സമർപ്പിച്ചിട്ടിട്ടുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകി പ്രവൃത്തി

നടപ്പിലാക്കുന്നതോടുകൂടി ഹാർബർ ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ആകുന്നതാണ്.

**കായംകുളത്ത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

123(3541) <u>ശ്രീമതി യു. പ്രതിഭ ഹരി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2011 മുതൽ നാളിതുവരെ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും ഇതിന്റെ നിലവിലുള്ള പുരോഗതികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം മണ്ഡലത്തിൽ 2011 മുതൽ നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മേൽനോട്ടത്തിൽ തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ 9.41 കോടി രൂപയുടെ 33 റോഡു പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | 2 | 3 | 4 |
| **2010-11 സാമ്പത്തിക വർഷം** | | | |
| 1 | വൃന്ദാവൻ കടത്തുകടവ് റോഡ്-കായംകുളം മുനിസിപ്പാലിറ്റി | 24.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2 | ഉമ്മർമുക്ക് റോഡ്-മുതുകുളം പഞ്ചായത്ത് | 21.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3 | കിളിയ്ക്കൽമുക്ക് മണക്കാട് മുക്ക്-കൃഷ്ണപുരം പഞ്ചായത്ത് | 18.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4 | മുഴങ്ങോടിക്കടവ് റോഡ്- കായംകുളം മുനിസിപ്പാലിറ്റി | 13.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | പുല്ലുകുളങ്ങര-തിയേറ്റർ ജംഗ്ഷൻ മണിവേലിക്കടവ് റോഡ് | 28.50 | പ്രവൃത്തി പുരോഗമിക്കുന്നു. |
| **2012-13 സാമ്പത്തിക വർഷം** | | | |
| 1 | 2 | 3 | 4 |

| | | | |
|---|---|---|---|
| 6 | മുട്ടത്ത് മണ്ണേൽ എഫ്.എൽ.സി. റോഡ്- ദേവികുളങ്ങര പഞ്ചായത്ത് | 14.50 | .. |
| 1 | 2 | 3 | 4 |
| 7 | കണ്ണമംഗലം ആറാട്ടുകുളങ്ങര പത്തിയൂർ പഞ്ചായത്ത് | 29.50 | .. |
| 8 | എൻ.എച്ച്. പള്ളിമുക്ക് ശിലാന്തറ ജം. തെക്കൻകാവ് റോഡ് | 31.20 | .. |
| 9 | പിള്ളേരുകട ജംഗ്ഷൻ മുല്ലശ്ശേരി ടെമ്പിൾ ബ്രിഡ്ജ് റോഡ്- കായംകുളം മുനിസിപ്പാലിറ്റി | 50.50 | .. |
| **2013-14 സാമ്പത്തിക വർഷം** | | | |
| 1 | 2 | 3 | 4 |
| 10 | തോപ്പിലയ്യത്ത് പനച്ചൂർ ജംഗ്ഷൻ- കണ്ടല്ലൂർ പഞ്ചായത്ത് | 24.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11 | കിഴക്കേമഠം ആൽത്തറ ശ്മശാനം റോഡ് ആറ്റതീരം റോഡ് ചെട്ടികുളങ്ങര പഞ്ചായത്ത് | 23.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 12 | വലിയപെരുമ്പുഴ കിച്ചേരിക്കടവ് റോഡ് - ചെട്ടികുളങ്ങര പഞ്ചായത്ത് | 23.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 13 | കൊല്ലംനട തെക്ക് അമ്പിയിൽ മുക്ക് പുളിയ്ക്കൽമുക്ക് ചെങ്കിലത്ത് കടവ്- ചെട്ടികുളങ്ങര പഞ്ചായത്ത് | 44.70 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 14 | പുല്ലുകുളങ്ങര കുട്ടംവാതുക്കൽ റോഡ്- കണ്ടല്ലൂർ പഞ്ചായത്ത് | 52.00 | പുനർദർഘാസ് നടപടികൾ സ്വീകരിച്ച് വരുന്നു. |
| 15 | ദേവികുളങ്ങര പഞ്ചായത്തിലെ നടാലയ്ക്കൽ ജം. മുതൽ ശങ്കരാലയം കടവ് റോഡ് | 22.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 16 | രാജീവ് ഗാന്ധി ഉമാശ്ശേരി കായൽവാരം റോഡ് (മെറ്റലിംഗ്, ടാറിംഗ്) | 23.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 17 | അമ്പീത്തറ കണ്ടംപുതുവൽ റോഡ്- കണ്ടല്ലൂർ പഞ്ചായത്ത് | 29.00 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 18 | കണ്ടല്ലൂർ പഞ്ചായത്ത്-ഓണംപള്ളി ജംഗ്ഷൻ തരംഗിണി റോഡ് | 26.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 1 | 2 | 3 | 4 |
| 19 | തട്ടാരുമുക്ക് ലക്ഷംവീട് ഇടയോടി ക്കടവ് ക്ഷേത്രം മുട്ടത്ത്മുക്ക് റോഡ് കൃഷ്ണപുരം പഞ്ചായത്ത്, കരിയിലകുളങ്ങര | 37.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 20 | പത്തിയൂർ പഞ്ചായത്ത് - സ്പിന്നിംഗ് മിൽ ചക്കാലത്ത് ജംഗ്ഷൻ റോഡ് | 25.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2014-15 സാമ്പത്തിക വർഷം** | | | |
| 21 | തങ്കയ്യത്തിൽമുക്ക് റോഡ് മുതൽ തച്ചേത്തറപാലം-കൃഷ്ണപുരം പഞ്ചായത്ത് | 43.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 22 | നെട്ടുവേലി വയലിൽചിറ റോഡ്-കണ്ടല്ലൂർ പഞ്ചായത്ത് | 30.00 | പ്രവൃത്തി പുരോഗതിയിലാണ്. 15% പ്രവൃത്തി പൂർത്തീകരിച്ചു. |
| **2015-16 സാമ്പത്തിക വർഷം** | | | |
| 1 | 2 | 3 | 4 |
| 23 | കുറ്റിക്കാട് ജംഗ്ഷൻ അഞ്ചുതെങ്ങിൽ മുക്ക് കളിയ്ക്കൽ ജംഗ്ഷൻ റോഡ് കൃഷ്ണപുരം പഞ്ചായത്ത് | 12.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 24 | ഗുരുമന്ദിരം കൊച്ചയ്യത്ത് റോഡ് | 18.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 25 | കാപ്പിൽ കിഴക്ക് ചിറയ്ക്കുകറ്റി ക്ഷേത്രം മുതൽ വേതാളംകാവ് ജംഗ്ഷൻ റോഡ് കൃഷ്ണപുരം പഞ്ചായത്ത് | 15.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 26 | ആറുകറമ്പത്തോട് കടമ്പാട്ട്മുക്ക് റോഡ് കൃഷ്ണപുരം പഞ്ചായത്ത് | 26.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 27 | വെട്ടത്തേത്തു ജംഗ്ഷൻ റേഡിയോ ജംഗ്ഷൻ കൃഷ്ണപുരം പഞ്ചായത്ത് | 37.00 | പ്രവൃത്തി പുരോഗതിയിലാണ്. 10% പ്രവൃത്തി പൂർത്തീകരിച്ചു. |
| 28 | പാറ്റൂർ മോഴാട്ട് റോഡ്-പത്തിയൂർ | 17.00 | പ്രവൃത്തി |

| | | | |
|---|---|---|---|
| | പഞ്ചായത്ത് | | പുരോഗതിയിലാണ്. 5% പ്രവൃത്തി പൂർത്തീകരിച്ചു. |
| 1 | 2 | 3 | 4 |
| 29 | അപ്രോച്ച് റോഡ്-റ്റി.എം. ചിറ ആയിരം തെങ്ങ് ബ്രിഡ്ജ് റോഡ് | 25.00 | റ്റി.എം. ചിറപാലത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം മാത്രമേ ടി പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കുകയുള്ളു. |
| **2016-17 സാമ്പത്തികവർഷം** | | | |
| 1 | 2 | 3 | 4 |
| 30 | കണ്ടല്ലൂർ പഞ്ചായത്ത്-പറമ്പിൽ സഹൃദയ ജംഗ്ഷൻ റോഡ് | 35.61 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 31 | ഭരണിക്കാവ് പഞ്ചായത്ത്-ആലിൻറമുക്ക് വാത്തികുളം റോഡ് | 48.23 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 32 | പുളിമൂട്ടിൽ ജംഗ്ഷൻ വയൽ വരെയുള്ള റോഡ് - ഭരണിക്കാവ് പഞ്ചായത്ത് | 18.55 | പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 33 | ചാപ്രയിൽമുക്ക് പൊരുന്നില റോഡ്-പത്തിയൂർ പഞ്ചായത്ത് | 53.53 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| **ആകെ** | | **941.47 ലക്ഷം രൂപ** | |
| | 2. നബാർഡ് പദ്ധതികൾ | | |
| 34 | മുട്ടത്ത്മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം | 76.02 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 35 | റ്റി. എം. ചിറ പാലത്തിന്റെ നിർമ്മാണം-ദേവികുളങ്ങര പഞ്ചായത്ത് | 260.00 | സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി. പുതുക്കിയ ഡിസൈൻ പ്രകാരം |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. |
| | **ആകെ** | **336.02 ലക്ഷം രൂപ** | |

**മത്സ്യബന്ധന തുറമുഖങ്ങൾ**

124 (3542) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിച്ചുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മത്സ്യബന്ധന മേഖലയിൽ നബാർഡ് അംഗീകാരം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കേന്ദ്ര സർക്കാർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗിൽ വരുത്തിയ കുറവ് ഇവയുടെ പൂർത്തീകരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നബാർഡിന്റെ ധനസഹായത്തോടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ചുകൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(1) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അംഗീകാരം ലഭിച്ച കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം നബാർഡ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(2) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അംഗീകാരം ലഭിച്ച തലായ് മത്സ്യബന്ധന തുറമുഖ പദ്ധതി 75% പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ പുരോഗമിച്ചുവരുന്നു.

(3) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനത്തിനായി നബാർഡ് RIDF XV-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. പുലിമുട്ട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. 23-ാം ട്രഞ്ചിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടേയുള്ളു. 2017-18 സാമ്പത്തിക വർഷത്തെ സെക്ടറൽ അലോക്കേഷൻ ലഭിച്ചതിനുശേഷം മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതാണ്.

(സി) മുതലപ്പൊഴി, അർത്തുങ്കൽ, ചെല്ലാനം, ചേറ്റുവ, താനൂർ, വെള്ളയിൽ, കൊയിലാണ്ടി, തലായി, മഞ്ചേശ്വരം, കാസർഗോഡ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ചുവരുന്നത്. ഇതിൽ മുതലപ്പൊഴി, ചേറ്റുവ, തലായി, കൊയിലാണ്ടി, കാസർഗോഡ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ആകുന്നതാണ്. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ ഘടകങ്ങൾ ഏർപ്പാടാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണവേളയിൽ ഉണ്ടായ സിങ്കേജ്മൂലവും വെള്ളയിൽ, താനൂർ മത്സ്യബന്ധന തുറമുഖങ്ങളിൽ ബേസിനുള്ളിൽ tranquility ലഭിക്കുന്നതിന് പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കേണ്ടിവരുന്നതിനാലും ഭരണാനുമതി തുക വർദ്ധിക്കുകയുണ്ടായി. ടി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണയിലാണ്.

(ഡി & ഇ) ബാധിച്ചിട്ടില്ല.

## കല്യാശ്ശേരിയിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പദ്ധതികൾ

125(3543) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന എന്തൊക്കെ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത്; പുതുതായി സമർപ്പിച്ച പ്രൊപ്പോസൽ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

കല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും പുതുതായി സമർപ്പിച്ച പ്രൊപ്പോസലുകളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കാഷ്യൂ കോർപ്പറേഷന് ഗ്രാറ്റുവിറ്റി തുക**

126(3544) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷൻ തൊഴിലാളികൾക്ക് നൽകുവാനുള്ള ഗ്രാറ്റുവിറ്റി തുക ഏത് വർഷം വരെയുള്ളവർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) തുടർന്നുള്ള വർഷങ്ങളിലെ ഗ്രാറ്റുവിറ്റി തുക വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) തൊഴിലാളികൾക്ക് ലഭിക്കുവാനുള്ള ഗ്രാറ്റുവിറ്റി തുക എത്രയുംവേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനിൽ നിന്ന് 2010 വർഷം വരെ വിരമിച്ച എല്ലാ തൊഴിലാളികൾക്കും ഗ്രാറ്റുവിറ്റി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2011 വർഷം വിരമിച്ച, 9 ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി വിതരണം ചെയ്തിട്ടുണ്ട്.

(ബി & സി) തുടർന്നുള്ള വർഷങ്ങളിലെ ഗ്രാറ്റുവിറ്റി തുക തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഏകദേശം 64 കോടി രൂപ ആവശ്യമുണ്ട്. പ്രസ്തുത കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**ചെറുകിട കർഷകരിൽനിന്നും തോട്ടണ്ടി സംഭരണം**

127 (3545) ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി.ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്തെ ചെറുകിട കർഷകരിൽനിന്നും തോട്ടണ്ടി സംഭരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംഭരിക്കുന്ന തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് വിലനിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ;

(സി) തോട്ടണ്ടിയുടെ വില എപ്രകാരമാണ് നിശ്ചയിക്കപ്പെടുന്നതെന്ന് വിവരിക്കുമോ;

(ഡി) ഒരു വർഷം ചെറുകിട കർഷകരിൽ നിന്നും എത്രമാത്രം തോട്ടണ്ടി ശേഖരിക്കാനാകും എന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ ചെറുകിട കർഷകർ കാപ്പെക്സിനും കാഷ്യു കോർപ്പറേഷനും തോട്ടണ്ടി നൽകാൻ തയ്യാറായിട്ടില്ല.

(ബി) ഇതിനായി വില നിർണ്ണയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 30-1-2017-ലെ GO(Ms.)No.07/2017/ID പ്രകാരവും 15-2-2017-ലെ GO(Ms.)No.11/2017/ID പ്രകാരവും രൂപീകരിച്ചിട്ടുള്ള 9 അംഗ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന തോട്ടണ്ടിയുടേയും സംസ്ഥാനത്തെ മറ്റ് ഏജൻസികൾ വഴിയും ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിയുടേയും വില നിശ്ചയിക്കുന്നതിന് 30-1-2017-ൽ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 07/2017/വ്യവ. പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായും ഫിഷറീസ്, കാഷ്യു അഡീഷണൽ ചീഫ് സെക്രട്ടറി, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർമാർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷൻ - കാപ്പെക്സ് എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാരും അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതാണ്.

(സി) സർക്കാർ തലത്തിൽ ഇതിനായി രൂപീകരിക്കപ്പെട്ട വിലനിർണ്ണയ സമിതി അതത് സമയത്തെ മാർക്കറ്റ് നിരക്ക് സംബന്ധിച്ച് എക്കണോമിക്സ് &

സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നത്.

(ഡി) ചെറുകിട കർഷകർ തോട്ടണ്ടി നൽകാൻ തയ്യാറായിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല.

**തുറന്നുപ്രവർത്തിപ്പിച്ച കശുവണ്ടി ഫാക്ടറികൾ**

128 (3546) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടഞ്ഞുകിടന്ന എത്ര കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിച്ചിട്ടുണ്ട്; ഫാക്ടറികളുടെ പേര്, സ്ഥലം എന്നിവ സഹിതം വിശദമാക്കുമോ;

(ബി) ഇതുമൂലം എത്ര ആളുകൾക്ക് ജോലി ലഭിക്കുവാൻ ഇടയായിട്ടുണ്ട്;

(സി) ഈ ഫാക്ടറികൾ തുറക്കുവാൻ സംസ്ഥാന സർക്കാരിന് എത്ര ലക്ഷം രൂപ ചെലവായിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള അടഞ്ഞുകിടന്ന 30 ഫാക്ടറികളും തുറന്നുപ്രവർത്തിപ്പിച്ചിട്ടുണ്ട്. ഫാക്ടറിയുടെ നമ്പരും സ്ഥലവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നമ്പർ | സ്ഥലം |
|---|---|---|
| 1 | 2 | 3 |
| 1 | 1 | കൊട്ടിയം |
| 2 | 2 | കിളിക്കൊല്ലൂർ |
| 3 | 4 | കായംകുളം |
| 4 | 5 | മൈനാഗപ്പള്ളി |
| 5 | 6 | അയത്തിൽ |
| 6 | 7 | നൂറനാട് |
| 7 | 8 | പുത്തൂർ |
| 8 | 9 | കിളിമാനൂർ |
| 9 | 10 | പുല്ലൂർ |
| 10 | 11 | ഇടമുളയ്ക്കൽ |

| | | |
|---|---|---|
| 11 | 12 | ചാത്തന്നൂർ |
| 12 | 13 | തലശ്ശേരി |
| 13 | 14 | ഭരണിക്കാവ് |
| 14 | 15 | ചിറ്റുമല |
| 15 | 16 | ആദിനാട് |
| 1 | 2 | 3 |
| 16 | 17 | കണ്ണനല്ലൂർ |
| 17 | 18 | മേക്കോൺ |
| 18 | 20 | ഇളംപള്ളൂർ |
| 19 | 21 | പാൽക്കുളങ്ങര |
| 20 | 22 | നെടുമ്പായിക്കുളം |
| 21 | 24 | കരിമുളയ്ക്കൽ |
| 22 | 26 | തെറ്റിക്കുഴി |
| 23 | 27 | ഇരവിപുരം |
| 24 | 28 | പാരിപ്പള്ളി |
| 25 | 29 | പരുത്തുംപാറ |
| 26 | 30 | കുന്നത്തൂർ |
| 27 | 31 | കല്ലുംതാഴം |
| 28 | 32 | കാഞ്ഞാംകാട് |
| 29 | 33 | കടയ്ക്കൽ |
| 30 | 34 | ചെങ്ങമനാട് |

കശുവണ്ടി മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനമായ കാപ്പെക്സിനു കീഴിൽ 10 ഫാക്ടറികളാണുള്ളത്. ഈ 10 ഫാക്ടറികളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. കൊല്ലം ജില്ലയിലെ പെരിനാട് CWICS, ചാത്തിനാംകുളം CWICS, കിളിക്കൊല്ലൂർ CWICS, പെരുമ്പുഴ CWICS, ഇരവിപുരം CWICS, ചെങ്ങമനാട് CWICS, ചാത്തന്നൂർ CWICS, ആലപ്പുഴ ജില്ലയിലെ പത്തിയൂർ CWICS, എരുവ CWICS, തിരുവനന്തപുരം ജില്ലയിലെ നാവായിക്കുളം CWICS എന്നിവ.

(ബി) കശുവണ്ടി വികസന കോർപ്പറേഷനിൽ 12000 പേർക്കും കാപ്പെക്സിൽ

3750 പേർക്കും ജോലി ലഭിക്കാൻ ഇടയായിട്ടുണ്ട്.

(സി) 2016-17 വർഷത്തിൽ കാഷ്യൂ കോർപ്പറേഷന് 95 കോടി രൂപ അനുവദിച്ചു. ആധുനികവൽക്കരണത്തിനുവേണ്ടി 25 കോടി രൂപ Special Investment Plan-ൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങൾക്ക് കോർപ്പറേഷനുണ്ടായിരുന്ന ലോൺ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 80 കോടി രൂപ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നൽകി.

കാപ്പെക്സിന്റെ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് 14 കോടി രൂപ ഇതിനകം നൽകുകയും 2016-17-ൽ പ്രഖ്യാപിച്ച 20 കോടി രൂപ നൽകുന്നതിനുള്ള നടപടികളെടുത്തുവരികയുമാണ്.

2017-18-ലെ ബഡ്ജറ്റിൽ ഫാക്ടറികളുടെ നവീകരണത്തിനും, ഭാഗിക യന്ത്രവൽക്കരണത്തിനുമായി കശുവണ്ടി വികസന കോർപ്പറേഷന് 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ 1 കോടി രൂപ കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ബ്രാൻഡ് ബിൽഡിംഗിനായി അനുവദിക്കുകയും ചെയ്തു. ഇതിനുപുറമേ തോട്ടണ്ടി സംഭരണത്തിനായി കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സിനുമായി 30 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമെ കശുവണ്ടി വ്യവസായത്തിന്റെ വികസനത്തിനു വേണ്ടി 20 കോടി രൂപയും ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്.

## കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിലുള്ള ഫാക്ടറികൾ

129 (3547) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും അധീനതയിൽ എത്ര ഫാക്ടറികൾ ഉണ്ട്;

(ബി) പ്രസ്തുത ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മുടക്കമില്ലാതെ എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് കോർപ്പറേഷൻ നിലവിൽ തീരുമാനിച്ചിട്ടുള്ളത്;

(ഡി) തൊഴിൽ നൽകുന്നതിനായി കശുവണ്ടി ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ അധീനതയിൽ 30-ഉം കാപ്പെക്സിന്റെ അധീനതയിൽ 10-ഉം ഫാക്ടറികളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾ വഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താല്ക്കാലികമായി കൂടുതൽ വ്യാപാരികൾ ടെണ്ടറിൽ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതുവഴിയും തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 തീയതി മുതൽ തുറന്നുപ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ലിമിറ്റഡ് (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി കൂടാതെ ചെറുകിട കർഷകരിൽ നിന്നും തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതിചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) തോട്ടണ്ടി ലഭ്യതയ്ക്കനുസരിച്ച് പരമാവധി തൊഴിൽദിനങ്ങൾ നൽകുന്നതിനാണുദ്ദേശിക്കുന്നത്.

(ഡി) തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപ്പെക്സിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകം തന്നെ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിലെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടിയും ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടിയും

സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപ്പെക്സും സംയുക്തമായി ഏറ്റെടുത്ത് നടത്തിവരികയാണ്. ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതിചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു ഉന്നതതല വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

**കശുവണ്ടി സംഭരണം**

130(3548) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ, കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ ഡിവിഷനുകളിൽ നിന്ന്, ഈ സർക്കാരിന്റെ കാലത്ത് എത്ര ടൺ കശുവണ്ടി സംഭരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെ ഇടപെടൽ സംസ്ഥാനത്ത് കശുവണ്ടിവില എത്രത്തോളം വർദ്ധിക്കാനിടയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കുറ്റമറ്റ രീതിയിൽ പരമാവധി കശുവണ്ടി വരും വർഷങ്ങളിൽ സംഭരിക്കുന്നതിന് നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ചേർന്ന് ഏകദേശം 330 മെട്രിക് ടൺ തോട്ടണ്ടിയാണ് പ്ലാന്റേഷൻ കോർപ്പറേഷനിലെ വിവിധ ഡിവിഷനുകളിൽ നിന്ന് 5-5-2017 വരെ ശേഖരിച്ചിട്ടുള്ളത്.

(ബി) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഇടപെടൽമൂലം സംസ്ഥാനത്ത് കശുവണ്ടി കർഷകർക്ക് മുൻവർഷത്തെ വിലയെക്കാൾ ഗണ്യമായ തോതിൽ ഉയർന്ന വില ലഭിക്കുവാനിടയായിട്ടുണ്ട്.

(സി) വരുംവർഷങ്ങളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങളിൽ കശുവണ്ടി വിളവെടുപ്പ് ആരംഭിക്കുന്നതിന് മുമ്പുതന്നെ സംഭരണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തി പരമാവധി കശുവണ്ടി സംഭരിക്കാനാണ് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ഉദ്ദേശിക്കുന്നത്.

**കശുവണ്ടി വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം**

131(3549) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പേറഷന്റെയും കാപ്പക്സിന്റെയും ചുമതലയിലുള്ള കശുവണ്ടി ഫാക്ടറികളുടെ കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; ഇവിടെ പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ നൽകുന്നതിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ 2011 മുതൽ 2016 വരെയുള്ള ബാലൻസ് ഷീറ്റ് ലഭ്യമാക്കുമോ;

(സി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ എത്ര രൂപ പ്രസ്തുത സ്ഥാപനങ്ങൾക്ക് നഷ്ടമുണ്ടായിട്ടുണ്ടെന്നും ഈ കാലഘട്ടത്തിൽ എത്ര രൂപയുടെ ധനസഹായം സർക്കാർ ഈ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികളിൽ കഴിഞ്ഞ അഞ്ച് വർഷം നൽകിയ തൊഴിൽദിനങ്ങൾ ചുവടെ ചേർക്കുന്നു:

| | തൊഴിൽ ദിനങ്ങൾ | |
|---|---|---|
| സാമ്പത്തിക വർഷം | കശുവണ്ടി വികസന കോർപ്പറേഷൻ | കാപ്പെക്സ് |
| 2011-12 | 288 | 216 |
| 2012-13 | 202 | 274 |
| 2013-14 | 198 | 211 |
| 2014-15 | 190 | 246 |
| 2015-16 | 38 | 192 |

(ബി) കശുവണ്ടി വികസന കോർപ്പറേഷനിലെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ ബാലൻസ്ഷീറ്റിന്റെ പകർപ്പ് അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. 2013-14, 2014-15, 2015-16 വർഷങ്ങളിലെ ബാലൻസ്ഷീറ്റ് ആഡിറ്റിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിധേയമായിട്ടില്ല.

കാപ്പെക്സിന്റെ 2011 മുതൽ 2016 വരെയുള്ള ബാലൻസ്ഷീറ്റ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(സി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലെ കശുവണ്ടി വികസന കോർപ്പറേഷനിലേയും കാപ്പെക്സിലേയും പ്രൊവിഷണൽ ആഡിറ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | കശുവണ്ടി വികസന കോർപ്പറേഷൻ | | കാപ്പെക്സ് | |
|---|---|---|---|---|
| | നഷ്ടം (രൂപ കോടിയിൽ) | ധനസഹായം (രൂപ കോടിയിൽ) | നഷ്ടം (രൂപ കോടിയിൽ) | ധനസഹായം (രൂപ കോടിയിൽ) |
| 2011-12 | 127.95 | 28.75 | 0.58 | 18.75 |
| 2012-13 | 88.77 | 37.90 | 0.16 | 23.00 |
| 2013-14 | 32.74 | 61.70 | 9.45 | 25.30 |
| 2014-15 | 32.79 | 28.00 | 14.45 | 20.00 |
| 2015-16 | 23.89 | 60.00 | 16.33 | 10.00 |

**കിളിമാനൂരിലെ കാപ്പെക്സ് കശുവണ്ടി ഫാക്ടറി**

132(3550) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിലെ കാപ്പെക്സ് കശുവണ്ടി ഫാക്ടറിയിൽ തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണോ; അല്ലെങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) ഇവിടെ സ്ത്രീ തൊഴിലാളികളടക്കമുള്ളവർക്ക് മതിയായ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കിളിമാനൂരിൽ കാപ്പെക്സിന് ഫാക്ടറിയില്ല. കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ ഒരു ഫാക്ടറിയുണ്ട്. തൊഴിലാളികൾക്ക് നൽകേണ്ട

അടിസ്ഥാന സൗകര്യങ്ങളിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ അക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടി**

133 (3551) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ ഒരു പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

ഇതുസംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം**

134(3552) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത്, സമയത്ത് പുതുക്കാൻ കഴിയാതെ പോയവർക്ക് മുൻകാല പ്രാബല്യത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുമോ;വിശദമാക്കാമോ?

ഉത്തരം

24-9-2016-ലെ സ.ഉ. (സാധാ.) നമ്പർ 1196/16/തൊഴിൽ ഉത്തരവ് പ്രകാരം 1-1-1995 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന്, 2016 ഒക്ടോബർ 1 മുതൽ 31 വരെ അവസരം നൽകിയിരുന്നു. കൂടാതെ രോഗം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, ഉദ്യോഗാർത്ഥിയുടെ താമസസ്ഥലം ഉൾപ്പെടുന്ന പ്രദേശത്തോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥിതിചെയ്യുന്ന പ്രദേശത്തോ പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടുത്തം, നിശാനിയമ പ്രഖ്യാപനം അല്ലെങ്കിൽ അതുപോലുള്ള നിയന്ത്രണം നടപ്പാക്കൽ എന്നീ കാരണങ്ങളാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക് ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മാന്വൽ പ്രകാരം വ്യവസ്ഥ നിലവിലുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾ**

135(3553) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഏതെങ്കിലും തരത്തിലുള്ള ഐഡന്റിറ്റി കാർഡ് നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ കാര്യങ്ങൾക്ക് പ്രത്യേകമായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗങ്ങളാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഐഡന്റിറ്റി കാർഡ് നൽകിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(സി & ഡി) കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം ഒരു വർഷത്തിൽ കുറയാത്തകാലം നിധിയിൽ അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് എസ്.എസ്.എൽ.സി.യോ തത്തുല്യമായ കോഴ്സുകൾക്ക് മുകളിലുള്ള ഉന്നത വിദ്യാഭ്യാസ കോഴ്സുകൾക്കുള്ള പഠനത്തിനുവേണ്ടി വിദ്യാഭ്യാസ ഗ്രാന്റ് അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്. എസ്.എസ്.എൽ.സി.യോ തത്തുല്യമായതോ ആയ കോഴ്സുകൾക്ക്, പാരാമെഡിക്കൽ കോഴ്സുകളടക്കം പ്രതിവർഷം 400 രൂപയും മൂന്നു വർഷ ഡിഗ്രി കോഴ്സുകൾക്ക് പ്രതിവർഷം 500 രൂപയും, ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് പ്രതിവർഷം 750 രൂപയും തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് പ്രതിവർഷം 1,500 രൂപയുമാണ് ഗ്രാന്റ് അനുവദിക്കുന്നത്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ്**

136 (3554) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;വ്യക്തമാക്കാമോ?

ഉത്തരം

ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പുവരുത്തിയിട്ടുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ**

137 (3555) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ഇതര സംസ്ഥാന തൊഴിലാളികളെയും തൊഴിൽ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ യെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇതര സംസ്ഥാന തൊഴിലാളികൾക്ക് അതത് മേഖലയിൽ ജോലി ചെയ്യുന്ന തദ്ദേശീയ തൊഴിലാളികൾക്ക് ബാധകമായ എല്ലാ തൊഴിൽ നിയമങ്ങളും ബാധകമാണ്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ഹോസ്റ്റലുകൾ**

138(3556) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ താമസത്തിനായുള്ള ഹോസ്റ്റലുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ വകുപ്പ് അറിഞ്ഞതും തൊഴിൽവകുപ്പിന്റെ അറിവുള്ളതുമായ സ്ഥലങ്ങൾ മാത്രം ഇവരുടെ താമസത്തിന് ഉപയോഗിക്കുമോ;

(ഡി) അനധികൃത താമസ സ്ഥലങ്ങൾ നിർത്തലാക്കുവാൻ നടപടി

സ്വീകരിക്കുമോ; മദ്യവും മയക്കുമരുന്നുകളും ഉപയോഗിച്ച് ഇവർ ഉണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹോസ്റ്റലിന്റെ നിർമ്മാണ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

(ബി) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിലൊന്നായ അപ്നഘർ പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയ നിർമ്മാണമാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കിൻഫ്ര, കഞ്ചിക്കോട് ആരംഭിച്ചിട്ടുണ്ട്. ഈ മാതൃകയിൽ തിരുവനന്തപുരം/ എറണാകുളം/കോഴിക്കോട് നഗരങ്ങളിലും ഇതര സംസ്ഥാന തൊഴിലാളി കൾക്കുവേണ്ടി പാർപ്പിട സൗകര്യം നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി & ഡി) ഉപയോഗിക്കാം. അവർക്കുവേണ്ടി സർക്കാർ നിർമ്മിച്ചുകൊടുക്കുന്ന താമസസ്ഥലങ്ങൾ തൊഴിൽ വകുപ്പിന്റെ അറിവിലുള്ളതാകുന്നു. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ആക്ട് 1996, ഇതര സംസ്ഥാന തൊഴിലാളി നിയമം-1979 എന്നീ ആക്ടുകളുടെ പരിധിയിൽ വരുന്നതായ ഇതര സംസ്ഥാന തൊഴിലാളികളുടെ താമസസ്ഥലത്ത് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശോധന നടത്താൻ കഴിയും. എന്നാൽ കരാറുകാർ മുഖേന അല്ലാതെ സംസ്ഥാനത്ത് നേരിട്ട് തൊഴിൽ തേടിയെത്തുന്ന ഭൂരിഭാഗം തൊഴിലാളികളും തൊഴിൽ വകുപ്പിന്റെ അറിവിലില്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നുണ്ട്. നിയമവിരുദ്ധമല്ലാത്തതിനാൽ അത്തരം സാഹചര്യങ്ങളെ ഒഴിവാക്കുവാൻ തൊഴിൽ വകുപ്പിന് സാധിക്കുന്നതല്ല. മദ്യവും മയക്കുമരുന്നും ഉപയോഗിക്കുന്നതുമൂലം ഇതര സംസ്ഥാന തൊഴിലാളികൾ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് നിലവിൽ പഠനം നടത്തിയിട്ടില്ല.

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

139 (3557) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. എ. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിലവിലുള്ള പ്രവർത്തങ്ങളും അംഗങ്ങൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങളും വ്യക്തമാക്കുമോ; കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലുള്ള അംഗങ്ങളുടെ എണ്ണം,

അംഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ, ആനുകൂല്യത്തിനായി ലഭിച്ച ആകെ അപേക്ഷകൾ, ആനുകൂല്യം നൽകുവാനുള്ള അപേക്ഷകരുടെ എണ്ണം, ആനുകൂല്യം കൊടുത്ത അപേക്ഷകർക്ക് ആനുകൂല്യം നൽകിയ വർഷം എന്നിവ ഉൾപ്പെടുത്തി 2010 മുതൽ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷം ബോർഡ് കർഷകർക്ക് നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം നല്കുമോ; ഈ സർക്കാർ ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ബോർഡിൻെറ പ്രവർത്തനം ശാക്തീകരിക്കാൻ ചെയ്യാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ അസംഘടിതരായ കർഷക തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി രൂപീകൃതമായ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് 6 ഇനം ക്ഷേമാനുകൂല്യങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം 18 വയസ്സിന് മുകളിലും 55 വയസ്സിന് താഴെയുള്ളവരുമായ കർഷകത്തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം അംഗമാകുന്ന തൊഴിലാളി പ്രതിമാസം 5 രൂപ നിരക്കിൽ ക്ഷേമനിധി അംശദായം അടവാക്കേണ്ടതാണ്. അംഗങ്ങളുടെ ക്ഷേമം മുൻനിർത്തി താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് ബോർഡ് നടപ്പാക്കിയിട്ടുള്ളത്:

(1) റിട്ടയർമെന്റ് ആനുകൂല്യം (അധിവർഷാനുകൂല്യം)

(2) വിവാഹധനസഹായം

(3) മരണാനന്തര ധനസഹായം

(4) പ്രസവ ധനസഹായം

(5) ചികിത്സാ ധനസഹായം

(6) വിദ്യാഭ്യാസ ധനസഹായ പദ്ധതി.

ക്ഷേമനിധി അംഗങ്ങളുടെ ആനുകൂല്യവുമായി ബന്ധപ്പെട്ട് 2010 മുതലുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കഴിഞ്ഞ അഞ്ച് വർഷം ബോർഡ് തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ സംബന്ധിച്ച വർഷം തിരിച്ച കണക്ക് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | വർഷം | ആനുകൂല്യം ലഭിച്ചവർ | തുക | കുറിപ്പ് |
|---|---|---|---|---|
| 1 | 2012-13 | 14054 | 48791841 | |
| 2 | 2013-14 | 15897 | 66302503 | |
| 3 | 2014-15 | 11007 | 47990816 | |
| 4 | 2015-16 | 17076 | 87683790 | |
| 5 | 2016-17 | 7213 | 36402987 | |

ബോർഡ് പുനഃസംഘടിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പുനഃസംഘടനയ്ക്കുശേഷം ബോർഡിന്റെകൂടി അഭിപ്രായം വിലയിരുത്തി, ആവശ്യമെങ്കിൽ ശാക്തീകരണ നടപടികൾ സ്വീകരിക്കുന്നതാണ്.

**മണലൂർ ഐ.ടി.ഐ. വികസനം**

140(3558) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മണലൂർ ഐ.ടി.ഐ. യ്ക്കായുള്ള കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പരിശീലനം നൽകിവരുന്ന ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ട്രേഡ്, മെക്കാനിക്, മോട്ടോർ വെഹിക്കിൾ ട്രേഡ് എന്നിവയ്ക്കുള്ള പഠനോപകരണങ്ങൾ പൂർണ്ണമായും സംഭരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) കെട്ടിട നിർമ്മാണം പൂർത്തീകരണത്തിന്റെ ഘട്ടത്തിലാണ്. ഇനി ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ പൂർത്തിയാകാനുണ്ട്.

(ബി) ടി ട്രേഡുകളിലേയ്ക്കുള്ള ഉപകരണങ്ങൾ പൂർണ്ണമായും സംഭരിച്ചിട്ടില്ല.

മെക്കാനിക് മോട്ടോർ വെഹിക്കിൾ ട്രേഡിൽ 90% ഉപകരണങ്ങളും ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) ട്രേഡിൽ 65% ഉപകരണങ്ങളും സംഭരണം നടത്തിയിട്ടുണ്ട്. ശേഷിക്കുന്ന ഉപകരണങ്ങൾ 2017-18-ൽ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ തൊഴിലാളികൾ**

141 (3559) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് ജില്ലാ ഗോഡൗണുകൾ അടച്ചുപൂട്ടി താലൂക്ക്തല ഗോഡൗണുകൾ ആരംഭിക്കുമ്പോൾ തൊഴിൽ നഷ്ടപ്പെടുന്നവരുടെ സംരക്ഷണത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എത്ര തൊഴിലാളികൾക്കാണ് തൊഴിൽ നഷ്ടം നേരിടുക; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വാതിൽപ്പടി റേഷൻ വിതരണം നടപ്പിലാക്കുമ്പോൾ നിലവിൽ പ്രവർത്തിച്ചുവരുന്ന 333 സ്വകാര്യ വിതരണ ഗോഡൗണുകൾ 75 കേന്ദ്രീകൃത ഗോഡൗണുകളായി കുറയ്ക്കേണ്ടിവരുമ്പോൾ നിലവിൽ സ്വകാര്യ വിതരണ ഗോഡൗണുകളിൽ ജോലിചെയ്യുന്ന ചുമട്ട് തൊഴിലാളികൾക്ക് തൊഴിൽനഷ്ടം സംഭവിക്കാതെ സംരക്ഷിക്കുന്നതിന് ജില്ലാ കളക്ടർ, ജില്ലാ ലേബർ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, വെയർഹൗസിംഗ് കോർപ്പറേഷൻ ഏര്യാ മാനേജർ, ട്രേഡ് യൂണിയൻ ഭാരവാഹികൾ എന്നിവർ ചേർന്ന് അതത് ജില്ലകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്ത് പരിഹരിക്കാൻ നിർദ്ദേശം നൽകുകയും അതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) എണ്ണം കണക്കാക്കിയിട്ടില്ല.

**അസംഘടിത മേഖലയിലെ തൊഴിലാളികൾ**

142 (3560) <u>ശ്രീ. ഹൈബി ഈഡൻ</u>:
<u>ശ്രീ. സണ്ണി ജോസഫ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാൻ ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്, വിശദമാക്കുമോ;

(സി) പുതുതായി ഏതെല്ലാം മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്, വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതന വ്യവസ്ഥകളും

തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2017-ൽ നാളിതുവരെ 12794 സ്ഥാപന പരിശോധനകൾ നടത്തുകയും 149 ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടും ടി നിയമത്തിലെ സെക്ഷൻ 20(1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടുമുള്ള ഭേദഗതി ബിൽ നിയമസഭ പാസാക്കി ബഹു. പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 75 മേഖലകളിലാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള മേഖലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പുതിയതായി മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫുട്വെയർ മാനുഫാക്ച്ചറിംഗ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി. എന്നീ 6 തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിലുൾപ്പെടുത്തുകയും മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ മിഡ് ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫുട്വെയർ മാനുഫാക്ച്ചറിംഗ്, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിലേയ്ക്കായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേബിൾ ടി.വി. മേഖലയിലെ മിനിമം വേതനം നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ പുതുതായി ചെറുകിട തോട്ടങ്ങളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുത്താനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

**കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ**

143 (3561) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളുടെ സേവനം വിപുലീകരിക്കുന്നതിനും കൂടുതൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ (സി.ഡി.സി.) കൊണ്ട് ഉദ്ദേശിക്കുന്നത്. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലാക്കാട് ജില്ലയിലെ ചിറ്റൂർ എന്നിവിടങ്ങളിൽ സി.ഡി.സി.-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ സി.ഡി.സി. ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സി.ഡി.സി.കൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കൽ**

144(3562) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ, ബിവറേജസ്, കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ എന്നിവ അടച്ചതുമൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് കണക്കാക്കി യിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമായ റിപ്പോർട്ട് നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ബാറുകൾ പൂട്ടിയതുമൂലം 78 പേർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ/കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ അടച്ചതുമൂലം ആർക്കുംതന്നെ തൊഴിൽ നഷ്ടപ്പെടാത്ത രീതിയിൽ പുനർവിന്യസിച്ചിട്ടുണ്ട്.

**ആയുർവേദ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും**

145 (T*3563) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആയുർവേദ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയും പെൻഷനും നൽകുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്?

<u>ഉത്തരം</u>

ആയുർവേദ മേഖലയിൽ കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. എന്നാൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതല്ലാതെ മരുന്നുശേഖരണം പോലുള്ള സ്വയം തൊഴിൽ ചെയ്യുന്നവർക്ക് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗത്വം എടുക്കാവുന്നതാണ്. ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുക്കുന്ന തൊഴിലാളികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

**അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർ**

146 (3564) <u>ശ്രീമതി യു. പ്രതിഭ ഹരി</u>: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകർ അടക്കമുള്ള ജീവനക്കാരുടെ സേവന വേതനങ്ങളുമായി ബന്ധപ്പെട്ട് നിലിവിൽ എന്തെങ്കിലും നിയമങ്ങൾ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന അനദ്ധ്യാപക ജീവനക്കാർക്ക് മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ടി ജീവനക്കാർ നിലവിലുള്ള മറ്റെല്ലാ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾക്കും അർഹരാണ്. ആയത് ടിയാളുകൾക്ക് ലഭ്യമാകുന്നുവെന്ന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. അൺ-എയ്ഡഡ് വിദ്യാലയങ്ങളിലെ കടുത്ത തൊഴിൽ ചൂഷണം അവസാനിപ്പിക്കുന്നതിനും ടി മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

**അന്യസംസ്ഥാന തൊഴിലാളികളുടെ പ്രതിഫലം**

147 (3565) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) വിവിധതരത്തിലുള്ള പണികളിൽ ഏർപ്പെടുന്ന തൊഴിലാളികൾ ദിവസ/മാസകൂലി കൂടുതൽ അവശ്യപ്പെട്ട് ഉടമസ്ഥരെ ബുദ്ധിമുട്ടിക്കുന്നതുമൂലം പല ഉടമസ്ഥരും, വേതനം കുറച്ച് വാങ്ങുന്ന അന്യസംസ്ഥാന തൊഴിലാളികളെകൊണ്ട്, വിവിധ മേഖലകളിൽ പണി എടുപ്പിക്കുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓരോ പണിയുടെയും അടിസ്ഥാനത്തിൽ സ്ത്രീകൾ, പുരുഷൻമാർ എന്നിവർക്ക് കൊടുക്കേണ്ട ദിവസ, മാസവേതനങ്ങൾ നിശ്ചിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജോലിക്കും എത്ര തുക വീതമാണ് വേതനം നിശ്ചയിച്ചിട്ടുള്ളതെന്ന് ജോലിയുടെ ഇനം തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഇത്തരത്തിലുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാനത്ത് ഒരു തൊഴിൽ മേഖലയിലും സ്ത്രീകൾ, പുരുഷന്മാർ എന്നിങ്ങനെ തരംതിരിച്ച് ദിവസ/മാസ വേതനം നിശ്ചയിച്ചിട്ടില്ല. നിലവിൽ 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. തൊഴിൽ മേഖലകളുടെ സ്വഭാവമനുസരിച്ച് ദിവസ/മാസ വേതനങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഓരോ മേഖലയിലെ ജോലിയുടെ അടിസ്ഥാനത്തിലും ജീവിത വില സൂചികയുടെ അടിസ്ഥാനത്തിലും വ്യത്യസ്ത മിനിമം വേതനമാണ് നിശ്ചയിച്ചിട്ടുള്ളത്.

**ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സുരക്ഷാ ജോലികൾ**

148 (3566) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗമണ്ഡലിലെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിന്റെ സുരക്ഷാ ജോലികൾ നിർവ്വഹിക്കുന്നതിനായി സ്വകാര്യ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എന്നുമുതലാണ് ഇവരെ നിയോഗിച്ചതെന്നും ഇതുമൂലം പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സ്വകാര്യ സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചതുമൂലം കമ്പനിക്കുണ്ടായ നേട്ടമെന്തെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കമ്പനിയുടെ കോളനിയിൽ സ്വകാര്യ സെക്യൂരിറ്റിക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) 1-8-2015 മുതലാണ് ഇവരെ നിയോഗിച്ചിരിക്കുന്നത്. ഇതുമൂലം പ്രതിവർഷം 10,08,000 രൂപ ചെലവാകുന്നുണ്ട്.

(സി) ഇതുമൂലം കമ്പനിക്ക് പ്രതിവർഷം ഏകദേശം 30,00,000 രൂപയുടെ

നേട്ടമുണ്ട്.

## തൊഴിലാളികളുടെ ക്ഷേമത്തിനായി പദ്ധതികൾ

149(3567) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 11-2-2016 മുതൽ പ്രാബല്യത്തിൽ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചു. പ്രസ്തുത പദ്ധതിയിൽ എല്ലാ അസംഘടിത തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്കും അംഗമാകാൻ അർഹതയുണ്ടായിരിക്കുന്നതാണ്. മുമ്പ് നിലവിലുണ്ടായിരുന്ന കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി, കേരള ബാർബർ-ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതി എന്നിവയിലെ അംഗങ്ങളെയും കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി നിലവിൽവന്ന തീയതി മുതൽ ഈ പദ്ധതിയിലെ അംഗങ്ങളായി കരുതുന്നതാണ്. കൂടാതെ ഒരു തരത്തിലുള്ള ക്ഷേമപദ്ധതികളിലും ഉൾപ്പെട്ടിട്ടില്ലാത്ത അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള ആശ്വാസ നിധി പദ്ധതി, അവശതയനുഭവിക്കുന്ന മരംകയറ്റത്തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസ വേതന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി, കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി തുടങ്ങിയ ക്ഷേമപദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമ ബോർഡുകളിലെ അംഗങ്ങളായിരുന്നവരുടെ ക്ഷേമ പെൻഷനുകൾ, 2016 ജൂൺ മാസം മുതൽ 600 രൂപയിൽ നിന്നും 1,000 രൂപയായും 2017 ഏപ്രിൽ മുതൽ 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സംരക്ഷണത്തിനായി 2017-18 വർഷത്തെ ബഡ്ജറ്റിൽ 4,58,00,000 രൂപ വകയിരുത്തുകയും ആയതിന് ഭരണാനുമതി നൽകിയിട്ടുമുണ്ട്. അസംഘടിത ദിവസ വേതന തൊഴിലാളികൾക്കുള്ള അശ്വാസനിധി പദ്ധതി, അവശതയനുഭവിക്കുന്ന

മരംകയറ്റ തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതി, അസംഘടിത ദിവസവേതന സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി എന്നിവ നടപ്പിലാക്കുന്നതിനാണ് പ്രസ്തുത തുക അനുവദിച്ചിരിക്കുന്നത്.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

150 (T*3568) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള വരിക്കാർക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) 2016-17 സാമ്പത്തികവർഷത്തിൽ ക്ഷേമനിധിയിൽ അംഗങ്ങളായ കർഷകത്തൊഴിലാളികൾക്ക് ആകെ എത്ര രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ അധിവർഷ ആനുകൂല്യങ്ങൾ വരിക്കാർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് താഴെ വിവരിക്കുന്ന 6 ഇനം ക്ഷേമാനുകൂല്യങ്ങളാണ് ബോർഡ് നൽകിവരുന്നത്:

(1) റിട്ടയർമെന്റ് ആനുകൂല്യം (അധിവർഷാനുകൂല്യം)

60 വയസ്സ് പൂർത്തിയാക്കി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിക്കുന്ന തൊഴിലാളികൾക്ക് അംഗത്വ കാലത്തിന് അനുസൃതമായി പ്രതിവർഷം 625 രൂപ എന്ന നിരക്കിൽ അധിവർഷാനുകൂല്യം നൽകിവരുന്നു.

(2) വിവാഹധനസഹായം

ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്കും തൊഴിലാളികളുടെ പെൺമക്കൾക്കും 2,000 രൂപ ധനസഹായം നൽകിവരുന്നു.

(3) മരണാനന്തര ധനസഹായം:

60 വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ് മരണമടയുന്ന തൊഴിലാളികളുടെ അനന്തരാവകാശിക്ക് 2,000 രൂപ മരണാനന്തര ധനസഹായമായി നൽകിവരുന്നു.

(4) പ്രസവ ധനസഹായം

ക്ഷേമനിധിയിലെ വനിത അംഗങ്ങൾക്ക് പ്രസവാനുകൂല്യമായി ബോർഡിൽ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

നിന്നും 1,000 രൂപയും സർക്കാർ ധനസഹായമായി 14,000 രൂപയും ഉൾപ്പടെ 15,000 രൂപ നൽകിവരുന്നു.

(5) ചികിത്സാ ധനസഹായം

അംഗങ്ങളുടെ ചികിത്സയ്ക്കായി ഓരോ 5 വർഷത്തിനും പരമാവധി 1,000 രൂപ ചികിത്സാ ധനസഹായമായി നൽകിവരുന്നു.

(6) വിദ്യാഭ്യാസ ധനസഹായ പദ്ധതി

SSLC/THSLC പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങുന്ന അംഗങ്ങളുടെ മക്കൾക്ക് ബോർഡ് നിശ്ചയിക്കുന്ന തുക ക്യാഷ് അവാർഡായി ഓരോ വർഷവും നൽകിവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷം 3,64,02,987 രൂപയുടെ ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം അധിവർഷാനുകൂല്യമിനത്തിൽ 3,20,49,494 രൂപ തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

**കർഷകത്തൊഴിലാളി പെൻഷൻ**

151(3569) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കർഷകത്തൊഴിലാളി പെൻഷൻ എത്ര പേർക്ക് അനുവദിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ 6942 പേർക്ക് കർഷക തൊഴിലാളി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) ആലത്തൂർ | - | 626 |
| എരിമയൂർ | - | 997 |
| കിഴക്കൻചേരി | - | 1488 |
| കുഴൽമന്ദം | - | 987 |
| മേലാർകോട് | - | 1004 |
| തെങ്കുറിശ്ശി | - | 1104 |

| | | |
|---|---|---|
| വണ്ടാഴി | - | 736 |
| **ആകെ** | - | **6942** |

**കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്**

152 (3570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) വരുമാനം വർദ്ധിപ്പിക്കുന്ന വിധത്തിൽ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമത്തിൽ ഭേദഗതി വരുത്തണമെന്ന് ക്ഷേമനിധി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേമനിധി ബോർഡിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്; അവർക്ക് നൽകുവാനുള്ള കുടിശ്ശിക എത്രയാണ്; എന്ന് മുതൽ അപേക്ഷ നൽകിയ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്;

(ഡി) നിലവിലുള്ള സാമ്പത്തികസ്ഥിതി അനുസരിച്ച് ബോർഡിന് ഈ അനുകൂല്യം നൽകുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) നിലവിൽ കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1670752 അംഗങ്ങളുണ്ട്. വിവിധ ആനുകൂല്യമിനത്തിൽ ഏകദേശം 272 കോടി രൂപ തൊഴിലാളികൾക്ക് നൽകുന്നതിന് കുടിശ്ശികയുണ്ട്. മേയ് 2010 മുതലുള്ള അപേക്ഷകളിൽ ആനുകൂല്യം നൽകുവാനുണ്ട്.

(ഡി) ഇല്ല. കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് സർക്കാരിൽ നിന്നും പ്രത്യേക ധനസഹായം അഭ്യർത്ഥിച്ചുകൊണ്ട് ബോർഡ് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്.

**സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം ശമ്പളം**

153 (3571) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മിനിമം ശമ്പളം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) മിനിമം ശമ്പളം നൽകാത്ത സ്വകാര്യസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജീവനക്കാരുടെ ജോലിസമയം എത്ര മണിക്കൂർ ആണെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫുട്വെയർ മാനുഫാക്ചറിംഗ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ്, കേബിൾ ടി.വി. എന്നീ ആറ് തൊഴിൽ മേഖലകളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും മിനിമം വേതനം നിശ്ചയിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 'മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ് മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് സർക്കാർ 2016 ആഗസ്റ്റ് 8-ലെ സ.ഉ. (അച്ചടി) നമ്പർ 136/2016/തൊഴിൽ പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഫുട്വെയർ മാനുഫാക്ചറിംഗ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, പേപ്പർ ഇൻഡസ്ട്രി, പ്രൈവറ്റ് ഫൈനാൻസ് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നീ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിലേക്കായി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കേബിൾ ടി.വി. മേഖലയിലെ മിനിമം വേതനം നിശ്ചയിക്കാൻ സർക്കാർ മിനിമം വേതന ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ ചെറുകിട തോട്ടം മേഖലയെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽപ്പെടുത്താനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ജീവനക്കാരുടെ ജോലി സമയം എട്ട് മണിക്കൂറും സ്പ്രെഡ് ഓവർ ഉൾപ്പെടെയുള്ള ജോലി സമയം പത്തര മണിക്കൂറുമായി നിജപ്പെടുത്തിയിട്ടുണ്ട്.

**നൈപുണ്യ വികസനത്തിന് ചെയ്യുന്ന കാര്യങ്ങൾ**

154(3572) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ നൈപുണ്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) സ്കൂളുകളിൽ എട്ടാം ക്ലാസ് മുതൽ നൈപുണ്യ വികസന പദ്ധതികൾ നടപ്പിലാക്കണമെന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കാൻ വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ മേഖലകളിലെ നൈപുണ്യമില്ലാത്ത തൊഴിലാളികളുടെ നൈപുണ്യം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിൽശേഷിയും കാര്യക്ഷമതയും വർദ്ധിപ്പിച്ച് മത്സരാടിസ്ഥാനത്തിൽ മികവുപുലർത്തുന്ന യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് പരിശീലന പദ്ധതികൾ ആവിഷ്കരിച്ചുനടപ്പിലാക്കുന്നത്. നിലവിൽ തൊഴിലാളികൾക്കായി പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലെങ്കിലും തൊഴിലാളികളുടെ മക്കൾക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിനായി വിവിധ ക്ഷേമനിധി ബോർഡുകളുമായി ചർച്ച ചെയ്തുവരുന്നു.

(ബി) നിലവിൽ പതിനൊന്നാം ക്ലാസ്സിലേയും പന്ത്രണ്ടാം ക്ലാസ്സിലേയും ആർട്സ് ആന്റ് സയൻസ് കോളേജുകളിലേയും വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP)-ലൂടെ നൽകുന്നുണ്ട്. ഹൈസ്കൂൾ ക്ലാസ്സുകളിൽ നൈപുണ്യ പരിശീലനം നൽകുന്നതിനെക്കുറിച്ച് പഠിക്കാനായി പ്രൊഫ. ആർ.വി.ജി. മേനോൻ അധ്യക്ഷനായ ഒരു കമ്മിറ്റിയെ വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കി ആഗോള മത്സരരംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുന്നതിനായി KASE-ന്റെ കീഴിൽ കൗശൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) വിവിധ മേഖലകളിൽ നിന്ന് പ്രൊപ്പോസലുകൾ ലഭ്യമാകുന്നമുറയ്ക്കാണ് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുമായി കൂടിയാലോചിച്ച് അവർ ആവശ്യപ്പെടുന്ന മേഖലകളിലും പരിശീലന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ.**

155 (3573) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരിമ്പുഴ കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.റ്റി.ഐ യിൽ അടുത്ത അദ്ധ്യായന വർഷത്തിൽ ഏതെല്ലാം ട്രേഡുകളാണ് പുതുതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്;?

ഉത്തരം

ലഫ്. കേണൽ നിരഞ്ജൻ സ്മാരക സർക്കാർ ഐ.ടി.ഐ., എലുമ്പുലാശ്ശേരി നിലവിൽ കരിമ്പുഴ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ള താൽക്കാലിക സംവിധാനത്തിലാണ് പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി ഭൂമി ലഭ്യമായതിനു ശേഷം കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

**ഐ.ടി.ഐ.-കളിലെ കാലഹരണപ്പെട്ട കോഴ്സുകൾ**

156 (3574) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി.ഐ.-കളിൽ നിലവിലുള്ള കാലഹരണപ്പെട്ട കോഴ്സുകൾ കാലാനുസൃതമായി പുനക്രമീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവ.ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകിയോ;അതിന്റെ നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിലവിലുള്ള കാലഹരണപ്പെട്ട ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയേറിയതും ജനപ്രിയമായതും നവീനവുമായ ട്രേഡുകൾ കാലാനുസൃതമായി പുനഃക്രമീകരിക്കാറുണ്ട്. 2014-15 വർഷത്തിൽ ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് പ്രയോജനപ്രദമല്ലാത്തതും തൊഴിൽസാധ്യതയില്ലാത്തതുമായ ഇരുപതോളം ട്രേഡുകൾ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീമിൽ നിന്ന് ഒഴിവാക്കിയിരുന്നു. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ നിന്ന് ടി ട്രേഡുകളുടെ യൂണിറ്റുകളും ഇതിനോടൊപ്പം കാലഹരണപ്പെട്ട മറ്റ് ട്രേഡുകളും യൂണിറ്റുകളും നിർത്തലാക്കുകയും പകരം നൂതനവും തൊഴിൽ സാധ്യതയുള്ളതുമായ ട്രേഡുകളുടെ 285 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിലും ഇത്തരത്തിലുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ല. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പാണ് നൽകേണ്ടത്. ആയതിനുള്ള നടപടി ചീഫ് എഞ്ചിനീയറുടെ (ബിൽഡിംഗ്) തിരുവനന്തപുരം ഓഫീസിൽ സ്വീകരിച്ചു വരുന്നു.

## അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്

157 (3575) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാന തൊഴിൽ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്റ്റുത സ്ഥാപനം വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് വ്യക്തമാക്കുമോ;

(സി) പ്രസ്റ്റുത പദ്ധതിക്കുകീഴിൽ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ചെറുപ്പക്കാരുടെ തൊഴിൽ നൈപുണ്യം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി ഇന്ത്യയിലും വിദേശത്തും അവർക്ക് ജോലി ലഭിക്കുവാൻ അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള പരിശീലനം നൽകുന്നതാണ്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)-ന്റെ പ്രധാന ഉദ്ദേശ ലക്ഷ്യം. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെ പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്:

I <u>സെന്റർ ഓഫ് എക്സലൻസ്</u>

1. NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)

2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)

3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്ഗ്)

4. CRETT (സെന്റർ ഫോർ റിസർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

5. CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്)

II <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)</u>

III <u>കൗശൽ കേന്ദ്രകൾ</u>

IV <u>എംപ്ലോയബിലിറ്റി സെന്ററുകൾ</u>

V <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)</u>

VI കരിയർ ഡെവലപ്മെന്റ് സെന്റർ

അക്രഡിറ്റേഷൻ

കൂടാതെ വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. KASE നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടികൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(സി) KASE പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

**മികവിന്റെ കേന്ദ്രങ്ങൾ**

- KGNLA (KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി) എന്ന നഴ്സിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രത്തിൽ ഉടൻ കോഴ്സുകൾ ആരംഭിക്കുന്നതാണ്.

- വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ Green Method Engineering Pvt Ltd.-മായി ചേർന്ന് തുടങ്ങിയ മികവിന്റെ കേന്ദ്രത്തിലും കോഴ്സുകൾ ഉടൻ ആരംഭിക്കുന്നതാണ്.

- (NICE)-ന്റെ അംഗീകാരം ലഭിച്ച 10 പുതിയ ഹ്രസ്വകാല കോഴ്സുകളും ഉടൻ ആരംഭിക്കുന്നതാണ്.

- സെക്യൂരിറ്റി മേഖലയിലെ മികവിന്റെ കേന്ദ്രമായ CATS-ൽ ഫിസിക്കൽ സെക്യൂരിറ്റി, സൈബർ സെക്യൂരിറ്റി എന്നിവയിലെ അടുത്ത ബാച്ചുകൾ ഉടൻ ആരംഭിക്കുന്നതാണ്.

- ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT-ൽ മൂന്നാമത്തെ ബാച്ച് ക്ലാസ്സുകൾ ഉടനെ ആരംഭിക്കുന്നതാണ്.

- നവസംരംഭങ്ങൾക്ക് ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും പ്രവർത്തന രീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക എന്നത് ലക്ഷ്യമിടുന്ന മികവിന്റെ കേന്ദ്രമായ CEED-ന്റെ പ്രവർത്തനം ജൂൺ 2017 മുതൽ ആരംഭിക്കുന്നതാണ്.

**അക്രഡിറ്റേഷൻ**

- KASE-ന്റെ അക്രെഡിറ്റഡ് സ്ഥാപനങ്ങളായ ജെ.ഡി.ടി. ഇസ്ലാം

കോളേജ് ഓഫ് ഫിസിയോതെറാപ്പി, ധന്വന്തരി വൈദ്യശാല, എത്തിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിൽ എക്സലൻസ്, ഇൻഫോപ്രിസം, ടെറാഫേം പ്രോജക്ട്സ്, ഏരീസ് ഇന്റർനാഷണൽ മാരിടൈം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ ക്ലാസ്സുകൾ ഉടൻ ആരംഭിക്കുന്നതാണ്.

- SMEC, Induscan എന്നീ അക്രഡിറ്റഡ് സ്ഥാപനങ്ങളിലെ അടുത്ത ബാച്ചുകളുടെ പ്രവേശനം ഉടൻ ആരംഭിക്കുന്നതാണ്.

- Media and Entertainment മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന Epica Studios (p) Ltd., എന്ന സ്ഥാപനത്തിലെ കോഴ്സുകൾക്ക് അക്രഡിറ്റേഷൻ നൽകും.

- എഞ്ചിനീയറിംഗ് മേഖലയിൽ നൈപുണ്യ പരിശീലനം നൽകുന്ന തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന Incaetek, Intercad System Pvt. Ltd. എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്ക് അക്രഡിറ്റേഷൻ നൽകും.

### എംപ്ലോയബിലിറ്റി സെന്ററുകൾ

- മലപ്പുറം ജില്ലയിലും തൃശ്ശൂർ ജില്ലയിലും എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലും എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു.

### കരിയർ ഡെവലപ്പ്മെന്റ് സെന്റർ

- തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിൽ കരിയർ ഡെവലപ്പ്മെന്റ് സെന്റർ ഉടൻ പ്രവർത്തനമാരംഭിക്കും.

### വെബ് അധിഷ്ഠിത ജോബ്പോർട്ടൽ പദ്ധതി

- നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കും ഒരു പോലെ ഉപയോഗപ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ്പോർട്ടൽ പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. KASE-നെ കൂടാതെ വ്യവസായ പരിശീലനവകുപ്പ്, എംപ്ലോയ്മെന്റ് വകുപ്പ്, ഓവർസീസ് എംപ്ലോയ്മെന്റ് ഡെവലപ്മെന്റ് കോർപറേഷൻ (ODEPC) ഫാക്ടറീസ് & ബോയിലേഴ്സ് എന്നിവരും ഈ പോർട്ടലിൽ പങ്കാളികളാണ്.

### KIIFB (കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്) -യുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)

- 10 ഐ.ടി.ഐ.-കളെ രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നത്

സംബന്ധിച്ച Detailed Project Report (DPR) തയ്യാറാക്കി KIIFB-യ്ക്ക് സമർപ്പിക്കും. ഇതിന്റെയടിസ്ഥാനത്തിൽ ഐ.ടി.ഐ.-കളെ നവീകരിച്ച് രാജ്യാന്തര നിലവാരത്തിലേക്കുയർത്തും.

## DDUGKY(ദീൻ ദയാൽ ഉപാദ്യായ് ഗ്രാമീൺ കൗശല്യ യോജന) പ്രോജക്ടിന്റെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസി

- DDUGKY പ്രോജക്ടിന്റെ ഭാഗമായി ലഭിച്ച നാൽപ്പത് വ്യത്യസ്ത പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസി (PIA)-കളുടെ പ്രൊപ്പോസലുകളെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ അർഹരായ PIA-കളുടെ ആസ്ഥാനമന്ദിരം, പരിശീലന കേന്ദ്രം എന്നിവ സന്ദർശിച്ച് പ്രസ്തുത PIA-കളുടെ പ്രവർത്തനങ്ങളും അനുബന്ധ രേഖകളും പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ(IIIC)

- നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും പൂർത്തിയായിവരുന്നു.

## കേരളത്തിലെ തൊഴിലില്ലായ്മ

158(3576) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭ്യസ്തവിദ്യരെക്കൊണ്ട് സമ്പന്നമായ കേരളത്തിലെ അതിരൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരമായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂളുകളിലും ഐ.ടി.ഐ.-കളിലും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനായി പുതുതായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ പരിശീലന പദ്ധതികളാണ് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്നത്;

(ഡി) വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്ഥവിദ്യരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടി "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ തുല്യ പ്രാധാന്യമുള്ള

നാല് ഘടക പദ്ധതികൾ സമന്വയിപ്പിച്ചിട്ടുണ്ട്. (1)വൊക്കേഷണൽ & കരിയർ ഗൈഡൻസ് (2)കപ്പാസിറ്റി ബിൽഡിംഗ് (3)മത്സരപ്പരീക്ഷ പരിശീലനം (4)സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശ രഹിത വായ്പാപദ്ധതി.

തൊഴിൽരഹിതരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്ന സ്വയം തൊഴിൽ പദ്ധതികളായ കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ-എംപ്ലോയ്ഡ് (കെസ്റു), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ മുതലായ പദ്ധതികൾ പ്രകാരം സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം വായ്പ/സബ്സിഡി അനുവദിക്കുന്നുണ്ട്. ഇതുമൂലം തൊഴിൽരഹിതരായ അനേകം പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുന്നു.

**കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി.):**

വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികളെയും അഭ്യസ്തവിദ്യരായ തൊഴിൽരഹിതരേയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും, പേരാമ്പ്രയിലും ചിറ്റൂരിലും സി.ഡി.സി.-യുടെ പ്രവർത്തനമാരംഭിക്കുകയും അതുവഴി സേവനങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) "കൈവല്യ" പദ്ധതിയുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്നവിധം പരിശീലനം നൽകുന്നതിനായി കപ്പാസിറ്റി ബിൽഡിംഗ് എന്ന ഘടക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ പ്ലേറ്റ് നിർമ്മാണം തുടങ്ങി 41-തരം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ ടി പരിപാടി അംഗപരിമിതർക്കായുള്ള സ്പെഷ്യൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആരംഭിക്കുന്നതാണ്. കൈവല്യ പദ്ധതി പ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് പലിശരഹിതവായ്പ നൽകുന്നുണ്ട്.

സ്വയംതൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് 14 ജില്ലകളിലും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസുകളുമായി ബന്ധപ്പെട്ട് സ്വയം തൊഴിൽ ബോധവൽക്കരണ ശില്പശാലകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ലളിതമായ വ്യവസ്ഥകളിലൂടെ വായ്പ/ സബ്സിഡി അനുവദിക്കുന്ന കേരളാ സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ-എംപ്ലോയ്ഡ് (കെസ്റു), മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ്, ശരണ്യ എന്നീ സ്വയംതൊഴിൽ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ഡി) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലിനായി രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 514873 |
| കൊല്ലം | 390104 |
| ആലപ്പുഴ | 303529 |
| പത്തനംതിട്ട | 123461 |
| കോട്ടയം | 221656 |
| ഇടുക്കി | 106928 |
| എറണാകുളം | 286717 |
| തൃശ്ശൂർ | 314171 |
| പാലക്കാട് | 191354 |
| മലപ്പുറം | 278451 |
| കോഴിക്കോട് | 360074 |
| വയനാട് | 89363 |
| കണ്ണൂർ | 195527 |
| കാസർഗോഡ് | 90343 |

| | |
|---|---|
| ആകെ | 3466551 |

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

159 (3577) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര നിയമനം നൽകിയിട്ടുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികമായി ഒഴിവ് വരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിതന്നെ നിയമനം നടത്തണമെന്ന കർശന നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 7964 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 1138 |
| കൊല്ലം | 561 |
| ആലപ്പുഴ | 683 |
| പത്തനംതിട്ട | 371 |
| കോട്ടയം | 543 |
| ഇടുക്കി | 295 |
| എറണാകുളം | 1376 |
| തൃശ്ശൂർ | 509 |
| പാലക്കാട് | 450 |
| മലപ്പുറം | 395 |

| | |
|---|---|
| കോഴിക്കോട് | 715 |
| വയനാട് | 179 |
| കണ്ണൂർ | 362 |
| കാസർഗോഡ് | 387 |

(ബി) പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാനത്തെ എല്ലാ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ/കമ്പനികൾ എന്നിവയിലെ മേധാവികൾക്ക് 5-2-2014-ലെ 25941/ജി2/13/ തൊഴിൽ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പിന്നീട് 26-12-2016-ലെ 1046913/ജി2/2016/തൊഴിൽ നമ്പർ കത്ത് പ്രകാരം പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് ടി മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലാപ്സായ കാർഡുകൾ നീക്കൽ**

160 (3578) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലാപ്സായ കാർഡുകൾ നീക്കി ഫിസിക്കൽ കൗണ്ടിംഗ് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇല്ലെങ്കിൽ സമയബന്ധിതമായി ലാപ്സായ കാർഡുകൾ കൗണ്ടിംഗ് നടത്തി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) തൊഴിലില്ലായ്മ വേതന വിതരണത്തിന്റെ ഓഡിറ്റിംഗ് നടത്താറുണ്ടോ; ഉണ്ടെങ്കിൽ ഏറ്റവും ഒടുവിൽ ഓഡിറ്റിംഗ് നടത്തിയത് എന്നാണ്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) എംപ്ലോയ്മെന്റ് വകുപ്പിൽ ഓൺലൈൻ സോഫ്റ്റ്‌വെയർ 3-5-2017 മുതൽ നിലവിൽ വന്നിട്ടുണ്ട്. യഥാസമയം പുതുക്കാത്ത രജിസ്ട്രേഷനുകൾ, ലാപ്സാക്കേണ്ട മാസത്തിന്റെ ആദ്യ ദിവസംതന്നെ ഓൺലൈൻ സോഫ്റ്റ്‌വെയർ വഴി ലാപ്സ് ചെയ്യുന്നതാണ്. ആയതിന്റെ കൗണ്ട് സോഫ്റ്റ്‌വെയർ വഴി കൃത്യതയോടെ ലഭ്യവുമാണ്. ആയതിനാൽ നിലവിൽ ഫിസിക്കൽ കൗണ്ടിംഗ് നടത്തേണ്ട

ആവശ്യമില്ല.

(സി) ഉണ്ട്. പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെയും സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർമാർ പ്രതിമാസം ജില്ലയിലെ കുറഞ്ഞത് മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെങ്കിലും സന്ദർശിച്ച് തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് പരിശോധന/ഓഡിറ്റ് നടത്തി റിപ്പോർട്ടുകൾ അയച്ചുതരണമെന്ന നിർദ്ദേശം എംപ്ലോയ്മെന്റ് ഡയറക്ടർ നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം എല്ലാ മാസവും തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച് ഓഡിറ്റ്/പരിശോധന നടത്തി റിപ്പോർട്ട് എംപ്ലോയ്മെന്റ് ഡയറക്ടർ ലഭ്യമാക്കാറുണ്ട്. ഏറ്റവുമൊടുവിൽ മലപ്പുറം ജില്ലയിലെ മാറാക്കര ഗ്രാമപഞ്ചായത്തിൽ 28-4-2017-നും തലക്കാട് ഗ്രാമപഞ്ചായത്തിൽ 29-4-2017-നും തൊഴിൽരഹിത വേതന വിതരണം സംബന്ധിച്ച ഓഡിറ്റ്/പരിശോധന നടത്തിയിട്ടുണ്ട്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഓൺലൈൻ രജിസ്ട്രേഷൻ**

161 (3579) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ജി. എസ്.ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിലെ രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിന് സർക്കാരിന് പദ്ധതിയുണ്ടോ വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ രജിസ്ട്രേഷൻ എപ്പോൾ സാധ്യമാകും എന്നറിയിക്കുമോ;

(സി) രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതോടുകൂടി എന്തൊക്കെ മെച്ചമാണ് ഉണ്ടാവുന്നതെന്ന് അറിയിക്കുമോ;

(ഡി) സ്വകാര്യ മേഖലയിലെ തൊഴിലുകൾക്കൂടി എംപ്ലോയ്മെന്റ് എക്സചേഞ്ച് വഴിയാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ 3-5-2017 മുതൽ ഓൺലൈൻ ആയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി ഏതു സമയത്തും ഈ സേവനം ലഭ്യമാണ്.

(സി) ഉദ്യോഗാർത്ഥികൾക്ക് ഏതുസമയത്തും ഇന്റർനെറ്റിലൂടെ രജിസ്ട്രേഷൻ വിവരങ്ങൾ ഉൾപ്പെടുത്താവുന്നതും സർട്ടിഫിക്കറ്റുകളുടെ സാധുതയ്ക്ക് വിധേയമായി

സീനിയോറിറ്റി ഉറപ്പാക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പേപ്പർ രഹിതമാകുന്നതോടെ പൊതുജനങ്ങൾക്ക് സേവനങ്ങൾ വേഗത്തിലും കൃത്യതയോടെയും സുതാര്യമായും ലഭ്യമാകുന്നതാണ്. മാത്രമല്ല, തങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും തൊഴിൽ സാധ്യത സംബന്ധിച്ചുമുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാകുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ഗുണകരമായിരിക്കും.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഓൺലൈൻ ആകുന്നതോടെ സ്വകാര്യ മേഖലയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിനും ലിസ്റ്റ് നൽകുന്നതിനുമുള്ള കാലതാമസം ഒഴിവാക്കി യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് കഴിയുന്നതാണ്. സ്വകാര്യ മേഖലയിലെ ഒഴിവുകൾ നോട്ടിഫൈ ചെയ്യുന്നതിനും അതുവഴി തൽപ്പരരായ ഉദ്യോഗാർത്ഥികൾക്ക് അനുയോജ്യമായ ജോലി കണ്ടെത്തുന്നതിനും ഉദ്യോഗദായകർക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിലേക്കുമായി ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ താമസിയാതെ നിലവിൽ വരുന്നതാണ്. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററുകൾ വഴി നടത്തുന്ന ജോബ് ഫെസ്റ്റ്/ജോബ് ഫെയർ വഴി സ്വകാര്യ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലനം

162 (3580) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് എന്തൊക്കെ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ കേന്ദ്രങ്ങളിൽ ആണ് പരിശീലനം നൽകി വരുന്നത്; വിശദമാക്കുമോ;

(സി) ഭിന്നശേഷിക്കാർക്കുള്ള തൊഴിലിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) തൊഴിൽ വകുപ്പിനുകീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള "കൈവല്യ" എന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതിയിൽ

തൊഴിൽപരിശീലനവും മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിനുള്ള പരിശീലനവും ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-ൽ നിലവിൽവന്ന ഈ പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ 198 ഉദ്യോഗാർത്ഥികൾക്ക് മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് തൊഴിൽ നേടുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്. "കൈവല്യ" പദ്ധതിയുടെ ഭാഗമായി ഉദ്യോഗാർത്ഥികളെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തരാക്കുന്ന വിധം പരിശീലനം നൽകുന്നതിനായി കപ്പാസിറ്റി ബിൽഡിംഗ് എന്ന ഘടക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, പേപ്പർ പ്ലേറ്റ് നിർമ്മാണം തുടങ്ങി 41-തരം തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി വിഭാവന ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിനുകീഴിൽ കോഴിക്കോടും തിരുവനന്തപുരത്തും പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലന കേന്ദ്രങ്ങളിലൂടെ ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ടെയിലറിംഗ് ആന്റ് ഗാർമെന്റ് മേക്കിംഗ്, ഫാഷൻ ഡിസൈനിംഗ്, ലതർ വർക്സ്, വിവിധതരം കമ്പ്യൂട്ടർ കോഴ്സുകൾ എന്നിവയിൽ പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ നടപ്പുവർഷം മുതൽ പ്രിന്റിംഗ്, പ്ലംബിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് മെയിന്റനൻസ് എന്നിവയിൽ പരിശീലനം നൽകുന്നതിന് വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനകേന്ദ്രങ്ങളിലൂടെയാണ് നിലവിൽ ഭിന്നശേഷിക്കാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നത്.

തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് വകുപ്പിന് കീഴിൽ കോഴിക്കോട്, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ വികലാംഗർക്കുവേണ്ടിയുള്ള പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ സബ്റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ പരിശീലന പരിപാടികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമൂഹത്തിൽ പാർശ്വവത്കരിക്കപ്പെട്ടുപോയ ഭിന്നശേഷിക്കാരുടെ സമഗ്ര തൊഴിൽ പുനരധിവാസം ലക്ഷ്യമാക്കി കേരള സർക്കാർ എംപ്ലോയ്മെന്റ് വകുപ്പ് മുഖേന "കൈവല്യ" എന്ന നവീന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ (1) കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ നൽകുന്നതിനായുള്ള "വൊക്കേഷണൽ & കരിയർ ഗൈഡൻസ്" (2) ഭിന്നശേഷിക്കാരെ തൊഴിൽ

ചെയ്യാൻ പ്രാപ്തരാക്കുന്നതിനുള്ള "കപ്പാസിറ്റി ബിൽഡിംഗ്" (3) തൊഴിൽ മേഖലകളിലെ മത്സരപ്പരീക്ഷകളിൽ പങ്കെടുത്ത് വിജയം വരിക്കുന്നതിനായി "മത്സരപരീക്ഷാപരിശീലനം" (4) സ്വയംതൊഴിൽ സംരംഭങ്ങൾക്കായി "പലിശരഹിത വായ്പാ പദ്ധതി" എന്നിങ്ങനെ തുല്യ പ്രാധാന്യമുള്ള നാല് ഘടകങ്ങളുണ്ട്.

- എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ശരണ്യ സ്വയംതൊഴിൽ സഹായ പദ്ധതിയിലും ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

- എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്ക് സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽനിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് നാമനിർദ്ദേശം നൽകുമ്പോൾ ഭിന്നശേഷിയുള്ളവർക്ക് മുൻഗണന നൽകുന്നുണ്ട്.

- ഭിന്നശേഷിക്കാർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നതിന് 4% സംവരണം PWD Act 2016 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഭിന്നശേഷിക്കാർക്കായി സാമൂഹ്യനീതി വകുപ്പിന്റെ സഹായത്തോടെ എൻ.ജി.ഒ.-കൾ മുഖേന വിവിധതരം കമ്പ്യൂട്ടർ പരിശീലനങ്ങളും സ്വയംതൊഴിൽ പരിശീലനങ്ങളും നടത്തിവരുന്നു.

**ഡി-അഡിക്ഷൻ സെന്ററുകൾ**

163(3581) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ വിമുക്തി എന്ന ബോധവൽക്കരണ മിഷന്റെ ഭാഗമായി ഡി-അഡിക്ഷൻ സെന്ററുകൾ എല്ലാ ജില്ലാ ആശുപത്രികളിലും ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എക്സൈസ് വകുപ്പിനുകീഴിൽ സംസ്ഥാനത്ത് ദേശീയനിലവാരത്തിലുള്ള ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി'-യുടെ

ഭാഗമായി ദേശീയനിലവാരത്തിൽ ആധുനികസജ്ജീകരണങ്ങളോടുകൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിലേക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ലഭിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വകുപ്പ്/പൊതുമേഖല സ്ഥാപന മേധാവികളുമായും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് നടപടി

164 (3582) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) സ്കൂൾ, കോളേജ് കാമ്പസുകൾ സമ്പൂർണ്ണ ലഹരി വിമുക്തമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) വ്യാജമദ്യം, മയക്കമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ എന്നിവ തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ എൻഫോഴ്സ്മെന്റ് വിഭാഗങ്ങളുടെ ഏകോപനവും സഹകരിച്ചുള്ള പ്രവർത്തനവും ഉറപ്പു വരുത്തുന്നതിന് വകുപ്പുകൾ തമ്മിലുള്ള യോഗങ്ങൾ സംഘടിപ്പിച്ച് ചർച്ചകൾ നടത്തി വരുന്നതും വിവരങ്ങൾ പരസ്പരം കൈമാറുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയപാതകളിൽ വാഹന

പരിശോധന നടത്തി വരുന്നുമുണ്ട്. ലഹരി വസ്തുക്കളുടെ വില്പന തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. കൂടാതെ പൊതുജനങ്ങളിൽ നിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ പരാതികൾ/വിവരങ്ങൾ സ്വീകരിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജന ങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെകൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്ന തിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

(ബി) വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചു വരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടത്തി വരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. ഇതോടൊപ്പം സ്കൂൾ/കോളേജുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചും പരാതിപ്പെട്ടികൾ സ്ഥാപിച്ചും ഇത്തരം സാമൂഹ്യതിന്മയെ ഉന്മൂലനം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്.

## എൻ.ഡി.പി.എസ്. ആക്ടനുസരിച്ച് എടുക്കുന്ന കേസ്സുകൾ

165(3583) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഡി.പി.എസ്. ആക്ടനുസരിച്ച് എടുക്കുന്ന കേസുകൾ രജിസ്റ്റർ ചെയ്യാൻ നിലവിൽ റേഞ്ച് ഇൻസ്പെക്ടർമാർക്കു മാത്രമാണ് അധികാരമുള്ളത് എന്നതിനാൽ റേഞ്ചുകളിൽ ഉള്ള അസി. ഇൻസ്പെക്ടർമാർക്കോ, തൊട്ടുതാഴെയുള്ള പ്രിവന്റീവ് ഇൻസ്പെക്ടർമാർക്കോകൂടി ഇത് ചാർജ്ജുചെയ്യാനുള്ള അധികാരം കൊടുത്താൽ കേസുകൾ യഥാസമയം രജിസ്റ്റർ ചെയ്യാനാകുമോ എന്ന് വ്യക്തമാക്കാമോ; പരിശോധിച്ച് ഇതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) പോലീസ് ഡിപ്പാർട്ട്മെന്റിൽ ഉള്ളതുപോലെ എക്സൈസ് ഇൻസ്പെക്ടർമാർക്ക് താഴെയായി നിലവിലുള്ള പോസ്റ്റ് അഡീഷണൽ ഇൻസ്പെക്ടറായി അപ്ഗ്രേഡ് ചെയ്ത് എല്ലാ റേഞ്ചിലും അഡീഷണൽ ഇൻസ്പെക്ടർമാർക്കുകൂടി ഇൻസ്പെക്ടർമാരുടെ അഭാവത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുവാൻ അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എൻ.ഡി.പി.എസ്. ആക്ടിനുകീഴിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുവാനുള്ള അധികാരം അസി. ഇൻസ്പെക്ടർമാർക്കോ പ്രിവന്റീവ് ഓഫീസർമാർക്കോ നൽകുന്ന കാര്യം ബന്ധപ്പെട്ട ആക്ടിൽ പ്രതിപാദിച്ചിട്ടില്ല. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഷാപ്പ് ലേലം നടത്തി ലൈസൻസ് നൽകുന്ന സമ്പ്രദായം**

166 (3584) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഷാപ്പ് ലേലം നടത്തി ലൈസൻസ് നൽകുന്ന സമ്പ്രദായം മാറ്റുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുപകരം എന്ത് സംവിധാനമാണ് സർക്കാർ ആലോചിക്കുന്ന തെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ടോഡി കോർപ്പറേഷൻ രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ;വ്യക്തമാക്കുമോ;

(ഡി) ഈ മേഖലയെ നിയന്ത്രിക്കുന്ന അബ്കാരികളുടെ സ്വാധീനം കുറക്കുന്നതിന് പുതിയ സംവിധാനം സഹായകരമാകുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിലുള്ള കള്ളുഷാപ്പ് ലൈസൻസിംഗ് സമ്പ്രദായത്തിൽ നിന്നും വ്യതിചലിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**കോളേജ്, സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലുള്ള ലഹരിമരുന്ന് ഉപയോഗം**

167(3585) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസഥാനത്ത് കോളേജ്, സ്കൂൾ വിദ്യാർഥികളുടെ ഇടയിലുള്ള മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് നിരോധിക്കപ്പെട്ട പാൻമസാലകൾ അന്യസംസ്ഥാന

തൊഴിലാളികളിലൂടെയും, മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഒരു നിയന്ത്രണവുമില്ലാതെ കടന്നുവരുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് കോളേജ്, സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലുള്ള മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 8742 കേസ്സുകൾ അബ്കാരി/എൻ.ഡി.പി.എസ്./കോട്പ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ബി) ഇത്തരത്തിൽ നിരോധിത ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകളിലും സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

നിരോധിക്കപ്പെട്ട പാൻമസാലകളുടെ കടത്ത്, സംഭരണം, വിൽപ്പന, ഉപഭോഗം എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന ഇടങ്ങളിൽ പ്രതിവാരം ഒരു തവണയെങ്കിലും ആകസ്മിക പരിശോധനകൾ 'ഓപ്പറേഷൻ ഭായി' എന്ന പേരിൽ എക്സൈസ് വകുപ്പ് നടത്തിവരുന്നു.

**എക്സൈസ് വകുപ്പ് പരിഷ്ക്കരിക്കൽ**

168 (3586) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എക്സൈസ് വകുപ്പ് ആധുനികരീതിയിൽ പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

ഉണ്ട്. എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ ആറ് ബൊലേറോ ജീപ്പുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം

ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ പ്രവർത്തനരഹിതമായിട്ടുള്ള 25 കമ്പ്യൂട്ടറുകൾ മാറ്റി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ ഉപയോഗത്തിനായി ഒരു പുതിയ ബൊലേറോ ജീപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

ജില്ലാ അധികാരികളായ പതിനാല് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് പതിനാല് പുതിയ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് ഒൻപത് പുതിയ ലാപ്ടോപ്പുകൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ നിരന്തരമായി ബോധവൽക്കരണം നടത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനും ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിലെ നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡ് ആഫീസുകൾ രൂപീകരിക്കുന്നതിനും ക്രൈംബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിനും ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. പുതുതായി രൂപീകരിച്ച താലൂക്കുകളിൽ ആറ് എണ്ണത്തിൽ സർക്കിൾ ആഫീസുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

എക്സൈസ് വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഭാഗമായി സേവനാവകാശ നിയമത്തിലുൾപ്പെട്ട 26 സേവനങ്ങളിൽ 22 എണ്ണം ഓൺലൈനാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 16 എണ്ണം പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഓൺലൈൻ ആക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ-സർവ്വീസ്, ഇ-ആഫീസ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിന് 63 കമ്പ്യൂട്ടർ, 18 ഓൺലൈൻ യു.പി.എസ്. എന്നിവ വാങ്ങി വിവിധ ആഫീസുകൾക്ക് നൽകിയിട്ടുണ്ട്.

എക്സൈസ് ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുവാൻ ഭരണാനുമതി

നൽകിയിട്ടുണ്ട്.

25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനെർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് അക്കാഡമി നവീകരിക്കുന്നതിന്റെ ഭാഗമായി രണ്ട് കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വനിതാ സിവിൽ എക്സൈസ് ആഫീസർമാരുടെ 138 തസ്തിക സൃഷ്ടിച്ചുകൊണ്ട് 3-5-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 30/17/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## സ്കൂൾ പരിസരത്ത് ലഹരി വസ്തുക്കളുടെ വിൽപ്പന

169(3587) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ വിൽപ്പന കർശനമായി തടയുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ വിൽപ്പന നടത്തുന്നവർ പിടിക്കപ്പെട്ടാൽ കഠിനമായ ശിക്ഷ നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ പരിസരത്ത് വിദ്യാർത്ഥികൾക്ക് ലഹരി വസ്തുക്കൾ വിൽപ്പന നടത്തുന്നതും വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യവിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്നത് തടയുന്നതിന് ശക്തമായ

പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നത്.

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യനിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതു മാണ്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ സംഭരണം, വിൽപ്പന, ഉപഭോഗം എന്നിവ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച്

നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**കായംകുളം എക്സൈസ് ഓഫീസ്**

170 (3588) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം എക്സൈസ് ഓഫീസ് കാലങ്ങളായി യാതൊരു സൗകര്യങ്ങളും ഇല്ലാത്ത വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈ യൂണിറ്റിന് സ്വന്തമായി സ്ഥലവും കെട്ടിടവും കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ബെവ്കോ പുതുതായി വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങൾ**

171 (3589) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരത്തുനിന്ന് മദ്യ വിൽപ്പനശാലകൾ 500 മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പുതുതായി ബെവ്ക്കോ വാടകയ്ക്ക് എടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേരുവിവരം തുടങ്ങിയവ വ്യക്തമാക്കുമോ;

(ബി) ബെവ്ക്കോ കടമുറികൾ വാടകയ്ക്കെടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കടകൾ വാടകയ്ക്കെടുക്കുന്നതിന് നടപടിക്രമങ്ങൾ ഉണ്ടെങ്കിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചാണോ പുതിയ കടകൾ വാടകയ്ക്കെടുത്തിട്ടുള്ളത്;

(ഡി) ബെവ്ക്കോ വാടകയ്ക്കെടുത്തിട്ടുള്ള കടകൾക്ക് വാടക നിശ്ചയിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(ഇ) ഇപ്പോൾ ബെവ്ക്കോ വാടകയ്ക്കെടുത്തിട്ടുള്ള കടകളുടെ വാടക, കരാർ തുടങ്ങിയവയ്ക്ക് സർക്കാരിന്റെ അംഗീകാരമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബെവ്കോ പുതുതായി വാടകയ്ക്കെടുത്തിട്ടുള്ള കെട്ടിടങ്ങളുടെ വാടക, വിസ്തീർണ്ണം, ഉടമസ്ഥന്റെ പേരുവിവരം എന്നിവ അനുബന്ധമായി* ചേർക്കുന്നു.

(ബി) കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുന്നത് താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ്:

1. പ്രാദേശിക തലത്തിലുള്ള പരസ്യങ്ങൾ/അന്വേഷണം/വെബ്സൈറ്റ് എന്നിവ വഴി ഷോപ്പ് മാറ്റി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ തെരഞ്ഞെടുക്കുന്നു.

2. കെട്ടിടങ്ങൾ ആഡിറ്റ് ടീം അംഗങ്ങൾ, മാനേജർ/റീജിയണൽ മാനേജർമാർ എന്നിവർ പരിശോധിച്ച് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തുന്നു. തെരഞ്ഞെടുക്കുന്ന കെട്ടിടം അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്നതാണെന്നും സംസ്ഥാന ദേശീയ പാതയോരത്തുനിന്നും 500 മീറ്റർ അകലം പാലിക്കുന്നവയാണെന്നും എക്സൈസ് വകുപ്പ് മുഖേന ഉറപ്പുവരുത്തുന്നു.

3. കെട്ടിട ഉടമസ്ഥനുമായി വാടക മിതപ്പെടുത്തുവാൻ മാനേജർ/റീജിയണൽ മാനേജർമാരുടെ ചർച്ച ചെയ്ത് ഹെഡ്ഓഫീസിലേക്ക് ശിപാർശ ചെയ്യുന്നു.

4. ഹെഡ് ഓഫീസ് തലത്തിൽ സീനിയർ ഉദ്യോഗസ്ഥരടങ്ങിയ "റെന്റ് കമ്മിറ്റി" കെട്ടിട അപേക്ഷകൾ പരിശോധിക്കുകയും വ്യവസ്ഥകൾ അംഗീകരിക്കാവുന്ന പ്രൊപ്പോസലുകൾക്ക് അനുവാദം നൽകുവാൻ മാനേജിംഗ് ഡയറക്ടർക്ക് ശിപാർശ ചെയ്യുകയും ചെയ്യുന്നു. ശിപാർശ ചെയ്ത വാടക കൂടുതലാണെങ്കിൽ വീണ്ടും കെട്ടിട ഉടമയുമായി ചർച്ച നടത്തുവാൻവേണ്ടി ബന്ധപ്പെട്ട റീജിയണൽ മാനേജർ/മാനേജർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു.

5. ഇപ്രകാരം ശിപാർശചെയ്ത പ്രൊപ്പോസൽ മാനേജിംഗ് ഡയറക്ടർ അംഗീകരിക്കുകയും ആവശ്യമാണെങ്കിൽ ബോർഡിന്റെ അംഗീകാരം ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) അതെ.

(ഡി) കെട്ടിടങ്ങൾ വാടകയ്ക്ക് എടുക്കുവാനുദ്ദേശിക്കുന്ന പ്രസ്തുത പ്രദേശത്തിന്റെ വാണിജ്യപരമായ പ്രാധാന്യവും വികസനവും പ്രദേശത്ത് നിലവിലുള്ള വാടകനിരക്ക്, കെട്ടിടത്തിന്റെ മേന്മ, ഉപഭോക്താക്കളുടെ സൗകര്യം, റോഡ് കണക്ടിവിറ്റി, റോഡിന്റെ പ്രാധാന്യം, പാർക്കിംഗ് സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് അനുസൃതമായും കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണവും മൂല്യവും ആണ് സാധാരണഗതിയിൽ സ്വാധീനിക്കുന്ന ഘടകങ്ങൾ. എന്നാൽ നിയമപ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലിക്കേണ്ട നിബന്ധനകൾക്ക് അനുസൃതമായ കെട്ടിടങ്ങൾ ജനവാസം കുറഞ്ഞ സ്ഥലങ്ങളിൽ കണ്ടെത്തുക എന്നത് ദുഷ്കരമായതിനാൽ പ്രാദേശികമായി നിലവിലുള്ള വാടകയേക്കാൾ മെച്ചപ്പെട്ട നിരക്കിലാണ് വാടക നൽകുവാൻ നിർബന്ധിതമാകുന്നത്.

(ഇ) സർക്കാരിന്റെ അംഗീകാരം ആവശ്യമില്ല.

**'വിമുക്തി' പദ്ധതിക്കുകീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ**

172(3590) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിമുക്തി പദ്ധതിക്ക് കീഴിൽ ഡി-അഡിക്ഷൻ സെന്ററുകൾ എവിടെയെല്ലാ മാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

അതോടൊപ്പം ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ/സർക്കാരിതര വകുപ്പ് മേധാവികളുമായും ജില്ലാ കളക്ടർമാരുമായും ബന്ധപ്പെട്ട് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**വ്യാജമദ്യ കേസുകൾ**

173 (3591) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവിപണന നിയന്ത്രണത്തെ തുടർന്ന് വ്യാജമദ്യ കേസുകൾ ഭീഷണമാംവിധം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എക്സൈസ് വകുപ്പിനെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) വ്യാജമദ്യ-മയക്കുമരുന്ന് വ്യാപാരം ഇല്ലാതാക്കാനുള്ള പ്രവർത്തനം

ഫലപ്രദമാക്കുന്നതിന് ജനകീയ പങ്കാളിത്തം അനിവാര്യമായതിനാൽ ഇതിനായി എന്ത് മാർഗ്ഗമാണ് അവലംബിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിക്കെതിരെ നടത്തുന്ന പ്രചരണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുന്നതുമൂലം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള സാധ്യത മുന്നിൽക്കണ്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുള്ളതാണ്. എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ ശക്തമാക്കിയിട്ടുള്ളതും അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നുമുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വകുപ്പിന് പുതിയ വാഹനങ്ങൾ അനുവദിച്ച് നൽകിയിട്ടുള്ളതാണ്.

(ബി) വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെകൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകി പ്രവർത്തിച്ചുവരുന്നത്.

(സി) മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ള തുമാണ്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരിവിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപംനൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## വ്യാജമദ്യ-മയക്കുമരുന്ന് കേസുകൾ

174 (3592) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വ്യാജമദ്യ-കഞ്ചാവ്, മയക്കുമരുന്ന്, നിരോധിത പുകയില ഉല്പന്നങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് എടുത്ത കേസുകളുടെ വിശദവിവരം ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(ബി) വ്യാജമദ്യ-മയക്കുമരുന്ന് കേസുകളുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 25-5-2016 തീയതി മുതൽ 30-4-2017 തീയതി വരെ വ്യാജമദ്യ-കഞ്ചാവ്, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ തുടങ്ങിയവ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് അബ്കാരി/എൻ.ഡി.പി.എസ്./കോട്പ നിയമ പ്രകാരം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | അബ്കാരി | എൻ.ഡി.പി.എസ്. | കോട്പ |
|---|---|---|---|
| തിരുവനന്തപുരം | 2230 | 200 | 6300 |

| | | | |
|---|---|---|---|
| കൊല്ലം | 2348 | 504 | 5536 |
| പത്തനംതിട്ട | 1713 | 220 | 7993 |
| ആലപ്പുഴ | 3039 | 260 | 3806 |
| കോട്ടയം | 1886 | 365 | 7126 |
| ഇടുക്കി | 951 | 392 | 2505 |
| എറണാകുളം | 1936 | 471 | 3570 |
| തൃശ്ശൂർ | 2104 | 339 | 4200 |
| പാലക്കാട് | 1913 | 188 | 5768 |
| മലപ്പുറം | 1444 | 324 | 4913 |
| കോഴിക്കോട് | 1438 | 176 | 2536 |
| വയനാട് | 931 | 178 | 2581 |
| കണ്ണൂർ | 1655 | 190 | 4086 |
| കാസർഗോഡ് | 1043 | 68 | 2955 |
| **ആകെ** | **24631** | **3875** | **63875** |

(ബി) വ്യജമദ്യ-മയക്കുമരുന്ന് കേസുകളുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിൽ എക്സൈസ് ആസ്ഥാനത്ത് ടോൾ-ഫ്രീ നമ്പർ സ്ഥാപിച്ച് ആയത് വിവിധ മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയിട്ടുള്ളതും പൊതുജനങ്ങളിൽനിന്ന് പരാതികൾ സ്വീകരിക്കുകയും പരിശോധകൾ നടത്തി കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ജില്ലയിൽ ദിവസവും രാത്രികാല പരിശോധനയും വാഹന പരിശോധനകളും നടത്തുന്നതിനായി രണ്ട് സ്ട്രൈക്കിംഗ് ഫോഴ്സ് യൂണിറ്റുകളെ നിയോഗിച്ചിട്ടുള്ളതും കടൽ മാർഗ്ഗമുള്ള മദ്യക്കടത്ത് തടയുന്നതിനായി കോസ്റ്റൽ പോലീസുമായി ചേർന്ന് കടൽ പട്രോളിംഗും പരിശോധനകളും നടത്തി വരുന്നുമുണ്ട്. ജില്ലയിലെ റവന്യൂ, പോലീസ്, റെയിൽവേ, ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകളും നടത്തിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകളിൽ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കൂടാതെ സ്കൂൾ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

**കോടതിവിധിയും മുൻസർക്കാരിന്റെ മദ്യനയവും ഉണ്ടാക്കിയ പ്രശ്നങ്ങൾ**

175 (3593) <u>ശ്രീ. ഇ. പി. ജയരാജൻ</u>:
<u>ശ്രീ. എ. എം. ആരിഫ്</u>:
<u>ശ്രീ. കെ. ദാസൻ</u>:

ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അശാസ്ത്രീയ മദ്യനയവും മദ്യശാലകൾ പ്രധാന റോഡുകളിൽനിന്ന് മാറ്റിസ്ഥാപിക്കാനുള്ള കോടതിവിധിയും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ അലവോകനം ചെയ്തിട്ടുണ്ടോ;

(ബി) റോഡരികിൽനിന്ന് മദ്യശാലകൾ പാർപ്പിട മേഖലയിലേക്ക് മാറ്റുമ്പോഴുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ എങ്ങനെയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) മദ്യാസക്തിക്ക് അടിമപ്പെട്ടവർ മദ്യശാലകളുടെ അഭാവത്തിൽ ഗൃഹപരിസരത്തും പൊതുസ്ഥലത്തും മദ്യപിക്കുന്നത് സൃഷ്ടിക്കാനിടയുള്ള ക്രമസമാധാന പ്രശ്നങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ഡി) മദ്യലഭ്യത കുറയുന്നത് വ്യാജവാറ്റും മറ്റുലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വർദ്ധിക്കാനിടയാക്കുന്നത് തടയുന്നതിനാവശ്യമായ രീതിയിൽ വകുപ്പിനെ ശക്തിപ്പെടുത്തുമോ?

ഉത്തരം

(എ) പുതിയ മദ്യനയം രൂപീകരിക്കുന്നവേളയിൽ ഇക്കാര്യങ്ങൾകൂടി പരിശോധിക്കുന്നതാണ്.

(ബി) റോഡരികിൽനിന്നും മദ്യശാലകൾ കേരള അബ്കാരി ഷോപ്പ് ഡിസ്പോസൽ നിയമപ്രകാരവും, വിദേശമദ്യ നിയമപ്രകാരവും തർക്കരഹിത സ്ഥലങ്ങളിലേയ്ക്കാണ് മാറ്റിസ്ഥാപിക്കുന്നത്. ഇപ്രകാരം മാറ്റി സ്ഥാപിക്കുമ്പോൾ ജനങ്ങൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറയ്ക്കുന്ന തരത്തിലും ഗതാഗത സംവിധാനങ്ങൾക്ക് തടസ്സങ്ങൾ ഉണ്ടാകാത്ത തരത്തിലും സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം ഷോപ്പുകൾ മാറ്റി സ്ഥാപിക്കുമ്പോൾ നിലവിലുള്ള നിയമങ്ങൾ എല്ലാം പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുസ്ഥലത്ത് മദ്യപിക്കുന്നതിനെതിരെ അബ്കാരി ആക്റ്റ് സെക്ഷൻ 15(c) പ്രകാരം കേസ്സെടുത്ത് കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യലഭ്യത കുറയുന്നതുമൂലം വ്യാജവാറ്റും മറ്റ് ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും വർദ്ധിക്കാനിടയാക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പള്ളൂരിൽനിന്നും വിദേശ മദ്യം കടത്തുന്നത് തടയുന്നതിന് നടപടി**

176 (3594) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിലെ മദ്യ നിരോധനംമൂലം പള്ളൂരിൽനിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്കും മറ്റും കടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി പുതുതായി എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പള്ളൂരിൽനിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്ക് കടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ടെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പള്ളൂരിൽനിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്കും മറ്റും കടത്തുന്നത് തടയുന്നതിന് ഈ മേഖലയിൽ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും വാഹന പരിശോധനയും നടത്തി വരുന്നതും 24 മണിക്കൂറും പ്രവർത്തിക്കുന്ന ബോർഡർ പട്രോളിംഗ് യൂണിറ്റിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുമുണ്ട്.

(സി) പള്ളൂരിൽനിന്നും വിദേശ മദ്യം കോഴിക്കോട് ജില്ലയിലേക്ക് കടത്തിയതിന് 2017 ഏപ്രിൽ മാസത്തിൽ എക്സൈസ് വകുപ്പ് പത്ത് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## പൂട്ടിയതും വീണ്ടും തുറന്നതുമായ ബാറുകൾ

177 (3595) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് പൂട്ടിയ ബാറുകളുടെ എണ്ണവും ബാറുകളുടെ പേരും ജില്ലതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പല റോഡുകളും ദേശീയ-സ്റ്റേറ്റ് പാതകളല്ലെന്ന വെളിപ്പെടുത്തൽ പ്രകാരം പൂട്ടിയ എത്ര ബാറുകൾ കോടതി മുഖാന്തരം വീണ്ടും തുറന്നിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങളും ബാറുകളുടെ പേരും ജില്ലതിരിച്ച് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിൽ പതിനൊന്ന് ബാറുകൾ 1-4-2017-ൽ പൂട്ടിയിരുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | ഹോട്ടൽ ഹിൽറ്റൺ ഗാർഡൻ ഇൻ ഹോട്ടൽ താജ് റസിഡൻസി |
| കൊല്ലം | ദ ഹോട്ടൽ റാവീസ് |
| പത്തനംതിട്ട | ഇല്ല |

| | |
|---|---|
| ആലപ്പുഴ | ഇല്ല |
| കോട്ടയം | കുമരകം ലെയ്ക്ക് |
| എറണാകുളം | 1. ഹോളിഡേ ഇൻ<br>2. ക്രൗൺ പ്ലാസ<br>3. ലി-മെറിഡിയൻ<br>4. എയർ ലിങ്ക് കാസിൻ<br>5. ഡയാന ഹൈറ്റ്സ് |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | ഇല്ല |
| കോഴിക്കോട് | ഇല്ല |
| മലപ്പുറം | കടവ് റിസോർട്ട്സ് |
| വയനാട് | വൈത്തിരി വില്ലേജ് പ്രൈവറ്റ് ലിമിറ്റഡ് |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | ഇല്ല |

(ബി) പൂട്ടിയ മൂന്ന് ബാറുകൾ കോടതി മുഖാന്തരം വീണ്ടും തുറന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

**തിരുവനന്തപുരം**

1. ഹോട്ടൽ ഹിൽറ്റൺ ഗാർഡൻ ഇൻ
2. ഹോട്ടൽ താജ് റസിഡൻസി

**കോട്ടയം**

കുമരകം ലെയ്ക്ക്

ഇതുകൂടാതെ വയനാട്ടിലെ വൈത്തിരി വില്ലേജ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം സ്ഥിതിചെയ്യുന്ന പഞ്ചായത്തിന്റെ ജനസംഖ്യ 20000-ത്തിൽ (ഇരുപതിനായിരത്തിൽ) കുറവായതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം തുറന്നുകൊടുത്തിട്ടുണ്ട്.

**സ്പിരിറ്റ് കേസ്സുകൾ**

178 (3596) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്പിരിറ്റ് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തേക്ക് എത്തുന്ന സ്പിരിറ്റ് തടയുന്നതിന് എന്തെല്ലാം

നടപടികളാണ് സർക്കാർ എടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് പതിനഞ്ച് സ്പിരിറ്റ് കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | ചാർജ് ചെയ്ത സ്പിരിറ്റ് കേസ്സുകളുടെ എണ്ണം |
|---|---|
| കൊല്ലം | 1 |
| പത്തനംതിട്ട | 6 |
| ആലപ്പുഴ | 3 |
| എറണാകുളം | 2 |
| തൃശ്ശൂർ | 2 |
| കാസർഗോഡ് | 1 |
| **ആകെ** | **15** |

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് അനധികൃത സ്പിരിറ്റ് കടത്തുന്നത് തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും നടത്തി വരുന്നതും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധനയും നടത്തി വരുന്നുമുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുമുണ്ട്.

ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ സ്പിരിറ്റ് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നുമുണ്ട്. കൂടാതെ അതിർത്തി പ്രദേശത്ത് അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനകളുടെയും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുടെയും സഹകരണത്തോടെ ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും

നടത്തിവരുന്നുണ്ട്.

**സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയ**

179 (3597) <u>ശ്രീ. വി. അബ്ദുറഹിമാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ലഹരി മാഫിയ വിദ്യാർത്ഥികളെ സ്വാധീനിക്കുകയും അവരുടെ പഠനവും കുടുംബങ്ങളിലെ സന്തോഷവും പ്രതിസന്ധിയിലാക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെ സ്വാധീനിക്കുന്ന ലഹരി മാഫിയകളെ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പുതിയ വിദ്യാലയവർഷം തുടങ്ങുന്നതിനുമുൻപ്തന്നെ സ്കൂളിനു സമീപമുള്ള കടകളിൽ ലഹരി വസ്തുക്കൾ ശേഖരിച്ചിട്ടില്ലെന്നും വില്പന നടത്തുന്നില്ലെന്നും ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്കിടയിൽ കൂടുതൽ ബോധവത്ക്കരണ പ്രവർത്തനങ്ങളും ഈ വിഷയത്തിൽ മുൻകരുതലും സ്വീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സ്കൂൾ/കോളേജ് കാമ്പസുകളുടെ 100 വാര പരിധിക്കുള്ളിൽ "കോട്പാ" നിയമപ്രകാരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി"-ക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ/കോളേജുകളിൽ സംസ്ഥാനതലത്തിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയും ഉപയോഗത്തിനെതിനെയുമുള്ള പരാതികളും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം പരാതിപ്പെട്ടികൾ

സ്കൂൾ/കോളേജ് കാമ്പസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻവേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകി വരുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) സ്കൂൾ/കോളേജ് കാമ്പസുകളിലെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ ലഭ്യത പൂർണ്ണമായും ഇല്ലാതാക്കുന്നതിനും കുട്ടികൾക്കിടയിലെ ലഹരി ഉപഭോഗം കർശനമായി നിയന്ത്രിക്കുന്നതിനുംവേണ്ടി കൂടുതൽ ജാഗ്രതയോടുള്ള പ്രവർത്തനം നടത്തുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

**കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ്**

180 (3598) <u>ശ്രീ. ബി. സത്യൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസിന് റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം കൈമാറുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

പഴയകുന്നുമ്മേൽ പഞ്ചായത്തിന്റെ കൈവശമുള്ളതും നിലവിൽ കിളിമാനൂർ എക്സൈസ് റേഞ്ച് ഓഫീസ് പ്രവർത്തിക്കുന്നതുമായ നാല് ആർ ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചു കിട്ടുന്നതിലേക്കായി ബന്ധപ്പെട്ട രേഖകൾ ജില്ലാ കളക്ടർക്ക് വകുപ്പിൽനിന്നും സമർപ്പിച്ചിട്ടുണ്ട്. വിഷയം ഇപ്പോൾ ജില്ലാ കളക്ടറുടെ പരിഗണനയിലാണ്.

**സമ്പൂർണ്ണ ലഹരിവിമുക്ത കേരളം**

181 (3599) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ-മയക്കുമരുന്ന് മാഫിയകളുടെ പ്രവർത്തനങ്ങൾ ഇല്ലായ്മചെയ്ത് സമ്പൂർണ്ണ ലഹരിവിമുക്ത കേരളം എന്ന ആശയം നടപ്പിലാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽവന്നശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) മദ്യത്തിനും മയക്കുമരുന്നിനും അടിമകളായിട്ടുള്ളവരുടെ ഡീ അഡിക്ഷൻ ചികിത്സകൾ ചെയ്യുന്നതിനായി താലൂക്ക് ആശുപത്രികളോടനുബന്ധിച്ച് മതിയായ സൗകര്യം ഒരുക്കുവാൻ എക്സൈസ് വകുപ്പിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുക എന്നതാണ് 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.

(ബി) കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി"യുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രിയോടുചേർന്ന് ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ എക്സൈസ് വകുപ്പിനുകീഴിൽ ദേശീയ നിലവാരത്തിലുള്ള ഒരു മാതൃകാ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

**സംസ്ഥാനത്തെ കള്ളുഷാപ്പുകൾ**

182(3600) <u>ശ്രീ. ഇ. പി. ജയരാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകൾ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പാതയോര മദ്യശാലകൾ അടച്ചുപൂട്ടുവാനുള്ള സുപ്രീം കോടതിവിധി നടപ്പിലായതിനുശേഷം സംസ്ഥാനത്ത് നിലവിലുള്ള കള്ളുഷാപ്പുകൾ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് 4230 കള്ളുഷാപ്പുകൾ പ്രവർത്തിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ 3215 കള്ളുഷാപ്പുകൾ പ്രവർത്തിച്ചുവരുന്നു.

**പാതയോരങ്ങളിലെ മദ്യശാലകൾ**

183(3601) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാതയോരങ്ങളിലെ മദ്യശാലകൾ അടച്ചുപൂട്ടണമെന്ന സുപ്രീം കോടതിവിധി നടപ്പിലായതിനുശേഷം കേരളത്തിൽ നിലവിലുള്ള ബാർഹോട്ടലുകൾ, ബിയർ ആൻഡ് വൈൻ പാർലറുകൾ, ബിവറേജസ് ഔട്ടലെറ്റുകൾ എന്നിവ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പാതയോരങ്ങളിലെ മദ്യശാലകൾ അടച്ചുപൂട്ടണമെന്ന സുപ്രീം കോടതിവിധി നടപ്പായതിനുശേഷം കേരളത്തിൽ നിലവിൽ 23 ബാർ ഹോട്ടലുകളും 329 ബിയർ വൈൻ പാർലറുകളും 170 ബിവറേജസ് ഔട്ട് ലെറ്റുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

**മദ്യവിൽപ്പന കേന്ദ്രങ്ങളുടെ കണക്ക്**

184(3602) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് എത്ര ബാർ ഹോട്ടലുകൾ നിലവിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് എത്ര ബിയർ ആൻഡ് വൈൻ പാർലറുകൾ നിലവിലുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് എത്ര ബിവറേജ് ഔട്ട് ലെറ്റുകൾ നിലവിൽ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് 29 ബാർ ഹോട്ടലുകൾ നിലവിലുണ്ടായിരുന്നു.

(ബി) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് 814 ബിയർ/വൈൻ പാർലറുകൾ ഉണ്ടായിരുന്നു.

(സി) 2016 ഏപ്രിൽ ഒന്നിന് സംസ്ഥാനത്ത് 270 ബിവറേജസ് ഔട്ട്‌ലെറ്റുകൾ ഉണ്ടായിരുന്നു.

**സർക്കാരിന്റെ മദ്യനയം**

185 (3603) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ മദ്യനയം അംഗീകരിക്കപ്പെട്ടിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ ഉയർന്നുവരുന്ന വിവാദങ്ങളും മാധ്യമ വാർത്തകളും പുതിയ മദ്യ നയവുമായി ബന്ധമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; ഔട്ട്‌ലെറ്റുകൾ പൂട്ടുന്നതും മാറ്റി സ്ഥാപിക്കുന്നതും പോലുള്ള കാര്യങ്ങളിൽ വിവാദം ഉണ്ടാകുന്നതിലെ സ്ഥാപിത താല്പര്യങ്ങൾ തിരിച്ചറിഞ്ഞ് ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ പുതിയതായി മദ്യനയം പ്രഖ്യാപിച്ചിട്ടില്ല. ദേശീയ/ സംസ്ഥാന പാതയോരങ്ങളുടെ 500 മീറ്റർ ദൂരപരിധിക്കുള്ളിൽ 1-4-2017 മുതൽ മദ്യശാലകൾ പ്രവർത്തിക്കുവാൻ പാടില്ലായെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പുതിയ സാഹചര്യം കാരണത്താലും മലപ്പുറം ലോകസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റ ചട്ടം നിലവിലുണ്ടായിരുന്നതിനാലും സംസ്ഥാനത്ത് മദ്യനയം പ്രഖ്യാപിക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. 25-3-2017-ലെ GO(Ms.)16/2017/നി.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കള്ളുഷാപ്പുകളുടെ ലൈസൻസ് നിലവിലുള്ള നിരക്കിന്റെ ആനുപാതിക ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ടും മറ്റ് പൊതുവ്യവസ്ഥകൾ പാലിച്ചുകൊണ്ടും 1-4-2017 മുതൽ മൂന്ന് മാസത്തേക്ക് ലൈസൻസ് കാലാവധി ദീർഘിപ്പിച്ച് നൽകിയും അബ്കാരി നിയമ പ്രകാരം നൽകുന്ന മറ്റ് ലൈസൻസുകൾ നിലവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിലവിലെ ലൈസൻസ് ഫീസ് ഈടാക്കികൊണ്ട് 1-4-2017 മുതലും പുതുക്കി നൽകിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 31-3-2017-ലെ CA.No. 12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിൽ ഒരു മദ്യഷാപ്പുകളും 1-4-2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാൻ കഴിയാതെവരുന്ന വിദേശ മദ്യഷോപ്പുകളും കള്ളുഷാപ്പുകളും പൊതുജനങ്ങളുടെ എതിർപ്പിന് ഇടവരാത്ത രീതിയിൽ മാറ്റിസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## അതിരപ്പിള്ളിയിൽ ജനമൈത്രി എക്സൈസ് സ്പെഷ്യൽ സ്ക്വാഡ്

186(3604) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിലെ നിബിഡ വനപ്രദേശങ്ങൾ, പട്ടികവർഗ്ഗ സങ്കേതങ്ങൾ, തോട്ടം മേഖലകൾ എന്നിവ ഉൾക്കൊള്ളുന്ന അതിരപ്പിള്ളി പഞ്ചായത്തിൽ ആവശ്യമായ തസ്തികകളോടുകൂടി ഒരു ജനമൈത്രി എക്സൈസ് സ്പെഷ്യൽ സ്ക്വാഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വിദ്യാലയങ്ങളിൽ ലഹരി വസ്തുക്കളുടെ വിൽപ്പന

187(3605) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലുള്ള വിവിധ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വസ്തുക്കൾ വില്പന നടത്തുന്ന സംഘങ്ങൾ കേരളത്തിൽ പ്രവർത്തിയ്ക്കുന്നുണ്ടെന്ന വസ്തുത മനസ്സിലാക്കി ഈ മേഖലയിൽ എക്സൈസ് പ്രത്യേക സ്ക്വാഡുകളെ നിയമിച്ച് വിദ്യാർത്ഥികളെ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നതിൽനിന്നും രക്ഷിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലകളിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കേസുകൾ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിദ്യാർത്ഥികളുടെ ഇടയിൽ ഇത്തരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്നതും വിദ്യാർത്ഥികളെ ഇത്തരം പദാർത്ഥങ്ങളുടെ വാഹകരായി ഉപയോഗിക്കുന്നതും വളരെ ഗുരുതരമായ സാമൂഹ്യ പ്രശ്നമായാണ് സർക്കാർ കാണുന്നത്. ഇത്തരം അനാരോഗ്യ-സാമൂഹ്യ വിരുദ്ധ പ്രവണതകൾ വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നത്.

സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും

ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതാണ്.

മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗംമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം ഉണ്ടാക്കുന്നതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നതും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ള തുമാണ്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സംസ്ഥാന സർക്കാർ രൂപംനൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലഹരിവസ്തുക്കളുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരത്ത് നിന്നും 8742 കേസ്സുകൾ കണ്ടെടുത്ത് അബ്കാരി/എൻ.ഡി.പി.എസ്./കോട്പ നിയമ പ്രകാരം എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ആയതിന്റെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | വിദ്യാലയങ്ങളുടെ പരിസരത്ത് നിന്നും കണ്ടെടുത്ത് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 1403 |
| കൊല്ലം | 1101 |
| പത്തനംതിട്ട | 286 |
| ആലപ്പുഴ | 295 |
| കോട്ടയം | 867 |
| ഇടുക്കി | 689 |
| എറണാകുളം | 1110 |
| തൃശ്ശൂർ | 225 |
| പാലക്കാട് | 1047 |
| മലപ്പുറം | 437 |
| കോഴിക്കോട് | 430 |
| വയനാട് | 162 |
| കണ്ണൂർ | 155 |
| കാസർഗോഡ് | 535 |
| **ആകെ** | **8742** |

**മയക്കുമരുന്നിന്റെ ഉപഭോഗം**

188 (3606) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപഭോഗം വർദ്ധിച്ച് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിതരണം ചെയ്യുന്ന ചില റാക്കറ്റുകൾ പ്രവർത്തിക്കുന്നത് തടയുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) മയക്കുമരുന്ന് അതിർത്തി കടന്ന് കേരളത്തിലെത്തുന്നത് തടയുവാൻ ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ഗാർഡുമാരുടെ സേവനം ഉപയോഗപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് മയക്കുമരുന്ന് വിതരണം

ചെയ്യുന്ന റാക്കറ്റുകൾ പ്രവർത്തിക്കുന്നത് തടയുന്നതിന് ശക്തമായ പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ നടത്തി വരുന്നത്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നതും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കാനിടയുള്ള സ്ഥലങ്ങളിൽ കർശന പരിശോധനകൾ നടത്തുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. വിദ്യാർത്ഥികൾക്ക് മയക്കുമരുന്നും പുകയില ഉൽപ്പന്നങ്ങളും എത്തിച്ച് നൽകുന്നവർക്കെതിരെ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി സാധ്യമായ പരമാവധി ശിക്ഷ ലഭിക്കുന്ന രീതിയിൽ പഴുതുകളില്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഇത്തരത്തിൽ നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. ആവശ്യമായ സാഹചര്യങ്ങളിൽ ചെക്ക് പോസ്റ്റുകളിൽ മറ്റ് ഓഫീസുകളിൽനിന്നും ജീവനക്കാരെ നിയോഗിച്ച് വരുന്നുമുണ്ട്.

**വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം**

189 (3607) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യശാലകൾ അടച്ചുപൂട്ടിയശേഷം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി കരുതുന്നുണ്ടോ;

(ബി) ലഹരി മാഫിയയുടെ പ്രവർത്തനം സംസ്ഥാനത്തുള്ളതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവർത്തനം തടയുന്നതിനും സംസ്ഥാനത്തെ ലഹരി മുക്തമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ;

(ഇ) വ്യാജമദ്യം സംസ്ഥാനത്ത് സുലഭമാണെന്ന റിപ്പോർട്ടുകൾ പരിശോധിച്ച്

നിജസ്ഥിതി ഉറപ്പുവരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മദ്യവിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുന്നതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം വർദ്ധിച്ചതായി തെളിയിക്കുന്ന പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മുൻമാസത്തെ അപേക്ഷിച്ച് 2017 ഏപ്രിൽ മാസം എക്സൈസ് വകുപ്പ് കണ്ടെടുത്ത വ്യാജമദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ അളവിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയത് സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| വ്യാജമദ്യം/മയക്കുമരുന്ന് | 2017 മാർച്ച് മാസം പിടിച്ചെടുത്ത അളവ് | 2017 ഏപ്രിൽ മാസം പിടിച്ചെടുത്ത അളവ് |
|---|---|---|
| 1 | 2 | 3 |
| സ്പിരിറ്റ് (ലിറ്റർ) | 2.5 | 1339 |
| ചാരായം (ലിറ്റർ) | 255 | 419 |
| കോട (ലിറ്റർ) | 10619 | 34407 |
| അന്യ സംസ്ഥാന മദ്യം (ലിറ്റർ) | 785 | 1098 |
| കഞ്ചാവ് (കിലോ ഗ്രാം) | 74 | 63 |
| ഹാഷിഷ് (ഗ്രാം) | - | 205 |
| 1 | 2 | 3 |
| ഹെറോയിൻ (ഗ്രാം) | - | 239.65 |
| ബ്രൗൺഷുഗർ (ഗ്രാം) | 4.13 | 2.1 |
| ഓപ്പിയം (ഗ്രാം) | 5 | 9 |
| കൊക്കൈൻ (ഗ്രാം) | - | 11 |
| എം.ഡി.എം.എ. ക്രിസ്റ്റൽ (ഗ്രാം) | - | 47 |
| എം.ഡി.എം.എ. ഓയിൽ (ഗ്രാം) | - | 3 |
| നൈട്രൈസെഫാം (ടാബ്ലെറ്റ്) | 247 | 967 |

(ബി) കണ്ടെത്തിയിട്ടില്ല.

(സി&ഡി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനം തടയുന്നതിനും

സംസ്ഥാനത്തെ ലഹരിമുക്തമാക്കുന്നതിനും നിലവിൽ എക്സൈസ് വകുപ്പ് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കഞ്ചാവ് അടക്കമുള്ള ലഹരിവസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് തടയുന്നതിനും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹനപരിശോധനകൾ കർശനമാക്കിയിട്ടുള്ളതാണ്. അയൽ സംസ്ഥാനങ്ങളിലെ പോലീസ് സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായും ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജമദ്യ-മയക്കമരുന്ന് കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നുമുണ്ട്. സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. വ്യാജമദ്യം, മയക്കമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ലഹരിവിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി

കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെകൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" എന്ന ബോധവൽക്കരണ മിഷന് സർക്കാർ രൂപംനൽകിയിട്ടുണ്ട്. പ്രസ്തുത മിഷന്റെ ഭാഗമായി ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കു മിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവൽക്കരണ പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നുണ്ട്.

(ഇ) മദ്യവിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറഞ്ഞതുമൂലം സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള സാധ്യത നിലവിലുണ്ട്. എന്നാൽ സംസ്ഥാനത്ത് വ്യാജമദ്യം സുലഭമാണെന്ന റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 എ.എം.]

## II തിരുത്തിയ ഉത്തരം

## നക്ഷത്രചിഹ്നമിടാത്ത 46-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 25-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത 46-ാം നമ്പർ ചോദ്യത്തിന് നല്കിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 46- ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

## III അടിയന്തരപ്രമേയം

### മൂന്നാറിലെ ഭൂമി കയ്യേറ്റം

മി. സ്പീക്കർ: പരിസ്ഥിതിക്ക് കനത്ത ആഘാതവും കാലാവസ്ഥാ വ്യതിയാനത്തിനും ജലസ്രോതസ്സുകളുടെ ശോഷണത്തിനും കാരണമാകാനിടയുമുള്ള മൂന്നാർ മേഖലയിലെ അനധികൃതവും വ്യാപകവുമായ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് 27-3-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിനുശേഷം നല്കിയ നിർദ്ദേശങ്ങൾ കയ്യേറ്റം ഒഴിപ്പിക്കൽ നിർത്തി വയ്ക്കാനിടയാക്കിയ സാഹചര്യവും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തെ ദോഷകരമായി ബാധിക്കുന്ന രീതിയിൽ റവന്യൂ വകുപ്പിന്റെ നടപടികളെ നിയന്ത്രിക്കാൻ മുഖ്യമന്ത്രി തയ്യാറായതുമൂലവും ഉളവായിട്ടുള്ള അതീവഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നല്കിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, 27-3-2017-ന് രാവിലെ 11 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടുക്കി ജില്ലയിലെ ഭൂമി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു പ്രത്യേക യോഗം വിളിച്ചുചേർത്തിരുന്നു. ഈ യോഗത്തിൽ ഇടുക്കിയിലെ ജനപ്രതിനിധികളും റവന്യൂ-വനം വകുപ്പുമന്ത്രിമാർ ഉൾപ്പെടെയുള്ള മന്ത്രിമാരും പങ്കെടുക്കുകയുണ്ടായി.

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഭൂമിയുമായി ബന്ധപ്പെട്ട് വിവിധ തലത്തിൽ അവിടെയുള്ള ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വിഷയങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ചർച്ചയാണ് പ്രധാനമായും നടന്നത്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ അവിടെ എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച പരിശോധന നടത്തണമെന്നതാണ് എടുത്തിട്ടുള്ള തീരുമാനം. പൊതുവെ പരിശോധന നടത്തുന്നതിനുള്ള ആലോചനയാണ് അവിടെ നടന്നത്. 16-2-2015-ലെ സർക്കാർ ഉത്തരവ് പുനഃപരിശോധിക്കുന്നതിനെക്കുറിച്ച് അവിടെ ചില നിർദ്ദേശങ്ങൾ വന്നെങ്കിലും അത്തരം കാര്യങ്ങളെ സംബന്ധിച്ച് അന്തിമമായൊരു തീരുമാനവും സ്വീകരിച്ചിട്ടില്ല. അത് പരിശോധിക്കണമെന്ന പൊതുനിർദ്ദേശം ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും വന്നിട്ടുണ്ട്. നീലക്കുറിഞ്ഞി ഉദ്യാനം സ്ഥാപിക്കുന്നതിനുവേണ്ടി 6-10-2006-ൽ പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപന പ്രകാരമുള്ള അതിരുകൾ പുനർനിശ്ചയിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാനും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ചും അവിടെ ചർച്ച നടക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനുള്ള സംവിധാനമാണ് സ്വീകരിച്ചത്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ കീഴിൽവരുന്ന എട്ട് വില്ലേജുകളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനേർപ്പെടുത്തിയിട്ടുള്ള തടസ്സങ്ങൾ പുനഃപരിശോധിക്കുന്നതിനെക്കുറിച്ച് യോഗത്തിൽ ഉന്നയിക്കുകയുണ്ടായി. ആ അഭിപ്രായങ്ങൾ പരിശോധനയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്. ഏലം കൃഷിക്കുണ്ടാകുന്ന ഉത്പാദനക്കുറവ് പരിഹരിക്കുന്നതിന് സി.എച്ച്.ആർ. പ്രദേശത്തെ മരങ്ങളുടെ ശാഖകൾ മുറിക്കുന്നതിന് അനുമതി നല്കണമെന്ന നിർദ്ദേശം ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുമുണ്ടായി. 1964-ലെ ഭൂമി പതിവു ചട്ടങ്ങളിൽ പതിച്ചുനല്കിയ ഭൂമി കൈമാറ്റം ചെയ്യുന്നതിലുള്ള അവ്യക്തത നീക്കംചെയ്യുന്ന കാര്യവും 25-9-2015-ലെ ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലം തിരുത്തുന്നതു സംബന്ധിച്ച് പരിശോധിക്കേണ്ടതുണ്ടെന്ന അഭിപ്രായവും ഉയർന്നുവരികയുണ്ടായി. വീട് നിർമ്മാണത്തിനും നവീകരണത്തിനും എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള അധികാരം വികേന്ദ്രീകരിച്ച് നല്കണമെന്ന അഭിപ്രായവും മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പരിധിയിൽവരുന്ന ആനവിലാസം വില്ലേജ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കണമെന്ന ആവശ്യവും ഉയർന്നുവന്നു. ഒരുപാട് അകലെയുള്ള വില്ലേജിനെക്കൂടി അതിലുൾപ്പെടുത്തിയിരിക്കുന്നത് ഒഴിവാക്കണമെന്ന നിർദ്ദേശമാണ് അവിടെ ഉയർന്നുവന്നത്.

അടിയന്തരപ്രമേയം അവതരിപ്പിച്ച ബഹുമാന്യനായ മെമ്പർ പി. ടി. തോമസ്, 27-3-2017-ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ നീക്കങ്ങളും തടസ്സപ്പെടുന്നതിന് ഇടവരുത്തിയെന്ന കാര്യമാണ്

ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സാധാരണഗതിയിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന നടപടി 2017 മാർച്ച് 27-ന് ശേഷവും തുടരുകയാണ്. ആ നടപടികളുമായി മുന്നോട്ട് പോകുകയാണ്. കയ്യേറ്റം ഒഴിപ്പിക്കുന്നതിൽ ഒരുതരത്തിലുള്ള തടസ്സവുമുണ്ടായിട്ടില്ലെന്ന കാര്യം പരിശോധിച്ചാൽ കാണാൻ കഴിയും. ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങളിൽ പരിശോധനയ്ക്കുവേണ്ട നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ച തല്ലാതെ, നിലവിലുള്ള സാഹചര്യത്തിൽ സർക്കാർ മറ്റൊരു തീരുമാനമെടുക്കുകയോ, ഏതെങ്കിലും തരത്തിൽ നിലവിലിരിക്കുന്ന നടപടിയെ എതിർക്കുകയോ ചെയ്യുന്ന യാതൊരു തീരുമാനവും സ്വീകരിച്ചിട്ടില്ല. മേൽപ്പറഞ്ഞ ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യം ജനപ്രതിനിധികൾ മുന്നോട്ടുവച്ചെന്നല്ലാതെ അതിൽ അന്തിമമായ തീരുമാനങ്ങളൊന്നും എടുക്കാത്ത സാഹചര്യത്തിലും നിലവിലുള്ള നിയമവ്യവസ്ഥയ്ക്കെതിരായി ഒരു കാര്യവും തീരുമാനിക്കപ്പെടാത്ത സാഹചര്യത്തിലും ആ യോഗത്തിനുശേഷം എന്തോ തടസ്സമുണ്ടാക്കി എന്നും കൂട്ടുത്തരവാദിത്വത്തെ ബാധിക്കുന്നുവെന്നും റവന്യൂ വകുപ്പിന്റെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത തരത്തിലുള്ള ഇടപെടൽ നടത്തുന്നുവെന്നും പറയുന്നതിൽ ഒരു കാര്യവുമില്ല. റൂൾസ് ഓഫ് ബിസിനസ് അനുസരിച്ച് ഓരോ വകുപ്പിനും നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ബാധ്യതയുണ്ട്. ഭരണഘടനാപരമായി ഒരു സർക്കാരിനെ നിയന്ത്രിക്കുന്ന മുഖ്യമന്ത്രിക്ക് ഏതു വകുപ്പുമായി ബന്ധപ്പെട്ട വിഷയമായാലും യോഗങ്ങൾ വിളിച്ചുചേർക്കാനും ആലോചനകൾ നടത്താനും അഭിപ്രായങ്ങൾ രൂപീകരിക്കാനും നിർദ്ദേശങ്ങൾ നല്കാനുമുള്ള അവകാശമുണ്ടെന്ന കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ മുഖ്യമന്ത്രി ഇത്തരമൊരു യോഗം വിളിച്ചുചേർത്താൽ എങ്ങനെയാണ് ഇതിനെതിരാവുക എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അത്തരമൊരു വിഷയത്തെ അടിസ്ഥാനപ്പെടുത്തിയുള്ള അടിയന്തരപ്രമേയം ചർച്ച ചെയ്യണമെന്ന ആവശ്യത്തിന് യാതൊരു പ്രസക്തിയുമില്ലെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഹിമാലയം ലോകത്തിനെങ്ങനെയാണോ അങ്ങനെയാണ് പശ്ചിമഘട്ട നിരകളിൽ മൂന്നാറിന്റെ സ്ഥാനം. മൂന്നാർ ഇന്ന് മരണാസന്നമാണ്. ഇക്കണോമിക്കൽ ഗവേണൻസിലൂടെ മൂന്നാറിനെ രക്ഷിക്കാനാകില്ല; ഇക്കോളജിക്കൽ ഗവേണൻസിലൂടെ മാത്രമേ അതിന് കഴിയൂ. അതാണ് നാളെയുടെ കരുതലായി ഉണ്ടാകേണ്ടത്. ലോകത്ത് ഏറ്റവും വലിയ കാലാവസ്ഥാ വ്യതിയാനം സംഭവിച്ച പ്രദേശങ്ങളിലൊന്നായി മൂന്നാറിനെ ലോകത്തെമ്പാടുമുള്ള കാലാവസ്ഥാ നിരീക്ഷകർ വിലയിരുത്തിയിരിക്കുകയാണ്. 17 ഡിഗ്രി മുതൽ 27 ഡിഗ്രി വരെയായിരുന്ന താപനില ഇന്ന് 42 ഡിഗ്രിയായി

ഉയർന്നുനില്ക്കുകയാണ്. പെരിയാറും പമ്പയുമടക്കം 6 നദികളുത്ഭവിക്കുന്ന മേഖലയാണ് പശ്ചിമഘട്ടം. അതിന്റെ പ്രധാന പ്രഭവകേന്ദ്രമാണ് മൂന്നാർ. 11000 മി.ലിറ്റർ മഴ ലഭിച്ചുകൊണ്ടിരുന്ന ഈ ഭൂപ്രദേശത്ത് ഇന്ന് 2300 മി.ലിറ്റർ മഴ മാത്രമാണ് ലഭിക്കുന്നത്. രാമക്കൽമേട് മുതൽ കമ്പംമേട് വരെയുള്ള 786 ചതുരശ്ര കിലോമീറ്റർ മേഖല അതിവേഗം തരിശായി, മരുഭൂമിയായി മാറിക്കൊണ്ടിരിക്കുന്ന ദു:ഖകരമായ കാഴ്ചയാണ് കാണുന്നത്. ഹിമാലയത്തപ്പോലെ അഗ്രോ ഫോറസ്ട്രി സമ്പ്രദായം മൂന്നാർ മേഖലയിൽ നടപ്പാക്കണം. മൂന്നാർ പരിസ്ഥിതി പരിപാലനത്തിന് അടിയന്തര നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി 27-3-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം വളരെ നിരുപദ്രവകരമാണെന്ന് തോന്നത്തക്ക രീതിയിലുള്ള മറുപടി പറയുകയുണ്ടായി. അത് വളരെ ദു:ഖകരമാണ്. അതിലെ ഒന്ന് രണ്ട് കാര്യങ്ങൾ ഞാനിവിടെ വായിക്കാം. 16-2-2015-ലെ ജി.ഒ.(എംസ്.) 69/2015 ആർ.ഡി. നമ്പർ ഉത്തരവ് പുനഃപരിശോധിക്കുക. ആ ഉത്തരവ് എന്താണെന്നുകൂടി കേൾക്കണം. 'ഇടുക്കിയിലെ ദേവികുളം താലൂക്കിൽ വട്ടവട, കൊട്ടക്കാമ്പൂർ, കാന്തല്ലൂർ, കീഴാന്തൂർ, മറയൂർ എന്നീ അഞ്ച് വില്ലേജുകളിലെ യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് തോട്ടങ്ങൾ ഏറ്റെടുക്കണമെന്നും ടി മേഖലയിൽ ടി മരങ്ങൾ കൃഷി ചെയ്യുന്നത് നിരോധിക്കണമെന്നും പ്രസ്തുത മരങ്ങൾ മുറിക്കുന്നത് തടയണമെന്നും നിർദ്ദേശിച്ചുകൊണ്ടുള്ള 16-2-2015-ലെ ജി.ഒ.(എംഎസ്.) 69/2015 ആർ.ഡി. നമ്പർ ഉത്തരവിൽ അപാകതകളുണ്ടെന്നും ഉത്തരവിൽ പരാമർശിക്കുന്ന പല കാര്യങ്ങളിലും വ്യക്തമായ അധികാരപ്പെടുത്തലോ, നിർദ്ദേശങ്ങളോ ഇല്ലെന്നും ഈ നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയക്രമം നിർദ്ദേശിച്ചിട്ടില്ലെന്നുമുള്ള പല അപാകതകളും കാരണം പ്രസ്തുത വില്ലേജുകളിലെ ജനജീവിതം ദുഃസ്സഹമാകുന്നു എന്നതാണ് ഒന്നാമത്തെ കാര്യം. അതിൽ അറിയേണ്ടതായിട്ടുള്ള കാര്യം, 'ആക്ഷൻ റവന്യൂ(എ) ഡിപ്പാർട്ടുമെന്റ്' എന്നൊരു കാര്യമുണ്ട്. ഒരു യോഗത്തിന്റെ മിനിട്ട്സിൽ ആദ്യമായാണ് 'ആക്ഷൻ റവന്യൂ (എ) ഡിപ്പാർട്ടുമെന്റ് ' എന്ന് കാണുന്നത്.

രണ്ടാമത്, നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങൾ, നിലവിൽ പരിസ്ഥിതി സംരക്ഷണാർത്ഥം യൂക്കാലിപ്റ്റസ്, ഗ്രാന്റീസ് മരങ്ങൾ ഒഴിവാക്കപ്പെടേണ്ടതാണെങ്കിലും സ്വകാര്യ വ്യക്തികളുടെ കൈവശം നിലവിലുള്ളതും സർക്കാരിന്റെ ധനസഹായത്തോടെയും പ്രോത്സാഹനത്തോടെയും നട്ടുവളർത്തിയതുൾപ്പെടെയുള്ള മരങ്ങൾ മുറിക്കുന്നതിന് നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ അനുവാദം നല്കുന്നില്ലെന്നും

നീലക്കുറിഞ്ഞി സാംഗ്ച്വറിയുടെ ഇൻഡക്ഷൻ നോട്ടിഫിക്കേഷൻ അതിരുകൾ നിർണ്ണയിച്ചതിലുള്ള അപാകതകൾ കാരണം ജനവാസ കേന്ദ്രങ്ങൾ, പട്ടയഭൂമികൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, വാണിജ്യകേന്ദ്രങ്ങൾ എന്നിവ ചേർന്ന 3200 ഹെക്ടർ സ്ഥലം ഒഴിവാക്കിക്കൊടുക്കുന്നത് പരിശോധിക്കുന്നതിന് റവന്യൂ (ആർ) ഡിപ്പാർട്ടുമെന്റിനോടും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനോടും അഭ്യർത്ഥിക്കുന്നതടക്കമുള്ള തീരുമാനങ്ങളാണ് അവിടെയെടുത്തത്. എന്റെ കൈവശമിരിക്കുന്ന ഒരു വിവരാവകാശ രേഖയിലെ സൂചനപ്രകാരം 'താങ്കൾ ആവശ്യപ്പെട്ട വിവരങ്ങൾ കൊട്ടക്കാമ്പൂർ വില്ലേജിൽ ബ്ലോക്ക് 58-ൽ പാർട്ട് ഒന്നിൽ പഴയ സർവ്വേ നമ്പർ 671/1-ൽപ്പെട്ട സ്ഥലം, അസൈനബിൾ ലിസ്റ്റിൽപ്പെട്ടതാണോ എന്ന് താലൂക്കിലെ നിലവിലുള്ള രേഖകൾ പരിശോധിച്ചതിൽ അസൈനബിൾ ലിസ്റ്റിൽപ്പെട്ട സ്ഥലമല്ല' എന്ന് വ്യക്തമാക്കുന്നുണ്ട്. ഇത് സർക്കാർ നൽകിയ ഉത്തരമാണ്. അതിന്റെ അർത്ഥം, കൊട്ടക്കാമ്പൂർ വില്ലേജിൽ 58-ാം ബ്ലോക്ക് അസൈനബിൾ ലാൻഡല്ല. എന്റെ കൈവശമിരിക്കുന്നത് മറ്റൊരു വിവരാവകാശ രേഖയാണ്. (പേപ്പർ ഉയർത്തിക്കാട്ടി). ഇത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. 1971-നുമുമ്പുള്ള കൈവശഭൂമിക്ക് മാത്രമേ ചട്ടം 64 അനുസരിച്ച് ഭൂമി പതിച്ചുകൊടുക്കാൻ സാധിക്കുകയുള്ളൂ. ഓൾഡ് സെറ്റിൽമെന്റ് അനുസരിച്ച്, റവന്യൂ വകുപ്പിലുള്ള രേഖ അനുസരിച്ച് ഈ സ്ഥലം പരിപൂർണ്ണമായും തരിശ്ശാണ്. ആ രേഖ എന്റെ കൈവശമുണ്ട്. അതാണ് ഞാൻ പറഞ്ഞത്. 1971-ൽ ഈ പ്രദേശത്ത് റീ-സർവ്വേ നടന്നു. റീ-സർവ്വേ നടന്നപ്പോഴും അതിലെ റിസൾട്ടിലും ഈ സ്ഥലം പരിപൂർണ്ണമായും തരിശ്ശാണ്. അതിനർത്ഥം 1973-ലെ റീ-സർവ്വേയിലും 1957-ലെ ഓൾഡ് സെറ്റിൽമെന്റിലും ഈ സ്ഥലത്ത് ആളുകൾ താമസമില്ല. 2006-ൽ ഇടതുപക്ഷ സർക്കാർ ഈ സ്ഥലം നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ചു. 2006-ൽ സർക്കാർ അധികാരത്തിൽ വന്ന ഉടനെ നടന്ന സംഭവമല്ല, അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാർ നടത്തിയ നിരന്തര പരിശ്രമത്തിന്റെ റിസൾട്ട് വന്നത് ശ്രീ. ബിനോയ് വിശ്വം വനം വകുപ്പുമന്ത്രിയായിരുന്ന സമയത്താണ്. അദ്ദേഹം ആ സ്ഥലം നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ചു. പ്രസ്തുത സ്ഥലം വിട്ടുകൊടുക്കണമെന്നും നീലക്കുറിഞ്ഞി ഒഴിവാക്കണമെന്നുമാണ് ഈ ഉത്തരവ് പുനഃപരിശോധിച്ചാലുണ്ടാകുന്ന കാര്യം. ഇവിടെ ഒളിച്ചുവച്ച ഒരു പ്രധാന കാര്യമുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, XXXX* അങ്ങനെ പട്ടയം കൊടുക്കാൻ ദേവികുളം താലൂക്കിൽ 2000 മുതൽ 2003 വരെ അസൈനബിൾ കമ്മിറ്റി കൂടിയിട്ടില്ല

---

* സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 2164/ഇ.ബി./2017/നി.സെ. തീയതി 12-5-2017) രേഖയിൽ നിന്നും നീക്കം ചെയ്തു.

എന്നതിന്റെ രേഖയും എന്റെ കൈവശമുണ്ട്. അസൈനബിളായ ഒരു ഭൂമി കൊടുക്കണമെങ്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി കൂടണമെന്നിരിക്കെ ആ കമ്മിറ്റി കൂടാതെ എങ്ങനെ എം.പി.-ക്ക് പട്ടയം കിട്ടി; അത് പിതൃസ്വത്താണോ? അദ്ദേഹത്തിന്റെ പിതൃ സ്വത്തിന്റെ കഥയുംകൂടി ഞാൻ പറയാം. അതുകൂടി നിങ്ങൾ കേൾക്കണം. 1971-ൽ ഈ ഭൂമി തരിശ്ശാണെന്ന് ഞാനാദ്യം പറയുകയുണ്ടായി. ധാരാളം പരാതികൾ എന്റെ കൈവശമുണ്ട്. അതിലൊരെണ്ണം ഞാൻ വായിക്കാം. മുരുകൻ എന്നയാൾ ദേവികുളം മജിസ്ട്രേറ്റ് കോടതിയിൽ 70/2005 ആയി സമർപ്പിച്ച, കോടതിയിൽ നേരിട്ട് കൊടുത്ത ഒരു കേസിന്റെ കോപ്പിയാണ് എന്റെ കൈവശമിരിക്കുന്നത്. യൂത്ത് കോൺഗ്രസ്സുകാരൻ അദ്ദേഹത്തിനെതിരെ മത്സരിച്ചപ്പോഴുള്ള വിരോധംകൊണ്ട് പറയുകയാണെന്നാണ് അങ്ങ് പണ്ട് പറഞ്ഞത്. 2005-ൽ ഒരു മത്സരവും നടന്നില്ല. ആ കേസ്സിലെ വാദിയുടെ ആവലാതി ഞാൻ വായിക്കാം. XXXXX* ഈ സത്യവാങ്മൂലത്തിൽ രണ്ട് ഖണ്ഡികകൾ, അവയിൽ പറഞ്ഞിരിക്കുന്നതെല്ലാം എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണ്. പാവപ്പെട്ട പട്ടികജാതിക്കാരനായ, തമിഴ്വംശജനായ മുരുകന്റെ ആവലാതിയാണ്. ഗണേശൻ, ലക്ഷ്മി, ബാലൻ തുടങ്ങിയവരുടെയെല്ലാം മൊഴിയുണ്ട്. ഇവർ പറയുന്നു, ഞങ്ങളുടെ പേരുകൾ കളവായി കൊടുത്തിരിക്കുന്നുവെന്ന്. കേസിനാസ്പദമായ മറ്റ് വിവരങ്ങൾ ഞാൻ വിശദീകരിക്കുന്നില്ല. ഏറ്റവും പ്രധാനപ്പെട്ട കാര്യം, 1971-ൽ ഈ ഭൂമി വേണമെന്ന് ആവശ്യപ്പെടുമ്പോൾ ജനിച്ചിട്ടുപോലുമില്ലാത്ത എട്ട് പട്ടികജാതി തമിഴ്വംശജരുടെ പേരിൽ വ്യാജരേഖയുണ്ടാക്കി അപേക്ഷ കൊടുത്ത് ഭൂമിയുണ്ടാക്കി. എന്നിട്ട് അവർക്ക് അത് നടപ്പാക്കാൻ കഴിയില്ലെന്ന് പറഞ്ഞ് അതിന്റെ മുക്ത്യാർ ......

മി. സ്പീക്കർ: അടിയന്തരപ്രമേയ നോട്ടീസിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പൊതുവായ കാര്യമാണ് പറഞ്ഞിരിക്കുന്നത്. ഇടുക്കി എം. പി.-യുമായി ബന്ധപ്പെട്ട ഭൂമി കയ്യേറ്റത്തിന്റെ കാര്യം അങ്ങയുടെ നോട്ടീസിലില്ല.

ശ്രീ. പി. ടി. തോമസ്: 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്യുമ്പോഴുണ്ടാകുന്ന സംഭവത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഒരു ഗർഭിണി പ്രസവിക്കുമ്പോൾ ഉണ്ടാകുന്ന കുഞ്ഞിന് പേരിടുന്നതുപോലെയാണോ? ..... (ബഹളം).......

മി. സ്പീക്കർ: ഇത് ശരിയല്ല. അങ്ങയുടെ സമയം അവസാനിക്കാറായി. ..... (ബഹളം)....... അദ്ദേഹം അടിയന്തരപ്രമേയത്തിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

---

* സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ 2164/ഇ.ബി./2017/നി.സെ. തീയതി 12-5-2017) രേഖയിൽ നിന്നും നീക്കം ചെയ്തു.

നോട്ടീസിന് അവതരണാനുമതി തേടിയാണ് പ്രസംഗിക്കുന്നത്. ആ നോട്ടീസിൽ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞപ്പോൾ ചെയർ അത് ചൂണ്ടിക്കാണിച്ചു. നിങ്ങൾ ഇരിക്കു..............(ബഹളം)....... അങ്ങ് വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിച്ച് അങ്ങേയ്ക്ക് അനുവദിച്ച സമയത്തിനുള്ളിൽ അവസാനിപ്പിക്കു. ശ്രീ. എസ്. രാജേന്ദ്രൻ.....പ്ലീസ് ....ഇരിക്കു.

ശ്രീ. പി. ടി. തോമസ്: സർ, 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്യുമ്പോഴുണ്ടാകുന്ന സംഭവത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. അല്ലാതെ വ്യക്തിപരമായി ഞാൻ ആരുടെയും പേരെടുത്ത് പറഞ്ഞതല്ല. .....(ബഹളം).......

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങയുടെ സമയം കഴിഞ്ഞിരിക്കുകയാണ്..... അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് പ്രസംഗം അവസാനിപ്പിക്കു. .....(ബഹളം)....... ദയവായി നിങ്ങൾ ഇരിക്കു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസംഗം പെട്ടെന്ന് അവസാനിപ്പിക്കാം. 69-ാം നമ്പർ സർക്കാർ ഉത്തരവ് ക്യാൻസൽ ചെയ്താലുണ്ടാകുന്ന സംഭവങ്ങളാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ഒന്ന്, '2006-ൽ പ്രഖ്യാപിച്ച 3500-ഓളം ഏക്കർ നീലക്കുറിഞ്ഞി സാംഗ്ച്വറി ഇല്ലാതാകും. ആ പ്രദേശത്തെ യൂക്കാലിപ്റ്റ്സും ഗ്രാന്റീസും സർക്കാരിന്റെ കയ്യിൽനിന്നും നഷ്ടപ്പെടും. മരം മുറിക്കാൻ തടസ്സമുണ്ടാകും. യഥാർത്ഥ അവകാശിയുണ്ടെങ്കിൽ അവർക്ക് നോട്ടീസ് കൊടുക്കും' തുടങ്ങിയ 15 കാര്യങ്ങളാണ് ആ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. സെറ്റിൽമെന്റ് ഉദ്യോഗസ്ഥൻ ഈ എം.പി.-ക്ക് നോട്ടീസ് നൽകി. ഇന്നുവരെ വന്നിട്ടില്ലെന്നു മാത്രമല്ല, ഓരോ നോട്ടീസ് കൊടുക്കുമ്പോഴും ആർ.ഡി.ഒ.-യുടെ കാലും കയ്യും വെട്ടുമെന്ന് പറഞ്ഞ് ദേവികുളം താലൂക്കാഫീസിനുമുമ്പിൽ ശ്രീ. എം. എം. മണി അടക്കമുള്ള ആളുകളുടെ പിന്തുണയോടുകൂടി സമരം നടത്തുകയാണ്. എന്റെ കൈവശമുള്ളത് ആ നോട്ടീസാണ്. .....(ബഹളം).......

മി. സ്പീക്കർ: അങ്ങ് പ്രസംഗം പൂർത്തിയാക്കു. അടിയന്തരപ്രമേയത്തിന് അവതരണാനുമതിതേടി സംസാരിക്കുന്നതിനിടയിൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാറില്ല. പ്ലീസ്...

ശ്രീ. പി. ടി. തോമസ്: സർ, നിങ്ങൾക്ക് എന്തെങ്കിലും അവകാശമുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്ന് ആർ.ഡി.ഒ. പറഞ്ഞു. ഒരു രേഖയും ഹാജരാക്കിയിട്ടില്ല. 27-3-2007-ലെ യോഗ തീരുമാനം..........

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. അടിയന്തരപ്രമേയത്തിന് അവതരണാനുമതി തേടിയുള്ള നോട്ടീസിൽ ഒരു തരത്തിലും പരാമർശിക്കാത്ത ഒരു കാര്യത്തെക്കുറിച്ച്, കേരളത്തിലെ ഒരു

പാർലമെന്റ് അംഗത്തെക്കുറിച്ച്, ഈ സഭയിൽ വന്ന് യാതൊരു തരത്തിലും മറുപടി പറയാൻ സാധ്യതയില്ലാത്ത ഒരാളെക്കുറിച്ച് ഇങ്ങനെ നിരന്തരമായി ആരോപണം ഉന്നയിക്കാമോ? അത് പിൻവലിക്കണം. അത് രേഖയിലുണ്ടാകരുത്. എന്തടിസ്ഥാനത്തിലാണ് ഇങ്ങനെ പറയുന്നത്? ഇത് സിവിൽ കോടതിയാണോ? ഒരു സിവിൽ കോടതിയിൽ പറയേണ്ട കാര്യങ്ങൾ നിയമസഭയിൽ പറയുന്നതെന്തിനാണ്; ഈ ദുരാരോപണങ്ങൾ ഉന്നയിക്കുന്നത് എന്തടിസ്ഥാനത്തിലാണ്; ഏത് രേഖയുടെ അടിസ്ഥാനത്തിലാണ്?

മി. സ്പീക്കർ: അക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ചട്ടം 52 (v)-ൽ പ്രമേയത്തിൽ വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ, ആരോപണങ്ങളോ, അപകീർത്തികരമായ പ്രസ്താവനകളോ ഉണ്ടായിരിക്കാൻ പാടില്ലാത്തതാണെന്ന് വ്യക്തമായി എഴുതിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ, ഒരു വ്യക്തിയെ വേട്ടയാടാൻവേണ്ടിയാണോ അടിയന്തരപ്രമേയം? അദ്ദേഹത്തിന് ആക്ഷേപമുണ്ടെങ്കിൽ അതെഴുതി നൽകണം. വ്യക്തിപരമായ ആരോപണം ഉന്നയിക്കേണ്ടത് അടിയന്തരപ്രമേയത്തിന്റെ ഭാഗമായല്ല. ചട്ടം എല്ലാവർക്കും ബാധകമാണ്. എന്തും വിളിച്ചുപറയാനുള്ളതല്ല അടിയന്തരപ്രമേയം. ആദ്യം അത് മനസ്സിലാക്കണം.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. എ. കെ. ബാലനും പറഞ്ഞ വികാരം തന്നെയാണ് ചെയർ നേരത്തെ പങ്കുവച്ചത്. അതുകൊണ്ടാണ് പ്രസംഗത്തിൽ ഇടപെട്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അടിയന്തരപ്രമേയത്തിന്റെ വിശദീകരണ നോട്ടീസിൽ ഒരു സർക്കാർ ഉത്തരവിനെക്കുറിച്ച് പറയുന്നുണ്ട്. ആ സർക്കാർ ഉത്തരവ് ക്യാൻസലാകുമ്പോൾ status-co anti ആയി വരികയാണ്. അപ്പോൾ ഈ കാര്യത്തിലുണ്ടാകുന്ന ഇഫക്ട് എന്താണെന്ന് അടിയന്തരപ്രമേയത്തിൽ പറയണ്ടേ? വ്യക്തികളെക്കുറിച്ചല്ല പറയുന്നത്. ....... (ബഹളം)...... ഒരു ഉത്തരവിനെക്കുറിച്ച് പറയുമ്പോൾ ആ ഉത്തരവിന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന ഇഫക്ട് എന്താണെന്ന് പറയണ്ടേ, അത് പറയാൻ അനുവദിക്കണം. റൂൾ 50-ന്റെ നിബന്ധനയിൽ അതുണ്ട്. അത് പറയുന്നതിൽ ഒരു കുഴപ്പവുമില്ല.

മി. സ്പീക്കർ: പ്ലീസ് .... പ്ലീസ് ........ അദ്ദേഹത്തിനും പ്രതിപക്ഷത്തിനും പ്രസക്തമാണെന്ന് തോന്നിയ വിഷയമാണ് അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ എഴുതി നൽകിയത്. എന്നാൽ എഴുതി നൽകിയ കാര്യങ്ങളിൽ നിന്ന് വ്യതിചലിച്ച് അദ്ദേഹം കാടുകയറി സംസാരിച്ചപ്പോഴാണ് ചെയർ ഇടപെട്ടത്. അത് ശരിയല്ല. നോട്ടീസ് ഇവിടെയുണ്ടല്ലോ. ഒരു വ്യക്തിയുടെ ഭൂമി കയ്യേറ്റത്തെ സംബന്ധിച്ച് 7 മിനിട്ട് ദീർഘമായി സംസാരിച്ചപ്പോഴാണ് ചെയർ ഇടപെട്ടത്. അങ്ങനെയാണെങ്കിൽ അതാണ് അടിയന്തരപ്രമേയമായി എഴുതി നൽകേണ്ടിയിരുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ മിനിട്ട്സുമായി ബന്ധപ്പെട്ട് ഒരുത്തരവും സർക്കാർ കൊടുത്തിട്ടില്ല. ഉത്തരവെന്നുപറഞ്ഞാൽ ഇവിടെ ഏത് ഉത്തരവാണുള്ളത്; സർക്കാർ തീരുമാനിച്ചു എന്നുപറഞ്ഞാൽ ഏത് സർക്കാരാണ് തീരുമാനിച്ചിട്ടുള്ളത്?

മി. സ്പീക്കർ: അങ്ങനെയൊരു ഉത്തരവോ തീരുമാനമോ ഇല്ലെന്ന് റവന്യൂ വകുപ്പുമന്ത്രി ആദ്യമേ പറയുകയുണ്ടായി.

ശ്രീ. പി. ടി. തോമസ്: സർ, ഈ ധാർമ്മികരോഷം എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പിൽ നിന്നുണ്ടായതിൽ എനിക്ക് അത്ഭുതം തോന്നുന്നു. ഒരു ഗർഭിണി പ്രസവിച്ചു കഴിഞ്ഞ് കുട്ടിയെ വേണ്ട എന്നുപറയുന്നതുപോലെയാണിത്. 69-ാം നമ്പർ ഓർഡർ പുറത്തേയ്ക്കെടുക്കുമ്പോൾ കിട്ടുന്നതാണ് ഇതെല്ലാം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ......

ശ്രീ. പി. ടി. തോമസ്: സർ, 2010-ൽ വി. എസ്. സർക്കാർ സി.എച്ച്.ആർ. സംബന്ധിച്ച് സമർപ്പിച്ച ഉത്തരവ് 27-3-2017-ലെ യോഗത്തിൽ അട്ടിമറിക്കപ്പെടുന്നുണ്ട്. എല്ലാ അനുമതികളും കിട്ടിയ ഭൂമിയിൽ പട്ടയം കാത്തിരിക്കുന്നവർക്ക് അടിയന്തരമായി പട്ടയം കൊടുക്കണം. വനഭൂമിയായി സംരക്ഷിക്കുകയും കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും വേണം.

മി. സ്പീക്കർ: അങ്ങയുടെ ആശങ്ക അവതരിപ്പിച്ച് അവസാനിപ്പിക്കൂ.

ശ്രീ. പി. ടി. തോമസ്: അതിനുപകരം നിവേദിത പി. ഹരന്റെ റിപ്പോർട്ട് പരിപൂർണ്ണമായി തള്ളിക്കളയാൻ ഇടയുള്ളതും .........(ബഹളം)..........

മി. സ്പീക്കർ: 13 മിനിട്ട് കഴിഞ്ഞു. അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. പി. ടി. തോമസ്: സർ, അവസാനിപ്പിക്കാം. എന്റെ സമയം മുഴുവൻ അവർ കൊണ്ടുപോകുകയല്ലേ ചെയ്തത്. എനിക്ക് ആദ്യം പ്രൊട്ടക്ഷൻ തരണം.

മി. സ്പീക്കർ: ചെയർ പ്രൊട്ടക്ഷൻ നൽകുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, 100 കിലോ അരി വച്ചാലും അരി വെന്തോ എന്നറിയാൻ ഒരെണ്ണം എടുത്തുനോക്കിയാൽ മതി. ഈ നടപടി സർക്കാർ നടത്തുന്ന അഴിമതിയുടെ സൂചനയാണ്, അതിലേയ്ക്കുള്ള മുന്നേറ്റമാണ്. .... (ബഹളം).....

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ..... പ്ലീസ് .... പ്ലീസ് .... സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന അങ്ങയുടെ അഭിപ്രായം പറയൂ.......

ശ്രീ. പി. ടി. തോമസ്: സർ, ഒരു ഗുരുതരമായ കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. 27-3-2017-ലെ മുഖ്യമന്ത്രിയുടെ യോഗത്തിന്റെ വിവരം ഞങ്ങളറിയുന്നത് 2-5-2017-ലെ നിയമസഭാ ചോദ്യത്തിന് ലഭിച്ച ഉത്തരത്തിലൂടെയാണ്. ആ യോഗത്തിലെ തീരുമാനം 7-5-2017-ലെ സർവ്വകക്ഷി യോഗത്തിലോ പരിസ്ഥിതി പ്രവർത്തകരുടെ യോഗത്തിലോ പത്രപ്രവർത്തകരുടെ യോഗത്തിലോ മതാദ്ധ്യക്ഷൻമാരുടെ യോഗത്തിലോ പറയാതെ എന്തുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറച്ചുവച്ചു; കാരണം, ഇതൊരു സുപ്രധാനമായ തീരുമാനമാണ്. എന്തുകൊണ്ട് മറച്ചുവച്ചു? അതുകൊണ്ട് അങ്ങേയ്ക്ക് എന്താണ് കിട്ടുന്നത്? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ പറയുന്നു, അങ്ങ് വളരെ ശ്രദ്ധിച്ച് മുന്നോട്ടുപോകണം, അങ്ങ് അപകടത്തിലേയ്ക്കാണ് പോകുന്നത്. ചതിക്കുഴിയിൽ അങ്ങ് വീഴും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ് ....

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട പിണറായി വിജയനല്ല ദേവേന്ദ്രന്റെ അച്ഛൻ മുത്തപ്പട്ടർ വന്നാലും കയ്യേറ്റക്കാരെ അനുവദിക്കില്ലെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. അതുകൊണ്ട് അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഒരു സംശയവുമില്ലാത്ത വിധത്തിലാണ് ഞാൻ ഈ കാര്യം ആദ്യമേ റിപ്പോർട്ട് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കമായി ചൂണ്ടിക്കാണിച്ചതിൽ നിന്നെല്ലാം വ്യതിചലിച്ച് മറ്റ് കുറേ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇതിൽ വളരെ പ്രസക്തമായ കാര്യം 27-3-2017-ന്റെ യോഗത്തെക്കുറിച്ചായിരുന്നു. ആ യോഗത്തിന്റെ ഉദ്ദേശ്യമെന്തായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്. വിവിധ

വിഭാഗം സംഘടനകളിൽനിന്നും ജനപ്രതിനിധികളിൽനിന്നും പലപ്പോഴായി ഇടുക്കി ജില്ലയിലെ ഭൂമി പ്രശ്നവുമായി ബന്ധപ്പെട്ട അഭിപ്രായങ്ങളും ആക്ഷേപങ്ങളുമുണ്ടാകാറുണ്ട്. ആ അഭിപ്രായങ്ങളും ആക്ഷേപങ്ങളും റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും സമർപ്പിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാഭാവികമായും മുഖ്യമന്ത്രി മുൻകയ്യെടുത്ത് വിളിച്ചുചേർത്ത യോഗമായിരുന്നു അത്. അത്തരമൊരു യോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കുന്നതിൽ ഒരു തരത്തിലുമുള്ള തെറ്റുമില്ലെന്ന് എല്ലാവർക്കുമറിയാം. മാത്രമല്ല, 27-3-2017-ലെ തീരുമാനമനുസരിച്ച് നിലവിലുള്ള ഏതെങ്കിലും തീരുമാനമോ സർക്കാർ ഉത്തരവോ ഭേദഗതി ചെയ്തുവെന്നോ ഉത്തരവ് മാറ്റിയെന്നോ പറയാനൊന്നുമില്ല. വലിയ കോലാഹലമെന്ന രീതിയിലാണ് ഇപ്പോൾ കാര്യങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. മൂന്നാറിനെ രക്ഷിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമ പരിഗണന. ജനപ്രതിനിധികൾക്ക് അഭിപ്രായങ്ങൾ പറയാമെന്നും ആ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധന ആവശ്യമുണ്ടോയെന്ന് നോക്കാമെന്നും മുഖ്യമന്ത്രി പറഞ്ഞിരുന്നു. പുനഃപരിശോധന ആവശ്യമുണ്ടോയെന്ന് നോക്കാമെന്ന് ജനപ്രതിനിധികൾ പറഞ്ഞാൽ അതിന്റെ അർത്ഥം ഉത്തരവ് മാറ്റിയെന്നാണോ; പരിശോധിക്കാൻ ബന്ധപ്പെട്ട സെക്ഷനുകളോട് ആവശ്യപ്പെട്ടു എന്നുപറഞ്ഞാൽ പുതിയ ഉത്തരവിറങ്ങി എന്ന് പറയാൻ കഴിയുമോ? അതിനെക്കുറിച്ചുള്ള ആലോചനകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുതൊഴിച്ചാൽ മറ്റൊരു നടപടിയുമുണ്ടായിട്ടില്ല. മൂന്നാറിനെ സംരക്ഷിക്കുക എന്നതാണ് സർക്കാരിന്റെ പ്രഥമ പരിഗണന. അതിനുള്ള നടപടി ഈ സർക്കാർ ശക്തമായിത്തന്നെ സ്വീകരിക്കുന്നുമുണ്ട്. അക്കാര്യം എല്ലാവർക്കുമറിയാം. ഇവിടെ ചോദിച്ച ഒരു കാര്യം, 27-3-2017-ന് ചേർന്ന യോഗത്തിന്റെ തീരുമാനം 7-5-2017-ൽ മുഖ്യമന്ത്രി വിളിച്ചുചേർത്ത വിവിധ വിഭാഗങ്ങളുടെ യോഗത്തിൽ എന്തുകൊണ്ട് പറഞ്ഞില്ല എന്നാണ്. ഈ യോഗത്തിന്റെ ഉദ്ദേശ്യം വ്യത്യസ്തമായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഓരോ വിഭാഗത്തിൽപ്പെട്ട ആളുകൾക്കുമുള്ള അഭിപ്രായം കേൾക്കുന്നതിനുവേണ്ടിയാണ് ഈ യോഗം വിളിച്ചത്. പരിസ്ഥിതി പ്രവർത്തകരും മാധ്യമ പ്രവർത്തകരും മത മേലദ്ധ്യക്ഷൻമാരും വിവിധ രാഷ്ട്രീയ കക്ഷികളും പങ്കെടുത്തിരുന്നു. അവിടെയൊന്നും ഈ ആക്ഷേപം ഉണ്ടായിട്ടില്ല. 2017 മാർച്ച് മാസം 27-ാം തീയതി മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ എന്തോ വലിയ അബദ്ധം വരുത്തിവയ്ക്കാൻ പോകുന്നു എന്നുള്ള ഒരഭിപ്രായവും ഉയർന്നുവന്നിട്ടില്ല. അത്തരം വിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി 27-3-2017-ന്റെ യോഗം എന്തോ തീരുമാനമെടുക്കാനായിരുന്നുവെന്നും തീരുമാനമെടുത്തുകഴിഞ്ഞു എന്നുമുള്ള രീതിയിൽ നടത്തുന്ന ചർച്ചയ്ക്ക് യാതൊരടിസ്ഥാനവുമില്ല. മൂന്നാറിലെ പരിസ്ഥിതി

സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നുള്ളത് അന്നത്തെ യോഗത്തിലുൾപ്പെടെ ചൂണ്ടിക്കാണിച്ചതാണ്. ജി.ഒ.(എം.എസ്.)നമ്പർ16/2, 2014-ലെ ഉത്തരവ് ശ്രീമതി നിവേദിത പി. ഹരൻ സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശ അതേപടി ഉൾപ്പെടുത്തിയാണ് പുറപ്പെടുവിച്ചിരുന്നത്. അവർ നിർദ്ദേശിച്ച അതേ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് ഉത്തരവ് പുറപ്പെടുവിച്ചത്. ആ ഉത്തരവ് നിലനിൽക്കുകയാണ്. ആ ഉത്തരവിന്റെ കാര്യത്തിൽ ഒരു തീരുമാനവും ഇപ്പോഴുണ്ടായിട്ടില്ല. 1971-ന് മുമ്പുള്ള കൈവശഭൂമിയും അല്ലാത്ത ഭൂമിയും 1964-ലെ ചട്ടങ്ങൾപ്രകാരം പതിച്ചുനൽകാവുന്നതാണ്. അസൈനബിൾ ലാൻഡിൽ ഉൾപ്പെടുത്തുന്ന ഭൂമി മാത്രമേ പതിച്ചുനൽകുകയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,......

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം സംസാരിച്ചതിനുശേഷം ചോദിക്കാവുന്നതാണ്. ഒരു വാചകം പൂർത്തീകരിക്കുന്നതിനിടയിൽ എങ്ങനെയാണ് ക്രമപ്രശ്നം ഉന്നയിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ സംസാരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ടതാണോ? ഞാൻ വഴങ്ങാത്തതുകൊണ്ട് പോയിന്റ് ഓഫ് ഓർഡർ എന്ന രീതിയിൽ എന്റെ സംസാരം തടസ്സപ്പെടുത്തുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല.

മി. സ്പീക്കർ: മറ്റൊരാളുടെ പ്രസംഗത്തിൽ ഇടപെടാനുള്ള അവസരമായി പോയിന്റ് ഓഫ് ഓർഡറിനെ ഉപയോഗിക്കുന്നത് ശരിയല്ല. പറയുന്ന കാര്യത്തിൽ പോയിന്റുണ്ടായിരിക്കണം.

10.00 എ.എം.]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർവ്വശ്രീ അൻവർ സാദത്ത് വി. ഡി. സതീശൻ, ഐ. സി. ബാലകൃഷ്ണൻ, എ. പി. അനിൽ കുമാർ എന്നിവരുടെ ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 28-4-2017-ൽ നൽകിയ മറുപടിയിൽ ഒരുത്തരവ് പറയുകയും ആ ഉത്തരവിൻമേൽ ആക്ഷൻ എടുക്കണമെന്ന് റവന്യൂ വകുപ്പിലെ ഓരോ വകുപ്പിനും...........,ഞാൻ മുഴുവൻ വായിക്കുന്നില്ല. ജി.ഒ.(എം.എസ്)69/2015/ആർ.ബി.നമ്പർ ഉത്തരവ് പുനഃപരിശോധിക്കുക.

മി. സ്പീക്കർ: അതിൽ ക്രമപ്രകാരമല്ലാത്തതെന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ മറുപടിക്ക് വിരുദ്ധമായാണ് ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നത്. നീലക്കുറിഞ്ഞി സാംഗ്ചറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് റവന്യൂ വകുപ്പിലെ 6 വിഭാഗങ്ങൾക്കും വനം വകുപ്പിനും നിർദ്ദേശം കൊടുക്കുകയാണ്. ഈ ഉത്തരവുകളെല്ലാം നിയമസഭയിൽ മറുപടിയായി നൽകിയശേഷം, മന്ത്രി അതിന് വിരുദ്ധമായി പറയുന്നത് ശരിയാണോ....അത് ഓർഡറിലാണോ; അല്ല.... (ബഹളം)....

മി. സ്പീക്കർ: ക്രമപ്രകാരമാണോ അല്ലയോ എന്നുള്ളത് റൂൾ 286-ന്റെ പരിധിയിൽ വരുന്നതല്ല. ...(ബഹളം)... ഒരു കാര്യം ചെയർ വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്. ഒരാൾ സഭയിൽ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ ഇടപെടാനുള്ള ദുരുദ്ദേശപരമായ അവസരമായി പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കുന്ന ഒരു പ്രവണത ...(ബഹളം).... ഞാൻ പറഞ്ഞുകഴിഞ്ഞില്ല. പ്രസംഗത്തെ തടസ്സപ്പെടുത്താനുള്ള അവസരമായി പോയിന്റ് ഓഫ് ഓർഡർ ഉപയോഗിക്കുന്ന തെറ്റായ പ്രവണത സഭയിൽ പൊതുവേയുണ്ട്. അത് അംഗീകരിക്കാൻ സാധിക്കില്ല, അത് ശരിയല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് പൊതുവായ കാര്യമാണെങ്കിൽ ഭരണപക്ഷത്തുള്ളവർക്കും അത് ബാധകമാണ്.

മി. സ്പീക്കർ: അല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. പൊതുവെയുള്ള കാര്യമാണ് ഞാൻ പറഞ്ഞത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. പി. ടി. തോമസ് പ്രസംഗിച്ചു കൊണ്ടിരിക്കുന്നതിനിടയിലാണ് ഏറ്റുമാനൂർ അംഗം ശ്രീ. കെ. സുരേഷ് കുറുപ്പിന് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവസരം കൊടുത്തത്. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതിനിടയിൽ അതേ അവസരം തന്നെയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ആവശ്യപ്പെട്ടത്. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ അവകാശമില്ലെന്നുള്ള നിലപാട് ശരിയല്ല.

മി. സ്പീക്കർ: ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. ശ്രീ. കെ. സുരേഷ് കുറുപ്പ് റൂൾ 307 പ്രകാരം സഭാരേഖയിൽനിന്ന് നീക്കംചെയ്യുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് ഉന്നയിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത് റൂൾ 286 ആണ്. പോയിന്റ് ഓഫ് ഓർഡർ അതിന്റെ പരിധിയിൽ വരുന്നില്ല. ആദ്യം വഴങ്ങുമോയെന്ന് ചോദിച്ചിട്ട് വഴങ്ങുന്നില്ലെന്ന് കണ്ടാൽ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല എന്നാണ് പറഞ്ഞത്. അത് മനസ്സിലാക്കണം. തർക്കം കൂടുതലാണെങ്കിൽ റൂൾ 286 ഞാൻ വായിക്കാം. "ചോദ്യങ്ങൾ സ്പീക്കർ മുഖേന ചോദിക്കേണ്ടതാണെന്ന്.—ചർച്ച ചെയ്യുന്ന സമയത്ത് വിശദീകരണത്തിനായോ അല്ലെങ്കിൽ മതിയായ മറ്റേതെങ്കിലും കാരണത്താലോ, അപ്പോൾ സഭയുടെ

പരിഗണനയിലിരിക്കുന്ന ഏതെങ്കിലും സംഗതിയെപ്പറ്റി ഏതെങ്കിലും അംഗത്തിന് വേറൊരംഗത്തോട് ഒരു ചോദ്യം ചോദിക്കേണ്ട അവസരം വരുമ്പോൾ അദ്ദേഹം ആ ചോദ്യം സ്പീക്കർ മുഖേന ചോദിക്കേണ്ടതാണ്. സ്പീക്കറോടാണ് ചോദിക്കേണ്ടതെന്നേയുള്ളൂ. പുതിയ നിർവ്വചനമുണ്ടാക്കേണ്ട.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, പരിണിതപ്രജ്ഞനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലുള്ള ആളുകൾ ഒരു ന്യായവുമില്ലാത്തവിധം ഇത്തരം വിഷയങ്ങളിൽ ഇടപെട്ടതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പ്രധാനപ്പെട്ട ഈ വിഷയം ഞാനിവിടെ ചൂണ്ടിക്കാണിച്ചതാണ്. ഞാനൊരു കാര്യവും മറച്ചുവച്ചിട്ടില്ല. ലാൻഡ് റവന്യൂ കമ്മീഷണർക്കും റവന്യൂ (എ) വകുപ്പിനും നിർദ്ദേശം നൽകിയത് സംബന്ധിച്ച് മിനിട്ട്സിന്റെ ഭാഗമായി വന്നിട്ടുള്ളതാണ്. ഞാനെന്താണ് മറച്ചുവച്ചത്? ഇപ്പോഴും ഉത്തരവൊന്നും ഇറക്കിയിട്ടില്ലെന്ന് പറഞ്ഞത് ശരിയാണ്. നീലക്കുറിഞ്ഞി ഉദ്യാനമായി പ്രാഥമിക വിജ്ഞാപനം മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ. അതിരുകൾക്കുള്ളിൽ വരുന്ന ഭൂമി ഒഴിവാക്കി, മാറ്റിപ്പാർപ്പിക്കാൻ കഴിയാത്ത താമസവും ഉൾപ്പെട്ടിട്ടുണ്ടെന്ന് പല ജനപ്രതിനിധികളും ഉന്നയിച്ച സാഹചര്യത്തിൽ അക്കാര്യം പരിശോധിക്കേണ്ടതുണ്ടെന്നാണ് അതിനർത്ഥം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അന്നത്തെ വനം വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ബിനോയ് വിശ്വമാണ് നീലക്കുറിഞ്ഞി സാംഗ്ച്വറി നാഷണൽ ഉദ്യാനമായി പ്രഖ്യാപനം നടത്തിയത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വളരെക്കാലം ഈ വിഷയം ചർച്ച ചെയ്തതാണ്. ഇപ്പോൾ അത് പരിശോധിക്കുന്നുവെന്ന് പറഞ്ഞാൽ നീലക്കുറിഞ്ഞി വേൾഡ് സാംഗ്ച്വറി ഇല്ലാതാകാൻ പോകുന്നുവെന്നുള്ളതാണ്. അങ്ങ് അത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വളരെ തെറ്റായ നടപടിയുമായാണ് അങ്ങ് മുന്നോട്ടുപോകുന്നത്. നീലക്കുറിഞ്ഞി സാംഗ്ച്വറി യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച്, ശ്രീ. ബിനോയ് വിശ്വം ചരിത്രപ്രാധാന്യമായ പ്രഖ്യാപനം നടത്തിയതാണ്. അങ്ങ് അതിൽനിന്ന് പുറകോട്ട് പോകാൻ ശ്രമിക്കുന്നത് അപകടകരമായ നീക്കമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് അബദ്ധ ധാരണ മാത്രമാണ്. അതിൽ നിന്ന് പുറകോട്ട് പോകാനുള്ള ഒരു തീരുമാനവും ഈ സർക്കാർ എടുത്തിട്ടില്ല. 2006-ൽ പ്രഖ്യാപിച്ചുവെന്ന് പറയുമ്പോൾ അതിനുശേഷമുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും തുടർ നടപടികളുണ്ടായി ട്ടില്ല. അതിന്റെ പ്രാഥമിക വിജ്ഞാപനം മാത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിരുകൾ കൃത്യമായി പുനർനിർണ്ണയിക്കാനാണ് പ്രത്യേകം ഉദ്യോഗസ്ഥനെ നിശ്ചയിച്ചിരുന്നത്. 2006

ഒക്ടോബർ മാസം 6-ാം തീയതിയാണ് നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ചത്. സെറ്റിൽമെന്റ് ഓഫീസറായി ദേവികുളം ആർ.ഡി.ഒ.-യെ നിശ്ചയിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പൂർണ്ണമായ അർത്ഥത്തിൽ പരിഹരിക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ടും അത് പരിഹരിക്കേണ്ടതുള്ളതുകൊണ്ടും ഫൈനൽ നോട്ടിഫിക്കേഷൻ വരേണ്ടത് അനിവാര്യമാണ്. അതിനെ ഒഴിവാക്കാനല്ല സർക്കാർ തീരുമാനിക്കുന്നത്. അതിനകത്ത് ചിലരുടെ താമസവും ഉൾപ്പെട്ടിരുന്നുവെന്ന് ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അത്തരം വിഷയങ്ങളെക്കുറിച്ച് പരിശോധിക്കാനാണ് തീരുമാനിച്ചത്. അങ്ങനെ പരിശോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല, എങ്കിൽപ്പോലും എല്ലാ കാര്യങ്ങളും മനസ്സിലാക്കി അതനുസരിച്ചുമാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളൂ എന്നാണ് ഇവിടെ രേഖപ്പെടുത്താനുള്ളത്. നീലക്കുറിഞ്ഞി ഉദ്യാനം സംബന്ധിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുക എന്ന നല്ല ഉദ്ദേശ്യം മാത്രമാണ് ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ളത്. ജനപ്രതിനിധികൾ പങ്കെടുക്കുന്ന യോഗത്തിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം.എൽ.എ.-മാരും എം.പി.-മാരും ഉൾപ്പെടെയുള്ളവർ അഭിപ്രായം രേഖപ്പെടുത്താറില്ലേ; അങ്ങനെ അഭിപ്രായം രേഖപ്പെടുത്തിയാൽ, ഉത്തരവാദിത്വമുള്ള ഒരു സർക്കാരെന്ന നിലയിൽ അതുസംബന്ധിച്ച് പുനഃപരിശോധന നടത്താമെന്ന് പറയുന്നത് പ്രാഥമിക ഉത്തരവാദിത്വമല്ലേ; അതിനുമപ്പുറത്ത് എന്തെങ്കിലും നടന്നുവെന്ന രീതിയിൽ ഇവിടെ നടത്തുന്ന പ്രസ്താവനയ്ക്ക് അടിസ്ഥാനമില്ല. അതിനെല്ലാം പുറമേ ഇവിടെ പ്രധാനമായും ഉദ്ദേശിച്ചത് സർക്കാരിന് കൂട്ടുത്തരവാദിത്വമില്ല എന്നാണ്. ഒരേ സമയം കൂട്ടുത്തരവാദിത്വമില്ലെന്നും മുഖ്യമന്ത്രി യോഗം വിളിച്ചുചേർത്തത് ഒരു മന്ത്രിയെ അല്ലെങ്കിൽ അതിന്റെ വകുപ്പിനെ മാറ്റിനിർത്താനാണെന്ന് പറയുകയും ചെയ്യുന്നു. ഞാനിവിടെ സർക്കാരിന്റെ ലക്ഷ്യമെന്താണെന്ന് ചൂണ്ടിക്കാണിച്ചു. ഒരു മുന്നണി സമ്പ്രദായമാകുമ്പോൾ സ്വാഭാവികമായും വിവിധ കക്ഷികൾക്ക് രാഷ്ട്രീയമായ അഭിപ്രായങ്ങളും അവരവരുടെ മന്ത്രിമാരെ നിശ്ചയിക്കാനും വകുപ്പുകളെ സംബന്ധിച്ചുമെല്ലാം പുറത്ത് ചർച്ച ചെയ്യുന്നത് നമുക്ക് മനസ്സിലാക്കാം. പക്ഷെ ഇതെല്ലാമാണെങ്കിലും ഒരു സർക്കാർ രൂപീകരിക്കുമ്പോൾ മുഖ്യമന്ത്രിയാണ് മന്ത്രിമാർക്ക് ചുമതല നൽകുന്നതും മന്ത്രിമാരെ നിശ്ചയിക്കുന്നതും വകുപ്പുകൾ നൽകുന്നതുമെന്നും എല്ലാവർക്കും അറിയാവുന്നതാണല്ലോ. ഇവിടെ ഏതെങ്കിലും വകുപ്പുകളുടെ യോഗം മുഖ്യമന്ത്രി വിളിച്ചുചേർക്കാതിരുന്നിട്ടുണ്ടോ; മുഖ്യമന്ത്രി ഏതെങ്കിലും വകുപ്പിന്റെ യോഗം വിളിച്ചുചേർക്കുന്നതിൽ എന്താണ് അപാകതയെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇത്തരമൊരു തെറ്റിദ്ധാരണയുണ്ടാക്കാനും ഏകോപനമില്ലെന്ന് വരുത്താനും കൂട്ടുത്തരവാദിത്വമില്ലെന്ന് വരുത്തിത്തീർക്കാനും

നടത്തുന്ന പ്രസംഗത്തിനാണ് പ്രസക്തിയില്ലാത്തത്. ഇവിടെ സർക്കാർ കൂട്ടുത്തരവാദിത്വത്തോടെ, ഉത്തരവാദിത്വബോധത്തോടുകൂടി കാര്യങ്ങൾ നിർവ്വഹിക്കുകയാണ്. ഇതിൽ ഒരാശങ്കയ്ക്കും അടിസ്ഥാനമില്ലാത്തവിധം മൂന്നാറിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ടും കയ്യേറ്റം ഒഴിപ്പിച്ചുകൊണ്ടുമുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് അസന്നിഗ്ദ്ധമായി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2006 മുതൽ 2011 വരെ സംസ്ഥാനത്ത് അധികാരത്തിലുണ്ടായിരുന്ന എൽ.ഡി.എഫ്. സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ച 2011 മുതൽ 2016 വരെയുണ്ടായില്ല എന്നത് നമുക്കേവർക്കും അറിയാവുന്നതാണ്. മൂന്നാറിന്റെയും ഇടുക്കിയുടെയും പ്രശ്നങ്ങളെടുത്താൽ അവിടെ ഏറ്റവും പ്രധാനമായിട്ടുള്ള മൂന്നാർ സംരക്ഷണ നടപടികളായാലും ഇടുക്കിയിലെ നേരത്തെയുള്ള കുടിയേറ്റക്കാർക്ക് പട്ടയം നൽകുന്ന പ്രശ്നമായാലും 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. ഈ മാസം 21-ാം തീയതി അവിടെയുള്ള കുടിയേറ്റക്കാർക്ക് നേരത്തെ നിശ്ചയിച്ചതനുസരിച്ച് പട്ടയവിതരണം നടത്താൻ പോകുകയാണ്. ഇടുക്കിയിലെ കൃഷിക്കാരും കുടിയേറ്റക്കാരും പൊതുവെ ജനങ്ങളുമെല്ലാം നല്ല ആവേശത്തിലാണ്. ഇക്കാര്യത്തിൽ ഒരു പുകമറ സൃഷ്ടിക്കൽ മാത്രമാണ് ഇന്ന് ബഹുമാന്യനായ പി. ടി. തോമസിന്റെ അടിയന്തരപ്രമേയത്തിന്റെ ഉദ്ദേശ്യം. വേറൊരു പുതിയ കാര്യവും ഇതിലുണ്ടെന്ന് പറയാൻ കഴിയില്ല. ഇവിടെ അദ്ദേഹം സൂചിപ്പിച്ച കാര്യങ്ങൾ പരിശോധിച്ചാൽ വളരെ വിചിത്രമായ കാര്യങ്ങൾ കാണാൻ കഴിയും. ഞാനിപ്പോൾ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കാനുദ്ദേശിക്കുന്നില്ല. 27-ാം തീയതി എന്തിനാണ് യോഗം ചേർന്നതെന്നത് ഇവിടെ ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി വിശദമായി പറഞ്ഞുകഴിഞ്ഞു. ആ യോഗത്തിൽ അവിടെയുള്ള ജനങ്ങൾ, സംഘടനകൾ, മതവിഭാഗങ്ങൾ എന്നിങ്ങനെ വ്യത്യസ്ത വിഭാഗങ്ങൾ ഒട്ടേറെ പ്രശ്നങ്ങൾ സർക്കാരിന് മുന്നിൽ ഉന്നയിച്ചിട്ടുണ്ടായിരുന്നു. വലിയ തോതിലുള്ള ഒരാശങ്ക ഇവരിലെല്ലാം നിലനിൽക്കുന്നുണ്ടായിരുന്നു. അതുമായി ബന്ധപ്പെട്ട് വ്യത്യസ്ത അഭിപ്രായങ്ങളും ഉയർന്നുവന്നിരുന്നു. ആ ഘട്ടത്തിൽ എങ്ങനെയാണ് സർക്കാർ ഇത്തരം കാര്യങ്ങളെ സമീപിക്കുന്നതെന്ന് വ്യക്തമാക്കേണ്ടത് സർക്കാരിനെ സംബന്ധിച്ചിടത്തോളം ആവശ്യമായിരുന്നു. അവരുടെ അഭിപ്രായത്തിൽ സ്വീകരിക്കാൻ പറ്റുന്നതും പറ്റാത്തതുമായ കാര്യങ്ങളുണ്ടാകും. അതെല്ലാം സർക്കാർ പരിശോധിച്ച് ചെയ്യേണ്ട

കാര്യങ്ങളാണ്. ശ്രീമതി നിവേദിത പി. ഹരൻ അദ്ധ്യക്ഷയായി നേരത്തെ നടത്തിയ പരിശോധനയുടെ ഭാഗമായുണ്ടായ ശിപാർശയുടെ അടിസ്ഥാനത്തിൽ 16-2-2015-ൽ ഇറക്കിയ ഉത്തരവിൽ അതുമായി ബന്ധപ്പെട്ട് കുറേ നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങൾ പൂർത്തീകരിക്കുന്നതിന് സമയക്രമം പാലിച്ചിരുന്നില്ല. എന്നാൽ അതുമായി ബന്ധപ്പെട്ട് ഒട്ടേറെ ആശങ്കകൾ അവിടെയുള്ള ജനവിഭാഗങ്ങളുന്നയിക്കുന്നു. അത് പരിശോധിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ സമയക്രമം നിശ്ചയിക്കേണ്ട തുണ്ട്. അതാണ് അവിടെ തീരുമാനിച്ചിട്ടുള്ളത്. ആ യോഗം തീരുമാനിച്ച് അറിയിപ്പ് നൽകുകയല്ല, ബന്ധപ്പെട്ട വകുപ്പ് അതിന്റെ നടപടി സ്വീകരിക്കുന്നുവെന്നേയുള്ളൂ. അത് സ്വാഭാവികമായൊരു നടപടിക്രമം മാത്രമാണ്. നീലക്കുറിഞ്ഞി സാംഗ്ച്വറിയായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിശോധിച്ചാൽ, അവിടെയുള്ള വിവിധ വിഭാഗം ആളുകൾക്ക് അതിന് സംബന്ധിച്ച് ആക്ഷേപമുണ്ട്. ആക്ഷേപമുണ്ടെന്ന് അവർ ഉന്നയിക്കുന്നതുകൊണ്ട് നീലക്കുറിഞ്ഞി സാംഗ്ച്വറി ഇല്ലാതാകുകയല്ല. ഇതുമായി ബന്ധപ്പെട്ട അന്തിമ വിജ്ഞാപനം വരണം. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഉന്നയിച്ച കാര്യം ശരിയാണ്. നീലക്കുറിഞ്ഞിയുമായി ബന്ധപ്പെട്ട ആദ്യത്തെ വിജ്ഞാപനം കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് വരുന്നത്. അതിനുശേഷം അഞ്ചുവർഷക്കാലം ഇവിടെയൊരു സർക്കാരുണ്ടായിരുന്നു. ഒരു നടപടിയും അതുമായി ബന്ധപ്പെട്ട് എടുത്തില്ലായിരുന്നു. അന്തിമ വിജ്ഞാപനം വരേണ്ടിയിരുന്നു, പക്ഷെ അത് വന്നില്ല. ഈ യോഗത്തിൽ തീരുമാനിച്ചത് ആ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്നാണ്. മിനിട്ട്സിൽ ഇത് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. അവരുന്നയിച്ച മറ്റു ചില കാര്യങ്ങൾ പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കും. എന്നാൽ കാര്യങ്ങൾ നടപ്പാക്കുക എന്നുള്ളതുതന്നെയാണ് ഉദ്ദേശിച്ചത്.

ശ്രീ. പി. ടി. തോമസ്: സർ, ശ്രീമതി നിവേദിത പി. ഹരന്റെ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അങ്ങുപറഞ്ഞത് നൂറുശതമാനം ശരിയാണ്. ഐ.എ.എസ്.-കാരനായ ഒരാളെ ദേവികുളത്ത് ആർ.ഡി.ഒ. ആയി നിയമിക്കണ മെന്നും അദ്ദേഹത്തെ ഈ സ്ഥലത്തിന്റെ സെറ്റിൽമെന്റ് ഓഫീസറാക്കണമെന്നും ആ ഉത്തരവിലുണ്ട്. അതനുസരിച്ച് അദ്ദേഹം നോട്ടീസ് കൊടുത്തിട്ട് ഇന്നുവരെ ഒരാളും ഈ സ്ഥലത്ത് അവകാശവുമായി വന്നിട്ടില്ല എന്നുള്ളതാണ് ഞാനുന്നയിച്ചത്. അവകാശമുന്നയിച്ച ശ്രീ. ജോയിസ്, എം.പി. പോലും ഇന്നുവരെ ചെന്നിട്ടില്ല.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ശ്രീ. ജോയിസ് എം.പി.-യുടെ കാര്യം ഞാൻ വീണ്ടും പറയാതിരിക്കുകയാണ്. കഴിഞ്ഞ തവണ ഞാനുന്നയിച്ചതാണ്. ഇവിടെ ബഹുമാന്യരായ കെ. സുരേഷ് കുറുപ്പും നിയമ വകുപ്പുമന്ത്രിയുമെല്ലാം അതുസംബന്ധിച്ച് കാര്യങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞതാണ്. അക്കാര്യം ബഹുമാന്യനായ പി. ടി. തോമസിന് തികട്ടി വരികയാണ്. അതൊഴിവാക്കുന്നതല്ലേ നല്ലത്; ഇത്രമാത്രം വ്യക്തിവിരോധം വേണോ? ഒരു തെരഞ്ഞെടുപ്പിൽ ജയിച്ചു എന്നുള്ളതുകൊണ്ട് നിന്നെ വധിച്ചേ അടങ്ങൂ എന്ന മട്ടിൽ പുറപ്പെടേണ്ട കാര്യമുണ്ടോ? അങ്ങനെയൊരു നില സ്വീകരിക്കേണ്ടതില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇക്കാര്യത്തിൽ സി.എച്ച്.ആർ. ഭൂമിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഒരു തർക്കപ്രശ്നവും അവിടെ നിലനിൽക്കുന്നില്ല. ഇവിടെ സി.എച്ച്.ആർ. ഭൂമി സംരക്ഷിക്കുക എന്ന നിലപാട് തന്നെയാണ് നേരത്തെ മുതൽ സ്വീകരിച്ചുവന്നിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ നേരത്തെ വന്നതാണ്. ഇതിനൊക്കെ വ്യക്തമായ നിലപാട് കേരളത്തിന് പൊതുവിലുള്ളതാണ്. അക്കാര്യത്തിൽ എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസം വലിയ തോതിലുണ്ടായിട്ടില്ല എന്നാണ് തോന്നുന്നത്. എന്നാൽ 2011 ജൂലൈയിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ഉടനെ അവതരിപ്പിച്ച ബഡ്ജറ്റിൽ "കേരള ഭൂപരിഷ്കരണ നിയമത്തിൽ തോട്ടവിളകളെ ഭൂപരിധിയിൽ നിന്നൊഴിവാക്കിയിട്ടുണ്ട്" എന്നുപറഞ്ഞിട്ടുണ്ട്. പിന്നെ പറയുന്നത് "എന്നാൽ ഇങ്ങനെ ഒഴിവാക്കപ്പെട്ട ഭൂമി മറ്റാവശ്യങ്ങൾക്കായി ഉപയോഗിച്ചാൽ ഭൂപരിഷ്കരണ നിയമത്തിൽ അത്തരം ഭൂമിക്ക് നൽകിയിട്ടുള്ള പരിരക്ഷ നഷ്ടമാകും." 'ഭൂമിയുടെ അഞ്ച് ശതമാനം വരെ മറ്റ് വിളകൾക്കോ, ഔഷധ സസ്യകൃഷിക്കോ, പച്ചക്കറി-പൂന്തോട്ട കൃഷിക്കോ, വിനോദസഞ്ചാര പദ്ധതികൾക്കോ ഉപയോഗിക്കുവാൻ അനുവദിച്ചാൽ ഇന്നുള്ള പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാകും. ഇതിലേയ്ക്ക് ഈ സഭ പാസ്സാക്കിയ ബിൽ നിയമമായി നടപ്പാക്കും ' എന്ന് അതിന്റെ അവസാനം പറഞ്ഞിട്ടുണ്ട്. നിലവിലുള്ള തോട്ടം സമ്പ്രദായത്തിൽ വ്യത്യാസം വരുത്തിക്കൊണ്ട് അന്നത്തെ സർക്കാർ 2011- ൽ ഇവിടെ അവതരിപ്പിച്ച ബജറ്റ് പ്രസംഗത്തിലെ ഭാഗമാണിത്. ഇക്കാര്യത്തിൽ പൊതുവിൽ കടുത്ത അഭിപ്രായവ്യത്യാസങ്ങൾ ഉയർന്നുവന്നു. ഞാനന്ന് സഭയിലില്ല. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതുമായി ബന്ധപ്പെട്ട് കടുത്ത അസംതൃപ്തി ആ ഘട്ടത്തിൽ രേഖപ്പെടുത്തിയെന്നാണ് പുറത്തുനിന്ന് ഞാൻ കേട്ടത്. ആ നില ഇന്നില്ല. ഇന്ന് ഞങ്ങളൊരുമിച്ച് ആലോചിച്ച് തീരുമാനിച്ച് നടപ്പാക്കുകയെന്നുള്ളതാണ്. ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസവും ഞങ്ങൾ തമ്മിലില്ല. മന്ത്രിമാർ തമ്മിലോ മന്ത്രിസഭയ്ക്കകത്തോ ഒരുതരത്തിലുള്ള അഭിപ്രായവ്യത്യാസം നിലനിൽക്കുന്നില്ല.

എല്ലാം യോജിച്ച രീതിയിൽ നടപ്പാക്കുക മാത്രമാണ് ചെയ്യുന്നത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ദേവേന്ദ്രന്റെ അച്ഛനെപ്പറ്റി ഒരു തെറ്റിദ്ധാരണ ശ്രീ. പി. ടി. തോമസിനുണ്ട്. അദ്ദേഹം അത് നേരത്തെ പറഞ്ഞിരുന്നു. അതങ്ങ് തിരുത്തിക്കൊടുക്കണം. അദ്ദേഹം പറഞ്ഞത് ശരിയല്ലെന്നാണ് തോന്നുന്നത്.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ബഹുമാന്യരായ മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും ഞങ്ങൾക്ക് പറയാനുള്ളത് 'പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലരുത്' എന്നാണ്. മൂന്നാറിൽ നടക്കുന്ന കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. 27-ാം തീയതി ചേർന്ന യോഗത്തിൽ ജനപ്രതിനിധികളുന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കുന്നതിൽ തെറ്റില്ല. പക്ഷെ വിവിധ വകുപ്പുകളോട് അന്വേഷിക്കാൻ പറഞ്ഞിരിക്കുകയാണെന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട ചില വാർത്തകൾ പുറത്തുവരികയും ജനങ്ങൾക്ക് ആശങ്കയുണ്ടാവുകയും ചെയ്തപ്പോൾ അത് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയെന്നത് പ്രതിപക്ഷത്തിന്റെ കടമയാണ്. 7-ാം തീയതി ചേർന്ന സർവ്വകക്ഷി യോഗത്തിൽ ഇതുസംബന്ധിച്ച നിരവധി കാര്യങ്ങൾ പറഞ്ഞിട്ടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഒരക്ഷരം മിണ്ടിയിട്ടില്ല. ഞങ്ങളൊരു യോഗം കൂടി, റവന്യൂവിന്റെ വിവിധ വകുപ്പുകളോട് ഇതിനെപ്പറ്റി അന്വേഷിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണെന്ന് അദ്ദേഹത്തിന് പറയാമായിരുന്നു. കയ്യേറ്റമൊഴിപ്പിക്കുന്ന കാര്യത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളും സർക്കാരിന് പൂർണ്ണ പിന്തുണയാണ് പ്രഖ്യാപിച്ചത്. അന്ന് എന്തുകൊണ്ട് ബഹുമാന്യനായ മന്ത്രി പറഞ്ഞില്ല. അന്ന് പറയാതിരുന്നത് മറച്ചുവയ്ക്കലായിരുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ഞാനിത് നേരത്തെ ചൂണ്ടിക്കാണിച്ചതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഈ വിഷയം ആവർത്തിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്. ഇടുക്കിയിലെ വിവിധ സംഘടനകളും ജനപ്രതിനിധികളും അവിടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-3-2017-ന് യോഗം വിളിച്ചത്. ആ യോഗത്തിൽ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച കാര്യങ്ങളോ മറ്റ് കാര്യങ്ങളോ അല്ല ചർച്ച ചെയ്തത്. അതിനുശേഷവും

ഒഴിപ്പിക്കൽ നടപടി തുടരുകയാണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. പാപ്പാത്തിച്ചോല, ദേവികുളം, മൂന്നാർ കോളനിയിലെ പുതിയ കയ്യേറ്റം, ബൊട്ടാണിക്കൽ ഗാർഡന്റെ ഭൂമിയിലെ കയ്യേറ്റമുൾപ്പെടെയുള്ളതെല്ലാം ഒഴിപ്പിച്ചത് ഏപ്രിൽ മാസത്തിലാണ്. അപ്പോൾ മുഖ്യമന്ത്രി ഒഴിപ്പിക്കൽ തടഞ്ഞു എന്നുപറയുന്നതിൽ എന്ത് ന്യായമാണുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഞാൻ പറഞ്ഞതിനല്ല ബഹുമാന്യനായ മന്ത്രി മറുപടി പറഞ്ഞത്. സർവ്വകക്ഷി യോഗത്തിൽ പ്രതിപക്ഷവും മറ്റ് കക്ഷികളും കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന് പൂർണ്ണ പിന്തുണയാണ് നൽകിയത്. അന്ന് ഇത്തരം പ്രശ്നങ്ങളൊക്കെ അവിടെ ഉയർന്നുവന്നിരുന്നുവെങ്കിലും റവന്യൂ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട ഒരു കാര്യവും പറഞ്ഞില്ല. മൂന്നാറിൽ കയ്യേറ്റമൊഴിപ്പിക്കൽ ഇപ്പോൾ നിലച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയുന്നത് ശരിയല്ല. എവിടെയാണ് കയ്യേറ്റം ഒഴിപ്പിക്കുന്നത്? അവിടെ കുരിശ് തകർത്തതുതന്നെ കയ്യേറ്റം ഒഴിപ്പിക്കൽ നിലച്ചുപോകാൻ വേണ്ടിയായിരുന്നു എന്നുള്ള ആശങ്കയും അന്നെല്ലാവരും പ്രകടിപ്പിച്ചിരുന്നു. ഇവിടെ കൂട്ടുത്തരവാദിത്വത്തെക്കുറിച്ചാണല്ലോ പറയുന്നത്. കൂട്ടുത്തരവാദിത്വമില്ലെന്നതിന് ഉദാഹരണമായി ശ്രീ. കാനം രാജേന്ദ്രന്റെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും നിരവധി പ്രസ്താവനകൾ എനിക്ക് ഉന്നയിക്കാൻ കഴിയും. ഭരണമുന്നണിക്ക് കെട്ടുറപ്പുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് കയ്യേറ്റക്കാരെ ഒഴിപ്പിക്കുമെന്നാണ്. ഒഴിപ്പിക്കാൻ വരുന്നവരുടെ കാലുവെട്ടുമെന്നാണ് ശ്രീ. എം. എം. മണി പറഞ്ഞത്. ഇതാണോ കൂട്ടുത്തരവാദിത്വം; കയ്യേറ്റം ഒഴിപ്പിക്കാനുള്ള ദേവികുളം സബ് കളക്ടറുടെ നടപടി ധീരമെന്ന് റവന്യൂ വകുപ്പുമന്ത്രിയും ദേവികുളം സബ് കളക്ടറെ ഊളൻപാറയ്ക്ക് അയയ്ക്കണമെന്ന് ശ്രീ. എം. എം. മണിയും പറയുന്നതാണോ കൂട്ടുത്തരവാദിത്വം? ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.-യുടെ ഭൂമി പട്ടയഭൂമിയിലാണെന്ന് മുഖ്യമന്ത്രി; 'മൂന്നാറിൽ ഒരു എം.എൽ.എ.-യുടെ വീടിരിക്കുന്ന ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ' എന്ന 28-4-2017-ലെ ശ്രീ. പി. സി. ജോർജിന്റെ 1021-ാം നമ്പർ ചോദ്യത്തിന് 'മൂന്നാറിലെ വ്യാജ പട്ടയത്തെക്കുറിച്ച് അന്വേഷിച്ച എ.ഡി.ജി.പി. ക്രൈംബ്രാഞ്ച് സി.ഐ.ഡി., ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ.-യുടെ പേരിലുള്ള ഭൂമിയുടെ പട്ടയം വ്യാജമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ആയതുപ്രകാരം ഇടുക്കി ജില്ലാ കളക്ടർ, ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയ രേഖകളിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്ന അപേക്ഷ 29-10-2011-ന് തള്ളിയിട്ടുണ്ട്' എന്ന മറുപടിയാണ് റവന്യൂ വകുപ്പുമന്ത്രി

നൽകിയിട്ടുള്ളത്. ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയം വ്യാജമാണോ അല്ലയോ എന്ന കാര്യത്തിൽ എനിക്ക് തർക്കമൊന്നുമില്ല. തർക്കം റവന്യൂ വകുപ്പുമന്ത്രിക്കാണ്. അദ്ദേഹത്തോട് പറഞ്ഞാൽ മതി.

ശ്രീ. എസ്. രാജേന്ദ്രൻ : സർ, വാസ്തവ വിരുദ്ധമായ പ്രസ്താവനകൾ വരുന്നതുകൊണ്ട് പറയുന്നതാണ്. പരിശോധന നടക്കട്ടെ. വിജിലൻസ് തന്നെയാണ് എനിക്ക് രേഖ തന്നിട്ടുള്ളത്. ആ രേഖ ഞാൻ സഭയിൽ കാണിക്കുകയും ചെയ്തു. ഞാൻ ഭൂമി കയ്യേറിയതല്ല. എന്റെ മുൻഗാമികൾ തലമുറകളായി കൈവശം വച്ചിരിക്കുന്ന ഭൂമി എനിക്ക് അവകാശപ്പെട്ടതാണ്. അതുകൊണ്ടാണ് ആ രൂപത്തിൽ കാണുന്നത്. ഇത് കയ്യേറ്റ ഭൂമിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് ഞാൻ പറഞ്ഞതല്ല. റവന്യൂ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയ ഉത്തരമാണ്.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, സർക്കാരിൽ രേഖയില്ലാത്തതുകൊണ്ട് നൽകിയ പട്ടയം വ്യാജമാകില്ല. ചെലാൻ അടച്ച് ഭൂമിക്ക് വിലകൊടുത്തിട്ടാണ് ഞാൻ പട്ടയം വാങ്ങിയത്. അതുകൊണ്ട് റവന്യൂ റിക്കോർഡില്ലെങ്കിൽ അതിന്റെ ഉത്തരവാദികൾ ഉദ്യോഗസ്ഥരാണ്. അവരുടെ പേരിൽ നടപടിയെടുക്കുന്നതിനുപകരം ഇത്തരത്തിൽ രേഖ വന്നതിന് ഞാൻ ഉത്തരവാദിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, റവന്യൂ വകുപ്പുമന്ത്രിയോട് പറയാൻ ധൈര്യമില്ലാത്തതുകൊണ്ട് എന്നോട് പറഞ്ഞതിൽ സന്തോഷമുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ : സർ, അങ്ങേയ്ക്ക് ഇപ്പോൾ ബോദ്ധ്യമായോ?

ശ്രീ. രമേശ് ചെന്നിത്തല : സർ, എന്നെ ബോദ്ധ്യപ്പെടുത്തിയിട്ട് കാര്യമില്ല, റവന്യൂ വകുപ്പുമന്ത്രിക്ക് ബോദ്ധ്യമായില്ലല്ലോ. 'എമ്പ്രാന്റെ വിളക്കത്ത് വാര്യരുടെ അത്താഴം' എന്ന് അങ്ങ് പറഞ്ഞത് ഇപ്പോൾ ശരിയായല്ലോ. ഇടുക്കി ജില്ലാ കളക്ടർ, ശ്രീ. എസ്. രാജേന്ദ്രന്റെ പട്ടയരേഖയിൽ തെറ്റായി രേഖപ്പെടുത്തിയ പട്ടയ നമ്പർ തിരുത്തിക്കിട്ടണമെന്നുള്ള അപേക്ഷ സി4/455287/10, തീയതി 29-10-2011-പ്രകാരം തള്ളിയിട്ടുള്ളതാണ്. ഇതിനെതിരെ ലാൻഡ് റവന്യൂ കമ്മീഷണർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ പെറ്റീഷൻ മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിരസിച്ചിട്ടുള്ളതാണ്. ശ്രീ. എസ്. രാജേന്ദ്രന്റെ ഭൂമിക്ക് പട്ടയമുണ്ടെന്ന് മുഖ്യമന്ത്രിയും പട്ടയമില്ലെന്ന് റവന്യൂ വകുപ്പുമന്ത്രിയും പറയുന്നു. ഇതാണോ സർക്കാരിന്റെ കൂട്ടുത്തരവാദിത്വം? എനിക്ക് ശ്രീ. എസ്. രാജേന്ദ്രനെപ്പറ്റി ഒരു എതിരഭിപ്രായവുമില്ല, എന്റെ നല്ല സുഹൃത്താണ്. റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും തമ്മിലുള്ള

അഭിപ്രായവ്യത്യാസത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഈ ചക്കളത്തി പോരാട്ടമാണ് അവസാനിപ്പിക്കേണ്ടത്. സി.പി.ഐ.-യും സി.പി.ഐ.(എം).-ഉം തമ്മിലാണ് തർക്കം, മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും തമ്മിലാണ് ഇവിടെ തർക്കം. റവന്യൂ വകുപ്പ് തയ്യാറാക്കിയെന്ന് പറയുന്ന വൻകിട കയ്യേറ്റക്കാരുടെ ലിസ്റ്റ് എന്തുകൊണ്ട് പ്രസിദ്ധപ്പെടുത്തുന്നില്ല? ആ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയാൽ ഞങ്ങൾക്കും ജനങ്ങൾക്കും അത് ബോദ്ധ്യപ്പെടും. പതിനാലുപേരുടെ ലിസ്റ്റ് കേരള കൗമുദി പ്രസിദ്ധീകരിച്ചിരിക്കുന്നു. 1,72,625 ഏക്കർ ഭൂമിയാണ് പിടിച്ചെടുക്കേണ്ട തെന്ന് അവർ സൂചിപ്പിച്ചിരിക്കുന്നു. ഇത് പിടിച്ചെടുക്കാനുള്ള ധൈര്യം സർക്കാർ കാണിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. വാചകക്കസർത്തുകൊണ്ട് കാര്യമില്ല. ഇനിയും ആർക്കും കയ്യേറാൻ കഴിയാത്ത നിലയിൽ കാര്യങ്ങൾ ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. വെറുതെ വർത്തമാനം പറഞ്ഞിട്ട് കാര്യമില്ല; ആവശ്യമായ നടപടിയുമായി മുന്നോട്ടുപോകുകയാണ് വേണ്ടത്.

10.30 എ.എം.]

മൂന്നാറിൽ ഏറ്റവും വലിയ കയ്യേറ്റം നടത്തിയത് സി.പി.ഐ.(എം.)-ന്റെ നേതാക്കന്മാരാണെന്ന കാര്യം മറക്കരുത്. ഇന്നും അത് സംബന്ധിച്ച് പത്രത്തിൽ വാർത്തയുണ്ട്. ഇക്കാനഗറിൽ പത്തേക്കർ ഭൂമിയാണ് കയ്യേറിയിരിക്കുന്നത്. ഇക്കാനഗറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ റവന്യൂ വകുപ്പുമന്ത്രിക്ക് ധൈര്യമുണ്ടോ? അതിവിശിഷ്ടമായ ജൈവ വൈവിധ്യമുള്ള മൂന്നാർ മേഖലയെ തകർക്കുന്ന സ്ഥിതി നിയന്ത്രിക്കാനും ഇല്ലാതാക്കാനുമുള്ള നടപടി എന്തുകൊണ്ട് സ്വീകരിക്കുന്നില്ല; അതാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. സർക്കാരിന് കൂട്ടുത്തരവാദിത്വമില്ലെന്ന് മാത്രമല്ല, സി.പി.ഐ.-യും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള ഗുരുതരമായ അഭിപ്രായ വ്യത്യാസമാണ് മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധി.

ഇവിടെ പരിസ്ഥിതി പ്രവർത്തകർ പറഞ്ഞ കാര്യങ്ങളുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി എല്ലാവരെയും വിളിച്ച് കാര്യങ്ങൾ ചർച്ച ചെയ്തു. അതിലൊന്നും ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമില്ല. എല്ലാവരുടെയും അഭിപ്രായങ്ങൾ കേൾക്കുന്നത് നല്ലതാണ്. പക്ഷെ എന്തുകൊണ്ട് നടപടിയുണ്ടാകുന്നില്ല? സർവ്വകക്ഷി യോഗത്തിനുശേഷം പത്ത് സെന്റുവരെ ഭൂമിയുള്ളവരെ ഒഴിപ്പിക്കില്ലെന്ന് പറഞ്ഞപ്പോൾ പത്ത് സെന്റിൽ താഴെയാണെങ്കിൽ കയ്യേറാമെന്ന ധാരണയിൽ അവിടെ പുതിയ കയ്യേറ്റങ്ങൾ നടക്കുന്നതായുള്ള വാർത്തകൾ പുറത്തുവരികയാണ്. ഇതൊരിക്കലും അംഗീകരിക്കാൻ കഴിയുന്നതല്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അവിടെ ഒരുതരത്തിലുള്ള പുതിയ കയ്യേറ്റവും അനുവദിക്കുന്ന പ്രശ്നമില്ല. അന്ന് നമ്മൾ തീരുമാനിച്ചതുപോലെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറെടുത്തു വരികയാണ്. ഇനി കയ്യേറാൻ കഴിയാത്ത വിധത്തിലുള്ള നടപടി സ്വീകരിക്കുക തന്നെ ചെയ്യും. അക്കാര്യത്തിൽ ഒരാശങ്കയും വേണ്ട.

ശ്രീ. രമേശ് ചെന്നിത്തല: സർ, സർവ്വകക്ഷി യോഗം കഴിഞ്ഞശേഷം അവിടെ പുതിയ രണ്ടുമൂന്ന് കയ്യേറ്റമുണ്ടായി. അതൊഴിപ്പിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സർവ്വകക്ഷി യോഗം കഴിഞ്ഞ ശേഷമെന്നല്ല, ഈ സർക്കാരിന്റെ കാലത്ത് വലിയതോതിൽ കയ്യേറ്റങ്ങളുണ്ടായിട്ടില്ല. ഏത് കയ്യേറ്റമായാലും കയ്യേറ്റമെന്ന നിലയിൽത്തന്നെ പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കും.

ശ്രീ. രമേശ് ചെന്നിത്തല: സർ, അവിടെ പ്രധാനമായും കയ്യേറിയിട്ടുള്ളത് ആൽവിൻ, ലംബോധരൻ എന്നീ ആളുകളും ഇക്കാനഗറിൽ പാർട്ടിയുടെ ഏരിയാ സെക്രട്ടറിമാരുമാണ്. എന്റെ ചോദ്യം, ആ കയ്യേറ്റങ്ങൾ എന്തുകൊണ്ട് മുഖ്യമന്ത്രി കാണുന്നില്ലെന്നതാണ്. ഞാൻ അങ്ങയുടെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. ഞങ്ങൾ ഉത്തരവാദിത്വത്തോടെ പറയുകയാണ്, റവന്യൂ വകുപ്പ് കളക്ട് ചെയ്ത രേഖകളിൽ ഈ ആളുകളുടെ പേരുകളുണ്ട്. ആ രേഖകൾ റവന്യൂ വകുപ്പ് സെക്രട്ടറിയുടെ കൈവശമുണ്ടെന്നാണ് ഞാൻ കരുതുന്നത്. എന്തുകൊണ്ട് അവരെ ഒഴിപ്പിക്കുന്നില്ല? പക്ഷെ ഇത്തരം വൻകിട കയ്യേറ്റങ്ങൾ യഥേഷ്ടം നടക്കുന്നുണ്ട്. ആൽവിൻ, ലംബോധരൻ, ഏരിയാ കമ്മിറ്റി സെക്രട്ടറിമാർ എന്നിവർ ആരാണ്; അവരുടെ ഭൂമി ഒഴിപ്പിക്കാൻ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നില്ല എന്നുള്ളത് പ്രസക്തമായ കാര്യമല്ലേ? സർക്കാരിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ കാര്യത്തിൽ നടപടിയുണ്ടാകണം. "മൂന്നാറിലും പരിസര പ്രദേശങ്ങളിലും വലിയ നിക്ഷേപമുള്ളവരെ ജനങ്ങൾക്കറിയാം, അവരെ ഒറ്റപ്പെടുത്തുകയാണ് വേണ്ടത്. ഇത്തരക്കാർക്കുവേണ്ടി വാദിക്കുന്നവർ ആരായാലും അത് കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാണ്" - മുൻ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ സ്റ്റേറ്റ്മെന്റാണ്. സർക്കാർഭൂമി കയ്യേറി മൂന്നാറിൽ പാർട്ടി ഗ്രാമം; ഇവർക്കെതിരെ എന്തുകൊണ്ട് നടപടിയെടുക്കുന്നില്ല? വമ്പൻ സ്രാവുകളെ സർക്കാർ തൊടുന്നില്ല.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ……(മൈക്ക് ഓഫ്)......

മി. സ്പീക്കർ: അങ്ങ് ദയവായി ഇരിക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, വലിയ മത്സ്യങ്ങളെ കാണുമ്പോൾ കൊക്ക് കണ്ണടയ്ക്കുന്നതുപോലെയാണ് റവന്യൂ വകുപ്പുമന്ത്രിയുടെ നടപടി. റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അങ്ങൊരു നല്ല മനുഷ്യനാണ്, നല്ല

കാര്യങ്ങൾ ചെയ്യുന്നയാളാണ്, അങ്ങേയ്ക്ക് ആഗ്രഹമുണ്ട്, അങ്ങയുടെ ആഗ്രഹത്തിന് വിലങ്ങുതടിയായി നിൽക്കുന്നത് മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ പാർട്ടിയുമാണ്, അതിനെ നേരിടാൻ അങ്ങേയ്ക്ക് ധൈര്യമില്ല. അങ്ങ് എന്തിനാണ് ക്യാബിനറ്റിന്റെ സിസ്റ്റത്തെപ്പറ്റി പറയുന്നത്. മുഖ്യമന്ത്രി എന്നാൽ first among equals ആണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസംഗിച്ചപ്പോൾ ഞങ്ങളുടെ കാലത്ത് പട്ടയം കൊടുത്തില്ലെന്ന് പറഞ്ഞു. 45000 പട്ടയമാണ് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് പാവപ്പെട്ട കർഷകർക്ക് കൊടുത്തത്. മൂന്നാറിലെയും ഇടുക്കിയിലെയും പാവപ്പെട്ട കർഷകർക്ക് പട്ടയം കൊടുക്കണമെന്ന കാര്യത്തിൽ ഞങ്ങൾക്ക് രണ്ടഭിപ്രായമില്ല. കയ്യേറ്റവും കുടിയേറ്റവും രണ്ടും രണ്ടാണ്. ന്യായമായി പട്ടയം ലഭിക്കേണ്ടവർക്ക് പട്ടയം കൊടുക്കണം. അതേസമയം കയ്യേറ്റത്തിന്റെ കാര്യത്തിൽ ഒരു ദാക്ഷണ്യവുമില്ലാതെ കർശനനടപടി സ്വീകരിക്കണം. 'Charity begins from the home' എന്നുപറയുന്നതുപോലെ അക്കാര്യത്തിൽ കർശന നടപടി ആരംഭിക്കേണ്ടത് സ്വന്തം പാർട്ടിക്കാരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചുകൊണ്ടായിരിക്കണം. അതിനുള്ള നടപടിയാണ് സർക്കാർ സ്വീകരിക്കേണ്ടത്. അക്കാര്യത്തിൽ സർക്കാർ ഒളിച്ചുകളി നടത്തുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മൂന്നാർ ഉൾപ്പെടെ ഇടുക്കി ജില്ലയിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ കാത്തുസൂക്ഷിക്കേണ്ടത് ഒരു ജനാധിപത്യ സർക്കാരിന്റെ കടമയാണ്. അവിടത്തെ ജൈവ വൈവിധ്യങ്ങളും പ്രകൃതിയും ലോകപ്രസിദ്ധമാണ്. മൂന്നാറിലെ ഏലമലക്കാടുകളും നിത്യഹരിത വനങ്ങളും വന്യജീവികളും വരയാടുകളും നീലക്കുറിഞ്ഞിയുമെല്ലാം കേരളീയന്റെ മാത്രം സ്വകാര്യ സ്വത്തല്ല, അത് ലോകത്തിന്റെ പൊതു സ്വത്താണ്. അത് നശിപ്പിക്കാൻ കൂട്ടുനിൽക്കുന്നത് ഒരു സർക്കാരിനും ഭൂഷണമല്ല. ബഹു. മുഖ്യമന്ത്രി മാർച്ച് 27-ന് വിളിച്ചുചേർത്ത യോഗത്തിലെടുത്ത തീരുമാനങ്ങൾ ഇടുക്കി ജില്ലയുടെ, പ്രത്യേകിച്ച് മൂന്നാറിന്റെ പരിസ്ഥിതിലോല പ്രദേശങ്ങളും സി.എച്ച്.ആർ. മേഖലയും വൻതോതിൽ കയ്യേറി വലിയ നിർമ്മാണ പ്രവർത്തനങ്ങളും ആവാസ കേന്ദ്രങ്ങളും ആരംഭിക്കുന്നതിന്റെ മുന്നോടിയാണ്. അവിടത്തെ ഭൂവിനിയോഗം സംബന്ധിച്ച് പഠിച്ച റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി നിവേദിത പി. ഹരൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യു.ഡി.എഫ്. സർക്കാർ ഇറക്കിയ ഉത്തരവ് അട്ടിമറിച്ച് ഇടുക്കി ജില്ലയിലെ കയ്യേറ്റക്കാർക്ക് കാര്യങ്ങൾ എളുപ്പമാക്കി ക്കൊടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് 1986-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ടിനെതിരാണ്. ഏലക്കാടുകളിലെ മരങ്ങൾ മുറിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇവിടെ വ്യക്തതയുടെയും കൂട്ടുത്തരവാദിത്വത്തിന്റെയും പ്രശ്നമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ ശ്രീ. എൻ. ഷംസുദ്ദീന്റെ ചോദ്യത്തിനുത്തരമായി പറഞ്ഞത്, അവിടെ 144 പ്രഖ്യാപിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല എന്നാണ്. ഇത്തരത്തിലുള്ള ആവാസ വ്യവസ്ഥയും

പരിസ്ഥിതിയും നശിപ്പിക്കുന്ന പ്രവർത്തനം ഇടതുപക്ഷ സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകുന്നത് ശരിയല്ല. ഈ പ്രശ്നം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. അനൂപ് ജേക്കബ്: സർ, മൂന്നാർ ഒരു ദൃശ്യവൈകൃതമായി മാറുകയാണ്. അനധികൃത കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും ഇന്ന് മൂന്നാറിന് മറ്റൊരു മുഖം നൽകിക്കൊണ്ടിരിക്കുന്നു. മാർച്ച് 27-ന് യോഗം കഴിഞ്ഞതിനുശേഷം, അവിടെ വരുന്ന ടൂറിസ്റ്റുകളുടെ എണ്ണമനുസരിച്ച് നിയന്ത്രിതമായ രീതിയിൽ അവർക്കുള്ള താമസസൗകര്യം ഒരുക്കുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന വായിക്കാനിടയായി. യാതൊരു രീതിയിലുമുള്ള ശാസ്ത്രീയമായ ഇടപെടലുകളുമില്ലാതെ തോന്നുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും കയ്യേറ്റങ്ങളും മൂന്നാറിൽ നടക്കുന്നുവെന്നുള്ളത് വസ്തുതയും യാഥാർത്ഥ്യവുമാണ്. അവിടെ കയ്യേറ്റങ്ങളുണ്ടെന്നതിനെ സംബന്ധിച്ച് രണ്ടഭിപ്രായം കേരളത്തിലുണ്ടാകുമെന്ന് കരുതുന്നില്ല. അത്തരത്തിലുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും അതിനുള്ള നടപടി സ്വീകരിക്കാനും സർക്കാർ തയ്യാറാകണം. സർക്കാരിന്റെ അത്തരം നടപടികൾ പ്രതിപക്ഷമുൾപ്പെടെ സർവ്വാത്മനാ സ്വീകരിക്കുന്നതാണ്. അതോടൊപ്പം കർഷകരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുകയും വേണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകിയപ്പോൾ 27-ാം തീയതിയിലെ യോഗ തീരുമാനങ്ങൾക്കനുസൃതമായി ഉത്തരവുകൾ ഇറക്കിയിട്ടില്ലെന്ന് പറഞ്ഞു. പക്ഷെ അദ്ദേഹത്തിന്റെ മറുപടിയിൽ, യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. ആ യോഗത്തിലെടുത്ത ചില തീരുമാനങ്ങളിൽ ആശങ്കകളുണ്ടെന്നാണ് ഞങ്ങളിവിടെ ഉന്നയിച്ചത്. പ്രത്യേകിച്ച് 69/2015-ാം നമ്പർ ജി.ഒ. ഒട്ടനവധി അവ്യക്തതകൾ നിറഞ്ഞതാണെന്നതിന്റെ അടിസ്ഥാനത്തിൽ അത് പുനഃപരിശോധിക്കാൻ റവന്യൂ (എ) വകുപ്പിനെ ചുമതലപ്പെടുത്തി എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കും സഭയ്ക്കും അംഗങ്ങൾക്കും അറിവുള്ള കാര്യമാണ്. ആ ജി.ഒ.-യിൽ വ്യക്തമായി പറഞ്ഞിരിക്കുന്ന ധാരാളം കാര്യങ്ങളുണ്ട്. അവിടെ ജനപ്രതിനിധികളുടെ കയ്യേറ്റങ്ങളുണ്ടെങ്കിൽ അതിനെതിരെ നടപടിയെടുക്കും, വിജിലൻസ് അന്വേഷണങ്ങളുണ്ടാകും, വീഴ്ച പറ്റിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കും എന്നിങ്ങനെ പ്രസക്തമായ ഒട്ടനവധി കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതാണ് 69/2015 നമ്പർ സർക്കാർ ഉത്തരവ്. ആ ഉത്തരവ് പൂർണ്ണമായും പുനഃപരിശോധിക്കുമെന്ന് സർക്കാർ പറയുമ്പോൾ ഇത്തരത്തിലുള്ള നടപടികളിൽ നിന്ന് പിൻവാങ്ങുന്ന സാഹചര്യമാണുള്ളത്. ഈ ഉത്തരവിൽ കർഷകദ്രോഹകരമായ സമീപനങ്ങളുണ്ടെങ്കിൽ ആ ഭാഗം ഭേദഗതി വരുത്താൻ

സർക്കാരിന് അധികാരമുണ്ട്. പക്ഷെ ആ ജി.ഒ. പൂർണ്ണമായും ഒഴിവാക്കാൻ പോകുന്നുവെന്ന് പറയുമ്പോൾ, ഞങ്ങൾ പറയുന്നതിൽ യാതൊരർത്ഥവുമില്ലെന്ന് പറഞ്ഞ് അടച്ചാക്ഷേപിക്കുന്ന നില നിർഭാഗ്യകരമാണ്. വളരെ പ്രധാനപ്പെട്ട ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) തൊഴിൽ സുരക്ഷയും വേതനവും

ശ്രീ. എം. രാജഗോപാലൻ: സർ, കേരളീയ വിദ്യാഭ്യാസ മേഖലയിൽ മാനേജ്മെന്റിന്റെ കൊട്ടുംചൂഷണംകൊണ്ട് പൊറുതിമുട്ടി, വേദനയും അമർഷവും കടിച്ചമർത്തി ആത്മനൊമ്പരത്തോടെ ജോലി ചെയ്യേണ്ടി വരുന്ന ഒരു വിഭാഗമാണ് കേരളത്തിലെ അൺ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപകർ. നീതി നിഷേധിക്കപ്പെട്ട ഒരു വിഭാഗമായ ഇവർ ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ ധർണ്ണ നടത്തുകയാണ്. സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./സ്റ്റേറ്റ് സിലബസുകളിലായി സംസ്ഥാനത്തെ മൂവായിരത്തോളം സ്കൂളുകളിലായി രണ്ട് ലക്ഷത്തിലധികം പേർ ജോലി ചെയ്യുന്ന വിപുലമായ ഒരു മേഖലയാണിത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ, ഒരു ജോലിക്കുവേണ്ടി വേഴാമ്പലിനെപ്പോലെ കാത്തിരുന്ന് കിട്ടാതെ വരുമ്പോൾ ഓഫീസ് ജീവനക്കാരായും അദ്ധ്യാപകരായും ജോലി ചെയ്യാൻ നിർബന്ധിക്കപ്പെട്ട് ഈ മേഖലയിൽ അഭയം പ്രാപിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും ബോർഡുകളും നിഷ്കർഷിച്ചിട്ടുള്ള നിയമാവലിക്ക് സമ്മതം രേഖപ്പെടുത്തിക്കൊണ്ട് എൻ.ഒ.സി.-യും അംഗീകാരവും നേടിക്കൊണ്ടാണ് അൺ-എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. അഫിലിയേഷൻ നേടിക്കഴിഞ്ഞാൽ ഇത്തരം സ്ഥാപനങ്ങൾ നിയമങ്ങളൊന്നും പാലിക്കാറില്ല. ജോലി നൽകിക്കൊണ്ടുള്ള നിയമന ഉത്തരവ് ഇവർക്ക് നൽകാറില്ല. പ്രൊബേഷൻ പിരീഡ് കഴിഞ്ഞാൽ മൂന്നുമാസത്തിനുള്ളിൽ അത് രേഖാമൂലം അറിയിക്കണമെന്ന നിയമവും ഇവിടെ പാലിക്കപ്പെടുന്നില്ല. സർവ്വീസ് സംബന്ധമായ വിഷയം കുറിക്കാൻ സർവ്വീസ് ബുക്കുകൾ ഉണ്ടാകാറില്ല. മാനേജ്മെന്റിന് തന്നിഷ്ടപ്രകാരം ആരെയും എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാവുന്ന സ്ഥിതിയാണുള്ളത്. കുറഞ്ഞ ശമ്പളത്തിൽ

ജോലി ചെയ്യിക്കുന്നത് മാത്രമല്ല, കണക്കിൽ നിയമാനുസൃതം ശമ്പളം നൽകുകയും അത് കൈപ്പറ്റുന്നതിന് മുമ്പുതന്നെ ഇവരിൽ നിന്ന് ബ്ലാങ്ക് ചെക്ക് ഒപ്പിട്ട് വാങ്ങുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. ബ്ലാങ്ക് ചെക്കിൽ ഒപ്പിട്ടുവാങ്ങി ശമ്പളത്തിന്റെ മുക്കാൽ പങ്കും തിരികെയെടുക്കുന്ന പ്രവണതയും കേരളത്തിൽ ശക്തിപ്പെടുകയാണ്. പന്ത്രണ്ടുവർഷം ജോലി ചെയ്തിട്ടും മൂവായിരത്തിനും അയ്യായിരത്തിനുമിടയിൽ മാത്രം ശമ്പളം ലഭിക്കുന്ന ജീവനക്കാരുണ്ട്. വർക്ക്ലോഡ് കൊണ്ട് ഇവർ പൊറുതിമുട്ടുകയാണ്. ആഴ്ചയിൽ 40 പിരീഡിൽ 37 പിരീഡ് വരെ പഠിപ്പിക്കേണ്ടി വരുന്ന അദ്ധ്യാപകർ ഇക്കൂട്ടത്തിലുണ്ട്. ഇതിനുപുറമെ രക്ഷിതാക്കളുടെയും കുട്ടികളുടെയും മുന്നിൽവച്ച് സ്കൂൾ അധികൃതർ നിസ്സാരകാര്യങ്ങളുടെ പേരിൽ ഈ അദ്ധ്യാപകരെ അപമാനകരമായ രീതിയിൽ പരസ്യമായി ശകാരിക്കാറുണ്ട്. പ്രസവാവധിയും അവധിക്കാല ശമ്പളവും ഇ.പി.എഫ്.-ഉം ഇ.എസ്.ഐ.-യും ജീവനക്കാരെ സംബന്ധിച്ചിടത്തോളം കേൾക്കാൻ സുഖമുള്ള സുന്ദരപദമായി മാറിയിരിക്കുകയാണ്. പ്രസവാവധി എന്ന അവകാശത്തെക്കുറിച്ച് ചിന്തിക്കാൻ പോലുമുള്ള സ്വാതന്ത്ര്യം ഈ മേഖലയിലെ വനിതാ ജീവനക്കാർക്കില്ല. പ്രസവ നിരോധന നയമാണ് ചില മാനേജ്മെന്റുകൾ നിഷ്കർഷിച്ചിട്ടുള്ളത്. ജോലി നൽകുമ്പോൾത്തന്നെ രണ്ട് വർഷത്തേയ്ക്ക് വിവാഹിതരാകരുതെന്ന് നിഷ്കർഷിക്കുന്ന സ്ഥാപനങ്ങൾപോലും കേരളത്തിലുണ്ട്. മാനസിക പീഡനം, ശാരീരിക പീഡനം, സാമൂഹിക പീഡനം അങ്ങനെ ബഹുമുഖ പീഡനങ്ങളുടെ ഇരകളാണിവർ. ജോലിക്ക് ചേരുമ്പോൾ തന്നെ ബോണ്ടായി ലക്ഷങ്ങൾ വാങ്ങുന്ന മാനേജ്മെന്റുകൾ കേരളത്തിലുണ്ട്. ഒരു ലക്ഷം നൽകുന്നവർ പ്രൈമറി വിഭാഗത്തിലും രണ്ടുലക്ഷം നൽകുന്നവർ യു.പി. വിഭാഗത്തിലും അധികലക്ഷങ്ങൾ നൽകുന്നവർ ഉയർന്ന ക്ലാസുകളിലും നിയമിക്കപ്പെടുന്നു. പക്ഷേ ഇതിന്റെ പലിശപോലും ശമ്പളമായി കൊടുക്കാൻ മാനേജ്മെന്റുകൾ തയ്യാറല്ല. കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് സ്കീമാണ് സ്വകാര്യ സ്കൂളുകളിൽ ഉണ്ടാകേണ്ടത്. എന്നാൽ അതിലും മാനേജ്മെന്റ് കയ്യിട്ടുവാരുകയാണ്. 12 ശതമാനം ജോലിക്കാരിൽ നിന്നും 12 ശതമാനം മാനേജ്മെന്റിൽ നിന്നുമുള്ള തുകയാണ് ഇ.പി.എഫ്.-ൽ നിക്ഷേപിക്കേണ്ടത്. എന്നാൽ ഇ.പി.എഫ്. ഉള്ള സ്കൂളുകളിൽ 24 ശതമാനവും ജീവനക്കാരൻ തന്നെ നൽകേണ്ട അവസ്ഥയാണുള്ളത്. ഇ.എസ്.ഐ. ആനുകൂല്യം സർക്കാർ പറയുന്നുണ്ടെങ്കിലും സ്വകാര്യ മാനേജ്മെന്റുകൾക്ക് ഇതൊന്നും ബാധകമല്ല. വേതനത്തിന്റെ കാര്യത്തിൽ വിവരണാതീതമായ ചെയ്തികളാണ് മാനേജ്മെന്റ് കൈക്കൊള്ളുന്നത്. സർക്കാർ ജീവനക്കാർക്കുള്ളതുപോലെ തുല്യമായ വേതനം നൽകാമെന്ന് സമ്മതപത്രം നൽകിയവർ ദിനംപ്രതി 100 രൂപപോലും നൽകാതെ പണിയെടുപ്പിക്കുകയാണ്. ഈ ദുഃസ്ഥിതി കണ്ട് ഒരു ഘട്ടത്തിൽ ബഹുമാനപ്പെട്ട

ഹൈക്കോടതി തന്നെ ഒരു ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രൈമറി/അപ്പർ പ്രൈമറി തലത്തിൽ 10,000 രൂപയും ഹൈസ്കൂൾ തലത്തിൽ 15,000 രൂപയും ഹയർ സെക്കണ്ടറി തലത്തിൽ 20,000 രൂപയും കുറഞ്ഞ വേതനമായി നൽകണമെന്നാണ് K.F.C. 321 D.B. ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനെ വെല്ലുവിളിച്ചുകൊണ്ടാണ് വർഷങ്ങളോളം ജോലി ചെയ്യുന്ന ജീവനക്കാർക്ക് കേവലം 3,000-ഉം 5,000-ഉം രൂപ മാത്രം കൊടുക്കുന്നത്. ഉത്സവകാല ബോണസ് അൺ-എയ്ഡഡ് മേഖലയിലെ ജീവനക്കാർക്ക് നൽകുന്ന പതിവില്ല. നോൺ ടീച്ചിംഗ് സ്റ്റാഫിന്റെ മിനിമം വേജസ് പുതുക്കി നിശ്ചയിച്ചിട്ടില്ല. 2010-ലാണ് അവസാനമായി ഇത് പ്രഖ്യാപിച്ചത്. സ്വാഭാവികമായി അഞ്ചുവർഷം കഴിഞ്ഞാൽ ഇത് പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഇപ്പോൾ ഏഴ് വർഷം കഴിഞ്ഞിരിക്കുകയാണ്. ഇപ്പോഴും ആയമാർക്കും സ്വീപ്പർമാർക്കും 7,000 രൂപ മാത്രം ലഭിക്കുന്ന സ്ഥിതിയാണുള്ളത്. ചില മാനേജ്മെന്റുകൾ ഇവരുടെ അദ്ധ്വാനശേഷിയെ ചവിട്ടിപ്പിഴിഞ്ഞെടുക്കുകയാണ്. ഒരു നിയമനിർമ്മാണത്തിലൂടെ യല്ലാതെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കില്ല. അതുകൊണ്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, വിവിധ സിലബസുകൾ പഠിപ്പിക്കുന്ന അൺ-എയ്ഡഡ് സ്കൂൾ ജീവനക്കാരെ ഏകീകരിച്ചുകൊണ്ട് ജീവനക്കാരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്താനും അടിയന്തരമായി ഇടപെട്ട് ഒരു നിയമനിർമ്മാണം നടത്താൻ തയ്യാറാകണ മെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം, ഡി.പി.ഐ.-യുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള അൺ-എയ്ഡഡ് സ്കൂൾ മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം നിർജ്ജീവമാണ്. ആ സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ഈ മേഖലയിലെ ജീവനക്കാർക്കായി ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാൻ സർക്കാർ തയ്യാറാകണം. ഈ മേഖലയിൽ സമഗ്രമായ പഠനത്തിന്റെ അഭാവമുണ്ട്. പണ്ട് നിയോഗിക്കപ്പെട്ട കമ്മീഷനുകളൊന്നുംതന്നെ പ്രസക്തമല്ലാതിരുന്നതിനാൽ ഒരു സമഗ്രമായ പഠനം നടത്തി പ്രശ്നപരിഹാരത്തിനുള്ള ഇടപെടൽ നടത്തുന്നതിനുവേണ്ടി ഒരു കമ്മീഷനെ നിയോഗിക്കണമെന്നുകൂടി ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ അൺ-എയ്ഡഡ് മേഖലയിൽ സംസ്ഥാന സിലബസിലും കേന്ദ്ര സിലബസിലും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. അവിടത്തെ ജീവനക്കാരും അദ്ധ്യാപകരും അതത് സ്കൂൾ മാനേജ്മെന്റുകളുടെ കീഴിലാണ് ജോലി ചെയ്യുന്നത്. എങ്കിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്നതാകയാൽ ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ

മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ-എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം XIV-AA യിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 2007-ൽ സർക്കാർ നിയോഗിച്ച രണ്ടംഗ കമ്മീഷന്റെ ശിപാർശയനുസരിച്ച് നിലവിലുള്ള വേതനം 14-2-2011-ലെ ജി.ഒ. പ്രകാരം പുതുക്കി നിശ്ചയിക്കുകയും ഇതുപ്രകാരം അംഗീകാരമുള്ള അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7,000 രൂപയും എച്ച്.എസ്.എ.-ക്ക് 6,000 രൂപയും പ്രൈമറി ടീച്ചർക്ക് 5,000 രൂപയും ക്ലാർക്കിന് 4,000 രൂപയും ക്ലാസ്-IV ജീവനക്കാർക്ക് 3,500 രൂപയും മിനിമം വേതനം ഉറപ്പുനൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി.-ക്കുള്ള മാനദണ്ഡത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ മേഖലയിലെ കടുത്ത തൊഴിൽചൂഷണം അവസാനിപ്പിക്കുന്നതിനും അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരെ മിനിമം വേതനത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുമായി നിയമനിർമ്മാണം നടത്തുന്നതിനുള്ള കരട് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിഷ്കർഷിച്ചുകൊണ്ട് 19-7-2014-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവനുസരിച്ച് യു.ജി.സി. മാനദണ്ഡപ്രകാരം യോഗ്യതയുള്ളവർക്ക് സംസ്ഥാന സർവ്വീസിന് സമാനമായ തസ്തികയിൽ നൽകിവരുന്ന വേതനം നൽകണമെന്നും മറ്റുള്ളവർക്ക് മിനിമം 10,000 രൂപ പ്രതിമാസം നൽകണമെന്നും നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ, സ്വാശ്രയ മേഖലയിലുള്ള മറ്റ് പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ, ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് കെ. കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ. എം. കുറുപ്പ്, ഡോ. ആർ. വി. ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. കമ്മീഷൻ നാലുമാസത്തിനുള്ളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ടി വിഷയത്തിൽ ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(2) മൂന്നാറിന്റെ സംരക്ഷണം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കിയിലെ ഭൂരിപക്ഷം കുടിയേറ്റവും 1950 കാലഘട്ടത്തിലുണ്ടായിട്ടുള്ളതാണ്. ഇപ്രകാരം കുടിയേറിയ കർഷകരുടെ കൈവശഭൂമിക്ക് പട്ടയം അനുവദിച്ചത് 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ലാൻഡ് അസൈൻമെന്റ് ആക്ടും അതിൻപ്രകാരമുള്ള ചട്ടങ്ങളും 1960-ലെ കേരള ലാൻഡ്

അസൈൻമെന്റ് ആക്ടും അതിൻകീഴിലുള്ള 1964-ലെ ചട്ടങ്ങളും പ്രകാരമാണ്. 1950-ലെയും 1960-ലെയും നിയമത്തിൻകീഴിലുള്ള ചട്ടം 4-ൽ പ്രതിപാദിച്ചിട്ടുള്ള പതിവിന്റെ ഉദ്ദേശ്യം രണ്ടും ഒന്നുതന്നെയാണ്. അതിൽ പറയുന്നത്, Purposes for which the land may be assigned.- Government lands may be assigned on registry for purposes of personal cultivation, house-sites and beneficial enjoyment of adjoining registered holdings എന്നാണ്. ഇതുതന്നെയാണ് 1950-ലെയും 1960-ലെയും ആക്ടിലും 1964-ലെ റൂളിലും പ്രതിപാദിച്ചിട്ടുള്ളത്. എന്നാൽ ഇക്കാര്യം പലപ്പോഴും അസൈൻമെന്റ് ഓർഡറിലോ പട്ടയ ഫോമിലോ നമ്മൾ കാണിച്ചിട്ടില്ല. അതുകൊണ്ടാകാം, അവിടെ നിലവിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കും ബാങ്ക് വായ്പകൾക്കുമെല്ലാം അനുമതി കൊടുക്കത്തക്ക നിലയിൽ ഈ ചട്ടം 4-ലെ ഉദ്ദേശ്യം മനസ്സിലാക്കാതെ ബിൽഡിംഗ് പെർമിറ്റും കെട്ടിട നമ്പരും വൈദ്യുതി കണക്ഷനും ബാങ്ക് വായ്പയുമടക്കം യഥാസമയം അനുമതി നൽകിവരുന്നത്. ഇതാണ് നിലവിൽ ഇടുക്കിയിലെ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണം. ഈ ചട്ടവും റൂളും പരിശോധിക്കേണ്ട ഉദ്യോഗസ്ഥർ, പട്ടയം കൊടുക്കുന്ന സമയത്ത് അത് പരിശോധിച്ചിരുന്നെങ്കിൽ ഒരുപക്ഷേ ഇതെല്ലാം ഒഴിവാക്കാമായിരുന്നു. ഇപ്പോൾ തുടർന്നുവരുന്ന നടപടിക്രമം ഇതാണ്. കിട്ടിയ ഭൂമിയിൽ ഇടുക്കി ജില്ലയിലെ ഭൂരിഭാഗം ചെറുപട്ടണങ്ങളും വ്യാപാരസ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആരാധനാലയങ്ങളും മറ്റും സ്ഥിതി ചെയ്യുകയാണ്. ഇപ്പോൾ കേരള സംസ്ഥാനത്തുള്ള മറ്റ് നിയമങ്ങളൊന്നും ഇപ്രകാരമുള്ള സ്ഥാപനങ്ങൾ നിലനിർത്തുന്നതിനും സ്ഥാപിക്കുന്നതിനും ഉപയുക്തമായ രീതിയിലല്ല. സമീപകാലത്തുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇത് നടപ്പിലാക്കിയാൽ 1964-ൽ ചട്ടപ്രകാരം പതിച്ചുകൊടുത്ത പട്ടയഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള ടി സ്ഥാപനങ്ങൾ നീക്കംചെയ്യപ്പെടേണ്ടതുമായി വരും. 27-3-2017-ൽ നടന്ന ചർച്ചയിലും അതോടൊപ്പം സർവ്വകക്ഷിയോഗത്തിലുമെല്ലാം ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അടിയന്തരമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടാകണം. ഇതിലെ മറ്റൊരു പ്രധാന വിഷയം, ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിലായിരിക്കാം, മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പരിധിയിൽ വരുന്ന 8 വില്ലേജുകളിൽ ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ അനുമതിയില്ലാതെ നിർമ്മാണ പ്രവർത്തനങ്ങളെല്ലാം നിർത്തിവയ്ക്കുന്നത് സംബന്ധിച്ച ഒരു വിഷയം രൂപപ്പെട്ടിരിക്കുകയാണ്. ഇടുക്കിയിൽ ഒരു ചരിത്രവും പശ്ചാത്തലവുമുണ്ട്. അവിടെ കുടിയേറ്റം നടക്കുന്ന കാലഘട്ടത്തിൽ കാർഷിക മേഖലയിലേയ്ക്ക് grow more food basis-ൽ ഭക്ഷ്യധാന്യങ്ങൾ ഉത്പാദിപ്പിക്കുന്നതിനായി കർഷകർ കുടിയേറിയതാണ്. അന്ന് ശരാശരി അഞ്ചും ആറും ഏക്കർ വരെ ഭൂമിയുള്ളവരുണ്ടായിരുന്നു. ഇന്ന്

അമ്പത് സെന്റും ഒരേക്കറിൽ താഴെ ഭൂമിയുള്ളവരുമാണുള്ളത്. അവിടെയുള്ളവർക്ക് ഉപജീവനം നടത്താൻ നിർവ്വാഹമില്ല. ഇടുക്കിയിലെയും മൂന്നാറിലെയും വിഷയങ്ങളും പട്ടയപ്രശ്നങ്ങളും കയ്യേറ്റവും കുടിയേറ്റവുമൊക്കെ സമ്മിശ്രമായി ഇടുക്കിയിലെ ജനവാസത്തെ ദുരിതപൂർണ്ണമാക്കുകയാണ്. ഇതിന്റെ സത്യാവസ്ഥ യിലേയ്ക്ക് സർക്കാർ വരണം. ഇന്ന് അമ്പത് സെന്റ് ഭൂമിയുള്ള സാധാരണ കർഷകന് അവിടെ കൃഷി ചെയ്തുമാത്രം ജീവിക്കാൻ കഴിയുന്ന സാഹചര്യമില്ല. പ്രകൃതിയുടെ ദുരവസ്ഥ, പ്രകൃതിക്ഷോഭം, നാണ്യവിളകളുടെ വിലയിടിവ് തുടങ്ങിയ കാരണങ്ങൾകൊണ്ട് കൃഷി ഏറെ ദോഷകരമായി നിൽക്കുന്ന സന്ദർഭത്തിൽ ഉപജീവനത്തിനുവേണ്ടി, ജീവനോപാധിയായി ഒരു പെട്ടിക്കട വയ്ക്കാൻപോലും നിയമത്തിന്റെ അടിസ്ഥാനത്തിൽ സാധ്യമല്ല. അതുകൊണ്ട് ഇതിൽ വരുത്തേണ്ട ഭേദഗതികൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. അവർക്ക് ജീവിക്കാനുള്ള അനുമതി കൊടുക്കണ്ടേ? അവരെ എന്തിനുവേണ്ടിയാണോ അങ്ങോട്ട് കുടിയേറ്റിയത് അതുപോലെതന്നെ അവരെ സംരക്ഷിക്കേണ്ട ചുമതലയും സർക്കാരിനുണ്ട്. ജൈവവൈവിദ്ധ്യങ്ങളെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതോടൊപ്പം അവിടെ ജീവിക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ട തായിട്ടുണ്ട്. അതുകൊണ്ട് ഈ ആക്ടിലും റൂളിലും ആവശ്യമായ ഭേദഗതി വരുത്താതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ല. അഥവാ, ഇന്ന് ഈ നിയമം നടപ്പിലാക്കാൻ നിർബന്ധിതരായാൽ ഇതിന്റെ വ്യാപ്തി ഇടുക്കി ജില്ലയിൽ മാത്രം നിൽക്കുമോ എന്നുള്ള കാര്യം പരിശോധിക്കണം. കഴിഞ്ഞ ദിവസം ഞാനും ദേവികുളം താലൂക്ക് ഫാർമേഴ്സ് ഫോറത്തിന്റെ പ്രസിഡന്റ് ശ്രീ. എ. ആർ. അനിയൻ കുഞ്ഞും ചേർന്ന് ഒരു മെമ്മോറാണ്ടം ബഹുമാനപ്പെട്ട മന്ത്രിക്ക് നൽകുകയുണ്ടായി. ആ മെമ്മോറാണ്ടം ബഹുമാനപ്പെട്ട മന്ത്രി ഗൗരവപൂർവ്വം പരിഗണിക്കുകയും കളക്ടറോട് റിപ്പോർട്ട് ആരായുകയും ചെയ്തു. ഞാൻ ആ റിപ്പോർട്ട് കണ്ടു. ആ റിപ്പോർട്ട് മന്ത്രിയുടെ പരിഗണനയ്ക്കായി തിരിച്ചുവന്നിട്ടുണ്ടെന്ന് ഞാൻ കരുതുന്നില്ല. അതിൽ, If the judgement in WPC/32143 & 32145 of 2016 is implemented, all cases from 1950 onwards will have to be revised and huge corrective action will have to be taken. This will have a great impact socially and economically in the society even law and order would be restricted എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിയമം നടപ്പിലാക്കാൻ നിർബന്ധിതരായാൽ ഇടുക്കി ജില്ലയിൽ മാത്രം നിൽക്കില്ല, കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളെയെല്ലാം ഒരേ രീതിയിൽ ബാധിക്കുന്ന വിഷയമാണിത്. ഇതിനിടയിൽ ഈ പ്രശ്നം പരിഹരിക്കാൻ നമുക്ക് കഴിയണം. നിയമത്തിന്റെ ബലത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. തീർച്ചയായും ഈ

വിഷയത്തിൽ ഭേദഗതി കൊണ്ടുവരേണ്ടത് അനിവാര്യമാണ്. Assigned Land-ൽ പട്ടയം തന്നാൽ, പട്ടയ വസ്തുവിൽ വയ്ക്കുന്ന മരങ്ങൾക്കുള്ള ഉടമസ്ഥാവകാശംപോലും കർഷകർക്ക് ഇന്നില്ല. കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്നത് ആരാണ്? നമ്മുടെ സംസ്ഥാനം ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്. ഇടുക്കി ജില്ലയാണ് അത്തരം കാര്യങ്ങളിൽ ഏറ്റവും കൂടുതൽ സംരക്ഷണം കൊടുക്കുന്നത്. അവിടെ കൃഷിയോടൊപ്പം മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനം കൂടി കൊടുക്കണം. ചന്ദനം, ഈട്ടി, തേക്ക് എന്നീ മരങ്ങളുടെ പേരുകൾ കേൾക്കുമ്പോൾ പേടിക്കേണ്ട കാര്യമെന്താണ്? ഈ മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതല്ലേ? ആ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതൊന്നും ഒന്നോ രണ്ടോ മൂന്നോ മനുഷ്യായുസ് കാലഘട്ടം കൊണ്ട് വെട്ടാറാകുന്നതല്ല. പക്ഷെ ആരും അതിന് തയ്യാറാകുന്നില്ല. പട്ടയഭൂമിയിൽ തനതായി കർഷകർ വയ്ക്കുന്ന മരത്തിന്റെ ഉടമസ്ഥാവകാശം അവർക്കുള്ളതാണ്. അതൊക്കെ ഭാവിയിൽ അനിവാര്യവുമാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ ഭേദഗതി കൊണ്ടുവരേണ്ടതുണ്ട്. മൂന്നാറിനെ സംരക്ഷിക്കണമെങ്കിൽ പ്രത്യേകം നിയമം വേണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. റോഷി അഗസ്റ്റിൻ ഏഴ് മിനിട്ടായി.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ചുരുക്കുന്നു. പ്രത്യേക നിയമമാണ് ആവശ്യം. ഇവിടെ പട്ടയ പ്രശ്നം, ഭൂമി തർക്കം, ഇതെല്ലാം കാരണം എങ്ങനെ ജനങ്ങൾ ജീവിക്കും? മൂന്നാറിലെ പെട്ടിക്കടക്കാർ, ചെറുകിട കർഷകർ തുടങ്ങി അവിടെ ജീവിക്കുന്നവർക്ക് എന്ത് മാർഗ്ഗമാണ് നമുക്ക് കാണിച്ചുകൊടുക്കാൻ കഴിയുന്നത്. അവരെ നമുക്ക് സംരക്ഷിക്കണം. വൻകിട/ചെറുകിട കയ്യേറ്റങ്ങൾ ഒഴിവാക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, പട്ടയഫോമിലോ അസൈൻമെന്റ് ഓർഡറിലോ പ്രതിപാദിക്കാത്തതിന്റെ ഭാഗമായി റവന്യൂ അധികൃതരുടെ എൻ.ഒ.സി.-യും ബിൽഡിംഗ് പണിയുന്നതിനാവശ്യമായ പെർമിഷനും പ്ലാനും അപ്രൂവ് ചെയ്ത് ഒരു വ്യക്തി കെട്ടിടം പണിയാനായി മുന്നോട്ടുപോയാൽ, ആ കെട്ടിട നിർമ്മാണത്തിന് അപേക്ഷ കൊടുത്തയാളിന്റെ ഭാഗത്ത് തെറ്റുണ്ടാകുമോ. ഇന്ന് അതിൽ വീഴ്ച കണ്ടെത്തിയിരിക്കുകയാണ്. അവിടെ ബഹുനില മന്ദിരങ്ങൾ ആവശ്യമുണ്ടെന്ന് പറയുന്നില്ല. അവിടെ ഇക്കോ ഫ്രണ്ട്ലിയായ, പരിസ്ഥിതിക്ക് യോജിച്ച രീതിയിലാവശ്യമായ കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ആവശ്യമാണ്. വീഴ്ചകൾ ഉദ്യോഗസ്ഥ തലത്തിലാണെങ്കിൽ പരിശോധിക്കണം. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ വളരെ ശ്രദ്ധിച്ചുള്ള നിലപാടുകളാണ് അനിവാര്യം. തർക്കങ്ങൾകൊണ്ട് മൂന്നാർ പ്രശ്നത്തിന്റെ പേരിൽ ഇടുക്കി ജില്ലയെ മുഴുവൻ ബാധിക്കുന്ന വലിയ വിഷയങ്ങൾ രൂപപ്പെട്ട് വരികയാണ്. മൂന്നാറിൽ പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിക്കാൻ പ്രത്യേക നിയമമുണ്ടാകണം. മൂന്നാറിന് പ്രത്യേക നിയമപരിരക്ഷ ഉണ്ടാകണം. കെ.ഡി.എച്ച്. വില്ലേജിൽ ചില

റെസ്റ്റിക്ഷൻസൊക്കെ നമ്മൾ പാലിച്ചിട്ടുണ്ട്. അങ്ങനെ പാരിസ്ഥിതികമായി ജൈവവൈവിദ്ധ്യ മേഖലയായ മൂന്നാറിനെ സംരക്ഷിക്കാൻ സഭയ്ക്കുതന്നെ ഒരു നിയമം രൂപപ്പെടുത്താൻ കഴിയും. ഇക്കാര്യങ്ങളിൽ വളരെ വ്യക്തമായ നിലപാടുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്...പ്ലീസ് കൺക്ലൂഡ്. ഒമ്പത് മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, ഇടുക്കി അതിർത്തിയിലെ ഭൂരിപക്ഷം പ്രദേശവും ഭൂ മാപ്പിൽ തമിഴ്നാടിന്റെ ഭാഗമായിരിക്കുന്നു എന്നാണറിയുന്നത്. അത് ശ്രദ്ധിക്കേണ്ട വിഷയമാണ്. കമ്പംമേട്ടിലെ തർക്കങ്ങൾ നിലനിൽക്കുകയാണ്. ഭൂമാപ്പിൽ ഉണ്ടായിട്ടുള്ള അപാകതകൾ ശരിയാണെങ്കിൽ അവ പരിശോധിക്കണം. അതുകൊണ്ട് ഇടുക്കിയിലെ ഭൂപ്രശ്നങ്ങളെപോലെ തന്നെ അതീവ ജാഗ്രതയോടുകൂടി 1964-ലെ റൂളിൽ ആവശ്യമായ ഭേദഗതി കൊണ്ടുവന്ന് അവിടത്തെ സാധാരണക്കാരായ ജനങ്ങളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. മൂന്നാറിന് ആവശ്യമായ നിയമപരിരക്ഷ കൊടുക്കണം. മൂന്നാറിന്റെ പേരിൽ വിപ്ലവകരമായ വലിയ പ്രശ്നം നടക്കുന്നുവെന്ന് പൊതുലോകത്തെ ധരിപ്പിച്ച് ഇടുക്കിയിലെ സാധാരണ ജീവിതത്തെ ദുസ്സഹമാക്കരുത്. സാധാരണക്കാർക്കെല്ലാം നിയമപരിരക്ഷ ലഭിക്കാൻ ഈ സർക്കാർ ജാഗ്രത പുലർത്തണമെന്ന് അപേക്ഷിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട കാര്യമാണിത്. രാവിലെ നടത്തിയ ചർച്ചയൊക്കെ നമുക്കറിയാവുന്നതാണ്. ഇക്കാര്യം വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങളിലെ നാലാം ചട്ടത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് വളരെ കൃത്യമായ കാര്യങ്ങളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. കോടതിവിധി, നിലവിലുള്ള ആക്ടിന്റെയും റൂൾസിന്റെയും അടിസ്ഥാനത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടപ്പാക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങളുൾപ്പെടെ ധാരാളം വിഷയങ്ങളുണ്ട്. അത് ഇടുക്കിയിലും ചിലപ്പോൾ അതിനുപുറത്തും എല്ലായിടത്തും ബാധകമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയാണ്. നിലവിൽ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ശ്രദ്ധാപൂർവ്വമായ പരിശോധന നടത്തി ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്നല്ലാതെ, ഇപ്പോൾത്തന്നെ ആവശ്യമായ കാര്യങ്ങൾ ചെയ്യാമെന്ന് പറയാൻ കഴിയുന്ന പാകത്തിലല്ല.

1960-ലെ കേരള ഭൂമിപതിവ് നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള വിവിധ ചട്ടങ്ങൾ പ്രകാരമാണ് കേരളത്തിൽ സർക്കാർഭൂമി പതിച്ച് നൽകുന്നത്. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമിപതിവ് ചട്ടവും മുനിസിപ്പൽ-കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ കേരള ഭൂമിപതിവ് മുനിസിപ്പൽ

കോർപ്പറേഷൻ ചട്ടപ്രകാരവുമാണ് ഭൂമി പതിച്ചുനൽകുന്നത്. കൂടാതെ 1993-ലെ കേരള ഭൂമിപതിച്ച് നൽകൽ പ്രത്യേക ചട്ടപ്രകാരം 1-1-1977-ന് മുമ്പ് വനഭൂമി കൈവശം വച്ച് വരുന്നവർക്ക് ഭൂമി പതിച്ചുനൽകുന്നുണ്ട്. 1964-ലെ കേരള ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം കൃഷി, ഭവനനിർമ്മാണം, അയൽവസ്തുവിന്റെ ഗുണകരമായ അനുഭവം എന്നീ ആവശ്യങ്ങൾക്ക് പതിച്ചുനൽകാമെന്നാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഈ ചട്ടങ്ങൾപ്രകാരം ഒരാളുടെ കൈവശമിരിക്കുന്ന ഭൂമി അയാൾക്ക് പതിച്ചുനൽകുന്നതിനും പ്രസ്തുത ഭൂമി വിൽപ്പന നടത്തുന്നതിനും 2014 വരെ തടസ്സങ്ങളില്ല. 2014 വരെ പതിച്ചുകിട്ടുന്ന ഭൂമി വിൽപ്പന നടത്താൻ പാടില്ലെന്നായിരുന്നു വ്യവസ്ഥ. 30-9-2014-ലെ ജി.ഒ. നമ്പർ 425/14 ആർ.ഡി. അനുസരിച്ച് ചട്ടങ്ങൾ ഭേദഗതി ചെയ്ത് വിൽപ്പന നടത്താവുന്നതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ ഭൂമി കൈവശമില്ലാത്ത ഒരാൾക്ക് ഭൂമി പതിച്ചുനൽകിയാൽ ആ ഭൂമി 25 വർഷത്തേയ്ക്ക് വില്പന നടത്താൻ പാടില്ലെന്നാണ് വ്യവസ്ഥ. എന്നാൽ പ്രസ്തുത ഭൂമി പിൻതുടർച്ചാവകാശിക്ക് കൈമാറ്റം ചെയ്യുന്നതിന് തടസ്സമില്ല. ഭൂരഹിതനായ ഒരാൾ പതിച്ചുകിട്ടിയ ഭൂമി വില്പന നടത്തിയാൽ അയാൾ വീണ്ടും ഭൂരഹിതനാകുമെന്നുള്ളതുകൊണ്ടാണ് ഈ വ്യവസ്ഥ വച്ചിട്ടുള്ളത്. എന്നാൽ ഈ വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അവിടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഈ വ്യവസ്ഥകളൊന്നും ഇല്ലാതിരുന്നിട്ടും നിലവിലുള്ള നിയമത്തിലില്ലാത്ത കാര്യങ്ങളെ സംബന്ധിച്ച് കോടതി നടത്തിയ പരാമർശങ്ങളുൾപ്പെടെയുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ ചൂണ്ടിക്കാണിച്ചത്. ആ സാഹചര്യത്തിൽ ശ്രദ്ധാപൂർവ്വം ഇക്കാര്യങ്ങൾ പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ജില്ലയിലെ ഭൂ പ്രശ്നങ്ങൾ പരിഹരിക്കാൻ സമയബന്ധിതമായി ഇടപെടുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ ശ്രമിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 1964-ലെ ഭൂമി പതിവ് ചട്ടവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പുനഃപരിശോധിക്കണമെന്നോ അതിൽ ഭേദഗതി വരുത്തണമെന്നോ പറയുന്നത് പൊതുവായി ബാധിക്കുന്ന ഒരു വിഷയമാണ്. ഏതായാലും ഈ നിർദ്ദേശം പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാവുന്നതാണ്.

## V സബ്മിഷൻ

### (1) റെയിൽപ്പാത

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ ഭാവി വികസനത്തിന് വളരെ പ്രയോജനപ്പെടുന്നതാണ് നഞ്ചൻകോട്-സുൽത്താൻബത്തേരി-നിലമ്പൂർ റെയിൽപ്പാത. കേന്ദ്രാനുമതി ലഭിച്ച ഈ പാത സംസ്ഥാന സർക്കാർ സംയുക്തസംരംഭമായി നിർമ്മിക്കാൻ തീരുമാനിക്കുകയും റെയിൽവേയുമായി ഒപ്പിട്ട

കരാർ പ്രകാരം കേരളത്തെ മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നതുമാണ്. പാർലമെന്റിൽ നിരവധി തവണ ഞങ്ങൾ ഈ വിഷയം ഉന്നയിച്ചിരുന്നു. ഈ പാതയുടെ ഡി.പി.ആർ. തയ്യാറാക്കാനായി 8 കോടി രൂപ അനുവദിക്കുകയും സംസ്ഥാന സർക്കാർ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ആദ്യഘട്ടമായി രണ്ട് കോടി രൂപ ഡി.എം.ആർ.സി.-യുടെ അക്കൗണ്ടിൽ നിക്ഷേപിക്കാൻ 13-02-2017-ന് ട്രാൻസ്പോർട്ട് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ ആ തുക ഇതുവരെ ഡി.എം.ആർ.സി.-ക്ക് കൈമാറാത്തതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്നതിൽനിന്നും പിന്മാറുമെന്ന് ശ്രീ. ഇ. ശ്രീധരൻ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ലഭിച്ചിട്ടുള്ള വിവരം. ഈ വസ്തുത കാണിച്ച് സുൽത്താൻബത്തേരി എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ മുഖ്യമന്ത്രിക്ക് നൽകിയ കത്ത് പരിഗണിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവെന്ന നിലയിൽ 3-5-2017-ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്ത് നൽകുകയുണ്ടായി. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളെയും ഡി.എം.ആർ.സി. ചെയർമാനെയും പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തരയോഗം വിളിച്ചു ചേർക്കണമെന്നാണ് കത്തിലുള്ളത്. സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം തലശ്ശേരി-മൈസൂർ പാതയുടെ സാധ്യതാ പഠന റിപ്പോർട്ട് ഡി.എം.ആർ.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ തലശ്ശേരി -മൈസൂർ ഭാഗം നഷ്ടം വരുത്തുന്നതാണെന്നും കേരളത്തിന് പ്രയോജനപ്പെടുന്നത് നഞ്ചൻകോട്-സുൽത്താൻബത്തേരി-നിലമ്പൂർ പാതയാണെന്നുമാണ് പറഞ്ഞിട്ടുള്ളത്. മൈസൂർ പാതയ്ക്ക് ഞാനെതിരല്ല. അങ്ങനെ റിപ്പോർട്ട് വന്നുവെന്ന് പറഞ്ഞെന്നേയുള്ളൂ. കേരളത്തിന് മുഴുവൻ പ്രയോജനപ്പെടുന്ന ഈ പാത അടിയന്തരമായി നടപ്പാക്കാൻ ഡി.പി.ആർ.-ഉം മറ്റ് കാര്യങ്ങളും തയ്യാറാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആവശ്യമെങ്കിൽ കർണ്ണാടക സർക്കാരുമായി ജനപ്രതിനിധികളടക്കം ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകണം. കർണ്ണാടക തടസ്സം പറയുകയാണെങ്കിൽ നിലമ്പൂർ-സുൽത്താൻബത്തേരി വരെയെങ്കിലും ഡി.പി.ആർ. തയ്യാറാക്കാൻ സർക്കാർ തയ്യാറാകണമെന്ന് റെയിൽവേയുടെ ചുമതല വഹിക്കുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിരവധി സാങ്കേതിക പ്രശ്നങ്ങളും കേന്ദ്ര-സംസ്ഥാന ബന്ധവും അന്യസംസ്ഥാനങ്ങളുമായും ബന്ധപ്പെട്ടിട്ടുള്ള വളരെ പ്രധാനപ്പെട്ട ഒരു ഗതാഗത പ്രശ്നമാണ് റെയിൽവേയുമായി ബന്ധപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചിരിക്കുന്നത്. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ 8 കോടി രൂപ ചെലവിൽ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. അതിനായി 2016 നവംബർ 24-ന് 71/2016/ഗതാഗതം നമ്പരായി 2 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈൻ കേരളത്തിലെ സംരക്ഷിത വനമേഖലയിലൂടെ കടന്നുപോകുന്ന

എന്നുള്ളതാണ് ഒരു സാങ്കേതിക പ്രശ്നം. കൂടാതെ അന്യസംസ്ഥാനമായ കർണ്ണാടകയിലെ സംരക്ഷിത വനപ്രദേശമായ ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയും കടുവാ സങ്കേതത്തിലൂടെയും കടന്നുപോകണം. അതിനാൽ കേന്ദ്ര-പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെ 4-10-2012-ലെ 3782/1/2012 അസാധാരണ ഗസറ്റ് പ്രകാരം ബന്ദിപ്പൂർ ദേശീയോദ്യാനത്തിലൂടെയുള്ള റെയിൽവേ ലൈനുകൾ, ഭൂഗർഭ പൈപ്പ് ലൈനുകൾ, റോപ് വേ എന്നിവ നിരോധിച്ചിരിക്കുകയാണ്. കർണ്ണാടകയിലൂടെ കടന്നുപോകുന്നതിനാൽ പദ്ധതി ച്ചെലവിന്റെ പങ്കാളിത്തം കർണ്ണാടക സർക്കാരും വഹിക്കണം. അവിടത്തെ വിവിധ വകുപ്പുകളുടെ അനുമതിയും ആവശ്യമായിട്ടുണ്ട്. ഇതുസംബന്ധിച്ച് കർണ്ണാടക പരിസ്ഥിതി-വനം-മന്ത്രാലയവുമായി യോഗം ചേർന്നിരുന്നു. നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 2017 മാർച്ച് 17-ന് കർണ്ണാടകയിലെ അടിസ്ഥാന സൗകര്യവികസന വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിവിധ തടസ്സങ്ങൾ കണക്കിലെടുത്ത് പരിസ്ഥിതിലോല പ്രദേശങ്ങൾ, വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയോദ്യാനങ്ങൾ എന്നിവ ഒഴിവാക്കി ഒരു അലൈൻമെന്റ് തയ്യാറാക്കുന്ന കാര്യം പരിശോധിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ 24-11-2016-ലെ ഉത്തരവുപ്രകാരം അനുവദിച്ച 2 കോടി രൂപ ഡി.എം.ആർ.സി.-ക്ക് കൈമാറിയിട്ടുണ്ട്. ഈ നിയമങ്ങളൊക്കെ ശ്രീ. ഇ. ശ്രീധരന് അറിയാവുന്നതാണ്. അദ്ദേഹം ഇത് അടച്ചുപൂട്ടുമെന്ന് പറയുന്നതിൽ കാര്യമില്ല. അതാലോചിച്ച് ചെയ്യേണ്ട കാര്യമാണ്. തുടർന്ന് 17-4-2017-ന് ബാംഗ്ലൂരിൽ നടന്ന ചീഫ് സെക്രട്ടറിതല യോഗത്തിൽ, നിലമ്പൂർ-നഞ്ചൻകോട് പാതയ്ക്ക് ബദലായി തലശ്ശേരി-മൈസൂർ റെയിൽപ്പാതയുടെ ആവശ്യകതയെപ്പറ്റി കേരള ചീഫ് സെക്രട്ടറി വിവരിക്കുകയും ഡി.എം.ആർ.സി. നിർദ്ദേശിച്ച ഭൂഗർഭ റെയിൽവേപ്പാതയെക്കുറിച്ച് ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ കർണ്ണാടക വന്യജീവി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുമുണ്ടായി:

ഇപ്പോൾ കുടക്, മൈസൂർ പ്രദേശങ്ങളിൽ മനുഷ്യരും മൃഗങ്ങളുമായുള്ള ഏറ്റുമുട്ടൽ വളരെ കൂടുതലാണ്. തലശ്ശേരി-മൈസൂർ റെയിൽവേ ലൈൻ കൂടി വരുമ്പോൾ മൃഗങ്ങളുടെ ആവാസ വ്യവസ്ഥ വീണ്ടും വിഭജിക്കപ്പെടുകയും വന്യജീവി സംരക്ഷണത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുകയും മൃഗങ്ങളുടെ സ്വൈരവിഹാരത്തിന് തടസ്സമുണ്ടാകുകയും ചെയ്യും. അന്യംനിന്നുപോകുന്ന നിരവധി സസ്തനികളുടെയും അപൂർവ്വയിനം പക്ഷികളുടെയും സസ്യജാലങ്ങളുടെയും മൃഗങ്ങളുടെയും ശേഷിക്കുന്ന ഇടനാഴിയായ നഗർഹോള മുതൽ ബന്ദിപ്പൂർ, മധുമല തുടങ്ങിയ കേരള-തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിൽ വ്യാപിച്ചുകിടക്കുന്ന

പ്രദേശത്തുകൂടി നിർദ്ദിഷ്ട റെയിൽപ്പാത വിഭാവന ചെയ്തിരിക്കുന്നതുകൊണ്ട് ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുകയാണ്. ഭൂഗർഭ റെയിൽപ്പാത നിർമ്മിക്കുകയാണെങ്കിൽ ഒന്നിടവിട്ട് കിലോമീറ്റർ ദൂരത്തിൽ വായുനിർഗ്ഗമന മാർഗ്ഗങ്ങൾ വേണ്ടിവരുമെന്നും പ്രസ്തുത പ്രദേശത്തെ ജൈവവൈവിധ്യത്തിന് സ്ഥായിയായ പ്രഹരമേല്പിക്കുമെന്നും ചീഫ് സെക്രട്ടറി അഭിപ്രായപ്പെടുകയുണ്ടായി. തലശ്ശേരി-മൈസൂർ റെയിൽപ്പാതയ്ക്കായി സർവ്വേ നടത്തുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പിന്റെ അനുവാദം ലഭിക്കുന്നതിന് പത്ത് ദിവസത്തിനകം അപേക്ഷ സമർപ്പിക്കാൻ പ്രസ്തുത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും കർണ്ണാടക സർക്കാരിന്റെയും അനുമതി ലഭ്യമായതിനുശേഷം തുടർ നടപടി സ്വീകരിക്കും. കേരള കർണ്ണാടക ചീഫ് സെക്രട്ടറിതല യോഗത്തെത്തുടർന്ന് നിലമ്പൂർ-നഞ്ചൻകോട് റെയിൽവേ പദ്ധതി സംബന്ധിച്ച് ഡി.എം.ആർ.സി. തയ്യാറാക്കിയ സ്കെച്ച് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയില്ല. യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നാഷണൽ പാർക്കിലൂടെ കടന്നുപോകാത്തവിധത്തിൽ പുതിയ അലൈൻമെന്റ് പരിശോധിക്കുന്നതാണ്. പദ്ധതി ഉപേക്ഷിക്കുന്നതല്ല.

(2) പട്ടിണി സമരം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, മേയ് 9-ാം തീയതി ശ്രീ. ആർ. രാജേഷ് ശ്രദ്ധ ക്ഷണിക്കലിലൂടെ അവതരിപ്പിച്ച വിഷയമാണ് ഇന്ന് ഞാൻ സബ്മിഷനിലൂടെ കൊണ്ടുവരുന്നത്. കേരളത്തിൽ 15 ലക്ഷത്തോളം കുടുംബങ്ങളിലെ 22 ലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്തുവരുന്ന ഒരു മേഖലയാണ് ദേശീയ തൊഴിലുറപ്പ് രംഗം. കഴിഞ്ഞ ആറ് മാസമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് ശമ്പളമില്ലാതെ ആ കുടുംബങ്ങൾ പട്ടിണിയിലേയ്ക്ക് നീങ്ങുകയാണ്. പുതിയ അദ്ധ്യയനവർഷം ആരംഭിക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് പഠനാവശ്യങ്ങൾക്കും മറ്റുമായി ഈ ശമ്പള കുടിശ്ശികയാണ് ആകെയുള്ള പ്രതീക്ഷ. 653 കോടി രൂപയാണ് ശമ്പള കുടിശ്ശികയിനത്തിൽ കേരളത്തിന് ലഭിക്കേണ്ടത്. മെറ്റീരിയൽ, അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻഡിച്ചർ എന്നിവയ്ക്കായി വലിയ തുക നമുക്ക് ലഭിക്കേണ്ടതായിട്ടുണ്ട്. ശമ്പള കുടിശ്ശികയ്ക്കുവേണ്ടി എൻ.ആർ.ഇ.ജി.പി. വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ തൊഴിലാളികൾ മൂന്ന് ദിവസമായി സമരത്തിലാണ്. കേരളത്തിൽ 30 കേന്ദ്രങ്ങളിലായി മൂന്ന് ലക്ഷത്തോളം വരുന്ന വീട്ടമ്മമാരായ തൊഴിലാളികളാണ് ഈ സമരത്തിൽ പങ്കെടുക്കുന്നത്. വേതനം ലഭിച്ചില്ലെങ്കിൽ അവർ പട്ടിണി സമരത്തിലേയ്ക്ക് നീങ്ങുന്നതാണ്. കേന്ദ്ര സർക്കാർ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചരണമാണ് ഇന്ന് സംഘടിപ്പിച്ചുവരുന്നത്. കേരളത്തിന് കേന്ദ്ര ബജറ്റിൽ സൂചിപ്പിച്ചതിന്റെ 30 ശതമാനം തുക ആദ്യഗഡുവായി

നൽകേണ്ടതാണ്. പക്ഷെ ഇതുവരെ കേരളത്തിന് ആ വിഹിതം ലഭിച്ചിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. സംസ്ഥാന സർക്കാരിന് അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചുവെന്ന പ്രചരണമാണ് അവർ ആരോപിക്കുന്നത്. കേരളത്തിലെ വീട്ടമ്മമാർ അനുഭവിക്കുന്ന യാതനകൾ കേന്ദ്ര സർക്കാർ കാണുന്നില്ല. പൈശാചികമായിട്ടുള്ള പെരുമാറ്റമാണ് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റേത് പിശാചുഭരണം പോലെയാണ്. കേരളത്തിലെ ഗ്രാമീണമേഖലയിൽ ദുരിതമനുഭവിക്കുന്ന, ജീവിത പ്രയാസമനുഭവിക്കുന്ന വീട്ടമ്മമാർക്ക് ഇക്കഴിഞ്ഞ ആറ് മാസമായി നൽകേണ്ട ശമ്പള കുടിശ്ശിക നൽകാത്തത് കേന്ദ്ര സർക്കാരാണ്. കോടിക്കണക്കിന് രൂപ കേന്ദ്ര സർക്കാർ കോർപ്പറേറ്റുകൾക്കുവേണ്ടി എഴുതിത്തള്ളുകയാണ്. സംസ്ഥാനത്ത് പട്ടിണി കിടക്കുന്ന ഈ വീട്ടമ്മമാർക്ക് നൽകേണ്ട ശമ്പള കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം. മുഖ്യമന്ത്രി തന്നെ അടിയന്തരമായി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇടതുപക്ഷ കക്ഷികളുടെ പിന്തുണയോടുകൂടി കോൺഗ്രസ്സ് ഭരിച്ചിരുന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത്, 2005-ലാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പാർലമെന്റിൽ ഒരു നിയമമായി നടപ്പാക്കിയത്. 2016-17 സാമ്പത്തിക വർഷത്തിൽ 1457423 കുടുംബങ്ങളാണ് ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് ജോലി ചെയ്തിട്ടുള്ളത്. വേതനമിനത്തിൽ 2,144.76 കോടി രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. 1,386.70 കോടി രൂപ മാത്രമാണ് കേന്ദ്ര സർക്കാർ കേരളത്തിലെ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2016-17 വർഷത്തെ കുടിശ്ശികയായി 759.43 കോടി രൂപ കേന്ദ്രം പാവപ്പെട്ട തൊഴിലാളികൾക്ക് നൽകേണ്ടതായിട്ടുണ്ട്. 10-4-2017-ലെ ഉത്തരവുപ്രകാരം 2017-18 വർഷത്തെ പദ്ധതിക്കായുള്ള ആദ്യഗഡു കേന്ദ്രസർക്കാർ നൽകിയിരുന്നു. ഈ തുക 2016-17-ലെ കുടിശ്ശിക തുച്ഛമായ അളവിൽ തീർക്കുന്നതിന് ഉപകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന 636.60 കോടി രൂപ ഇനിയും കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകേണ്ടതായിട്ടുണ്ട്. തൊഴിലാളികൾക്ക് നൽകാനുള്ള കൂലിക്കുടിശ്ശിക നൽകണമെന്നാവശ്യപ്പെട്ട് രണ്ട് കത്തുകൾ ഞാൻ തന്നെ ബന്ധപ്പെട്ട കേന്ദ്രമന്ത്രി നരേന്ദ്ര സിംഗ് ടോമർജിക്ക് അയച്ചു. അതിന് മറുപടി ലഭിക്കാതെ വന്നപ്പോൾ നേരിട്ട് ഡൽഹിയിൽ പോയി അദ്ദേഹത്തെ കണ്ട് നിവേദനം കൊടുക്കുകയുണ്ടായി. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ഗ്രാമവികസന

മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറിക്ക് കത്ത് അയയ്ക്കുകയുമുണ്ടായി. ഇതിനുപുറമെ, ശ്രീ. ഒ. രാജഗോപാൽ അവർകളോടും ഇക്കാര്യം സൂചിപ്പിച്ചിരുന്നു. അദ്ദേഹവും ബന്ധപ്പെട്ട കേന്ദ്രമന്ത്രിയെ വിവരം ധരിപ്പിച്ചുവെന്നാണ് പറഞ്ഞത്. ഏറ്റവും അവസാനം മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിക്ക് 10-5-2017-ന് കത്തയച്ചിട്ടുണ്ട്. സഭ തീരുന്നതിനുമുമ്പ് കൂലി കുടിശ്ശിക നൽകിയില്ലെങ്കിൽ ഈ സഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി കേരളത്തിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാർ ഈ ഇനത്തിൽ തരുന്ന പണം വകമാറ്റി ചെലവഴിക്കാൻ കഴിയില്ല. കാരണം, സംസ്ഥാന സർക്കാരിനല്ല കേന്ദ്ര സർക്കാർ പണം നൽകുന്നത്. ഓരോ തൊഴിലാളിയുടെയും അക്കൗണ്ടിലേയ്ക്ക് കേന്ദ്ര സർക്കാരിന്റെ സോഫ്റ്റ്‌വെയർ മുഖേന തുക ക്രെഡിറ്റ് ചെയ്യപ്പെടുകയാണ്; പണം നൽകപ്പെടുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള വാദങ്ങൾ അർത്ഥശൂന്യമാണ്. ഇതിനെതിരായി കേരളത്തിലെ മുഴുവൻ രാഷ്ട്രീയപ്പാർട്ടികളും ഒറ്റക്കെട്ടായി നിൽക്കണം. കേന്ദ്രസർക്കാർ ഇപ്പോൾ 2000 കോടി രൂപയാണ് തമിഴ്നാടിന് നൽകിയത്. നമുക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള 636 കോടി രൂപ വരാൻപോകുന്ന തൊഴിലുറപ്പ് പദ്ധതിയെത്തന്നെ പ്രതികൂലമായി ബാധിക്കും. തങ്ങൾ അദ്ധ്വാനിച്ച പണം കിട്ടാതെ പാവപ്പെട്ടയാളുകൾ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷം ഇന്നുണ്ട്. ജൂൺ മാസത്തോടുകൂടി സ്കൂളുകൾ തുറക്കുകയാണ്. അവരുടെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ പണമില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. ഇക്കാര്യത്തിൽ എല്ലാവരുടെയും സജീവ ഇടപെടലുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് പ്രതിപക്ഷ നേതാവിനോടും ഇക്കാര്യം സൂചിപ്പിക്കുകയാണ്.

## (3) ഇലക്ട്രോണിക്സ് പാർക്കിന്റെ നിർമ്മാണം

ശ്രീ. അനൂപ് ജേക്കബ്: സർ, എന്റെ നിയോജക മണ്ഡലത്തിലെ 'ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്ക് പ്രാവർത്തികമാക്കുന്നതിനുള്ള നടപടി വേഗത്തിൽ പൂർത്തിയാക്കണമെന്നാണ് എനിക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി എനിക്ക് നൽകിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് ധാരാളം തടസ്സവാദങ്ങളുന്നയിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഇക്കാര്യം ഉണ്ടെന്നുതന്നെ ഞാൻ കരുതുകയാണ്. ഇത് റാംസർ സൈറ്റിന്റെ പരിധിയിൽപ്പെട്ടതാണെന്നും മറ്റുമുള്ള നിസ്സാര കാരണങ്ങൾ പറഞ്ഞ് പദ്ധതിയെ ടോർപിഡോ ചെയ്യാൻ ഒട്ടനവധി ശ്രമങ്ങൾ കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുണ്ട്. അത്തരത്തിലുള്ള നിഗമനങ്ങൾ ശരിയല്ലായെന്ന് കണ്ടെത്തുകയും കഴിഞ്ഞ സർക്കാർ 2014-ൽ 100 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികളിലേയ്ക്ക് കടന്നതും അതിനുശേഷമാണ്. ഇപ്പോൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ

എസ്.എൽ.ബി.സി. കൂടി 112.5 ഏക്കർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുകയും 15 കർഷകർക്ക് അഡ്വാൻസ് നൽകിയെന്നുമാണ് അറിയാൻ കഴിഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഒരു കാര്യം, ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം കൊടുക്കുന്ന തുകയ്ക്ക് ഇൻകം ടാക്സ് ഈടാക്കുന്നുണ്ട്. അത്തരത്തിലുള്ള സാഹചര്യം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ഇരുപതിൽ താഴെ വീടുകൾ മാത്രമേ അവിടെയുള്ളൂ, വീട് നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കണം. ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കി പദ്ധതി എത്രയും വേഗം നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾത്തന്നെ 7 വർഷം പിന്നിടുകയാണ്. 2014-ലാണ് ഇത് ഏറ്റെടുക്കാനുള്ള തീരുമാനം സർക്കാർ എടുത്തത്. 2010-ൽ വിഭാവന ചെയ്ത പദ്ധതിയാണിത്. ഇപ്പോൾ 2017 ആയി; അനന്തമായി നീണ്ടുപോകാതെ എത്രയുംവേഗം ഇംപ്ലിമെന്റ് ചെയ്യാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്ത് മെഗാ പ്രോജക്ടായി നടപ്പാക്കാനുദ്ദേശിച്ച പദ്ധതികളിലൊന്നാണ് 'ആമ്പല്ലൂരിലെ ഇലക്ട്രോണിക്സ് പാർക്ക്'. ഈ ഭൂമി റാംസർ സൈറ്റിൽപ്പെട്ടതാണെന്നുള്ള ആക്ഷേപങ്ങളുണ്ടായിരുന്നു. ഇവിടെ സൂചിപ്പിച്ചതുപോലെ, കെ.എസ്.ഐ.ഡി.സി. അതേറ്റെടുക്കുന്നതിനുള്ള നടപടി ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. മുമ്പുണ്ടായിരുന്ന അത്രയും വിസ്തൃതി പാർക്കിന് ഇപ്പോഴില്ല. 103 കോടി രൂപയാണ് 100 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിലയായി കണക്കാക്കിയിട്ടുള്ളത്. മുമ്പ് വിവിധ ബജറ്റുകളിലായി 23 കോടി രൂപ ഇതിനുവേണ്ടി അനുവദിച്ചിരുന്നു. ഭൂമി ഏറ്റെടുക്കൽ ആവശ്യത്തിനായി 13 കോടി രൂപ കെ.എസ്.ഐ.ഡി.സി.-ക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. 90 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. എറണാകുളം കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 21-3-2017-ൽ കൂടിയ സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്ത് അംഗീകരിച്ച പ്രകാരം സ്ഥലവില നിർണ്ണയിച്ചുകൊണ്ട് 11-4-2017-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലയിലെ പർച്ചേസ് കമ്മിറ്റി മീറ്റിംഗുകൾ കൂടുകയും 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഭൂവുടമകളുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. ആമ്പല്ലൂരിൽ പ്രോജക്ട് സ്ഥാപിക്കുന്നതിനാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ വളരെവേഗത്തിൽ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയായാൽ ഉടൻതന്നെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങ് ഉന്നയിച്ചതുപോലെ ഈ പ്രദേശത്ത് വീടുകളുള്ളവരുടെ പുനരധിവാസം ഉൾപ്പെടെയുള്ള കാര്യങ്ങൾ, ഭൂമി വിട്ടുകൊടുക്കുന്നതിന് കിട്ടുന്ന തുകയുടെ ടാക്സിന്റെ പ്രശ്നങ്ങൾ എന്നിവയൊക്കെ പ്രത്യേകം പരിശോധിക്കുന്നതാണ്.

(4) ആഡംബര നികുതിക്ക് കാലപരിധി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ ഇടത്തരം കുടുംബങ്ങളെ ബാധിക്കുന്ന ഗൗരവമേറിയൊരു പ്രശ്നമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. 1999 ഏപ്രിൽ 1-നുശേഷം പൂർത്തിയാക്കിയ 278.07 ചതുരശ്ര മീറ്റർ, അതായത് 3000 ചതുരശ്ര അടിയോ അതിലധികമോ വിസ്തീർണ്ണമുള്ള വീടുകൾക്കാണ് ആഡംബര നികുതി ചുമത്തുന്നത്. വർഷത്തിൽ 4,000 രൂപയാണ് ആഡംബര നികുതിയായി അടയ്ക്കേണ്ടത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആറ് മാസത്തിലൊരിക്കൽ കൊടുക്കേണ്ടിവരുന്ന പ്രോപ്പർട്ടി ടാക്സിന് പുറമെയാണ് ഈ നികുതി അടയ്ക്കേണ്ടി വരുന്നത്. ആഡംബരത്തെ ആഡംബരമായിത്തന്നെ കാണണം. അതിലൊരു വിട്ടുവീഴ്ചയും പാടില്ല. പക്ഷെ 3000 ചതുരശ്ര അടിയുള്ള വീടും 30000 ചതുരശ്ര അടിയുള്ള വീടും ഒരുപോലെ കാണുന്നതിൽ അസാംഗത്യമുണ്ട്. എനിക്ക് ഇതുസംബന്ധിച്ച് ചില നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കാനുണ്ട്. ഒന്ന്, 3000 ചതുരശ്ര അടി എന്നതിന്റെ പരിധി കുറച്ച് ഉയർത്തണം. മറ്റൊന്ന്, ആഡംബര നികുതി 4,000 രൂപയെന്നത് വർദ്ധിപ്പിച്ച് ഒറ്റത്തവണ മാത്രം ഈടാക്കുക. ആഡംബര നികുതിക്ക് കാലപരിധി നിശ്ചയിക്കണം. ഇപ്പോൾ വർഷംതോറും അടയ്ക്കുന്ന 4,000 രൂപ പത്തുവർഷമോ മറ്റോ അടച്ചിട്ട് പിന്നീട് വേണ്ടെന്ന് വയ്ക്കുന്നത് വളരെ ഗുണം ചെയ്യുന്നതാണ്. കേരളത്തിലെ ഇന്നത്തെ സാമൂഹിക ചുറ്റുപാടനുസരിച്ച് എല്ലാ ഇടത്തരം കുടുംബങ്ങൾക്കും 3,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകളുണ്ട്. ഗൾഫിലെ സഹോദരന്മാർ സാമാന്യം ഭേദപ്പെട്ട കച്ചവടവും ജോലിയുമുള്ളപ്പോൾ നല്ല വീട് വയ്ക്കും. സാമ്പത്തിക വരുമാനം അനസ്യൂതമുണ്ടാകുമ്പോൾ ആഡംബര നികുതിയായാലും മറ്റേത് നികുതിയായാലും അത് നൽകുന്ന കാര്യത്തിൽ അവർക്ക് സന്തോഷമേയുള്ളൂ. പക്ഷെ ഇന്ന് ഗൾഫ്, സ്വർണ്ണം വിളയുന്ന ഭൂമിയല്ല. മലയാളികൾ സർവ്വതും നഷ്ടപ്പെട്ട് തിരിച്ചുവന്നു കൊണ്ടിരിക്കുകയാണ്. നല്ല കാലത്ത് അവർ നല്ല വീട് വയ്ക്കുകയും ആഡംബര നികുതി എല്ലാ വർഷവും മുടങ്ങാതെ നൽകുകയും ചെയ്തു. വരുമാനത്തിന്റെ എല്ലാ വാതിലുകളും അടഞ്ഞപ്പോൾ അവർക്ക് ബുദ്ധിമുട്ടായി. വർഷംതോറും 4,000 രൂപ ആഡംബര നികുതി നൽകണമെന്ന് അവരോട് പറയുന്നത് മനുഷ്യത്വരഹിതമായ സമീപനമാണെന്നതിനോട് ആരും വിയോജിക്കുമെന്ന് തോന്നുന്നില്ല. ഒരാൾ സാമ്പത്തികശേഷിയുള്ളപ്പോൾ നല്ല വീട് വയ്ക്കും. അതിന്റെ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതലായിരിക്കും. അദ്ദേഹം മരിക്കുന്നതുവരെ ആഡംബര നികുതി നൽകും. അദ്ദേഹം മരിച്ചുകഴിയുമ്പോൾ മകന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ആർക്കും പറയാൻ സാധിക്കില്ല. ആ മകനും ആ വീടിന് ഓരോ വർഷവും ആഡംബര നികുതി നൽകണമെന്ന സ്ഥിതി വളരെയധികം ബുദ്ധിമുട്ടുണ്ടാക്കും.

ഇതെല്ലാം കണക്കിലെടുത്ത് വീടുകളുടെ ആഡംബര നികുതിയുടെ കാര്യത്തിൽ പുനർവിചിന്തനം വേണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ നാട്ടിലുള്ള ആളാണ്. ഇക്കാര്യത്തിൽ അനുകൂല തീരുമാനമെടുത്താൽ എനിക്കും അഭിമാനമുണ്ടാകും. ഇത് കാസർഗോഡ് ജില്ലയിലുള്ളവരെ മാത്രമല്ല, കേരളത്തിലെ മുഴുവൻ ആളുകളെയും ബാധിക്കുന്ന പ്രശ്നമാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ആഡംബര നികുതി സംബന്ധിച്ച് അനുകൂലമായോ പ്രതികൂലമായോ എന്ത് തീരുമാനമെടുത്താലും നമ്മൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം ആഡംബര നികുതി മാർച്ച് 31-നുമുമ്പ് മുൻകൂറായി അടയ്ക്കണം. പക്ഷെ മാർച്ച് 15-ന് നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ കാര്യത്തിൽ ഇതുവരെ ഒരു വ്യക്തതയില്ല. അതുകൂടി അങ്ങ് വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, താമസത്തിനുള്ള കെട്ടിടങ്ങളുടെ ആഡംബര നികുതി നിർണ്ണയിക്കുന്നതും അവ ഈടാക്കുന്നതും 1975-ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5 (എ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ്. 278.7 ചതുരശ്ര മീറ്ററോ അതിൽക്കൂടുതലോ തറ വിസ്തീർണ്ണമുള്ളതും 1999 ഏപ്രിൽ 1-നോ അതിനുശേഷമോ പൂർത്തിയാക്കിയിട്ടുള്ളതുമായ താമസാവശ്യത്തിനുള്ള കെട്ടിടങ്ങൾക്കാണ് ആഡംബര നികുതി ചുമത്തി വരുന്നത്. 2014-ലെ കേരള ഫിനാൻസ് ആക്റ്റ് പ്രകാരം 1-4-2014 മുതൽ ആഡംബര നികുതി 2,000 രൂപയിൽ നിന്നും 4,000 രൂപയായി ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്. ഓരോ സാമ്പത്തികവർഷവും മാർച്ച് 31-നോ അതിനുമുമ്പോ മുൻകൂറായി ആഡംബര നികുതി ഒടുക്കേണ്ടതാണ്. ആഡംബര നികുതി ഈടാക്കുന്നതിന് കേരള കെട്ടിട നികുതി നിയമപ്രകാരം കെട്ടിടങ്ങൾക്ക് കാലപരിധി നിശ്ചയിച്ചിട്ടില്ല. ആഡംബര നികുതി സ്ലാബ് സമ്പ്രദായത്തിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. വീട്ടുടമ മരണപ്പെട്ടാൽ ആഡംബര നികുതി ഒഴിവാക്കുന്നതിന് നിലവിലെ നിയമത്തിൽ വ്യവസ്ഥയില്ല. മാർച്ച് 15-ന് നിർമ്മാണം പൂർത്തിയാക്കിയ വീടുകൾക്ക് തന്നാണ്ടത്തെ ആഡംബര നികുതി ഒടുക്കേണ്ടതാണെന്നതാണ് നിലവിലുള്ള വ്യവസ്ഥ.

## (5) <u>അടിസ്ഥാന സൗകര്യങ്ങൾ</u>

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ആദിവാസികളും തോട്ടം തൊഴിലാളികളും മലയോര മേഖലയിലുള്ള സാധാരണക്കാരായ ആളുകളും ആശ്രയിക്കുന്ന ആതുര സേവന കേന്ദ്രമാണ് വിതുരയിലെ താലൂക്കാശുപത്രി. അന്തർദ്ദേശീയ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഐസറും വിനോദസഞ്ചാര ഭൂപടത്തിൽ ഇടംപിടിച്ച പൊൻമുടിയും കല്ലാറുമൊക്കെ

സ്ഥിതി ചെയ്യുന്നത് ഈ ആശുപത്രിയുടെ അടുത്താണ്. ഇത് മനസ്സിലാക്കിയാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഈ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തുകയും 14 അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തത്. അതിനുശേഷം ഈ ആശുപത്രിയുടെ കാര്യം പരിതാപകരമാണ്. ഓപ്പറേഷൻ തിയേറ്റർ അടച്ചിട്ടിരിക്കുകയാണ്. ആദിവാസികൾക്ക് പ്രത്യേക ട്രീറ്റ്മെന്റ് സെന്റർ ആവശ്യമുണ്ട്. ഉപകരണങ്ങൾ വാങ്ങാൻ പണമില്ല. വാർഡുകളും ആവശ്യത്തിന് ഡോക്ടർമാരും ഇല്ലാത്ത അവസ്ഥയാണ്. ഇതുമൂലം പ്രസവം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ആദിവാസികൾ ഏകദേശം 50 കിലോമീറ്റർ താണ്ടി നെടുമങ്ങാടോ തിരുവനന്തപുരത്തോ വരികയാണ്. ഇതെല്ലാം പരിഗണിച്ചു കൊണ്ടാണ് ഈ ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്താൻ അടിസ്ഥാനസൗകര്യ വികസനത്തിന് 20 കോടി രൂപയുടെ പ്രൊപ്പോസലും പുതിയ സ്റ്റാഫ് പാറ്റേണിന്റെ കാര്യങ്ങളും ഉൾപ്പെടുത്തി ഒരു പ്രൊപ്പോസൽ അവിടത്തെ ജനങ്ങൾ എം.എൽ.എ. എന്ന നിലയിൽ എന്റെ നേതൃത്വത്തിൽ കൊടുത്തത്. ആർദ്രം പദ്ധതിയുടെ ഭാഗമായി നെടുമങ്ങാട് താലൂക്കിൽ വിതുര ആശുപത്രി വരുമെന്നാണ് അവിടത്തെ ആളുകളും ഞാനും വിചാരിച്ചത്. പക്ഷെ ആർദ്രം പദ്ധതിയിൽ നെടുമങ്ങാട് താലൂക്കിലെ വിതുര ആശുപത്രിക്ക് ഒരിടമില്ലെന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. അടുത്ത പദ്ധതിയിലേയ്ക്ക് വയ്ക്കുമെന്ന് പറയാതെ വിതുരയുടെ പ്രത്യേക ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ഈ വർഷംതന്നെ സ്റ്റാഫ് പാറ്റേണും അതിനോടൊപ്പം പുതിയ ബിൽഡിംഗും നൽകി വിതുരയിലെ സാധാരണക്കാരായ ആളുകളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 18-2-2016-ലാണ് വിതുര സാമൂഹ്യാരോഗ്യ കേന്ദ്രത്തെ താലൂക്ക് ആശുപത്രിയായി പ്രഖ്യാപിച്ചത്. ഇവിടെ 600-നും 800-നുമിടയിൽ ഒ.പി.-യും 54-നും 60-നും ഇടയിൽ ഐ. പി.-യുമുണ്ട്. 11 ഡോക്ടർമാരുടെ സേവനം ഈ ആശുപത്രിയിൽ ലഭ്യമാണ്. എൻ.ആർ.എച്ച്.എം. മുഖേന ഒരു ദന്തൽ സർജന്റെ സേവനവും ഫാർമസി, ലബോറട്ടറി, ആംബുലൻസ് എന്നീ സൗകര്യങ്ങളും ഇവിടെയുണ്ട്. ആഴ്ചയിൽ എല്ലാ ദിവസവും നേത്ര പരിശോധനയും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാർ ഏർപ്പെടുത്തിയ എല്ലാ പദ്ധതികളും ഇവിടെ നടന്നുവരുന്നുണ്ട്. ഈ ആശുപത്രിയിൽ നിലവിലുള്ള ഓപ്പറേഷൻ തിയേറ്റർ നവീകരിച്ച് സിസേറിയൻ സൗകര്യം ഒരുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ്. മാത്രമല്ല, ഒരു ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തനത്തിനായി സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ രണ്ട് നിലകളോടുകൂടിയ ഐ.പി. വാർഡ്, കുട്ടികൾക്കുള്ള വാർഡ്, പ്രസവ വാർഡ് എന്നിവയും ഇവിടെയുണ്ട്. താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ

നടപ്പാക്കാത്തതിനാൽ പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ല. ആദ്യഘട്ടത്തിൽ ഒരു റവന്യൂ താലൂക്കിൽ ഒരു താലൂക്ക് ആശുപത്രിയെന്ന നിലയിലാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത്തല കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെച്ചപ്പെടുത്താനുള്ള പോസ്റ്റ് ക്രിയേഷന്റെ പ്രൊപ്പോസലിൽ വിതുര താലൂക്ക് ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യം ബ്ലോക്ക് തലത്തിലുള്ള പോസ്റ്റ് ക്രിയേഷൻ പൂർത്തിയാകും. ഇതെല്ലാം അവിടെ എത്രയോ കാലങ്ങളായി നിലനിൽക്കുന്ന പ്രശ്നങ്ങളാണ്. ഒരു വർഷംകൊണ്ട് എല്ലാം സ്പെഷ്യാലിറ്റിയായി മാറ്റാനും അത്രയും സ്റ്റാഫ് ക്രിയേഷനും സാധ്യമല്ലാത്തതാണ്. ഇപ്പോൾ ധാരാളം പോസ്റ്റ് ക്രിയേഷൻ വന്നു. തുടർന്ന് എല്ലാ ആശുപത്രികളിലെയും സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലെതന്നെ വിതുര പ്രത്യേകമായി പരിഗണിക്കേണ്ട സാമൂഹ്യ മേഖലയായതു കൊണ്ട് തുടർന്നുള്ള ഘട്ടത്തിൽ വിതുരയിലെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(6) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തൽ

ശ്രീ. എ. എം. ആരിഫ്: സർ, തുറവൂർ താലൂക്കാശുപത്രിയെ ആർദ്രം പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽത്തന്നെ ഉൾപ്പെടുത്തണമെന്നതാണ് എന്റെ സബ്മിഷൻ. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്നൊരു മണ്ഡലമാണിത്. അരൂർ മണ്ഡലത്തിലെ ഏക താലൂക്കാശുപത്രിയാണ് തുറവൂർ താലൂക്കാശുപത്രി. മത്സ്യത്തൊഴിലാളികളും കർഷകത്തൊഴിലാളികളും പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളും പീലിംഗ് തൊഴിലാളികളും ആശ്രയിക്കുന്ന ഒരു പ്രധാന ആശുപത്രിയാണിത്. അരൂർ മണ്ഡലത്തിലെ പത്ത് പഞ്ചായത്തുകളിൽ ഒമ്പത് പഞ്ചായത്തുകളിലെയും ചേർത്തല മണ്ഡലത്തിലെ പട്ടണക്കാട് ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെയും സാധാരണ ജനവിഭാഗങ്ങൾ ആശ്രയിക്കുന്നത് ഈ ആശുപത്രിയെയാണ്. ആലപ്പുഴ ജില്ലയിൽ സർക്കാരിന്റെ സപ്പോർട്ടില്ലാതെ ആശുപത്രിയുടെതന്നെ നേതൃത്വത്തിൽ ദിവസേന 5 പേർക്ക് ഡയാലിസിസ് ചെയ്യാനുള്ള സംവിധാനങ്ങളും ഇവിടെയുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്വന്തം നിലയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടക്കുന്നത്. 2017-18 വർഷത്തെ ബജറ്റിലും ഈ ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകി അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത്രയധികം സൗകര്യങ്ങളുള്ള ഈ ആശുപത്രിയുടെ സ്റ്റാഫ് സ്ട്രെംഗ്ത് പഴയ സി.എച്ച്.സി. നിലവാരത്തിലാണ്. അതുകൊണ്ടുതന്നെ ഈ ആശുപത്രിയിൽ ട്രോമാ കെയറും മറ്റും അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി തന്നെ കാഷ്വാലിറ്റി യൂണിറ്റ്

അനുവദിച്ച സന്ദർഭത്തിൽ പറയുകയുണ്ടായി. ആർദ്രം പദ്ധതിയിയുടെ ആദ്യഘട്ടത്തിൽ ഈ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടില്ല; ഇതിൽ ചേർത്തല താലൂക്ക് ആശുപത്രിയെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഗ്രേഡിംഗിൽ ഇത് ജില്ലാ ആശുപത്രിയാണ്. അരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് ചേർത്തല താലൂക്കാശുപത്രിയിൽ എത്തണമെങ്കിൽ ഏകദേശം മുപ്പത് കിലോമീറ്റർ സഞ്ചരിക്കണം. എറണാകുളത്തും ആലപ്പുഴ വണ്ടാനം ഹോസ്പിറ്റലിനുമിടയ്ക്ക് ദേശീയ പാതയിലുള്ള ഏക ആശുപത്രിയാണിത്. അതുകൊണ്ടുതന്നെ ഈ ആശുപത്രിയെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തണം. ആദ്യം ഇറങ്ങിയ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ അഡീഷണലായെങ്കിലും ഈ ആശുപത്രിയെക്കൂടി ഉൾപ്പെടുത്തി അതിന്റെ സ്പെഷ്യാലിറ്റി സൗകര്യങ്ങളും പോസ്റ്റ് ക്രിയേഷനും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവ്വഹിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

11.30 എ.എം.]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 2010-ൽ തുറവൂർ ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയെങ്കിലും ഇന്നുവരെ താലൂക്കാശുപത്രിക്കാവശ്യമായ പോസ്റ്റ് ക്രിയേഷനും മറ്റ് സൗകര്യങ്ങളും അവിടെ ചെയ്തിട്ടില്ല. എം.എൽ.എ. അടക്കമുള്ളവർ മുൻകയ്യെടുത്ത് ആവശ്യമായ പശ്ചാത്തല സൗകര്യം അവിടെ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാരിന്റെ സഹായമില്ലാതെതന്നെ ഡയാലിസിസ് അടക്കമുള്ള സൗകര്യങ്ങൾ അവിടെ ആരംഭിക്കുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. അവിടെ ആയിരത്തോളം ഒ.പി. വരുന്നുണ്ട്. 24 കിടക്കകളുള്ള ഈ ആശുപത്രിയിലെ ഐ.പി.-യുടെ എണ്ണം അമ്പതാണ്. 24 മണിക്കൂറും കാഷ്വാലിറ്റി സേവനം ലഭ്യമായ ഈ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്, ഇ.സി.ജി., എക്സ്-റേ തുടങ്ങിയ സൗകര്യങ്ങളും ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ മെഡിസിൻ, ദന്തൽ എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും ലഭ്യമാണ്. ആർദ്രം പദ്ധതി ഒറ്റ ഘട്ടത്തിൽ പൂർത്തിയാക്കാൻ കഴിയില്ല. അഞ്ചുവർഷത്തേയ്ക്കുവേണ്ടി വിഭാവന ചെയ്തിട്ടുള്ള ഒരു പദ്ധതിയാണിത്. സ്റ്റാന്റൈഡസേഷനനുസരിച്ച് ആദ്യഘട്ടത്തിൽ ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രിയാണ് തെരഞ്ഞെടുത്തത്. അതുതന്നെ സർക്കാരിന് താങ്ങാനാകാത്ത ഭാരമാണ്. കാരണം, ധാരാളം തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. ആയതിന്റെ ഫയൽ ഇപ്പോൾ മൂവ് ചെയ്തിട്ടേയുള്ളൂ. ഒന്നാംഘട്ടത്തിനുവേണ്ടി കഴിഞ്ഞ തവണ പി.എച്ച്.സി.-കളുടെ 680 പോസ്റ്റുകളാണ് ക്രിയേറ്റ് ചെയ്തുകിട്ടിയത്. ആദ്യഘട്ടത്തിൽത്തന്നെ ഉൾപ്പെടുത്തുന്നതിന് ബുദ്ധിമുട്ടാകുന്നത് അതുകൊണ്ടാണ്. പക്ഷേ ആദ്യഘട്ടമെന്നത് ഒരു വർഷംകൊണ്ട് പൂർത്തിയാകുമെന്നുള്ളതല്ല.

ആദ്യഘട്ടത്തിൽ പറഞ്ഞിട്ടുള്ള ആശുപത്രികളെല്ലാം തുടങ്ങുന്നതോടൊപ്പംതന്നെ തുറവൂർ താലൂക്കാശുപത്രിയിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ശ്രമിക്കുന്നതാണ്. എന്നാൽ സ്റ്റാന്റേഡൈസേഷനിൽ നിന്ന് മാറാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എല്ലാ ആശുപത്രികളും അപ്ഗ്രേഡ് ചെയ്തുവെങ്കിലും അവിടെയൊന്നും പോസ്റ്റ് ക്രിയേഷൻ നടന്നിട്ടില്ലെന്ന വലിയൊരു പ്രശ്നമുണ്ട്. തുറവൂർ താലൂക്കാശുപത്രിയെ ഏറ്റവും നല്ല സ്പെഷ്യാലിറ്റി ഹോസ്പിറ്റലായി മെച്ചപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. എൻ. ഷംസീർ, ഉന്നയിക്കുന്ന വിഷയം സർവ്വശ്രീ പി. ടി. തോമസ്, എം. സ്വരാജ്, ഹൈബി ഈഡൻ എന്നീ അംഗങ്ങളും എഴുതിത്തന്നിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ ഇപ്പോൾ സഭയിലില്ല. ശ്രീ. പി. ടി. തോമസിനും ശ്രീ. എം. സ്വരാജിനും ഈ വിഷയം സംബന്ധിച്ച് പരാമർശിക്കാവുന്നതാണ്.

(7) സർവ്വീസ് ചാർജ്

ശ്രീ. എ. എൻ. ഷംസീർ: സർ, ഇന്നലെ രാജ്യം ചർച്ച ചെയ്ത ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണ് സഭയുടെ മുമ്പാകെ ഞാൻ കൊണ്ടുവരുന്നത്. എസ്.ബി.ഐ.-എസ്.ബി.ടി. ലയന സമയത്ത് സഭ ഒറ്റക്കെട്ടായി പ്രമേയം പാസ്സാക്കിയിരുന്നു. അഞ്ച് അസോസിയേറ്റഡ് ബാങ്കുകൾ സ്റ്റേറ്റ് ബാങ്കിൽ ലയിച്ചപ്പോൾ മുപ്പത്തിയേഴ് ലക്ഷം കോടി രൂപയുടെ ആസ്തിയും അൻപത് കോടി ഉപഭോക്താക്കളുമുള്ള ഏഷ്യയിലെ തന്നെ ഏറ്റവും വലിയ ബാങ്കായി എസ്.ബി.ഐ. മാറിയിട്ടുണ്ട്. എസ്.ബി.ഐ.-യെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നല്ല ഷൈലോക്ക് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ് നാമകരണം ചെയ്യേണ്ടത്. അവിടെ എല്ലാ കാര്യങ്ങൾക്കും സർവ്വീസ് ടാക്സ് ഈടാക്കുകയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ്, എ.ടി.എം. പണം പിൻവലിക്കലുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ സർവ്വീസ് ചാർജ്ജ്. മുഷിഞ്ഞ നോട്ടിനും ചെക്ക് ബുക്കിനും പണം നിക്ഷേപിക്കുന്നതിനുംവരെ സർവ്വീസ് ചാർജ് ഈടാക്കുകയാണ്. എല്ലാ തരത്തിലും സർവ്വീസ് ടാക്സ് ഏർപ്പെടുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സമീപനമാണ് എസ്.ബി.ഐ.-യുടെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഇത് എസ്.ബി.ഐ.-യെ പ്രൈവറ്റൈസ് ചെയ്യാനുള്ള നീക്കത്തിന്റെ ഭാഗമാണോയെന്ന് സംശയിക്കുന്നു. സംസ്ഥാന സർക്കാർ ഇടപെട്ട് ഈ വിഷയം ചർച്ച ചെയ്ത പശ്ചാത്തലത്തിൽ ഇത്തരത്തിൽ പുതിയ സർവ്വീസ് ചാർജ്ജ് ഈടാക്കുന്ന രീതി അവസാനിപ്പിക്കാൻ എങ്ങനെ സാധിക്കുമെന്നത് സംബന്ധിച്ച് സഭ വളരെ ഗൗരവമായി ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഏറ്റവും ഭയപ്പെടുത്തുന്നതും ജനങ്ങളെ ഗുരുതരമായി ബാധിക്കുന്നതുമായ ഒരു വിഷയമാണ് എസ്.ബി.ഐ.-യുടെ പേരിൽ പുറത്തുവന്നിരിക്കുന്ന വാർത്ത. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനോട് പ്രതികരിച്ച രീതിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. പ്രതിപക്ഷ നേതാവും അക്കാര്യം ചൂണ്ടിക്കാണിച്ചു. നമ്മുടെ അഭിമാനമായിരുന്ന എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിച്ചപ്പോൾ ഒരു കുഴപ്പവും വരില്ലായെന്നാണ് അന്ന് ശ്രീ. നരേന്ദ്രമോദിയെ പിന്തുണച്ചിരുന്ന ആളുകൾ പറഞ്ഞത്. എന്നാൽ നമുക്കിപ്പോൾ അനുഭവം കിട്ടിത്തുടങ്ങിയിരിക്കുന്നു. എല്ലാ സർവ്വീസുകൾക്കും സർവ്വീസ് ടാക്സ് കൊടുക്കേണ്ട സാഹചര്യം വന്നിരിക്കുകയാണ്. തൽക്കാലത്തേയ്ക്ക് ചിലത് മരവിപ്പിച്ചുവെന്ന് ഇന്നലെ റിപ്പോർട്ട് വന്നെങ്കിലും പിന്നീട് എന്തു സംഭവിക്കുമെന്ന് പറയാൻ സാധിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ പി. ടി. തോമസ്, പ്രസ്തുത വിഷയം പരാമർശിച്ചാൽ മാത്രം മതി.

ശ്രീ. പി. ടി. തോമസ്: സർ, നിമൽഡി എന്ന എഴുത്തുകാരൻ ഹിറ്റ്ലറെപ്പറ്റി പറഞ്ഞ വാക്കുകൾ ഞാൻ ഉദ്ധരിക്കുന്നില്ല. അതുതന്നെയാണ് ഇപ്പോൾ സംഭവിക്കുന്നത്, സഭ നേരത്തെ നടത്തിയ പ്രമേയത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ഈ പ്രശ്നം ശക്തമായി നേരിടാനുള്ള കരുത്ത് കേരളത്തിലെ ജനങ്ങൾക്കുണ്ടെന്ന് തെളിയിക്കണം.

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിന്റെ സ്വന്തം ബാങ്കെന്ന് അറിയപ്പെട്ട എസ്.ബി.റ്റി., എസ്.ബി.ഐ.-യിൽ ലയിക്കുന്നതോടുകൂടി ഇത്തരം സ്ഥിതിവിശേഷത്തിലേയ്ക്ക് വരുമെന്ന ആശങ്ക അന്നേയുണ്ടായിരുന്നു. എന്നാൽ ആശങ്ക ഇപ്പോൾ യാഥാർത്ഥ്യമായിരിക്കുകയാണ്. എ.ടി.എം.വഴി പണം പിൻവലിക്കുന്നത് ജനങ്ങൾക്കുമാത്രമല്ല ബാങ്കിനും സൗകര്യമാണ്. ഇടപാടുകാരെല്ലാം ബാങ്കിൽ വരുന്നത് ബാങ്കിന് ബുദ്ധിമുട്ടാണ്. അതിനാൽ ജനങ്ങൾ എ.ടി.എം. വഴി പണം പിൻവലിക്കുന്നതുകൊണ്ട് ബാങ്കിനും സൗകര്യമുണ്ട്. അതുകൊണ്ടുതന്നെ സർവ്വീസ് ചാർജ്ജ് ഈടാക്കാൻ പാടില്ലാത്തതാണ്. ബാങ്ക് യഥാർത്ഥ കൊള്ളക്കാരായി മാറിയിരിക്കുകയാണ്. ഇന്ത്യയിലെ ജനങ്ങളെ കൊള്ളയടിക്കുന്ന ഈ കൊള്ളസങ്കേതം അടിച്ചുതകർക്കുന്ന നിലയിലേയ്ക്ക് സാധാരണക്കാരൻ രംഗത്തുവരുന്ന അപകടകരമായ സ്ഥിതിവിശേഷമാണ് ഇനി വരാൻ പോകുന്നത്. സംസ്ഥാന സർക്കാർ ഈ അവസ്ഥ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ ഇടപെടണം. നമുക്കുള്ള അധികാരങ്ങളുപയോഗപ്പെടുത്തി ഈ നടപടിയെ ശക്തമായി നേരിടാനും ബാങ്കിന്റെ സേവനം ലഭ്യമാക്കാനുമുള്ള നടപടിയുണ്ടാകണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗങ്ങൾ പ്രകടിപ്പിച്ച വികാരത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. ലയനത്തോടുകൂടി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യയിലെ ബാങ്കിംഗ് മേഖലയുടെ നാലിലൊന്ന് നിയന്ത്രിക്കുന്ന ബാങ്കായി മാറിയിരിക്കുകയാണ്. അവർക്ക് ഇത്രയും നിയന്ത്രണമുള്ളതുകൊണ്ട് അതുപയോഗിച്ച് ചാർജ്ജുകൾ കൂട്ടിയാൽ ഒന്നും വരില്ലെന്നാണ് അവരുടെ ഭാവം. 1-4-2017-ൽ എല്ലാ സേവനങ്ങൾക്കും പുതിയ ഫീസും ഫൈനും ഈടാക്കുന്നതിന്, അതായത്, നിശ്ചിത ബാലൻസില്ലെങ്കിൽ ഫൈൻ, ഇന്റർനെറ്റ് ബാങ്കിംഗിനും പണം പിൻവലിക്കുന്നതുൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കും സേവന ചാർജ്ജ് എന്നിവ ഈടാക്കുന്ന ഉത്തരവിറക്കി. അതുകഴിഞ്ഞ് ജൂൺ 1 മുതൽ ഇതിൽ പലതും പുതുക്കി നിശ്ചയിച്ചുകൊണ്ടും വർദ്ധിപ്പിച്ചുകൊണ്ടും വീണ്ടും ഉത്തരവിറക്കി. ഇതിൽ ആളുകളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നത് എ.ടി.എം. വഴിയുള്ള പണം പിൻവലിക്കലിന് 25 രൂപ നിശ്ചയിച്ചതായിരുന്നു. അക്കാര്യത്തിൽ വലിയ പ്രതിഷേധം ഉയർന്നുവന്നു. വൈകുന്നേരമായപ്പോൾ ഞങ്ങളങ്ങനെ ചെയ്തിട്ടില്ല, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബഡ്ഡി എന്ന വാലറ്റുപയോഗിച്ച് എ.ടി.എം.-ൽ നിന്നും പണം പിൻവലിക്കുക യാണെങ്കിൽ മാത്രം ചാർജ്ജ് നൽകിയാൽ മതിയെന്ന തിരുത്തലുണ്ടായി. എന്നാൽ ഈ വാലറ്റിന് ഇപ്പോൾ എ.ടി.എം.-ഉം ആയി ബന്ധിപ്പിച്ചുകൊണ്ടുള്ള സ്കീമില്ല എന്നതാണ് മറ്റൊരു പ്രശ്നം. വീണിടം വിദ്യയാക്കുന്ന രീതിയായിരുന്നു. ഏതായാലും ആ നടപടി പിൻവലിച്ചു. പക്ഷേ അത്തരം കാര്യങ്ങൾ പിൻവലിക്കുമ്പോഴും മറ്റ് പല വർദ്ധനവുകളും നിലനിൽക്കുകയാണ്. ഇന്റർനെറ്റ് ബാങ്കിംഗിന് ആയിരം രൂപയിൽ താഴെയാണെങ്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കില്ലായിരുന്നു. എന്നാൽ അതിനിപ്പോൾ അഞ്ച് രൂപ കൊടുക്കണം. പതിനായിരം രൂപ വരെ രണ്ട് രൂപയായിരുന്നത് ഇപ്പോൾ അഞ്ച് രൂപയും ഒരു ലക്ഷം രൂപയ്ക്കും രണ്ട് ലക്ഷം രൂപയ്ക്കും ഇടയ്ക്കുള്ള തുകയാണെങ്കിൽ 4 രൂപയായിരുന്നത് 15 രൂപയും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ളതിന് 25 രൂപയുമായി വർദ്ധിപ്പിച്ചു. ഇതുപോലെ ഓരോ സേവനങ്ങൾക്കും ചാർജ്ജ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഞാൻ ഓരോന്നിന്റെയും കണക്കുകൾ പറയുന്നില്ല. ബാങ്കിൽ നിന്നും പണം പിൻവലിക്കാൻ ആളുകളെ സഹായിക്കുന്ന ബാങ്കിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ പോലുള്ള ബിസിനസ്സ് കറസ്പോണ്ടന്റുകളിൽ നിന്നും രണ്ടര ശതമാനം സർവ്വീസ് ചാർജ് ഈടാക്കുകയാണ്. ചെക്ക് ബുക്കിന്റെ ഒരു ലീഫിന് മൂന്ന് രൂപയായി വർദ്ധിപ്പിക്കുകയും ജൻ-ധൻ അക്കൗണ്ടിന് പുതിയ സേവന ചാർജ്ജ് കൊണ്ടുവരികയും ചെയ്തു. അവയൊക്കെ നിലനിൽക്കുകയാണ്. എന്തുകൊണ്ടാണ് ഇത്തരത്തിലുള്ള ജനവിരുദ്ധ നടപടിക്ക് എസ്.ബി.ഐ. നിർബന്ധിതമായി ത്തീർന്നത്? കാരണം, എസ്.ബി.ഐ.-യുടെ കിട്ടാക്കടം, നിഷ്ക്രിയ ആസ്തികൾ

ഭീമമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ 1,60,000 കോടി രൂപയാണ് നിഷ്ക്രിയ ആസ്തി. ഇത് എല്ലാ ബാങ്കുകളെക്കാളും ഉയർന്നതാണ്. ഈ ബാങ്കുകൾക്ക് ഇത്രയും നിഷ്ക്രിയ ആസ്തി ഉയർന്നതെങ്ങനെയാണ്?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എസ്.ബി.ഐ. മാത്രമല്ല ഇന്ത്യയിലെ എല്ലാ പൊതുമേഖലാ ബാങ്കുകളുടെയും എൻ.പി.എ. വളരെ കൂടുകയാണ്. അതുകൊണ്ട് ഇത്തവണ കേന്ദ്ര സർക്കാർ എന്താണ് ചെയ്തത്; Finance Minister has injected more than 80,000 crore rupees for saving this banks. അവർ ഗൗരവത്തോടുകൂടി കാണാത്തതുകൊണ്ടുള്ള കുഴപ്പമല്ലേ ഇത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രതിപക്ഷ നേതാവ് പറഞ്ഞത് വളരെ ശരിയാണ്. മൊത്തം ബാങ്കിംഗ് മേഖലയുടെ നിഷ്ക്രിയ ആസ്തി 6.7 ലക്ഷം കോടി രൂപ വരും. അതിൽ റീ-സ്ട്രക്ചേർഡ് ലോണുകളും കൂടി ചേർത്താൽ 11-12 ലക്ഷം കോടി രൂപ വരും. ഇത് ബാങ്കിംഗ് ലോണുകളുടെ ഏകദേശം 14 ശതമാനം വരുമെന്നാണ് ഒരു പത്രത്തിൽ വായിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. 6 ലക്ഷം കോടി രൂപയുടെ റീ-ക്യാപ്പിറ്റലൈസേഷൻ വേണമെന്നാണ് വിദേശ ഏജൻസികൾ പറയുന്നത്. അതിനാണ് 80,000 കോടി രൂപ കൊടുത്തിരിക്കുന്നത്. ബാങ്കിന് ബാഡ് ഡെബ്റ്റ് പ്രൊവിഷനിംഗ് നടത്തേണ്ടി വരികയാണ്. എസ്.ബി.ഐ. തന്നെ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇരട്ടിത്തുക ഇതിനുവേണ്ടി മാറ്റിവയ്ക്കേണ്ടിവരും. ഇതിന്റെ ഫലമായി അവരുടെ ലാഭം കുത്തനെ കുറയുന്ന സ്ഥിതിയാണുണ്ടാകുന്നത്. ഇത് ഷെയർ വാല്യുവിനെ ബാധിക്കും. ഈയൊരു പശ്ചാത്തലത്തിൽ അവർ കോർപ്പറേറ്റുകൾക്ക് കൊടുത്ത വായ്പകൾക്ക് തിരിച്ചടവുണ്ടാകില്ല. കോർപ്പറേറ്റുകൾക്ക് കൊടുക്കുന്നത് ദീർഘകാല വായ്പകളാണ്; പശ്ചാത്തല സൗകര്യ വായ്പകളാണ്. ഈ പശ്ചാത്തല സൗകര്യ വായ്പകളെല്ലാം ഇന്ന് നിഷ്ക്രിയ ആസ്തികളായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന് പണമുണ്ടാക്കാൻ വേണ്ടിയാണ് സർവ്വീസ് ചാർജ്ജ് വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് യാഥാർത്ഥ്യം. ഇതിനോട് ശക്തമായി പ്രതികരിക്കാതിരിക്കാൻ സാധിക്കില്ല. അതിനോട് പ്രതികരണ മുണ്ടായിട്ടുണ്ട്. പക്ഷേ ഇതൊരു സ്ഥിരം സ്വഭാവമാകാൻ സാധ്യതയുണ്ട്. ബാക്കി പൊതുമേഖലാ ബാങ്കുകൾ ഇനിയും ചാർജ് വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. ഒരുപക്ഷേ പുതിയ ബാങ്കുകൾ ചാർജ് വർദ്ധിപ്പിച്ചില്ലെങ്കിൽ അവർ കൂടുതൽ മാർക്കറ്റ് പിടിക്കും. ഏതായാലും നമ്മളെ സംബന്ധിച്ച് ചാർജ്ജ് കൊടുക്കേണ്ടിവരുമെന്ന് മാത്രമല്ല, ആളുകൾ ഇപ്പോൾ കാശ് ബാങ്കിലിടാതെ കൈവശം വയ്ക്കുന്ന സ്ഥിതി വരികയാണ്. സംസ്ഥാന സർക്കാർപോലും അതാണ് ചെയ്യുന്നത്. ബിവറേജസ്,

ലോട്ടറി എന്നിവിടങ്ങളിൽ നിന്നുള്ള പണം നേരിട്ട് ട്രഷറിയിൽ അടയ്ക്കാനാണ് പറയുന്നത്. ഇതിന്റെ ഫലമായി കറൻസി ഷോർട്ടേജ് കൂടുകയാണ്. നോട്ട് പിൻവലിക്കൽ കഴിഞ്ഞിട്ട് കേന്ദ്രസർക്കാർ Demonetization നടത്തി ക്കൊണ്ടിരിക്കുകയാണ്. എല്ലാ മാസവും പുതിയ നോട്ടുകൾ അച്ചടിക്കുകയാണ്. നോട്ട്ക്ഷാമം ഇല്ലാതാകുമെന്നാണ് നമ്മൾ സ്വാഭാവികമായും കരുതേണ്ടത്. എന്നാൽ കഴിഞ്ഞ മാസം ട്രഷറിയിൽനിന്നും പണം കൊടുക്കാൻ സാധിച്ചിട്ടില്ല. നോട്ടുകളെവിടെപ്പോയി എന്നറിയണ്ടേ; നോട്ടുകൾ എവിടെയും പോയതല്ല. ബാങ്കിലുള്ള വിശ്വാസം കുറഞ്ഞപ്പോൾ ജനങ്ങൾ കയ്യിൽ കാശ് വയ്ക്കുകയാണ്. ഇത് നോട്ട് ക്ഷാമം രൂക്ഷമാകുന്ന സ്ഥിതിയിലേയ്ക്ക് നയിക്കും. ഇതുകാരണം വലിയ സാമ്പത്തിക പ്രത്യാഘാതങ്ങളാണുണ്ടാകാൻ പോകുന്നത്. ഇതിന്റെ ഗൗരവം മനസ്സിലാക്കി ആവശ്യമായ ഇടപെടൽ നടത്തുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിലും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ മുന്നിലും സംസ്ഥാന സർക്കാരിന്റെയും സഭയുടെയും concern നിശ്ചയമായും അറിയിക്കുന്നതാണ്.

(8) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ നിന്ന് ജീവകാരുണ്യപരമായ മറുപടി പ്രതീക്ഷിച്ചുകൊണ്ടാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. അഭ്യസ്തവിദ്യരായ നൂറുകണക്കിന് ചെറുപ്പക്കാർ ജോലിക്കു വേണ്ടി അപേക്ഷ കൊടുക്കുകയും പി.എസ്.സി. അതിനാവശ്യമായ ലിസ്റ്റ് തയ്യാറാക്കുകയും റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്യുകയും ചെയ്യുന്നുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് വന്ന് കാലാവധി കഴിഞ്ഞാലും നിയമനം കിട്ടുന്നില്ല എന്നുള്ളത് പൊതുവെയുള്ള പ്രതിഭാസമാണ്. ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2016 ഏപ്രിൽ മാസം ഇറക്കിയ ഒരുത്തരവ് നിയമനത്തിനുവേണ്ടിയുള്ളതായിരുന്നു. അത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. പന്ത്രണ്ടോളം വിഷയങ്ങളിലെ പി.എസ്.സി. ഹയർ സെക്കണ്ടറി അദ്ധ്യാപക റാങ്ക് ലിസ്റ്റ് ഈ ജൂൺ 30-ന് അവസാനിക്കുക യാണ്. ഇനി 6 മാസം കൂട്ടിക്കൊടുത്താലോ അതിന്റെ കാലാവധി ഒന്നോ രണ്ടോ പ്രാവശ്യം നീട്ടിക്കൊടുത്താലോ ഒരിക്കലും അവർക്ക് ജോലി കിട്ടാനിടയില്ല. ഇനി ടെസ്റ്റ് എഴുതാനും സാധിക്കില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നാലര വർഷം വരെ എക്സ്റ്റന്റ് ചെയ്ത് കൊടുത്തിട്ടും ജോലി കിട്ടാതെ പോയിട്ടുണ്ട്. ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത് ദിവസ വേതനാടിസ്ഥാനത്തിലാണ്. ബഹുമാനപ്പെട്ട അംഗം സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച സബ്മിഷൻ തൊഴിലുറപ്പ് പദ്ധതി

സംബന്ധിച്ചാണ്. ഇവരെ തൊഴിലുറപ്പ് പദ്ധതിയിലെങ്കിലും ഉൾപ്പെടുത്തിയാൽ അവർ രക്ഷപ്പെടും. അവർ അഭ്യസ്തവിദ്യരാണ്. അദ്ധ്യാപകർക്ക് യാതൊരു മാന്യതയും കല്പിക്കാതെ ദിവസ വേതനാടിസ്ഥാനത്തിൽ ആളുകളെ നിയമിക്കുന്ന സാഹചര്യമാണുള്ളത്. അത്തരം നടപടി അവസാനിപ്പിക്കണം. സർക്കാരിനത് ഭൂഷണമല്ല. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടാനും അടിയന്തരമായി ഇവരെ റഗുലറൈസ് ചെയ്ത് നിയമനം നടത്താനുമുള്ള നടപടി സർക്കാർ സ്വീകരിക്കണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ഈ വിഷയങ്ങൾ അറിയാമെന്നുള്ളതുകൊണ്ട് ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇക്കാര്യം കാരുണ്യപരമായി പരിഗണിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്ത് സർക്കാർ എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത 148 പഞ്ചായത്തുകളിൽ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന തോതിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും എറണാകുളം മുതൽ വടക്കോട്ടുള്ള 8 ജില്ലകളിൽ നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളുള്ള പഞ്ചായത്തുകളിൽ വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കണ്ടറി സ്കൂളുകളും അധിക ബാച്ചുകളും അനുവദിച്ചുകൊണ്ട് 31-7-2014-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി കണക്കിലെടുത്ത് പുതിയതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിലും അധിക ബാച്ചുകളിലും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിശ്ചയിച്ച് അദ്ധ്യയനം നടത്താൻ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പുതിയതായി അനുവദിച്ച സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകർക്ക് 2016 വരെയും വേതനം ലഭിച്ചിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തസ്തിക സൃഷ്ടിച്ച് ഉത്തരവാകുന്നതുവരെ അവർക്ക് ദിവസ വേതനം നൽകാൻ 30-10-2016-ൽ ഉത്തരവ് നൽകി. ഇപ്പോൾ അവർക്ക് വേതനം ലഭിക്കുന്നുണ്ട്. പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളിലും ബാച്ചിലും സ്ഥിര അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് ഹയർ സെക്കണ്ടറി ഡയറക്ടർ വിശദമായ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിലവിലുള്ള ജോലിഭാരം, സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീഡ് വരെ ക്ലാസ്സുകളെടുക്കുന്നവരെ ഹയർ സെക്കണ്ടറി സ്കൂളിൽ ജൂനിയർ അദ്ധ്യാപകരായും 24 പിരീഡ് എടുക്കുന്നവരെ ഹയർ സെക്കണ്ടറി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. അഞ്ച് പ്രവൃത്തി ദിനങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതി. കൂടാതെ ഒരാഴ്ചയിലധികമായി വരുന്ന മൂന്ന് പിരീഡുകൾക്ക്

ജൂനിയർ അദ്ധ്യാപകനെ നിയമിക്കാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന മൂന്ന് പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കാൻ ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലും ബാച്ചുകളിലും ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള ശിപാർശ വിശദമായി പരിശോധിച്ചുവരുന്നു. എത്രയുംവേഗം അക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നമുറയ്ക്ക് റാങ്ക് ലിസ്റ്റുകളിൽ നിന്ന് കൂടുതൽ നിയമനങ്ങൾ നൽകാൻ കഴിയുന്നതാണ്. വിവിധ വിഷയങ്ങളിലായി ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ 29 റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്ന് ഇതുവരെയായി 2399 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ബാക്കിയുള്ളവ എത്രയുംവേഗം പരിഗണിക്കുന്നതാണ്.

## VI ക്രമപ്രശ്നം

### ജി.എസ്.ടി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജൂലൈ 1-ാം തീയതി മുതൽ ജമ്മു-കാശ്മീർ ഒഴികെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ജി.എസ്.ടി. നിലവിൽവരാൻ പോകുകയാണ്. അതിനാവശ്യമായ ഭരണഘടനാ ഭേദഗതി ബില്ലും സെൻട്രൽ ജി.എസ്.ടി. ബില്ലും സംയോജിത ജി.എസ്.ടി. ബില്ലും കേന്ദ്രഭരണ പ്രദേശങ്ങൾക്കുള്ള ജി.എസ്.ടി. ബില്ലും പാർലമെന്റ് പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇനി പാസ്സാക്കാനുള്ളത് സംസ്ഥാന നിയമസഭകൾ പാസ്സാക്കാനുള്ള ബില്ലുകളാണ്. ഇവ ക്യാബിനറ്റ് അംഗീകാരം നൽകി നിയമസഭ പാസ്സാക്കേണ്ട ബില്ലുകളാണ്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളും ആ ബില്ലുകൾ പാസ്സാക്കിക്കഴിഞ്ഞിട്ടുണ്ട്. ഒരു സംസ്ഥാനത്തിനും അതിൽനിന്നും വിട്ടുനിൽക്കാൻ കഴിയില്ല. നിയമസഭ അത് പാസ്സാക്കേണ്ടത് അടിയന്തരമായ കാര്യമാണ്. ജി.എസ്.ടി. നടപ്പാക്കിയാൽ രാജ്യത്തെമ്പാടും ഒരേ വസ്തുവിനും സേവനങ്ങൾക്കും ഒരേ നികുതി പ്രാബല്യത്തിൽ വരികയാണ്. ഈ നിയമം വരുന്നതോടുകൂടി ഏറ്റവും കൂടുതൽ പ്രയോജനമുണ്ടാകുന്നത് കേരളത്തിനാണ്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് തന്നെ നിരവധി അവസരങ്ങളിൽ ഇക്കാര്യം വിശദീകരിച്ചിട്ടുള്ളതാണ്. ജൂലൈ 1-ന് മുമ്പ് ഈ നിയമം പാസ്സാക്കേണ്ടതുണ്ട്. ഇന്ന് കാര്യോപദേശക സമിതി കൂടിയപ്പോൾ അക്കാര്യം ആരും ഉന്നയിച്ചില്ല. സഭ ഈ മാസം 25-ാം തീയതി അവസാനിക്കുകയാണ്. കാര്യോപദേശക സമിതിയുടെ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവിടെ പ്ലെയ്സ് ചെയ്ത ബില്ലുകളിൽ ജി.എസ്.ടി. ബിൽ ഉൾപ്പെടുന്നില്ല. ഈ സാഹചര്യത്തിൽ പ്രത്യേക നിയമസഭ വിളിച്ചുകൂട്ടിയാണോ ബിൽ പാസ്സാക്കാൻ ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ എങ്ങനെയായിരിക്കും ഈ ബിൽ പാസ്സാക്കാൻ പോകുന്നതെന്ന് അറിയാനുള്ള അവകാശം ഈ സഭയ്ക്കുണ്ട്. അത് അറിയിക്കണമെന്നുള്ളതാണ് എന്റെ ക്രമപ്രശ്നം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ജൂലൈ 1 മുതൽ ജി.എസ്.ടി. നിയമം രാജ്യത്ത് നടപ്പാകാൻ പോകുകയാണ്. അതിനുമുമ്പ് നമ്മൾ എസ്.ജി.എസ്.ടി. ബിൽ പാസ്സാക്കിയിട്ടുണ്ട്. 25-ാം തീയതി നിയമസഭ അവസാനിക്കുന്ന പശ്ചാത്തലത്തിൽ അത് ഈ സെഷനിൽ അവതരിപ്പിക്കാൻ കഴിയില്ല. 31-ന് മുമ്പ് നിയമപരമായി എടുക്കേണ്ട എല്ലാ നടപടികളും പൂർത്തീകരിക്കും. അടുത്ത സഭാസമ്മേളനം ചേരുന്ന അവസരത്തിൽ ഈ ബിൽ സഭയിൽ ചർച്ചയ്ക്ക് വയ്ക്കും. എന്ത് നടപടിയാണ് വേണ്ടതെന്ന് ക്യാബിനറ്റ് ചേർന്ന് ആലോചിച്ചശേഷം അറിയിക്കും.

## VII അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫ്: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

#### (i) 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബിൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2017-ലെ കേരള സംസ്ഥാന കർഷക ക്ഷേമ ബോർഡ് രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, 5 ബില്ലുകളുണ്ട്. എല്ലാവരും സമയക്ലിപ്തത പാലിക്കുകയാണെങ്കിൽ എല്ലാ ബില്ലുകളും അവതരിപ്പിക്കാനും പിന്നീട് ചർച്ച ചെയ്യാനും സാധിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: വളരെ കുറച്ച് സമയമെടുത്ത് ചർച്ച ചെയ്യാം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ അവിഭാജ്യഘടകമായ കൃഷിയും അനുബന്ധ മേഖലകളും സംസ്ഥാനത്തെ ജനസംഖ്യയുടെ 2/3 ഭാഗം ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ്. കേരളത്തിന്റെ ജനസാന്ദ്രത മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലായ സാഹചര്യത്തിൽ കൃഷിയിലൂടെയുള്ള ധനസമ്പാദനരീതി വിട്ട് കൃഷിഭൂമി കാർഷികേതര ധനാഗമ മാർഗ്ഗങ്ങൾക്ക് ഉപയോഗിക്കാൻ തുടങ്ങി. കാർഷികോൽപ്പന്നങ്ങളുടെ വിലയിലുള്ള അസ്ഥിരത പലപ്പോഴും ചെറുകിട നാമമാത്ര കർഷകരെ ദുരിതത്തിലാക്കുന്ന സ്ഥിതിവിശേഷം സംജാതമാക്കുന്നുണ്ട്. കൃഷിയിലേയ്ക്ക് ധാരാളം ആളുകളെ, പ്രത്യേകിച്ച് യുവതലമുറയെ ആകർഷിക്കുന്നതിനും നിലനിർത്തുന്നതിനുമായി കർഷകക്ഷേമ ബോർഡ് രൂപീകരിക്കണമെന്ന് ദേശീയ കർഷക കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ അവസാന മാസങ്ങളിൽ കർഷകക്ഷേമ ബോർഡ് രൂപീകരിക്കാൻ തീരുമാനമെടുത്തെങ്കിലും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിരുന്നില്ല. ഈ സർക്കാർ അധികാര മേറ്റയുടൻതന്നെ കർഷകക്ഷേമ ബോർഡ് രൂപീകരിക്കാൻ തീരുമാനമെടുത്തിരുന്നു. ആയതിനുള്ള നിയമനിർമ്മാണം അന്തിമഘട്ടത്തിലാണ്. മാത്രമല്ല, ഈ സാമ്പത്തിക വർഷംതന്നെ കർഷകക്ഷേമ ബോർഡ് രൂപീകരിക്കുമെന്നത് മുന്നിൽക്കണ്ടുകൊണ്ട് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 25 ലക്ഷം രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത നിയമസഭാ സമ്മേളനത്തിൽ കർഷകക്ഷേമ ബോർഡ് ബിൽ അവതരിപ്പിക്കുന്നതിനുള്ള തുടർനടപടികളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. ആയതിനാൽ ഈ ഘട്ടത്തിൽ ഇതേ കാര്യത്തിന്മേൽ ഒരു സ്വകാര്യ ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

സർക്കാർ ഇക്കാര്യത്തിൽ, കരട് ബില്ലും കരട് ചട്ടങ്ങളും തയ്യാറാക്കി യിരിക്കുകയാണ്. കർഷകക്ഷേമ ബോർഡുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്തെടുത്ത തീരുമാനം ഈ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബജറ്റിൽ 25 ലക്ഷം രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചുകഴിഞ്ഞു. ഈ സമ്മേളനത്തിൽ

അവതരിപ്പിക്കണമെന്ന് ആഗ്രഹിച്ചതാണ്. പക്ഷെ, അത് നടക്കാതെ പോയതുകൊണ്ട് അടുത്ത സമ്മേളനത്തിൽ നിർബന്ധമായും ഈ ബിൽ കൊണ്ടുവരുന്നതാണ്.

കൃഷിക്കാർക്ക് പെൻഷൻ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കർഷകക്ഷേമ ബോർഡ് വരേണ്ടത് അനിവാര്യമാണ്. കർഷകരുടെ പെൻഷൻ പലപ്പോഴും കൃത്യമായി കൊടുക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ഒരു ബോർഡ് നിലവിലില്ലായെന്നുള്ളതാണ്. ആ ബോർഡ് വരേണ്ടത് കൃഷി വകുപ്പിന്റെകൂടി ആവശ്യമായതുകൊണ്ട് സർക്കാർ അതിന്റെ എല്ലാ കാര്യങ്ങളും ചെയ്തുകഴിഞ്ഞിരിക്കുകയാണ്; ബിൽ അവതരിപ്പിക്കാനുള്ള നടപടിയിലേയ്ക്ക് പോകുകയാണ്. അതുകൊണ്ട് ഇത്തരമൊരു സ്വകാര്യബില്ലിന്റെ ആവശ്യമില്ല.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ബഹുമാനപ്പെട്ട മന്ത്രി 25 ലക്ഷം രൂപ അനുവദിച്ചുവെന്ന് പറഞ്ഞു. ഇതിനുമുമ്പും രണ്ട് പ്രാവശ്യം ബജറ്റിൽ 25 ലക്ഷം രൂപവീതം വച്ചിട്ടുണ്ടായിരുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ:</u> സർ, അത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, സർക്കാരെന്നേ ഞാൻ പറഞ്ഞുള്ളൂ. ഇത് നടപ്പിലാക്കുമെന്ന് പ്രകടനപത്രികയിലും പറഞ്ഞതാണ്. മറ്റുള്ളവർക്കും സംസാരിക്കേണ്ടതുള്ളതിനാൽ ഞാൻ പ്രസംഗം ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ കൊണ്ടുവരാനുണ്ടായ ഒരു കാരണം, കൃഷിക്കാരനെ ആരും ശ്രദ്ധിക്കുന്നില്ല, കൃഷിക്കാരനെന്ന് പറഞ്ഞാൽ ഒരു വിലയുമില്ലാത്ത ആളെന്നുള്ള സ്ഥിതിയുള്ളതു കൊണ്ടാണ്. ഒരു സ്ഥലത്തും, ഒരു ഓഫീസിൽ പോയാലും കൃഷിക്കാരനാണെന്ന് പറഞ്ഞാൽ ഇരിക്കാൻപോലും പറയാത്ത സാഹചര്യമാണുള്ളത്. സമൂഹത്തിൽ മാന്യത കിട്ടുന്നേയില്ല. കൃഷിക്കാരനാണ് യഥാർത്ഥത്തിൽ ഈ സമൂഹത്തെ തീറ്റിപ്പോറ്റുന്നത്. 130 കോടി ജനങ്ങളേയും തീറ്റിപ്പോറ്റുന്നതാരാണ്; മൂന്ന് നേരം ഭക്ഷണം കൊടുക്കുന്നത് കൃഷിക്കാരാണല്ലോ; ആഹാരം കഴിക്കുമ്പോൾപ്പോലും കൃഷിക്കാരനെ ഒരു സെക്കന്റ് ആരും ഓർക്കാറില്ല. ഒരു ക്ഷീരകർഷകൻ രാവിലെ 4 മണിക്ക് എഴുന്നേൽക്കണം. ചാണകം വാരി പശുവിനെ കുളിപ്പിച്ച് പാലുകറന്ന് കൊണ്ടുവരുമ്പോൾ, ആ പാലിന് 5 പൈസ വില കൂടിയാൽ എല്ലാവരും വലിയ ബഹളമുണ്ടാക്കും. ആ ചായ കുടിക്കുമ്പോൾ കൃഷിക്കാരനെ ഒരു സെക്കന്റുപോലും ഓർക്കാറില്ല. 5 ഏക്കർ സ്ഥലത്ത് കൃഷി ചെയ്താൽ ഒരു മാസം കിട്ടുന്നത് 5,000 രൂപയാണെന്നാണ് മന്ത്രിയുടെ മറുപടി. 5,000 രൂപ കിട്ടില്ല. ക്യാഷ് ക്രോപ്പുള്ള കൃഷിയാണെങ്കിൽ 10,000 രൂപപോലും കിട്ടില്ല. ഇതാണ് സ്ഥിതി. ഇത്തരത്തിൽ എങ്ങനെയാണ് ഒരു കുടുംബം കഴിയുക; കേരളത്തിലെ കൃഷിക്കാരൻ എത്ര വിദേശ

നാണ്യമാണ് നേടിത്തരുന്നത്; സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ കിട്ടുന്ന സംഖ്യ എത്രയാണെന്നറിയാമോ; അതൊക്കെ കേരളത്തിന്റെ സമ്പദ്ഘടനയെയും സർക്കാരിനെത്തന്നെയും നിലനിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. 16238 കോടി രൂപയാണ് സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന് കൃഷിക്കാരനിലൂടെ കിട്ടുന്നത്. കശുവണ്ടിയിൽ നിന്ന് 5,432 കോടി രൂപയുടെയും തേയിലയിൽ നിന്ന് 4,509 കോടി രൂപയുടെയും നാളികേര ഉൽപ്പന്നങ്ങളിൽനിന്ന് 1450 കോടി രൂപയുടെയും കയർ ഉൽപ്പന്നങ്ങളിൽ നിന്ന് 2,000 കോടി രൂപയുടെയും കാപ്പിയിൽ നിന്ന് 5,175 കോടി രൂപയുടെയും വിദേശനാണ്യം കിട്ടുകയാണ്. ആസാമിൽ പെട്രോളിയം ഉൽപ്പന്നങ്ങളിലൂടെ വിദേശനാണ്യം കിട്ടി സർക്കാരിന് ലാഭമുണ്ടാകുന്നുവെന്നും ഛത്തീസ്ഗഡിൽ കൽക്കരി കുഴിച്ചെടുക്കുന്നതിലൂടെ വിദേശനാണ്യം കിട്ടുന്നുവെന്നും പറഞ്ഞ് അതിന് റോയൽറ്റി കൊടുക്കുന്നുണ്ട്. കേരളത്തിന് ഇത്രയധികം വിദേശനാണ്യം നേടിത്തരുന്നതിന് എന്തുകൊണ്ടാണ് പ്രത്യേകം റോയൽറ്റി വേണമെന്ന് നമ്മൾ ആവശ്യപ്പെടാത്തത്; അക്കാര്യം ഗൗരവമായി അന്വേഷിക്കണം. വിദേശത്തുള്ള പ്രോസസിംഗ് കമ്പനികളുടെ കണക്കുണ്ട്. 12 ലക്ഷം കോടി രൂപയാണ് വിദേശ പ്രോസസിംഗ് കമ്പനികൾ ഒരു കൊല്ലം ഇവിടെ നിന്നുണ്ടാക്കുന്നത്.

ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. എനിക്ക് അടുത്ത സമ്മേളനത്തിൽ ചർച്ച തുടരാൻ അനുമതി നൽകിയാൽ മതിയാകും.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർ ചർച്ചയ്ക്ക് വയ്ക്കാം.

(ചർച്ച തുടരും)

(ii) 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. പി. ടി. തോമസ്: സർ, 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത് :സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും രൂപീകരിച്ചിരിക്കുന്നത് വാഹനങ്ങളുടെയും വാഹനത്തിൽ യാത്ര ചെയ്യുന്നവരുടെയും ആവശ്യങ്ങൾക്കും സുരക്ഷയ്ക്കുംവേണ്ടി മാത്രമല്ല; മറിച്ച് പൊതുസ്ഥലമായ റോഡുപയോഗിക്കുന്ന എല്ലാപേർക്കും വേണ്ടിയാണ്. ഇതിൽ സൈക്കിൾ യാത്രക്കാർ, റിക്ഷകൾ, കാൽനടയാത്രക്കാർ എന്നിവരെല്ലാം

ഉൾപ്പെടുന്നു. കാൽനടയാത്രക്കാർക്ക് വാഹനാപകടങ്ങളിൽപ്പെട്ട് ഗുരുതരമായ പരിക്കോ മരണമോ സംഭവിക്കാറുണ്ട്. വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളെന്ന സാമൂഹ്യ വിപത്തിനെ നേരിടാനായി സർക്കാർ 2007-ൽ സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുക എന്നതാണ് പ്രസ്തുത അതോറിറ്റിയുടെ ദൗത്യം. ഒരു വാഹനം പൊതുസ്ഥലത്ത് ഉപയോഗിക്കുമ്പോഴുണ്ടാകുന്ന അപകടങ്ങളും മരണവും നാശനഷ്ടങ്ങളും ഈ അതോറിറ്റിയുടെ പരിഗണനാ വിഷയങ്ങളാണ്. സംസ്ഥാനതലത്തിൽ സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയും ജില്ലാതലത്തിൽ ജില്ലാ റോഡ് സേഫ്റ്റി കൗൺസിലുകളും പ്രവർത്തിക്കുന്നുണ്ട്. ഈ അതോറിറ്റിയുടെ പ്രവർത്തനങ്ങൾക്കായി എല്ലാ വാഹനങ്ങളിൽനിന്നും ഒറ്റത്തവണയായി വാഹന സെസ്സ് പിരിച്ചെടുക്കുന്നുണ്ട്. കൂടാതെ അതോറിറ്റിക്ക് ജീവനക്കാരെയും സർക്കാർ നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിന് അഞ്ച് സാങ്കേതിക വിദഗ്ദ്ധരുടെ തസ്തികകൾ കേരള റോഡ് സേഫ്റ്റി അതോറിറ്റിയിൽ സൃഷ്ടിച്ചിട്ടുണ്ട്. നിയമന പ്രക്രിയകൾ പുരോഗമിക്കുന്നു. റോഡ് സുരക്ഷ സംബന്ധിച്ച് സർക്കാരിനെ ഉപദേശിക്കുക, റോഡ് സുരക്ഷാ മാനദണ്ഡങ്ങൾ നിശ്ചയിക്കുക, സുരക്ഷാ പദ്ധതികൾ നടപ്പാക്കുക, അതോറിറ്റിയുടെ ഫണ്ടിന്റെ ഭരണപരമായ നടപടികൾ, റോഡ് സുരക്ഷയ്ക്കായി ഫണ്ട് അനുവദിക്കൽ, റോഡ് സുരക്ഷാ ഉപകരണങ്ങളുടെ വാങ്ങൽ, ഈ മേഖലയിലെ പഠനങ്ങൾ-ബോധവൽക്കരണങ്ങൾ, അപകടത്തിൽപ്പെട്ടവരെ സഹായിക്കൽ എന്നിവയൊക്കെ അതോറിറ്റിയുടെ ചുമതലകളിൽപ്പെടുന്നു. കൂടാതെ അപകട മുന്നറിയിപ്പുകൾ നൽകുന്ന ബോർഡുകൾ സ്ഥാപിക്കൽ, പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് സ്ഥിരമായി അപകടങ്ങളുണ്ടാകുന്ന റോഡുകളുടെ സാങ്കേതിക തകരാറുകൾ പരിഹരിക്കൽ മുതലായവയും അതോറിറ്റി ചെയ്തുവരുന്നു. കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് അതോറിറ്റിയുമായി ബന്ധപ്പെട്ട് ബില്ലിൽ പരാമർശിക്കുന്ന മിക്കവാറുമെല്ലാ വിഷയങ്ങളും നിലവിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന റോഡ് സുരക്ഷാ അതോറിറ്റി ചെയ്തുവരുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇത്തരമൊരു പുതിയ സംവിധാനത്തിന്റെ ആവശ്യമില്ല.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, കാൽനടയാത്രക്കാർക്കുവേണ്ടി മാത്രമായി ഒരു അതോറിറ്റി രൂപീകരിക്കുകയും അപകടങ്ങൾ ഒഴിവാക്കുന്നതിനായി കാൽനട യാത്രക്കാർക്കും വാഹനമോടിക്കുന്നവർക്കും ബോധവൽക്കരണം നടത്തുകയും കാൽനടയാത്രക്കാർക്കുണ്ടാകുന്ന റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തി ആവശ്യമുള്ള ഘട്ടങ്ങളിൽ സർക്കാർ ശിപാർശകൾ നടപ്പാക്കുകയും ചെയ്യണം. അതോറിറ്റിയുടെ രൂപീകരണത്തെപ്പറ്റി

അങ്ങ് പറഞ്ഞു. അങ്ങ് വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ മന്ത്രിസ്ഥാനം ഏറ്റെടുത്തിരിക്കുന്നതെന്ന് ഞാൻ കരുതുകയാണ്. അങ്ങ് വിദേശരാജ്യങ്ങളിൽ വർഷങ്ങളോളം ചെലവഴിച്ചിട്ടുള്ളതുകൊണ്ട് അവിടെ നടപ്പിലാക്കിയിട്ടുള്ള റോഡിന്റെ പുരോഗതിയും സുരക്ഷിതത്വവുമൊക്കെ നല്ലതുപോലെ അറിയാം. അത് ഭാഗികമായിട്ടെങ്കിലും ഇവിടെ നടപ്പാക്കാനുള്ള നടപടി അങ്ങ് സ്വീകരിക്കണം. അങ്ങനെ നടപ്പാക്കണമെങ്കിൽ കേരളത്തിലെ റോഡ് സുരക്ഷാ ഫണ്ടും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും അടിയന്തരമായി പരിശോധനയ്ക്ക് വിധേയമാക്കുകയും കൃത്യമായി പണം ചെലവഴിക്കുകയും കെട്ടിക്കിടക്കുന്ന പണം ഉപയോഗ പ്പെടുത്തുകയും ചെയ്യണമെന്ന് സന്ദർഭവശാൽ ഞാൻ പറയുകയാണ്. കേരളത്തിൽ റോഡപകടങ്ങളിൽപ്പെട്ട് പരിക്ക് പറ്റുകയും മരണമടയുകയും ചെയ്യുന്നവരിൽ വലിയൊരു ശതമാനവും കാൽനടയാത്രക്കാരാണ്. ഓരോ വർഷവും നാലായിരത്തോളം റോഡപകടങ്ങൾ നടക്കുന്നതിൽ ഏകദേശം ആയിരത്തി നാനൂറോളം കാൽനടയാത്രക്കാരാണ് കൊല്ലപ്പെടുന്നത്. ഇതിന് പ്രധാന കാരണം ഫുട്പാത്തുകളില്ലാത്തതും ട്രാഫിക് നിയമങ്ങളെ സംബന്ധിച്ച് ജനങ്ങൾക്കുള്ള ധാരണയില്ലായ്മയുമാണ്. നഗരങ്ങളിൽ ഫുട്പാത്തുള്ള റോഡുകളുടെ എണ്ണം വളരെ കുറവാണ്. നാഷണൽ ഹൈവേയിൽ ലെവൽഡ് walk way ആണുള്ളത്. റോഡും walk way-യും വേർതിരിക്കാൻ വെളുത്ത ബോർഡർ ലൈനുണ്ട്. സാധാരണയായി തെർമോ പ്ലാസ്റ്റിക് പെയിന്റ് ഉപയോഗിച്ചാണ് വെള്ളവരയുണ്ടാക്കുന്നത്. വഴിയോര കച്ചവടക്കാരെ പുനരധിവസിപ്പിച്ചുകൊണ്ടുമാത്രമേ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയൂ. അതുപോലെ ബോർഡുകൾ സ്ഥാപിക്കുന്നതിനും യാതൊരു നിയന്ത്രണവുമില്ല. അതിന് ലൈസൻസ് ഏർപ്പെടുത്തുകയും ബോർഡ് സ്ഥാപിക്കുന്നതിന് പ്രത്യേകമായൊരു പോസ്റ്റ് വച്ചുകൊണ്ട് അത് കൃത്യമായ നിബന്ധനകൾക്ക് വിധേയമാക്കുകയും വേണം. അതുപോലെ സീബ്രാ ക്രോസിംഗിനുപയോഗിക്കുന്ന പെയിന്റ് രണ്ടുമൂന്ന് മാസങ്ങൾ കഴിയുമ്പോൾ മാഞ്ഞുപോകുന്നുണ്ട്. സീബ്രാലൈനാണെന്ന് അറിയാത്തതുകാരണം അപകടങ്ങളും മരണങ്ങളുമുണ്ടാകുന്നു. ഉത്തരേന്ത്യയിൽ ഒരു പ്രമുഖ സിനിമാനടൻ അലക്ഷ്യമായി വണ്ടിയോടിച്ചുപോയപ്പോൾ എത്ര ആളുകളാണ് പിടഞ്ഞുമരിച്ചത്. രാവിലെ വീട്ടിൽനിന്നും ഇറങ്ങുന്ന ആൾ വൈകിട്ട് തിരിച്ച് വരുമെന്ന് പ്രതീക്ഷിക്കാൻ കഴിയാത്ത ഒരു സാഹചര്യത്തിലാണ് കേരളം നിൽക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ സർക്കാർ ശക്തമായ നിലപാട് സ്വീകരിക്കണം. റോഡ് സുരക്ഷയെപ്പറ്റിയുള്ള ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ നിബന്ധനകൾ നടപ്പാക്കാൻ ശ്രമിക്കണം. ലോകത്ത് ഏറ്റവും പുരോഗമനപരമായി നടപ്പാക്കപ്പെട്ടിട്ടുള്ള സിഗ്നൽ സിസ്റ്റം സംബന്ധിച്ചും റോഡുകളുടെ ലൈനുകളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തണം. അതുപോലെ നിർമ്മാണ സാമഗ്രികളും കെട്ടിട

സാമഗ്രികളും റോഡിൽ കൂട്ടിയിടുന്നതുമൂലമുള്ള അപകടങ്ങളുമുണ്ട്. ആനകൾ തടി വലിക്കുന്നതുപോലും റോഡിലൂടെയാണ്. തെരുവ് സംസ്കാരം മോശപ്പെട്ട ഭാഷയാണെങ്കിലും യഥാർത്ഥത്തിൽ നമുക്കൊരു തെരുവ് സംസ്കാരവും റോഡ് കൾച്ചറും ആവശ്യമാണ്. അതില്ലാത്തതുമൂലം അപകടങ്ങളുമുണ്ടായിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഗൗരവതരമായി ഈ പ്രശ്നം പരിഹരിക്കണം. ഈ ബില്ലിന്റെ തുടർ ചർച്ച അടുത്ത ആഴ്ചയിലേയ്ക്ക് മാറ്റാം. ഈ ബിൽ തീർച്ചയായും സർക്കാരിന് അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല. ലക്ഷക്കണക്കിന് കാൽനട യാത്രക്കാരുടെ ജീവൻ പണയം വച്ചുകൊണ്ട് ഒരു സർക്കാരിന് ഈ ബിൽ തള്ളിക്കളയാൻ കഴിയില്ല. അതുകൊണ്ട് സർക്കാർ ഈ ബില്ലിന് അംഗീകാരം നൽകണം. അടുത്ത ആഴ്ചയിൽ ബാക്കി കാര്യങ്ങൾ പറയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 2017-ലെ കേരള കാൽനട യാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iii) 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. എൻ. ഷംസുദ്ദീൻ : സർ, 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. നോട്ടീസ് നൽകിയിരിക്കുന്ന 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ ഇന്ത്യൻ ശിക്ഷാനിയമത്തിലും ക്രിമിനൽ നടപടി നിയമത്തിലും ഭേദഗതി വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. പല കുറ്റകൃത്യങ്ങൾക്കും നിയമം അനുശാസിക്കുന്ന ശിക്ഷ വർദ്ധിപ്പിക്കുന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. നടപടിക്രമങ്ങളെ സംബന്ധിച്ച് സുപ്രധാനമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നുണ്ട്. ഇന്ത്യൻ ശിക്ഷാനിയമവും ക്രിമിനൽ നടപടി നിയമവും കേന്ദ്ര നിയമങ്ങളാണെങ്കിലും കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിഷയങ്ങളായതിനാൽ സംസ്ഥാന നിയമസഭയ്ക്ക് ഭേദഗതി വരുത്താനുള്ള അവകാശമുണ്ട്. എന്നാൽ ഇതര സംസ്ഥാനങ്ങളിൽ നിലവിലുള്ള ശിക്ഷയും നടപടിക്രമവും കേരളത്തിൽ മാത്രമായി മാറ്റുന്നത് വിവിധ തലങ്ങളിൽ ഗൗരവമായ ആലോചനകൾക്കും ചർച്ചകൾക്കുംശേഷം മാത്രമേ തീരുമാനിക്കാനാവൂ. സംസ്ഥാനത്ത് ഇതിനകംതന്നെ നിയമപരിഷ്കരണ കമ്മീഷനെ

നിയോഗിക്കുകയും പ്രവർത്തനങ്ങളാരംഭിക്കുകയും ചെയ്തിട്ടുണ്ട്. അത്തരമൊരു പശ്ചാത്തലത്തിൽ ഇത്തരമൊരു ബില്ലിന് അനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ നാട്ടിലെ കുറ്റകൃത്യങ്ങളും ശിക്ഷയും കൈകാര്യം ചെയ്യുന്ന നിയമവ്യവസ്ഥ ഇൻഡ്യൻ പീനൽ കോഡും അതിന്റെ നടപടിക്രമങ്ങളെ വിശദീകരിക്കുന്നത് ക്രിമിനൽ പ്രൊസീജിയർ കോഡുമാണ്. ഈ രണ്ട് ആക്ടുകൾ ചേർന്നാണ് പ്രധാനമായി കുറ്റകൃത്യങ്ങൾ സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിനുപുറമെ Atrocities of SC/ST, അബ്കാരി എന്നിങ്ങനെയുള്ള ചില മേഖലകൾക്ക് പ്രത്യേകമായ ക്രിമിനൽ നിയമങ്ങളുണ്ട്. ഐ.പി.സി.-യും സി.ആർ.പി.സി.-യുമൊക്കെ ബ്രിട്ടീഷ് കാലഘട്ടത്തിലുണ്ടാക്കിയതും കേന്ദ്ര നിയമങ്ങളുമാണ്. ഈ കേന്ദ്ര നിയമങ്ങൾ പാർലമെന്റ് പലതവണ ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിന്റെ ദൂരവ്യാപകമായ വശങ്ങൾ പരിശോധിക്കേണ്ടതുകൊണ്ട് അതിന് മുതിരുന്നില്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. അതിന്റെ ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു നിയമ നിർമ്മാണസഭ എന്ന നിലയ്ക്ക് ഐ.പി.സി.-യും സി.ആർ.പി.സി.-യും കേരളീയ സാഹചര്യങ്ങൾ ക്കനുസരിച്ച് ഒഴിവാക്കാനോ ഇല്ലാതാക്കാനോ കഴിയില്ല. പക്ഷേ കേരളത്തിലെ സാമൂഹ്യ അവസ്ഥയ്ക്കനുസരിച്ച് ആവശ്യമായ ഭേദഗതികൾ വരുത്താൻ ഈ നിയമനിർമ്മാണ സഭയ്ക്ക് അധികാരമുണ്ട്. ആ അധികാരം വിനിയോഗിക്കണ മെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത് വിനിയോഗിക്കപ്പെടാതെ പോകുന്നതുകൊണ്ട് പല കാര്യങ്ങളിലും പ്രയാസങ്ങളുണ്ടാകും. അത് വിനിയോഗിക്കപ്പെടാതെ പോകുന്നത് നിയമനിർമ്മാണ വിഷയത്തിൽ നമ്മൾ കാണിക്കുന്ന അലംഭാവമായി നാളെ ചരിത്രം വിലയിരുത്തുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലിന്റെ അവതരണം ഇന്ന് തുടങ്ങിവയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഇനിയും ചില അംഗങ്ങളുടെ ബില്ലുകൾ സഭയിൽ വരാനുണ്ട്. അതുകൊണ്ട് ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രം ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു.

ചില കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അളവ് തൂക്കങ്ങളുമായും മായം ചേർക്കുന്നതുമായും ബന്ധപ്പെട്ടുള്ളവയാണ് അതിൽ പ്രധാനം. മരുന്നിൽ മായം ചേർത്താലോ റോഡിൽ അടിപിടി കൂടിയാലോ അമിത വേഗതയിലും അശ്രദ്ധയിലും വാഹനമോടിച്ച് അപകടമുണ്ടാക്കിയാലോ വളരെ ലളിതമായ ശിക്ഷാ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. ഇത്തരം പ്രവൃത്തികൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതുണ്ട്. രാജ്യത്ത് ധാരാളം അപകടമരണങ്ങൾ നടക്കുന്നുണ്ട്. കേരളത്തിൽ ഓരോ മണിക്കൂറിലും ധാരാളം ആളുകൾക്ക് അപകടം

സംഭവിക്കുകയും മരിക്കുകയും ചെയ്യുന്നു. അതിനെല്ലാം ഒരു നിയന്ത്രണം വേണം. അമിതവേഗതയിലും അശ്രദ്ധയിലും മദ്യപിച്ചും വാഹനമോടിക്കുന്നത് നിയന്ത്രിക്കണം. മരുന്നിന്റെ കാര്യവും അങ്ങനെ തന്നെയാണ്. ഇന്ന് എല്ലാ സാധനങ്ങളിലും മായമാണ്. മായം കഴിച്ച് എന്തെങ്കിലും അസുഖം വന്നാൽ അതിനുവേണ്ടി കഴിക്കുന്ന മരുന്നിലും മായമാണ്. അതെല്ലാം നിയന്ത്രിക്കുന്നതിനുള്ള ചില നടപടിക്രമങ്ങൾ ഉണ്ടാകണം. അതുപോലെതന്നെ കുറേ നടപടിക്രമങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ട്. സി.ആർ.പി.സി.-യിൽ പോലീസ് ഓഫീസർക്കെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ പോലീസ് മുഖാന്തിരമാണ് നിലവിലുള്ള വ്യവസ്ഥയിൽ അത് നടപ്പാക്കേണ്ടത്. അത് മാറണം. കാരണം, പോലീനെതിരെ സെർച്ച് വാറണ്ട് പുറപ്പെടുവിക്കുമ്പോൾ ഒരു അഡ്വക്കേറ്റ് കമ്മീഷണറോ ഗസറ്റഡ് ഓഫീസറോ മുഖാന്തിരം അത് നടപ്പാക്കുകയെന്ന തരത്തിൽ നന്മ ഉദ്ദേശിച്ചു കൊണ്ടുള്ള കുറച്ച് ഭേദഗതികളാണ് കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് വേറെ പ്രത്യാഘാതങ്ങളൊന്നുമുണ്ടാകില്ല.

ചില ആളുകൾ കേസിൽ പ്രതിയായി ചേർക്കപ്പെട്ടിട്ടുണ്ടാകാം. അവർക്ക് വിദേശത്ത് ജോലിയുണ്ടാകും. അങ്ങനെ വിദേശത്ത് ജോലിയുള്ള ആൾ ഇവിടെ എല്ലാ കേസിനും ഹാജരാകണമെന്ന് പറഞ്ഞാൽ അയാൾ ആ ജോലിയും സംവിധാനവുമൊക്കെ ഉപേക്ഷിക്കേണ്ട സ്ഥിതിയാണുള്ളത്. ഇന്ന് മജിസ്ട്രേറ്റ് കോടതികളിൽ അതിന് അനുമതി കൊടുക്കുന്നുണ്ട്. പക്ഷേ സെഷൻസ് കോടതികളിൽ നിലവിലുള്ള നിയമം ഭേദഗതി വരുത്തിയാൽ ഇവർക്ക് personal attendance-ന് ഇളവ് കൊടുത്തുകൊണ്ട് കോടതികൾക്ക് ഉത്തരവിടാൻ കഴിയും. അപ്പോൾ കേസുണ്ടെങ്കിലും അയാൾക്ക് വിദേശത്ത് ജോലി തുടരാം. കേസ് എന്നുപറയുന്നത് കേവലം കുറ്റാരോപണം മാത്രമാണ്. അയാൾ കുറ്റകൃത്യം ചെയ്തുവെന്ന് തെളിയിക്കപ്പെട്ടിട്ടില്ല. ആവശ്യപ്പെടുന്ന സമയത്ത് നമുക്കദ്ദേഹത്തെ തിരിച്ചുവിളിക്കാം. ചിലപ്പോൾ ഒരു കേസിന്റെ വിചാരണ പൂർത്തിയാകണമെങ്കിൽ നാലും അഞ്ചും വർഷമെടുക്കും. വിദേശത്തെ ജോലിയും കളഞ്ഞ്, അദ്ദേഹത്തിന്റെ കുടുംബത്തെ പട്ടിണിയിലാക്കി കേസ് വെറുതെ വിട്ടിട്ട് വല്ല കാര്യവുമുണ്ടോ; ഇത്തരത്തിലുള്ള പല വിഷയങ്ങളുണ്ട്. നമ്മൾ അതൊന്നും നിസ്സാരമായി കാണരുത്. ഇക്കാര്യങ്ങൾ ഓരോരുത്തരുടേയും ജീവിതത്തിൽ വരുമ്പോഴാണ് അതിന്റെ പ്രാധാന്യം മനസ്സിലാകുന്നത്. അതെല്ലാം മനസ്സിലാക്കി ആവശ്യമായ കാര്യങ്ങൾ ചെയ്യാൻ നിയുക്തരായവരാണ് നമ്മൾ. അതുകൊണ്ടുതന്നെ ചില നടപടിക്രമങ്ങളിൽ വരുത്തേണ്ട കുറേ മാറ്റങ്ങളുണ്ട്. സമയപരിമിതിമൂലം ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. പിന്നീട് ഒരവസരത്തിൽ വിശദീകരിക്കാം.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായല്ലാതെ ഒരുദ്യോഗസ്ഥൻ കുറ്റകൃത്യം ചെയ്താൽ അതിനെതിരെ സ്വകാര്യ അന്യായം കൊടുക്കണമെങ്കിൽ സർക്കാരിന്റെ സാംഗ്ഷൻ വേണം. കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വരുന്ന

കുറ്റകൃത്യങ്ങൾക്കെതിരെ അന്യായം കൊടുക്കുന്നതിന് ഒരു പോലീസ് ഓഫീസർ അല്ലെങ്കിൽ ഒരു ഗസറ്റഡ് ഓഫീസർ സാംഗ്ഷൻ നൽകിയാൽ മതിയാകും. അയാൾ വ്യക്തിപരമായി, രാവിലെ നടക്കാൻ പോകുമ്പോഴുണ്ടാക്കിയ അടിക്കോ അല്ലെങ്കിൽ ആരോടെങ്കിലും എന്തെങ്കിലും അന്യായം കാണിച്ചതിനോ കേസ് കൊടുക്കുന്നതിന് ഇപ്പോൾ സർക്കാരിന്റെ സാംഗ്ഷൻ വാങ്ങണം. കേസ് കൊടുക്കുന്നതിന് മുൻപ് അനുമതി വാങ്ങുക എന്നു പറയും. അക്കാര്യങ്ങളിലൊക്കെ ഒരിളവ് വേണം. എല്ലാം ജനറലൈസ് ചെയ്തുപോകേണ്ട കാര്യമില്ല. സായിപ്പിന്റെ കാലത്തുണ്ടാക്കിയ നിയമമാണിത്. കാലോചിതമായി മാറ്റം വരുത്താനുള്ള അധികാരം നമുക്കുണ്ട്. അത് പ്രയോഗിക്കാൻ അറച്ചുനിൽക്കുന്നതിൽ അർത്ഥമില്ല. ഇതൊരു സ്വകാര്യ ബില്ലായിട്ടാണ് വരുന്നതെങ്കിലും ഇതിന്റെ താൽപ്പര്യം ഉൾക്കൊണ്ടുകൊണ്ട് ക്രിമിനൽ നിയമങ്ങളിൽ സർക്കാരിൽനിന്നുതന്നെ ഇടപെടലുകളുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുസംബന്ധിച്ച് ഒരു ദീർഘമായ ചർച്ച വേണം. ഇവിടെയുള്ള എല്ലാവരുടേയും അഭിപ്രായം അറിയണം. ഇത്രയും പറഞ്ഞുകൊണ്ട് ഈ ബിൽ തുടർ ചർച്ചയ്ക്ക് മാറ്റി വയ്ക്കണമെന്ന അപേക്ഷയോടുകൂടി ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 2017-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(iv) 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ

ശ്രീ. ബി. സത്യൻ: സർ, 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 1988-ൽ ഇടതുപക്ഷ സർക്കാരാണ് ടൂറിസം തദ്ദേശീയമായി വികസിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് ഡി.റ്റി.പി.സി.-കൾക്ക് രൂപം കൊടുത്തത്. അത് രൂപീകരിച്ചിട്ട് ഇപ്പോൾ 29 വർഷമാകുന്നു. 29 വർഷംകൊണ്ട് ഡി.റ്റി.പി.സി. കുറേയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനങ്ങൾ നമ്മളാഗ്രഹിച്ചതുപോലെയോ, അത് രൂപീകരിക്കുന്ന ഘട്ടത്തിൽ സർക്കാർ അന്ന് പ്രതീക്ഷിച്ച തോതിലോ വളരെ വേഗതയിൽ ഉയർന്നുപോയെന്ന്

പറയാൻ സാധിക്കുകയില്ല. കാരണം, ഡി.റ്റി.പി.സി.-കളുടെ ഘടനയെല്ലാം ആ രൂപത്തിലായിരുന്നു. അതിലെ സെക്രട്ടറിമാരുടെ ശമ്പളംതന്നെ വളരെ നിസ്സാരമായിരുന്നു. ആ ശമ്പളത്തിന് സാമാന്യം നല്ല കഴിവുള്ള ആളുകളാരുംതന്നെ സെക്രട്ടറിഷിപ്പിലേയ്ക്ക് വരാൻ തയ്യാറാകുമായിരുന്നില്ല. ആ ശമ്പളത്തിന് വിഷനുള്ള ആളുകളെ കിട്ടാൻ പ്രയാസമായിരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 29 വർഷക്കാലത്തെ ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വളരെ വിശദമായ പരിശോധന നടത്തി. ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനങ്ങളുടെ കേന്ദ്ര ബിന്ദുവായി പ്രവർത്തിക്കേണ്ടത് ഡി.റ്റി.പി.സി. സെക്രട്ടറിമാർ തന്നെയാണെന്നാണ് അപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. അങ്ങനെയുള്ള ഡി.റ്റി.പി.സി. സെക്രട്ടറിമാർ, ചിലയാളുകൾ ചില ലാവണങ്ങൾ തേടി മാത്രം വരുന്നവരുണ്ട്. എവിടെയെങ്കിലും ഒരു ജോലിയുണ്ടാകും. തിരുവനന്തപുരത്ത് വന്ന് അല്ലെങ്കിൽ മറ്റൊരിടത്തുവന്ന് ഡെപ്യൂട്ടേഷനൊക്കെ സംഘടിപ്പിച്ച് അവിടെയിരുന്ന് അവരുടെ കാലാവധി തീരുംവരെ പോകുക എന്നല്ലാതെ, ടൂറിസത്തെ സംബന്ധിക്കുന്ന പ്രവർത്തനങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ ശേഷിയും അറിവും അതിനുള്ള ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളുമുള്ള പരിചയസമ്പന്നരായ ആളുകളായിരുന്നില്ല പലപ്പോഴുമുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ശേഷിയുള്ള ആളുകൾക്ക് സാമാന്യം മെച്ചപ്പെട്ട ശമ്പളം കൊടുത്ത് ആപ്ലിക്കേഷൻ ക്ഷണിച്ച് ശരിയായ ടെസ്റ്റ് നടത്തി അതിൽ വിജയിച്ചുവരുന്ന സമർത്ഥരായിട്ടുള്ള ആളുകളെ കേരളത്തിലെ 14 ഡി.റ്റി.പി.സി. സെക്രട്ടറിമാരായി നിയമിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ വളരെ ശക്തിയായി മുന്നോട്ടുകൊണ്ടുപോകുക എന്ന നിലപാട് സ്വീകരിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പുതിയ സെക്രട്ടറിമാരെ നിയമിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതാണ്ട് അവസാന ഘട്ടത്തിൽ നിൽക്കുകയാണ്. ഒരുപാട് നല്ല കഴിവുള്ള ആളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ ബില്ലിൽ പറഞ്ഞതുപോലെ ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ ശൈശവ ദശയിലാണെന്ന് പറയാൻ പറ്റില്ലെങ്കിലും അതിന്റെ പ്രവർത്തനങ്ങളിൽ ഇന്നുള്ള പോരായ്മകൾ പരിഹരിച്ച് നമുക്ക് ശക്തിപ്പെടുത്താൻ സാധിക്കും. അതിനെ ഏകോപിപ്പിക്കുന്നതിന് ഇത്തരത്തിലുള്ള ഒരു അപ്പെക്സ് ബോഡിയുടെ ആവശ്യമില്ല. കാരണം, ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഇപ്പോൾ ഡിപ്പാർട്ട്മെന്റുണ്ട്. ടൂറിസം ഡിപ്പാർട്ട്മെന്റും ഗവൺമെന്റ് സെക്രട്ടറിയുമൊക്കെയായി ഫലപ്രദമായ സംവിധാനം നിലവിലുണ്ട്. ഈ ബില്ലിൽ പറയുന്ന ചില കാര്യങ്ങളിൽ വാസ്തവമുണ്ട്. ജീവനക്കാരുടെ ശമ്പളം,

പ്രവർത്തനങ്ങളുടെ ഏകോപനം ഇവയെല്ലാംതന്നെ ബില്ലിൽ പറയുന്നുണ്ട്. അതെല്ലാം വളരെ ഫലപ്രദമായി ഏകോപിപ്പിച്ച് ജീവിക്കാൻ പറ്റുന്ന തരത്തിലുള്ള ശമ്പളം കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഡി.റ്റി.പി.സി.-യിലെ ജീവനക്കാർക്ക് നിസ്സാര ശമ്പളമാണുള്ളത്. അവർക്കതുകൊണ്ട് ജീവിക്കാൻ സാധിക്കില്ല. അതെല്ലാം ബഹുമാനപ്പെട്ട അംഗം പറയുന്നത് വാസ്തവമാണ്. അക്കാര്യങ്ങളെല്ലാം പരിഹരിക്കുന്നതിനുള്ള ക്രിയാത്മകമായ ഒരു പരിപാടിക്ക് സർക്കാർ രൂപം കൊടുക്കുന്നുണ്ട്. ഡി.റ്റി.പി.സി.-കൾ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നതാണ്. അവർക്ക് ന്യായമായ ശമ്പളം ലഭ്യമാക്കാനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഒരു അപ്പെക്സ് ബോഡി എന്നത് അനാവശ്യ സംവിധാനമായിരിക്കും. നമുക്കിപ്പോൾ ഡിപ്പാർട്ട്മെന്റുണ്ട്. ഡി.റ്റി.പി.സി.-കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ തദ്ദേശീയമായ ടൂറിസത്തെ വികസിപ്പിക്കുക എന്ന ലക്ഷ്യം തന്നെയാണ് അദ്ദേഹത്തിനുള്ളത്. അദ്ദേഹത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാലും ഒരു അപ്പെക്സ് ബോഡി രൂപീകരിക്കേണ്ട കാര്യമില്ല. നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തി കാര്യങ്ങൾ ഭംഗിയായി നടത്താൻ കഴിയും. അതുകൊണ്ടാണ് വളരെ പ്രയാസപ്പെട്ട് എല്ലാ കാര്യങ്ങളും പരിശോധിച്ച്, പഠിച്ച് അദ്ദേഹം തയ്യാറാക്കിയിട്ടുള്ള ഈ ബില്ലിനെ നിരാകരിക്കുക എന്ന നിലപാട് സർക്കാരിന് സ്വീകരിക്കേണ്ടിവരുന്നത്.

ശ്രീ. ബി. സത്യൻ: സർ, ഡി.റ്റി.പി.സി.-കളുടെ ഉത്ഭവവും അതിനുശേഷമുള്ള പ്രവർത്തനവും ചുരുങ്ങിയ സമയത്തിനുള്ളിൽ വളരെ നന്നായി പഠിച്ച ബഹുമാന്യനായ മന്ത്രിയെ ഞാൻ ഈയവസരത്തിൽ അഭിനന്ദിക്കുന്നു. ഈ സ്ഥാപനങ്ങൾ നിലവിൽ വന്നിട്ട് 28 വർഷം കഴിഞ്ഞിരിക്കുകയാണ്. ഡി.റ്റി.പി.സി.-ക്ക് കാര്യപ്രാപ്തിയുള്ള ഒരു സെക്രട്ടറിയുണ്ടാകണം. ഡി.റ്റി.പി.സി.-യുടെ ചെയർമാൻ കളക്ടറാണ്. ഓരോ സർക്കാർ വരുമ്പോഴും അങ്ങ് പറഞ്ഞതുപോലെ സെക്രട്ടറിമാർ മാറിമാറി വരികയും ഡി.റ്റി.പി.സി.-യുടെ നിയന്ത്രണം സെക്രട്ടറി മാരിലെത്തുകയും ചെയ്യുന്നു. കളക്ടർമാരുടെ തിരക്കുപിടിച്ച ജോലിയും ഭാരിച്ച ഉത്തരവാദിത്വവും കാരണം ഇത്തരം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. എല്ലാ ജില്ലകളിലും വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വരുന്ന വിജിലൻസ് കേസ്സുകൾ ധാരാളമുണ്ട്. ടൂറിസം രംഗത്ത് അനന്തമായ സാധ്യതകളുള്ള ദൈവത്തിന്റെ സ്വന്തം നാടാണ് നമ്മുടേത്. അതിവിദൂര ഭാവിയിൽ വലിയ വികസനസാധ്യതയും തൊഴിൽ സാധ്യതയുമുള്ള ഒരു മേഖലയാണ് ടൂറിസം. അവയെല്ലാം ജില്ലകളിൽ ഏകോപിപ്പിക്കുന്നതിനായി 1988-ൽ ശ്രീ. പി.എസ്. ശ്രീനിവാസൻ രൂപപ്പെടുത്തിയെടുത്തതാണ് ജില്ലാ ടൂറിസം

പ്രൊമോഷൻ കൗൺസിൽ. ആ കൗൺസിലുകളുടേയും അവിടെ നിയമിതരായിട്ടുള്ള ജീവനക്കാരുടെയും പ്രശ്നങ്ങൾ നമുക്ക് അഡ്രസ്സ് ചെയ്യാൻ കഴിയുന്നില്ല. യാതൊരു സേവന-വേതന വ്യവസ്ഥകളും പാലിക്കുന്നില്ല. ബ്രിട്ടീഷുകാരുടെ കാലത്ത്, 1924 കാലഘട്ടം മുതൽ ആരംഭിച്ച ട്രേഡ് യൂണിയൻ നിയമങ്ങൾ, അതിനുശേഷം ട്രേഡ് യൂണിയൻ ഡിസ്പ്യൂട്ട് ആക്ട്, ബോണസ് ആക്ട്, പേമെന്റ് ഓഫ് വേജസ് ആക്ട്, മിനിമം വേജസ് ആക്ട് എന്നിവയെല്ലാമുണ്ട്. ഇപ്പോൾ കേന്ദ്രസർക്കാർ പാസ്സാക്കിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകേണ്ട നിയമമുൾപ്പെടെയുണ്ട്. വഴിയോരങ്ങളിൽ കച്ചവടം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അനുമതി കൊടുക്കുന്നുണ്ട്. ഉപജീവനം, തൊഴിൽ ചെയ്യാനുള്ള അവകാശം എന്നിവ മൗലികാവകാശമായി അംഗീകരിക്കപ്പെട്ട നാടാണ് നമ്മുടേത്. അപ്പോൾ ഇവിടെ ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് ന്യായമായ സേവന-വേതന വ്യവസ്ഥകൾ നൽകേണ്ട സ്ഥാപനം കാഴ്ചക്കാരെപ്പോലെ നിൽക്കുന്ന അവസ്ഥയാണ് പലപ്പോഴും ജില്ലകളിൽ കാണുന്നത്. ഇനിയെങ്കിലും ഏകോപിതമായി ഒരു സേവന -വേതന വ്യവസ്ഥ നടപ്പിലാക്കണം. സംസ്ഥാന സർക്കാരിനും ടൂറിസം വകുപ്പിനും അക്കാര്യത്തിൽ താൽപ്പര്യമുണ്ട്, ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ ഇടപെടൽ നടത്തുന്നുമുണ്ട്. ഇതിന്റെ ചെയർമാൻ കളക്ടറാണ്, ഒരു സെക്രട്ടറിയാണ് നിയന്ത്രിക്കുന്നത്. ജനപ്രതിനിധികളും മറ്റുദ്യോഗസ്ഥരും എക്സ്പെർട്ടുകളും മറ്റും അടങ്ങിയിട്ടുള്ള ഒരു സമിതിയുമുണ്ട്. ഇക്കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവർക്കൊക്കെ പരിമിതികളുണ്ട്. അതിനാണ് കൗൺസിലുകൾ ഏകോപിപ്പിക്കണമെന്ന് ഞാനുദ്ദേശിച്ചത്. ഏകോപിതമായ ഒരു സേവന-വേതന വ്യവസ്ഥ നടപ്പിലാക്കുക യാണെങ്കിൽ ഏകോപിപ്പിക്കാതെതന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയുമെന്ന് അങ്ങ് സൂചിപ്പിച്ചതിൽ വളരെ സന്തോഷമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്കും ആ വകുപ്പിനും അതിനുള്ള ആർജ്ജവമുണ്ടെന്നതിൽ ഞാൻ അങ്ങയെ വീണ്ടും അഭിനന്ദിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ടതാണ്. എല്ലാ ജില്ലകളിലും ഇതുപോലുള്ള ടൂറിസം പദ്ധതികളുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവരുടെയെല്ലാം അഭിപ്രായങ്ങൾ കേൾക്കേണ്ടതായിട്ടുണ്ട്. ഇത് നിയമനിർമ്മാണ സഭയാണ്. അതിന്റെ ക്രിയാത്മകമായ വശങ്ങൾ സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുമ്പോൾ, അതിനൊരു നല്ല നിർദ്ദേശം തരികയും അതിലിടപെടുകയും ചെയ്യുമെന്ന് പറഞ്ഞതിലുള്ള സന്തോഷം ഈയവസരത്തിൽ അറിയിക്കുകയാണ്. ഈ മേഖലയെ ഏറ്റവും മികവുള്ള ഒരു ടൂറിസം മേഖലയാക്കി വളർത്തിക്കൊണ്ടുവരാൻ പരിശ്രമിക്കണം. അതുകൊണ്ട് തുടർചർച്ച നടത്താനുള്ള അവസരം നൽകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 2017-ലെ സംസ്ഥാനത്തെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ ഏകോപിപ്പിക്കുന്നതിനുള്ള അപ്പെക്സ് കൗൺസിൽ രൂപീകരണ ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

(v) 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര- ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

ശ്രീ. കെ. രാജൻ: സർ, 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ):സർ, 2008-ലെ അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമമനുസരിച്ച് തൊഴിൽ വകുപ്പിലെ ഉത്തരവും സർക്കാർ ഉത്തരവും പ്രകാരം കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്ര റിപ്പോർട്ടർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വം എടുക്കാവുന്നതാണ്. ഈ ക്ഷേമനിധി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് ഈ ബിൽ അവതരിപ്പിച്ചതെങ്കിലും ഇത്തരമൊരു സാഹചര്യം നിലനിൽക്കുന്നതുകൊണ്ട്, പ്രാദേശിക പത്ര-ദൃശ്യ മാധ്യമരംഗത്ത് ജോലി ചെയ്യുന്നവർക്കുള്ള ക്ഷേമനിധി രൂപീകരണ ബിൽ ഈ കാരണങ്ങൾ കൊണ്ടുതന്നെ പ്രസക്തിയുള്ളതല്ല, അതുകൊണ്ട് നിരാകരിക്കുകയാണ്.

ശ്രീ. കെ. രാജൻ: സർ, മലയാള മാധ്യമരംഗം 170-ാം വർഷത്തിലേയ്ക്ക് കടക്കുന്ന സമയത്താണ് വളരെ പ്രസക്തമായ ഈ ബില്ലിന് സഭ അനുമതി തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നത്. നമ്മുടെ സാമൂഹിക ജീവിതത്തിന്റെ

മുന്നോട്ടുള്ള വളർച്ചയിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുള്ളത് പത്രപ്രവർത്തകരും പ്രാദേശിക പത്രപ്രവർത്തകരുമാണ്. ഈ വിഭാഗത്തെ അൺഓർഗനൈസ്ഡ് സ്കിൽഡ് വർക്കേഴ്സ് സ്കീമിൽപ്പെടുത്തേണ്ടതല്ല. കാരണം, നമ്മുടെ നാട്ടിൽ വാർത്തകളുടെ വിളക്കുമരങ്ങളായി നിൽക്കുന്നത് പ്രാദേശിക പത്രപ്രവർത്തന രംഗത്തുള്ളവരാണ്. ഇവർ ഏതാണ്ട് 30000-ത്തോളംപേർ വരും. ഇതിൽ റിപ്പോർട്ടർമാരും സ്റ്റിൽ-വീഡിയോ ഫോട്ടോഗ്രാഫർമാരും ഡി.ടി.പി. ഓപ്പറേറ്റർമാരും ഉൾപ്പെടെയുള്ള വലിയൊരു വിഭാഗം വരും. യഥാർത്ഥത്തിൽ അങ്ങ് മനസ്സിലാക്കേണ്ടത്, കേരള സർക്കാർ തന്നെ മൂന്ന് ഘട്ടത്തിലായി ഈ വിഷയം പരിഗണിച്ചിട്ടുണ്ടെന്നതാണ്. 2012-13-ലെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി, പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധി പ്രഖ്യാപിക്കുകയും അതിനുവേണ്ടി ഒരു കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തെങ്കിലും കാര്യങ്ങളൊന്നും നടന്നില്ല. തുടർന്ന് ശ്രീ. കെ.വി. അബ്ദുൾ ഖാദർ, എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് മറുപടിയായി സർക്കാർ ഇക്കാര്യം ഉറപ്പുനൽകിയതാണ്. അതിനുശേഷം 2016-17 ബഡ്ജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ടുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ശ്രീമതി സി. കെ. ആശ ഈ വിഷയം ഉന്നയിച്ച ഘട്ടത്തിൽ 2 കോടി രൂപ അനുവദിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചു. കേരള ജേർണലിസ്റ്റ് യൂണിയന്റെ ജനറൽ സെക്രട്ടറിയായ യു. വിക്രമൻ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ മനുഷ്യാവകാശ കമ്മീഷൻ തന്നെ ക്ഷേമനിധി നടപ്പിലാക്കണമെന്ന് ഉത്തരവ് കൊടുത്തിട്ടുണ്ട്. പ്രാദേശിക പത്രപ്രവർത്തകർക്ക് നമ്മുടെ സാമൂഹ്യജീവിതത്തിൽ വലിയ പങ്കുണ്ട്. എല്ലാ ദിവസവും വൈകുന്നേരം ചാനലുകളിൽ സീരിയൽ കാണുന്ന അതേ അർത്ഥത്തിൽത്തന്നെ പ്രാദേശിക ചാനലുകളിലെ അവരവരുടെ നാട്ടിലെ വാർത്തകൾ കാണുന്ന ഒരു വലിയ സമൂഹമുണ്ട്. എന്റെ മണ്ഡലത്തിൽ ശ്രീ. ജോഫി നേതൃത്വം നൽകുന്ന മൂൺലൈറ്റ് എന്ന പത്രം, പാണഞ്ചേരി പഞ്ചായത്തിലെ വീടുകളിൽ സാധാരണ പത്രത്തിനോടൊപ്പം എല്ലാ ശനിയാഴ്ചയും ഒരു പ്രാദേശിക പത്രം എത്തിക്കുക എന്ന ചുമതല നിർവ്വഹിക്കുന്നുണ്ട്; ധാരാളം വായനക്കാർ അതിനുണ്ട്. പ്രാദേശിക പത്രം വായിക്കുന്ന, പ്രാദേശിക ചാനലുകൾ കാണുന്ന ആളുകളുടെ എണ്ണം വളരെ

കൂടുതലാണ്. രണ്ട് തരത്തിലുള്ള പ്രാദേശിക പത്രപ്രവർത്തകരുണ്ട്. ഒന്ന്, പ്രാദേശിക പത്രങ്ങളുടെയും ചാനലുകളുടെയും ഭാഗമായുള്ളവർ, മറ്റൊന്ന് സാറ്റലൈറ്റ് ചാനലുകളുടേയും മുഖ്യധാരാ പത്രങ്ങളുടെയും ഭാഗമായി പ്രവർത്തിക്കുന്ന പ്രാദേശികലേഖകർ. ഈ രണ്ട് വിഭാഗവും വളരെ നിർണ്ണായകമായ ചുമതലയാണ് നിർവ്വഹിക്കുന്നത്. ഏതുനേരത്തും ഏത് പാതിരാത്രിയിലും ഡോക്ടർമാരെപ്പോലെ ഉറക്കമിളച്ചിരുന്ന് ഈ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ വേതനംപോലും ലഭിക്കുന്നില്ല എന്നതാണ് പ്രശ്നം. ഈ വിഷയം വളരെ ഗൗരവമായതിനാൽ തുടർ ചർച്ച ആവശ്യമാണ്. ആയിരം രൂപ മാത്രം അലവൻസ് കിട്ടുന്നവർ മുതൽ വലിയൊരു സംഘം ആളുകൾ ഇതിനോടൊപ്പമുണ്ട്. സഭയ്ക്ക് അനുവദിക്കപ്പെട്ട സമയം തീർന്നതിനാൽ തുടർ ചർച്ചയ്ക്കായി അവസരം തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ തുടർ ചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ചർച്ച തുടരും)

തുടർ ചർച്ചയ്ക്കായി കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന മൂന്ന് ബില്ലുകൾ സംബന്ധിച്ച പ്രമേയങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. 2016-ലെ കേരള സംസ്ഥാന പട്ടികവർഗ്ഗ ഉപജീവന മിഷൻ രൂപീകരണ ബിൽ (ശ്രീ. കെ. വി. വിജയദാസ് നോട്ടീസ് നൽകിയത്), 2016-ലെ നല്ല ശമരിയക്കാരൻ ബിൽ (ശ്രീ. ഹൈബി ഈഡൻ നോട്ടീസ് നൽകിയത്), 2016-ലെ അന്യസംസ്ഥാന തൊഴിലാളി രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ (പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നോട്ടീസ് നൽകിയത്) എന്നിവ സംബന്ധിച്ച പ്രമേയങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മേയ് മാസം 15-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

**അനുബന്ധം**

ബഹുമാനപ്പെട്ട മുഖ്യമന്ത്രി മേശപ്പുറത്തുവച്ച 25-4-2017-ലെ
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 46-ന്റെ തിരുത്തിയ ഉത്തരം

**മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷനിലുള്ള സർക്കാർ ജീവനക്കാർ**

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; അതിൽ ഡെപ്യൂട്ടേഷനിലുള്ള സർക്കാർ ജീവനക്കാർ ആരെല്ലാമാണ്;

(ബി) ഇതിനുപുറമെ ടൂറിസത്തിൽ നിന്നും എത്ര പേർ വസതിയിൽ ഉൾപ്പെടെ ജോലി നോക്കുന്നു;

(സി) മുഖ്യമന്ത്രിയുടെ വിവിധ ഉപദേശകരായി എത്രപേരെ നിയോഗിച്ചിട്ടുണ്ട്; ഉപദേശകർക്കും പ്രസ്തുത സ്റ്റാഫിനുമായി ഒരു മാസം എത്ര രൂപ ചെലവാകുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 23 പേർ, ഡെപ്യൂട്ടേഷനിൽ ആരുമില്ല.

(ബി) മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിൽ ടൂറിസം വകുപ്പിൽ നിന്നും ശമ്പളം വാങ്ങുന്ന ഒരു ജീവനക്കാരനും 11 ദിവസ വേതനക്കാരും ജോലി ചെയ്യുന്നു.

(സി) 6 പേരെ; നിലവിൽ മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസറായ ശ്രീ. എം. ചന്ദ്രദത്തൻ, മീഡിയ അഡ്വൈസറായ ശ്രീ. ജോൺ ബ്രിട്ടാസ്, സാമ്പത്തിക ഉപദേഷ്ടാവായ ശ്രീമതി ഗീതാ ഗോപിനാഥ്, ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവായ ശ്രീ. രമൺ ശ്രീവാസ്തവ എന്നിവരെ പ്രതിഫലം കൂടാതെ സേവനമനുഷ്ഠിക്കുന്ന വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ശ്രീ. എം. കെ. ദാമോദരനെ നിയമ ഉപദേഷ്ടാവായി നിയമിച്ചെങ്കിലും ചുമതലയേറ്റിട്ടില്ല. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിനും ഉപദേശകർക്കുമായി 2017 മാർച്ച് മാസം ശമ്പള ഇനത്തിൽ 11,23,437 രൂപയും ഉപദേശകരുടെ വാഹന ഇന്ധനത്തിന് 2017 മാർച്ച് മാസം 20,631 രൂപയും ചെലവായിട്ടുണ്ട്.